ഹയർ സെക്കണ്ടറി കോഴ്സ്

നരവംശശാസ്ത്രം

ക്ലാസ് - XII

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി,
(എസ്.സി.ഇ.ആർ.ടി.), കേരളം

2019

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്ത് മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

(എസ്.സി.ഇ.ആർ.ടി) കേരളം

Website : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

© Department of Education, Government of Kerala

To be printed in quality paper - 80gsm map litho (snow-white)

ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്ട അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

ഡോ. ജെ. പ്രസാദ്

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

പാഠപുസ്തകപരിഭാഷ

ശില്പശാലയിൽ പങ്കെടുത്തവർ

ബാബു എ.പി.
പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.
ആവളകുട്ടോത്ത്, കോഴിക്കോട്

പ്രേമരാജൻ കെ.
എച്ച്.എസ്.എസ്.ടി.
കടമ്പൂർ എച്ച്.എസ്.എസ്. കണ്ണൂർ

ഡോ. ശ്രീലത കെ.ആർ.
എച്ച്.എസ്.എസ്.ടി.
ജി.ഡബ്ല്യു.എച്ച്.എസ്.എസ്.
ചെറുകുന്ന്, കണ്ണൂർ

നാരായണൻ പി.വി.
എച്ച്.എസ്.എസ്.ടി.
ടാഗോർ മെമ്മോറിയൽ
എച്ച്.എസ്.എസ്.
വെള്ളോറ, കണ്ണൂർ

സജീവൻ എൻ.
എച്ച്.എസ്.എസ്.ടി.
ജി.എച്ച്.എസ്.എസ്.
മുഴപ്പിലങ്ങാട്, കണ്ണൂർ

ശ്രീലത ബി.
എച്ച്.എസ്.എസ്.ടി.
ജി.എച്ച്.എസ്.എസ്. പാല
കാക്കയങ്ങാട്, കണ്ണൂർ

വിനോദൻ നന്ദ്യത്ത്
എച്ച്.എസ്.എസ്.ടി.
ജി.എച്ച്.എസ്.എസ്.
മുണ്ടേരി, കണ്ണൂർ

വിദഗ്ധർ

വി.കെ. മോഹൻകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) കിർത്താഡ്സ്, കോഴിക്കോട്

മധുനാരായണൻ
റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപോളജി), കിർത്താഡ്സ്
കോഴിക്കോട്

പ്രൂഫ് റീഡിങ്

പി. യഹിയ
ജി.ജി.എം.ജി.എച്ച്.എസ്.എസ്, ചാലപ്പുറം, കോഴിക്കോട്

അക്കാദമിക് കോഡിനേറ്റർ

വി. ശ്രീകണ്ഠൻ
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

P2S7I8

ഉള്ളടക്കം

1. നരവംശശാസ്ത്ര ഗവേഷണരീതികളും സാങ്കേതങ്ങളും 07
2. സാംസ്കാരിക നരവംശശാസ്ത്ര സിദ്ധാന്തങ്ങൾ 52
3. നരവംശശാസ്ത്രത്തിലെ നാഗരികതാ പഠനങ്ങളും ഗ്രാമീണപഠനങ്ങളും 84
4. വൈദ്യനരവംശശാസ്ത്രം 111
5. പാരിസ്ഥിതിക നരവംശശാസ്ത്രം 136
6. ഇന്ത്യൻ ജനതയും സംസ്കാരവും 167
7. സാമൂഹിക സാംസ്കാരികമാറ്റം 194
8. ഗോത്രവർഗങ്ങളും പാർശ്വവൽകൃത ജനതയും 219
9. പ്രയുക്ത-വികസന നരവംശശാസ്ത്രം 261
10. ഇന്ത്യൻ നരവംശശാസ്ത്രത്തിലെ പ്രാമാണികർ 284

ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.

ആക്റ്റിവിറ്റി

ട്രിവിയ

യൂണിറ്റ്

1

നരവംശശാസ്ത്ര ഗവേഷണ രീതികളും സങ്കേതങ്ങളും

B5M3Q4

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- ശാസ്ത്രീയ കാഴ്ചപ്പാട്, സമീപനരീതി, മനോഭാവം എന്നിവ വളർത്താൻ കഴിയുന്നു. സാമൂഹിക പ്രശ്നങ്ങളെയും സംഭവങ്ങളെയും മനസ്സിലാക്കാൻ സാധിക്കുന്നു.
- ശാസ്ത്രീയരീതികളുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയാനും വേർതിരിക്കാനും നരവംശശാസ്ത്ര ഗവേഷണത്തിൽ നിഷ്പക്ഷത, വസ്തുനിഷ്ഠത എന്നിവ ഉയർത്തിപ്പിടിക്കാനുമുള്ള ശേഷി നേടാൻ കഴിയുന്നു.
- ഗവേഷണത്തിന്റെ രീതിശാസ്ത്രം, സമീപനം, കാഴ്ചപ്പാട് എന്നിവ വേർതിരിച്ച് മനസ്സിലാക്കി വിവേകപൂർവം പ്രയോഗിക്കാനുള്ള കഴിവ് നേടുന്നു.
- ഫീൽഡ്തല ഗവേഷണത്തിന്റെ ഭാഗമായുള്ള വിവിധ ദത്തശേഖരണരീതികളും സങ്കേതങ്ങളും ഉപയോഗിക്കാനുള്ള കഴിവ് നേടുന്നു.
- നരവംശശാസ്ത്ര ഗവേഷണസാമഗ്രികളുടെ രൂപകല്പന നടത്താനും ഇന്ത്യയിലെയും വിദേശത്തെയും പരമ്പരാഗത ഗവേഷകരുടെ പഠനമണ്ഡലതല പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കാനും കഴിയുന്നു.
- ഒരു ഗവേഷണപദ്ധതിയുടെ മുഴുവൻ നടപടിക്രമവും മുൻകൂട്ടി ആസൂത്രണം ചെയ്ത് യോജിച്ച രൂപരേഖ തയാറാക്കാൻ കഴിയുന്നു.

ഉള്ളടക്കം

നരവംശശാസ്ത്രത്തിലെ ശാസ്ത്രീയ ഗവേഷണങ്ങൾ

- ശാസ്ത്രവും ശാസ്ത്രീയരീതികളും
- ശാസ്ത്രീയരീതിയുടെ പ്രത്യേകതകൾ
- ശാസ്ത്രീയരീതിയുടെ ഘട്ടങ്ങൾ
- വ്യക്തിനിഷ്ഠതയും വസ്തുനിഷ്ഠതയും
- നരവംശശാസ്ത്രം ഒരു ശാസ്ത്രമെന്ന നിലയിൽ

ശാസ്ത്രീയരീതി, രീതിശാസ്ത്രം, സമീപനങ്ങൾ, കാഴ്ചപ്പാടുകൾ

നരവംശശാസ്ത്ര ഗവേഷണസമീപനങ്ങൾ

- താരതമ്യരീതി
- അന്തർസംസ്കാര താരതമ്യരീതി
- ചരിത്രപരമായ രീതി
- വംശീയവിവരണ പഠനരീതി

നരവംശശാസ്ത്രദത്തങ്ങൾ

- പ്രാഥമിക, ദ്വിതീയ ദത്തങ്ങൾ
- ഗുണാത്മകവും ഗണാത്മകവുമായ ദത്തങ്ങൾ
- ഗുണാത്മകവും ഗണാത്മകവുമായ ഗവേഷണം

നരവംശശാസ്ത്ര ഗവേഷണരീതികൾ

- നിരീക്ഷണം
- കേസ് സ്റ്റഡി
- വംശാവലിപഠനം
- സർവേ

ഗവേഷണസങ്കേതങ്ങളും വിവരശേഖരണ ഉപകരണങ്ങളും

- ചോദ്യാവലി
- അഭിമുഖം
- ചോദ്യപ്പട്ടിക

ഗവേഷണ രൂപകല്പന

- ഒരു നല്ല ഗവേഷണ രൂപകല്പനയുടെ പ്രത്യേകതകൾ
- ഗവേഷണ രൂപകല്പനയുടെ ഘട്ടങ്ങൾ
- ഗവേഷണപ്രബന്ധം തയാറാക്കൽ

- *സർ ഐസക് ന്യൂട്ടൺ ചോദിച്ച ഒരു ചോദ്യം ഇതാണ്:*

  'എന്തുകൊണ്ട് ആപ്പിൾ എപ്പോഴും മുകളിലേക്ക് പോകാതെ താഴോട്ടു തന്നെ വീഴുന്നു?'

- ചാൾസ് ഡാർവിൻ ചോദിച്ചത്:

  'എങ്ങനെ മനുഷ്യപൂർവികരിൽ നിന്നു മനുഷ്യർ പരിണമിച്ചു?'

- ഇ.ബി. ടെയ്‌ലർ ചോദിച്ചത്:

  ലോകത്തെമ്പാടുമുള്ള മനുഷ്യരുടെ ഇടയിൽ സാംസ്കാരികമായ ദേശകാലവ്യത്യാസങ്ങൾ കാണപ്പെടുന്നുവെങ്കിലും എന്തുകൊണ്ടാണ് സമാനമായ സാമൂഹികസ്ഥാപനങ്ങൾ നിലനിൽക്കുന്നത്?"

എന്ത്? എന്തുകൊണ്ട്? എപ്പോൾ? എവിടെ? എങ്ങനെ?

എന്നിങ്ങനെയുള്ള ചോദ്യങ്ങൾ നിരവധി കാര്യങ്ങളെക്കുറിച്ച് ആളുകൾ നിത്യേനയെന്നോണം ചോദിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. ഇത്തരം ചോദ്യങ്ങൾ മനുഷ്യരുടെ ജിജ്ഞാസ എന്ന അടിസ്ഥാനഗുണത്തിൽനിന്ന് ഉയരുന്നതാണ്. ഇത്തരം അന്വേഷണങ്ങൾ ശാസ്ത്രീയമായി ഉയർത്തുമ്പോഴാണ് ശാസ്ത്രഗവേഷണമാകുന്നത്. പുത്തൻ ആശയങ്ങൾ, നിയമങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയിലേക്കുനയിക്കാനും നിലവിലുള്ളവ പുതുക്കാനും ഇത് സഹായകമാവുന്നു.

> മറ്റെല്ലാവരും കാണുന്നതെല്ലാം കാണുകയും ആരും ചിന്തിക്കാത്തത് ചിന്തിക്കുകയും ചെയ്യുന്നതാണ് ഗവേഷണം.
>
> **ആൽബർട്ട് സെന്റ് ജോർജി**

ഗവേഷണമെന്നത് മനുഷ്യരുടെ നിലവിലുള്ള സാഹചര്യങ്ങളുടെ അന്വേഷണവും പുനരന്വേഷണവും അല്ലെങ്കിൽ പുനപ്പരിശോധനയുമാണ്. സത്യാന്വേഷിയായ ഏതൊരാൾക്കും അത് നടത്താവുന്നതാണ്. എന്നാൽ അത്തരം അന്വേഷണങ്ങളുടെ പഠനവിഷയം, ഗവേഷണത്തിന്റെ ലക്ഷ്യങ്ങൾ, രീതിശാസ്ത്രം എന്നിവ വ്യത്യസ്തമായേക്കാം. ഉചിതമായ ഉപാധികളും സങ്കേതങ്ങളും തിരഞ്ഞെടുക്കുന്നതിനുള്ള കഴിവ് ഗവേഷകർക്കുണ്ടായിരിക്കണം. ഒപ്പം ഗവേഷണത്തിന് ചില വ്യവസ്ഥാപിത രീതികളും നടപടിക്രമങ്ങളും പിന്തുടരേണ്ടതും പ്രധാനമാണ്. ഇത്തരം ചട്ടങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടുന്ന വ്യവസ്ഥയെ ഗവേഷണത്തിന്റെ രീതിശാസ്ത്രം (Methodology) എന്നുപറയുന്നു. ഈ രീതിശാസ്ത്രമാണ് ശാസ്ത്രീയഗവേഷണവും

ശാസ്ത്രേതര അന്വേഷണങ്ങളും തമ്മിലുള്ള വ്യത്യാസം പുനർനിർണയിക്കുന്നത്.

അങ്ങനെയെങ്കിൽ, എന്താണ് ശാസ്ത്രീയഗവേഷണം?

ശാസ്ത്രീയഗവേഷണത്തെ നിർവചിച്ചിരിക്കുന്നത്, ഭൗതികവും സാമൂഹിക-സാംസ്കാരിക പ്രതിഭാസങ്ങളെക്കുറിച്ചുള്ള അറിവുകൾ കണ്ടെത്തുന്നതിനോ നിലവിലുള്ളവ പുനപ്പരിശോധിക്കുന്നതിനോ ഉള്ള ചിട്ടയായതും ക്രമാനുഗതമായതുമായ അന്വേഷണപ്രവർത്തനമെന്നാണ്.

ശാസ്ത്രീയഗവേഷണം നരവംശശാസ്ത്രത്തിൽ (Scientific Research in Anthropology)

ഭൗതികരാസഘടകങ്ങളെക്കുറിച്ച് നേരിട്ടു പരീക്ഷണങ്ങളിലേർപ്പെടുന്ന ശാസ്ത്രശാഖകളാണ് ഊർജതന്ത്രം, രസതന്ത്രം എന്നിവ. അത്തരം ശാസ്ത്രങ്ങൾക്ക് തങ്ങൾ പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന വസ്തുക്കളെ രൂപമാറ്റം വരുത്താനോ അളക്കാനോ, തിരിക്കാനോ, വളയ്ക്കാനോ ഒക്കെ കഴിയും. എന്നാൽ ജീവശാസ്ത്രം, സാമൂഹികശാസ്ത്രങ്ങൾ എന്നിവയിലെ പരീക്ഷണങ്ങളിൽ അത്തരം കടുത്ത മാറ്റങ്ങൾ വരുത്തുക എളുപ്പമല്ല. കാരണം, അവ ജീവനുള്ള വസ്തുക്കളുമായാണ് ഇടപെടുന്നത്. സാമൂഹികശാസ്ത്രങ്ങളിൽ ഗവേഷണം നടത്തുന്നത് മനുഷ്യരെക്കുറിച്ചാകയാൽ അത്തരം കടുത്ത മാറ്റങ്ങൾ വരുത്തുക അസാധ്യമാണ്.

മനുഷ്യരെക്കുറിച്ച് സമഗ്രതയിൽ പഠിക്കുന്ന ജൈവ സാമൂഹികശാസ്ത്രമാണ് നരവംശശാസ്ത്രം എന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. മനുഷ്യജീവിതത്തിന്റെ സാമൂഹിക-സാംസ്കാരിക മാനങ്ങൾ മനസ്സിലാക്കുകയാണ് നരവംശശാസ്ത്ര ഗവേഷണത്തിന്റെ ലക്ഷ്യം. അതിനായി നരവംശശാസ്ത്രം അവലംബിക്കുന്നത് നിരീക്ഷണരീതിയും നരവംശശാസ്ത്ര ഗവേഷണത്തിന്റെ ഹൃദയവും ആത്മാവുമെന്ന് കരുതാവുന്ന മണ്ഡല (ഫീൽഡ്) തല ഗവേഷണരീതിയുമാണ്.

നരവംശശാസ്ത്രഗവേഷണം ഇതര സാമൂഹ്യശാസ്ത്ര ഗവേഷണരീതികളിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, സാമൂഹ്യശാസ്ത്രകാരന്മാർ സർവേ അഭിമുഖം, ചോദ്യാവലി തുടങ്ങിയവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സങ്കീർണ സമൂഹങ്ങളിലെ ഗവേഷണത്തിനാണ് പ്രാധാന്യം നൽകുന്നത്. എന്നാൽ മനശ്ശാസ്ത്ര ഗവേഷണം വ്യക്തികളിൽ ക്ലിനിക്കൽ പരീക്ഷണത്തിന് പ്രാധാന്യം നൽകുന്നു. നരവംശശാസ്ത്ര ഗവേഷകർ മണ്ഡല(ഫീൽഡ്) തല നിരീക്ഷണങ്ങളിലൂടെ വിവരദാതാക്കളിൽനിന്നു ദത്തശേഖരണം (Data collection)നടത്തുകയാണ് ചെയ്യുന്നത്. ഇത് പ്രധാനമായും ചെറുസമൂഹങ്ങളിലും സംസ്കാരങ്ങളിലും ഉചിതമായ ഗവേഷണ സങ്കേതങ്ങൾ ഉപയോഗിച്ചാണ് ചെയ്തിരുന്നത്.

എന്നാൽ ഇന്ന് നരവംശശാസ്ത്രം എല്ലാതരം സമൂഹങ്ങളെയും വിവിധ ഗവേഷണ ഉപാധികളും സങ്കേതങ്ങളും ഉപയോഗിച്ച് പഠനം നടത്തുന്നുണ്ട്. ഇതിനായി

ശാസ്ത്രീയരീതി ഉപയോഗിക്കുന്നു.

ശാസ്ത്രവും ശാസ്ത്രീയരീതിയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു നമുക്ക് പരിശോധിക്കാം.

ശാസ്ത്രവും ശാസ്ത്രീയരീതിയും (Science and Scientific Method)

ശാസ്ത്രം എന്ന പദം വ്യത്യസ്ത രീതികളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കാറുണ്ട്. ചില പരസ്യങ്ങളിൽ 'ഉൽപ്പന്നം ശാസ്ത്രീയമായി തയാർ ചെയ്തതാണ്, ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്' എന്നൊക്കെ പ്രസ്താവിക്കുന്നത് കാണാം. ലാറ്റിൻ വാക്കായ സയൻഷിയ എന്ന പദത്തിൽനിന്നാണ് സയൻസ് എന്ന വാക്ക് രൂപംകൊണ്ടത്. അറിയുക എന്നാണ് ഇതിന് അർഥം. സയൻസിനെക്കുറിച്ച് നിഘണ്ടുക്കളിൽക്കൊടുത്തിരിക്കുന്ന അർഥങ്ങൾ താഴെ കാണാം.

ഓക്സ്ഫോർഡ് നിഘണ്ടു ശാസ്ത്രത്തെ നിർവചിക്കുന്നത്, ചിട്ടയായ ജ്ഞാനസമ്പാദന മാർഗം എന്നാണ്.

- അറിവ്
- ചിട്ടയോടുകൂടിയ അറിവ്
- നിരീക്ഷണവും പരീക്ഷണവും ഒരു പ്രതിഭാസത്തെക്കുറിച്ചുള്ള സിദ്ധാന്തപരമായ വ്യാഖ്യാനവും.
- ഒരു പഠനമണ്ഡലത്തിൽ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാകുന്നതിനും വിശദികരിക്കുന്നതിനുമുള്ള പഠനം.

മേൽക്കൊടുത്ത വിശദീകരണങ്ങളിൽനിന്ന്

- ശാസ്ത്രമെന്നത് ചിട്ടയായ നിരീക്ഷണങ്ങളിലൂടെയുള്ള വസ്തുനിഷ്ഠമായ അറിവു സമ്പാദനരീതിയെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.
- ശാസ്ത്രം വസ്തുതകളെക്കുറിച്ചുള്ള പഠനവും അന്വേഷണരീതിയുമാണ്- അതിന്റെ ലക്ഷ്യം സത്യാന്വേഷണമാണ്.

  ഇതിൽനിന്നു നമുക്ക് രണ്ടുകാര്യങ്ങൾ മനസ്സിലാക്കാം. ശാസ്ത്രത്തിന് വസ്തുനിഷ്ഠമായ അറിവുകളും അന്വേഷണ രീതികളുമുണ്ട്. അതായത് ശാസ്ത്രം ഉൽപ്പന്നവും ഉൽപ്പാദനപ്രക്രിയയുമാണ്.

ശാസ്ത്രീയപ്രക്രിയകൾ (Scientific Process): അറിവുസമ്പാദനത്തിനായി ഗവേഷകർ നടത്തുന്ന പ്രവർത്തനങ്ങളാണിവ. ഗവേഷണത്തിനായി ഒരു വിഷയം കണ്ടെത്തുക, അതിനായി ചില പരികല്പനകൾ മെനഞ്ഞെടുക്കുക, ഗവേഷണത്തിന്റെ ദത്തശേഖരണത്തിനായി ഗവേഷണസങ്കേതങ്ങളും സാമഗ്രികളും തയാറാക്കുക, പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുക, ദത്തങ്ങൾ വർഗീകരിക്കുക, വിശകലനം ചെയ്യുക, യുക്തിസഹമായ അനുമാനങ്ങളിലെത്തുക എന്നിവയെല്ലാം ഗവേഷണപ്രക്രിയകളാണ്.

ഇതുകൂടാതെ ശാസ്ത്രത്തിന്റെ മറ്റേതെങ്കിലും പ്രക്രിയകൾ കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ?

ശാസ്ത്രീയ ഉൽപ്പന്നം (Scientific Product): ശാസ്ത്രത്തിന്റെ പ്രക്രിയകൾ നമ്മെ നയിക്കുന്നത് ചില ഉൽപ്പന്നങ്ങളിലേക്കാണ്. വസ്തുതകൾ, ആവിഷ്കാരങ്ങൾ, സൂത്ര വാക്യങ്ങൾ, ആശയങ്ങൾ, സമവാക്യങ്ങൾ, തത്ത്വങ്ങൾ, സിദ്ധാന്തങ്ങൾ, നിയമങ്ങൾ, സാമാന്യവൽക്കരണങ്ങൾ, തീരുമാനങ്ങൾ മുതലായവ ശാസ്ത്രത്തിന്റെ ഉൽപ്പന്നങ്ങളാണ്. ഇവയൊക്കെ ശാസ്ത്രീയരീതികൾ പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടാവുന്ന അനന്തര ഫലങ്ങളാണ്.

ശാസ്ത്രത്തിന്റെ പ്രക്രിയകളും ഉൽപ്പന്നങ്ങളും സൂചിപ്പിക്കുന്ന ഒരു പട്ടിക തയാറാക്കുക.

മേൽ വിവരിച്ചതിൽ നിന്നു നാം മനസ്സിലാക്കുന്നത് ശാസ്ത്രീയമായ അറിവ് നേടുന്നതിന് ശാസ്ത്രീയമായ ചില നടപടിക്രമങ്ങളിലൂടെ കടന്നുപോകുന്നു എന്നാണ്. നമ്മളതിനെ ശാസ്ത്രീയരീതിയെന്നാണ് വിളിക്കുന്നത്. ഒരു ഗവേഷകനെ സംബന്ധിച്ച് ശാസ്ത്രത്തിന്റെ രീതിയെക്കുറിച്ചുള്ള അറിവ് തന്റെ ഗവേഷണപ്രവർത്തങ്ങൾ രൂപകല്പനചെയ്യാനും ക്രമീകരിക്കാനും സഹായകമാണ്. വസ്തുതകളെയും ഊഹാപോഹങ്ങളെയും വേർതിരിച്ച് മനസ്സിലാക്കാൻ ഇത് സഹായിക്കും.

ശാസ്ത്രീയരീതി (Scientific Method) : ശാസ്ത്രീയരീതിയെന്നത് ദത്തങ്ങൾ കണ്ടെത്താനും പരികല്പനകളെ പരിശോധിക്കാനും പുതിയ സിദ്ധാന്തങ്ങൾ കണ്ടെത്താനും നിലവിലുള്ളതിനെ നിരാകരിക്കാനുമെല്ലാമുള്ള വ്യവസ്ഥകളാണ്. അതിൽ ചിട്ടയായ നിരീക്ഷണം, ദത്തങ്ങളുടെ ശേഖരണം, വർഗീകരണം, അപഗ്രഥനം, ദത്തങ്ങളുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനം എന്നിവയെല്ലാമുൾപ്പെട്ടിരിക്കുന്നു. ഇതിൽ ചിട്ടയായത് എന്നതുകൊണ്ടുദ്ദേശിക്കുന്നത് യുക്തിസഹമായി കൈക്കൊള്ളുന്ന അന്വേഷണ പ്രവർത്തനങ്ങളെയാണ്. ഇത്തരത്തിലുള്ള ശാസ്ത്രീയരീതി ഉപയോഗിച്ചു കൊണ്ടുള്ള പഠനങ്ങളുടെ ചില ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയുമോ?

ശാസ്ത്രീയരീതിയിലുള്ള പഠനങ്ങളും ജ്യോതിഷം, കൈനോട്ടം തുടങ്ങിയ ശാസ്ത്രേതര പ്രവർത്തനങ്ങളും ഏതെല്ലാം വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

ഇനി നമുക്ക് ശാസ്ത്രീയരീതികളുടെ പലതരത്തിലുള്ള പ്രത്യേകതകൾ വേർതിരിച്ചു മനസ്സിലാക്കാം.

ശാസ്ത്രീയരീതിയുടെ സവിശേഷതകൾ (Characteristics of Scientific Method)

- *അനുഭവസിദ്ധമാണ്:* ഇത് നേരിട്ടുള്ള നിരീക്ഷണത്തിനും പഠനമണ്ഡലത്തിൽ നിന്നുള്ള ദത്തശേഖരണത്തിനും പ്രാധാന്യം നൽകുന്നു.
- *ചിട്ടയായ പ്രവർത്തനമാണ്:* ഇത് ശ്രദ്ധയോടെയുള്ള ആസൂത്രണപഠനത്തിലധിഷ്ഠിതമാണ്, അല്ലാതെ ക്രമമല്ലാത്ത നിരീക്ഷണമല്ല നടത്തുന്നത്.
- *ആവർത്തനം സാധ്യമാണ്:* സമാന സാഹചര്യങ്ങളിൽ ശാസ്ത്രീയപരീക്ഷണങ്ങളും പഠനങ്ങളും ആവർത്തിച്ചാലും എല്ലായിടത്തും ലഭിക്കുന്ന ഫലങ്ങൾക്കു സമാനതകൾ ഉണ്ടാവാം.

- *കാരണങ്ങൾ തേടുന്നു:* ഓരോ പ്രതിഭാസത്തിന്റെയും പിന്നിൽ കാര്യകാരണബന്ധമുണ്ടെന്ന സങ്കൽപ്പത്തെയടിസ്ഥാനമാക്കിയുള്ളതാണിത്.
- *ഫലം താൽക്കാലികമാണ്:* ശാസ്ത്രീയരീതി അവലംബിച്ചു നടത്തുന്ന ഗവേഷണങ്ങളുടെ ഫലം ചോദ്യംചെയ്യലിനും ചർച്ചയ്ക്കും വിധേയമാണ്. പുത്തനറിവുകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ളവ പുതുക്കലിന് വിധേയമാകുന്നു.
- *വസ്തുനിഷ്ഠമാണ്:* ശാസ്ത്രീയരീതി ഊഹാപോഹങ്ങൾക്കുപകരം പക്ഷപാതരഹിതമായ വസ്തുതകൾ പ്രദാനം ചെയ്യുന്നു.

ശാസ്ത്രീയരീതി അവലംബിക്കുമ്പോൾ അവ നിശ്ചിത ഘട്ടങ്ങളിലൂടെ കടന്നുപോകണമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അവ എന്തൊക്കെയാണെന്ന് നമുക്ക് പരിചയപ്പെടാം.

ശാസ്ത്രീയരീതിയുടെ ഘട്ടങ്ങൾ (Steps of Scientific Method)

1. **വിഷയരൂപീകരണം:** ഒരു ഗവേഷണം ആരംഭിക്കുന്നതിന്റെ ആദ്യത്തെ ഘട്ടം ഒരു പഠന വിഷയം രൂപീകരിക്കുക എന്നതാണ്.

2. **ഗവേഷണപദ്ധതി തയാറാക്കുക:** ഗവേഷണപദ്ധതിയെന്നത് ഒരു 'കർമ്മ പദ്ധതി'യാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഗവേഷണപദ്ധതി ഗവേഷണപ്രക്രിയയിൽ ഉൾപ്പെടുന്ന ദത്തശേഖരണം, വർഗീകരണം, അപഗ്രഥനം, ദത്തങ്ങളുടെ വിശകലനം, വ്യാഖ്യാനം തുടങ്ങിയ എല്ലാ പ്രക്രിയകളെക്കുറിച്ചും വ്യക്തമായ രൂപം നൽകുന്നു. ഇതിനെക്കുറിച്ച് വിശദമായി നമ്മൾ പിന്നീട് മനസിലാക്കും.

3. **ദത്തശേഖരണം:** ഗവേഷണം ശാസ്ത്രീയമാകണമെങ്കിൽ കൃത്യമായ ദത്തശേഖരണം ഉചിതമായ ഗവേഷണരീതികളിലൂടെയും ഗവേഷണസങ്കേതങ്ങളിലൂടെയും നടത്തേണ്ടതുണ്ട്.

4. **അപഗ്രഥനവും വിശകലനവും:** പഠനലക്ഷ്യങ്ങളുടെയും പരികല്പനകളുടെയും വെളിച്ചത്തിൽ ദത്തങ്ങളെ അപഗ്രഥിക്കുകയും വിശകലനം നടത്തുകയും ചെയ്യേണ്ടതുണ്ട്.

5. **നിഗമനങ്ങളിലെത്തുക:** ഗവേഷണത്തിന്റെ ആത്യന്തിക ഉൽപ്പന്നമാണ് നിഗമനങ്ങൾ.

ഇപ്പോൾ നിങ്ങൾക്ക് ശാസ്ത്രീയരീതിയുടെ ഘട്ടങ്ങൾ സൂചിപ്പിക്കുന്ന ഒരു ചാർട്ട് തയാറാക്കാൻ കഴിയുന്നുണ്ടോ?

മനുഷ്യൻ സ്വാഭാവികമായും മുൻവിധികളും പക്ഷപാതിത്വങ്ങളുമുള്ളവരാണ്. ഗവേഷണത്തിലും ഇത്തരം പ്രവണതകളുണ്ടായേക്കാമെന്നതുകൊണ്ട് നരവംശശാസ്ത്ര ഗവേഷണത്തിലെ പക്ഷപാതിത്വവും നിഷ്പക്ഷതയും എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

വ്യക്തിനിഷ്ഠതയും വസ്തുനിഷ്ഠതയും (Subjectivity and Objectivity)

വ്യക്തിനിഷ്ഠത: ഗവേഷകന്റെ ഇഷ്ടാനിഷ്ടങ്ങൾ, വൈകാരികത, സംവേദനക്ഷമത, മനോഭാവങ്ങൾ മുതലായവ ഗവേഷണത്തെ സ്വാധീനിക്കുന്ന അവസ്ഥയാണ് വ്യക്തിനിഷ്ഠത. അത്തരം പഠനഫലങ്ങൾ പലപ്പോഴും പ്രാമാണികമോ വിശ്വസ്തതയുള്ളതോ ആയിരിക്കില്ല.

വസ്തുനിഷ്ഠത: ഏതൊരു ശാസ്ത്രീയഗവേഷണത്തിലും അവലംബിക്കേണ്ട നിഷ്പക്ഷതയാണിത്. അത് ഗവേഷകന്റെ ഇഷ്ടാനിഷ്ടങ്ങൾ, വൈകാരികത, സംവേദനക്ഷമത, മനോഭാവം മുതലായവയിൽനിന്നൊക്കെ സ്വതന്ത്രമായിരിക്കും. അതുകൊണ്ട് തന്നെ അവ പ്രാമാണികവും വിശ്വസനീയവുമായിരിക്കും.

ഇനി നിങ്ങൾ വിവിധ വാർത്താമാധ്യമങ്ങൾ പരിശോധിച്ച് ഓരോന്നിലുമുള്ള വാർത്തകളുടെ വിശ്വസനീയതയെക്കുറിച്ച് ചർച്ചചെയ്യുക. എന്തുകൊണ്ടാണ് നരവംശശാസ്ത്രഗവേഷണം അത്തരം മാധ്യമറിപ്പോർട്ടുകളിൽനിന്നു വ്യത്യസ്തമാകുന്നത്? കാരണം, നരവംശശാസ്ത്രം ശാസ്ത്രീയ പഠന രീതികൾ അവലംബിക്കുന്ന ഒരു ശാസ്ത്രമാണ്.

നരവംശശാസ്ത്രം ഒരു ശാസ്ത്രമെന്ന നിലയിൽ (Anthropology as a Science)

ഒരു വിഷയം ശാസ്ത്രീയമെന്ന് വിളിക്കപ്പെടുന്നത് ആ വിഷയം ശാസ്ത്രീയരീതി അവലംബിക്കുന്നതുകൊണ്ടാണ്. നരവംശശാസ്ത്രം മറ്റു പ്രകൃതി-ജീവ, ഭൗതിക ശാസ്ത്രങ്ങളെപ്പോലെ ശാസ്ത്രതത്ത്വങ്ങൾ ഉപയോഗപ്പെടുത്തിയാണ് മനുഷ്യന്റെ വ്യവഹാരരീതികൾ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ നരവംശശാസ്ത്രവും മറ്റു ശാസ്ത്രങ്ങളെപ്പോലെത്തന്നെയുള്ള ശാസ്ത്രമാണ്. കുടുംബഘടന, പങ്കാളികളെ കണ്ടെത്തൽ, തർക്കപരിഹാരം, മതപരമായ ചടങ്ങുകൾ, ഭ്രൂണഹത്യ തുടങ്ങിയ വൈവിധ്യമാർന്ന മനുഷ്യ വ്യവഹാരഭാവങ്ങൾ ശാസ്ത്രത്തിന്റെ രീതി അവലംബിച്ചാണ് നരവംശശാസ്ത്രം വിശകലനവിധേയമാക്കുന്നത്. അതിനുതകുന്ന ഗവേഷണരീതിശാസ്ത്രം, സമീപനരീതികൾ, കാഴ്ചപ്പാടുകൾ എന്നിവ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നു പരിശോധിക്കാം.

ഗവേഷണരീതി, രീതിശാസ്ത്രം, സമീപനങ്ങൾ, കാഴ്ചപ്പാടുകൾ (Research Method, Methodology, Approaches and Perspectives)

പലപ്പോഴും ആശയവ്യക്തതയില്ലാതെ ഗവേഷണ രീതി, രീതിശാസ്ത്രം, സമീപനങ്ങൾ, കാഴ്ചപ്പാട് എന്നിവ പലസന്ദർഭങ്ങളിലും പ്രയോഗിച്ചുകാണാറുണ്ട്. ഇവ ഓരോന്നും തമ്മിൽ വേർതിരിച്ച് മനസ്സിലാക്കുന്നതിനും വിഷമമുണ്ട്. ഗവേഷണ രീതിയെന്നത് ഗവേഷണം നടത്തുന്നതും നടപ്പിൽ വരുത്തുന്നതുമായ രീതിയാണ്. എന്നാൽ രീതിശാസ്ത്രമെന്നത് എല്ലാ ഗവേഷണത്തിന്റെയും പിറകിലുള്ള ശാസ്ത്രവും തത്ത്വചിന്തയുമാണ് (ആദം ജോൺ – മറ്റുള്ളവർ 2007). കൃത്യമായി പറഞ്ഞാൽ ഗവേഷണ രീതിയെന്നത് കേസ് സ്റ്റഡി, പങ്കാളിത്തനിരീക്ഷണം മുതലായ ഗവേഷണ രീതിശാസ്ത്ര സാമഗ്രികളാണ്. ഗവേഷണസമീപനം എന്നത് ഓരോ ഗവേഷണത്തിനും അവലംബി

ക്കുന്ന ചിന്താക്രമമാണ്. ഗവേഷണ കാഴ്ചപ്പാട് എന്നാൽ ഗവേഷണത്തെ എങ്ങനെ നോക്കിക്കാണുന്നു, അല്ലെങ്കിൽ ഉൾക്കൊള്ളുന്നു എന്നതാണ്. സമീപനം ഗവേഷണത്തിലെ നടപടിക്രമമാണെങ്കിൽ കാഴ്ചപ്പാട് അതിന്റെ ചട്ടക്കൂടാണ്.

ഗവേഷണരീതികൾ, സങ്കേതങ്ങൾ, സാമഗ്രികൾ (Research methods, Techniques and Tools)

ഗവേഷണസങ്കേതം എന്ന പദത്തെ അപേക്ഷിച്ച് വിശാലമായ അർഥത്തിലാണ് ഗവേഷണരീതി എന്ന പദം ഉപയോഗിക്കപ്പെടുന്നത്. ഒരു പ്രത്യേകലക്ഷ്യം നേടുന്നതിനായി ഒരു ഗവേഷണരീതിയിൽ ഒന്നിലധികം സങ്കേതങ്ങൾ ഉപയോഗിക്കുന്നു. ഈ അർഥത്തിൽ അഭിമുഖം, നിരീക്ഷണം, ചോദ്യാവലി തുടങ്ങിയ വ്യത്യസ്ത ഗവേഷണസങ്കേതങ്ങൾ ഉപയോഗിക്കുന്നതിനാൽ കേസ് സ്റ്റഡി (Case Study) ഒരു ഗവേഷണരീതിയായി കണക്കാക്കാം. അഭിമുഖം, നിരീക്ഷണം തുടങ്ങിയവ കൃത്യമായ ഗവേഷണസങ്കേതങ്ങളാണെങ്കിലും അവയെ ഗവേഷണരീതികളായി കണക്കാക്കുന്നതും അസാധാരണമല്ല. ഒരു പ്രത്യേക സാഹചര്യത്തിൽ ഗവേഷണസങ്കേതത്തിൽ ഉപയോഗിക്കുന്ന പ്രത്യേകതരം ഉപകരണങ്ങളാണ് ഗവേഷണസാമഗ്രികൾ (Tools).

ഉദാഹരണമായി, ഒരു അഭിമുഖം നടത്തുമ്പോൾ ഒപ്പം ഒരു ഗവേഷണസാമഗ്രി എന്ന നിലയിൽ അഭിമുഖസഹായിയോ അഭിമുഖപ്പട്ടികയോ ഉപയോഗപ്പെടുത്താറുണ്ട്. ഇനി നമുക്ക് നരവംശശാസ്ത്ര ഗവേഷണത്തിൽ പിന്തുടരുന്ന വിവിധ സമീപനരീതികൾ പരിശോധിക്കാം.

നരവംശശാസ്ത്ര ഗവേഷണസമീപനങ്ങൾ (Approaches of Anthropological Research)

താരതമ്യരീതി, ചരിത്രപരമായ രീതി, വംശവിവരണ പഠനരീതി എന്നിങ്ങനെ വ്യത്യസ്ത സമീപന രീതികൾ പൊതുവായി നരവംശശാസ്ത്ര ഗവേഷണത്തിൽ അവലംബിക്കുന്നുണ്ട്.

താരതമ്യരീതി: (Comparative Method) നരവംശശാസ്ത്രത്തെ അതുല്യമാക്കുന്നത് അതിന്റെ സമഗ്ര - താരതമ്യ പ്രകൃതമാണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ, ഏതൊരു സമൂഹത്തെയും, അത് ആധുനികമോ പുരാതനമോ ലളിതമായതോ സങ്കീർണമായതോ ആവട്ടെ, താരതമ്യരീതി അവലംബിച്ച് പഠിക്കാവുന്നതാണ്. ഒരു സമൂഹത്തിലെ സമ്പ്രദായങ്ങൾ മറ്റുള്ളവയുമായി നിരന്തരമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു മൗലിക സാംസ്കാരികാന്തര താരതമ്യരീതി ഇത് മുന്നോട്ടുവയ്ക്കുന്നു. **ഒരേ സമൂഹത്തിനുള്ളിലുള്ളതോ വ്യത്യസ്ത സമൂഹങ്ങളിലുള്ളതോ ആയ കൂട്ടത്തെയോ സാമൂഹിസ്ഥാപനങ്ങളെയോ അവയുടെ സാദൃശ്യങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കാനായി താരതമ്യം ചെയ്യുന്നതാണ് താരതമ്യരീതി എന്നതുകൊണ്ടു ദ്ദേശിക്കുന്നത്.**

രണ്ടോ അതിലധികമോ സാമൂഹികസാഹചര്യങ്ങളെയോ പ്രതിഭാസങ്ങളെയോ താരതമ്യം ചെയ്യുമ്പോൾ എന്തു നേട്ടമാണുണ്ടാകുന്നത്?

.....

'ഹിന്ദുസമൂഹത്തിലെ കുടുംബവ്യവസ്ഥ പുരാതനകാലത്തും ആധുനികകാലത്തും' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിന് നമുക്ക് താരതമ്യരീതി ഉപയോഗിക്കാം.

താരതമ്യ പഠനരീതി ഉപയോഗിക്കാവുന്ന സമാന പഠനവിഷയങ്ങൾ നിങ്ങൾക്ക് കണ്ടെത്താമോ?

- .....
- .....

അന്തർസംസ്കാര താരതമ്യരീതി (Cross Cultural Method) : ഒരേ കാലഘട്ടത്തിലെ വ്യത്യസ്ത സംസ്കാരങ്ങളുടെ പഠനത്തിനും താരതമ്യരീതി ഉപയോഗിക്കാൻ കഴിയും. ഇത് അന്തർസംസ്കാര താരതമ്യം എന്നറിയപ്പെടുന്നു. 19-ാം നൂറ്റാണ്ടിൽ ഇ.ബി. ടെയ്‌ലറും എൽ.എച്ച്. മോർഗനും ആദ്യകാല സാംസ്കാരിക പരിണാമസിദ്ധാന്തം വികസിപ്പിച്ചെടുത്ത കാലം മുതലാണ് അന്തർസംസ്കാര താരതമ്യപഠനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. പിന്നീട് ജി.പി. മർഡോക്ക് ഈ സമീപനം വിപുലപ്പെടുത്തി.

ഒരു സംസ്കാരം മാത്രം പഠനവിധേയമാക്കിക്കൊണ്ട് സംസ്കാരത്തെയും അതിന്റെ പ്രത്യേകതകളെയും കൃത്യമായി മനസ്സിലാക്കാൻ കഴിയില്ല. സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളും സാദൃശ്യങ്ങളും വിശകലനം ചെയ്യാൻ അവ തമ്മിൽ താരതമ്യം ചെയ്തുള്ള പഠനം കൂടിയേതീരൂ.

നരവംശശാസ്ത്രത്തിൽ ഒരേ കാലഘട്ടത്തിലെ സംസ്കാരങ്ങൾക്കിടയിലെ സാംസ്കാരികപ്രതിഭാസങ്ങളെക്കുറിച്ചുള്ള പഠനമാണ് അന്തർസംസ്കാര താരതമ്യപഠനം.

ആഫ്രിക്കൻസംസ്കാരവും അമേരിക്കൻസംസ്കാരവും തമ്മിലുള്ള താരതമ്യ പഠനം ഇതിനുദാഹരണമാണ്.

അന്തർസംസ്കാര താരതമ്യത്തിലൂടെ പഠിക്കാൻ കഴിയുന്ന സമാനവിഷയങ്ങൾ കണ്ടെത്തുക.

- .....
- .....

സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ ശാഖയായ വംശതാരതമ്യ പഠനശാസ്ത്രം (എത്നോളജി) വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചുള്ള അന്തർ സംസ്കാര താരതമ്യപഠനമാണ്. വംശവിവരണ പഠനഫലങ്ങളെ ഇത് പരിശോധിക്കുകയും വിശകലനം ചെയ്യുകയും അപഗ്രഥിക്കുകയും താരതമ്യം ചെയ്യുകയും ചെയ്യുന്നു. ഇത്തരം ദത്തങ്ങൾ ഉപയോഗിച്ച് സംസ്കാരങ്ങളെയും സമൂഹങ്ങളെയും താരതമ്യപ്പെടുത്തുകയും വ്യത്യാസപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള സാമാന്യ പ്രസ്താവനകൾ രൂപീകരിക്കുന്നു.

ചരിത്രാത്മക രീതി (Historical Method) : ഭൂതകാലത്തെക്കുറിച്ചുള്ള പഠനമാണ് ചരിത്രം. ചരിത്രത്തെ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഓരോ സാമൂഹിക-സാംസ്കാരിക പ്രതിഭാസങ്ങളുടെയും വേരുകൾ ചരിത്രത്തിലുണ്ട്. സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹികസ്ഥാപനങ്ങളുടെയും ഉദ്ഭവം, വികാസം, പരിണാമം എന്നിവയെക്കുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ചരിത്രപരമായ രീതി

തിരഞ്ഞെടുക്കാം. എന്താണ് ചരിത്രാത്മക പഠനരീതി? സാമൂഹികസംഭവങ്ങളുടെ ചരിത്രപരമായ ക്രമം ഉൾക്കൊള്ളുന്നതുകൊണ്ട് വിവിധ കാലത്തെ താരതമ്യം ചെയ്യാൻ ചരിത്രാത്മക രീതി സഹായകമാണെന്ന് നേരത്തേ സൂചിപ്പിച്ചിരുന്നല്ലോ. **ചരിത്രാത്മക രീതിയിൽ, ഒരു സാമൂഹികസ്ഥാപനത്തിന്റെയും സംസ്കാരത്തിന്റെയും ഉദ്ഭവം, വികാസം, ക്രമാനുഗതമായ പരിണാമം എന്നിവയെക്കുറിച്ച് പഠനം നടത്തുന്നു.** ചരിത്രപരമായ രീതിയെ ജീവപരിണാമതത്ത്വങ്ങൾ തീർച്ചയായും സ്വാധീനിക്കുന്നു. ഇത് മനുഷ്യചരിത്രത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹികസ്ഥാപനങ്ങളെക്കുറിച്ച് പഠിക്കുന്നു. വെസ്റ്റർമാർക് എഴുതിയ പ്രസിദ്ധ പുസ്തകമായ 'ഹിസ്റ്ററി ഓഫ് ഹ്യൂമൺ മാരേജ്' എന്നത് ചരിത്രാത്മക പഠനരീതിക്ക് ഉത്തമ ഉദാഹരണമാണ്. വിവാഹം എന്ന സ്ഥാപനത്തിന്റെ ക്രമാനുഗതമായ പരിണാമമാണ് ഇതിൽ പ്രതിപാദിക്കുന്നത്.

ചരിത്രാത്മക രീതിയിലുള്ള ഗവേഷണപഠനങ്ങൾക്ക് ഉദാഹരണമായ ഒരു വിഷയമാണ്;

- മുംബെയിലെ പാഴ്സികളുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുടെ ഉദ്ഭവവും വികാസപരിണാമങ്ങളും.
- .....
- .....

ചരിത്രാത്മക രീതിയുടെ പ്രധാന സ്രോതസ്സുകൾ താഴെ കൊടുക്കുന്നു.

നാടോടിവിജ്ഞാനീയം, സ്മാരകങ്ങൾ, ശിലാലിഖിതങ്ങൾ, ആത്മകഥകൾ, നാണയങ്ങൾ, പുരാരേഖകൾ, യാത്രക്കുറിപ്പുകൾ, കാഴ്ചബംഗ്ലാവ്, വസ്തുക്കൾ.

സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും ഉദ്ഭവവും പരിണാമവും ചരിത്രാത്മക രീതിയിലൂടെ പഠിക്കുന്നതിനുള്ള ദത്തങ്ങൾ ശേഖരിക്കുന്നതിനും ഇത് സഹായകമാകുന്നു.

ഒരു സാമൂഹികസ്ഥാപനത്തിന്റെ ചരിത്രപരമായ പഠനം നടത്തുന്നതിന് ആശ്രയിക്കാവുന്ന വിവരസ്രോതസ്സുകൾ ഏതൊക്കെ? ഉദാഹരണമായി കേരളത്തിലെ വിദ്യാഭ്യാസവ്യവസ്ഥയുടെ വികാസത്തെ കുറിച്ച് പഠിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്കാശ്രയിക്കാവുന്ന ചരിത്രപരമായ വിവര സ്രോതസ്സുകൾ ഏതെല്ലാം?

വംശവിവരണ പഠനരീതി (Ethnographic Method)

ഒരു പ്രത്യേക സംസ്കാരത്തെ കുറിച്ചുള്ള വിവരണമാണ് വംശവിവരണശാസ്ത്രം. പഠനകാഴ്ചപ്പാടുകൾക്കാണ് ഇതിൽ ഊന്നൽ നൽകുന്നത്. കഴിഞ്ഞ വർഷം നിങ്ങൾ പഠിച്ച ആദ്യകാല വംശീയവിവരണ പഠനങ്ങളും പഠനമണ്ഡലവൃത്തി (Field work) പാരമ്പര്യങ്ങളും ഓർമ്മിക്കുന്നുണ്ടാകുമല്ലോ?

നരവംശശാസ്ത്രപഠനത്തിന്റെ കാതലായ ഘടകമാണ് വംശവിവരണ പഠനം. പരമ്പരാഗത വംശവിവരണ പഠനസമീപനം സംസ്കാരങ്ങളെ ഒരൊറ്റ യൂണിറ്റാണെന്നും അവയെ ആ നിലയിൽ മനസ്സിലാക്കണമെന്നും നിർദേശിക്കുന്നു. പ്രകൃതിദത്ത ചുറ്റുപാടിലുള്ള ദൈനംദിന പ്രവൃത്തികളുടെ പ്രതീകാത്മകവും സന്ദർഭികവുമായ അർഥങ്ങൾ വിശകലനം ചെയ്യാൻ ഇത് ശ്രമിക്കുന്നു. നരവംശ ശാസ്ത്രഗവേഷണം,

ആത്യന്തികമായി പങ്കാളിത്തനിരീക്ഷണം, കേസ്സ്റ്റഡി, വസ്തുതാപഠനം, വംശാവലി പഠനരീതി, മണ്ഡലവൃത്തി എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. തുടർന്ന് വരുന്ന ഭാഗങ്ങളിൽ ഓരോ രീതിയും വിശദമായി ചർച്ചചെയ്യുന്നുണ്ട്.

ഇന്ന് വംശവിവരണ പഠനം ജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന സൈബർ ലോകത്തും നിലനിൽക്കുന്നുണ്ട്. ഫേസ്ബുക്ക്, ട്വിറ്റർ, വാട്സ്ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളെക്കുറിച്ചുള്ള പഠനം ഇത്തരത്തിലുള്ളതാണ്. പഠനമേഖല ഏതായാലും വിവരശേഖരണവും അത് ചിട്ടയായി രേഖപ്പെടുത്താനുള്ള ശേഷിയും വംശീയവിവരണ ശാസ്ത്രത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്.

മണ്ഡലവൃത്തികുറിപ്പുകൾ എങ്ങനെ തയാറാക്കാം?

മണ്ഡലവൃത്തികുറിപ്പുകൾ തയാറാക്കുമ്പോൾ താഴെ പറയുന്നവ ഓർമ്മിക്കണം.

- നിരീക്ഷണം ചെയ്യുന്ന ദിവസം തന്നെ കുറിപ്പുകളെടുക്കാൻ സമയം കണ്ടെത്തണം.
- അഭിമുഖം ശ്രദ്ധയോടെ കേട്ടശേഷം കഴിയുന്നതും ആ ദിവസംതന്നെ അവ രേഖപ്പെടുത്തുക.
- ദീർഘമായ കുറിപ്പുകൾക്കു പകരം ചെറു കുറിപ്പുകൾ എഴുതുക.
- പഠനമണ്ഡല അനുഭവങ്ങൾ പ്രത്യേക ഡയറിയിൽ എഴുതുക.
- കുറിപ്പുകൾ ജോട്ടിങ്സ്, ഡയറികൾ, ലോഗ്, യഥാർഥ പഠനമണ്ഡലക്കുറിപ്പുകൾ എന്നീ രീതികളിൽ തയാറാക്കാം.
- തത്സമയം തയാറാക്കുന്ന ലഘുവായ രേഖപ്പെടുത്തലാണ് ജോട്ടിങ്സ്. അതുകൊണ്ട് അതിനായി ഒരു നോട്ട്പാഡ് കരുതുക. അല്ലെങ്കിൽ പലതും മറന്നുപോകാൻ സാധ്യതയുണ്ട്.
- നിങ്ങളുടെ പഠനമണ്ഡല വ്യക്തിബന്ധങ്ങൾ, വൈകാരികനില എന്നിവ ഒളിപ്പിക്കാനുള്ള ഇടമായി **ഡയറിയെ** കാണാം. വംശവിവരണപഠനത്തിൽ ഇത് പ്രധാനമാണ്.
- നിങ്ങളുടെ സമയം ആസൂത്രണം ചെയ്യുന്നതിന് ഒരു **ലോഗ്** തയാറാക്കാം. രണ്ടോ മൂന്നോ പേജുള്ള ഒരു നോട്ട്ബുക്ക് അതിനായി കരുതാം. തീയതിയും പേജ് നമ്പറും രേഖപ്പെടുത്താം. ഓരോ ദിവസവും ചെയ്യാനുള്ള കാര്യങ്ങൾ ഇതിലെഴുതാം.
- **പഠനമണ്ഡലക്കുറിപ്പുകൾ** മൂന്നു തരത്തിലുണ്ട് – രീതിശാസ്ത്രപരമായ കുറിപ്പുകൾ, വിവരണാത്മകക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ. വിവര ശേഖരണത്തിനുള്ള സങ്കേതങ്ങളാണ് രീതിശാസ്ത്രക്കുറിപ്പിലുണ്ടാകേണ്ടത്. പഠനമണ്ഡല പ്രവർത്തനത്തിന്റെ അവിഭാജ്യഘടകമാണ് വിവരണാത്മകക്കുറിപ്പുകൾ. വീക്ഷിക്കുന്നതും ശ്രദ്ധിക്കുന്നതുമായ കാര്യങ്ങളാണ് ഇതിന്റെ സ്രോതസ്സുകൾ. നിങ്ങൾ പഠിക്കുന്ന സംസ്കാരത്തെ കുറിച്ചുള്ള ആശയങ്ങൾ, ചിന്തകൾ എന്നിവയാണ് വിശകലനാത്മകക്കുറിപ്പിലുണ്ടാകേണ്ടത്.
- **മണ്ഡലവൃത്തകുറിപ്പുകൾ** ശേഖരിക്കുന്നതിന് ഇലക്ട്രോണിക് ഉപകരണങ്ങളായ ലാപ്ടോപ്, ഡെസ്ക്ടോപ്, നോട്ട്പാഡ്, ടാബ്ലറ്റ് എന്നിവ ഉപയോഗിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ വിവരങ്ങൾ നഷ്ടമാകാതിരിക്കാൻ ഇ മെയിൽ ചെയ്തും ഇന്റർനെറ്റിൽ സംഭരിച്ചുസൂക്ഷിക്കാവുന്നതാണ്.

(അവലംബം: ബർണാഡ് റസ്സൽ എച്ച് (2008, പേജ് 387–392))

വംശ വിവരണപഠന ഗവേഷണം നടത്താനായി അനുയോജ്യമായ വിഷയം നിങ്ങൾ നിർദ്ദേശിക്കൂ.

സമീപനം ഏതായിരുന്നാലും ഗവേഷണം ശാസ്ത്രീയമാക്കാൻ കൃത്യവും വ്യക്തവുമായ വിവരങ്ങൾ പഠനസമയത്ത് ശേഖരിക്കേണ്ടതുണ്ട്. ദത്തങ്ങളുടെ ശേഖരണത്തെ ആശ്രയിച്ചാണ് ഗവേഷകരുടെ വിജയം നിലകൊള്ളുന്നത്. ദത്തം (Data) എന്ന പദം ആശയക്കുഴപ്പമുണ്ടാകുന്നതും തെറ്റായ ദിശയിലേക്കു നയിക്കുന്നതുമായ ഒന്നാണ്. അതിനാൽ അതിൽ വ്യക്തതവരുത്തേണ്ടത് ആവശ്യമാണ്.

നരവംശശാസ്ത്രദത്തങ്ങൾ (Anthropological Data)

ഏതൊരു ശാസ്ത്രീയഗവേഷണത്തിന്റെയും അടിസ്ഥാന യൂണിറ്റാണ് ദത്തങ്ങൾ. ക്രമീകരിക്കാത്തതും അസംസ്കൃതവുമായ വിവരങ്ങളുടെ ഏത് ശകലങ്ങളും ദത്തമാണെന്നു പറയാം. അത് അക്ഷരമാലയോ നമ്പറുകളോ, പ്രതീകങ്ങളോ ആകാം. അത് ആശയങ്ങളെയോ വസ്തുതകളെയോ പ്രതിനിധീകരിക്കാം. **അതായത് ഗവേഷണങ്ങൾക്കായി ശേഖരിക്കുന്ന ഏതൊരു വിവരവും ദത്തം എന്ന് അർഥമാക്കുന്നു.**

ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ സെൻസസ് വിവരങ്ങൾ ഉപയോഗിക്കുന്നു. അത് സർക്കാരിനെ സംബന്ധിച്ച് പ്രാഥമിക ദത്തമാണ്.

ദത്തത്തിന് ഒരു സമഗ്രമായ നിർവചനം തയാറാക്കൂ.

നേരത്തേ പരാമർശിച്ചപോലെ ഗവേഷണത്തിൽ ദത്തശേഖരണത്തിന് വലിയ പ്രാധാന്യമുണ്ട്. കൃത്യമായതും അനുയോജ്യവുമായ ദത്തശേഖരണം ഗവേഷകർ നടത്തിയില്ലെങ്കിൽ എന്തു സംഭവിക്കും?

- തീർച്ചയായും അത് നമ്മുടെ കണ്ടെത്തലുകളെ ബാധിക്കുകയും തെറ്റായ ദിശയിലേക്കു നയിക്കുകയും ചെയ്യും.
- ഫലം ഊഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരിക്കും.
- വ്യക്തിനിഷ്ഠമാകാനുള്ള സാധ്യതയുണ്ട്.
- മുഴുവൻ ഗവേഷണവും അശാസ്ത്രീയമാകും.
- .....
- .....

എങ്ങനെയാണ് ഗവേഷകർ ഇത്തരം വിഷമതകൾ തരണം ചെയ്യുന്നത്?

ഗവേഷകർ വിശ്വസനീയവും കൃത്യമായതുമായ ദത്തങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി അനുയോജ്യമായ സങ്കേതങ്ങളും രീതികളും രീതിശാസ്ത്രങ്ങളും സ്വീകരിക്കേണ്ടതുണ്ട്. ഏതു രീതിശാസ്ത്രം, രീതി അഥവാ ഗവേഷണസങ്കേതം ഉപയോഗിച്ചാണ് ദത്തശേഖരണം നടത്തേണ്ടതെന്നും അവയെ എങ്ങനെ ഉപയോഗി

ക്കണമെന്നും വിശകലനം ചെയ്യണമെന്നും നിഗമനത്തിലെത്തണമെന്നും ഗവേഷകർ തീരുമാനിക്കേണ്ടതുണ്ട്.

വിവിധതരം ദത്തങ്ങളായ പ്രാഥമികദത്തം, ദ്വിതീയദത്തം, ഗുണപരമായ ദത്തം, ഗണപരമായ ദത്തം എന്നിവയിലൂടെ കടന്നുപോകാം. ഈ ആശയങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

പ്രാഥമികദത്തവും ദ്വിതീയദത്തവും (Primary Data and Secondary Data) : ദത്തങ്ങളുടെ സ്രോതസ്സുകൾക്കനുസരിച്ച് അവയെ പ്രാഥമികദത്തമെന്നും ദ്വിതീയദത്തമെന്നും വർഗീകരിക്കാം. ഗവേഷകർ പഠനമണ്ഡലത്തിൽനിന്ന് നേരിട്ട് ശേഖരിക്കുന്നതാണ് പ്രാഥമികദത്തം. അതേസമയം ഗവേഷകർ മറ്റൊരു വ്യക്തിയോ ഏജൻസിയോ നേരത്തേ ശേഖരിച്ച വിവരങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അതിനെ ദ്വിതീയദത്തമായി കണക്കാക്കുന്നു. ഇവിടെ ഗവേഷകർക്കു നേരിട്ടല്ല, ദ്വിതീയ സ്രോതസ്സുകളിലൂടെയാണ് വിവരങ്ങൾ ലഭിക്കുന്നത്.

സാമ്പത്തികശാസ്ത്രത്തിൽ പ്രാഥമികദത്തങ്ങൾ സാധനങ്ങളുടെ വിലയായോ ഉൽപ്പാദനത്തിന്റെ ചെലവായോ അല്ലെങ്കിൽ സംഖ്യാരൂപത്തിലോ ആയിരിക്കും.

നരവംശശാസ്ത്രത്തിൽ ഇത് ബന്ധുത്വപദമോ, ആചാരമോ അനുഷ്ഠാനമോ തദ്ദേശസംസ്കാരരൂപത്തിലുള്ള വിവരണങ്ങളോ, ഭൗതിക-ഭൗതികേതര സംസ്കാരങ്ങളുടെ വിവരണമോ ആയിരിക്കും അർഥമാക്കുന്നത്. ദത്തങ്ങൾ അക്ഷരങ്ങളുടെ രൂപത്തിലോ അക്കങ്ങളുടെ രൂപത്തിലോ ആവാം. അതിനാൽ ദത്തങ്ങളുടെ പ്രകൃതമനുസരിച്ച് അവയെ ഗുണപരം, ഗണപരം എന്നിങ്ങനെ വർഗീകരിക്കാം. ദത്തങ്ങളുടെ തരത്തെ അടിസ്ഥാനപ്പെടുത്തി ചില ഗവേഷണങ്ങളെ ഗുണാത്മക ഗവേഷണമെന്നും ഗണാത്മകഗവേഷണമെന്നും വിഭജിക്കാം.

ഗുണാത്മകദത്തവും ഗണാത്മകദത്തവും (Qualitative Data and Quantitative Data): ഗുണാത്മകദത്തങ്ങൾ വാക്കുകളുടെ രൂപത്തിൽ ഉള്ളവയാണ്. എന്നാൽ ഗണാത്മക ദത്തങ്ങൾ സംഖ്യകളുടെ രൂപത്തിലുള്ളവയാണ്. പഠനമണ്ഡലത്തിൽനിന്ന് നേരിട്ട് ശേഖരിക്കുന്ന ദത്തങ്ങൾ സാംഖികമായോ അല്ലാതെയോ വിശകലനം ചെയ്യാം. സാമൂഹ്യശാസ്ത്രഗവേഷണത്തിൽ വിവിധ രീതിശാസ്ത്രങ്ങൾ ഉപയോഗിച്ചാണ് നിഗമനത്തിൽ എത്തിച്ചേരുന്നത്. ഇവയെ ഗുണാത്മകഗവേഷണം, ഗണാത്മകഗവേഷണം എന്നിങ്ങനെ വർഗീകരിക്കുന്നു.

ഗുണാത്മകഗവേഷണവും ഗണാത്മകഗവേഷണവും (Qualitative Research and Quantitative Research) : സ്വാഭാവിക ചുറ്റുപാടിൽ നടത്തുന്ന ഗവേഷണ മായതിനാൽ ഗുണാത്മകഗവേഷണ പഠനമണ്ഡലത്തിലെ ഗവേഷണം എന്നും അറിയപ്പെടുന്നു. ഗുണാത്മകമായ ഗവേഷണത്തിൽ ശേഖരിച്ച ദത്തങ്ങൾ ഗണാത്മക ഗവേഷണത്തേക്കാൾ ഘടനയില്ലാത്തതും ആസൂത്രണമില്ലാത്തതുമായിരിക്കും. സാംഖികരീതിയില്ലാതെയാണ് ദത്തങ്ങളെ അപഗ്രഥിക്കുന്നത്. പങ്കാളിത്തനിരീക്ഷണം, കേസ് സ്റ്റഡി എന്നിവപോലുള്ള ഗവേഷണരീതികൾ ഗുണാത്മകമായതുകൊണ്ട് അവയെ ഗുണാത്മകരീതി അഥവാ മണ്ഡലവൃത്തിരീതി എന്നു വിളിക്കാം.

ഗണപരമായ ഗവേഷണത്തിൽ സാംഖികവിശകലനം ഉൾപ്പെടുന്നു. അതിനാൽ അവ സാംഖികഗവേഷണം എന്ന് അറിയപ്പെടുന്നു. ഗണപരമായ ഗവേഷണത്തിന്റെ മുഖ്യ മേന്മ വസ്തുനിഷ്ഠതയാണ്എന്നതുകൊണ്ട് ഇവ വിശ്വസനീയമായതും സാധുത യുള്ളതുമാണ്. ജൈവനരവംശശാസ്ത്രത്തിലും ജനസംഖ്യാപഠനത്തിലും സാംഖിക സങ്കേതങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. അവ സർവേ, സെൻസസ് തുടങ്ങിയ രീതികളും ഉപയോഗിക്കുന്നു. അതിനാൽ ഇവയെ ഗണപരമായ രീതി അഥവാ സാംഖികരീതി എന്ന് വിളിക്കുന്നു.

എന്നാൽ ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ സാമൂഹ്യശാസ്ത്രഗവേഷണത്തിൽ അത്രകണ്ട് വേർതിരിക്കുന്നില്ല. ഇന്ന് സാമൂഹ്യശാസ്ത്രത്തിൽ പൊതുവെയും നരവംശശാസ്ത്രത്തിൽ പ്രത്യേകിച്ചും ഇവയുടെ സമ്മിശ്രമായ രീതിയാണ് ഉപയോഗിക്കുന്നത്.

ഗുണപരമായതും ഗണപരമായതുമായ ഗവേഷണങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ, അതിന്റെ ഉദ്ദേശ്യങ്ങൾ, ദത്തങ്ങൾ, ജനസഞ്ചയം, വിവരശേഖരണ രീതികൾ, വിശകലനം, ഗവേഷണത്തിന്റെ ഫലം എന്നിവ വിശദമാക്കുന്ന ഒരു പട്ടിക തയാറാക്കുക.

ഇനി നരവംശശാസ്ത്രത്തിലെ രീതികളും സങ്കേതങ്ങളും പരിശോധിക്കാം.

നരവംശശാസ്ത്രത്തിലെ ഗവേഷണരീതികളും ഗവേഷണസങ്കേതങ്ങളും (Research Methods and Research Techniques in Anthropology)

നേരത്തേ ചർച്ചചെയ്ത വംശവിവരണ പഠനരീതിയിൽ മണ്ഡലവൃത്തി നിരീക്ഷണം അത്യാവശ്യമാണ്. നമ്മുടെ ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിനുള്ള ഒരു പ്രാഥമികരീതിയാണിത്.

ഗവേഷണരീതികൾ (Research Methods)

നിരീക്ഷണം (Observation)

വർത്തമാനകാല പാശ്ചാത്യസമൂഹത്തിൽ ജനങ്ങൾ നിരന്തരമായി നിരീക്ഷണ ത്തിലാണ്. അവർ എവിടെപ്പോയാലും നിരീക്ഷണ കാമറയ്ക്ക് മുന്നിലാണ്. പാശ്ചാത്യേതര സമൂഹങ്ങളിലും ഇത് വ്യാപകമായിരിക്കുന്നു. ആധുനികസമൂഹത്തിന്റെ രണ്ടു പ്രധാന സവിശേഷതകളാണ് നിരീക്ഷണവും നിരീക്ഷിക്കപ്പെടലും. അതായത് നമ്മളുടേത് ഒരു നിരീക്ഷണസമൂഹമാണെന്ന് പറയാം (സിൽവർമാൻ; 25, 2012). സാമൂഹികഗവേഷണത്തിൽ പ്രധാനപ്പെട്ടതും അതിവ്യാപകമായി ഉപയോഗിച്ചു വരുന്നതുമായ ഒരു രീതിയാണ് നിരീക്ഷണം. എല്ലാ നിരീക്ഷണങ്ങളും ശാസ്ത്രീയമല്ല. ആസൂത്രിതമായി ചിട്ടപ്പെടുത്തി ഉപയോഗിക്കുമ്പോഴാണ് നിരീക്ഷണം ശാസ്ത്രീയമാവുന്നത്. ഇത് യഥാർഥ ജീവിതചുറ്റുപാടിലോ പരീക്ഷണശാലയിലോ സംഭവിക്കാം. നരവംശശാസ്ത്രജ്ഞർ വംശവിവരണശാസ്ത്രജ്ഞർ എന്ന നിലയിൽ വ്യക്തിയുടെയോ വ്യക്തികളുടെയോ

സ്വഭാവങ്ങൾ യഥാർഥ ജീവിതചുറ്റുപാടിൽ നിരീക്ഷിക്കുന്നു. അതിനാലാണ് അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഹെസ്കോവിറ്റ്സ് മണ്ഡലവൃത്തിയാണ് നരവംശശാസ്ത്രത്തിന്റെ പരീക്ഷണശാലയെന്ന് അഭിപ്രായപ്പെട്ടത്.

എങ്ങനെയാണ് ഗവേഷകർ ഫീൽഡിൽ നിരീക്ഷണം നടത്തുന്നത്?

- *വ്യക്തികളുമായി നേരിട്ടുള്ള നല്ല അടുപ്പം (Rapport) സ്ഥാപിക്കുന്നു.*
- *ജീവിതത്തിലെ ഓരോ സൂക്ഷ്മമായ വിഷയാംശങ്ങളിലും ജീവിതസാഹചര്യത്തിലും നൽകുന്ന ശ്രദ്ധവഴി.*
- *യഥാർഥത്തിൽ കണ്ട കാര്യങ്ങളെ അതേപടി രേഖപ്പെടുത്തുന്നതിലൂടെ. (വ്യാഖ്യാനങ്ങൾ ഇല്ലാതെ).*
- *നിങ്ങളുടെ വ്യക്തിഗത ഡയറിയിലും മണ്ഡലവൃത്തികുറിപ്പിലുമുള്ള രേഖപ്പെടുത്തലുകൾ വഴി.*

നിരീക്ഷണത്തിനായി നിങ്ങൾക്ക് ഒരു സ്ഥലം തിരഞ്ഞെടുക്കാം – കമ്പോളം, ബസ് കാത്തിരിപ്പുകേന്ദ്രം, ബസ്സിനുൾവശം, സ്കൂൾപരിസരം, അല്ലെങ്കിൽ നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും സ്ഥലം. ഒരു മണിക്കൂറിൽ അവിടെ നടക്കുന്ന സംഭവങ്ങൾ നിരീക്ഷിക്കുക. നിങ്ങൾക്ക് എത്രത്തോളം നിരീക്ഷിക്കാൻ കഴിഞ്ഞു എന്നതും അതിലെ കണ്ടെത്തലുകളും ക്ലാസിൽ അവതരിപ്പിക്കുക. ഒരു പ്രാഥമിക നിരീക്ഷണരീതി എന്ന നിലയിൽ നിരീക്ഷണത്തിന്റെ മേന്മകളും പോരായ്മകളും കണ്ടെത്തുക.

ഫീൽഡിൽ നിങ്ങൾ സജീവമായി പങ്കെടുത്തിട്ടുണ്ടോ? ആഭ്യന്തരനിരീക്ഷകരായാണോ ബാഹ്യനിരീക്ഷകരായാണോ നിങ്ങൾ കാര്യങ്ങളെ നിരീക്ഷിച്ചത്?

ബാഹ്യനിരീക്ഷകരായി കേവലനിരീക്ഷണം നടത്തുന്നതും പങ്കാളിയായി

നിരീക്ഷണം നടത്തുന്നതും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

നിങ്ങൾ പങ്കാളിയാവുന്ന ഒരു പ്രത്യേക സംഭവം നിരീക്ഷിക്കുക. അത് നിങ്ങളുടെ വീട്ടിലെ പാചകം, പുന്തോട്ടനിർമ്മാണം, ജീവിതചക്രവുമായി ബന്ധപ്പെട്ട ചടങ്ങുകളായ വിവാഹം, പേരിടൽ തുടങ്ങിയവയിലേതെങ്കിലുമാവാം. നിങ്ങളുടെ കണ്ടെത്തലുകൾ ഗ്രൂപ്പിൽ ചർച്ചചെയ്യുക. അവ നിങ്ങളുടെ മുൻനിരീക്ഷണങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്തുക.

- നരവംശശാസ്ത്ര മണ്ഡലവൃത്തിയിൽ ഏതു തരം നിരീക്ഷണമാണ് ഉചിതം? എന്തുകൊണ്ട്?

- കൂട്ടത്തിലെ അംഗങ്ങളുമായുള്ള ദൃഢമായ ബന്ധം വിവരശേഖരണപ്രക്രിയയെ വിപരീതമായി ബാധിക്കുമോ?
- പഠനമണ്ഡലത്തിലുണ്ടാവുന്ന ഇത്തരം പ്രയാസങ്ങൾ എങ്ങനെ മറികടക്കാനാകും?

നിങ്ങളുടെ അനുഭവങ്ങൾ ക്ലാസിൽ അവതരിപ്പിക്കൂ.

നിരീക്ഷണം കാണുന്നതിനേക്കാളുപരിയായ ഒന്നാണ്. കാണലും ഗ്രഹിക്കലും തമ്മിൽ വ്യത്യാസങ്ങളുണ്ട്. നിരീക്ഷണവും ഗ്രഹിക്കലും ഒന്നിച്ചു നടക്കേണ്ടതാണ്. അതായത് നിരീക്ഷിച്ചത് മനസ്സുകൊണ്ട് പിടിച്ചെടുത്താൽ മാത്രമേ അത് ഫലവത്താവുകയുള്ളൂ.

മുകളിലെ ചർച്ചയിൽനിന്നു നിരീക്ഷണം എന്താണെന്ന് നിങ്ങൾക്ക് നിർവചിക്കാൻ കഴിയുമോ?

പ്രകൃതിയിൽ സംഭവിക്കുന്ന പ്രതിഭാസങ്ങൾ കൃത്യമായി നിരീക്ഷിച്ച് കുറിച്ചെടുക്കുന്നതാണ് നിരീക്ഷണം.

നരവംശശാസ്ത്രത്തിൽ പലതരം നിരീക്ഷണങ്ങൾ ഉപയോഗിച്ചു വരുന്നു. ഗവേഷകർക്ക് പഠനഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ പങ്കാളിത്തത്തിലൂടെയോ അല്ലാതെയോ നിരീക്ഷിക്കാൻ കഴിയും. നിരീക്ഷണത്തെ പ്രധാനമായും രണ്ടായി തരംതിരിച്ചിരിക്കുന്നു-നിയന്ത്രണമില്ലാത്ത നിരീക്ഷണവും നിയന്ത്രിതനിരീക്ഷണവും.

1. അനിയന്ത്രിത നിരീക്ഷണം (Uncontrolled Observation)

പുറമെനിന്നുള്ള നിയന്ത്രണമോ ഘടകങ്ങളുടെ സ്വാധീനമോ ഇല്ലാതെ സ്വാഭാവികമായ ചുറ്റുപാടിൽ നടക്കുന്ന നിരീക്ഷണമാണ് അനിയന്ത്രിത നിരീക്ഷണം. സാമൂഹികപ്രതിഭാസങ്ങളെ കുറിച്ച് കൂടുതൽ അറിവുകൾ നേടുന്നതിന് അനിയന്ത്രിത നിരീക്ഷണങ്ങളിലൂടെ സാധിക്കും. ഇത് രണ്ട് തരത്തിലുണ്ട്- പങ്കാളിത്തനിരീക്ഷണവും പങ്കാളിത്തരഹിത നിരീക്ഷണവും.

എ. പങ്കാളിത്തനിരീക്ഷണം (Participant Observation): അന്വേഷണവിധേയമാക്കുന്ന കൂട്ടത്തിന്റെ പ്രവർത്തനങ്ങളിൽ ഗവേഷക സജീവമായി പങ്കെടുക്കുന്നു. ഇത് പൂർണപങ്കാളിത്തനിരീക്ഷണം എന്നറിയപ്പെടുന്നു. പങ്കാളിത്തത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ഗവേഷകർ തന്നെക്കുറിച്ചുള്ള വിവരങ്ങൾ പൂർണമായും മറച്ചുവയ്ക്കുന്നു. ഇതിനെ സമ്പൂർണ പങ്കാളിത്തനിരീക്ഷണം എന്നു പറയുന്നു. ബാഹ്യ ഇടപെടലുകളില്ലാതെ സ്വാഭാവികമായ സാഹചര്യം നിലനിർത്തിക്കൊണ്ട് വിവരം ശേഖരിക്കാൻ താൽപ്പര്യപ്പെടുമ്പോഴാണ് ഗവേഷകർ ഇത്തരം രീതി ഉപയോഗിക്കുന്നത്. എന്നാൽ ഗവേഷകർ എന്ന നിലയ്ക്കുമാത്രം പങ്കെടുക്കുകയും അത്തരത്തിലുള്ളതങ്ങളുടെ സ്ഥാനം തുറന്നു സമ്മതിക്കുകയും ചെയ്യുന്ന രീതി അർധ പങ്കാളിത്ത നിരീക്ഷണ രീതി എന്നറിയപ്പെടുന്നു.

പങ്കാളിത്തനിരീക്ഷണരീതിയുടെ സവിശേഷതകൾ താഴെ വിവരിക്കുന്നു.

നിരീക്ഷക/നിരീക്ഷകൻ:

- അയാൾ/അവൾ നിരീക്ഷിക്കുന്ന സമൂഹത്തിലെ സാമൂഹികസംഭവങ്ങളിൽ പങ്കെടുക്കുന്നു.
- നിലവിലുള്ള സാമൂഹികസാഹചര്യത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു പങ്കോ പ്രവർത്തനമോ ഏറ്റെടുക്കുന്നു.
- നിരീക്ഷകരുടെ ഗ്രൂപ്പുകളിലെ പങ്കാളിത്തം ഗ്രൂപ്പംഗങ്ങളുടെ സ്വാഭാവികജീവിതത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നു.
- സാധാരണയായി ഗ്രൂപ്പിന്റെ ദൈനംദിനജീവിതത്തിൽ പങ്കെടുക്കുകയോ പ്രവർത്തനങ്ങളിൽ പങ്കുചേരുകയോ ചെയ്യുന്നു.
- ഒരു ഗവേഷക എന്ന നിലയ്ക്കല്ലാതെ ഗ്രൂപ്പിലെ ഒരു സമ്പൂർണ അംഗമെന്ന നിലയ്ക്ക് ഗ്രൂപ്പുമായി ബന്ധപ്പെടുന്നു.
- സമുദായത്തിലെ അംഗങ്ങളുടെ സ്വഭാവം നിരീക്ഷിക്കുന്നു.
- അംഗങ്ങൾ തമ്മിലുള്ള ബന്ധം, പരസ്പരപ്രവർത്തനം എന്നിവ നിരീക്ഷിച്ചറിയുന്നു. അവിടെ നടക്കുന്ന സംഭവങ്ങളുടെ അർഥം, വിശദാംശങ്ങൾ, പ്രതികരണങ്ങൾ എന്നിവ കണ്ടെത്താനായി അംഗങ്ങളുമായി ആശയവിനിമയത്തിലേർപ്പെടുന്നു.
- ഒരു സമുദായത്തിന്റെയോ സാമൂഹികഘടകത്തിന്റെയോ ജീവിതത്തെ മുഴുവനായും പഠനവിധേയമാക്കുന്നു (സമ്പൂർണപഠനം).

പങ്കാളിത്തനിരീക്ഷണത്തിന്റെ വിജയം നിരീക്ഷകന്റെ കഴിവിനെയും വ്യക്തിത്വത്തെയും ആശ്രയിച്ചിരിക്കുന്നു. സമുദായത്തിന്റെ ജീവിതത്തെ കുറിച്ച് സമ്പൂർണവും പക്ഷപാത രഹിതവുമായ ഒരു ചിത്രം ലഭിക്കാൻ തക്കവണ്ണമുള്ള ഏറ്റവും നല്ല സ്ഥാനത്ത് സ്വയം അവരോധിക്കുകയാണ് നിരീക്ഷകന്റെ കർത്തവ്യം. സാധാരണയായി നിയന്ത്രണമില്ലാത്ത നിരീക്ഷണത്തിൽ പങ്കാളിത്തനിരീക്ഷണത്തിന് രാജകീയപദവിയാണുള്ളത്. അതിനാൽ ചില സന്ദർഭങ്ങളിൽ ഇതിനെ നിയന്ത്രണമില്ലാത്ത പങ്കാളിത്തനിരീക്ഷണരീതി എന്നും വിളിക്കുന്നു.

ഫീൽഡിൽ പോകുന്നതിനു മുൻപ് പങ്കാളിത്തനിരീക്ഷകർ ഉള്ളടക്കം, നിരീക്ഷണവിവരം, രേഖപ്പെടുത്തുന്ന രീതി, സമൂഹത്തിലെ അംഗങ്ങളുമായുള്ള ബന്ധം എന്നിവ സംബന്ധിച്ച് ചില മുൻകരുതലുകളെടുക്കേണ്ടതുണ്ട്. നമുക്ക് ഇവ ഓരോന്നും പരിശോധിക്കാം.

നിരീക്ഷണത്തിന്റെ ഉള്ളടക്കം : എന്തു നിരീക്ഷിക്കണം, എങ്ങനെ നിരീക്ഷിക്കണം, ആരൊക്കെയാണ് പങ്കെടുക്കുന്നത്, അവർ പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നിവയൊക്കെ നിരീക്ഷകർ നിർണയിക്കേണ്ടതാണ്.

നിരീക്ഷണം രേഖപ്പെടുത്തൽ : ഏതെങ്കിലും സമയത്ത് നിരീക്ഷിച്ച വിവരങ്ങൾ മറന്നുപോകുന്നതിനു മുൻപ് അവ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. നിരീക്ഷണസമയത്തുതന്നെ അത് കഴിയുന്നില്ലെങ്കിൽ, എത്രയും നേരത്തേതന്നെ അവ രേഖപ്പെടുത്തേണ്ടതാണ്.

നിരീക്ഷകയും/നിരീക്ഷകനും സമൂഹത്തിലെ അംഗങ്ങളും തമ്മിലുള്ള ബന്ധം : നിരീക്ഷകർ ഗ്രൂപ്പ് അംഗങ്ങളുമായി വളരെയടുത്ത ബന്ധം സൂക്ഷിക്കേണ്ടതാണ്. നല്ല അടുപ്പം (Rapport) എന്നത് കൂട്ടത്തിലെ അംഗങ്ങളുമായുള്ള സൗഹാർദപൂർണമായ ബന്ധവും പരസ്പര ധാരണയുമാണ്. ഇത് എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണം ഉറപ്പുവരുത്താൻ സഹായിക്കുന്നു. മിക്കവാറും പങ്കാളിത്തനിരീക്ഷണങ്ങൾ അർധ പങ്കാളിത്തനിരീക്ഷണരീതിയുടെ ഗണത്തിൽ വരുന്നു.

പങ്കാളിത്തനിരീക്ഷണത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ: വംശവിവരണ ഗവേഷണം നടത്തുമ്പോൾ നിരീക്ഷകർ താഴെ കൊടുത്ത മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

- ഗവേഷണം നടത്തുന്ന സാമൂഹിക സാഹചര്യങ്ങളോട് അതിതീവ്ര ജാഗ്രത ഉണ്ടായിരിക്കണം.
- ഉത്തരവാദപ്പെട്ട രീതിയിലാണ് പെരുമാറേണ്ടത്. അല്ലെങ്കിൽ പ്രവർത്തനങ്ങൾ കൂടുതൽ സങ്കീർണമാകാൻ സാധ്യതയുണ്ട്.
- അംഗങ്ങൾക്ക് മേൽ യാതൊരുതര മേധാവിത്വവും അവകാശപ്പെടരുത്.

- പ്രത്യേക പദവി തേടാതിരിക്കുക. കാരണം, അത് പഠനത്തിന്റെ ലക്ഷ്യത്തെതന്നെ ഇല്ലാതാക്കുന്നു.
- അംഗങ്ങളുമായി വളരെ നല്ല അടുപ്പം പുലർത്തുമ്പോൾ തന്നെ വസ്തുനിഷ്ഠതയും നിലനിർത്തേണ്ടതാണ്.

പങ്കാളിത്തനിരീക്ഷണത്തിന്റെ മേന്മകൾ
(Merits or Advantages of Participant Observation)

പങ്കാളിത്തനിരീക്ഷണത്തിന് നിരവധി മേന്മകളുണ്ട്.

താഴെ കൊടുത്ത ചോദ്യങ്ങൾ ഗ്രൂപ്പിൽ പരിശോധിച്ച് പങ്കാളിത്തനിരീക്ഷണത്തിന്റെ മേന്മകൾ കണ്ടെത്തി എത്രമാത്രം സഹായകമാണെന്ന് പരിശോധിക്കുക.

- സത്യസന്ധവും വിപുലവുമായ ദത്തങ്ങളുടെ ശേഖരണം സാധ്യമാണോ?
- സ്വാഭാവികമായ പെരുമാറ്റം നിരീക്ഷിക്കാൻ സാധിക്കുമോ?
- പ്രതിഭാസത്തെ കുറിച്ച് മെച്ചപ്പെട്ട ഉൾക്കാഴ്ച നേടാൻ സഹായകമാണോ?

പങ്കാളിത്തനിരീക്ഷണത്തിന്റെ പോരായ്മകൾ
(Demerits or limitations of Participant Observation)

താഴെ കൊടുത്ത ചോദ്യങ്ങൾ ഗ്രൂപ്പിൽ പരിശോധിച്ച് പങ്കാളിത്തനിരീക്ഷണത്തിന്റെ പോരായ്മകൾ കണ്ടെത്തുക.

- ഗ്രൂപ്പംഗങ്ങൾക്കിടയിൽ നിരീക്ഷക എത്രമാത്രം സമയം ചെലവഴിക്കേണ്ടതുണ്ട്?
- നിരീക്ഷകന്റെ പക്ഷപാതിത്വം അല്ലെങ്കിൽ അംഗങ്ങളുമായുള്ള വൈകാരിക അടുപ്പം എങ്ങനെയുള്ളതായിരിക്കും?
- എല്ലാ പ്രതിഭാസങ്ങളെയും പെരുമാറ്റങ്ങളെയും ഇത്തരത്തിൽ നിരീക്ഷിക്കാൻ കഴിയുമോ?
- ഗവേഷണത്തിന്റെ ലക്ഷ്യങ്ങൾ എത്രമാത്രം ഫലപ്രദമായി നിലനിർത്താൻ സാധിക്കും?
- ചരിത്രപരമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഇത് പ്രയോജനപ്രദമാണോ?
- പങ്കാളിത്തനിരീക്ഷണം നടത്താനുള്ള സമയം, പണം തുടങ്ങിയ സ്രോതസ്സുകൾ എന്നിവ എത്രമാത്രം വേണ്ടിവരും?

സ്വയം നിരീക്ഷണം

ഏതൊക്ക മുൻവിധികളും പക്ഷപാതിത്വങ്ങളുമാണ് നിഷ്പക്ഷമായ കാഴ്ചപ്പാടുകളെ തടയുക എന്ന് നിരീക്ഷകർ കണ്ടെത്തേണ്ടതാണെ ന്ന് പൊതുവെ നിർദേശിക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ വൈകാരിക പ്രതികരണ ങ്ങൾ ആഴത്തിൽ ഉറച്ചതും എന്നാൽ തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ളവിധം ലോലമായി മാത്രം പ്രകടിപ്പിക്കപ്പെടുന്നതു മാണ്. സ്ഥിരമായ സ്വയം വിമർശനവും മറ്റുള്ളവരുടെ വിമർശനവും ആത്യന്തിക മായ മുൻവിധിയും പക്ഷപാതിത്വവും ഒഴിവാക്കാൻ സഹായകമാകും. നിരീക്ഷണത്തിന്റെ തെറ്റുകൾ കുറയ്ക്കുന്നതിനായി നരവംശശാസ്ത്ര വിദ്യാർഥികൾക്ക് നിരീക്ഷകർ എന്ന നിലയിൽ സ്വന്തം കരുത്തും പോരായ്മയും വിലയിരുത്താൻ കഴിയുംവിധമുള്ള പരിശീലനം നൽകേണ്ടതിന്റെ ആവശ്യം മാർഗരറ്റ് മീഡ് മുന്നോട്ടു വയ്ക്കുന്നു. അത്തരം ആത്മപരിശോധന സമാനമായ ചുറ്റുപാടിലും സാംസ്കാരിക

k nh_Ncy_ ne papÅ P\ § f psS s] cp anäs_ a\ Ê ne m m m l grb pÎ_ h n{ ap Å X· b ò nh l mgvN, nSvcq s, Sp_ pÎ p

(] nh n b pMv 2009, t] Pv183)

പങ്കാളിത്തനിരീക്ഷണമെന്താണെന്നും അതിന്റെ മേന്മകളും പോരായ്മകളും എന്തൊക്കെയാണെന്നും നിങ്ങൾ മനസ്സിലാക്കി. ഇനി ഇതിന്റെ പോരായ്മകൾ പരിമിതപ്പെടുത്തിക്കൊണ്ട് ഗ്രൂപ്പിനിടയിൽ നിങ്ങൾ ഒരു പങ്കാളിത്തനിരീക്ഷണം നടത്തുക. തുടർന്ന് ഒരു നിരീക്ഷണ റിപ്പോർട്ട് തയാറാക്കുക.

ബി. പങ്കാളിത്തരഹിത നിരീക്ഷണം (Non-Participant Observation)

നിങ്ങൾ നേരത്തേ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ കാര്യമായി പങ്കെടുക്കാതെ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. ഇത് നിങ്ങൾക്കെങ്ങനെയാണ് അനുഭവപ്പെട്ടത്? നമുക്ക് താഴെ കൊടുത്ത കാര്യങ്ങൾ ചർച്ചചെയ്യാം.

- നിങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നോ?
- ഗ്രൂപ്പംഗങ്ങൾക്ക് നിങ്ങളുടെ പൂർണവിവരം അറിയാമായിരുന്നോ?
- നിരീക്ഷകനും ഗ്രൂപ്പംഗങ്ങളും തമ്മിലുള്ള അടുപ്പമില്ലായ്മയും പുറത്തുനിന്നുള്ള ഒരാളുടെ സാന്നിധ്യവും ഗ്രൂപ്പ് അംഗങ്ങളുടെ പെരുമാറ്റത്തെ എങ്ങനെയാണ് ബാധിച്ചത്?

- ദത്തങ്ങൾ എത്രമാത്രം വിശ്വസനീയമാണെന്നാണ് നിങ്ങൾ കരുതുന്നത്?

നിരീക്ഷകർ ഗ്രൂപ്പംഗങ്ങളുടെ പ്രവർത്തനങ്ങളിൽ കൃത്യമായി പങ്കെടുക്കാതെ പൂർണമായും പുറത്തുള്ളയാളായി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന രീതിയാണ് പങ്കാളിത്തരഹിത നിരീക്ഷണം.

ഇത് ഗവേഷകർ ഒന്നുകിൽ തന്നെ കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്താതെ ഗ്രൂപ്പിൽനിന്ന് മാറി നിന്ന് അല്ലെങ്കിൽ ഗ്രൂപ്പിൽ നിന്നുകൊണ്ട് അവരുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ നടത്തുന്ന നിരീക്ഷണമാണ്. ചിലപ്പോൾ നിരീക്ഷകർക്ക് പൂർണമായും മാറിനിൽക്കാൻ കഴിയാതെവരുന്നതുകൊണ്ട് ഗ്രൂപ്പ് അംഗങ്ങളുമായി ബന്ധം പുലർത്തുന്നു. ഇത്തരം സാഹചര്യത്തിൽ പങ്കാളിത്തരഹിത നിരീക്ഷണം അർധപങ്കാളിത്ത നിരീക്ഷണത്തിലേക്കു മാറുന്നു. നിങ്ങൾ പങ്കാളിത്തരഹിത നിരീക്ഷണമെന്താണെന്ന് പഠിക്കുകയും അത് പ്രായോഗികമായി ചെയ്യുകയും വേണം. ഇതിന്റെ നേട്ടങ്ങളും പോരായ്മകളും എന്തൊക്കെയാണ്? ഇവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു. നിങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇത് വിപുലമാക്കുക.

പങ്കാളിത്തരഹിത നിരീക്ഷണത്തിന്റെ മേന്മകൾ
(Merits of Non-Participant Observation)

- ഗ്രൂപ്പ് അംഗങ്ങളുമായി അടുത്ത ബന്ധമില്ലാത്തതിനാൽ നിഷ്പക്ഷതയും വസ്തുനിഷ്ഠതയും ഉറപ്പുവരുത്താൻ കഴിയും.
- ഗ്രൂപ്പ് അംഗങ്ങളിൽനിന്ന് അകലം പാലിക്കുന്നതിനാൽ അവരുടെ ദുർബലതയും ഒപ്പംതന്നെ ശക്തികളും നിരീക്ഷകന് പഠിക്കാൻ എളുപ്പമാണ്.

എന്നാൽ പങ്കാളിത്തരഹിത നിരീക്ഷണം പോരായ്മകളിൽനിന്നു മുക്തമല്ല.

പങ്കാളിത്തരഹിത നിരീക്ഷണത്തിന്റെ പോരായ്മകൾ
(Demerits of Non-participant Observation)

- വ്യക്തിനിഷ്ഠമായ കാര്യങ്ങൾ കടന്നുകൂടാനുള്ള സാധ്യത കൂടുതലാണ്.
- മൂന്നാമതൊരാളുടെ സാന്നിധ്യം ഗ്രൂപ്പംഗങ്ങൾക്ക് അസ്വസ്ഥത ഉണ്ടാക്കുകയും അവരുടെ സ്വഭാവത്തിൽ കൃത്രിമത്വം ഉണ്ടാകാൻ കാരണമാവുകയും ചെയ്യും.
- ഗ്രൂപ്പംഗങ്ങൾക്ക് യാതൊരു ബന്ധവുമില്ലാത്ത നിരീക്ഷകന് മുന്നിൽ ആരുംതന്നെ അവരുടെ യഥാർഥ വികാരങ്ങൾ, പ്രവർത്തനങ്ങൾ, മനോഭാവങ്ങൾ, അഭിപ്രായങ്ങൾ എന്നിവ വെളിപ്പെടുത്തുകയില്ല.
- ബോധപൂർവം മാറിനിൽക്കാൻ ശ്രമിക്കുന്നതിനാൽ നിരീക്ഷകനെ ആളുകൾ സംശയത്തോടെ

വീക്ഷിക്കുന്നതു കാരണം അയാൾക്ക് സാമൂഹികപ്രതിഭാസത്തെ കുറിച്ചുള്ള യഥാർഥ ഉൾക്കാഴ്ച ലഭിക്കില്ല.

ഒരു സമുദായത്തിൽ നിലനിൽക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം, സാമൂഹികവരുദ്ധപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കാൻ ഗവേഷകർ എന്ന നിലയിൽ നിങ്ങൾ ഇതിൽ ഏതുതരം നിരീക്ഷണമാണ് ഉപയോഗിക്കുക? എന്തുകൊണ്ട്?

മേൽക്കൊടുത്ത പങ്കാളിത്ത-പങ്കാളിത്തരഹിത നിരീക്ഷണരീതികളിൽ സാമൂഹികപ്രതിഭാസങ്ങളെ കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടുകൊണ്ട് പക്ഷപാത സമീപനത്തിന് സാധ്യതയുണ്ട്. ഇത്തരം പരിമിതികൾ ഒഴിവാക്കുന്നതിന് പ്രതിഭാസങ്ങളിലും നിരീക്ഷണപ്രക്രിയകളിലും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഇത്തരം നിരീക്ഷണത്തെ നിയന്ത്രിതനിരീക്ഷണം എന്നു പറയുന്നു.

2. നിയന്ത്രിതനിരീക്ഷണം (Controlled Observation)

നിരീക്ഷണത്തിലോ പ്രതിഭാസത്തിലോ മുൻകൂട്ടിയുള്ള ആസൂത്രണപ്രകാരം നിയന്ത്രണം വരുത്തിയുള്ള നിരീക്ഷണമാണ് നിയന്ത്രിതനിരീക്ഷണം.

അങ്ങനെ നിരീക്ഷണത്തെ മുൻവിധി, യുക്തിഹീനാഭിപ്രായം എന്നിവയിൽനിന്നും സ്വതന്ത്രമാക്കി പഠനത്തിൽ വസ്തുനിഷ്ഠതയുണ്ടാക്കുന്നു. സാംസ്കാരിക പ്രതിഭാസങ്ങളിൽ നിയന്ത്രണം കൊണ്ടുവരുക ബുദ്ധിമുട്ടാകയാൽ നരവംശശാസ്ത്രത്തിൽ സാധാരണയായി നിരീക്ഷകരുടെ മേലാണ് നിയന്ത്രണം കൊണ്ടുവരുന്നത്. ഇത്തരം നിയന്ത്രണങ്ങൾ കൂടുതൽ വ്യക്തതയും വസ്തുനിഷ്ഠതയും വർധിപ്പിക്കുകയും വിശ്വാസ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

നിരീക്ഷണത്തിൽ നിയന്ത്രണം കൊണ്ടുവരുന്നതിനുപയോഗിക്കുന്ന സാമഗ്രികൾ താഴെ കൊടുക്കുന്നു.

ഈ പട്ടിക പൂർണമാക്കുക.

- വിശദമായ നിരീക്ഷണപദ്ധതി
- നിരീക്ഷണ പട്ടികകളുടെയും ഒത്തുനോക്കൽ പട്ടികകളുടെയും ഉപയോഗം
- സോഷ്യോമെട്രിക് അളവുകോലുകളുടെ ഉപയോഗം
- വ്യത്യസ്തതരം ഉപകരണങ്ങൾ
- .....
- .....

മേൽ സൂചിപ്പിച്ച നിരീക്ഷണത്തിന്റെ ഉപകരണങ്ങൾ എങ്ങനെയാണ് മുൻവിധിക്കും യുക്തിഹീനാഭിപ്രായത്തിനുമുള്ള സാധ്യത കുറയ്ക്കുന്നതെന്ന് ചർച്ചചെയ്യുക.

വ്യത്യസ്തത തരം നിരീക്ഷണങ്ങൾ കാണിക്കുന്ന പട്ടിക/മനോചിത്രം തയാറാക്കുക.

നരവംശശാസ്ത്രജ്ഞർ വിവരശേഖരണത്തിനായി നിരീക്ഷണരീതി വിപുലമായി ഉപയോഗിക്കാറുണ്ടെങ്കിലും മറ്റുപല വിവരശേഖരണരീതികളും വ്യാപകമായി പ്രചാരത്തിലുണ്ട്. ഒരു വ്യക്തിയുടെയോ ഗ്രൂപ്പിന്റെയോ സ്ഥാപനത്തിന്റെയോ

സംഭവസ്ഥലത്തിന്റെയോ വിപുലമായ പഠനത്തിനുപയോഗിക്കുന്ന അത്തരമൊരു രീതിയാണ് സൂക്ഷ്മസവിശേഷതാപഠനം. സാമൂഹികസാംസ്കാരിക ഭാഷാനരവംശ ശാസ്ത്രത്തിലെ ദീർഘകാല മണ്ഡലവൃത്തിയിൽ ഇത് ഉപയോഗിക്കപ്പെ ടുന്നു.

സൂക്ഷ്മ സവിശേഷതാപഠനം (Case Study)

ഒരു സ്ഥിതിയെക്കുറിച്ചുള്ള തീവ്രമായ പഠനമാണ് കേസ് സ്റ്റഡി. വ്യത്യസ്തമായ സ്വഭാവം പുലർത്തുന്ന ഒരു സാമൂഹികഘടകമാണ് കേസ്. ഇതൊരു ഗുണപരമായ വിശകലനരീതിയാണ്. മനശ്ശാസ്ത്രം, വിദ്യാഭ്യാസം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ എന്നീ വിഷയങ്ങളിലെല്ലാം ഈ പഠനരീതി ഉപയോഗിക്കുന്നു. ഒരു സാമൂഹികഘടകത്തെ കുറിച്ചുള്ള സമ്പൂർണവും വിശദവുമായ വിവരം നേടുകയാണ് ഈ രീതിയുടെ ലക്ഷ്യം. ഒരു വ്യക്തി, കുടുംബം, സമുദായം, സ്ഥാപനം, സംഭവം എന്നിവയൊക്കെ സാമൂഹികഘടകമായി പരിഗണിക്ക പ്പെടാം.

സൂക്ഷ്മ സവിശേഷതാപഠന സവിശേഷതകൾ

- ഒരു ഘടകത്തെക്കുറിച്ചുള്ള സമഗ്രവും തീവ്രവും വിശദവുമായ പഠനമാണിത്.
- മനുഷ്യജീവിതത്തിന്റെ വ്യക്തിപരവും അദൃശ്യവുമായ തലങ്ങൾ മനസ്സിലാക്കാൻ ഈ രീതി സഹായിക്കുന്നു.

സൂക്ഷ്മ സവിശേഷതാപഠനം വ്യക്തിപരമായ ജീവിതചക്രം, ചെറുഗ്രൂപ്പുകളുടെ സ്വഭാവം തുടങ്ങിയ യഥാർഥ ജീവിതസംഭവങ്ങളുടെ സമഗ്രവും അർഥവത്തുമായ സവിശേഷതകൾ മനസ്സിലാക്കാൻ സഹായിക്കുന്നു.

ഇത് ഒരു രോഗിയുടെ രോഗചരിത്രരേഖ പോലെയാണ്. നരവംശശാസ്ത്രജ്ഞർ ഒരു ഗ്രൂപ്പിന്റെ സവിശേഷ ചരിത്രം പഠിക്കുന്നു. അഭിമുഖം, പങ്കാളിത്തനിരീക്ഷണം തുടങ്ങിയ വ്യത്യസ്ത രീതികളുടെ സംയോജിത ഉപയോഗത്തിലൂടെ ഈ ചരിത്രം മനസ്സിലാക്കാൻ കഴിയും. എന്നാൽ ചോദ്യാവലി, ചോദ്യപ്പട്ടിക എന്നിവയുടെ ഉപയോഗം കേസ് സ്റ്റഡിയിൽ തീരെ ഫലപ്രദമല്ല.

സൂക്ഷ്മ സവിശേഷതാപഠനത്തിലെ ദത്തസ്രോതസ്സുകൾ: കേസ് സ്റ്റഡിയിൽ താഴെ പറയുന്ന വ്യത്യസ്ത സ്രോതസ്സുകളിൽനിന്നു വിവരങ്ങൾ ശേഖരിക്കാൻ കഴിയും.

- ജീവിതരേഖകൾ
- ജീവചരിത്രം
- വ്യക്തിപരമായ പ്രമാണങ്ങൾ, കത്തുകൾ, കുറിപ്പുകൾ
- അഭിമുഖത്തിലൂടെ നേടുന്ന അറിവുകൾ
- നിരീക്ഷണം

മറ്റെല്ലാ രീതികളും പോലെ കേസ്സ്റ്റഡിക്കും അതിന്റേതായ നേട്ടങ്ങളും പോരായ്മകളുമുണ്ട്.

സൂക്ഷ്മ സവിശേഷതാപഠന നേട്ടങ്ങൾ: താഴെ കൊടുത്ത, സൂക്ഷ്മ സവിശേഷതാപഠന നേട്ടങ്ങൾ നിങ്ങളുടെ ധാരണകളുടെ അടിസ്ഥാനത്തിൽ വിപുലപ്പെടുത്തുക.

- ഒരു സാമൂഹികയൂണിറ്റിനെക്കുറിച്ച് ആഴത്തിലുള്ള വിശകലനം നടത്താൻ സഹായകമാവുന്നു.
- തീവ്രപ്രതികരണസ്വഭാവമുള്ള സാമൂഹികപ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന് ഈ രീതി യോജിച്ചതാണ്.
- പഠനവിധേയമാകുന്ന ഘടകത്തിന്റെ വൈവിധ്യം, സ്വഭാവം, ഗുണങ്ങൾ, സവിശേഷതകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിക്കാൻ ഈ രീതി സഹായകമാകുന്നു.
- കേസ് സ്റ്റഡിയിലൂടെ ലഭിക്കുന്ന ദത്തങ്ങൾ പരികല്പനകൾ രൂപീകരിക്കുന്നതിനും തുടർഗവേഷണത്തിനുമുള്ള സൂചനകൾ നൽകുന്നതിന് പ്രയോജനപ്രദമാണ്.
- .....

സൂക്ഷ്മ സവിശേഷതാപഠനത്തിന്റെ പോരായ്മകൾ

- ശരിയല്ലാത്ത നിരീക്ഷണം തെറ്റായ കേസ് തിരഞ്ഞെടുപ്പ് എന്നിവമൂലം കേസ് ചരിത്രരേഖയിൽ തെറ്റുകൾ വരാൻ സാധ്യതയുണ്ട്.
- ചുരുക്കം ചില കേസുകളുടെ അടിസ്ഥാനത്തിൽ സാമാന്യവൽക്കരണം നടത്തുക ബുദ്ധിമുട്ടാണ്.
- കേസ് ചരിത്രം രേഖപ്പെടുത്താൻ ഏകീകൃതവും സാർവത്രികവുമായ സംവിധാനം വികസിപ്പിച്ചിട്ടില്ല.
- കേസ് പഠനത്തിൽ അന്വേഷകന്റെ പക്ഷപാതിത്വം ബാധിക്കാൻ സാധ്യതയുണ്ട്.
- ചില സന്ദർഭങ്ങളിൽ കേസ് പഠനം ചെലവേറിയതും ധാരാളം സമയം വേണ്ടിവരുന്നതുമാണ്.
- .....

നിങ്ങളുടെ പ്രദേശത്തുനിന്ന് ഒരു കേസ് തിരഞ്ഞെടുത്ത് താഴെ കൊടുത്ത ഘട്ടങ്ങളിലൂടെ ആഴത്തിൽ പഠനം നടത്തുക. സൂക്ഷ്മ സവിശേഷതാ പഠനഘട്ടങ്ങൾ പിന്തുടരാൻ നിങ്ങളുടെ അധ്യാപിക നിങ്ങളെ സഹായിക്കും.

1. അന്വേഷണത്തിനുള്ള ഒരു കേസ്/പ്രശ്നം തിരഞ്ഞെടുക്കുക- കേസ് തിരഞ്ഞെടുക്കുമ്പോൾ സമയത്തിന്റെ പരിമിതി പരിഗണിക്കണം.
2. പഠനവിധേയമാക്കുന്ന ഘടകത്തിന്റെ/പ്രതിഭാസത്തിന്റെ സാമൂഹികപദവി നിർണയിക്കുക.
3. പരികല്പന രൂപീകരിക്കുക-വ്യക്തിഗതമായ കേസിൽ മാത്രം.
4. ഉചിതമായ രീതികളും സങ്കേതങ്ങളുമുപയോഗിച്ച് ദത്തശേഖരണം നടത്തുക. നിരീക്ഷണം, അഭിമുഖം എന്നീ മാർഗങ്ങൾ സ്വീകരിക്കാം.

5. ദത്തങ്ങൾ വിശകലനംചെയ്യുക. മുൻ അനുഭവങ്ങളുമായി താരതമ്യപ്പെടുത്തിയും പഴയകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ചും വിശകലനം നടത്താം.
6. നിഗമനത്തിലെത്തുക.

സൂക്ഷ്മ സവിശേഷതാപഠനം എന്നത് ഒരു സാമൂഹ്യഘടകത്തെക്കുറിച്ചുള്ള വിശദ പഠനമാണെന്ന് നാം കണ്ടുകഴിഞ്ഞു.

കുടുംബത്തിന്റെയും സാമൂഹ്യ സംവിധാനത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും വിശകലനത്തിന് മറ്റുചില രീതികൾ ഉപയോഗിക്കാൻ കഴിയും. വംശാവലി പഠനം ഇവയിലൊന്നാണ്.

വംശാവലിപഠനം (Genealogy)

ഒരു വ്യക്തിയുടെ മാതാപിതാക്കൾ, അവരുടെ പൂർവികർ തുടങ്ങി വിവിധ തലമുറകളിലുള്ളവരെക്കുറിച്ച് പഠിക്കുന്ന രീതിയാണ് വംശാവലിപഠനം. 1898-99 കാലഘട്ടത്തിൽ വെസ്റ്റേൺ പെസഫിക്കിലെ ടോറസ് സ്ട്രൈറ്റ് പ്രദേശത്തു നടന്ന പര്യവേക്ഷണസമയത്ത് ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ് ആണ് ഈ രീതി രൂപപ്പെടുത്തിയത്. വംശഗവേഷണ പഠനങ്ങളിൽ ഈ രീതി വളരെ പ്രധാനപ്പെട്ട ഒന്നായി മാറി. ഒരു സമൂഹത്തിലെ സാമൂഹികവ്യവസ്ഥിതികളെയും അതായത് വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും സമൂഹത്തിലെ അംഗങ്ങളെയും അവരുടെ ജീവിതക്രമീകരണങ്ങളെയും വിശകലനം ചെയ്യുക എന്നതാണ് വംശാവലി പഠനത്തിന്റെ പ്രധാന ലക്ഷ്യം. ഈ പഠനരീതിയിൽ വ്യക്തികളുടെ വംശപരമ്പര, സ്ഥാനാരോഹണം, പിന്തുടർച്ചാവകാശം തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി അവരെ വിശദമായി അഭിമുഖം ചെയ്യേണ്ടത് അനിവാര്യമാണ്.

തന്റെ ഗവേഷണപഠനങ്ങളിൽ നിരീക്ഷണരീതി, ജനസംഖ്യാ കണക്കെടുപ്പ്, കുടിപാർപ്പുഘടന എന്നിവയോടൊപ്പം വംശാവലിപഠനവും ആദ്യമായി ഉപയോഗിച്ചത് ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ് ആണ്. അദ്ദേഹത്തിന്റെ നീലഗിരിയിലെ തോടരെ കുറിച്ചുള്ള ശ്രദ്ധേയമായ പ്രബന്ധത്തിനു ശേഷം നിരവധി നരവംശശാസ്ത്രജ്ഞർ ഈ പഠനരീതി അവലംബിക്കുകയുണ്ടായി.

ബന്ധുത്വത്തെക്കുറിച്ചുള്ള പഠനങ്ങളിൽ വംശാവലി പഠനരീതി വളരെയധികം സഹായകമാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും സാമൂഹികഘടനയെയും കുറിച്ച് മനസ്സിലാക്കാൻ ഈ രീതി സഹായിക്കുന്നു. വംശപാരമ്പര്യത്തിന്റെ രേഖാചിത്രം, വാസസ്ഥലങ്ങളുടെ ഭൂപടം എന്നിവ കൃത്യമായി രേഖപ്പെടുത്താനും ജനസംഖ്യാകണക്കെടുപ്പിനും സാമൂഹികവിവരങ്ങൾ ശേഖരിക്കാനും ഇതു സഹായകമാകുന്നു. കുടിയേറ്റം, ആദ്യകാല കുടിയേറ്റക്കാർ എന്നിവരെ കുറിച്ചുള്ള പഠനത്തിനും വംശാവലിപഠനം പ്രയോജനപ്പെടുന്നു.

അന്തർദേശീയതലത്തിൽ അംഗീകരിച്ച് തീർച്ചപ്പെടുത്തിയ ബന്ധുത്വ അടയാളങ്ങൾ ഉപയോഗിച്ചാണ് നരവംശശാസ്ത്രത്തിലെ ബന്ധുത്വചിത്രം അഥവാ വംശാവലി

രേഖാചിത്രം വരയ്ക്കുന്നത്. കഴിഞ്ഞ വർഷം പഠിച്ച വിവാഹം, കുടുംബം, ബന്ധുത്വം എന്ന പാഠഭാഗത്ത് നിങ്ങൾ പഠിച്ച ഇത്തരം ചിഹ്നങ്ങൾ ഓർമ്മിച്ചെടുക്കുക.

നിങ്ങളുടെതോ നിങ്ങൾക്കറിയാവുന്നതോ ആയ വീട് തിരഞ്ഞെടുക്കുകയും വംശാവലിയടയാളങ്ങൾ ഉപയോഗിച്ച് ബന്ധുത്വം, വംശപാരമ്പര്യം, വിവാഹം എന്നിവ രേഖപ്പെടുത്തുകയും ചെയ്യുക.

സർവേ (Survey)

ഒരു ജനസമൂഹത്തിൽനിന്നോ ജനസമൂഹത്തിന്റെ സാമ്പിളുകളിൽ നിന്നോ വ്യക്തിഗത അഭിമുഖങ്ങൾ, ചോദ്യാവലികൾ, ചോദ്യപ്പട്ടികകൾ അല്ലെങ്കിൽ മറ്റു വിവരശേഖരണ ഉപാധികൾ മുഖേന ചിട്ടയായി വിവരശേഖരണം നടത്തുന്ന രീതിയാണ് സർവേ. പരമ്പരാഗതമായ വിവരശേഖരണരീതിയാണിത്. സർവേയിലൂടെ ഗവേഷകന് വിവിധ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും കാഴ്ചപ്പാടുകൾ, സമീപനങ്ങൾ, സ്വഭാവം തുടങ്ങിയവ മനസ്സിലാക്കിയെടുക്കാൻ കഴിയുന്നു.

വലിയ ജനസംഖ്യയിൽനിന്ന് എളുപ്പത്തിലും കുറഞ്ഞ ചെലവിലും ആവശ്യമായ വിവരങ്ങൾ നേടിയെടുക്കാൻ കഴിയുന്ന ഏകരീതിയാണ് സർവേ.

സാധാരണയായി സർവേരീതിയിൽ അഭിമുഖത്തിലൂടെയും ചോദ്യാവലിയിലൂടെയുമാണ് വിവരശേഖരണം നടത്തുന്നത്. ഈ യൂണിറ്റിന്റെ അവസാനഭാഗങ്ങളിൽ അഭിമുഖം, ചോദ്യാവലി എന്നീ സങ്കേതങ്ങൾ നിങ്ങൾക്ക് പരിചയപ്പെടാം.

സർവേയുടെ സവിശേഷതകൾ (Characteristics of Survey)

- ഒരു ജനസമൂഹത്തെ പ്രതിനിധീകരിക്കുന്ന സാമ്പിളുകളിൽനിന്നു വിവരങ്ങൾ എടുത്ത് മൊത്തം ജനസമൂഹങ്ങളിൽ സാമൂഹികവൽക്കരിക്കുകയാണ് സർവേയിൽ പ്രധാനമായും ചെയ്യുന്നത്.
- വിവരം നൽകുന്നയാളിൽനിന്നു സർവേ നേരിട്ട് പ്രതികരണങ്ങൾ തേടുന്നു.
- ഒരു ജനസമൂഹത്തിലെ സാമ്പിളുകളിൽനിന്നു ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിഗമനത്തിൽ എത്തിച്ചേരുന്നു.

സർവേയുടെ നടപടിക്രമങ്ങൾ (Procedures in Survey)

സർവേയുടെ പ്രധാന ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. പഠനമണ്ഡലത്തിൽനിന്ന് പഠനഗ്രൂപ്പിനെ തിരഞ്ഞെടുക്കുന്നു.
2. പഠനഗ്രൂപ്പിൽനിന്നു പ്രതിനിധാനം (Sample) തിരഞ്ഞെടുക്കുന്നു.
3. ദത്തശേഖരണരീതികളും സാമഗ്രികളും തിരഞ്ഞെടുക്കുന്നു.
4. ശേഖരിച്ച ദത്തങ്ങൾ വിശകലനം ചെയ്യുന്നു.
5. ശേഖരിച്ച പ്രതിനിധാനങ്ങളുടെ വിശകലനത്തെ അടിസ്ഥാനമാക്കി സാമാന്യവൽക്കരണം നടത്തുന്നു.

സർവേയിൽ വിവരശേഖരണത്തിന് കഴിവുള്ള വ്യക്തികളെ ആവശ്യമാണ്. സർവേയിൽ അഭിമുഖം നടത്തുന്നയാളെ ശ്രദ്ധയോടെ തിരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്യണം. ശ്രദ്ധയോടെയുള്ള ചോദ്യാവലിരൂപീകരണവും അഭിമുഖ പട്ടികകളും പ്രധാനപ്പെട്ടതാണ്.

വിവിധതരം സർവേകൾ (Types of Surveys)

വ്യത്യസ്ത ഭാഷകൾ, സമ്പ്രദായങ്ങൾ, വർഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന വലിയ ഭൂമേഖലയിൽ സർവേരീതി ഉപയോഗപ്പെടുത്താൻ കഴിയും. വിഷയത്തിന്റെയും ദത്തശേഖരണസങ്കേതങ്ങളുടെയും അടിസ്ഥാനത്തിൽ സർവേയെ താഴെ കൊടുത്ത രീതിയിൽ വർഗീകരിക്കാം.

പൊതുസർവേ (General Survey): ഈ സർവേയിൽ പ്രത്യേക ഉദ്ദേശ്യമില്ലാതെ പൊതുവായ രീതിയിൽ വിവരങ്ങൾ ശേഖരിക്കുന്നു.

നിശ്ചിതസർവേ (Specific Survey): പൊതുസർവേയുടെ നേർവിപരീതമാണ് നിശ്ചിതസർവേകൾ. ചില പരികല്പനങ്ങളുടെ സാധുത പരിശോധിക്കാനുള്ള സർവേകളെ നിശ്ചിതസർവേ എന്നു വിളിക്കുന്നു.

പതിവുസർവേ (Regular Survey): കൃത്യമായ ഇടവേളകളിൽ നടത്തുന്നവയെ പതിവുസർവേ എന്ന് വിളിക്കുന്നു. ബാങ്കിങ്, മാർക്കറ്റിങ്, സാമ്പത്തികസ്ഥാപനങ്ങൾ എന്നിവ അവരുടെ നയങ്ങളും പദ്ധതികളും നടപ്പിൽവരുത്തുന്നതിന് ഈ രീതി നടത്തുന്നു.

സാംപിൾസർവേ (Sample Survey): മൊത്തം ജനസമൂഹത്തെ പ്രതിനിധീകരിക്കുന്ന ചെറിയ ഗ്രൂപ്പിൽ നടത്തുന്ന സർവേയാണിത്. വീടുവീടാന്തരമുള്ള സർവേ സാധ്യമല്ലാത്ത വലിയ ജനസമൂഹങ്ങളിൽ ഇത് ഉപയോഗിക്കാം. മൊത്തം ജനസമൂഹത്തെ പ്രതിനിധീകരിക്കുന്ന സാമ്പിളുകളാണിത്. സാംപിൾ സർവേയെ അടിസ്ഥാനമാക്കി പൊതുവൽക്കരണം നടത്തുന്നു.

സർവേയുടെ നേട്ടങ്ങൾ (Advantages of Survey): ഇന്ന് സാമൂഹ്യശാസ്ത്ര രീതിശാസ്ത്രത്തിൽ സർവേരീതി ഗവേഷണപ്രവർത്തനത്തിൽ ഉയർന്നതോതിൽ ആശ്രയിക്കുന്നു.

- വലിയ ജനസമൂഹങ്ങളിൽനിന്നും വിശാലപ്രദേശങ്ങളിൽനിന്നും വിവരം ശേഖരിക്കാൻ കഴിയും.
- പൊതുപ്രശ്നങ്ങളിൽ സർവേ ഗവേഷണം വ്യാപകമായി ഉപയോഗിക്കുന്നു.
- രാഷ്ട്രീയഗവേഷണങ്ങളുടെ ഭാഗമായുള്ള വോട്ടിങ് പഠനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. സമുദായങ്ങളുടെ പഠനങ്ങളിലും കമ്പോളപെരുമാറ്റത്തെ കുറിച്ചുള്ള പഠനത്തിലും ഇതുപയോഗിക്കുന്നു.
- സാംഖികരീതിയിലുള്ള വിശകലനത്തെ അടിസ്ഥാനമാക്കിയുള്ളതാകയാൽ സർവേരീതിവഴി ലഭിക്കുന്ന ദത്തങ്ങൾ കൂടുതൽ വിശ്വസനീയവും സാധുതയുള്ളതുമാണ്.

- .....

സർവേരീതിക്ക് പലഗുണങ്ങളുണ്ടെങ്കിലും ചില പോരായ്മകളുമുണ്ട്.

സർവേയുടെ പോരായ്മകൾ (Disadvantages of Survey): സർവേയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ താഴെ വിശദമാക്കുന്നു.

- വിവരം നൽകുന്ന വ്യക്തികൾക്ക് ചോദ്യാവലി അയച്ചു നൽകുമ്പോൾ പ്രതികരണ നിരക്ക് കുറവായിരിക്കും.
- അഭിമുഖം ചെയ്യുന്നയാൾക്ക് പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ പ്രതികരണം രേഖപ്പെടുത്തുന്നതിൽ പിഴവു സംഭവിക്കാം.
- ചരിത്രപരമായ സംഭവങ്ങൾ ഈ രീതിയിലൂടെ പഠിക്കാൻ സാധിക്കില്ല.
- ഗവേഷണഫലത്തെ പ്രതിനിധാനം തെരഞ്ഞെടുക്കുന്നതിലെ വീഴ്ചകൾ സ്വാധീനിക്കാം.
- കൂടുതൽ മനുഷ്യവിഭവവും കാലതാമസവും സർവേരീതിയിൽ ആവശ്യമായിവരുന്നു.

മുകളിൽപ്പറഞ്ഞ രീതികൾക്കു പുറമെ സാമൂഹിക-സാംസ്കാരികജീവിതത്തിലെ വിവരശേഖരത്തിന് പലവിധ സങ്കേതങ്ങളും നരവംശശാസ്ത്രജ്ഞർ സാധാരണയായി ഉപയോഗിച്ചുവരുന്നു.

ഗവേഷണരീതികളെ ഗുണാത്മകമെന്നും ഗണാത്മകമെന്നും വർഗീകരിച്ചതിനെക്കുറിച്ച് നിങ്ങൾ നേരത്തേ പഠിച്ചിരുന്നല്ലോ. മുകളിൽ പട്ടികപ്പെടുത്തിയ രീതികളെ ഈ വിഭാഗത്തിൽപ്പെടുത്തി വർഗീകരിച്ച് ഒരു ചാർട്ട് തയാറാക്കുക.

ഗവേഷണസങ്കേതങ്ങളും വിവരശേഖരണ സാമഗ്രികളും (Research Techniques and Tools)

നരവംശശാസ്ത്രഗവേഷണത്തിൽ സ്വീകരിച്ചുവരുന്ന രണ്ടു പ്രധാന സങ്കേതങ്ങളാണ് ചോദ്യാവലിയും അഭിമുഖവും (Interview and Questionnaire). അഭിമുഖം അല്ലെങ്കിൽ നിരീക്ഷണം നടത്തുന്നതിനുള്ള വിവരശേഖരണ ഉപാധിയാണ് ചോദ്യപ്പട്ടിക (Schedule).

ചോദ്യാവലി (Questionnaire)

സർവേരീതിയിൽ ഉപയോഗപ്പെടുത്താവുന്ന പ്രധാന വിവരശേഖരണ സങ്കേതമാണ് ചോദ്യാവലി. അതുകൊണ്ടുതന്നെ ചോദ്യാവലിയെ സാമൂഹിക സർവേയുടെ മർമമായി കരുതുന്നു. വ്യക്തിജീവിതം, വൈകാരികത, പ്രതീക്ഷകൾ, ഭാവി ആസൂത്രണം എന്നിവയെക്കുറിച്ചെല്ലാം മനസ്സിലാക്കുന്ന മെച്ചപ്പെട്ട ഉപകരണമാണ് ചോദ്യാവലി.

- നിശ്ചിതരീതിയിൽ ക്രമീകരിച്ചിട്ടുള്ള ഒരു കൂട്ടം ചോദ്യങ്ങളടങ്ങിയതാണ് ചോദ്യാവലി.
- ഒരു ചോദ്യാവലിയിൽ ചോദ്യങ്ങളുടെ ക്രമാനുഗതമായ സമാഹരണം ആവശ്യമാണ്.

ബൊഗാഡസ്സിന്റെ അഭിപ്രായത്തിൽ ഉത്തരം നൽകുന്നതിനായി അനേകം പേർക്ക് അയച്ചുകൊടുക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി.

- വിവരദാതാക്കളിൽനിന്നു പ്രതികരണങ്ങൾ ലഭിക്കാൻ ഇത് വിതരണം ചെയ്യുന്നു.
- വിവരദാതാവ് സ്വന്തമായി പൂരിപ്പിക്കുന്നു.

മേൽവിവരങ്ങളിൽനിന്ന് ചോദ്യാവലിയുടെ പ്രധാന സവിശേഷതകൾ വ്യക്തമാണ്. നിങ്ങൾ ഗ്രഹിച്ചവ അടിസ്ഥാനപ്പെടുത്തി ചോദ്യാവലിയുടെ ഒരു നിർവചനം തയ്യാറാക്കൂ.

ചോദ്യാവലിയിലെ ചോദ്യരൂപഘടന (Format of Questions in Questionnaire)

ഒരു ചോദ്യാവലിയിലെ ചോദ്യങ്ങളെ വസ്തുനിഷ്ഠചോദ്യങ്ങളെന്നും അഭിപ്രായ ചോദ്യങ്ങളെന്നും വർഗീകരിക്കാം. ചോദ്യങ്ങളുടെ രൂപകല്പന താഴെ തന്നിരിക്കുന്നു. ഇതിൽ വസ്തുനിഷ്ഠചോദ്യങ്ങൾ, അഭിപ്രായചോദ്യങ്ങൾ എന്നിവ നിങ്ങൾക്ക് കണ്ടെത്താമോ?

ഉദാ 1. താഴെപ്പറയുന്നവയിൽ നിങ്ങളുടെ വിദ്യാഭ്യാസയോഗ്യത ഏത്? (ഉത്തരം ടിക് ചെയ്യുക)

☐ അക്ഷരാഭ്യാസമില്ല ☐ 1-4വരെ

☐ 5-10 വരെ ☐ ഹയർ സെക്കന്ററി ☐ ബിരുദം

ഉദാ 2 വിദ്യാർഥികളുടെ വൈകാരികത മനസ്സിലാക്കാത്തവരാണ് മിക്ക അധ്യാപകരും.

☐ ശക്തമായി യോജിക്കുന്നു. ☐ ശക്തമായി വിയോജിക്കുന്നു.

☐ വിയോജിക്കുന്നു. ☐ അഭിപ്രായമില്ല.

☐ യോജിക്കുന്നു

ചോദ്യാവലിയിലെ ചോദ്യഇനങ്ങൾ (Types of Questions in Questionnaire)

ചോദ്യാവലിയിൽ സാധാരണയായി മൂന്നുതരം ചോദ്യങ്ങളാണ് സ്വീകരിച്ചുവരുന്നത്. അവ തുറന്ന ചോദ്യങ്ങൾ, അടഞ്ഞ ചോദ്യങ്ങൾ, സഞ്ചിതചോദ്യങ്ങൾ എന്നിവയാണ്.

1. ഏതെങ്കിലും പ്രത്യേക ഉത്തരങ്ങൾ പിൻതുടരാത്ത ചോദ്യങ്ങളാണ് തുറന്ന ചോദ്യങ്ങൾ (Open ended questions) പ്രതികരിക്കുന്നയാൾക്ക് അയാളുടെ ഇഷ്ടത്തിനനുസരിച്ചുള്ള ഉത്തരം നൽകാൻ ഇവിടെ സ്വാതന്ത്ര്യമുണ്ട്. തുറന്ന ചോദ്യങ്ങൾക്കുള്ള ഒരു ഉദാഹരണം താഴെ നൽകുന്നു.

   "ഏറ്റവും നല്ല അധ്യാപനരീതി ഏതാണെന്നാണ് നിങ്ങൾ കരുതുന്നത്"?

2. അടഞ്ഞ ചോദ്യങ്ങളിൽ (Closed ended questions) പ്രതികരിക്കുന്നയാൾക്ക് നൽകുന്ന പ്രതികരണങ്ങളിൽ നിന്ന് ഉത്തരം തിരഞ്ഞെടുക്കാം. ഉദാഹരണമായി: അണുകുടുംബവ്യവസ്ഥ കേരളത്തിന് അനുയോജ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

   ☐ വളരെ അനുയോജ്യമാണ്. ☐ അനുയോജ്യമല്ല.

   ☐ അനുയോജ്യമാണ്. ☐ തികച്ചും അനുയോജ്യമല്ല.

3. പ്രതികരിക്കുന്നവരുടെ ഗ്രൂപ്പുകളിൽ പ്രയോഗിക്കാൻ പറ്റുന്ന പ്രത്യേകതരത്തിലുള്ള അടഞ്ഞ ചോദ്യങ്ങളാണ് സഞ്ചിതചോദ്യങ്ങൾ. വിവരദാതാവ് മുമ്പുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയുള്ളൂ. അത്തരം ചോദ്യങ്ങളെ സഞ്ചിത ചോദ്യങ്ങൾ എന്നു വിളിക്കാം (Contigency questions). ഉദാഹരണം:

നിങ്ങൾ എപ്പോഴെങ്കിലും ഗോത്രവിവാഹച്ചടങ്ങുകളിൽ പങ്കെടുത്തിട്ടുണ്ടോ?

☐ ഉണ്ട് ☐ ഇല്ല

ഉണ്ട് എങ്കിൽ, എത്ര പ്രാവശ്യം നിങ്ങൾ ഇത്തരം ചടങ്ങുകളിൽ പങ്കെടുത്തിട്ടുണ്ട്?

☐ ഒരിക്കൽ ☐ രണ്ടുതവണ

☐ മൂന്നു തവണ ☐ മൂന്നിൽ കൂടുതൽ

വിവിധതരം ചോദ്യാവലികൾ (Types of Questionnaires)

ചോദ്യാവലികൾ സുനിശ്ചിത ഘടനാ ചോദ്യാവലി, അനിശ്ചിത ഘടനാ ചോദ്യാവലി, സമ്മിശ്രചോദ്യാവലി, ചിത്രീകരണ ചോദ്യാവലി എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

1. **സുനിശ്ചിതഘടനാ ചോദ്യാവലി:** ഘടനയുള്ള ചോദ്യാവലിയിൽ മുൻകൂട്ടി തയാറാക്കിയ ചോദ്യങ്ങളാണ് ഉപയോഗിക്കുന്നത്. മറിച്ച്, ചോദ്യം ചോദിക്കുന്ന സമയത്ത്. തയാറാക്കുന്നവയല്ല. ഇത്തരം ചോദ്യാവലിയിൽ പ്രതികരിക്കുന്ന എല്ലാവർക്കും ഒരേതരത്തിലുള്ള വാക്കുകളും ക്രമവുംതന്നെയാണ് ലഭ്യമാക്കുന്നത്.
2. **അനിശ്ചിതഘടനാ ചോദ്യാവലി:** ഘടനയില്ലാത്ത ചോദ്യാവലികളിൽ ചോദ്യങ്ങൾ നേരത്തേ തയാറാക്കുന്നവയല്ല. സാഹചര്യങ്ങൾക്കനുസരിച്ച് ചോദ്യങ്ങളിൽ അയവുവരുത്തുന്നതിന് ഇത്തരം ചോദ്യാവലികൾക്കു സാധിക്കും.
3. **സമ്മിശ്രചോദ്യാവലി:** പകുതി ഘടനയുള്ള ചോദ്യങ്ങളും മറുപകുതി ഘടനയില്ലാത്ത ചോദ്യങ്ങളുമടങ്ങിയവയെ സമ്മിശ്രചോദ്യാവലി എന്നു പറയുന്നു.
4. **സചിത്ര ചോദ്യാവലി:** ചിത്രീകരണചോദ്യാവലിയിൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചിത്രങ്ങളുടെ രൂപത്തിൽ നൽകുന്നു.

ചോദ്യം – നിങ്ങളുടെ കുടുംബത്തിന്റെ വലുപ്പം എത്ര ?

പ്രതികരിക്കുന്നവർക്ക് ഉത്തരങ്ങളിൽനിന്ന് അനുയോജ്യമായ ചിത്രം തിരഞ്ഞെടുക്കാം. ഏതുതരം വിവരങ്ങൾക്കാണ് ചിത്രീകരണചോദ്യങ്ങൾ സഹായകരമാകുന്നത്?

ചെറിയ കുട്ടികളിൽനിന്നും അക്ഷരാഭ്യാസമില്ലാത്തവരിൽനിന്നും വിവരശേഖരണത്തിന് ഇത് സഹായകമാണോ?

ഒരു നല്ല ചോദ്യാവലി എങ്ങനെ നിർമ്മിക്കാമെന്നത് പ്രധാനമാണ്.

മികച്ച ചോദ്യാവലിയുടെ സവിശേഷതകൾ
(Characteristics of a Good Questionnaire)

മികച്ച ചോദ്യാവലി നിർമ്മിക്കുക എന്നത് അത്ര എളുപ്പമല്ല. ആയതിനാൽ താഴെപ്പറയുന്ന ചില നിർദേശങ്ങൾ പിന്തുടരാം.

എ. ചോദ്യാവലിയുടെ രൂപം ആകർഷകമായിരിക്കണം. അതായത് ചോദ്യങ്ങളുടെ വലുപ്പം ചെറുതായിരിക്കണം.

ബി. ഒറ്റനോട്ടത്തിൽത്തന്നെ വിവരദാതാവിന് താൽപ്പര്യമുളവാക്കുന്നതായിരിക്കണം.

സി. സുഗമമായ വായനയ്ക്ക് ഉതകുന്നവിധത്തിൽ അച്ചടിച്ചതായിരിക്കണം.

ഡി. ചോദ്യാവലിയിൽ ഓരോന്നും ഇനം തിരിച്ച് കാണിച്ചിരിക്കണം. ആദ്യഭാഗത്ത് സ്ഥാപനത്തിന്റെ പേര്, വിവരദാതാവിന്റെ പേര്, വിലാസം എന്നിവ എഴുതാനുള്ള സ്ഥലവും നൽകണം. വയസ്സ്, കുടുംബാംഗങ്ങൾ, വിദ്യാഭ്യാസം, വിവാഹ അവസ്ഥ, മതം എന്നീ വസ്തുനിഷ്ഠ ദത്തങ്ങൾ രേഖപ്പെടുത്താൻ പ്രത്യേകം ഭാഗം അനുവദിക്കേണ്ടതാണ്.

ഇ. ചോദ്യങ്ങൾ വിശകലനം ചെയ്യാൻപറ്റുന്നതും വ്യക്തവും ചെറുതും മനസ്സിലാക്കാവുന്നതുമാവണം.

എഫ്. വൈകാരികവും അമ്പരപ്പിക്കുന്നതും ഭീഷണിയുള്ളവയുമായ ചോദ്യങ്ങൾ ഒഴിവാക്കണം.

ജി. വിവരദാതാവിന്റെ ബോധതലത്തിനനുസൃതമായിരിക്കണം ചോദ്യങ്ങൾ ആവിഷ്കരിക്കേണ്ടത്. വിവരദാതാവിന് എല്ലാം അറിയാം എന്ന് മുൻവിധി പാടില്ല.

എച്ച്. ഒരേ സമയത്ത് രണ്ടോ അതിലധികമോ ചോദ്യങ്ങൾ ചോദിക്കരുത്.

ഐ. വിശകലനത്തിനും പട്ടികപ്പെടുത്തുന്നതിനുമുള്ള ചോദ്യങ്ങൾ സൗകര്യത്തിനായി ക്രമീകരിച്ചിരിക്കണം.

ജെ. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകേണ്ട വിധത്തെക്കുറിച്ചുള്ള നിർദേശങ്ങൾ വ്യക്തവും സ്വയം മനസ്സിലാക്കാവുന്നതുമായിരിക്കണം.

കെ. മാതൃകാചോദ്യാവലി ഉപയോഗിച്ച് മുൻപരിശോധന നടത്തിയതിനുശേഷം അന്തിമ രൂപം നൽകാവുന്നതാണ്.

എൽ. വിവരദാതാവിനെ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേക ജാഗ്രതവേണം.

എം. പഠനത്തിന്റെ ഉദ്ദേശ്യവും പ്രാധാന്യവും വിശദമാക്കുന്ന ഒരാമുഖവും ആമുഖപത്രവും ചോദ്യാവലിയോടൊപ്പം തയാറാക്കാവുന്നതാണ്.

എൻ. നിർവഹണരീതി പോസ്റ്റൽവഴിയാണോ വ്യക്തിഗതമാണോ ടെലഫോണിലൂടെയാണോ എന്നും നേരത്തേ തീരുമാനിക്കണം.

ചോദ്യാവലിയുടെ മേന്മകളും പോരായ്മകളും
(Merits and Demerits of Questionnaire)

ചോദ്യാവലിയുടെ ചില നേട്ടങ്ങളും കോട്ടങ്ങളും ചോദ്യങ്ങളുടെ രൂപത്തിൽ താഴെ നൽകുന്നു. ഈ ചോദ്യങ്ങൾ അഥവാ വാദമുഖങ്ങൾ നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യുക. ചോദ്യാവലിയുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കുന്നതിനായി താഴെ കൊടുത്ത ചർച്ചാസൂചകങ്ങൾ ഉപയോഗപ്പെടുത്തൂ.

നേട്ടങ്ങൾ

- ചോദ്യാവലിയുടെ വലുപ്പത്തിന് എത്രമാത്രം വ്യാപ്തിയുണ്ട്.
- മറ്റു ഗവേഷണരീതികളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ചെലവ് കൂടിയതാണോ?
- ഇത് ആസൂത്രണം ചെയ്യാനും, നിർമ്മിക്കാനും, ഉപയോഗിക്കാനും എളുപ്പമാണോ?
- വിവരദാതാവിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കാൻ നമുക്ക് സാധിക്കുമോ?
- പ്രാരംഭ വിവരശേഖരണത്തിനും പിന്നീടുള്ള ആഴത്തിലുള്ള പഠനത്തിനും ഇത് ഉപയോഗപ്രദമാണോ?

പോരായ്മകൾ

- അക്ഷരാഭ്യാസം ഇല്ലാത്തവരിൽനിന്നും കുറഞ്ഞ വിദ്യാഭ്യാസമുള്ള വ്യക്തികളിൽ നിന്നും വിവരശേഖരണത്തിന് ഇത് ഉപയോഗിക്കാമോ?
- മതിയായ പ്രതികരണത്തോത് ഉറപ്പുനൽകുന്നുണ്ടോ?
- അപൂർണമായ ഉത്തരങ്ങൾ നൽകുക, ചോദ്യങ്ങൾ തെറ്റായി വ്യാഖ്യാനിക്കുക എന്നീ സാഹചര്യങ്ങളിൽ എന്തു ചെയ്യാൻ കഴിയും?
- സ്വകാര്യവിഷയങ്ങളിലും വിവാദവിഷയങ്ങളിലുമുള്ള വിവരശേഖരണത്തിനും ചോദ്യാവലി അനുയോജ്യമാണോ?
- ചോദ്യാവലിയിലൂടെ വിവരശേഖരണം നടത്തുമ്പോഴുള്ള അടുപ്പമില്ലായ്മ പഠനത്തെ ബാധിക്കുമോ?
- ഇത് എത്രത്തോളം വിശ്വസനീയമാണ്?

1. മേൽചർച്ചകളിൽനിന്ന് ചോദ്യാവലിയുടെ നേട്ടങ്ങളും കോട്ടങ്ങളും താരതമ്യം ചെയ്യുന്ന ഒരു ചാർട്ട് നിങ്ങൾക്ക് തയാറാക്കാമല്ലോ.
2. അധ്യാപകരുടെ സഹായത്തോടെ ഒരു ഗവേഷണവിഷയത്തെ അധികരിച്ച് അടഞ്ഞചോദ്യവും തുറന്നചോദ്യവും ഉൾക്കൊള്ളുന്ന ഒരു ചോദ്യാവലി തയാറാക്കുക. ചോദ്യാവലി ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ഒരു ഗവേഷണറിപ്പോർട്ട് തയാറാക്കൂ.

വിവരശേഖരണത്തിന് മറ്റു വിവരസങ്കേതിക ഉപകരണങ്ങളും സങ്കേതങ്ങളും ലഭ്യമാണോ? മറ്റൊരാളുടെ സംഭാഷണത്തിലൂടെ എങ്ങനെയാണ് വിവരശേഖരണം നടത്തുന്നത്? ഇത് അഭിമുഖത്തിലൂടെ സാധ്യമാണ്.

അഭിമുഖം (Interview)

പ്രസിദ്ധ വ്യക്തികളുടെ അഭിമുഖങ്ങൾ നമ്മൾ മാധ്യമങ്ങളിലൂടെ കണ്ടിട്ടുണ്ടല്ലോ. മനുഷ്യപെരുമാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സാർവത്രികമായി ഉപയോഗിച്ചുവരുന്നതാണ് അഭിമുഖം. സാമൂഹികജീവിതത്തിൽ വക്കീൽ, ഡോക്ടർ, മാധ്യമപ്രവർത്തകർ, സാമൂഹികപ്രവർത്തകർ, സെയിൽസ്മാൻ എന്നിങ്ങനെ ജോലിസംബന്ധമായ ആവശ്യങ്ങൾക്ക് ഭാഗികമായി അഭിമുഖം എന്ന തന്ത്രം ഉപയോഗിക്കാറുണ്ട്. അതുപോലെ നരവംശശാസ്ത്രജ്ഞർ മുഖ്യവിവരദാതാവിനെ പ്രാധാന്യമേറിയ വിവരങ്ങളുടെ സ്രോതസ്സായി ഉപയോഗിക്കുന്നു. ഇവരുമായുള്ള നിരന്തരസംഭാഷണത്തിലൂടെയാണ് അവർ കാര്യങ്ങൾ ഗ്രഹിക്കുന്നത്. ഇത് 'മുഖ്യവിവരദാതാവുമായുള്ള അഭിമുഖം' (Key Informant Interviewing) എന്നറിയപ്പെടുന്നു. ഇത്തരം വ്യക്തികളെ നരവംശ ശാസ്ത്രജ്ഞർ മണ്ഡലവൃത്തിയിലൂടെ ഗവേഷണ കണ്ടെത്തുന്നു. അവർ മറ്റുള്ളവരെ അപേക്ഷിച്ച് അനുഭവസമ്പത്ത് ആർജിച്ചവരും പഠനവിഷയത്തിലെ സാമൂഹികപ്രക്രിയകളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും ആഴത്തിലറിവുള്ളവരുമായിരിക്കും.

ലഘുവായ അർഥത്തിൽ അഭിമുഖം എന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള സംഭാഷണമാണ്. അഭിമുഖം ചെയ്യുന്നയാളും വിവരങ്ങൾ നൽകുന്നയാളും തമ്മിലുള്ള വ്യക്തിബന്ധത്തിലൂടെ വികസിക്കുന്ന വിവരശേഖരണപ്രവർത്തനമാണിത്. മറ്റു വ്യക്തികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും കൂടുതൽ വെളിവാക്കാൻ അഭിമുഖത്തിലൂടെ സാധിക്കും.

ഗവേഷണത്തിന്റെ ഭാഗമായി അഭിമുഖം നടത്തുന്നയാളും വിവരം നൽകുന്നയാളും തമ്മിലുള്ള ചർച്ചയായി ഇതിനെ നിർവചിക്കാം. ആദ്യത്തെയാൾ ചർച്ചയ്ക്ക് മുൻകൈയെടുക്കുകയും രണ്ടാമത്തെയാളിൽനിന്നു വിവരങ്ങൾ പരമാവധി നേടുകയും ചെയ്യുന്നു.

ഗൂഡെ, ഹാട്ട് എന്നിവരുടെ അഭിപ്രായത്തിൽ അഭിമുഖം എന്നത് അടിസ്ഥാനപരമായി ഒരു സാമൂഹികവ്യവഹാരപ്രക്രിയയാണ്. മേൽക്കാണിച്ച വിവരങ്ങളിൽ നിന്ന് അഭിമുഖത്തിന്റെ പ്രധാനസവിശേഷതകൾ രേഖപ്പെടുത്താം.

അഭിമുഖത്തിന്റെ സവിശേഷതകൾ (Characteristics of Interview)

- അഭിമുഖം ഒരു നേരിട്ടുള്ള വിവരശേഖരണരീതിയാണ്.
- വ്യക്തികൾ തമ്മിലുള്ള മുഖാമുഖസമ്പർക്കം അഭിമുഖത്തിലുമുണ്ട്.
- രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിലുള്ള സംഭാഷണങ്ങൾ ഉൾപ്പെടെ അടുത്ത സമ്പർക്കവും വ്യവഹാരവും ഇതിൽ പ്രധാനമായി ഉൾപ്പെടുന്നു.
- ഇത് എല്ലാവിഭാഗം ജനങ്ങളിലും ഉപയോഗിക്കാൻ കഴിയും.
- അഭിമുഖത്തിലൂടെ കഴിഞ്ഞകാലസംഭവങ്ങൾ പഠിക്കാൻ കഴിയും.
- സർവരീതിയിലൂടെയും ചോദ്യാവലിയിലൂടെയും ശേഖരിക്കാൻ കഴിയാത്ത വിവരങ്ങൾ അഭിമുഖത്തിലൂടെ ശേഖരിക്കാൻ കഴിയും.
- നിരീക്ഷണത്തിലൂടെ അനാവൃതമാക്കാൻ കഴിയാത്ത കാര്യങ്ങൾ ഇതിലൂടെ പഠിക്കാൻ കഴിയും.

- വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ വ്യക്തികളിലെ പ്രതികരണങ്ങൾ കണ്ടെത്താൻ അഭിമുഖം സഹായിക്കുന്നു.

എങ്കിലും അഭിമുഖത്തിൽ വിവരദാതാവിനാണ് കൂടുതൽ പ്രാധാന്യം. വിവരദാതാവ് പറയുന്ന കാര്യങ്ങൾ വിശ്വാസത്തിലെടുക്കുകയും ഗവേഷകർ അയാളെ പൂർണമായും ആശ്രയിക്കുകയും ചെയ്യുന്നു. അഭിമുഖത്തിൽ വ്യക്തിനിഷ്ഠതയും വ്യക്തിഗതവികാരങ്ങളും ധാരാളമായി നുഴഞ്ഞുകയറുന്നു.

മുകളിലെ ചർച്ചയിൽനിന്ന് അഭിമുഖത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും പട്ടികപ്പെടുത്താൻ നിങ്ങൾക്ക് കഴിയും. ഇതിനെ അടിസ്ഥാനമാക്കി ഒരു ചാർട്ട് നിർമിക്കുക.

അഭിമുഖം നടത്തുക എന്നത് അത്ര എളുപ്പമുള്ള ജോലിയല്ല. ഒരു തൃപ്തികരമായ അഭിമുഖം നടത്തുന്നതിന് ഒരുപാട് ശ്രദ്ധയും പ്രാപ്തിയും ആവശ്യമാണ്. ചിലപ്പോൾ ഗവേഷകർക്ക് ഒന്നിലധികം വ്യക്തികളുമായി ഒരേസമയംതന്നെ അഭിമുഖം നടത്തേണ്ടിവന്നേക്കാം. മാത്രമല്ല, മുൻകൂട്ടി തയാറാക്കിയതോ അല്ലാത്തതോ ആയ ചോദ്യങ്ങൾ ചോദിക്കേണ്ടി വന്നേക്കാം. ഇത്തരം കാര്യങ്ങൾ മനസ്സിലാക്കുന്നതിന് വിവിധതരം അഭിമുഖങ്ങളെക്കുറിച്ച് നമ്മൾ അറിയേണ്ടതുണ്ട്.

വ്യത്യസ്തതരം അഭിമുഖങ്ങൾ (Different Types of Interviews)

വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഭിമുഖങ്ങളെ വർഗീകരിക്കാം. അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തെ അടിസ്ഥാനമാക്കി വ്യക്തിഗത അഭിമുഖമെന്നും ഗ്രൂപ്പ് അഭിമുഖമെന്നും തരംതിരിക്കാം. ചോദ്യങ്ങളുടെ പ്രകൃതത്തെ അടിസ്ഥാനമാക്കി ഘടനയുള്ള അഭിമുഖം (ഔപചാരിക അഭിമുഖം), ഘടനയില്ലാത്ത അഭിമുഖം (അനൗപചാരിക അഭിമുഖം) എന്നും വർഗീകരിക്കാം. ഓരോന്നും നമുക്ക് പരിശോധിക്കാം.

1. വ്യക്തിഗത അഭിമുഖം: ഒരു വിവരദാതാവിൽമാത്രം പരിമിതപ്പെടുത്തിയുള്ള അഭിമുഖത്തെ വ്യക്തിഗത അഭിമുഖം എന്നു വിളിക്കാം.

2. കൂട്ട അഭിമുഖം: ഒരു കൂട്ടം വ്യക്തികളിൽനിന്ന് അവരുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ആരായുന്നതിനുള്ള അഭിമുഖത്തെ ഗ്രൂപ്പ് അഭിമുഖം എന്നു പറയാം.

3. സുനിശ്ചിത ഘടനാ അഭിമുഖം (ഔപചാരിക അഭിമുഖം) നേരത്തേ നിശ്ചയിക്കപ്പെട്ട ചോദ്യങ്ങളുപയോഗിച്ച് ക്രമപ്പെടുത്തിയ അഭിമുഖത്തെ ഘടനയുള്ള അഭിമുഖമെന്നു വിളിക്കാം. ഇവിടെ ചോദ്യങ്ങളുടെ എണ്ണം, ചോദ്യത്തിന്റെ പ്രകൃതം, ചോദിക്കുന്ന രീതി, ചോദ്യത്തിലെ വാക്കുകൾ, രേഖപ്പെടുത്തൽ എന്നിവ ചിട്ടയായി ക്രമീകരിച്ചിരിക്കുന്നു. കൂടാതെ അതെ, അല്ല, അറിയാം, അറിയില്ല എന്നരീതിയിലുള്ള പ്രതികരണങ്ങളാവും പ്രതീക്ഷിക്കുക. ചോദ്യങ്ങൾ മിക്കവാറും അടഞ്ഞരീതിയിലാണ്. മേൽപ്പറഞ്ഞവിധം കൃത്യമായ ചിട്ടവട്ടങ്ങൾ ഉൾപ്പെടുന്ന അഭിമുഖരീതിയായതിനാൽ ഈ അഭിമുഖത്തെ ഔപചാരിക അഭിമുഖം എന്നു പറയുന്നു.

സൂക്ഷ്മതയും ഐക്യരൂപവുമാണ് സുനിശ്ചിതഘടനാ അഭിമുഖത്തിന്റെ നേട്ടങ്ങൾ. അനുയോജ്യമായ രീതിയിലുള്ള സാമാന്യവൽക്കരണത്തിന് ഇത് അവസരം നൽകുന്നു. അഭിമുഖം നടത്തുന്നയാളുടെ പക്ഷപാതിത്വം ഒരുപരിധിവരെ കുറയ്ക്കാൻ കഴിയും. കൂടാതെ നിർവഹണം സുഗമമാക്കുന്നു.

4. അനിശ്ചിതഘടനാഭിമുഖം (അനൗപചാരിക അഭിമുഖം)

ചോദ്യങ്ങളുടെ എണ്ണത്തിലും രീതിയിലും ചോദ്യങ്ങളുടെ ക്രമത്തിലും വളരെയധികം അയവ് അനുവദിക്കുന്നവയാണ് അനിശ്ചിത ഘടനാഭിമുഖം. സാഹചര്യങ്ങൾ അനുസരിച്ച് ചോദ്യങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരവും അഭിമുഖം നടത്തുന്നയാൾ നൽകുന്നു. കൂടാതെ, പ്രതികരിക്കുന്നയാളുടെ സ്ഥിതിയും നിലയും പരിഗണിച്ച് മാറ്റംവരുന്നു. പ്രതികരണത്തിന്റെ വിഷയം അനുസരിച്ച് വാക്കുകളിലും ചോദ്യങ്ങളുടെ ക്രമത്തിലും മാറ്റം വരുത്തുന്നു. ഇത്തരം അഭിമുഖങ്ങൾ ഔപചാരികതയെക്കാൾ അഭിമുഖത്തിലെ ലക്ഷ്യങ്ങൾക്കാണ് പ്രാധാന്യം കൽപ്പിക്കുന്നത്. പരമാവധി വിവരശേഖരണമാണ് ഇത് ലക്ഷ്യമിടുന്നത്. ഇന്നും ഔപചാരികതകൾ ഒന്നും ഇല്ലാത്തതുകൊണ്ട് ഇത്തരം അഭിമുഖത്തെ അനൗപചാരിക അഭിമുഖം എന്നുകൂടി വിളിക്കുന്നു.

ഏതുതരത്തിലുള്ള അഭിമുഖമാണെങ്കിലും കൃത്യമായ ഒരു രൂപഘടന പിന്തുടരേണ്ടതുണ്ട്. വളരെ ധൃതിയിലും ആകസ്മികവുമായ തരത്തിൽ അഭിമുഖം സംഘടിപ്പിക്കുന്നത് പ്രയാസകരമാണ്. അഭിമുഖത്തിന്റെ വിജയവും സ്വീകാര്യതയും അതിനവലംബിച്ച ശാസ്ത്രീയരീതികളെ ആശ്രയിച്ചിരിക്കും. എപ്രകാരമാണോ ഒരു അഭിമുഖം ആരംഭിക്കുന്നത്, തുടരുന്നത്, അവസാനിക്കുന്നത് എന്നൊക്കെ ഇതിൽ പ്രധാനമാണ്. തൃപ്തികരമായ ഒരു അഭിമുഖം നടത്തുന്നതിന് അഭിമുഖപ്രക്രിയയിലെ വിവിധഘട്ടങ്ങൾ നിങ്ങളെ സഹായിക്കും.

അഭിമുഖ പ്രക്രിയ (Process of Interview)

അഭിമുഖത്തിന് മൂന്ന് പ്രധാന ഘട്ടങ്ങളാണുള്ളത്. അവ അടുപ്പമുണ്ടാക്കൽ, അതിസൂക്ഷ്മ പരിശോധന, പ്രതികരണങ്ങൾ രേഖപ്പെടുത്തൽ എന്നിവയാണ്.

അടുപ്പമുണ്ടാക്കൽ: ഒരു അഭിമുഖത്തിന്റെ വിജയം പ്രതികരിക്കുന്നയാളും അഭിമു ഖം നടത്തുന്നയാളും തമ്മിലുള്ള ആത്മബന്ധരൂപീകരണവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. പ്രതികരിക്കുന്നയാളുമായുള്ള സൗഹൃദബന്ധം സൂക്ഷിക്കുന്ന തിനാണ് 'റാപ്പോ' (Rapport)എന്ന പദം ഉപയോഗിക്കുന്നത്.

സൂക്ഷ്മ പരിശോധന (Probing): അനന്യവും അറിയപ്പെടാത്തതുമായ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് ലഭ്യമാക്കാനുള്ള അന്വേഷണമാണ് അതിസൂക്ഷ്മ പരിശോധന. ശരിയായ ഭാഷയിൽ ശരിയായ രീതിയിൽ ചോദ്യങ്ങൾ ചോദിക്കുന്ന ഘട്ടമാണിത്. ഗവേഷണവിഷയത്തിൽ പ്രാധാന്യമില്ലാത്ത പലകാര്യങ്ങളും പ്രതികരിക്കുന്ന യാൾ ചിലപ്പോൾ സംസാരിച്ചെന്നിരിക്കാം. അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിനെ വേദനിപ്പിക്കാതെ വിഷയത്തിലേക്കു തിരിച്ചുകൊണ്ടുവരാനുള്ള കഴിവ് ഗവേഷകനുണ്ടാ യിരിക്കണം.

പ്രതികരണങ്ങൾ രേഖപ്പെടുത്തൽ: രണ്ടു വഴികളിലൂടെയാണ് പ്രതികരണം രേഖപ്പെടുത്തുന്നത്.

(എ) അഭിമുഖം നടത്തുന്ന സമയത്തുതന്നെ രേഖപ്പെടുത്തുന്നു.

(ബി) അഭിമുഖത്തിനുശേഷം രേഖപ്പെടുത്തുന്നു.

അഭിമുഖം നടത്തുന്ന സമയത്തുതന്നെ രേഖപ്പെടുത്തുകയാണെങ്കിൽ എല്ലാ പ്രധാനവിവരങ്ങളും കുറിച്ചെടുക്കണം. അഭിമുഖം നടത്തിയതിനുശേഷമാണ് രേഖപ്പെടുത്തുന്നതെങ്കിൽ ഓർമ്മക്കുറവുമൂലം തെറ്റുപറ്റാൻ സാധ്യതയുണ്ട്.

അഭിമുഖപ്രക്രിയയുടേതു പോലെത്തന്നെ അഭിമുഖം നടത്തുന്നതിനുള്ള തയാറെടുപ്പും തുല്യപ്രാധാന്യമുള്ളതാണ്.

അഭിമുഖത്തിനുള്ള തയാറെടുപ്പുകൾ (Preparations of Interview)

അഭിമുഖം വിജയകരമല്ലെങ്കിൽ ശാസ്ത്രീയമായ തയാറെടുപ്പ് അഭിമുഖത്തിനുമുമ്പു തന്നെ നടത്തിയിരിക്കണം. താഴെപ്പറയുന്ന ഘട്ടങ്ങൾ പിന്തുടരാം.

വിഷയ ധാരണ ഉണ്ടാക്കൽ: അഭിമുഖം നടത്തുന്നയാൾക്ക് നേരത്തെതന്നെ വിഷയത്തെക്കുറിച്ച് വ്യക്തമായ അറിവ് ഉണ്ടായിരിക്കണം.

അഭിമുഖമാർഗരേഖ തയാറാക്കൽ: പഠനത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചുള്ള രൂപരേഖ ലഭിക്കുന്നതിനായി എഴുതിത്തയാറാക്കിയ ചെറുകുറിപ്പാണ് അഭിമുഖമാർഗരേഖ. ചോദ്യങ്ങൾ കൂടുതൽ അയവുള്ളതായതിനാൽ ഘടനയില്ലാത്ത അഭിമുഖത്തിന് ഇത് ഏറെ സഹായകമാണ്. ഇത് ഒരു മാർഗനിർദേശം മാത്രമാണ്. പ്രതികർത്താവുമായി ഇടപെടുമ്പോൾ അഭിമുഖം നടത്തുന്നയാൾ സ്വന്തം ക്ഷമ ഉപയോഗിക്കേണ്ടതുണ്ട്.

വിവരദാതാവിനെ തിരഞ്ഞെടുക്കൽ: വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ് വിവരദാതാവിന്റെ തിരഞ്ഞെടുപ്പ്. വിഷയത്തിൽ നല്ല അവഗാഹമുള്ളയാളെ മാത്രമേ മുഖ്യവിവരദാതാവായി കണ്ടെത്താൻ പാടുള്ളൂ.

ചോദ്യാവലിപോലുള്ള വിവരാന്വേഷണഫോറം ഉപയോഗിച്ച് ഗവേഷണം നടത്തുമ്പോൾ ചിലപ്പോൾ വിവരദാതാവ് ചോദ്യാവലി പൂരിപ്പിക്കാൻ തയാറാകാതെ വരാം. അപ്പോൾ വിവരശേഖരണം വിഷമകരമാണെന്ന് നിങ്ങൾക്ക് തോന്നാം. അക്ഷരാഭ്യാസമില്ലാത്തവരും വിദ്യാഭ്യാസം കുറഞ്ഞവരും വിവരദാതാക്കളാകുമ്പോൾ ഇത് അസാധ്യവും കൂടുതൽ വിഷമകരവുമാകുന്നു. അത്തരം സന്ദർഭങ്ങളിൽ ഗവേഷകർ മറ്റുമാർഗങ്ങൾ ഉപയോഗിച്ചാണ് വിവരങ്ങൾ തേടുന്നത്. ചോദ്യപ്പട്ടിക (ഷെഡ്യൂൾ) അത്തരം ഒരു ഉപാധിയാണ്. എങ്ങനെയാണ് അവയുടെ നിർമ്മിതിയും നിർവഹണവുമെന്ന് പരിശോധിക്കാം.

ചോദ്യപ്പട്ടിക (Schedule)

ചോദ്യാവലി ഉപയോഗിച്ച് എങ്ങനെയാണ് വിവരങ്ങൾ വെളിപ്പെടുത്തുന്നതെന്ന് നമ്മൾ ഇതിനകം പഠിച്ചുകഴിഞ്ഞു. പ്രതികരണങ്ങൾ വിവരദാതാവ് തന്നെ പൂരിപ്പിക്കുമ്പോൾ അത് ചോദ്യാവലിയും എന്നാൽ ഗവേഷകൻ വിവരദാതാവിന്റെ

സാന്നിധ്യത്തിൽ വിവരാന്വേഷണഫോറം സ്വയം പൂരിപ്പിക്കുമ്പോൾ അത് ചോദ്യപ്പട്ടികയും ആകുന്നു.

ഗവേഷക ഒരുകൂട്ടം ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ പൂരിപ്പിക്കുകയും ചെയ്യുന്നതാണ് ചോദ്യപ്പട്ടിക.

എങ്ങനെയാണ് ചോദ്യപ്പട്ടിക ചോദ്യാവലിയെക്കാൾ ഗുണകരമാകുന്നത്?

വിവരദാതാവുമായി ആത്മബന്ധം സ്ഥാപിക്കാനുള്ള അവസരം ചോദ്യപ്പട്ടിക നൽകുന്നു. അവ്യക്തമായ ചില കാര്യങ്ങൾ വിശദമാക്കാനും ഉദ്ദേശ്യങ്ങൾ മനസ്സിലാക്കാനുമുള്ള ഒരവസരം ഇതിലൂടെ ഗവേഷകന് ലഭിക്കുന്നു. ചോദ്യാവലിയെയും പട്ടികയെയും കുറിച്ച് കൂടുതൽ വ്യക്തതവരുത്താൻ താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചർച്ചചെയ്യാം.

- ചോദ്യപ്പട്ടികയുടെയും ചോദ്യാവലിയുടെയും നിർമ്മിതിയിലെന്തെങ്കിലും വ്യത്യാസമുണ്ടോ?
- ചോദ്യപ്പട്ടിക അവലംബിക്കുമ്പോൾ പൂർണവും ഉപയോഗ്യവുമായ പ്രതികരണങ്ങൾ ഉറപ്പുവരുത്താനാകുമോ?
- സമയത്തിന്റെയും പണച്ചെലവിന്റെയും കാര്യത്തിൽ ചോദ്യപ്പട്ടിക ഗുണകരമാണോ? മേൽചർച്ചയുടെ നിഗമനങ്ങൾ നിങ്ങൾ പൊതുവായി പങ്കുവയ്ക്കുക.

ഗവേഷണത്തിൽ ചോദ്യപ്പട്ടിക (ഷെഡ്യൂൾ) എന്ന പദം ഉപയോഗിക്കുമ്പോൾ അത് അഭിമുഖപട്ടിക എന്ന ധാരണയാണുണ്ടാക്കുന്നത്. എന്നാൽ അഭിമുഖപട്ടിക അവയിൽ ഒന്നുമാത്രമാണ്.

പലതരം ചോദ്യപ്പട്ടികകൾ (Types of Schedules)

സാധാരണയായി അഞ്ചുതരത്തിലുള്ള ഷെഡ്യൂളുകളാണുള്ളത്. അവ താഴെ വിശദമാക്കുന്നു.

എ. നിരീക്ഷണപട്ടിക: നിരീക്ഷകന് വിവരംശേഖരിക്കുന്നതിനും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും ചില പ്രത്യേക മേഖലകൾ ഉൾക്കൊള്ളുന്നതാണ് നിരീക്ഷണപ്പട്ടിക. ഉദാഹരണത്തിന്, ഒരു നരവംശശാസ്ത്രജ്ഞന് ഗോത്രവർഗത്തിന്റെ ഭക്ഷ്യശേഖരണത്തിന്റെയും വനവിഭവങ്ങളുടെയും വിശദാംശങ്ങളാണ് ശേഖരിക്കേണ്ടതെങ്കിൽ അതുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങിയ ഒരു നിരീക്ഷണഷെഡ്യൂൾ തയാറാക്കാം.

ബി. പ്രമാണവിവര പട്ടിക: ഓഫീസ് രേഖകൾ, ആത്മകഥകൾ, റെക്കോർഡുകൾ എന്നിവയിൽനിന്ന് വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.

സി. നിലവാര നിർണയ പട്ടിക: മനശ്ശാസ്ത്രപരമായും സാമൂഹികവുമായുള്ള ഗവേഷണത്തിൽ മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ, അഭിപ്രായങ്ങൾ എന്നിവ അളക്കുന്നതിന് ഇവ ഉപയോഗിക്കുന്നു.

ഡി. മൂല്യനിർണയ പട്ടിക: ചില സ്ഥാപനങ്ങളെക്കുറിച്ചും ഏജൻസികളെ ക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ഇത് ഉപയോഗിക്കുന്നു.

ഇ. അഭിമുഖപട്ടിക: ഷെഡ്യൂൾ എന്ന പദത്തിന് പകരമായി ഇത് സാധാരണ ഉപയോഗിക്കുന്നു. ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്ഥലം വിട്ടുകൊണ്ടുള്ള ചോദ്യങ്ങളാണ് ഇതിലുള്ളത്. വീടുകളിലെ ജനസംഖ്യാപരമായ വിവരങ്ങൾ ശേഖരിക്കുന്നതിന് നരവംശശാസ്ത്രഗവേഷണത്തിൽ വിപുലമായി ഉപയോഗിക്കുന്ന അഭിമുഖപട്ടികയുടെ ഒരു തരമാണ് ഗൃഹാന്തരസർവെ പട്ടിക.

നരവംശശാസ്ത്രത്തിലെ വിവരശേഖരണത്തിനായി ഉപയോഗിക്കുന്ന വിവിധരീതികളും സങ്കേതങ്ങളും നമ്മൾ ചർച്ചചെയ്തു. എങ്കിലും ഗവേഷണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളുടെയും വിവരശേഖരണരീതികൾ, സങ്കേതങ്ങൾ ഉൾപ്പെടെ നേരത്തേ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗവേഷണമാതൃക തയാറാക്കുന്നതിലൂടെ ഇത് പരിഹരിക്കാം. എന്താണ് ഗവേഷണമാതൃക എന്നും എങ്ങനെ അത് തയാറാക്കാം എന്നും നമുക്ക് പരിശോധിക്കാം.

ഗവേഷണരൂപരേഖ (Research Design)

ഒരു വീടോ കെട്ടിടമോ നിർമ്മിക്കണമെങ്കിൽ നമ്മൾ എന്തൊക്കെയാണ് ചെയ്യുക?

ഭൂമി വാങ്ങണം, നിർമ്മാണം നടത്തേണ്ട സ്ഥലം നിർണയിക്കണം, വീടിന്റെ തരം, വലുപ്പം, നിർമ്മാണരീതി, മൊത്തം ചെലവ്, മതിപ്പുവില തുടങ്ങി വളരെയധികം കാര്യങ്ങളിൽ നിർമ്മാണം തുടങ്ങുന്നതിനു മുമ്പുതന്നെ തീരുമാനമെടുക്കണം. ഗവേഷണത്തിന്റെ കാര്യത്തിലും എല്ലാ കാര്യങ്ങളും ചിട്ടയായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. വീടുനിർമാണകാര്യത്തിലെന്നപോലെ ഗവേഷണത്തിനും തുടർച്ചയായ ഘട്ടങ്ങളിലൂടെ ഒരു രീതി അവലംബിക്കേണ്ടതാണ്.

ഒരു ഗവേഷണരൂപരേഖയിലെ അനിവാര്യമായ ഘടകങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് നിങ്ങൾക്ക് കണ്ടെത്താനാകുമോ?

ഗവേഷണരൂപരേഖയുടെ ഒരു നിർവചനം താഴെ കൊടുക്കുന്നു:

''ഒരു ഗവേഷണപ്രക്രിയയിൽ അടങ്ങിയിരിക്കുന്ന ചിട്ടയായ മുഴുവൻ പ്രവർത്തനങ്ങളുടെയും ആസൂത്രണം'' എന്ന് മില്ലർ ഗവേഷണരൂപരേഖയെ നിർവചിക്കുന്നു.

ഗവേഷണരൂപരേഖയുടെ സവിശേഷതകൾ മനസ്സിലാക്കിയതിനുശേഷം ഇതുപോലുള്ള നിർവചനങ്ങൾ നിങ്ങൾക്കു രൂപീകരിക്കാം.

- എങ്ങനെയാണ് ഗവേഷണം നടത്തേണ്ടത് എന്നതിന്റെ വിശദമായ ഒരു രേഖാചിത്രമാണ് ഗവേഷണരൂപരേഖ.
- എങ്ങനെയാണ് വിവരം ശേഖരിക്കേണ്ടത്, എന്തൊക്കെ ഉപകരണങ്ങൾ, സങ്കേതങ്ങൾ, രീതികൾ ഉപയോഗിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്, അവ എങ്ങനെ വിശകലം ചെയ്യണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- പൂർണതോതിലുള്ള ഒരു ഗവേഷണരൂപരേഖ ഉണ്ടെങ്കിൽ അത് ഗവേഷകരെ സംബന്ധിച്ച് ഗവേഷണം സുഗമമാക്കുന്നതിനും ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും ഏറെ സഹായകമാവും.

ഗവേഷണരൂപരേഖയ്ക്ക് അത്യന്താപേക്ഷിതമായ ഗുണങ്ങൾ

ഗവേഷണരൂപരേഖയ്ക്ക് താഴെ കൊടുത്തിരിക്കുന്ന പ്രത്യേകതകളുണ്ടായിരിക്കണം:

- പഠനലക്ഷ്യങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിരിക്കണം.
- ഗവേഷണത്തിനാവശ്യമായ വിവരങ്ങളുടെ ഉറവിടം, വിവരശേഖരണരീതി എന്നിവയുടെ ഒരു കരടുരൂപമുണ്ടായിരിക്കണം.
- ഇത്തരം ആസൂത്രണത്തിലൂടെ ഗവേഷണപഠനത്തിന് ശേഖരിച്ച വിവരങ്ങളുടെ വസ്തുനിഷ്ഠത, വിശ്വാസ്യത, സാധുത, സാമാന്യവൽക്കരിക്കാനുള്ള സാധ്യത എന്നിവ ഉറപ്പുവരുത്തിയിരിക്കണം.

ഗവേഷണരൂപരേഖ തയാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ

(Steps in Preparing a Research Design)

ഒരു പഠനത്തിന്റെ വസ്തുനിഷ്ഠത, ലക്ഷ്യങ്ങൾ, സ്ഥലം, വിവരങ്ങളുടെ ഉറവിടം, പഠനരീതി എന്നിവ തീരുമാനിച്ചുകഴിഞ്ഞാൽ ഔപചാരികമായ ഗവേഷണ ആസൂത്രണ രേഖയുടെ കരട് തയാറാക്കാം. പഠനത്തിന്റെ ഉദ്ദേശ്യം, തരം എന്നിവയുടെ അടിസ്ഥാനത്തിലാണ് നരവംശശാസ്ത്രത്തിൽ ഗവേഷണരൂപരേഖ തയാറാക്കപ്പെടുന്നത്. എന്നിരുന്നാലും താഴെ പറയുന്ന ഘട്ടങ്ങളാണ് പൊതുവെ പിന്തുടരുന്നത്.

1. ***ഗവേഷണശീർഷകം:*** തലക്കെട്ട് ചെറുതും വ്യക്തവും ഗവേഷണ വിഷയത്തിന്റെ വ്യാപ്തി പ്രതിഫലിപ്പിക്കുന്നതുമായിരിക്കണം.
2. ***വിഷയം പ്രസ്താവന:*** ഗവേഷണവിഷയത്തെക്കുറിച്ച് എല്ലാ അറിവും സമ്പാദിച്ചശേഷം വിഷയം വ്യക്തമായും സ്പഷ്ടമായും പ്രസ്താവിക്കണം.
3. ***ഗവേഷണോദ്ദേശ്യം:*** വിഷയം തിരഞ്ഞെടുക്കാൻ ഗവേഷകരെ പ്രേരിപ്പിച്ച ഘടകങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട് ഇന്നത്തെ സാമൂഹികജീവിതത്തിൽ ഈ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചെറുവിവരണം നൽകണം.
4. ***പൂർവപഠന നിരൂപണം:*** ഗവേഷണവിഷയവുമായി ബന്ധപ്പെട്ട എല്ലാ ഗ്രന്ഥസഞ്ചയങ്ങളും ഗവേഷകർ പരിചയപ്പെട്ടിരിക്കണം. ഈ വിഷയം മുൻപ് പഠനവിധേയമാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണെന്നും ഗവേഷകർ അറിഞ്ഞിരിക്കണം. മുൻപുനടന്ന പഠനങ്ങളെയെല്ലാം വിമർശനപരമായി സമീപിക്കുകയും അവയുടെ പോരായ്മകൾ കണ്ടെത്തുകയും വേണം.
5. ***ഗവേഷണ വ്യാപ്തി:*** ലഭ്യമാകുന്ന സമയം, സാമ്പത്തികം, തിരഞ്ഞെടുക്കുന്ന ഗ്രൂപ്പിന്റെ വലുപ്പം, വിവരങ്ങൾ ശേഖരിക്കാനുള്ള കഴിവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗവേഷണത്തിന്റെ വ്യാപ്തി പരിമിതപ്പെടുത്തണം. അതിനുശേഷം ഗവേഷണത്തിന്റെ വ്യാപ്തി, പരിമിതികൾ എന്നിവ ഗവേഷകർ വ്യക്തമായി പ്രതിപാദിക്കണം.
6. ***പഠനലക്ഷ്യങ്ങൾ:*** ഗവേഷണത്തിന്റെ വ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ട് പഠനലക്ഷ്യങ്ങൾ കൃത്യമായി പ്രസ്താവിക്കണം.

7. ***ഗവേഷണ സങ്കല്പങ്ങളും ചരങ്ങളും:*** ഗവേഷണത്തിൽ ഉപയോഗിക്കുന്ന ആശയങ്ങളുടെയും ഘടകങ്ങളുടെയും പ്രായോഗികമായ നിർവചനങ്ങൾ ഗവേഷകർ നൽകിയിരിക്കണം.

8. ***പരികല്പനാരൂപീകരണം:*** ഒരു വിഷയത്തെക്കുറിച്ച് ശരിയാകുമെന്ന് ഒരുറപ്പുമില്ലാത്ത സങ്കൽപ്പങ്ങളാണിവ. ഇവയെ വ്യക്തമായും കൃത്യമായും വസ്തുനിഷ്ഠമായ പഠനങ്ങൾക്ക് വിധേയമാക്കണം. ലഭ്യമായ സിദ്ധാന്തങ്ങളുടെയും വിവരസങ്കേതങ്ങളുടെയും പരിമിതിക്കുള്ളിലുള്ളതായിരിക്കണം അവ. പഠനത്തിന്റെ വ്യാപ്തി നിജപ്പെടുത്തുന്നതിന് ഇത് ഗവേഷകരെ സഹായിക്കും. എന്നാൽ നരവംശശാസ്ത്രത്തിലെ മിക്കവാറും പഠനങ്ങൾ മുൻപരികല്പനകളില്ലാത്തതും അന്വേഷണാത്മകവുമാണ്.

9. ***പ്രതിനിധാനത്തെ തിരഞ്ഞെടുപ്പ്:*** വിവരശേഖരണത്തിനായി തിരഞ്ഞെടുത്ത വിഷയവുമായി ബന്ധപ്പെട്ട വലിയ ഗ്രൂപ്പിനെ പ്രതിനിധീകരിക്കുന്ന സാംപിൾ ഗ്രൂപ്പിന്റെ നിർവചനം, വലുപ്പം എന്നിവ വ്യക്തമാക്കണം.

10. ***വിവരശേഖരണരം:*** വിവരശേഖരണത്തിന് ഉപയോഗിക്കുന്ന രീതികൾ, അവയുടെ ആവശ്യവും പ്രാധാന്യവും ഗവേഷകൻ വ്യക്തമാക്കണം.

11. ***ദത്തവിശകലനരീതി:*** ശേഖരിച്ച വിവരങ്ങളുടെ സ്വഭാവത്തിനനുസരിച്ച് അവയെ എങ്ങനെ വിശകലനം ചെയ്യണം-ഗുണപരമായോ ഗണപരമായോ എന്ന് ഗവേഷണരൂപരേഖ യിൽ വ്യക്തമാക്കണം.

12. ***വ്യാഖ്യാനിക്കൽ:*** എപ്രകാരമാണ് ഗവേഷണഫലങ്ങൾ വ്യാഖ്യാനിക്കുകയെന്ന് ഗവേഷണരൂപരേഖയിൽ സൂചിപ്പിക്കണം.

13. ***അധ്യായക്രമം:*** ഓരോ അധ്യായത്തിന്റെയും ക്രമീകരണവും ലക്ഷ്യവും വ്യക്തമാക്കണം.

14. ***സമയക്രമീകരണം:*** ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിനും ആവശ്യമായ സമയവും പഠനം പൂർത്തിയാക്കാനാവശ്യമായ കാലയളവും ഗവേഷണരൂപരേഖയിൽ വ്യക്തമാക്കണം.

15. ***കോശഗ്രന്ഥങ്ങൾ:*** ഗവേഷണ രൂപരേഖ തയാറാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഉപയോഗിച്ച കോശപുസ്തകങ്ങളെക്കുറിച്ചുള്ള സൂചനകൾ നൽകണം. ഗ്രന്ഥകർത്താവിന്റെ പേര്, പ്രസിദ്ധീകരിച്ച വർഷം, പുസ്കത്തിന്റെ/മാസികയുടെ പേര്, പ്രസിദ്ധീകരിച്ച സ്ഥലം എന്നിവ ക്രമത്തിൽ നൽകിയിരിക്കണം.

സംസ്കാരത്തിന്റെ വിവരണം, ജനങ്ങളുടെ പ്രശ്നങ്ങൾ, വികസനത്തിന്റെയും മാറ്റങ്ങളുടെയും വ്യത്യസ്ത തലങ്ങൾ എന്നീ മേഖലകളിലേതെങ്കിലും ഒന്നുമായി ബന്ധപ്പെട്ട ഒരു ഗവേഷണവിഷയം അധ്യാപകരുടെ സഹായത്തോടെ തിരഞ്ഞെടുത്ത് ഒരു ഗവേഷണരൂപരേഖ തയാറാക്കു.

ഗവേഷണം പൂർത്തിയായാൽ ഗവേഷണപ്രബന്ധം തയ്യാറാക്കലാണ് അവസാന പ്രവൃത്തി.

ഗവേഷണപ്രബന്ധം തയാറാക്കൽ (Writing Research Report)

ഒരു ഗവേഷണപ്രബന്ധമോ ഏകവിഷയപ്രബന്ധമോ മാസികയിലെ ലേഖനമോ എഴുതുമ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഗവേഷണവിഷയത്തിന്റെ സ്വഭാവമനുസരിച്ച് ഗവേഷണപ്രബന്ധത്തിന്റെ ഉള്ളടക്കത്തിലും മാറ്റമുണ്ടാകും. എന്നിരുന്നാലും ഉള്ളടക്കത്തെ പ്രധാനമായും പ്രാഥമികഭാഗം (പ്രാരംഭഭാഗം), പ്രധാനഭാഗം, റഫറൻസ് ഭാഗം എന്നിങ്ങനെ തരംതിരിക്കാം.

തലക്കെട്ട്, പ്രമാണപത്രം, പ്രഖ്യാപനം, കൃതജ്ഞതാപത്രം, ആമുഖം, പട്ടികകളുടെയും ചിത്രങ്ങളുടെയും സൂചനകൾ എന്നിവ ഉൾക്കൊള്ളുന്നതാണ് പ്രാരംഭഭാഗം.

പ്രധാനഭാഗത്തിൽ ആമുഖം, സാഹിത്യനിരൂപണം, ഗവേഷണരൂപരേഖ, അവതരണം, ദത്തങ്ങളുടെ വിശകലനം, സംഗ്രഹം, നിഗമനം എന്നിവ ഉൾപ്പെടുന്നു.

റഫറൻസ് വിഭാഗത്തിൽ റഫറൻസിനായി ഉപയോഗിച്ച പുസ്തകങ്ങളെ അക്ഷരമാലക്രമത്തിൽ നൽകണം. തുടർന്ന് സാങ്കേതികപദാവലി, സൂചകങ്ങൾ എന്നിവയുണ്ടായിരിക്കണം. ഉദ്ധരണികളും അടിക്കുറിപ്പുകളും ശ്രദ്ധാപൂർവം നൽകണം.

മണ്ഡലവൃത്തി (Fieldwork)

നരവംശശാസ്ത്രത്തിന്റെ ഗവേഷണരീതിശാസ്ത്രത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. അടുത്ത ഉത്സവകാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഒരു ഫീൽഡ് സർവേ നടത്തു. താഴെ കൊടുത്തിരിക്കുന്ന ഘട്ടങ്ങൾ പിന്തുടരാം.

- അധ്യാപകരുടെ സഹായത്തോടെ ഒരു ചെറിയ ഗവേഷണവിഷയവും സ്ഥലവും കണ്ടെത്തുക.
- വിഷയത്തിന് അനുയോജ്യമായ ഗവേഷണരൂപരേഖ തയാറാക്കുക.
- ചോദ്യാവലി, ചോദ്യപ്പട്ടിക, അഭിമുഖചോദ്യപ്പട്ടിക തുടങ്ങിയ വിവരശേഖരണത്തിനാവശ്യമായ ഉപകരണങ്ങൾ തയാറാക്കുക.
- മണ്ഡലവൃത്തി നടത്താനാവശ്യമായ തയാറെടുപ്പുകൾ നടത്തുക.
- ഫീൽഡ് കുറിപ്പുകൾ തയാറാക്കുകയും അവ സ്വാഭാവികരീതിയിലേക്കു പകർത്തിയെടുക്കുകയും ചെയ്യുക.
- വിവരങ്ങൾ വിശകലനം ചെയ്ത് ഗവേഷണപ്രബന്ധം എഴുതുക.
- നിങ്ങളുടെ ഗവേഷണപ്രബന്ധം ഫീൽഡ് കുറിപ്പുകൾ സഹിതം സമർപ്പിക്കുക.

സംഗ്രഹം

- മനുഷ്യരുടെ നിലവിലുള്ള സാഹചര്യങ്ങളുടെ അന്വേഷണവും പുനരന്വേഷണവുമാണ് ഗവേഷണംകൊണ്ട് അർഥമാക്കുന്നത്. നിലവിലുള്ള അറിവ് ശരിയാണോ എന്നു പരിശോധിക്കുന്നതിനും പുതിയ പ്രതിഭാസങ്ങൾ കണ്ടെത്തുന്നതിനുമായി ക്രമപ്പെടുത്തിയതും ചിട്ടയായതുമായ അന്വേഷണമാണ് ശാസ്ത്രീയഗവേഷണം എന്നു നിർവചിക്കാം.
- നരവംശശാസ്ത്രം സയൻസിന്റെ മണ്ഡലത്തിൽ വരുന്നതുകൊണ്ട് ഈ വിഷയം ശാസ്ത്രീയരീതികൾ അവലംബിക്കുന്നു. 'അറിയുക' എന്നർഥം വരുന്ന 'സയൻഷിയ' എന്ന ലത്തീൻ പദത്തിൽനിന്നാണ് സയൻസ് എന്ന വാക്ക് ഉടലെടുത്തിട്ടുള്ളത്.
- പ്രക്രിയകളും അവയുടെ അനന്തരഫലമായുണ്ടാകുന്ന ഉൽപ്പന്നങ്ങളും ശാസ്ത്രത്തിൽ ഉൾപ്പെടുന്നു. വിഷയം തിരഞ്ഞെടുക്കൽ, പരികൽപ്പനരൂപീകരണം, വിവരശേഖരണ രീതികൾ, മണ്ഡലവൃത്തി, പരീക്ഷണങ്ങൾ, വർഗീകരണം, വിശകലനം, ദത്തങ്ങളുടെ അപഗ്രഥനം, യുക്തിസഹമായ നിഗമനവും സാമാന്യവൽക്കരണവും എന്നിവയൊക്കെ ശാസ്ത്രീയപ്രക്രിയകളുടെ പരിധിയിൽവരും. വസ്തുതകൾ, ചിത്രങ്ങൾ, സൂത്രവാക്യം, ആശയങ്ങൾ, സമവാക്യങ്ങൾ, തത്ത്വങ്ങൾ, സിദ്ധാന്തങ്ങൾ, നിയമങ്ങൾ, സാമാന്യവൽക്കരണം, നിഗമനങ്ങൾ എന്നിവ ശാസ്ത്രത്തിന്റെ ഉൽപ്പന്നങ്ങളായി കരുതുന്നു.
- ചിട്ടയായ നിരീക്ഷണവും വർഗീകരണവും ദത്തങ്ങളുടെ അപഗ്രഥനവും അടങ്ങിയതാണ് ശാസ്ത്രീയരീതി. ശാസ്ത്രീയരീതിയുടെ പ്രധാനഘട്ടങ്ങൾ ഇതാണ്: പ്രശ്നക്രമീകരണം, ഗവേഷണമാതൃക തയാറാക്കൽ, വിവരശേഖരണം, ദത്തങ്ങളുടെ വിശകലനം, നിഗമനത്തിലെത്തിച്ചേരൽ എന്നിവ.
- വസ്തുനിഷ്ഠതയും വ്യക്തിനിഷ്ഠതയും ശാസ്ത്രീയഗവേഷണത്തിൽ പ്രാധാന്യമുള്ളതായി കണക്കാക്കുന്നു. ഗവേഷകന്റെ ഇഷ്ടങ്ങൾ, അനിഷ്ടങ്ങൾ, വൈകാരികത, മനോഭാവങ്ങൾ എന്നിവ പഠനത്തെ ബാധിക്കുന്നുവെങ്കിൽ വ്യക്തിനിഷ്ഠപഠനമെന്നും ഒരാളുടെ ഇഷ്ടാനിഷ്ടങ്ങൾ, വൈകാരികനില, മനോഭാവങ്ങൾ എന്നിവ ബാധിക്കുന്നില്ലെങ്കിൽ അതിനെ വസ്തുനിഷ്ഠപഠനമെന്നും വിളിക്കുന്നു.
- ഗവേഷണരീതിയെന്നത് ഗവേഷണനിർവഹണത്തിലെ നടത്തിപ്പുവഴികളും ഗവേഷണരീതിശാസ്ത്രമെന്നത് എല്ലാ ഗവേഷണത്തിന്റെയും പിന്നിലുള്ള ശാസ്ത്രവും തത്ത്വശാസ്ത്രവുമാണ്. ഗവേഷണരീതി, സങ്കേതങ്ങൾ, ഉപകരണങ്ങൾ എന്നിവ തീർച്ചയായും വേർതിരിച്ചിരിക്കണം. ഒന്നിലധികം സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിശാലപദമാണ് ഗവേഷണരീതി.
- നരവംശശാസ്ത്രത്തിൽ ഗവേഷകർ താരതമ്യപഠനരീതി, ചരിത്രപരമായ രീതി, അന്തർസംസ്കാരപഠനരീതി എന്നിവ ഉപയോഗിക്കുന്നു. വ്യത്യസ്ത സമൂഹങ്ങളെയോ ഗ്രൂപ്പുകളെയോ താരതമ്യം ചെയ്യുന്ന പഠനമാണ് താരതമ്യപഠനം. അല്ലെങ്കിൽ ഒരേ സമൂഹത്തിന്റെ സാമൂഹികസ്ഥാപനങ്ങളിലെ ഘട്ടങ്ങൾ കാണിക്കുന്ന സാമ്യങ്ങളും

വ്യത്യാസങ്ങളെക്കുറിച്ചുള്ള പഠനവും താരതമ്യമാണ്. ഒരേ കാലയളവിലെ വിവിധ സംസ്കാരങ്ങളിലെ സാംസ്കാരികപ്രതിഭാസങ്ങളെക്കുറിച്ചുള്ള പഠനമാണ് അന്തർസംസ്കാരതാരതമ്യപഠനം. ചരിത്രപരമായ രീതിയിൽ സമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും ഉൽഭവം, വികാസം, ക്രമാനുഗത പരിണാമങ്ങൾ, സംസ്കാരം എന്നിവ പഠനവിധേയമാക്കുന്നു.

- നരവംശശാസ്ത്രപഠനത്തിന്റെ കാതലാണ് വംശവിവരണപഠനം. ഇത് പഠനമണ്ഡലപ്രവർത്തനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.
- ഗവേഷകർ ചിട്ടയായി വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ശേഖരിക്കണം. ഇത് പലതരത്തിലുണ്ട്. പ്രാഥമികദത്തങ്ങൾ, ദ്വിതീയദത്തങ്ങൾ, ഗണാത്മകദത്തങ്ങൾ, ഗുണാത്മകദത്തങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഗവേഷകർ മണ്ഡലവൃത്തിയിലൂടെ (Field work) നേരിട്ട് ശേഖരിക്കുന്ന ദത്തങ്ങളാണ് പ്രാഥമികദത്തങ്ങൾ. ഗവേഷകരെ കൂടാതെ മറ്റുള്ളവർ ശേഖരിച്ച ദത്തങ്ങളാണ് ദ്വിതീയദത്തങ്ങൾ. വാക്കുകളുടെ രൂപത്തിലുള്ള പ്രതികരണങ്ങളാണ് ഗുണാത്മകദത്തങ്ങൾ. എന്നാൽ അക്കങ്ങളുടെ രൂപത്തിലുള്ള പ്രതികരണങ്ങളാണ് ഗണാത്മകദത്തങ്ങൾ.
- നരവംശശാസ്ത്രത്തിൽ വിവിധരീതികളും ഗവേഷണസങ്കേതങ്ങളും ഉപയോഗിക്കുന്നു. പ്രകൃതിദത്തമായ ചുറ്റുപാടിൽ നടക്കുന്ന കാര്യങ്ങൾ നോക്കിക്കാണുകയും കുറിച്ചെടുക്കുകയും ചെയ്യുന്ന രീതിയാണ് നിരീക്ഷണം എന്നത് കൊണ്ടർഥമാക്കുന്നത്. നിരീക്ഷണത്തെ അനിയന്ത്രിത നിരീക്ഷണമെന്നും നിയന്ത്രിതനിരീക്ഷണമെന്നും വിഭജിക്കാം. പങ്കാളിത്തനിരീക്ഷണവും പങ്കാളിത്തരഹിത നിരീക്ഷണവും അനിയന്ത്രിതമല്ലാത്ത നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. ഒരു പ്രത്യേക കേസിനെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം നരവംശശാസ്ത്രത്തിലെ മറ്റൊരു പഠനരീതിയാണ്. ഒരാളുടെ പൂർവികർ, രക്ഷിതാക്കൾ, മുത്തച്ഛന്മാർ, മുതുമുത്തച്ഛന്മാർ തുടങ്ങിയ വിവിധ തലമുറകളെക്കുറിച്ചുള്ള പഠനമാണ് വംശാവലിരീതി. ഡബ്ലു.എച്ച്.ആർ. റിവേർസാണ് ഇത് ആദ്യമായി വികസിപ്പിച്ചത്. വ്യക്തിഗത അഭിമുഖങ്ങൾ, ചോദ്യാവലി, ചോദ്യപ്പട്ടിക, മറ്റു വിവരശേഖരണമാർഗങ്ങൾ എന്നിവ ഉപയോഗിച്ച് ജനങ്ങളിൽനിന്നോ ജനസംഖ്യാ സാമ്പിളിൽനിന്നോ ഉള്ള ചിട്ടയായ വിവരശേഖരണരീതിയാണ് സർവേ. പൊതുസർവെ, പ്രത്യേകസർവേ, സാധാരണസർവേ, സാമ്പിൾ സർവേ എന്നിവ ചിലതരം സർവേകളാണ്.
- നരവംശശാസ്ത്രഗവേഷണത്തിൽ സ്വീകരിച്ചിട്ടുള്ള പ്രധാന സങ്കേതങ്ങളാണ് ചോദ്യാവലിയും അഭിമുഖവും. സാമൂഹിക സർവേയുടെ മർമ്മമായി ചോദ്യാവലിയെ കരുതുന്നു. ചോദ്യാവലികളിൽ അടഞ്ഞചോദ്യങ്ങളും തുറന്നചോദ്യങ്ങളും സമ്മിശ്രചോദ്യങ്ങളും ഉപയോഗിക്കുന്നു. ഘടനയുള്ള ചോദ്യാവലി ഘടനയില്ലാത്ത ചോദ്യാവലി, സമ്മിശ്രചോദ്യാവലി, ചിത്രീകരണചോദ്യാവലി, എന്നിവ വിവിധ ചോദ്യാവലികളാണ്. വിവരശേഖരണത്തിനുള്ള മറ്റൊരു സങ്കേതമാണ് അഭിമുഖം. 'പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള സംഭാഷണം' എന്നാണ് അഭിമുഖം കൊണ്ടർഥമാക്കുന്നത്. അവ വ്യക്തിഗത അഭിമുഖം, സംഘ അഭിമുഖം, ഘടനയുള്ള അല്ലെങ്കിൽ ഔപചാരിക അഭിമുഖം, ഘടനയില്ലാത്ത അല്ലെങ്കിൽ അനൗപചാരിക

അഭിമുഖം എന്നിങ്ങനെയാണ്. അഭിമുഖത്തിൽ ആത്മബന്ധരൂപീകരണം, ആഴത്തിലുള്ള അന്വേഷണം, പ്രതികരണങ്ങളുടെ രേഖപ്പെടുത്തൽ എന്നീ വിവിധ ഘട്ടങ്ങളുണ്ട്. വിവരണശേഖരണത്തിന്റെ മറ്റൊരു ഉപാധിയാണ് ചോദ്യപ്പട്ടിക, നിരീക്ഷണ പട്ടിക, പ്രമാണ നിരീക്ഷണ പട്ടിക, നിലവാരനിർണയ പട്ടിക, മൂല്യനിർണയ പട്ടിക, അഭിമുഖ പട്ടിക എന്നിങ്ങനെ അവ വിവിധതരത്തിലുണ്ട്.

- ഗവേഷണം ആരംഭിക്കുന്നതിനുമുമ്പ് ആസൂത്രണം ആവശ്യമാണ്. ഒരു ഗവേഷണപഠനം നടത്തുന്നതിനുള്ള ആസൂത്രണത്തിലെ മുഴുവൻ പ്രക്രിയകളാണ് ഗവേഷണമാതൃക. ഗവേഷണത്തിന്റെ ശീർഷകം, വിഷയം പ്രസ്താവന, ഗവേഷണ ഉദ്ദേശ്യം, പൂർവപഠന നിരൂപണം, ഗവേഷണ വ്യാപ്തി, പഠനലക്ഷ്യങ്ങൾ, ഗവേഷണ സങ്കൽപ്പങ്ങളും ചരങ്ങളുടെയും ഉപയോഗം, പരികല്പനാ രൂപീകരണം, പ്രതിനിധാനത്തെ തിരഞ്ഞെടുക്കൽ, വിവരശേഖരണം, ദത്തങ്ങളുടെ വിശകലനം, വിവരങ്ങളുടെ അപഗ്രഥനം, അധ്യായക്രമം, സമയക്രമീകരണം, കോശഗ്രന്ഥങ്ങളുടെ പട്ടിക എന്നിങ്ങനെ വിവിധ ഘട്ടങ്ങളുണ്ട്.

  ഗവേഷണപ്രക്രിയയുടെ അവസാനപ്രവർത്തനമാണ് ഗവേഷണപ്രബന്ധം തയാറാക്കൽ. ഗവേഷണപ്രബന്ധത്തിന്റെ ഉള്ളടക്കത്തെ പ്രാരംഭഭാഗം, റിപ്പോർട്ടിന്റെ പ്രധാനഭാഗം, റഫറൻസ് ഭാഗം എന്നിങ്ങനെ വർഗീകരിക്കാം.

ടേം മൂല്യനിർണയ ഉപാധികൾ

1. വിട്ട ഭാഗം അനുയോജ്യമായ രീതിയിൽ പൂരിപ്പിക്കുക.
   - എ. ശാസ്ത്രീയമായ രീതിയുടെ സ്വഭാവം—— ആണ്.
     - i) വസ്തുനിഷ്ഠം ii) വ്യക്തിനിഷ്ഠം
     - iii) ചോദ്യരൂപത്തിൽ iv) താരതമ്യം
   - ബി. വിവരങ്ങളുടെ ചിട്ടയായ ശേഖരണവും തരംതിരിക്കലും വ്യാഖ്യാനവും —— എന്നറിയപ്പെടുന്നു.
   - സി. ഒരേ സമൂഹത്തിലെ വ്യത്യസ്ത ഗ്രൂപ്പുകളെയോ, സാമൂഹികസ്ഥാപനങ്ങളെയോ താരതമ്യപഠനത്തിന് ഉപയോഗിക്കുന്ന രീതിയാണ് ——
   - ഡി. സാമൂഹികസ്ഥാപനങ്ങളുടെ ഉത്ഭവം, വികാസം എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉപയോഗിക്കുന്ന രീതിയാണ് ——
   - ഇ. ഒരു സാമൂഹികഘടകത്തെക്കുറിച്ച് ആഴത്തിലുള്ള പഠനമാണ്——
2. വേർതിരിച്ചറിയുക
   - വസ്തുനിഷ്ഠതയും വ്യക്തിനിഷ്ഠതയും
   - ശാസ്ത്രം ഒരു പ്രക്രിയയും അതേസമയം ഉൽപ്പന്നവുമാണ്.
   - താരതമ്യപഠനവും അന്തർസംസ്കാരതാരതമ്യരീതിയും
   - പ്രഥമികവിവരങ്ങളും ദ്വിതീയവിവരങ്ങളും
   - വിവരശേഖരണത്തിന്റെ രീതികളും സങ്കേതങ്ങളും
   - അഭിമുഖചോദ്യപ്പട്ടികയും ചോദ്യാവലിയും

3. ഒരു വെളിച്ചപ്പാടുമായി അഭിമുഖം നടത്തുന്നതിനുവേണ്ട ചോദ്യപ്പട്ടിക തയാറാക്കുക.
4. ഒരു വംശീയവിവരണപഠനം തയാറാക്കുന്നതിന് നിങ്ങൾ ഏതു തരത്തിലുള്ള നിരീക്ഷണമാണ് തിരഞ്ഞെടുക്കുക? എന്തുകൊണ്ട്?
5. വ്യത്യസ്തതരം നിരീക്ഷണങ്ങൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക. അതിൽ ഏതെങ്കിലും രണ്ടു തരം നിരീക്ഷണങ്ങളെക്കുറിച്ച് വിശദീകരിക്കുക.
6. ഒരു അഭിമുഖം നടത്താൻ ആവശ്യപ്പെട്ടാൽ അതിനുവേണ്ട എന്തെല്ലാം തയാറെടുപ്പുകളാണ് നിങ്ങൾ നടത്തുക. അഭിമുഖത്തിന്റെ പ്രധാന ഘട്ടങ്ങൾ ഏതൊക്കെയാണ്?
7. ഒരു ഗവേഷണരൂപരേഖയുടെ പ്രധാന ഘട്ടങ്ങൾ ഏതൊക്കെയാണ്?
8. നിങ്ങളുടെ സ്വന്തം കുടുംബത്തിന്റെയും അയൽക്കാരന്റെ കുടുംബത്തിന്റെയും വംശാവലിചാർട്ട് വരച്ച് കുടുംബങ്ങളുടെ തരം, താമസരീതി, പിന്തുടർച്ചാരീതി എന്നിവ താരതമ്യം ചെയ്യുക.
9. ഒരു ഗ്രാമത്തിന്റെ സാമൂഹിക-സാമ്പത്തിക സർവേ നടത്തുന്നതിനുവേണ്ട ചോദ്യാവലി തയാറാക്കുക. തുറന്ന ചോദ്യങ്ങളും അടഞ്ഞ ചോദ്യങ്ങളും ഉൾക്കൊള്ളുന്നതായിരിക്കണം അത്.
10. ഒരു വലിയ ജനസംഖ്യയെക്കുറിച്ചുള്ള ഒരു ഗണപരമായ പഠനം നടത്താൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ അതിന് നിങ്ങൾ ഏതു പഠനരീതിയാണ് തിരഞ്ഞെടുക്കുക? എന്തുകൊണ്ട്?

സാങ്കേതികപദങ്ങൾ

ദത്തം : ഗവേഷണത്തിനായി ശേഖരിക്കുന്ന എല്ലാ വിവരങ്ങളും.

ഗവേഷണം : നിലനിൽക്കുന്ന മനുഷ്യസാഹചര്യങ്ങളുടെ ഒരു പുനപ്പരി ശോധന.

ഗവേഷണരീതി : ഗവേഷണനിർവഹണവും അത് നടത്തുന്ന രീതിയും.

ഗവേഷണരീതിശാസ്ത്രം : ഗവേഷണത്തിന്റെ പിന്നിലുള്ള ശാസ്ത്രവും തത്ത്വ ശാസ്ത്രവും.

ശാസ്ത്രീയഗവേഷണം : സംഘടിതമായും ചിട്ടയായും നിലവിലുള്ള പ്രതിഭാസങ്ങളെ ക്കുറിച്ചുള്ള അന്വേഷണംവഴി പുതിയ കണ്ടുപിടിത്തത്തിനു വേണ്ടിയോ നിലവിലുള്ള അറിവിന്റെ പുനപ്പരിശോധനക്കു വേണ്ടിയോ ഉള്ള പഠനം.

സൂക്ഷ്മ സവിശേഷതാപഠനം : ഒരു സംഗതിയെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം.

റഫറൻസ്

ആഡംസ് ജോൺ, ഹാഫിസ് ടി.എ. ഖാൻ, റോബർട്ട് റേസെയ്സ് ആന്റ് ഡേവിഡ് വൈറ്റ്. 2007 റിസർച്ച് മെത്തേഡ്സ് ഫോർ ഗ്രാജുവേറ്റ് ബിസിനസ് ആന്റ് സോഷ്യൽ സയൻസ് സ്റ്റുഡൻസ്. ന്യൂഡൽഹി: റെസ്പോൺസ് ബുക്സ്.

ബർണാഡ്, റസ്സൽ എച്ച്. 2008. റിസർച്ച് മെത്തേഡ്സ് ഇൻ ആന്ത്രോപോളജി. ജെയ്പൂർ. റാവത്ത് പബ്ലിക്കേഷൻ

കാവേരി ആർ, സുധാ നായക് യു.കെ, ഗിരിജ എം. ആന്റ് മീനാക്ഷി ആർ. 2003. റിസർച്ച് മെത്തഡോളജി. ന്യൂഡൽഹി: എസ്. ചന്ദ്

ഡൻസിൻ നോർമാൻ കെ, ലിങ്കൺ യോന്ന എസ്, 2008. ദ ലാന്റ്സ്കേപ്പ് ഓഫ് ക്വാളിറ്റേറ്റീവ് റിസർച്ച്. ന്യൂഡൽഹി: സേജ്.

ഗുഡെ വില്യം ജെ. ആന്റ് ഹാറ്റ് പോൾ കെ. 2006 മെത്തേഡ്സ് ഇൻ സോഷ്യൽ റിസർച്ച്. ന്യൂഡൽഹി: സുർജിത്ത് പബ്ലിക്കേഷൻസ്.

ഹനിക്ക് മോണിക്ക്, ഇൻഗെ ഹട്ടർ ആന്റ് അജയ്ബെയലീ. 2011. ക്വാളിറ്റേറ്റീവ് റിസേർച്ച് മെത്തേഡ്സ്. ന്യൂഡൽഹി; സേജ്

പെൽട്ടോ, ജെ. പെർട്ടി ആന്റ് ഗ്രിട്ടെൽ എച്ച് പെൽട്ടോ. 1987. ആന്ത്രോപോളജിക്കൽ റിസേർച്ച് ആന്റ് സ്ട്രക്ചർ ഓഫ് എൻക്വയറി. കേംബ്രിഡ്ജ്: കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്.

സിൽവർമേൻ, ഡേവിഡ് (എഡിറ്റഡ്). 2012. ക്വാളിറ്റേറ്റീവ് റിസർച്ച് (3-ാം എഡിഷൻ). ന്യൂഡൽഹി. സേജ്

താണുലിംഗം.ടി.2000. റിസർച്ച് മെത്തഡോളജി. മുംബൈ; ഹിമാലയ

യങ്ങ്, പോളിൻ വി. 2009. സയന്റിഫിക് സോഷ്യൽ സർവേസ് ആന്റ് റിസർച്ച്. ന്യൂഡൽഹി: പി.എച്ച്.ഐ. ലേണിങ്.

യൂണിറ്റ്

II

സാംസ്കാരിക നരവംശശാസ്ത്ര സിദ്ധാന്തങ്ങൾ

F1N7B9

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- സാംസ്കാരികപരിണാമവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങളുടെ ധാരണകളും ആശയങ്ങളും തിരിച്ചറിയാനും പരിണാമവാദത്തിലെ വ്യത്യസ്ത ചിന്താസരണികൾ താരതമ്യം ചെയ്യാനും വർഗീകരിക്കാനും സാധിക്കുന്നു.
- സാംസ്കാരിക വ്യാപനവാദത്തിലെ സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ധാരണകളും ആശയങ്ങളും തിരിച്ചറിയാനും വ്യാപനവാദത്തിലെ വ്യത്യസ്ത ചിന്താസരണികൾ വർഗീകരിക്കാനും സാംസ്കാരികവികസനത്തിന്റെ അനുവൃത്ത വക്രരീതി ചിത്രീകരിക്കാനും സാധിക്കുന്നു.
- മലിനോവ്സ്കി നിർദേശിച്ച ധർമ്മവാദത്തിന്റെ പ്രായോഗികത സമർഥിക്കാനും ആവശ്യ സിദ്ധാന്തം വിശകലനം ചെയ്യാനും വിവിധ തലങ്ങളിലുള്ള ആവശ്യങ്ങൾ വേർതിരിച്ചറിയാനും കഴിയുന്നു.
- ഘടനാധർമ്മവാദം, ഘടനാവാദം എന്നിവയുടെ അടിസ്ഥാനാശയങ്ങൾ വേർതിരിച്ചറിയാൻ സാധിക്കുന്നു.
- സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധം വിശകലനം ചെയ്യാനും വ്യക്തിത്വരൂപീകരണത്തിലും വികാസത്തിലും സംസ്കാരത്തിന്റെ പങ്ക് അവലോകനം ചെയ്യാനും കഴിയുന്നു.

ഉള്ളടക്കം

സാംസ്കാരിക പരിണാമവാദം

- **ക്ലാസിക്കൽ പരിണാമവാദം:**

  ബ്രിട്ടീഷ് ക്ലാസിക്കൽ പരിണാമവാദം
  അമേരിക്കൻ ക്ലാസിക്കൽ പരിണാമവാദം
  ജർമൻ ക്ലാസിക്കൽ പരിണാമവാദം

- **നവ പരിണാമവാദം:**
  ബ്രിട്ടീഷ് നവ പരിണാമവാദം അമേരിക്കൻ നവ പരിണാമവാദം

- **സാംസ്കാരികപരിണാമത്തിന്റെ ഇനങ്ങൾ**

  ഏകരേഖീയപരിണാമം
  ബഹുരേഖീയപരിണാമം
  സാർവത്രികപരിണാമം

സാംസ്കാരിക വ്യാപനവാദം

- ബ്രിട്ടീഷ് വ്യാപനവാദം
- ജർമൻ വ്യാപനവാദം
- അമേരിക്കൻ വ്യാപനവാദം

ധർമ്മവാദം

ഘടനാധർമ്മവാദം

ഘടനാവാദം

സംസ്കാര വ്യക്തിത്വ ചിന്താസരണി



ഇന്ത്യയിലും ബാബിലോണിയയിലും പൂജ്യം കണ്ടുപിടിച്ചത് ഒരേ സമയത്താണെന്ന് നിങ്ങൾക്കറിയാമോ? ശാസ്ത്രമേഖലയിൽ ഒരേതരത്തിലുള്ള കണ്ടുപിടിത്തങ്ങൾ സാധാരണമാണ്. 1922-ൽ വില്യം ഓഗ്ബേണും ഡൊറോത്തി തോമസും അത്തരത്തിലുള്ള ആയിരത്തിനാൽപ്പത്തെട്ട് പ്രധാന കണ്ടുപിടിത്തങ്ങളുടെ ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്. www.newyorker.com മാഗസിൻ 12.05.2008 ൽ ഇതു പ്രസിദ്ധീകരിച്ചു. എടുത്തുപറഞ്ഞ അത്തരം ചില കണ്ടുപിടിത്തങ്ങൾ കാണുക:

- ന്യൂട്ടനും ലൈബ്നീസും കാൽക്കുലസ് കണ്ടുപിടിച്ചു.
- ചാൾസ് ഡാർവിനും ആൽഫ്രഡ് റസ്സൽ വാലസും പരിണാമം കണ്ടെത്തി.
- ചാൾസ് ക്രോസും ലൂയിസ് ഡൂകോസ് ഡുഹൗറോണും ഫ്രാൻസിൽ വെച്ച് ഒരേ സമയം കളർ ഫോട്ടോഗ്രാഫി കണ്ടുപിടിച്ചു
- ആറോളം വ്യക്തികൾ തെർമോമീറ്റർ കണ്ടുപിടിച്ചു.
- ടെലസ്കോപ്പിന്റെ കണ്ടുപിടിത്തത്തിന് ഒൻപതോളം അവകാശവാദക്കാർ ഉണ്ടായിരുന്നു.
- ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും പല വ്യക്തികൾ ഒരേസമയം ടൈപ്പ് റൈറ്റർ കണ്ടുപിടിച്ചിട്ടുണ്ടായിരുന്നു
- ആവിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തിന് ഫുൾടൺ, ജോഫ്രോയ്, റംസി, സ്റ്റീവൻസ്, സിമ്മിങ്ടൺ എന്നിവർ അവകാശവാദമുന്നയിച്ചു.

എങ്ങനെയാണിതു സംഭവിക്കുന്നത്? ഇത്തരം പ്രതിഭാസങ്ങളെ നരവംശശാസ്ത്രജ്ഞർ എങ്ങനെയാണ് കാണുന്നത്?

മുൻകാല നരവംശശാസ്ത്രജ്ഞരുടെ കാഴ്ചപ്പാടിൽ. ലോകത്താകമാനമുള്ള മനുഷ്യർ ഒരേ മാനസിക അടിത്തറയും അറിവിന്റെ മേഖലയുമാണ് പങ്കിടുന്നത്. ജർമൻ ആന്ത്രോപോളജിയുടെ പിതാവും ജർമൻ പരിണാമവാദിയുമായ ആഡോൾഫ് ബാസ്റ്റിയനാണ് ഈ സങ്കൽപ്പം ആദ്യമായി അവതരിപ്പിച്ചത്. ഇത് പിന്നീട് ഫ്രാൻസ് ബോസിലേക്കും തുടർന്ന് അവരുടെ ശിഷ്യരിലേക്കും വ്യാപിച്ചു. 19-ാം നൂറ്റാണ്ടിലെ സാംസ്കാരികപരിണാമവാദത്തിന് അടിത്തറപാകിയത് ഈ തത്ത്വമാണ്. പിൽക്കാല നരവംശശാസ്ത്രജ്ഞരായ റാഡ്ക്ലിഫ് ബ്രൗൺ, ജൂലിയൻ സ്റ്റിവാർഡ് തുടങ്ങിയവരെയും 'മനുഷ്യമനസ്സിന്റെ ഒത്തൊരുമ' (Psychic unity of Humankind) എന്ന ആശയം ഏറെ സ്വാധീനിച്ചു. നരവംശശാസ്ത്രത്തിൽ സാംസ്കാരികവ്യാപനവാദത്തിനും (Diffusionism) പിന്നീട് ഇത് അടിത്തറ പാകി. സാംസ്കാരികവ്യാപനവാദപ്രകാരം ഒരു സമൂഹത്തിലോ സ്ഥലത്തോ രൂപപ്പെടുന്ന സാംസ്കാരികഘടകങ്ങൾ മറ്റു സമൂഹങ്ങളിലേക്കും സ്ഥലങ്ങളിലേക്കും

വ്യാപിക്കുന്നു. സാംസ്കാരിക പരിണാമവാദികളും വ്യാപനവാദികളും യഥാക്രമം സ്വതന്ത്രമായ കണ്ടുപിടിത്തം, സംസ്കാരത്തിന്റെ വ്യാപനം എന്നീ ആശയങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്. അതായത് നരവംശശാസ്ത്രജ്ഞരുടെ അന്യസംസ്കാര പഠനങ്ങൾ കാലാന്തരങ്ങളിൽ വ്യത്യസ്ത കാഴ്ചപ്പാടുകളുടെ രൂപീകരണത്തിനു കാരണമായി. ഇത്തരം കാഴ്ചപ്പാടുകളെയാണ് ഇവിടെ പരിശോധിക്കുന്നത്.

മനുഷ്യസമൂഹത്തെയും സംസ്കാരത്തെയും സ്വഭാവത്തെയും മനസ്സിലാക്കുന്നതിന് മുൻകാല നരവംശശാസ്ത്രജ്ഞർ പിന്തുടർന്ന വഴികളെയാണ് ഈ അധ്യായത്തിൽ അനാവരണം ചെയ്യുന്നത്. ഇത് വിവിധങ്ങളായ നരവംശശാസ്ത്രസിദ്ധാന്തങ്ങൾക്ക് അടിത്തറ പാകി. സംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിന് നരവംശശാസ്ത്രജ്ഞരുടെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഏതൊക്കെയെന്നു നോക്കാം.

നരവംശശാസ്ത്രസിദ്ധാന്തം: ഉദ്ഭവവും വികാസവും (Origin and Development of Anthropological Theory)

നരവംശശാസ്ത്രത്തിന്റെ രൂപീകരണ കാലഘട്ടത്തിൽ ഗ്രീക്ക് തത്ത്വചിന്തകരുടെ സംഭാവനകൾ നിങ്ങൾ പഠിച്ചിട്ടുണ്ട്. നരവംശശാസ്ത്രചിന്തകളുടെ ഉൽഭവം ആദ്യകാല ഗ്രീക്ക് ചിന്തകരായ ഹെറൊഡോട്ടസ്, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കാലഘട്ടം മുതലുള്ളതാണ്. എന്നാൽ ജീവശാസ്ത്രപരവും സാംസ്കാരികവുമായ പരിണാമസിദ്ധാന്തങ്ങളിലൂടെ 19-ാം നൂറ്റാണ്ടോടുകൂടിയാണ് ഇതൊരു വിജ്ഞാനശാഖയായി വളർന്നുവന്നത്. നരവംശശാസ്ത്രത്തിന്റെ വളർച്ചയിൽ ചാൾസ് ഡാർവിൻ, ഇ.ബി. ടെയ്‌ലർ, എൽ. എച്ച്. മോർഗൺ എന്നിവരുടെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. ഫ്രാൻസ് ബോസ്, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ്, മലിനോവ്സ്കി, റാഡ്ക്ലിഫ് ബ്രൗൺ, ലെവി സ്ട്രോസ്, റൂത്ത് ബെനഡിക്ട്, മാർഗരറ്റ് മീഡ് തുടങ്ങിയവരുടെ സംഭാവനകളും പിന്നീട് മനുഷ്യസംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിൽ നിർണായകമായി. 19-ാം നൂറ്റാണ്ടിൽ വികസിപ്പിച്ച ആദ്യകാലസിദ്ധാന്തങ്ങളെ താഴെ കൊടുത്ത രീതിയിൽ തരംതിരിക്കാം.

- സാംസ്കാരിക പരിണാമവാദം
- ധർമ്മവാദം
- ഘടനാവാദം
- സാംസ്കാരിക വ്യാപനവാദം
- ഘടനാധർമ്മവാദം
- സംസ്കാര- വ്യക്തിത്വ ചിന്താസരണി

സാംസ്കാരിക പരിണാമവാദം (Cultural Evolutionism)

എന്താണ് പരിണാമം?

ലളിതരൂപത്തിൽനിന്നു സങ്കീർണരൂപത്തിലേക്കുള്ളതും ക്രമേണയുള്ളതുമായ മാറ്റമാണ് ഇതെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇത് ജൈവമേഖലയിലും സാംസ്കാരികമേഖലയിലും ഒരുപോലെ ബാധകമാണ്. ജൈവപരിണാമത്തിൽ ഒരു ജീവിയുടെ ശാരീരികഘടനയിൽ മാറ്റങ്ങൾ കാണപ്പെടുന്നു. അതുപോലെ സാംസ്കാരികപരിണാമത്തിൽ നമുക്ക് എവിടെയാണ് മാറ്റങ്ങൾ കാണാൻ സാധിക്കുന്നത്?

തീർച്ചയായും സംസ്കാരത്തിന്റെ വ്യത്യസ്ത മേഖലകളായ സാങ്കേതികവിദ്യ, സമ്പദ്‌വ്യവസ്ഥ, സാമൂഹിക-സ്ഥാപനങ്ങൾ, കല, സാഹിത്യം തുടങ്ങിയവയിൽ അത്തരം മാറ്റങ്ങൾ കാണാനാകും.

സാംസ്കാരികപരിണാമത്തെ കുറിച്ച് നരവംശശാസ്ത്രജ്ഞർക്കിടയിലുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ വ്യത്യസ്ത സാംസ്കാരിക പരിണാമസിദ്ധാന്തങ്ങൾക്ക് നിദാനമായി.

മനുഷ്യസംസ്കാരത്തിന്റെയോ സാമൂഹിക-സാംസ്കാരിക സ്ഥാപനങ്ങളുടെയോ വ്യത്യസ്തവും തുടർച്ചയുമായ രൂപങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ രൂപംകൊള്ളുന്ന പ്രക്രിയയായി സാംസ്കാരികപരിണാമത്തെ നിർവചിക്കാം.

സാംസ്കാരികപരിണാമവാദികളുടെ കാഴ്ചപ്പാടുകളും സംഭാവനകളും ക്ലാസിക്കൽ പരിണാമവാദികൾ, നവീനപരിണാമവാദികൾ എന്നിങ്ങനെ രണ്ടായി വർഗീകരിച്ച് ചർച്ചചെയ്യാവുന്നതാണ്. ഇവരെ ബ്രിട്ടീഷ്, അമേരിക്കൻ, ജർമൻ ക്ലാസിക്കൽ പരിണാമവാദികൾ എന്നും ബ്രിട്ടീഷ്, അമേരിക്കൻ നവീനപരിണാമവാദികൾ എന്നും വിഭജിച്ചിരിക്കുന്നു. താഴെ കൊടുത്ത ചാർട്ടിൽ ഇതു ചിത്രീകരിച്ചിരിക്കുന്നു.

ചിത്രം 2.1 പരിണാമവാദികളുടെ വർഗീകരണം



ക്ലാസിക്കൽ പരിണാമവാദം (Classical Evolutionism)

ഇ.ബി. ടെയ്‌ലർ, ജെയിംസ് ഫ്രേസർ, ആർ. ആർ. മേരറ്റ്, എൽ. എച്ച്. മോർഗൺ, ജെ.ജെ. ബക്കോഫൺ, അഡോൾഫ് ബാസ്റ്റിയൻ എന്നിവരാണ് ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രധാന വക്താക്കൾ. ഏകരേഖയിലൂടെ ഘട്ടം ഘട്ടമായി ലളിതമായ അവസ്ഥയിൽനിന്നു സങ്കീർണമായ അവസ്ഥയിലേക്ക് പരിണാമം നടക്കുന്നു എന്നു വിശ്വസിക്കുന്നതിനാൽ ഇവർ ഏകരേഖീയപരിണാമവാദികൾ (Unilincar Evolutionists) എന്നറിയപ്പെടുന്നു. ഇവരുടെ അഭിപ്രായത്തിൽ സംസ്കാരം അതിന്റെ ആദ്യഘട്ടമായ കാട്ടാളത്ത

ത്തിൽ നിന്ന് അപരിഷ്കൃതത്തിലേക്കും അവസാനം നാഗരികതയിലേക്കും വികാസം പ്രാപിച്ചു. സാംസ്കാരിക സമാന്തരതകളും (Cultural Parallel) സാംസ്കാരിക സാദൃശ്യങ്ങളും (Cultural Similarities) ഉണ്ടാവുന്നത് മനുഷ്യമനസ്സുകളുടെ ഒത്തൊരുമ (Psychic unity of Humankind) കാരണമാണെന്ന് ഇവർ കരുതുന്നു. ഇതുപ്രകാരം ലോകത്താകമാനമുള്ള മനുഷ്യമനസ്സുകൾ ഒരേ സാഹചര്യങ്ങളിൽ ഒരേ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ എല്ലാ ജനങ്ങളും അവരുടെ സമൂഹങ്ങളും ഒരേ വികാസപ്രക്രിയയിലൂടെ കടന്നുപോകുന്നു. മുൻപ് ചൂണ്ടിക്കാട്ടിയ പോലെ ഇന്ത്യക്കാരും ബാബിലോണിയക്കാരും മായൻ സംസ്കാരത്തിലുള്ളവരും ഒരേ കാലഘട്ടത്തിൽ പൂജ്യം കണ്ടുപിടിച്ചത് മനുഷ്യമനസ്സുകളുടെ സമാനതയ്ക്ക് ഒരുദാഹരണമായി കണക്കാക്കാം.

പൂജ്യത്തിന്റെ കണ്ടുപിടിത്തം പോലെ മനുഷ്യമനസ്സുകളുടെ സമാനതയ്ക്ക് തെളിവായി മറ്റ് ഉദാഹരണങ്ങൾ കണ്ടെത്തി ഒരു കുറിപ്പ് തയാറാക്കുക.

സാംസ്കാരികപരിണാമം ലളിതമായ അവസ്ഥയിൽനിന്നു സങ്കീർണമായ അവസ്ഥയിലേക്കുള്ള മാറ്റമാണെന്ന് നാം കണ്ടുകഴിഞ്ഞു. ഏകരേഖീയ പരിണാമവാദികൾ നിർദേശിക്കുന്ന മറ്റു ചില പ്രത്യേകതകൾ കൂടി നോക്കാം.

ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രത്യേകതകൾ

1. സംസ്കാരം മുഴുവനായോ സാമൂഹിക-സാംസ്കാരികസ്ഥാപനങ്ങളോ പരിണമിക്കുന്നത് ഏകരേഖീയരീതിയിലും ഘട്ടം ഘട്ടമായി കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത (Savagery, Barbarism, Civilization) എന്ന രീതിയിലുമാണ്.
2. സാംസ്കാരികപരിണാമത്തിന്റെ ഗതി ലളിതമായവയിൽ നിന്നു സങ്കീർണമായവയിലേക്കും സാദൃശ്യമുള്ളവയിൽ നിന്നു ഭിന്നമായവയിലേക്കും അനിശ്ചിതമായവയിൽ നിന്നു നിശ്ചിതമായവയിലേക്കും സജാതീയമായവയിൽനിന്നു വിജാതീയമായവയിലേക്കുമാണ്.
3. ചരിത്രപരമായ രീതിയിലൂടെയും (Historical Method) താരതമ്യരീതിയിലൂടെയും (Comparative Method) പരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ സ്ഥാപിക്കാൻ കഴിയും.
4. മനുഷ്യമനസ്സിന്റെ ഒത്തൊരുമയും സമാന്തര കണ്ടുപിടിത്തങ്ങളും സംസ്കാരത്തിലും സംസ്കാരഘടകത്തിലുമുള്ള സാദൃശ്യങ്ങൾക്കു കാരണങ്ങളാണ്.
5. സംസ്കാരത്തിന്റെ ഉയർന്ന ഘട്ടത്തിൽ മുൻഘട്ടങ്ങളിലെ ശേഷിപ്പുകൾകൂടി കണ്ടെത്താൻ കഴിയും. ഇതിനെ സാംസ്കാരിക അതിജീവനം (Cultural Survival) എന്നു വിളിക്കുന്നു. അത്തരം ശേഷിപ്പുകൾ മനുഷ്യസംസ്കാരത്തിന്റെ ആദ്യകാലഘട്ടങ്ങളെ വെളിവാക്കുന്നു.

മുൻപ് സൂചിപ്പിച്ചതു പോലെ ക്ലാസിക്കൽ പരിണാമവാദികളെ ദേശത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാവുന്നതാണ്. അവ ഓരോന്നും വിശദമായി പരിശോധിക്കാം.

ബ്രിട്ടീഷ് ക്ലാസിക്കൽ പരിണാമവാദം: ഇ.ബി. ടെയ്‌ലർ (1832 – 1917)

ഏകരേഖീയ സാംസ്കാരികവളർച്ചയെക്കുറിച്ച് പറയുന്നതിനാൽ ഇ.ബി. ടെയ്‌ലർ ഏകരേഖീയ സാംസ്കാരികവാദി എന്നറിയപ്പെടുന്നു. സംസ്കാരം പരിണമിച്ചത് ഏകരേഖീയരീതിയിലും ഘട്ടം ഘട്ടമായും, ലളിതമായവയിൽനിന്നു സങ്കീർണമായവയിലേക്കുമാണെന്ന് ഏകരേഖീയ പരിണാമവാദം വ്യക്തമാക്കുന്നു. ഇതുപ്രകാരം മനുഷ്യസംസ്കാരം വികസിച്ചത് കാട്ടാളത്തത്തിൽനിന്ന് അപരിഷ്കൃതത്വത്തിലേക്കും തുടർന്ന് നാഗരികതയിലേക്കുമാണ്.

കാട്ടാളത്തം ⟶ അപരിഷ്കൃതത്വം ⟶ നാഗരികത

സംസ്കാരമെന്ന ആശയത്തിന് ടെയ്‌ലർ നൽകിയ സംഭാവന പരിഗണിച്ച് അദ്ദേഹത്തെ ആധുനിക നരവംശശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നു. തന്റെ 'പ്രിമിറ്റീവ് കൾച്ചർ' (1871) എന്ന പുസ്തകത്തിൽ അദ്ദേഹം സംസ്കാരത്തിന് മഹത്തായ നിർവചനം നൽകി: "സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ ആർജിച്ചെടുത്ത അറിവ്, വിശ്വാസം, കല, സദാചാരം, നിയമം, ആചാരം എന്നിവയും മറ്റു കഴിവുകളും ശീലങ്ങളും ഉൾപ്പെടുന്ന സങ്കീർണമായ അവസ്ഥയാണ് സംസ്കാരം."

ഇ.ബി.ടെയ്‌ലർ പരിശീലനത്തിലൂടെയല്ല നരവംശശാസ്ത്രജ്ഞനായത്. അദ്ദേഹം സ്വകാര്യമായാണ് വിദ്യാഭ്യാസം നേടിയത്. ബ്രിട്ടീഷ് സർവകലാശാലയിൽ ഉന്നതപദവിയിൽ ഇരുന്ന ആദ്യവ്യക്തിയാണദ്ദേഹം. ഓക്സ്ഫോഡ് സർവ കലാശാലയിൽ ലക്ചററായും റീഡർ ആയും പിന്നീട് പ്രൊഫസറായും അദ്ദേഹം സേവന മനുഷ്ഠിച്ചു. 1856ൽ അദ്ദേഹം മെക്സിക്കോ സന്ദർശിക്കുകയും പെരിഗോൾഡ് ഗുഹയുടെ പര്യവേക്ഷണത്തിന് സാക്ഷിയാവുകയും ചെയ്തു. ആദ്യ പുസ്തകമായ മെക്സിക്കോ ആന്റ് ദി മെക്സിക്ക ൻസ് 1861 ൽ പ്രസിദ്ധീകരിക്കുന്നതിന് ഇത് കാരണമായി. 'റിസർച്ച് ഇൻ ടു ദി ഏർളി ഹിസ്റ്ററി ഓഫ് മാൻകൈന്റ് ആന്റ് ഡവലപ്മെന്റ് ഓഫ് സിവിലൈസേഷൻ' (1965) എന്ന കൃതിയിൽ ടെയ്‌ലർ പരിണാമവുമായി ബന്ധപ്പെട്ട തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്.

ടെയ്‌ലറുടെ സിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്ന അടിസ്ഥാന ആശയമാണ് സാംസ്കാരികത്തുടർച്ച. മനുഷ്യരാശി ഒന്നടങ്കം സാംസ്കാരിക പരിണാമപ്രക്രിയയിലൂടെ പുരാതനവും ചരിത്രാതീതവുമായ ഘട്ടത്തിൽനിന്നു മധ്യഘട്ടത്തിലേക്കും അവസാനമായി ഇന്ന് ലോകം എത്തിനിൽക്കുന്ന കൂടുതൽ പുരോഗതിയാർജിച്ച നാഗരികതയിലേക്കും എത്തിച്ചേർന്നു.

ടെയ്‌ലറുടെ അഭിപ്രായത്തിൽ ആനിമിസ (ആത്മാവിലുള്ള വിശ്വാസം) മാണ് ആദ്യകാല വിശ്വാസത്തിന്റെ രൂപം. തുടർന്ന് അത് ബഹുദൈവാരാധനയിലേക്കും ആധുനികകാലത്ത് കാണപ്പെടുന്ന ഏകദൈവാരാധനയിലേക്കും വികസിച്ചു.

ആത്മാവിലുള്ള വിശ്വാസം ⟶ ബഹുദൈവാരാധന ⟶ ഏകദൈവാരാധന

ഭൗതികസംസ്കാരം ശിലായുഗം, വെങ്കലയുഗം, ഇരുമ്പുയുഗം എന്നീ ഘട്ടങ്ങളിലൂടെയാണ് വികസിച്ചത് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

ശിലായുഗം ⟶ വെങ്കലയുഗം ⟶ ഇരുമ്പുയുഗം

ജെയിംസ് ഫ്രേസറുടെ കാഴ്ചപ്പാടിൽ എല്ലാ സമൂഹങ്ങളും തുടർച്ചയായ മൂന്ന് ഘട്ടങ്ങളിലൂടെയാണ് വികസിച്ചത്. മന്ത്രവാദം, മതം, ശാസ്ത്രം എന്നിവയാണവ. തനിക്ക് ചുറ്റും സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് പുരാതനമനുഷ്യൻ അജ്ഞാതനായിരുന്നു. മന്ത്രവാദത്തിന് പ്രകൃതിയെയടക്കം എല്ലാറ്റിനെയും നിയന്ത്രിക്കാനാവുമെന്ന് അവർ വിശ്വസിച്ചു.

മന്ത്രവാദം ⟶ മതം ⟶ ശാസ്ത്രം

അമേരിക്കൻ ക്ലാസിക്കൽ പരിണാമവാദം: എൽ.എച്ച്. മോർഗൺ (1818 – 1881)

എൽ. എച്ച്. മോർഗൺ തന്റെ 'ആൻഷ്യന്റ് സൊസൈറ്റി' (1877) എന്ന പുസ്തകത്തിൽ സാംസ്കാരികപുരോഗതിയെ മൂന്ന് പ്രധാനഘട്ടങ്ങളായി വിഭജിച്ചു. കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത എന്നിവയാണവ. ആദ്യ രണ്ടു ഘട്ടങ്ങളെ പ്രാചീനം, മധ്യം, ഉപരി എന്നീ ഉപവിഭാഗങ്ങളായി വീണ്ടും തരംതിരിച്ചു. ഈ നരവംശഘട്ടങ്ങളെയും ഉപവിഭാഗങ്ങളെയും തത്തുല്യമായ സാങ്കേതികവികാസത്തെയും താഴെ കൊടുത്ത രീതിയിൽ മോർഗൺ വർഗീകരിച്ചിരിക്കുന്നു.

എൽ.എച്ച്. മോർഗൺ (1818–1881) ന്യൂയോർക്കിലാണ് ജനിച്ചത്. അദ്ദേഹം നിയമം പഠിക്കുകയും പിന്നീട് അമേരിക്കൻ ഗോത്രസമൂഹമായ ഇറോക്വീസ് ഇന്ത്യന്റെ പഠനത്തിൽ താൽപ്പര്യം ജനിക്കുകയും ചെയ്തു. ഇറോക്വീസ് ഇന്ത്യൻ സമൂഹം ത്വരിതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അത് റെക്കോർഡ് ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കി. ഇറോക്വീസ് സംസ്കാരത്തെ കുറിച്ചുള്ള അറിവുകൾ അദ്ദേഹം ശേഖരിക്കുകയും 'ലീഗ് ഓഫ് ദി ഇറോക്വീസ്' (1851) എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. 1871– ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പ്രശസ്ത പുസ്തകമായ 'ആൻഷ്യന്റ് സൊസൈറ്റി'യിൽ മനുഷ്യചരിത്രത്തെ മൂന്ന് പ്രധാന നരവംശഘട്ടങ്ങളായി വിഭജിച്ചു- കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത. ആദ്യ രണ്ടു കാലഘട്ടങ്ങളെയും അദ്ദേഹം പ്രാചീനം, മധ്യം, ഉപരി എന്നിങ്ങനെ വീണ്ടും വിഭജിച്ചു. കാൾ മാർക്സിന് മോർഗന്റെ ആൻഷ്യന്റ് സൊസൈറ്റിയുടെ പതിപ്പ് ലഭിക്കുകയും ചരിത്രത്തിന് അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങൾക്ക് ഉപോദ്ബലകമായി ഈ പുസ്തകത്തെ കാണുകയും ചെയ്തു. മാർക്സിന്റെ മരണശേഷം, അദ്ദേഹം നിർദേശിച്ചിരുന്നതു പ്രകാരം ഏംഗൽസ് 1884– ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'ഒറിജിൻ ഓഫ് ഫാമിലി, പ്രൈവറ്റ് പ്രോപ്പർട്ടി ആന്റ് ദി സ്റ്റേറ്റ് ഇൻ ദി ലൈറ്റ് ഓഫ് റിസർച്ചസ് ഓഫ് ലൂയിസ് ഹെൻറി മോർഗൺ'.

	നരവംശഘട്ടങ്ങൾ	സാങ്കേതികവികാസം
1.	പ്രാചീന കാട്ടാളത്തം	സംസാരരീതിയുടെ ആവിർഭാവം, കായ്കനികൾ ഭക്ഷിച്ചുകൊണ്ടുള്ള ഉപജീവനം
2.	മധ്യ കാട്ടാളത്തം	മീൻപിടിത്തവും തീയുടെ ഉപയോഗവും
3.	ഉപരി കാട്ടാളത്തം	അമ്പിന്റെയും വില്ലിന്റെയും കണ്ടുപിടിത്തം
4.	പ്രാചീന അപരിഷ്കൃതത്വം	മൺപാത്രനിർമ്മാണത്തിന്റെ തുടക്കം
5.	മധ്യ അപരിഷ്കൃതത്വം	കൃഷിയുടെ കണ്ടുപിടിത്തവും മൃഗപരിപാലനവും
6.	ഉപരി അപരിഷ്കൃതത്വം	ഇരുമ്പയിര് വേർതിരിച്ചെടുക്കലും ഇരുമ്പായുധങ്ങളുടെ നിർമ്മാണവും
7.	നാഗരികത	അക്ഷരവിദ്യയുടെയും എഴുത്തിന്റെയും കണ്ടുപിടിത്തം

മോർഗൺ ഇറോക്വീസ് ഇന്ത്യൻസിനെക്കുറിച്ച് വിശദമായി പഠിക്കുകയും 1851 ൽ 'ലീഗ് ഓഫ് ദി ഇറോക്വീസ്' (1851) എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. പിന്തുടർച്ചാനിയമങ്ങളെ കുറിച്ച് അന്വേഷിക്കുന്ന സമയത്ത് ബന്ധുക്കൾക്ക് പേരു നൽകുന്ന രീതിയിൽ അദ്ദേഹത്തിന് കൗതുകം തോന്നി. ഇറോക്വീസ് സംസ്കാരത്തിൽ ഒരാളുടെ അമ്മയുടെ സഹോദരിയെ അമ്മ എന്നും അച്ഛന്റെ സഹോദരനെ അച്ഛൻ എന്നും അമ്മൂമ്മയുടെ സഹോദരിയെ അമ്മൂമ്മ തുടങ്ങിയ രീതിയിലുമാണ് വിളിച്ചിരുന്നത്. സഹോദരിമാരുടെ മക്കൾ പരസ്പരം സഹോദരൻ, സഹോദരി എന്നിങ്ങനെയാണ് വിളിച്ചിരുന്നത്. മോർഗൺ ഇതിനെ 'വർഗീകരണാരമക ബന്ധുത്വരീതി' (Classificatory Kinship System) എന്നു വിളിച്ചു. ഇതിനു വിപരീതമായി 'വിവരണാത്മകരീതി'യിൽ (Descriptive system) ഓരോ ബന്ധത്തെയും സൂചിപ്പിക്കുന്നതിനായി ഓരോ പദം ഉപയോഗിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിന് ലഭിച്ച വിവരങ്ങൾ പ്രകാരം ഇന്ത്യയിൽ തമിഴ്വംശത്തിൽപ്പെട്ടവർ വർഗീകരണാരമകരീതി ഉപയോഗിക്കുന്നതായി മനസ്സിലായി. ഇതുവഴി അമേരിക്കൻ ഇന്ത്യൻ ഗോത്രങ്ങളുടെ ഉദ്ഭവം ഏഷ്യയിലാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിചേർന്നു.

ബന്ധുത്വത്തിലെ വർഗീകരണാത്മകവും വിവരണാത്മകവുമായ രീതികൾ നമ്മുടെ സമൂഹങ്ങളിലും കണ്ടുവരുന്നുണ്ട്. അത്തരം ബന്ധുത്വപദങ്ങൾ കണ്ടെത്തുകയും അതിന്റെ പദാവലി തയാറാക്കുകയും ചെയ്യുക.

ജർമൻ ക്ലാസിക്കൽ പരിണാമവാദം (കോണ്ടിനെന്റൽ പരിണാമവാദം): ജോൺ ജേക്കബ് ബക്കോഫൻ (1815–1877)

ജെ.ജെ.ബക്കോഫൻ ഒരു കോണ്ടിനെന്റൽ പരിണാമവാദിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാതൃദായ പിന്തുടർച്ചയിലാണ് (Matrilineal) ആദ്യകാലങ്ങളിൽ ബന്ധുത്വം തിരിച്ചറിഞ്ഞിരുന്നത്. എന്നാൽ ബന്ധുത്വപിന്തുടർച്ചയുടെ പിതൃദായരീതി (Patrilineal) പിന്നീടുണ്ടായ മാറ്റമായാണ് അദ്ദേഹം കരുതുന്നത്. മാതൃദായക്രമം (Matriarchy)

രണ്ടാം ഘട്ടത്തിലെ വികസിതരൂപമാണെന്നും അതിന് മുൻപ് ഹെറ്ററിസം അഥവാ ലൈംഗികാരാജകത്വ (Sexual communism) മാണ് നിലവിലുണ്ടായിരുന്നതെന്നുമാണ് ബക്കോഫൻ നിരീക്ഷിക്കുന്നത്. ഇന്നു കാണുന്ന ഏകവിവാഹം (Monogamy), ബഹുഭർതൃത്വം (Polyandry), ബഹുഭാര്യത്വം (Polygamy) എന്നിവയിലൂടെ പരിണമിച്ചാണുണ്ടായത്. മാതൃദായപിന്തുടർച്ചാ സമൂഹങ്ങളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ തന്റെ മദർ റൈറ്റ് (ദാസ് മുട്ടറെഷ്) (1861) എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പിതൃദായക്രമം വികസിപ്പിച്ച രീതിയും വ്യക്തമാക്കുന്നു.

ലൈംഗികാരാജകത്വം ⟶ മാതൃദായക്രമം ⟶ പിതൃദായക്രമം

ആദ്യഘട്ടത്തിൽ സ്ത്രീകളെ ഉപഭോഗവസ്തു മാത്രമായാണ് പരിഗണിച്ചിരുന്നത്. അമ്മവഴിയായി പിന്തുടർച്ചക്രമം പാലിക്കാൻ തുടങ്ങിയതോടെ സ്ത്രീകൾക്ക് അധികാരം ലഭിക്കാനിടയായതായി കരുതുന്നു. താമസം മാതൃസ്ഥലീയ (Matrilocal)മാവുകയും സ്വത്ത വകാശം അമ്മയിൽനിന്ന് മകളിലേക്ക് കൈമാറുകയും ചെയ്യാൻ തുടങ്ങി. മാതൃദായ പിന്തുടർച്ച പിതൃദായ പിന്തുടർച്ചയായി മാറുന്നതോടെ പുരുഷാധിപത്യം ഉടലെടുത്തു.

സാംസ്കാരികവ്യവസ്ഥ അഥവാ നിയമങ്ങൾ കണ്ടെത്താമെന്നുള്ള കാഴ്ചപ്പാടിലൂടെയാണ് 19-ാം നൂറ്റാണ്ടിലെ പരിണാമവാദികൾ സാംസ്കാരികപരിണാമത്തെക്കുറിച്ച് സംസാരിച്ചത്. എന്നാൽ ഈ കണ്ടെത്തലുകൾ 20-ാം നൂറ്റാണ്ടിലെ പരിണാമവാദികൾ പരിഷ്കരിച്ചു. ഇവർ നവപരിണാമവാദികൾ എന്നറിയപ്പെടുന്നു. ഇതെന്താണെന്ന് നമുക്ക് നോക്കാം

നവപരിണാമവാദം (Neo Evolutionism)

നവപരിണാമവാദികൾ ഏകരേഖീയപരിണാമത്തെ അംഗീകരിക്കാൻ തയാറായില്ല. ക്ലാസിക്കൽ പരിണാമസിദ്ധാന്തത്തിന്റെ പരിമിതികൾ പരിഹരിക്കാനായി ഇവർ പുതിയ ക്രമം നിർദേശിച്ചു. സംസ്കാരം വികസിച്ചത് ഏകരേഖീയ രീതിയിലല്ലെന്നും അനുവൃത്തവക്ര (Parabolic Curve) രീതിയിലാണെന്നും ഇവർ വാദിച്ചു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ ഒരു നിശ്ചിതരൂപത്തിൽ സാമൂഹികസ്ഥാപനം ഉടലെടുക്കുന്നു. അടുത്ത ഘട്ടത്തിൽ തീർത്തും വ്യത്യസ്തമായ രൂപത്തിലേക്ക് ഇത് വഴിമാറുന്നു. വീണ്ടും അത് യഥാർഥ രൂപത്തിന്റെ പരിഷ്കൃതരൂപത്തിലേക്ക് രൂപാന്തരം പ്രാപിക്കുന്നു.

ഉദാഹരണമായി, പൊതുവായ സ്വത്തവകാശം വ്യക്തിഗത സ്വത്തവകാശമായി രൂപപ്പെട്ടു. ആധുനികകാലത്ത് പൊതുവായ സ്വത്തവകാശമെന്ന ആശയം വീണ്ടും വളർന്നുവരുന്നുണ്ട്. ഇതേപോലെ ആദ്യകാലത്ത് മനുഷ്യർ വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നില്ല. വസ്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടെ വസ്ത്രങ്ങൾകൊണ്ട് ശരീരം മറയ്ക്കുന്ന രീതി നിലവിൽ വന്നു. എന്നാൽ ഇന്ന് വീണ്ടും ഫാഷന്റെയും മറ്റും ഭാഗമായി അൽപ്പമാത്രവസ്ത്രധാരണം (Nudism) സാധാരണമാവുകയാണ്.

ലൈംഗികബന്ധങ്ങളുടെ കാര്യത്തിലും ഇത്തരം പ്രവണത കാണാവുന്നതാണ്. സംസ്കാരത്തിന്റെ ആദ്യഘട്ടത്തിൽ ലൈംഗിക അരാജകത്വം നിലനിന്നിരുന്നു. വ്യത്യസ്ത

ഘട്ടങ്ങളിലെ പരിണാമത്തിലൂടെ ഏകവിവാഹരീതി നിലവിൽ വരുകയും ആധുനികകാലത്ത് വീണ്ടും ലൈംഗികസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മുറവിളികൾ ഉയരുകയും ചെയ്യുന്നു. ഈ ഉദാഹരണങ്ങൾ താഴെ കൊടുത്ത ഗ്രാഫിൽ ചിത്രീകരിച്ചിരിക്കുന്നു.



ചിത്രം 2.2 അനുവൃത്ത വക്രരീതിയിലുള്ള പരിണാമം

മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പരിണാമം ഏകരേഖീയരീതിയിലല്ല, മറിച്ച്, അനുവൃത്തവക്രരീതിയിലാണെന്ന് നാം കണ്ടുകഴിഞ്ഞു. ചില ഉദാഹരണങ്ങൾ മുകളിൽ കൊടുത്തിരിക്കുന്നു. സമാനമായ ഉദാഹരണങ്ങൾ കണ്ടെത്തുകയും ഒരു അനുവൃത്തവക്രം വരയ്ക്കുകയും ചെയ്യുക.

ദേശത്തിന്റെ അടിസ്ഥാനത്തിൽ നവപരിണാമവാദത്തിന്റെ വക്താക്കളെ വർഗീകരിക്കാവുന്നതാണ്. നവീനപരിണാമസിദ്ധാന്തത്തിന്റെ പ്രധാന വക്താക്കളാണ് ബ്രിട്ടനിലെ വി.ഗോർഡൻ ചൈൽഡ്, അമേരിക്കയിലെ ജൂലിയൻ സ്റ്റിവാർഡ്, ലെസ്ലി എ. വൈറ്റ് എന്നിവർ. ഇതിൽ നവീനശിലായുഗവിപ്ലവം എന്ന ആശയം നിർദേശിച്ച പുരാവസ്തുശാസ്ത്രജ്ഞനായ വി.ഗോർഡൻ ചൈൽഡിനെ നിങ്ങൾക്ക് പരിചയമുണ്ട്. നവപരിണാമവാദി എന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ നമുക്ക് പരിശോധിക്കാം.

ബ്രിട്ടീഷ് നവപരിണാമവാദം: വി.ഗോർഡൻ ചൈൽഡ്

ബ്രിട്ടീഷ് നവപരിണാമവാദത്തിന്റെ ഏക മുൻഗാമിയും പരിശീലനം ലഭിച്ച പുരാവസ്തുഗവേഷകനുമാണ് വി.ഗോർഡൻ ചൈൽഡ്. അദ്ദേഹത്തിന്റെ പുസ്തകമായ സോഷ്യൽ ഇവല്യൂഷനിൽ (1951) സാംസ്കാരികപരിണാമത്തെ പ്രധാന മൂന്നു സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശദമാക്കുന്നു.

- ഭക്ഷ്യോൽപ്പാദനം
- നഗരവൽക്കരണം
- വ്യവസായവൽക്കരണം

ചൈൽഡിന്റെ അഭിപ്രായത്തിൽ മനുഷ്യസമൂഹത്തിന്റെ പരിണാമം സംഭവിച്ചത് ഈ മൂന്നു സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുന്നോട്ടു വച്ച പുരാവസ്തുവിജ്ഞാനീയ (വംശവിജ്ഞാനീയ) കാലഘട്ടത്തിന്റെ പരിണാമവും തത്തുല്യമായ സാംസ്കാരികപുരോഗതിയും താഴെ കൊടുക്കുന്നു

	പുരാവസ്തുവിജ്ഞാനീയ (വംശവിജ്ഞാനീയ) കാലഘട്ടങ്ങൾ	സാംസ്കാരികപുരോഗതി
1.	പുരാതനശിലായുഗം	കാട്ടാളത്തം
2.	നവീനശിലായുഗം	അപരിഷ്കൃതത്വം
3.	ചെമ്പുയുഗം	ഉപരി അപരിഷ്കൃതത്വം
4.	ആദ്യകാലവെങ്കലയുഗം	നാഗരികത

മുകളിൽ നൽകിയ പരിണാമഘട്ടങ്ങൾ സൂചിപ്പിക്കുന്നത് ടെയ്‌ലറുടെയും മോർഗന്റെയും പരിണാമവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ ചൈൽഡിനെ വളരെയേറെ സ്വാധീനിച്ചിരുന്നു എന്നാണ്. മനുഷ്യരുടെ മുഴുവൻ സാംസ്കാരികപരിണാമത്തെ കുറിച്ചാണ് അദ്ദേഹം ചർച്ചചെയ്തത് എന്നതിനാൽ അദ്ദേഹം സാർവത്രികപരിണാമവാദി (Universal Evolutiotionist) എന്നറിയപ്പെടുന്നു. മനുഷ്യവംശത്തിനു മുഴുവൻ ബാധകമായ രീതിയിൽ പൊതുവായ പരിണാമഘട്ടങ്ങളാണ് അദ്ദേഹം മുന്നോട്ടു വച്ചത്, അല്ലാതെ പ്രാദേശിക പാരിസ്ഥിതികഘടകങ്ങളാൽ നിർണയിക്കപ്പെടുന്ന പ്രത്യേകസംസ്കാരത്തെയല്ല.

ചൈൽഡിന്റെ അഭിപ്രായത്തിൽ സാംസ്കാരികപുരോഗതിയുടെ ഓരോ ഘട്ടത്തിലും മനുഷ്യർ സാങ്കേതികമാറ്റങ്ങളിലൂടെ കടന്നുപോയി. കാട്ടാളത്തഘട്ടത്തിൽ വേട്ടയാടലും ഭക്ഷ്യവസ്തുശേഖരണവുമായിരുന്നു എങ്കിൽ അപരിഷ്കൃതത്തിൽ മൃഗങ്ങളെ ഇണക്കിവളർത്തലും കൃഷിയുടെ കണ്ടുപിടുത്തവും മാറ്റങ്ങൾ വരുത്തി. ഉപരി അപരിഷ്കൃതത്വത്തിൽ അയിരുകൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയകളും ലോഹങ്ങൾ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണവുമായിരുന്നു. നാഗരികതയുടെ പ്രത്യേകതകളാണ് നഗരങ്ങളുടെ വളർച്ചയും എഴുത്തുവിദ്യയുടെയും സാഹിത്യരൂപങ്ങളുടെയും ഉത്ഭവവും.

ചൈൽഡ് തന്റെ പഠനത്തിനായി പുരാവസ്തുവിജ്ഞാനീയ ദത്തങ്ങൾ സാർവത്രിക സാംസ്കാരികപരിണാമത്തെ മനസ്സിലാക്കാനായി ഉപയോഗിച്ചു. അമേരിക്കൻ നവപരിണാമവാദിയായ ജൂലിയൻ സ്റ്റിവാർഡ് സാംസ്കാരികപരിണാമത്തിന്റെ വിവിധ തരങ്ങൾ അഥവാ ത്രിതല വർഗീകരണം (Typology of Cultural Evalution) അവതരിപ്പിച്ചു.

അമേരിക്കൻ നവപരിണാമവാദം : ജൂലിയൻ സ്റ്റിവാർഡ്

ജൂലിയൻ സ്റ്റിവാർഡ് സാംസ്കാരികപരിണാമ പഠനങ്ങൾക്ക് അതുല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകമായ തിയറി ഓഫ് കൾച്ചർ ചേയ്ഞ്ച് (1955) എന്ന പുസ്തകത്തിൽ സാംസ്കാരികപരിണാമത്തിന്റെ വിവിധ തരങ്ങൾ (ത്രിതല വർഗീകരണം) (Typology of Cultural Evalution) താഴെ കൊടുത്ത പ്രകാരം നിർദേശിക്കുന്നു:

1. ഏകരേഖീയപരിണാമം (Unilinear Evolution)
2. സാർവത്രികപരിണാമം (Universal Evolution)
3. ബഹുരേഖീയപരിണാമം (Multilinear Evolution)

ഏകരേഖീയപരിണാമം : ഇതുപ്രകാരം സംസ്കാരം വ്യത്യസ്തവും തുടർച്ചയായതുമായ വികാസഘട്ടങ്ങളിലൂടെ കടന്നുപോവുകയും ലളിതരൂപങ്ങൾ സങ്കീർണരൂപമായും ഏകരൂപമായവ ബഹുരൂപങ്ങളായും മാറുന്നതായി അവകാശപ്പെടുന്നു. ക്ലാസിക്കൽ പരിണാമവാദികളായ ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൺ തുടങ്ങിയവരെ ഏകരേഖീയപരിണാമവാദികളായി കണക്കാക്കുന്നു.

ബഹുരേഖീയപരിണാമം : ബഹുരേഖീയപരിണാമവാദികൾ വ്യക്തിഗതമായ (വ്യതിരിക്തമായ) സംസ്കാരങ്ങളിൽ താൽപ്പര്യമുള്ളവരാണ്. ജൂലിയൻ സ്റ്റിവാർഡ് ബഹുരേഖീയ പരിണാമവാദികളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, എല്ലാ സംസ്കാരങ്ങളും ഒരേ വികാസഘട്ടങ്ങളിലൂടെയല്ല കടന്നുപോയിട്ടുള്ളത്, മറിച്ച് വ്യത്യസ്ത മേഖലകളിൽ അവയുടെ ഘട്ടങ്ങളും വ്യത്യസ്തമാണ്. ഉദാഹരണമായി, വ്യത്യസ്തമായ പാരിസ്ഥിതിക ചുറ്റുപാടുകൾ കാരണം ഹിമപ്രദേശത്തെയും, മരുപ്രദേശത്തെയും, വനപ്രദേശത്തെയും, സമതലപ്രദേശത്തെയും സാംസ്കാരികവികാസത്തിന്റെ ഗതികളും വ്യത്യസ്തമാണ്. സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം പഠിക്കാനായി സാംസ്കാരിക പരിസ്ഥിതിപഠന (Cultural Ecology)മെന്ന രീതിയും അദ്ദേഹം നിർദേശിക്കുന്നു (യൂണിറ്റ് 5-ൽ ഇത് വ്യക്തമാക്കുന്നു). സ്റ്റിവാർഡിന്റെ അഭിപ്രായത്തിൽ ലോകം മുഴുവനുമുള്ള സാംസ്കാരികപരിണാമത്തിന്റെ വിവിധഘട്ടങ്ങൾ ഏകരൂപത്തിലുള്ളതല്ല.

സാർവത്രികപരിണാമം : ലോകം മുഴുവനായുള്ള സംസ്കാരപരിണാമത്തെ സംബന്ധിച്ചുള്ളതാണിത്. വ്യക്തിഗത സംസ്കാരങ്ങളെക്കാളുപരി മനുഷ്യവംശത്തിന്റെ മുഴുവൻ സംസ്കാരത്തെയും അത് പരിഗണിക്കുന്നു. ഈ കാഴ്ചപ്പാട് പ്രകാരം പരിണാമമെന്നത് ഒരു സാർവത്രികപ്രതിഭാസമാണ്. പുരാതനസംസ്കാരമാവട്ടെ, പുരോഗമനസംസ്കാരമാവട്ടെ, എല്ലാ സംസ്കാരങ്ങളും പരിണാമമെന്ന പ്രക്രിയയിലൂടെ കടന്നുപോവുന്നു. ബ്രിട്ടനിലെ വി.ഗോർഡൻ ചൈൽഡും അമേരിക്കയിലെ ലെസ്ലി എ. വൈറ്റും സാർവത്രികപരിണാമവാദികളാണ്.

ലെസ്ലി എ. വൈറ്റ്

വൈറ്റിന്റെ അഭിപ്രായത്തിൽ സംസ്കാരം വികസിക്കുന്നത് പ്രതിവർഷ, പ്രതിശീർഷ ഊർജ ഉപഭോഗം വർധിക്കുമ്പോഴാണ്. മനുഷ്യന്റെ പുരോഗതി ഊർജ ഉപഭോഗത്തിന് ആനുപാതികമായാണ് സംഭവിക്കുന്നത്. അതായത് സാങ്കേതികപുരോഗതിക്ക് തത്തുല്യമായാണ് സംസ്കാരം പുരോഗതി പ്രാപിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട തത്ത്വം താഴെ കൊടുത്ത സൂത്രവാക്യപ്രകാരം വ്യക്തമാക്കാവുന്നതാണ്.

$$E \times T = C$$

E = Energy T=Technology C = Culture development

അദ്ദേഹത്തിന്റെ പുസ്തകമായ 'ഇവല്യൂഷൻ ഓഫ് കൾച്ചർ' (1959) നവീനപരിണാമവാദവുമായി ബന്ധപ്പെട്ട സൈദ്ധാന്തികവശങ്ങൾ അവതരിപ്പിക്കുന്നു. വൈറ്റിനെ സംബന്ധിച്ച് സാമൂഹിക-സാംസ്കാരികവ്യവസ്ഥ മൂന്നു തലങ്ങൾ ഉൾക്കൊള്ളുന്നതാണ്.



സാങ്കേതിക-സാമ്പത്തിക തലം : സാങ്കേതികവും സാമ്പത്തികവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും ആയുധങ്ങളും ഇതിൽ ഉൾപ്പെടുന്നു.

സാമൂഹ്യതലം : സാമൂഹിക-സ്ഥാപനങ്ങളായ കുടുംബം, വിവാഹം, ബന്ധുത്വം, രാഷ്ട്രീയം, മതം, ആചാരങ്ങൾ, നിയമങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

ആശയതലം : ആശയങ്ങൾ, വിശ്വാസങ്ങൾ, അറിവുകൾ, മൂല്യങ്ങൾ, സദാചാരങ്ങൾ, ഭാവാവിഷ്കാരം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

ക്ലാസിക്കൽ പരിണാമവാദത്തിന്റെയും നവീനപരിണാമവാദത്തിന്റെയും പ്രധാന പ്രമാണങ്ങൾ നാം പരിശോധിച്ചുകഴിഞ്ഞു. ഇവ രണ്ടിന്റെയും അടിസ്ഥാനതത്ത്വങ്ങൾ താരതമ്യം ചെയ്ത് ഒരു ചാർട്ട് തയാറാക്കുക.

പരിണാമവാദികളുടെ അഭിപ്രായത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന സാംസ്കാരികസാദൃശ്യം മനസ്സിന്റെ ഒത്തൊരുമ കൊണ്ടുണ്ടാവുന്നതാണ്. പരസ്പരം ബന്ധമില്ലാത്ത വിദൂരങ്ങളിലുള്ള സംസ്കാരങ്ങൾ സ്വതന്ത്രമായി രൂപപ്പെട്ടതാണ്. അതുകൊണ്ടുതന്നെ സമാന്തര കണ്ടുപിടിത്തങ്ങൾ, മാനസിക ഒത്തൊരുമയുടെ തെളിവായി കണക്കാക്കാം. പരിണാമവാദികൾ മുന്നോട്ടു വച്ച ഈ ആശയം 20-ാം നൂറ്റാണ്ടിലെ ഒരു വിഭാഗം നരവംശശാസ്ത്രജ്ഞർ ചോദ്യംചെയ്തു. ഇവർ നരവംശശാസ്ത്രത്തിൽ സാംസ്കാരിക വ്യാപനവാദികൾ എന്നറിയപ്പെടുന്നു.

സാംസ്കാരിക വ്യാപനവാദം (Diffusionism)

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് സാംസ്കാരിക വ്യാപനവാദസിദ്ധാന്തം ഉദയം ചെയ്തത്. വ്യാപനവാദികളുടെ കാഴ്ചപ്പാടിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ രൂപപ്പെടുന്ന സംസ്കാരഘടകങ്ങളും (Culture Traits) സംസ്കാരഘടക സഞ്ചയങ്ങളും (Cultural Complexes) മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കുന്നു. അതുപ്രകാരം സംസ്കാരം വളർച്ച പ്രാപിക്കുന്നത് പരിണാമം വഴിയല്ല, സംസ്കാര ഘടകങ്ങളും സംസ്കാരഘടക സഞ്ചയങ്ങളും ചരിത്രപരമായ സംഭവങ്ങൾ കൊണ്ടോ പരസ്പരബന്ധങ്ങളിലൂടെയോ വ്യാപിക്കുക വഴിയാണ്. ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയയാണ് സാംസ്കാരികവ്യാപനം (Cultural Diffusion).

സംസ്കാരവ്യാപന പ്രക്രിയയിൽ താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ എത്ര ത്തോളം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ചർച്ചചെയ്യുക.

- ബന്ധവും ആശയവിനിമയവും
- പുതിയ സംസ്കാരഘടകങ്ങളുടെ ആവശ്യകത
- പഴയ സംസ്കാരഘടകങ്ങളുമായുള്ള മത്സരം
- പുതിയ സംസ്കാരഘടകങ്ങളോടുള്ള ആദരവും അംഗീകാരവും

സാംസ്കാരികവ്യാപനത്തിന്റെ ഉപാധികൾ/വ്യവസ്ഥകൾ (Conditions for Cultural Diffusion)

1. ഒരു സംസ്കാരത്തിലുള്ളവർ മറ്റു സംസ്കാരങ്ങളുടെ സംസ്കാരഘടകങ്ങ ൾ സ്വീക രിക്കുന്നത് സാമ്പത്തികമായോ സാമൂഹികമായോ അല്ലെങ്കിൽ രണ്ടു രീതിയിലുമോ അവർക്ക് ഉപകാരപ്പെടുമ്പോൾ മാത്രമാണ്.
2. സംസ്കാരഘടകങ്ങൾ വ്യാപനസമയത്ത് അതിന്റെ യഥാർഥ രൂപത്തിൽ നിലനിൽക്കു കയില്ല. വ്യത്യസ്ത പാരിസ്ഥിതിക ചുറ്റുപാടുകളിൽ അവയ്ക്ക് മാറ്റങ്ങൾ സംഭവിക്കു ന്നു.
3. സങ്കീർണ സംസ്കാരങ്ങളിൽനിന്നു ലളിത സംസ്കാരങ്ങളിലേക്കോ വികസിത സംസ്കാരങ്ങളിൽനിന്ന് അവികസിതസംസ്കാരങ്ങളിലേക്കോ ആണ് സാംസ്കാരിക വ്യാപനംനടക്കുന്നത്.
4. മറ്റു സംസ്കാരങ്ങളുടെ സംസ്കാരഘടകങ്ങൾ സ്വീകരിക്കുന്ന പ്രക്രിയ വഴി സംസ്കാ രത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു.
5. സംസ്കാരവ്യാപനത്തിന് വിഘാതമായിനിൽക്കുന്ന ഘടകങ്ങളാണ് ഗതാഗതത്തി ന്റെയും വാർത്താവിനിമയത്തിന്റെയും അഭാവം, സമുദ്രം, പുഴ, മല, മരുഭൂമി തുട ങ്ങിയവ.

സംസ്കാരികവ്യാപനത്തിന്റെ പ്രത്യേകതകൾ വ്യാപനവാദികൾ വിശദമാക്കിയിട്ടു ണ്ട്. സാംസ്കാരികവ്യാപനത്തിന്റെ ഉപാധികളായി ഇതിനെ പരിഗണിക്കാറുണ്ട്. നിങ്ങ ളുടെ ചുറ്റുപാടുകളിൽനിന്ന് ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ തുടങ്ങിയവ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ സഹിതം സാംസ്കാരികവ്യാപ നത്തിന്റെ ഉപാധികളും പ്രത്യേകതകളും ചർച്ചചെയ്യുക.

ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ മറ്റു പ്രദേ ശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്നു എന്ന് വ്യാപനവാദികൾ അഭിപ്രാ യപ്പെടുന്നു ഏങ്കിലും ഏതു സ്ഥലത്തു നിന്ന് എങ്ങോട്ട് വ്യാപനം നടക്കുന്നുവെന്ന കാര്യ ത്തിൽ ഏകാഭിപ്രായമല്ല ഉള്ളത്. ഈ ഭിന്നതകൾ വ്യാപനവാദികൾക്കിടയിൽ വ്യത്യസ്ത ചിന്താസരണികൾ രൂപപ്പെടുന്നതിന് കാരണമായി.

സാംസ്കാരികവ്യാപനവാദത്തിലെ ചിന്താസരണികൾ (Schools of Diffusionism)

സാംസ്കാരികവ്യാപനവാദത്തിൽ പ്രധാനമായും മൂന്നു ചിന്താസരണികൾ നില വിലുണ്ട്:

- ബ്രിട്ടീഷ് സാംസ്കാരിക വ്യാപനവാദം
- ജർമൻ (കോണ്ടിനെന്റൽ) സാംസ്കാരിക വ്യാപനവാദം
- അമേരിക്കൻ സാംസ്കാരിക വ്യാപനവാദം

ബ്രിട്ടീഷ് സാംസ്കാരിക വ്യാപനവാദം (British Diffusionism)

ഈ ചിന്താസരണിയിലെ പ്രധാനപണ്ഡിതരാണ് ജി.ഇ. സ്മിത്ത്, ഡബ്ല്യു. ജെ. പെറി, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ് എന്നിവർ. അവരുടെ അഭിപ്രായത്തിൽ പുരാതന ഈജിപ്താണ് ലോകസംസ്കാരത്തിന്റെ കളിത്തൊട്ടിൽ. ഈ വ്യാപനവാദം പാൻ-ഈജിപ്ഷ്യൻ സ്കൂൾ എന്നും അറിയപ്പെടുന്നു. ഇതിന്റെ ആദ്യ വക്താവാണ് ജി.ഇ. സ്മിത്ത്. ഡബ്ല്യു.ജെ. പെറി അദ്ദേഹത്തിന്റെ യാഥാർഥ പിൻഗാമിയാണ്. ഈജിപ്താണ് സംസ്കാരത്തിന്റെ കേന്ദ്രമെന്നും അവിടെനിന്നാണ് സംസ്കാരഘടകങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിച്ചതെന്നും വാദിക്കുന്നതുകൊണ്ട് ഇവരെ തീവ്രവ്യാപനവാദികൾ എന്നും വിളിക്കുന്നു. ഇവരുടെ പ്രവർത്തനങ്ങളും കണ്ടെത്തലുകളും ഈജിപ്തുമായി ബന്ധപ്പെട്ടതിനാൽ ഇവർ ഈജിപ്തോളജിസ്റ്റ് എന്നും അറിയപ്പെടുന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ കണ്ടുവരുന്ന സൂര്യാരാധന ഉൽഭവിച്ചതും ഈജിപ്തിലാണെന്ന് ഇവർ വാദിക്കുന്നു. കുടിയേറ്റമാണ് സാംസ്കാരികവ്യാപനത്തിന്റെ പ്രധാന കാരണമെന്ന് ഇവർ കരുതുന്നു.

സ്മിത്തിന്റെ അഭിപ്രായത്തിൽ പുരാതന ഈജിപ്തിൽ പാരിസ്ഥിതികമായി അനുകൂലമായ ചുറ്റുപാടാണുണ്ടായിരുന്നത്. ഇത് കൃഷിയുടെ ഉൽഭവത്തിന് കാരണമായി. അവർ മൺപാത്രനിർമ്മാണം കണ്ടുപിടിക്കുകയും നഗരങ്ങൾ നിർമ്മിക്കുകയും ചെയ്തു. മതം, ഭരണകൂടം, നിയമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ തുടക്കവും ഈജിപ്തിൽനിന്നാണ്. സ്മിത്തിന്റെ കാഴ്ചപ്പാടിൽ എല്ലാ സംസ്കാരഘടകങ്ങളും ഈജിപ്തിൽ ഉൽഭവിക്കുകയും പിന്നീട് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയുമാണ് ചെയ്തത്. അതിനാൽ ഈജിപ്താണ് നാഗരികതയുടെ കളിത്തൊട്ടിലെന്ന് അവർ വാദിക്കുന്നു.

ജർമൻ (കോണ്ടിനെന്റൽ) സാംസ്കാരിക വ്യാപനവാദം (German Diffusionism)

ബ്രിട്ടീഷ് വ്യാപനവാദികളുടെ കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമായി സംസ്കാരത്തിന്റെ വികാസം ഈജിപ്തിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലായി

സംഭവിച്ചതാണെന്നും പിന്നീട് അവ അനുകരണം വഴിയോ കുടിയേറ്റം വഴിയോ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചതാണെന്നുമാണ് ബ്രിട്ടീഷ് വ്യാപനവാദികൾ സമർഥിക്കുന്നത്. ഒരേ സമയത്ത് ഒരേ സ്ഥലത്ത് എല്ലാ കണ്ടുപിടിത്തങ്ങളും സാധ്യമല്ല എന്നും ഇവർ വിശ്വസിക്കുന്നു.

വ്യത്യസ്ത സ്ഥലങ്ങളിൽ വിവിധങ്ങളായ സർക്കിളുകൾ അഥവാ ഡിസ്ട്രിക്റ്റുകൾ രൂപപ്പെടുന്നു. ഓരോ സംസ്കാരഘടകത്തിനും സംസ്കാരഘടക സഞ്ചയത്തിനും ഓരോ സർക്കിൾ അഥവാ ഡിസ്ട്രിക്റ്റ് ഉണ്ട്. അവ പിന്നീട് കുടിയേറ്റം വഴി മറ്റു ഭാഗങ്ങളിലേക്ക് എത്തിച്ചേർന്നു. ഒരു സർക്കിളിൽനിന്ന് മറ്റൊരു സർക്കിളിലേക്ക് അഥവാ ഒരു ഡിസ്ട്രിക്റ്റിൽനിന്ന് മറ്റൊരു ഡിസ്ട്രിക്റ്റിലേക്ക് സംസ്കാരഘടകങ്ങൾ വ്യാപിക്കുന്നു എന്നതിനാൽ ഈ ചിന്താസരണി 'കൾച്ചർ ക്രെയ്സ് സ്കൂൾ', 'കൾച്ചർ സർക്കിൾ സ്കൂൾ, 'കൾച്ചർ ഡിസ്ട്രിക്റ്റ് സ്കൂൾ' എന്നീ പേരുകളാലും അറിയപ്പെടുന്നു. ചരിത്രപരമായ വസ്തുതകളിലൂടെ ഇവ സ്ഥാപിക്കപ്പെടാനാകും എന്നതിനാൽ ഇത് 'കൾച്ചർ ഹിസ്റ്റോറിക് സ്കൂൾ' എന്ന പേരിലും അറിയപ്പെടുന്നു.

അമേരിക്കൻ സാംസ്കാരിക വ്യാപനവാദം (American Diffusionism)

ഫ്രാൻസ് ബോസ്, ക്ലാർക് വിസ്ലർ, എ.എൽ. ക്രോബർ എന്നിവരാണ് ഈ ചിന്താസരണിയുടെ പ്രധാന വക്താക്കൾ. അമേരിക്കൻ വ്യാപനവാദത്തിന്റെ തുടക്കക്കാരൻ ഫ്രാൻസ് ബോസാണ്. ഇതിലെ പ്രധാന ആശയമാണ് കൾച്ചർ ഏരിയ. ഇതു കൂടാതെ കൾച്ചർ സെന്റർ, കൾച്ചർ മാർജിൻ, കൾച്ചർ ക്ലൈമാക്സ്, ഏജ് ഏരിയ തുടങ്ങിയ ആശയങ്ങളും സാംസ്കാരികവ്യാപനത്തിന്റെ പ്രകൃതത്തെയും പ്രക്രിയയെയും വിശദമാക്കാനായി ഉപയോഗിക്കുന്നു.



ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അമേരിക്കൻ വ്യാപനവാദികൾ ലോകത്തെ വ്യത്യസ്ത കൾച്ചർ ഏരിയകളായി വിഭജിച്ചു. ഒരേ രീതിയിലുള്ള സംസ്കാരഘടകങ്ങളും സംസ്കാരഘടക സഞ്ചയങ്ങളും കാണപ്പെടുന്ന മേഖലയാണ് കൾച്ചർ ഏരിയ. അതിനാൽ അമേരിക്കൻ സാംസ്കാരിക വ്യാപനവാദം കൾച്ചർ ഏരിയ സ്കൂൾ എന്നും അറിയപ്പെടുന്നു.

ഓരോ കൾച്ചർ ഏരിയക്കും ഓരോ കൾച്ചർ സെന്റർ ഉണ്ടെന്ന് വിസ്ലർ ചൂണ്ടിക്കാട്ടുന്നു. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന കൾച്ചർ ഏരിയയിലെ പ്രധാന കേന്ദ്രമാണിത്. ഇവിടെ പരമാവധി സംസ്കാരഘടകങ്ങൾ കാണപ്പെടുകയും ഇവ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. ഒരു സംസ്കാരത്തിലെ പാർശ്വമേഖലയാണ് കൾച്ചർ മാർജിൻ. ഇവിടെ കുറഞ്ഞ തോതിൽ മാത്രമേ സംസ്കാരഘടകങ്ങൾ കാണപ്പെടുന്നുള്ളൂ. ഇത് മറ്റു സംസ്കാരങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലമാണ്.

കൾച്ചർ സെന്ററിന് തത്തുല്യമായി എ. എൽ. ക്രോബർ ഉപയോഗിച്ചത് കൾച്ചർ ക്ലൈമാക്സ് എന്ന വാക്കാണ്. ഏറ്റവും കൂടുതൽ സംസ്കാരഘടകങ്ങൾ കാണപ്പെടുകയും മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്ന കൾച്ചർ ഏരിയയുടെ ഭാഗമാണ് കൾച്ചർ ക്ലൈമാക്സ്. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ബന്ധമുള്ള മേഖലകൂടിയാണിത്.

വിസ്ലർ മുന്നോട്ടു വച്ച മറ്റൊരാശയമാണ് 'ഏജ് ഏരിയ'. ഭൂമിശാസ്ത്രപരമായ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്കാരഘടകങ്ങളുടെ ആപേക്ഷികമായ പ്രായം കണക്കാക്കുന്ന രീതിയാണിത്. അതായത് കൾച്ചർ സെന്ററിൽനിന്ന് വിദൂരമേഖലയിലേക്ക് വ്യാപിച്ചുകിടക്കുന്ന സംസ്കാരഘടകങ്ങൾ ഏറ്റവും പഴക്കമുള്ളതായിരിക്കും. വിസ്ലറുടെ അഭിപ്രായത്തിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വ്യാപനങ്ങളുണ്ട്.



ഫ്രാൻസ് ബോസ് (1858–1942) ജർമനിയിലാണ് ജനിച്ചതും വിദ്യാഭ്യാസം നേടിയതും. 1896 ൽ അദ്ദേഹം കൊളംബിയ യൂണിവേഴ്സിറ്റിയിൽ നരവംശശാസ്ത്രവിഭാഗം പ്രൊഫസറായി. 1942ൽ മരണം വരെ ബോസ് അവിടെ സേവനമനുഷ്ഠിച്ചു. അമേരിക്കൻ നരവംശശാസ്ത്രത്തിൽ അദ്ദേഹത്തിന് ഒരു പിതാവിന്റെയും നായകന്റെയും ഗുരുവിന്റെയും സ്ഥാനമാണുള്ളത്. ബോസ് പരിശീലനം നൽകിയ മികച്ച നരവംശശാസ്ത്രജ്ഞരാണ് എം.എഫ്. ആഷ്‌ലി മൊണ്ടാഗ്, റുത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ് എന്നിവർ. ഫ്രാൻസ് ബോസിന്റെ ചില പ്രധാന പുസ്തകങ്ങളാണ്: സെൻട്രൽ എക്സിമോ (1888), ക്വാകിറ്റിൽ ടെക്സ്റ്റ് (1925), മൈൻഡ് ഓഫ് പ്രിമിറ്റീവ് മാൻ (1911), പ്രിമിറ്റീവേ ആർട്ട് (1927) എന്നിവ.

1. സ്വാഭാവിക സാംസ്കാരികവ്യാപനം (Natural Diffusion)
2. സംഘടിത സാംസ്കാരികവ്യാപനം (Organiscd Diffusion)

സ്വാഭാവിക സാംസ്കാരികവ്യാപനം : ഇതിൽ ഒരു സംസ്കാരത്തിലെ സംസ്കാരഘടകങ്ങൾ മറ്റു സംസ്കാരങ്ങളിലെ വ്യത്യസ്ത മേഖലകളിലേക്ക് വ്യാപിക്കുന്നു. സ്വാഭാവികമായ ഏജൻസികളുടെ പ്രവർത്തനഫലമായി വളരെ സാവധാനത്തിൽ നടക്കുന്ന ഇത് കൂടുതൽ സമയമെടുക്കുന്ന പ്രക്രിയയാണ്.

സംഘടിത സാംസ്കാരികവ്യാപനം : ഇത്തരം വ്യാപനത്തിൽ സംസ്കാരഘടകങ്ങൾ വ്യാപിക്കുന്നത് സംഘടിത ഏജൻസികളായ മിഷനറിപ്രവർത്തനങ്ങൾ, സൈന്യത്തിന്റെ കടന്നുകയറ്റം തുടങ്ങിയവയിലൂടെയാണ്. സംഘടിതവ്യാപനം വളരെ വേഗത്തിൽ നടക്കുന്ന പ്രക്രിയയാണ്.

ആദ്യകാല വേദകാലഘട്ടത്തിലെയും വേദാനന്തരകാലഘട്ടത്തിലെയും വിശ്വാസങ്ങളെയും ബുദ്ധിസം, ജൈനിസം എന്നിവയുടെയും ഇന്ത്യൻ സാഹചര്യങ്ങളിൽ നടന്ന സാംസ്കാരികവ്യാപനത്തെ കുറിച്ച് ചർച്ചചെയ്യുകയും ചർച്ചാക്കുറിപ്പ് തയാറാക്കുകയും ചെയ്യുക.

ഇവിടെ ഇതുവരെ പരാമർശിക്കപ്പെട്ട നരവംശശാസ്ത്രജ്ഞരെല്ലാവരും സംസ്കാരത്തിന്റെ ഉൽഭവത്തിലും പരിണാമത്തിലുമോ അവയുടെ ചരിത്രപരമായ വിശദീകരണങ്ങളിലോ താൽപ്പര്യമുള്ളവരായിരുന്നു. മറ്റു ചിലർ സംസ്കാരം ഒരു മേഖലയിൽനിന്ന്

മറ്റൊരു മേഖലയിലേക്ക് വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദീകരണങ്ങൾ നൽകി. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മലിനോവ്സ്കിയും റാഡ്ക്ലിഫ് ബ്രൗണും സാംസ്കാരികവിശകലനങ്ങൾക്ക് മറ്റൊരു സമീപനരീതി മുന്നോട്ടു വച്ചു. മലിനോവ്സ്കി ധർമ്മവാദവും (Functionalism) റാഡ്ക്ലിഫ് ബ്രൗൺ ഘടനാധർമ്മവാദവും (Structure Functionalism) അവതരിപ്പിച്ചു.

ധർമ്മവാദം (Functionalism)

ധർമ്മം എന്നത് പഴയൊരു ആശയമാണ്. ഉദാഹരണമായി മനുഷ്യശരീരത്തിലെ ഓരോ അവയവത്തിന്റെയും പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഒരു ധർമ്മവും നിർവഹിക്കാത്ത ഒരവയവും കണ്ടെത്താൻ കഴിയില്ല. ഓരോ അവയവവും വ്യത്യസ്ത രീതിയിലാണ് പ്രവർത്തിക്കുന്നത് എങ്കിലും അവ ഓരോന്നും പരസ്പരപൂരിതവും പരസ്പരബന്ധിതവുമാണ്. ഇവയുടെ പ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യമെന്താണ്? ശരീരത്തിന്റെ നിലനിൽപ്പ്. അതുപോലെ ഒരു സംസ്കാരത്തിൽ വ്യത്യസ്ത ഭാഗങ്ങൾക്ക്- സ്ഥാപനങ്ങൾ- വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കാനുണ്ട്. പോളണ്ടിൽ ജനിച്ച ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ മലിനോവ്സ്കിയുടെ നിലപാടെന്തെന്ന് നമുക്ക് പരിശോധിക്കാം

1884-ൽ പോളണ്ടിലാണ് മലിനോവ്സ്കി ജനിച്ചത്. അദ്ദേഹം ഫിസിക്സിലും കണക്കിലും പി.എച്ച്.ഡി. നേടി. ഫ്രേയ്സറിന്റെ പുസ്തകമായ ഗോൾഡൻ ബോ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയും പിന്നീട് നരവംശശാസ്ത്രത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ അദ്ദേഹം ബിരുദാനന്തരബിരുദ വിദ്യാർഥിയായി. അക്കാലത്തെ ഏറ്റവും വലിയ ഫീൽഡ് വർക്കർ ആയ സി.ജി. സലിഗ്മാന്റെ കീഴിൽ മലിനോവ്സ്കി പരിശീലനം നേടി. മറ്റെല്ലാ നരവംശശാസ്ത്രജ്ഞരെക്കാളും ഉപരിയായി മലിനേഷ്യയിലെ ട്രോബിയന്റ് ദ്വീപ് നിവാസികളുടെ ഒരൊറ്റ പഠനത്തിനായി അദ്ദേഹം ദീർഘകാലം ചെലവഴിച്ചു. മാത്രമല്ല, തദ്ദേശീയഭാഷയിൽ പഠനം നടത്തിയ ആദ്യ നരവംശശാസ്ത്രജ്ഞൻ കൂടിയാണദ്ദേഹം. ഫീൽഡ് വർക്ക് നടത്തുന്ന സമയത്ത് എല്ലാ ഗവേഷകരും എത്നോ ഗ്രാഫിക് ഡയറി എഴുതണമെന്നും പങ്കാളിത്തനിരീക്ഷണത്തിലൂടെ (Participant Observation) പഠനം നടത്തണമെന്നും അദ്ദേഹം നിർദേശിച്ചു.

മലിനോവ്സ്കിയുടെ ധർമ്മവാദം

മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപകരണമാണ് സംസ്കാരമെന്നാണ് ബി.കെ. മലിനോവ്സ്കി പറയുന്നത്. ധർമ്മവാദപ്രകാരം സംസ്കാരത്തിലെ സ്ഥാപനങ്ങൾ മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയും അതുവഴി സമൂഹത്തിന്റെ മുഴുവൻ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുമാണ് പ്രവർത്തിക്കുന്നത്. സംസ്കാരം മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപാധിയാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സംസ്കാരത്തിന്റെ എല്ലാ വശങ്ങൾക്കും ഓരോ ധർമ്മമുണ്ട്. അവയെല്ലാം പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്. ഇതിനായി അദ്ദേഹം ഒരു എൻജിന്റെ ഉദാഹരണം നൽകുന്നു. എൻജിൻ ചലിപ്പിക്കുകയെന്നതാണ് ഇതിന്റെ ഓരോ ഭാഗത്തിന്റെയും ധർമ്മം. എൻജിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പ്രവർത്തനം നിൽക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തനവും നിൽക്കുന്നു. എൻജിന്റെ വിവിധഭാഗങ്ങളുടെ ധർമ്മപരമായ

ഐക്യമാണ് ഇത് കാണിക്കുന്നത്. ഇതേ രീതിയിൽ സാംസ്കാരികഘടകങ്ങളും സ്ഥാപനങ്ങളും സംസ്കാരത്തിന്റെ മൊത്തം പ്രവർത്തനത്തെ സ്വധീനിക്കുന്നു. അതായത് ഓരോ സാംസ്കാരികഘടകവും സാംസ്കാരികസ്ഥാപനവും ഓരോരോ ധർമ്മം നിർവഹിക്കുന്നു. ഇവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്വത്തോടെയും പ്രവർത്തിക്കുകവഴി ഒരു സംസ്കാരത്തിലെ മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങൾക്ക് അതിജീവനം സാധ്യമല്ല.

പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങൾ നിലനിൽക്കുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രവർത്തനരഹിതമായ സംസ്കാരഘടകങ്ങളുടെ പേരെഴുതുക:

- .....
- .....



മലിനോവ്സ്കി വിഭാവനംചെയ്ത പ്രകാരം സാമൂഹികവ്യവസ്ഥയിലെ ഓരോ സ്ഥാപനത്തിനും പ്രവർത്തനക്ഷമരായ വ്യക്തികൾ, ഒരുകൂട്ടം ചട്ടങ്ങളും നിയമങ്ങളും, സാങ്കേതികവിദ്യകൾ, പ്രവർത്തനങ്ങൾ, ധർമ്മം എന്നിവയുണ്ട്.

മലിനോവ്സ്കിയുടെ ആവശ്യകതാസിദ്ധാന്തം (Malinowski's Theory of Need)

സംസ്കാരഘടകങ്ങളും സംസ്കാരസ്ഥാപനങ്ങളും മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള മാർഗങ്ങളാണ്. മനുഷ്യർക്ക് സാമൂഹികവും സാമ്പത്തികവും മതപരവും ജീവശാസ്ത്രപരവും ശാരീരികവും മാനസികവുമായ വിവിധ ആവശ്യങ്ങളുണ്ട്. ഇത്തരം ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായി സാമൂഹികവും മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ മനുഷ്യർ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യങ്ങളോരോന്നും ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ പരസ്പരം ബന്ധിതമാണ്. ധർമ്മവാദസമീപനപ്രകാരം വ്യക്തികളുടെയും സമൂഹത്തിന്റെ മുഴുവനായുമുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സാംസ്കാരികസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മലിനോവ്സ്കിയുടെ മരണാനന്തരം പ്രസിദ്ധീകരിച്ച പുസ്തകമായ സയന്റിഫിക് തിയറി ഓഫ് കൾച്ചർ (1994) പ്രകാരം മൂന്നു തലങ്ങളിലുള്ള സാമൂഹിക ആവശ്യങ്ങളാണ് നിലനിൽക്കുന്നത്.

1. പ്രാഥമികമായ/ അടിസ്ഥാനപരമായ/ ജീവശാസ്ത്രപരമായ ആവശ്യങ്ങൾ (Primary Needs)
2. പ്രേരകമായ ആവശ്യങ്ങൾ (Instrumental Needs)
3. ഉദ്ഗ്രഥിത ആവശ്യങ്ങൾ (Integrative Needs)

ഭക്ഷണം, ലൈംഗികത എന്നിവ പ്രാഥമിക ആവശ്യങ്ങളിൽ ഉൾപ്പെടുന്നു. സാംസ്കാരികസ്ഥാപനങ്ങളായ വിവാഹം, കുടുംബം, ബന്ധുത്വം എന്നിവയിലൂടെയാണ് ഇവ

പൂർത്തീകരിക്കപ്പെടുന്നത്. പ്രാഥമിക ആവശ്യങ്ങൾ നേടാൻ സഹായിക്കുന്ന സ്ഥാപനങ്ങളായ സാമ്പത്തികം, വിദ്യാഭ്യാസം, നിയമം, രാഷ്ട്രീയം എന്നിവ പ്രേരകമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. സമൂഹത്തെ ഐക്യപ്പെടുത്താൻ സഹായിക്കുന്നവയാണ് ഉദ്ഗ്രഥിത ആവശ്യങ്ങൾ. അറിവ്, മതം, മന്ത്രവാദം,കല, സദാചാരം, മൂല്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജീവശാസ്ത്രപരവും മനശ്ശാസ്ത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളുടെ ധർമ്മപരമായ വികസനത്തിന് ആവശ്യസിദ്ധാന്തം അടിത്തറപാകുന്നു

മുകളിൽ നൽകിയ ചർച്ചയിൽനിന്നു മലിനോവ്സ്കി നിർദേശിച്ച ധർമ്മവാദത്തിന്റെ പ്രത്യേകതകൾ പട്ടികപ്പെടുത്തി വിശദീകരിക്കുക.

മലിനോവ്സ്കിയുടെ ധർമ്മവാദത്തിന് അടുത്തുനിൽക്കുന്ന സിദ്ധാന്തമാണ് റാഡ്ക്ലിഫ് ബ്രൗണിന്റെ ഘടനാധർമ്മവാദം. മലിനോവ്സ്കിയുടെ അഭിപ്രായത്തിൽ സമൂഹം വ്യക്തികളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നു. എന്നാൽ ബ്രൗണിന്റെ കാഴ്ചപ്പാടിൽ സമൂഹം ഘടന നിലനിർത്താനാണ് സഹായിക്കുന്നത്.

ഘടനാധർമ്മവാദം (Structural Functionalism)

ഘടനയുടെ പശ്ചാത്തലത്തിൽ ധർമ്മം എങ്ങനെ വിശകലനം ചെയ്യാം എന്നതാണ് ആൽഫ്രഡ് റെജിനാൾഡ് റാഡ്ക്ലിഫ് ബ്രൗൺ കാണിച്ചുതരുന്നത്. അതിനാൽ അദ്ദേഹത്തെ ഘടനാധർമ്മ സൈദ്ധാന്തികനായി പരിഗണിക്കപ്പെടുന്നു

ഇംഗ്ലണ്ടിലെ ബർമിങ്ഹാമിലാണ് എ.ആർ. റാഡ്ക്ലിഫ് ബ്രൗൺ (1881–1955) ജനിച്ചത്. മനശ്ശാസ്ത്രത്തിൽ ഡബ്ല്യൂ. എച്ച്.ആർ. റിവേഴ്സിന്റെ വിദ്യാർഥിയായാണ് അദ്ദേഹം പ്രവർത്തനമാരംഭിച്ചതെങ്കിലും 1904ൽ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ സാമൂഹിക നരവംശശാസ്ത്രത്തിൽ റിവേഴ്സിന്റെ ആദ്യ വിദ്യാർഥിയായി മാറി. 1906ൽ അദ്ദേഹത്തെ ആന്തമാൻ ദ്വീപസമൂഹങ്ങളിലേക്കയച്ചു. 1908വരെ ബ്രൗൺ അന്തമാനീസ് ഐതിഹ്യങ്ങളും ആഘോഷങ്ങളും ആചാരങ്ങളും കർത്തവ്യബോധത്തോടെ പകർത്തി. 1922–ൽ ബ്രൗണിന്റെ പുസ്തകമായ 'ദി അന്തമാൻ ഐലന്റേഴ്സ്' പ്രസിദ്ധീകരിച്ചു. സിഡ്നി, കേപ്ടൗൺ, ഷിക്കാഗോ, ഓക്സ്ഫോഡ് തുടങ്ങി നിരവധി സർവകലാശാലകളിൽ അദ്ദേഹം സാമൂഹ്യ നരവംശശാസ്ത്രം പഠിപ്പിച്ചു. ധാരാളം ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞരെ വാർത്തെടുക്കുന്നതിന് ഇത് സഹായിച്ചു.

എ ആർ റാഡ്ക്ലിഫ് ബ്രൗണിന്റെ ഘടനാധർമ്മവാദം

സ്ട്രക്ചർ ആന്റ് ഫങ്ഷൻ ഇൻ പ്രിമിറ്റീവ് സൊസൈറ്റീസ് (1952) എന്ന പുസ്തകത്തിൽ റാഡ്ക്ലിഫ് ബ്രൗൺ തന്റെ ആശയങ്ങളായ സാമൂഹികഘടന, അതിന്റെ ധർമ്മം എന്നിവ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഘടന എന്നത് വ്യത്യസ്തഘടകങ്ങളെ പരസ്പരബന്ധിതമായി ക്രമീകരിക്കുന്നതാണ്. ഉദാഹരണമായി, ഒരു വീടിന്റെ ഘടന ചുമർ, മേൽക്കൂര, മുറികൾ, ജനലുകൾ, വാതിലുകൾ തുടങ്ങിയവയുടെ ക്രമീകരണമാണ്. അതുപോലെ മനുഷ്യശരീരത്തിന്റെ ഘടനയിൽ വ്യത്യസ്തമായ അവയവങ്ങൾ, കോശങ്ങൾ, കലകൾ, എല്ലുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സാമൂഹികഘടനയിലെ ആത്യന്തികഘടകം വ്യക്തികൾ അഥവാ മനുഷ്യർ ആണ്. വ്യക്തികളുടെ പരസ്പരബന്ധിതമായ ക്രമീകരണമാണ് സാമൂഹികഘടന. സമൂഹത്തിൽ

വ്യക്തികളെ വ്യത്യസ്ത സാമൂഹിക യൂണിറ്റുകളായും സ്ഥാപനങ്ങളായും ക്രമപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഓരോ സാമൂഹിക യൂണിറ്റുകളും അവയുടെ പ്രത്യേകധർമ്മം നിർവഹിക്കുന്നുണ്ട്. അവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്തോടെയും പ്രവർത്തിച്ച് സാമൂഹികഘടന നിലനിൽക്കുന്നതിന് കാരണമാവുന്നു.

ഉദാഹരണമായി ഒരു ഗ്രാമത്തിന്റെ ഘടനയിൽ വ്യക്തികളെ കുടുംബങ്ങളായി ക്രമീകരിച്ചിരിക്കുന്നു. കുടുംബത്തിന്റെ ഘടനയിൽ അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, അമ്മാവൻ തുടങ്ങിയവർ തമ്മിലുള്ള പരസ്പരബന്ധങ്ങളാണുള്ളത്. അതായത് സാമൂഹികജീവിതത്തിന്റെ ഘടനയുടെ പ്രത്യേകതകളിൽ സാമൂഹികസംഘങ്ങളും അവയുടെ ആന്തരികഘടനയും ഉൾപ്പെടുന്നു.

സാമൂഹികഘടനയുടെ ഇനങ്ങൾ: സാമൂഹികസ്ഥാപനങ്ങളാൽ നിയന്ത്രിതമായ വ്യക്തികളുടെ തുടർച്ചയായ ക്രമീകരണമാണ് സാമൂഹികഘടനയെന്ന് നാം കണ്ടുകഴിഞ്ഞു. ജനനം, മരണം, വിവാഹം തുടങ്ങിയവ കാരണം ഒരു സമൂഹത്തിൽ വ്യക്തികളും സംഘങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഇത് സമൂഹത്തിന്റെ ഘടനയെ ബാധിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റാഡ്ക്ലിഫ് ബ്രൗൺ സാമൂഹികഘടനയെ രണ്ടായി വർഗീകരിച്ചിരിക്കുന്നു.

1. യഥാർഥ സാമൂഹികഘടന (Actual Social Structure)
2. പൊതുസാമൂഹികഘടന (General Social Structure)

യഥാർഥ സാമൂഹികഘടന സമൂഹത്തിന്റെ ആന്തരികഘടനയാണ്. കാലങ്ങളായി മാറിക്കൊണ്ടിരിക്കുന്ന വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള ബന്ധങ്ങളാണിത്. ജനനം, പുറമേനിന്നുള്ള കുടിയേറ്റം എന്നിവ കാരണം പുതിയ ആളുകൾ സമൂഹത്തിലേക്ക് വരുകയും മരണം, പുറത്തേക്കുള്ള കുടിയേറ്റം എന്നിവ കാരണം ആളുകൾ ഈ സമൂഹത്തിൽനിന്ന് പുറത്തേക്ക് പോവുകയും ചെയ്യുന്നു. ഇതിന് പുറമേ വിവാഹം, വിവാഹമോചനം എന്നിവ വഴിയും സമൂഹത്തിലെ അംഗങ്ങൾ പലപ്പോഴായി മാറിക്കൊണ്ടിരിക്കുന്നു.

പൊതുവായ ഘടനയെന്നത് സമൂഹത്തിന്റെ ബാഹ്യമായ ഘടനയാണ്. സാമൂഹിക സ്ഥാപനങ്ങളാൽ രൂപീകൃതമായ അത് പൊതുവേ സ്ഥിരസ്വഭാവമുള്ളതാണ്. സമൂഹത്തിൽ ജനനവും മരണവും നടക്കുന്നുവെങ്കിലും സമൂഹത്തിന്റെ പൊതുഘടന മാറ്റമില്ലാത്തതാണ്. ഉദാഹരണമായി ജനനം, മരണം, വിവാഹം എന്നിവ വഴി ഒരു കുടുംബത്തിന്റെ യഥാർത്ഥ ഘടനയിൽ മാറ്റം സംഭവിക്കുമെങ്കിലും ഒരു വലിയ കാലഘട്ടത്തിൽ കുടുംബമെന്ന സ്ഥാപനം പൊതുവേ സ്ഥിരസ്വഭാവമുള്ളതാണ്.

സാമൂഹികഘടനയും സാമൂഹിക സംവിധാനവും (Social Structure and Social Organisation) സാമൂഹികഘടനയും സാമൂഹികസംഘാടനവും തമ്മിലുള്ള വ്യത്യാസങ്ങൾ റാഡ്ക്ലിഫ് ബ്രൗണിക് വ്യക്തമാക്കുന്നു. വ്യക്തികളുടെ ക്രമീകരണമാണ് സാമൂഹിക ഘടന എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ രണ്ടോ അതിലധികമോ വ്യക്തികളുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം. ഉദാഹരണമായി ഒരു ഫാക്ടറിയിലെ സാമൂഹികസംഘാടനമെന്നത് അവിടെയുള്ള മാനേജർ, ഫോർമാൻ, മറ്റു തൊഴിലാളികൾ എന്നിവരുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ്.

സമൂഹത്തിന്റെ ഘടന എന്തിനാണ് നമ്മൾ പഠിക്കുന്നത്?

സമൂഹത്തെ മുഴുവനായി മനസ്സിലാക്കാൻ സ്ഥാപനവൽകൃതസമൂഹങ്ങളിലെ വ്യക്തി ബന്ധങ്ങളുടെ ക്രമീകരണം പഠിക്കേണ്ടത് അത്യാവശ്യമാണ്.

റാഡ്ക്ലിഫ് ബ്രൗണിന്റെ കാഴ്ചപ്പാടിനൊപ്പം ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ക്ലോഡ് ലെവി സ്ട്രോസ്സിന്റെ സാമൂഹികവിശകലനവുമായി ബന്ധപ്പെട്ട സമീപനരീതി എന്താണെന്ന് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ സിദ്ധാന്തം ഘടനാവാദം (Structuralism)എന്നറിയപ്പെടുന്നു.

ഘടനാവാദം (Structuralism)

വ്യത്യസ്ത ഘടകങ്ങളുടെ ക്രമീകൃതമായ അവസ്ഥയാണ് ഘടന എന്ന ബ്രൗണിന്റെ വാദത്തെ ലെവി സ്ട്രോസ്സ് അനുകൂലിക്കുന്നു. എന്നാൽ സാമൂഹികയാഥാർത്ഥ്യത്തിന്റെ യഥാർഥതലമാണ് അത് എന്ന വാദത്തെ അദ്ദേഹം നിരാകരിക്കുന്നു. സാമൂഹികഘടനയാണ് യാഥാർഥ്യം എന്ന് ബ്രൗൺ വിശ്വസിച്ചിരുന്നു. ലെവി സ്ട്രോസ്സിന്റെ അഭിപ്രായത്തിൽ ഭൗതികയാഥാർഥ്യങ്ങൾക്ക് സാമൂഹികഘടനയിൽ ഒന്നും ചെയ്യാനില്ല. മറിച്ച് അതുവഴി രൂപീകരിക്കുന്ന മാതൃകകൾക്കാണ് പ്രാധാന്യം. സാമൂഹികബന്ധങ്ങൾ ഇത്തരം മാതൃകകൾ നിർമ്മിക്കാനുള്ള അസംസ്കൃതവസ്തുക്കൾ മാത്രമാണ്. സാമൂഹികഘടനയെ വെറും സാമൂഹികബന്ധങ്ങളാക്കി പരിമിതപ്പെടുത്താൻ കഴിയില്ല. ഇത്തരം മാതൃകകൾ ഒരു വ്യവസ്ഥയുടെ പ്രത്യേകതകൾ കാണിക്കുന്നവയാകണം. ലെവി സ്ട്രോസ്സിന്റെ അഭിപ്രായത്തിൽ സാമൂഹികപഠനങ്ങൾക്കായി പ്രയോഗിക്കുന്ന ഒരു രീതിയാണത്.

ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ക്ലോഡ് ലെവി സ്ട്രോസ്സ് 1908-ൽ ബൽജിയത്തെ ബ്രസ്സൽസിൽ ജനിച്ചു. ആധുനിക നരവംശശാസ്ത്രത്തിന്റെ പിതാവ് എന്നും അദ്ദേഹത്തെ വിളിക്കാറുണ്ട്. ഘടനാപരമായ വിശകലനരീതികൾ പ്രയോഗത്തിൽ വരുത്തുകവഴി സ്ട്രോസ്സ് സാമൂഹ്യനരവംശശാസ്ത്രത്തിൽ പ്രസിദ്ധനായി. ബ്രസീൽ ഇൻഡ്യൻസിനിടയിൽ അദ്ദേഹം ഫീൽഡ് ഗവേഷണങ്ങൾ നടത്തി. സ്വിസ് ലിംഗ്വിസ്റ്റായ സോഷറിനെ അദ്ദേഹം പരിചയപ്പെടുകയും സാംസ്കാരികവിശകലനത്തിൽ സെമിയോളജിയുടെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങളിൽ ഉൾപ്പെടുന്നവയാണ് ദി എലിമെന്ററി സ്ട്രക്ചർ ഓഫ് കിൻഷിപ്പ് (1949), ട്രിസ്റ്റഡ് ട്രോപികസ് (1955), സ്ട്രകചറൽ ആന്ത്രോപോളജി (1958), ദി സേവേജ് മൈന്റ് (1962), മിത്തോളജിക്കസ് (4 വോള്യം1964-72), ദി റോ ആന്റ് ദി കുക്ക്ഡ് (1970) എന്നിവ.

വ്യത്യസ്തമായ സാംസ്കാരികരീതികൾ വിശദമാക്കാനായി അദ്ദേഹം അതിനെ മനശ്ശാസ്ത്രപരമായ ഘടകങ്ങളുമായും പ്രക്രിയകളുമായും ബന്ധപ്പെടുത്തുന്നു. കല, അനുഷ്ഠാനങ്ങൾ, നിത്യജീവിതത്തിലെ രീതികൾ എന്നിവയെ സംസ്കാരത്തിന്റെ ആവിഷ്കാരമായാണ് അദ്ദേഹം കണക്കാക്കുന്നത്. മനുഷ്യമനസ്സിന്റെ ആന്തരികഘടനയുടെ ബാഹ്യാവിഷ്കാരമായാണ് ഐതിഹ്യങ്ങൾ, കലകൾ, അനുഷ്ഠാനങ്ങൾ, പുരാണങ്ങൾ എന്നിവയെ ലെവി സ്ട്രോസ്സ് ബന്ധപ്പെടുത്തുന്നത്. മനുഷ്യമനസ്സ് ദ്വിമുഖപ്രക്രിയയിലൂടെ കടന്നുപോകുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. അതായത് മനുഷ്യമനസ്സിന് ബോധവും അബോധവുമായ തലങ്ങളുണ്ട്. തനിക്ക് ചുറ്റുമുള്ള കാര്യങ്ങളെ മനുഷ്യൻ എങ്ങനെയാണ് ഗ്രഹിക്കുന്നത് എന്നറിയാനാണ് അദ്ദേഹം ശ്രമിച്ചത്.

റാഡ് ക്ലിഫ് ബ്രൗണിന്റെ ഘടനാപരമായ ധർമ്മവാദത്തിന്റെയും ലെവിസ്ട്രോസ്സിന്റെ ഘടനാവാദത്തിന്റെയും വ്യത്യാസങ്ങൾ കാണിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.

സാംസ്കാരിക പരിണാമവാദികൾ, സാംസ്കാരികവ്യാപനവാദികൾ, ധർമ്മവാദികൾ, ഘടനാവാദികൾ എന്നിവർ നിർദേശിച്ച സാമൂഹിക-സാംസ്കാരികപഠനങ്ങൾ സാംസ്കാരിക ആചാരങ്ങൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്നുണ്ടോ?

ചില ആചാരങ്ങൾ ഉണ്ടാവുന്നതിന് കാരണമെന്താണ്?

വ്യക്തിത്വം സംസ്കാരത്തെയോ സംസ്കാരം വ്യക്തിത്വത്തെയോ സ്വാധീനിക്കുന്നുണ്ടോ?

ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതിനായി 1920 കളിൽ നരവംശശാസ്ത്രജ്ഞർ സാംസ്കാരികരീതികളെയും വ്യക്തികളുടെ മനസ്സിനെയും വിശകലനം ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി നരവംശശാസ്ത്രത്തിൽ രൂപംകൊണ്ട ചിന്താസരണി മനോനരവംശശാസ്ത്രം (Psychological Anthropology)എന്നറിയപ്പെടുന്നു. സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ളബന്ധം പരിശോധിക്കുകയാണ് ഈ ചിന്താസരണിയുടെ ലക്ഷ്യം.

മനോനരവംശശാസ്ത്രം/സംസ്കാര – വ്യക്തിത്വചിന്താസരണി (Psychological Anthropology/ Culture and Personality School of Thought)

സംസ്കാരം എന്താണെന്ന് നാം പഠിച്ചുകഴിഞ്ഞു. ഈ ചിന്താസരണി പ്രകാരം സംസ്കാരം ആർജിച്ചെടുത്തതും അനുകരണങ്ങളിലൂടെ നേടിയതും പഠിച്ചെടുത്തതുമാണ്. കൗമാരപ്രായത്തിന് മുന്നേ സ്വഭാവരൂപീകരണവും വ്യക്തിത്വവികാസവും നടക്കുന്നത് സംസ്കാരം വഴിയാണ്.

വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ഗുണങ്ങളുടെ സമഗ്രവും ചലനാത്മകവുമായ സംഘാടനമാണ് വ്യക്തിത്വം. **ഒരു വ്യക്തിയുടെ പൊതുവായതും സ്ഥിരതയുള്ളതുമായ സ്വഭാവരീതിയാണത്.**

അമേരിക്കൻ നരവംശശാസ്ത്രജ്ഞയായ റുത്ത് ബെനഡിക്റ്റ് 1887 ജൂൺ 5 ന് ന്യൂയോർക്ക് സ്റ്റേറ്റിൽ ജനിച്ചു. അമേരിക്കൻ നരവംശശാസ്ത്രത്തിന്റെ പിതാമഹനായ ഫ്രാൻസ് ബോസിനെയും പിന്നീട് മാർഗരറ്റ് മീഡിനെയും ബെനഡിക്റ്റ് പരിചയപ്പെടാനിടയാവുകയും ഫ്രാൻസ് ബോസ് ബെനഡിക്റ്റിന് ഒരു മാർഗദർശിയാവുകയും ചെയ്തു. ബോസ്, റുത്ത്, മീഡ് ത്രയം നരവംശശാസ്ത്രത്തിന്റെ വികാസത്തിന് വളരെയേറെ സംഭാവനകൾ നൽകുകയുണ്ടായി. ബെനഡിക്റ്റിന്റെ പാറ്റേൺസ് ഓഫ് കൾച്ചർ എന്ന പുസ്തകത്തിൽ പ്യൂബ്ലോ (സുനി) ഇന്ത്യൻസ്, ന്യൂ ഗ്വിനിയയിലെ ദോബു, വടക്കുപടിഞ്ഞാറൻതീരത്തെ ക്വാകിറ്റിൽ എന്നീ സമൂഹങ്ങളുടെ എത്നോഗ്രാഫിക് വിവരണങ്ങൾ നൽകുന്നു. വ്യക്തിത്വമാണ് സംസ്കാരത്തെ നിർണയിക്കുന്നത് എന്ന സിദ്ധാന്തത്തിനടിസ്ഥാനം സുനിസമുദായത്തിൽ നടത്തിയ ഫീൽഡ് വർക്കാണ്. ഈ സംസ്കാരങ്ങളുടെ പഠനത്തിലൂടെ സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധത്തെ ബെനഡിക്റ്റ് അനാവരണം ചെയ്യുന്നു. 'ക്രൈസാന്തമം ആന്റ് ദി സ്വോർഡ്' (1946) എന്ന തന്റെ പ്രശസ്ത പുസ്തകത്തിലാണ് അദ്ദേഹം കൾച്ചർ പാറ്റേൺ എന്ന ആശയം അവതരിപ്പിക്കുന്നത്. 1948 സെപ്തംബർ 17 ന് 69-ാം വയസ്സിൽ റുത്ത് ബെനഡിക്റ്റ് അന്തരിച്ചു.

വ്യക്തിത്വത്തെ കുറിച്ച് ചർച്ചചെയ്യുമ്പോൾ ഒരാളുടെ ബാഹ്യമായ പ്രകൃതവും പ്രകടനവുമാണെന്ന പൊതുധാരണ ഉണ്ടാവാറുണ്ട്. എന്നാൽ വ്യക്തിത്വത്തിന് മറ്റു പല പ്രത്യേകതകളുമുണ്ട്.

- വ്യക്തിത്വം ആർജിച്ചെടുത്തതാണ്.
- ഓരോ വ്യക്തിത്വവും അതുല്യമാണ്.
- വ്യക്തിത്വം പൊതു ഇടപഴകലിലൂടെ സ്വാധീനിക്കപ്പെടുന്നതാണ്.
- വ്യക്തിത്വം ഒരാളുടെ സ്ഥായിയായ പ്രത്യേകതയാണ്.
- വ്യക്തിത്വം നിഗൂഢമായൊരു പ്രതിഭാസമല്ല.
- വ്യക്തിത്വം ശാരീരികഘടനയെ മാത്രം ആശ്രയിച്ചുള്ളതല്ല.

അങ്ങനെയാണെങ്കിൽ വ്യക്തിത്വരൂപീകരണത്തെ നിർണയിക്കുന്ന ഘടകങ്ങളേതൊക്കെയാണ്? തീർച്ചയായും ഒരാൾ വളരുന്ന ചുറ്റുപാടും പാരമ്പര്യഘടകങ്ങളും ഏതു സംസ്കാരത്തിലാണ് വളരുന്നത് എന്നതും, ഒരാൾ കടന്നുപോകുന്ന പ്രത്യേകാനുഭവങ്ങളും വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്.

സംസ്കാരവും വ്യക്തിത്വവുമായുള്ള പരസ്പരബന്ധത്തിൽ നരവംശശാസ്ത്രജ്ഞരുടെ സംഭാവനകളെക്കുറിച്ച് നമുക്കിനി ചർച്ചചെയ്യാം.

അമേരിക്കൻ നരവംശശാസ്ത്രജ്ഞരായ റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ്, റാൽഫ് ലിന്റൺ, അബ്രാം കാർഡിനർ എന്നിവരാണ് മനോനരവംശശാസ്ത്രസിദ്ധാന്തങ്ങളുടെ വക്താക്കൾ. വ്യക്തിത്വവും സംസ്കാരവുമായുള്ള പരസ്പരബന്ധം പരിശോധിക്കാനായി ഇവർ മൂന്ന് സമീപനരീതികളാണ് കൈക്കൊണ്ടത്.

1. വ്യക്തിത്വം സംസ്കാരത്തെ രൂപീകരിക്കുന്നു.
2. സംസ്കാരം വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നു.
3. സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും പരസ്പരം സ്വാധീനിക്കപ്പെടുന്നവയുമാണ്.

വ്യക്തിത്വം സംസ്കാരത്തെ രൂപീകരിക്കുന്നു (Personality Builds Culture)

മാർഗരറ്റ് മീഡിന്റെ ഗുരുനാഥയും അമേരിക്കയിലെ ആദ്യ നരവംശശാസ്ത്രജ്ഞയുമായ റൂത്ത് ബെനഡിക്റ്റാണ് വ്യക്തിത്വം സംസ്കാരത്തെ സ്വാധീനിക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയത്. ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ, വ്യക്തിത്വമാണ് സംസ്കാരത്തെ നിർണയിക്കുന്നത്. സംസ്കാരം സ്വയം രൂപപ്പെടുന്നതല്ല. വ്യക്തിത്വത്താൽ നിർണയിക്കപ്പെടുന്നതാണ്. വ്യത്യസ്ത തരത്തിലുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കാനായി മനുഷ്യരാണ് സംസ്കാരം സൃഷ്ടിച്ചത്. ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം കൈമാറുന്നതിൽ വ്യക്തികൾ പ്രധാന പങ്കുവഹിക്കുന്നു. ഈ അർഥത്തിൽ സംസ്കാരം വ്യക്തിത്വത്തിന്റെ സംഭാവനയാണ്. ഇത് മനസ്സിലാക്കാനായി ബെനഡിക്റ്റ് ക്വാകിറ്റിൽ, ദോബു, പ്യൂബ്ലോ സൂനി എന്നീ സമൂഹങ്ങളെ പഠനവിധേയമാക്കി.

ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ, മനുഷ്യസമൂഹത്തിൽ രണ്ടു വിധത്തിലുള്ള

ജീനിയസ് (വ്യക്തിത്വം) ഉണ്ട്.

1. അപ്പോളോണിയൻ
2. ഡയണീഷ്യൻ

അപ്പോളോണിയൻ : ഗ്രീക്ക് ദേവനായ അപ്പോളോയിൽ നിന്നാണ് അപ്പോളോണിയൻ എന്ന വാക്കുണ്ടായത്. ഇത് സമാധാനത്തിന്റെ സൂര്യദേവനാണ്. സമാധാനം, അച്ചടക്കം, ദയ, മനുഷ്യത്വം എന്നിവയെ ഇത് പ്രതിനിധീകരിക്കുന്നു. അതായത് അപ്പോളോണിയൻ രീതിയിലുള്ള സംസ്കാരങ്ങളിൽ സമാധാനം, അച്ചടക്കം, ദയ എന്നിവ ദർശിക്കാനാവും. ന്യൂമെക്സിക്കോയിലെ പ്യൂബ്ലോ സമൂഹത്തെയാണ് അപ്പോളോണിയൻ സംസ്കാരത്തിന്റെ പ്രതിനിധിയായി ബെനഡിക്റ്റ് ചൂണ്ടിക്കാണിക്കുന്നത്.

ഡയണീഷ്യൻ : ഗ്രീക്ക് ദേവനായ ഡയണീഷ്യസിൽനിന്നാണ് ഡയണീഷ്യൻ എന്ന വാക്കുണ്ടായത്. ആഡംബരജീവിതത്തിന്റെയും മദ്യാസക്തിയുടെയും പ്രതീകമാണ് ഡയണീഷ്യൻ. ഡയണീഷ്യൻ സംസ്കാരത്തിൽ കാറ്റും കോളും പ്രകടമായ മാറ്റങ്ങളും കാണാനാകും. ഡയണീഷ്യൻ ജീനിയസ്സിന്റെ പ്രതിനിധികളായി അമേരിക്കയിലെ വടക്കുപടിഞ്ഞാറൻ തീരത്തെ ദോബു, ക്വാകിറ്റിൽ എന്നീ സംസ്കാരങ്ങളെയാണ് എടുത്തുകാട്ടുന്നത്.

മലിനേഷ്യയിലെ ദോബുസമൂഹം സാംസ്കാരിക പ്രത്യേകതകൾ കൊണ്ടും വികാരപ്രകടനങ്ങളിലും പ്യൂബ്ലോ സമൂഹത്തിൽനിന്നും നേർ വിപരീതസ്വഭാവമുള്ളവയാണ്. ഇടയ്ക്കിടെയുള്ള സംഘട്ടനങ്ങളും അക്രമങ്ങളും കിടമത്സരങ്ങളും ദോബുവിന്റെ പ്രത്യേകതകളാണ്. മറ്റുള്ളവരെ ഉപദ്രവിക്കാനായി അവർ ഇടയ്ക്കിടെ മന്ത്രവാദങ്ങൾ ചെയ്യാറുണ്ട്. ക്വാകിറ്റിൽ ജനത മതാചാരങ്ങളിൽ വിശ്വസിക്കുന്നില്ല. ഇവരുടെ സംസ്കാരത്തിൽ ധനമാണ് പദവിയും അന്തസ്സും നിർണയിക്കുന്നത്. ഏതു വിധേനയും ധനം സമ്പാദിക്കുന്നതിൽ തൽപ്പരരാണിവർ. അതില്ലാത്തവരെ സമൂഹം വിലമതിക്കുന്നില്ല.

ബെനഡിക്റ്റിന്റെ പഠനം സംസ്കാരത്തിൽ വ്യക്തിത്വത്തിനുള്ള സ്വാധീനമാണ് വ്യക്തമാക്കുന്നത്. വ്യക്തിത്വങ്ങളിലുള്ള വ്യത്യാസമാണ് സംസ്കാരങ്ങളിലെ വ്യത്യാസങ്ങൾക്ക് പ്രധാനകാരണമായി ബെനഡിക്റ്റ് ചൂണ്ടിക്കാണിക്കുന്നത്.

സാംസ്കാരികവ്യവസ്ഥ (Culture Pattern) : സാർവത്രിക സാംസ്കാരികരീതികളെ സൂചിപ്പിക്കാനായി നരവംശശാസ്ത്രജ്ഞർ ഉപയോഗിച്ചിരുന്ന ഈ ആശയം പാറ്റേൺസ് ഓഫ് കൾച്ചർ (1934) എന്ന തന്റെ പ്രസിദ്ധമായ പുസ്തകത്തിൽ ബനഡിക്റ്റ് വിപുലമാക്കുന്നു. വ്യക്തിഗത സംസ്കാരങ്ങൾക്ക് അനുയോജ്യമായ സാംസ്കാരിക മാതൃകകൾ (കൾച്ചർ പാറ്റേൺ) എടുത്തുകാട്ടാനാണ് ബെനഡിക്റ്റ് ശ്രമിക്കുന്നത്. സംസ്കാരഘടകങ്ങളും സംസ്കാരഘടകസഞ്ചയങ്ങളും പരസ്പരബന്ധിതമായും ഉദ്ഗ്രഥിതമായും കർമ്മനിരതമായ അവസ്ഥയിലെത്തുമ്പോഴാണ് ഒരു കൾച്ചർ പാറ്റേൺ രൂപംകൊള്ളുന്നത്. ഗാന്ധിസം, ആത്മീയത, കൂട്ടുകുടുംബവ്യവസ്ഥ, ജാതിവ്യവസ്ഥ, ഗ്രാമീണത തുടങ്ങിയവയാണ് ഇന്ത്യൻ സംസ്കാരത്തിന്റെ സാംസ്കാരികമാതൃകകളിൽ (കൾച്ചർ പാറ്റേൺ) ഉൾപ്പെടുന്നത്. ഇത്തരം ഓരോ സംസ്കാരഘടകസഞ്ചയങ്ങളിലുമുള്ള അനേകം സംസ്കാരഘടകങ്ങൾ കൂടിച്ചേർന്ന് പ്രവർത്തനനിരതമാകുമ്പോൾ ഇന്ത്യൻ സംസ്കാരത്തിന്റെ സാംസ്കാരികമാതൃകകൾ രൂപംകൊള്ളുന്നു.

ദേശീയസ്വഭാവത്തെ കുറിച്ചുള്ള ബെനഡിക്റ്റിന്റെ പഠനം (Benedicts study on National Character)

രണ്ടാം ലോകയുദ്ധകാലഘട്ടത്തിൽ നരവംശശാസ്ത്രജ്ഞരെ മറ്റു സംസ്കാരങ്ങളിൽ മണ്ഡലവൃത്തി നിർവഹിക്കാൻ അനുവദിച്ചിരുന്നില്ല. അങ്ങനെയാണ് റൂത്ത് ബെനഡിക്റ്റ് ദേശീയസ്വഭാവപഠനങ്ങളിൽ (National Character Studies)ഏർപ്പെടുന്നത്. യു.എസ്. ഗവൺമെന്റിൽ സോഷ്യൽ സയൻസ് അനലിസ്റ്റായി ജോലിചെയ്യുകയായിരുന്നു ബെനഡിക്റ്റ്. വിദൂരസംസ്കാരങ്ങൾ പഠിക്കാനായി ഉള്ളടക്ക വിശകലന രീതി വികസിപ്പിച്ചത് ഈ കാലയളവിലാണ്. ഫീൽഡ് വർക്കിന്റെ അഭാവത്തിൽ ജപ്പാന്റെ ദേശീയ സ്വഭാവം പഠിക്കാനായി അമേരിക്കയിൽ തടവിൽ കഴിയുന്ന ജപ്പാൻ തടവുകാരെയാണ് റൂത്ത് ബെനഡിക്റ്റ് തിരഞ്ഞെടുത്തത്. ഇതിനായി അവർ ജാപ്പനീസ് ചരിത്രരേഖകളും വ്യത്യസ്ത കലാരൂപങ്ങളും വിശകലനംചെയ്തു. അദ്ദേഹം ജാപ്പനീസ് തടവുകാരുമായി അഭിമുഖം നടത്തുകയും ഡയറികൾ പരിശോധിക്കുകയും അവരുടെ ജീവചരിത്രം ശേഖരിക്കുകയും ജീവിതത്തെ കുറിച്ചുള്ള വിശദമായ അന്വേഷണം നടത്തുകയുമുണ്ടായി. യു എസിലെത്തിയ ജാപ്പനീസ് കുടിയേറ്റക്കാരുമായി അവർ അഭിമുഖം നടത്തി. ബെനഡിക്റ്റിന്റെ ഈ പഠനം ക്രൈസാന്തമം ആന്റ് ദി സ്വോർഡ് (1946) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ജപ്പാന്റെ ദേശീയസ്വഭാവമാണ് ഈ പുസ്തകം പഠനവിധേയമാക്കുന്നത്.

ജമന്തി (ക്രൈസാന്തമം) ജപ്പാന്റെ ദേശീയപുഷ്പമാണ്. ജപ്പാനിലെ കുട്ടികളുടെ സാമൂഹികവൽക്കരണ പ്രക്രിയയാണ് ഇത് പ്രതീകമാക്കുന്നത്. ക്രൈസാന്തമം പൂവുപോലെ വളരുന്ന കുട്ടികൾക്ക് ജപ്പാനിലെ രക്ഷിതാക്കൾ എല്ലാവിധ പരിചരണങ്ങളും നൽകിയിരുന്നു. എന്നാൽ കൗമാരകാലഘട്ടത്തിൽ അവർക്ക് കടുത്ത പരീക്ഷണങ്ങൾ നേരിടേണ്ടി വരുന്നു. തൽഫലമായി അവർ കൂടുതൽ അക്രമസ്വഭാവമുള്ളവരായിതീരുന്നു. അവരുടെ കഴുത്തിനു മീതെ എല്ലായ്പ്പോഴും ഒരു വാൾ തൂങ്ങിക്കിടക്കുന്നത് പോലെയാണിത്. റൂത്ത് ബെനഡിക്റ്റിന്റെ അഭിപ്രായത്തിൽ ജപ്പാന്റെ കുട്ടിക്കാല വ്യക്തിത്വം അപ്പോളോണിയൻ ജീനിയസ്സു പോലെയും കൗമാരത്തിലെ വ്യക്തിത്വം ഡയണീഷ്യൻ ജീനിയസ്സുപോലെയുമാണ്.

സംസ്കാരം വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നു (Culture Determines the Formation of Personality)

വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിനുള്ള പങ്ക് മാർഗരറ്റ് മീഡ് തന്റെ പഠനത്തിലൂടെ വ്യക്തമാക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഒരു വ്യക്തി വീട്, ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയ ഭൗതികസംസ്കാരം മാത്രമല്ല ആർജിച്ചെടുക്കുന്നത്, മറിച്ച് ആചാരങ്ങൾ, മതം, പാരമ്പര്യം, വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആശയങ്ങൾ തുടങ്ങിയ ഭൗതികേതര സംസ്കാരങ്ങളും ആർജിച്ചെടുക്കുന്നു. ഏതു രീതിയിലാണ് ഒരാൾ പെരുമാറേണ്ടതെന്ന് പഠിപ്പിക്കുന്നത് സംസ്കാരമാണ്. സംസ്കാരാർജനം (Enculturation), സ്വാംശീകരണം (Assimilation) എന്നീ പ്രക്രിയകളിലൂടെയാണ് അത് നേടിയെടുക്കുന്നത്. മുണ്ടുഗുമർ, അരാപേഷ്, ഷാംബുലി എന്നീ സമൂഹങ്ങളിൽ നടത്തിയ പഠനങ്ങളിലൂടെയാണ് വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിന്റെ സ്വാധീനം മീഡ് വ്യക്തമാക്കുന്നത്. ഇവർ

ഒരേ മേഖലയിൽ താമസിക്കുന്നവരും എന്നാൽ സംസ്കാരത്തിലുള്ള വ്യത്യാസങ്ങൾ കാരണം വ്യത്യസ്തമായ വ്യക്തിത്വങ്ങളും സ്വഭാവങ്ങളുമുള്ളവരുമാണ്. ചുരുക്കത്തിൽ, ഒരാളുടെ വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരം സ്വാധീനം ചെലുത്തുന്നു എന്ന് മീഡ് അഭിപ്രായപ്പെടുന്നു.

ഒരു മനോ-സാംസ്കാരിക പഠനമായ 'സെക്സ് ആന്റ് ടെമ്പറമെന്റ് ഇൻ പ്രിമിറ്റീവ് സൊസൈറ്റീസ്' (1935)എന്ന പുസ്തകത്തിൽ മാർഗരറ്റ് മീഡ് ഇത് വിശദമാക്കുന്നു. ന്യൂഗ്വിനിയയിലെ മുണ്ടുഗുമർ, അരാപേഷ്, ഷാംബുലി എന്നീ സമൂഹങ്ങൾ ഒരേ മേഖലയിൽ വസിക്കുന്നവരാണ്. ഒരേ മേഖലയിലുള്ള സമൂഹങ്ങളിൽ സ്വഭാവരീതികളും വ്യക്തിത്വങ്ങളും മാറ്റത്തിനു വിധേയമാകുന്നതെന്തുകൊണ്ടെന്ന് അവർ പഠനവിധേയമാക്കി. സാംസ്കാരിക വൈവിധ്യങ്ങളാണ് ഒരേ സമൂഹത്തിലോ വ്യത്യസ്ത സമൂഹങ്ങളിലോ ഉള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും വ്യക്തിത്വ വൈവിധ്യങ്ങൾക്ക് കാരണമെന്ന് മീഡിന്റെ പഠനങ്ങൾ വെളിവാക്കുന്നു.

അരാപേഷ് സമൂഹത്തിലെ വ്യക്തിത്വങ്ങളിൽ സംഘട്ടനങ്ങളോ കിടമത്സരങ്ങളോ ഇല്ല. അവർ ദയ, സഹകരണമനോഭാവം എന്നിവയുള്ളവരും സമാധാനം കാംക്ഷിക്കുന്നവരുമാണ്. എന്നാൽ അരാപേഷ് സമൂഹത്തിൽനിന്നു വ്യത്യസ്ത മാണ് മുണ്ടുഗുമർ സമൂഹത്തിന്റെ സ്വഭാവങ്ങൾ. സംശയം, അസൂയ, മത്സരം,

1901 ഡിസംബർ 16-ന് പെനിസിൽവാനിയയിലെ ഫിലാഡൽഫിയയിലാണ് മാർഗരറ്റ് മീഡ് ജനിച്ചത്. കൊളംബിയ യൂണിവേഴ്സിറ്റിയിലെ നരവംശശാസ്ത്രവിഭാഗത്തിൽ മീഡ് ഫ്രാൻസ് ബോസിന്റെ ശിഷ്യയായിരുന്നു. ഇവിടെയാണ് അവർ തന്റെ പി. എച്ച്. ഡി പഠനം പൂർത്തിയാക്കിയത്. യൗവനത്തിലുള്ള പെൺകുട്ടികളുടെ ജീവിതത്തെക്കുറിച്ച് പഠിക്കാനായി മീഡ് സമോവയിൽ ഫീൽഡ് വർക്ക് ചെയ്തിട്ടുണ്ട്. ഇവർ സമോവൻ ഭാഷ പഠിക്കുകയും സമോവൻ കുടുംബത്തിലെ പെൺകുട്ടിയെ പോലെ അവിടെ ജീവിക്കുകയും ചെയ്തു. അമേരിക്കൻ, യൂറോപ്യൻ യുവതികളിൽ കണ്ടുവരുന്ന മാനസികപിരിമുറുക്കം മീഡിന് സമോവൻ പെൺകുട്ടികളിൽ കണ്ടെത്താനായില്ല. സമോവൻ സംസ്കാരത്തിലെ സാമൂഹികസംഘാടനത്തിന്റെ പ്രത്യേകതകൾ കാരണം യൗവനത്തിൽനിന്നു കൂടുതൽ പക്വതയാർന്ന ഘട്ടത്തിലേക്കുള്ള മാറ്റം എളുപ്പമാകുന്നതായി മീഡ് കണ്ടെത്തുന്നു. പിന്നീട് അവർ അമേരിക്കയിലെ നാചറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ക്യൂറേറ്റർ ആവുകയും അവിടെ വച്ച് 1928 ൽ തന്റെ കമിങ് ഓഫ് ഏജ് ഇൻ സമോവ. എന്ന പ്രസിദ്ധമായ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. സൈക്യാട്രിയിലുള്ള അവരുടെ താൽപ്പര്യം സ്കിസോഫ്രീനിയ രോഗികളുടെ സാംസ്കാരികപശ്ചാത്തലത്തെ കുറിച്ച് പഠിക്കാൻ പ്രേരകമാവുകയും തുടർന്ന് ബാലിയിൽ ഫീൽഡ് വർക്ക് നടത്തുകയും ചെയ്തു. ഫോട്ടോഗ്രാഫിക് മെത്തേഡെന്ന പുതിയരീതിക്ക് തുടക്കം കുറിച്ചത് ഇവിടെയാണ്. വ്യക്തിത്വവികാസത്തിൽ സംസ്കാരത്തിന്റെ പ്രാധാന്യം ഊന്നിപറഞ്ഞുകൊണ്ട് മനോവിശ്ലേഷണ സിദ്ധാന്തത്തിൽ മീഡ് സാരമായ സംഭാവനകൾ നൽകി. ദേശീയസ്വഭാവപഠനങ്ങളിലും മീഡ് തന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. മീഡ് പിന്നീട് പ്രസിദ്ധീകരിച്ച കൃതികളാണ് ഗ്രോയിങ് അപ്പ് ഇൻ ന്യൂ ഗിനിയ (1930). മെയിൽ ആന്റ് ഫീമെയിൽ (1949), ഗ്രോത്ത് ആന്റ് കൾച്ചർ (1951) എന്നിവ. മീഡിന് നരവംശശാസ്ത്രം മനുഷ്യസ്വഭാവങ്ങളുടെ പുതിയ തലങ്ങൾ കണ്ടെത്താനുള്ള വഴിയായിരുന്നു. 1978-ൽ മാർഗരറ്റ് മീഡ് മരിക്കുമ്പോൾ അവർ ലോകപ്രശസ്തയായ നരവംശശാസ്ത്രജ്ഞയായിരുന്നു.

കലഹം എന്നിവ അവരുടെ പ്രത്യേകതകളാണ്. സ്ത്രീയും പുരുഷനും ഒരുപോലെ അക്രമോത്സുകരാണ്. ഈ കാരണങ്ങൾ കൊണ്ടു തന്നെ മുണ്ടുഗുമർ സമൂഹത്തിലെ വ്യക്തിത്വരൂപീകരണത്തിൽ അക്രമോത്സുകത പ്രബലമായ പങ്കുവഹിക്കുന്നു. ഭാര്യമാരുടെ എണ്ണമനുസരിച്ചാണ് ഒരു പുരുഷന്റെ പദവി നിർണയിക്കുന്നത്. കൂടുതൽ ഭാര്യമാരുള്ളവർക്ക് സമൂഹത്തിൽ ഉയർന്ന പദവി ലഭിക്കുന്നു. ഈ ഭാര്യമാർ കുടുംബത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുകയും ചെയ്യുന്നു. പുതിയൊരു ഭാര്യയെ ലഭിക്കാനായി മകളെ പകരമായി കൈമാറ്റം ചെയ്യുന്ന രീതിയും ഇവിടെ നിലവിലുണ്ട്. ഇത് അച്ഛനും മകനും തമ്മിൽ വഴക്കുണ്ടാവുന്നതിന് കാരണമാവുന്നു. അച്ഛനും മകനും കൈമാറ്റരീതിയിലൂടെ വിവാഹം ചെയ്യാനാഗ്രഹിക്കുന്നതാണ് കാരണം. പുതിയൊരു ഭാര്യയെ ലഭിക്കാനായി മകളെ കൈമാറ്റം ചെയ്യാൻ അമ്മയും ഇഷ്ടപ്പെടുന്നില്ല. അതായത് മുണ്ടുഗുമർ സമൂഹത്തിൽ അംഗങ്ങൾക്കിടയിൽ സ്ഥിരമായി കലഹം, മത്സരം, സംഘട്ടനം എന്നിവ കണ്ടുവരുന്നു.

ന്യൂഗ്വിനിയയിൽ മാർഗരറ്റ് മീഡ് പഠനം നടത്തിയ മറ്റൊരു സമൂഹമാണ് ഷാംബുലി. ഇവിടെ പുരുഷന്മാർ വിധേയത്വസ്വഭാവമുള്ളവരും സ്ത്രീകൾ അക്രമ സ്വാഭാവമുള്ളവരുമാണ്. സ്ത്രീകൾക്ക് സ്വന്തം ഭർത്താവിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അവരെ ആശ്രയിച്ചാണ് പുരുഷന്മാർ ജീവിക്കുന്നത്. പാചകം, വീടുവൃത്തിയാക്കൽ, കുട്ടികളെ പരിചരിക്കൽ തുടങ്ങിയവ പുരുഷൻമാരുടെ ഉത്തരവാദിത്തമാണ്. ഈ കാരണങ്ങളാൽ ഷാംബുലിസമൂഹത്തിൽ പുരുഷന്മാർ ദയാലുക്കളും സമാധാനകാംക്ഷികളും അനുസരണയുള്ള വ്യക്തിത്വമുള്ളവരുമാണ്. എന്നാൽ സ്ത്രീകൾ കൂടുതൽ അക്രമോത്സുകരാണ്. ഇത്തരത്തിൽ അടുത്തടുത്ത മേഖലയിലെ മൂന്ന് സംസ്കാരങ്ങളുടെ താരതമ്യപഠനത്തിലൂടെ വ്യക്തിത്വരൂപീകരണത്തിൽ സംസ്കാരത്തിന്റെ സ്വാധീനം മാർഗരറ്റ് മീഡ് വ്യക്തമാക്കുന്നു.

ദേശീയസ്വഭാവപഠനത്തിൽ മീഡിന്റെ സംഭാവനകൾ (Mead's contribution to the study of National Character)

പൊതുവായ പാരമ്പര്യം, താൽപ്പര്യങ്ങൾ, വികാരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കൂട്ടം ജനങ്ങൾ താമസിക്കുന്ന ഒരു പ്രത്യേക മേഖലയാണ് ഒരു രാജ്യമെന്ന് നിർവചിക്കാം. ഒരു ദേശത്തിന്റെ കൂട്ടായ പാരമ്പര്യം, താൽപ്പര്യങ്ങൾ, ആശയങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ദേശീയസ്വഭാവം. ഭൂമിശാസ്ത്രപരവും ഭാഷാപരവും സാമുദായികവും വർഗപരവും രാഷ്ട്രീയവുമായ ഐക്യം ഇതിൽ ഉൾപ്പെടുന്നു. ഒരു രാജ്യത്തെ ജനങ്ങൾ സ്വായത്തമാക്കിയ പൊതുവായ സ്വഭാവഗുണങ്ങളെ ദേശീയസ്വഭാവം എന്നു പറയാം. ദേശീയസ്വഭാവ പഠനങ്ങൾക്കായി മീഡ് സിനിമ വിശകലനം ചെയ്യുകയും പത്രങ്ങൾ, എഴുത്തുകൾ, ഡയറികൾ തുടങ്ങിയ മറ്റു പ്രമാണങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇതിനു പുറമേ കുടിയേറ്റക്കാരായി എത്തിയവരുമായി അഭിമുഖം നടത്തുകയും അവരുടെ ജീവചരിത്രങ്ങൾ ശേഖരിക്കുകയും മനശ്ശാസ്ത്രപരീക്ഷകൾ നടത്തുകയും ചെയ്തു. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റഡി ഓഫ് കൾച്ചർ അറ്റ് എ ഡിസ്റ്റൻസ് (1953) എന്ന പുസ്തകം മീഡ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചു. നേരിട്ടുള്ള നിരീക്ഷണത്തിലൂടെയല്ലാതെ ദേശീയസ്വഭാവപഠനങ്ങൾ നടത്താനുള്ള രീതിശാസ്ത്രമാണ് ഇതിൽ ഉൾപ്പെടുന്നത്.

മീഡ് പ്രസിദ്ധീകരിച്ച മറ്റൊരു പുസ്തകമാണ് 'ആന്റ് കീപ്പ് യുവർ പൗഡർ ഡ്രൈ' (1942). അമേരിക്കയിലെ ദേശീയസ്വഭാവപഠനമാണ് ഇതിൽ ഉൾപ്പെടുന്നത്. ജപ്പാൻ, റഷ്യ തുടങ്ങിയ മറ്റേതൊരു രാജ്യങ്ങളിലെയും പോലെ അമേരിക്കയിലെ കുട്ടികളുടെ വ്യക്തിത്വങ്ങളിലും വ്യത്യാസങ്ങളൊന്നും മീഡിന് കണ്ടെത്താനായില്ല. കുടുംബത്തിൽ നിന്നും സ്കൂളിൽനിന്നും വിദ്യാഭ്യാസം ലഭിക്കുന്നതോടുകൂടി ക്രമേണ അവരുടെ വ്യക്തിത്വങ്ങളിലും മാറ്റങ്ങൾ സംഭവിക്കുന്നു. ഇത്തരത്തിൽ അവരുടെ സംസ്കാരത്തിലും വ്യക്തിത്വത്തിലും ദേശീയസ്വഭാവം പ്രതിഫലിക്കുന്നു.

സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും പരസ്പരം സ്വാധീനിക്കുന്നവയുമാണ് (Culture and Personality are inseperable and influence each other)

റാൽഫ് ലിന്റൺ, അബ്രാം കാർഡിനർ തുടങ്ങിയ പണ്ഡിതർ വിശ്വസിക്കുന്നത് സംസ്കാരവും വ്യക്തിത്വവും പരസ്പരം സ്വാധീനിക്കുന്നു എന്നാണ്. അവ പരസ്പരം ബന്ധിതവും പരസ്പരാശ്രിതവും അവിഭാജ്യവുമാണ്.

സംഗ്രഹം

- ഗ്രീക്ക് തത്ത്വചിന്തകരായ ഹെറഡോട്ടസ്, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കാലഘട്ടത്തിലാണ് നരവംശശാസ്ത്രചിന്തകളുടെ ഉൽഭവം. എന്നാൽ 19-ാം നൂറ്റാണ്ടിലെ ജൈവസാംസ്കാരിക പരിണാമസിദ്ധാന്തങ്ങളോടുകൂടിയാണ് അതൊരു വിജ്ഞാനശാഖയായി വളർന്നുവന്നത്. ഇതുമായി ബന്ധപ്പെട്ട് ചാൾസ് ഡാർവിൻ, ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൺ എന്നിവരുടെ സംഭാവനകൾ വിലപ്പെട്ടതാണ്. പിന്നീട് ഫ്രാൻസ് ബോസ്, ഡബ്ല്യു.എച്ച്.ആർ. റിവേഴ്സ്, മലിനോവ്സ്കി, റാഡ്ക്ലിഫ് ബ്രൗൺ, ലെവി സ്ട്രോസ്സ്, റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ് തുടങ്ങി മറ്റു പല പ്രമുഖരും മനുഷ്യസംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കുന്നതിൽ വിലപ്പെട്ട സംഭാവനകൾ നൽകി.
- മനുഷ്യസംസ്കാരത്തിന്റെയോ സാമൂഹിക-സാംസ്കാരികസ്ഥാപനങ്ങളുടെയോ വ്യത്യസ്തവും തുടർച്ചയുമായ രൂപങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ രൂപം കൊള്ളുന്ന പ്രക്രിയയായി സാംസ്കാരികപരിണാമത്തെ നിർവചിക്കാം.
- ക്ലാസിക്കൽ പരിണാമവാദികളെന്നും നവപരിണാമവാദികളെന്നും പരിണാമവാദികളെ രണ്ടായി വർഗീകരിച്ചിരിക്കുന്നു. ക്ലാസിക്കൽ പരിണാമവാദത്തിന്റെ പ്രധാന വക്താക്കളാണ് ഇ.ബി. ടെയ്‌ലർ, ജെയിംസ് ഫ്രേസർ, ആർ.ആർ. മാറ്റ്, എൽ.എച്ച്. മോർഗൺ, ജെ.ജെ. ബക്കോഫൻ, അഡോൾഫ് ബാസ്റ്റിയൻ എന്നിവർ. ഇവർ ഏകരേഖീയ പരിണാമവാദികൾ എന്നറിയപ്പെടുന്നു.
- സംസ്കാരം വികസിച്ചത് ഏകരേഖീയരീതിയിലല്ലെന്നും അനുവൃത്തവക്രരീതിയിൽ ആണെന്നും നവീനപരിണാമവാദികൾ വാദിക്കുന്നു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ ഒരു നിശ്ചിത രൂപത്തിൽ സാമൂഹികസ്ഥാപനം ഉടലെടുക്കുന്നു. അടുത്ത ഘട്ടത്തിൽ തീർത്തും വ്യത്യസ്തമായ രൂപത്തിലേക്ക് ഇത് വഴിമാറുന്നു. വീണ്ടുമത് യഥാർഥ രൂപത്തിന്റെ പരിഷ്കൃതരൂപത്തിലേക്ക് രൂപാന്തരം പ്രാപിക്കുന്നു. ബ്രിട്ടനിലെ

ഗോർഡൻ ചൈൽഡ്, അമേരിക്കയിലെ ജൂലിയൻ സ്റ്റിവാർഡ്, ലെസ്ലി എ. വൈറ്റ് എന്നിവർ നവീനപരിണാമസിദ്ധാന്തത്തിൽ പ്രമുഖസ്ഥാനമുള്ളവരാണ്.

- ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാരഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയയാണ് സംസ്കാരവ്യാപനം. സംസ്കാരവ്യാപന ചിന്താസരണിയെ ബ്രിട്ടീഷ്, ജർമൻ, അമേരിക്കൻ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ബ്രിട്ടീഷ് സംസ്കാരവ്യാപനവാദികളുടെ അഭിപ്രായത്തിൽ ഈജിപ്താണ് സംസ്കാരത്തിന്റെ കേന്ദ്രം. സംസ്കാരഘടകങ്ങൾ അവിടെനിന്നു ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയാണ് ചെയ്തത്. ജർമൻ വ്യാപനവാദികളുടെ അഭിപ്രായത്തിൽ വിവിധ സ്ഥലങ്ങളിൽ സർക്കിളുകൾ അഥവാ ഡിസ്ട്രിക്ടുകൾ രൂപപ്പെടുകയും അവ പിന്നീട് കുടിയേറ്റം വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. അമേരിക്കൻ വ്യാപനവാദത്തിലെ പ്രധാന ആശയമാണ് കൾച്ചർ ഏരിയ.
- 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലിനോവ്സ്കിയും റാഡ് ക്ലിഫ് ബ്രൗണും സംസ്കാരവിശകലനത്തിന് മറ്റൊരു സമീപനരീതി മുന്നോട്ട് വയ്ക്കുകയുണ്ടായി. മലിനോവസ്കി ധർമ്മവാദവും റാഡ്ക്ലിഫ് ബ്രൗൺ ഘടനാധർമ്മവാദവും അവതരിപ്പിച്ചു. മലിനോവസ്കിയുടെ അഭിപ്രായത്തിൽ സംസ്കാരം മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരുപകരണമാണ്.
- റാഡ്ക്ലിഫ് ബ്രൗണിന്റെ അഭിപ്രായത്തിൽ ഘടന എന്നത് വ്യത്യസ്ത ഘടകങ്ങളെ പരസ്പരബന്ധിതമായി ക്രമീകരിച്ചിരിക്കുന്ന അവസ്ഥയാണ്. സാമൂഹികഘടനയിലെ ആത്യന്തികഘടകം വ്യക്തികൾ അഥവാ മനുഷ്യർ ആണ്. വ്യക്തികളുടെ പരസ്പരബന്ധിതമായ ക്രമീകരണമാണ് സാമൂഹികഘടന. സമൂഹത്തിൽ വ്യക്തികളെ വ്യത്യസ്ത സാമൂഹികയൂണിറ്റുകളായും സ്ഥാപനങ്ങളായും രൂപപ്പെടുത്തിയിരിക്കുന്നു. ഈ യൂണിറ്റുകളും സ്ഥാപനങ്ങളും അവയുടെ പ്രത്യേക ധർമ്മങ്ങൾ നിർവഹിക്കുന്നു. സാമൂഹികഘടന നിലനിൽക്കുന്നതിന് അവ പരസ്പരബന്ധിതമായും പരസ്പരാശ്രിതത്തോയെയും പ്രവർത്തിക്കുന്നു.
- വ്യത്യസ്ത ഘടകങ്ങളുടെ ക്രമീകൃതമായ അവസ്ഥയാണ് ഘടന എന്ന ബ്രൗണിന്റെ വാദത്തെ ലെവിസ്ട്രോസ് അനുകൂലിക്കുന്നു. എന്നാൽ സാമൂഹികയാഥാർഥ്യത്തിന്റെ യഥാർഥതലമാണ് അത് എന്ന് ബ്രൗണിന്റെ വാദത്തെ അദ്ദേഹം നിരാകരിക്കുന്നു. സാമൂഹികഘടനയെ വെറും സാമൂഹികബന്ധങ്ങളാക്കി പരിമിതപ്പെടുത്താനാകില്ല.
- 1920-കളിൽ ഒരുകൂട്ടം നരവംശശാസ്ത്രജ്ഞർ സാംസ്കാരികരീതികളും സമുദായങ്ങളിലെ വ്യക്തിഗതമനോനിലയും വിശകലനത്തിന് വിധേയമാക്കുകയുണ്ടായി. തൽഫലമായി അമേരിക്കൻ നരവംശശാസ്ത്രത്തിൽ പുതിയൊരു ചിന്താസരണി രൂപംകൊണ്ടു. ഇത് മനോനരവംശശാസ്ത്രം എന്നറിയപ്പെടുന്നു. അവർ സംസ്കാരവും വ്യക്തിത്വവും തമ്മിലുള്ള പരസ്പരബന്ധത്തെ പഠനവിധേയമാക്കി. മാർഗരറ്റ് മീഡിന്റെ അഭിപ്രായത്തിൽ, സംസ്കാരം വ്യക്തിത്വരൂപീകരണത്തിന് കാരണമാകുന്നു. എന്നാൽ റൂത്ത് ബെനഡിക്റ്റ് പറയുന്നത് വ്യക്തിത്വമാണ് സംസ്കാരത്തെ രൂപപ്പെടുത്തുന്നത് എന്നാണ്. റാൽഫ് ലിന്റൺ തുടങ്ങിയ മറ്റു ചിലരുടെ കാഴ്ചപ്പാടിൽ

സംസ്കാരവും വ്യക്തിത്വവും അവിഭാജ്യവും അവ പരസ്പരം സ്വാധീനിക്കപ്പെടുന്ന വയുമാണ്.

ടേം മൂല്യനിർണയ ഉപാധികൾ

1. പൂരിപ്പിക്കുക
   (a) ഇന്ത്യൻ, ബാബിലോണിയൻ, മായൻ സംസ്കാരങ്ങളിൽ ഒരേസമയം പൂജ്യം കണ്ടെത്തിയത് ..... എന്ന ആശയത്തിന് ഉദാഹരണമാണ്.
   (b) കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത എന്നീ ഘട്ടങ്ങളിലൂടെയാണ് മനുഷ്യസംസ്കാരം വികാസം പ്രാപിച്ചത് എന്നത്.....ലെ ആശയമാണ്.
2. ഒറ്റയായവ കണ്ടെത്തി ഉത്തരം സാധൂകരിക്കുക.
   (a) ഇ.ബി. ടെയ്‌ലർ, എൽ.എച്ച്. മോർഗൻ, ജെ.ജെ. ബക്കോഫൺ, എ.എൽ. ക്രോബർ
   (b) ഫ്രാൻസ് ബോസ്, ഡബ്ലു.എച്ച്.ആർ. റിവേഴ്സ്, ജൂലിയൻ സ്റ്റിവാർഡ്, ഏലിയട്ട് സ്മിത്ത്
   (c) ആവശ്യസിദ്ധാന്തം. ചാർട്ടർ, കുലകൈമാറ്റരീതി, സാമൂഹികഘടന
   (d) മാർഗരറ്റ് മീഡ്, വി ഗോർഡൻ ചൈൽഡ്, റൂത്ത് ബെനഡിക്റ്റ്, അബ്രാം കാർഡിനർ
3. വ്യത്യാസങ്ങളെഴുതുക.
   (a) പൊതുവായ സാമൂഹികഘടനയും യഥാർഥ സാമൂഹികഘടനയും
   (b) ക്ലാസിക്കൽ പരിണാമവാദവും നവപരിണാമവാദവും
4. എല്ലാ സംസ്കാരഘടകങ്ങളും ഈജിപ്തിൽ മാത്രം രൂപപ്പെടുകയും പിന്നീട് അവ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ഈ ചിന്താസരണി ഏതെന്ന് കണ്ടെത്തി അതിനെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കുക.
5. കോളം എ ബി സി എന്നിവ ഉചിതമായ രീതിയിൽ യോജിപ്പിക്കുക.

എ	ബി	സി
ഫ്രാൻസ് ബോസ്	പരിണാമവാദം	ട്രോബ്രിയന്റ് ഐലന്റേഴ്സ്
ഇ.ബി. ടെയ്‌ലർ	ധർമ്മവാദം	കൾച്ചർ ഏരിയ
മലിനോവ്സ്കി	വ്യാപനവാദം	കമിങ് ഓഫ് ഏജ് ഇൻ സമോവ
മാർഗരറ്റ് മീഡ്	ഘടനാവാദം	ആന്റമാൻ ഐലന്റേഴ്സ്
റാഡ്ക്ലിഫ് ബ്രൗൺ	സംസ്കാരവും വ്യക്തിത്വവും	പ്രിമിറ്റീവ് കൾച്ചർ

6. സാംസ്കാരിക പരിണാമവാദത്തിന്റെ വ്യത്യസ്ത ചിന്താസരണികൾ കാണിക്കുന്ന ചാർട്ട് വരച്ച് ഏതെങ്കിലും ഒന്നിനെ കുറിച്ച് വിശദമാക്കുക.
7. മലിനോവ്സ്കിയുടെ ആവശ്യസിദ്ധാന്തം വിശദമാക്കുക.
8. ലഘുവിവരണം എഴുതുക.
   - ധർമ്മവാദം
   - ഘടനാവാദം
   - സംസ്കാരവും വ്യക്തിത്വവും
   - സാംസ്കാരിക വ്യാപനവാദം

9. ഇന്ത്യയിലും ബാബിലോണിയയിലും ഒരേസമയം പൂജ്യം കണ്ടുപിടിച്ചു. ഇതുമായി ബന്ധപ്പെട്ട ചിന്താസരണി ഏതെന്ന് കണ്ടെത്തി വിശദീകരിക്കുക.
10. മനോനരവംശശാസ്ത്രത്തെക്കുറിച്ച് ലഘുവിവരണം തയാറാക്കുക.

സാങ്കേതികപദങ്ങൾ

സംസ്കാരം	തീർത്തും മാനുഷികമായതും പഠനം, പാരമ്പര്യം, ആചാരങ്ങൾ എന്നിവയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതും സ്വഭാവത്തെയും വിശ്വാസങ്ങളെയും നിയന്ത്രിക്കുന്നതുമായ ഘടകം.
സംസ്കാരവും വ്യക്തിത്വവും	വ്യത്യസ്ത സംസ്കാരങ്ങളിലെ മനശ്ശാസ്ത്രപരമായ പ്രത്യേകതകളും വ്യക്തിത്വസവിശേഷതകളും പഠനവിധേയമാക്കുന്ന സാംസ്കാരികനരവംശശാസ്ത്രത്തിന്റെ ഉപശാഖ.
സാംസ്കാരികാപേക്ഷികതാവാദം	വ്യത്യസ്ത സംസ്കാരങ്ങളിലെ മൂല്യങ്ങളും മാനദണ്ഡങ്ങളും വ്യത്യസ്തമാണെന്ന നിലപാട്. സംസ്കാരത്തെ വിലയിരുത്തേണ്ടത് അതിന്റെ സ്വന്തം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാകണമെന്ന് സാംസ്കാരിക ആപേക്ഷികതാവാദം ഊന്നിപ്പറയുന്നു.
സംസ്കാരവ്യാപനം	ഒരു പ്രദേശത്തോ സമൂഹത്തിലോ കണ്ടുപിടിച്ച സംസ്കാര ഘടകങ്ങൾ നേരിട്ടോ അല്ലാതെയോ മറ്റു പ്രദേശങ്ങളിലേക്കോ സമൂഹങ്ങളിലേക്കോ വ്യാപിക്കുന്ന പ്രക്രിയ.
സ്വസംസ്കാര കേന്ദ്രിതത്വം	സ്വന്തം സംസ്കാരംമാത്രമാണ് ശ്രേഷ്ഠമെന്നു കരുതുകയും മറ്റു സംസ്കാരങ്ങ ളിലെ ജനങ്ങളുടെ സ്വഭാവങ്ങളും വിശ്വാസങ്ങളും സ്വന്തം സംസ്കാരത്തിലെ മാനദണ്ഡങ്ങളുപയോഗിച്ച് വിലയിരുത്തുക യും ചെയ്യുന്ന പ്രവണത.
മനുഷ്യമനസ്സിന്റെ ഒത്തൊരുമ	സമാനമായ ചുറ്റുപാടുകളിൽ ഒരേ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യമനസ്സിന്റെ കഴിവ്.

റഫറൻസ്

ജാ, മക്കൻ. 1994.ആൻ ഇൻട്രൊഡക്ഷൻ ടു ആന്ത്രാപോളജിക്കൽ തോട്ട്. ന്യൂഡൽഡി: വികാസ് പബ്ലിഷേഴ്സ്.

റോയി, ഇന്ദ്രാണി ബസു. 2003. ആന്ത്രോപോളജി– ദി സ്റ്റഡി ഓഫ് മാൻ. ന്യൂഡൽഹി: എസ് ചന്ദ് &കോ.

ഉപാദ്യസ്, വി.എസ് ആന്റ് ഗയ പാണ്ഡേ. 1993. ഹിസ്റ്ററി ഓഫ് ആന്ത്രോപോളജിക്കൽ തോട്ട്, ന്യൂഡൽഹി: കൺസെപ്റ്റ് പബ്ലിഷിങ് കമ്പനി.

യൂണിറ്റ്

III

നരവംശശാസ്ത്രത്തിലെ നാഗരികതാ പഠനങ്ങളും ഗ്രാമീണപഠനങ്ങളും

A1A7K3

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- നാടൻസമൂഹങ്ങളെയും കർഷകസമൂഹങ്ങളെയും നഗരസമൂഹങ്ങളെയും അവയുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയാനും ഇരുധ്രുവങ്ങളിലേക്കുമുള്ള തുടർച്ചയിൽ അവയുടെ സ്ഥാനം നിർണയിക്കാനും കഴിയുന്നു.
- ബൃഹദ്പാരമ്പര്യത്തിന്റെയും (Great tradition) ചെറുപാരമ്പര്യത്തിന്റെയും (Little tradition) ഘടകങ്ങളുടെ താഴേക്കും മുകളിലേക്കുമുള്ള ചലനപ്രക്രിയ പരിശോധിച്ച് സാർവത്രികവൽക്കരണവും പ്രാദേശികവൽക്കരണവും വേർതിരിച്ചറിയാൻ കഴിയുന്നു.
- ഗ്രാമീണജീവിതത്തിന്റെ ഘടനയും പ്രവർത്തങ്ങളും പരിശോധിക്കുകയും അവയിലെ ചലനാത്മകത വിശകലനം ചെയ്ത്, ഗ്രാമീണജീവിതത്തെയും, ഗ്രാമീണസമുദായങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെയും ഉൾക്കൊണ്ട് കൊണ്ട് വികസിപ്പിച്ചെടുത്ത പ്രധാന ആശയങ്ങളെ കണ്ടെത്തുകയും ചെയ്യുന്നു.

ഉള്ളടക്കം

നരവംശശാസ്ത്രത്തിലെ നാഗരികതാപഠന ചിന്താസരണി

- നാടൻസമൂഹം
- കർഷകസമൂഹം
- ഗ്രാമ-നഗര അവിച്ഛിന്നത

പാരമ്പര്യം

- ബൃഹദ്പാരമ്പര്യവും ചെറുപാരമ്പര്യവും
- സാർവത്രികവൽക്കരണവും പ്രാദേശികവൽക്കരണവും.

ഗ്രാമീണജീവിതത്തിന്റെ ചലനാത്മകത

- ദാരിദ്ര്യത്തിന്റെ സംസ്കാരം
- ഗ്രാമീണ സാർവലൗകികത്വം
- പ്രബല ജാതി
- സംസ്കൃതവൽക്കരണം
- പാശ്ചാത്യവൽക്കരണം
- വിശുദ്ധസഞ്ചയം
- ഗോത്ര-ജാതി അവിച്ഛിന്നത
- ജാജ്മാനി സമ്പ്രദായം

ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ' എന്ന മലയാളനോവൽ നിങ്ങൾക്ക് പരിചിതമാണല്ലോ. നോവൽ ആരംഭിക്കുന്നത് പ്രധാന കഥാപാത്രമായ മാധവനും അദ്ദേഹത്തിന്റെ ഒരു ബന്ധുവും തമ്മിൽ മാധവനും കാരണവരും തമ്മിലുണ്ടായ ഒരുതർക്കത്തെക്കുറിച്ചുള്ള സംഭാഷണത്തോടെയാണ്. തറവാട്ടിലെ ഇളംതലമുറയിലെ ശിന്നൻ എന്ന കുട്ടിക്ക് ഇംഗ്ലീഷ്വിദ്യാഭ്യാസം നൽകുന്നതിനെക്കുറിച്ചായിരുന്നു തർക്കം.



ചിത്രം 3.1 ചന്തുമേനോന്റെ ഇന്ദുലേഖ എന്ന നോവലിന്റെ പുറംചട്ട

മാധവനും കുടുംബാംഗങ്ങളും തമ്മിലുണ്ടായ സംഭാഷണത്തിന്റെ ഒരു ഭാഗം താഴെ കൊടുക്കുന്നു.

ചാത്തരമേനോൻ : എന്താണ് മാധവാ ഇങ്ങിനെ സാഹസമായി വാക്കു പറഞ്ഞത്? ഛീ, ഒട്ടുംനന്നായില്ല. അദ്ദേഹത്തിന്റെ മനസ്സുപോലെ ചെയ്യട്ടെ. കാരണവർക്കു നാം കീഴടങ്ങേണ്ടെ? നിന്റെ വാക്കു കുറേ കവിഞ്ഞുപോയി.

മാധവൻ : അശേഷം കവിഞ്ഞിട്ടില്ലാ. സിദ്ധാന്തം ആരും കാണിക്കരുത്. അദ്ദേഹത്തിന് മനസ്സില്ലെങ്കിൽ ചെയ്യേണ്ട. ശിന്നനെ ഞാൻ ഒന്നിച്ചു കൊണ്ടുപോകുന്നു. അവനെ ഞാൻ പഠിപ്പിക്കും.

കുമ്മിണി അമ്മ : വേണ്ട കുട്ടാ അവൻ എന്നെ പിരിഞ്ഞു പാർക്കാൻ ആയില്ല. നീ ചാത്തരേയോ ഗോപാലനെയോ കൊണ്ടുപോയി പഠിപ്പിച്ചോ. ഏതായാലും നിന്നോട് കാരണവർക്കു മുഷിഞ്ഞു. ഞങ്ങളോട് മുമ്പ് തന്നെ മുഷിഞ്ഞിട്ടാണെങ്കിലും നിന്നെ ഇതുവരെ അദ്ദേഹത്തിനു വളരെ താൽപ്പര്യമായിരുന്നു.

തറവാട്ടിലെ ചെറിയ ആൺകുട്ടിയായ ശിന്നനെ കാരണവർ വിദ്യ അഭ്യസിപ്പിക്കണമെന്നാണ് മാധവൻ ആഗ്രഹിക്കുന്നത്. എന്നാൽ മാധവന്റെ കാഴ്ചപ്പാടുമായി കാരണവർ യോജിക്കുന്നില്ല. അതിനായി പണം ചെലവഴിക്കാനും അദ്ദേഹം തയാറാവുന്നില്ല. ഇതാണ് വയസ്സായ തറവാട്ടുകാരണവരും ബിരുദധാരിയായ മരുമകനും തമ്മിലുണ്ടായ തർക്കത്തിനു കാരണം.

പരമ്പരാഗതവും ആധുനികവുമായ രണ്ട് തലമുറകൾ തമ്മിലുള്ള വിരുദ്ധ കാഴ്ചപ്പാടിന്റെ കഥയാണ് 'ഇന്ദുലേഖ'. പാശ്ചാത്യവിദ്യാഭ്യാസം എങ്ങനെയാണ് സ്വതന്ത്രമായ കാഴ്ചപ്പാടുകളെ വളർത്തുന്നതെന്ന് ഈ നോവലിൽ നമുക്കു കാണാം. മലബാറിന്റെ സാമൂഹികജീവിതത്തിൽ പാശ്ചാത്യവൽക്കരണംകൊണ്ടുണ്ടായ സ്വാധീനം നോവലിൽ വ്യക്തമാകുന്നുണ്ട്. കേരളത്തിലെ ഗ്രാമീണജീവിതം, സംസ്കാരം, തറവാട്, വിവാഹരീതികൾ എന്നിവയിലെല്ലാം ഉണ്ടായിട്ടുള്ള മാറ്റത്തിന്റെ ഒരു മാതൃകതന്നെ നമുക്ക് ഈ നോവലിൽ ദർശിക്കാവുന്നതാണ്. പാശ്ചാത്യസംസ്കാരത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പാശ്ചാത്യവൽക്കരണം, നഗരവൽക്കരണം, ആധുനികവൽക്കരണം തുടങ്ങിയ സാമൂഹികചലനത്തിന്റെ വ്യത്യസ്ത തലങ്ങൾ ഇന്നും ഇന്ത്യയിലുടനീളം കാണാവുന്നതാണ്. നരവംശശാസ്ത്രം അതിന്റെ വികാസത്തിന്റെ ആദ്യഘട്ടങ്ങളിൽ ലളിതസമൂഹങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലാണ് ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. എന്നാൽ, 20ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അടിസ്ഥാനപരമായി ഗ്രാമങ്ങളെയും നഗരങ്ങളെയും കുറിച്ചുള്ള പഠനങ്ങളിലേക്ക് അതു ശ്രദ്ധിച്ചുതുടങ്ങി.

നരവംശശാസ്ത്രത്തിലെ നാഗരികതാപഠന ചിന്താസരണി (Civilizational School in Anthropology)

കാഴ്ചപ്പാടുകളിലും പഠനരീതിശാസ്ത്രത്തിനും നൂതനമായ ആശയങ്ങളോടുകൂടിയ ഒരു ചിന്താധാരയ്ക്ക് തുടക്കം കുറിച്ചത് അമേരിക്കയിലെ ഷിക്കാഗോ സർവകലാശാലയിലെ നരവംശശാസ്ത്രവിഭാഗമായിരുന്നു. റോബർട്ട് റെഡ്ഫീൽഡാണ് ഇതിനു നേതൃത്വം നൽകിയത്. നാഗരികതയെക്കുറിച്ചുള്ള പഠനങ്ങൾക്ക് തുടക്കം കുറിച്ചതിലൂടെ നരവംശശാസ്ത്രത്തിന്റെ വികസനചരിത്രത്തിൽ ഒരു മുന്നേറ്റമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നാഗരികത, സംസ്കാരത്തിന്റെ ഒരു വികസിതരൂപമാണെന്ന തെറ്റായ ധാരണ തിരുത്തിയെടുക്കാൻ റോബർട്ട് റെഡ്ഫീൽഡിനു കഴിഞ്ഞു. ഈ മേഖലയിലുള്ള സംഭാവനകൾ പരിഗണിച്ചുകൊണ്ടാണ് നാഗരികതാപഠനങ്ങളുടെ പിതാവായി റോബർട്ട് റെഡ്ഫീൽഡ് അറിയപ്പെടുന്നത്. ലളിതമായ സാക്ഷരപൂർവസമൂഹങ്ങൾ മുതൽ സങ്കീർണമായ ആധുനിക സമൂഹങ്ങൾ വരെ നാഗരികതയുടെ ഘടകങ്ങൾ പങ്കുവയ്ക്കുന്നുണ്ടെന്നാണ് റെഡ്ഫീൽഡിന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ എല്ലാ സമൂഹങ്ങൾക്കും നാടൻ കർഷകനഗരതലങ്ങൾ ഉണ്ട്. റോബർട്ട് റെഡ്ഫീൽഡിന്റെ ശിഷ്യരും പിൻഗാമികളുമായ മിൽട്ടൻ സിംഗർ, മാകിം മാരിയറ്റ്, ഓസ്കാർ ലെവിസ് തുടങ്ങിയവർ നരവംശശാസ്ത്രത്തിലെ നാഗരികതാപഠനങ്ങൾക്ക് നിരവധി സംഭാവനകൾ നൽകി. ഗ്രാമീണ, നഗരസംസ്കാരങ്ങളുടെ പരസ്പരബന്ധം മനസ്സിലാക്കാൻ വ്യത്യസ്തമായ ആശയങ്ങൾക്ക് അവർ രൂപംനൽകി. നാഗരികതയെന്നത് ഗ്രാമത്തിന്റെയും നഗരത്തിന്റെയും വ്യത്യസ്ത ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണെന്നാണ് റെഡ്ഫീൽഡിന്റെ കാഴ്ചപ്പാട്.

റോബർട്ട് റെഡ്ഫീൽഡ്

1897-ൽ ഷിക്കാഗോയിലാണ് റോബർട്ട് റെഡ്ഫീൽഡ് ജനിച്ചത്. നിയമവിദ്യാഭ്യാസം നേടി അഭിഭാഷകനായി ജോലിചെയ്യുമ്പോഴാണ് അദ്ദേഹത്തിന് മെക്സിക്കൻ സമൂഹം സന്ദർശിക്കാൻ അവസരം ലഭിച്ചത്. അതിനുശേഷം അദ്ദേഹത്തിന് നരവംശശാസ്ത്രത്തിൽ താൽപ്പര്യമുണ്ടാവുകയും അതിൽ ബിരുദമെടുത്ത് ഷിക്കാഗോ സർവകലാശാലയിൽ നരവംശശാസ്ത്ര പ്രൊഫസറാവുകയും ചെയ്തു. 1958-ൽ അന്തരിച്ചു.

- നിങ്ങളുടെ പ്രദേശത്ത് ഗ്രാമത്തിന്റെയും നഗരത്തിന്റെയും വ്യത്യസ്ത തലങ്ങൾ കണ്ടെത്താൻ കഴിയുമോ?
- വിവിധ വിഭാഗങ്ങളുടെ സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ?

സമൂഹത്തിലെ ആളുകൾ വ്യത്യസ്ത വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവർക്കു പരസ്പരബന്ധമുള്ളതായി കാണാം. അതുകൊണ്ടു തന്നെ സമൂഹത്തക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള സമഗ്രമായ പഠനത്തിന് ഈ എല്ലാ വിഭാഗങ്ങളെയും കുറിച്ചുള്ള വിശകലനം ആവശ്യമാണ്.

നാഗരികതാപഠന ചിന്താധാരയുമായി ബന്ധപ്പെട്ട ചില ആശയങ്ങൾ നമുക്ക് പരി

ചയപ്പെടാം. ഗ്രാമീണം, കാർഷികം, നാടൻ, നഗരം എന്നീ ആശയങ്ങൾ റെഡ്ഫീൽഡ് വിശദീകരിക്കുന്നുണ്ട്. ഇത്തരം വാക്കുകൾ നിങ്ങൾക്ക് മുൻപരിചയമുണ്ടല്ലോ നിങ്ങൾ എങ്ങനെയാണ് അവയെ ഉൾക്കൊണ്ടിട്ടുള്ളത്? എങ്ങനെയാണ് ഒരു നരവംശശാസ്ത്ര ജ്ഞൻ നാടൻ, ഗ്രാമം, നഗരം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്നതെന്ന് നമുക്ക് പരിശോധിക്കാം.

ഒരു ഗ്രാമത്തെയും നഗരത്തെയും കുറിച്ചുള്ള കവിതയോ ചിത്രമോ ശേഖരിക്കുക. ഒരു ഭരണാധികാരിയുടെയോ ഗവേഷകന്റെയോ ഗ്രാമ, നഗര കാഴ്ചപ്പാടുകളിൽ നിന്ന് ഇത്തരം സൃഷ്ടികളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സന്ദേശങ്ങൾ എങ്ങനെ വ്യത്യാസപ്പെടുന്നു എന്ന് ചർച്ചചെയ്യുക.

നാടൻസമൂഹം (Folk Society)

ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ തിരിച്ചറിയുന്നത് അവയെക്കുറിച്ച് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലല്ലേ. അതുപോലെ നാടൻസമൂഹത്തിന്റെ ചില സവിശേഷതകൾ റോബർട്ട് റെഡ്ഫീൽഡ് മനസ്സിലാക്കിയിട്ടുണ്ട്. 1927–28 കാലയളവിൽ റോബർട്ട് റെഡ്ഫീൽഡ് മെക്സിക്കോയിലെ ഒരു പരമ്പരാഗതഗ്രാമമായ ടെപോസ്ലാൻ സന്ദർശിച്ചു. ഇത് ഒരു യഥാർഥ ഫോക്ക്സമൂഹമായി അദ്ദേഹം പഠനം നടത്തുകയും 1930ൽ 'ടെപോസ്ലാൻ എ മെക്സിക്കൻ വില്ലേജ്' എന്ന പേരിൽ ഒരു പുസ്തകം പ്രസ്ദ്ധീകരിക്കുകയും ചെയ്തു. റോബർട്ട് റെഡ്ഫീൽഡിന്റെ അഭിപ്രായത്തിൽ ഫോക്ക് സമൂഹം ഒറ്റപ്പെട്ടുനിൽക്കുന്നതും ഏകതാസ്വഭാവമുള്ളതും എഴുത്തുവിദ്യ അറിയാത്തതും എല്ലാവരും ഒന്നാണെന്ന സംഘബോധത്തിൽ അധിഷ്ഠിതവുമായ വളരെ ചെറിയ ഗ്രൂപ്പാണ്. അവരുടെ പെരുമാറ്റം സ്വാഭാവികമായതും പരമ്പരാഗതവും വിമർശനാതീതവും വ്യക്തിപരമായതുമാണ്. നിങ്ങളുടെ ഗ്രാമത്തെക്കുറിച്ചോ നഗരത്തേക്കുറിച്ചോ ഉള്ള കാഴ്ചപ്പാട് എന്താണ്? മുകളിൽ പറഞ്ഞ സ്വഭാവങ്ങൾ നിങ്ങളുടെ പ്രദേശത്തിന് യോജിക്കുന്നുണ്ടോ? ഒരു നാടൻസമൂഹത്തിന് റോബർട്ട് റെഡ്ഫീൽഡ് കണ്ടെത്തിയ പ്രത്യേകതകൾ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

ഒറ്റപ്പെട്ടത്: നാടൻസമൂഹത്തിലെ അംഗങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു വളരെ അകന്ന് ഒറ്റപ്പെട്ടു ജീവിക്കുന്നു.

ഐകരൂപ്യമുള്ളത് : ഫോക്ക്സമൂഹം ഐകരൂപ്യമുള്ളതാണ്. അവർക്ക് തനതായ സംസ്കാരമുണ്ട്. അവർ ഒരേ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും പിന്തുടരുന്നവരാണ്. ഒരേ ജീവിതരീതിയാണ് അവർ പങ്കുവയ്ക്കുന്നത്.

ചെറുകൂട്ടം: ഫോക്ക്സമൂഹത്തിൽ വളരെക്കുറിച്ച് അംഗങ്ങൾ മാത്രമേ ഉണ്ടാകൂ. അവർ തമ്മിൽ വളരെ അടുത്ത ബന്ധം ഉണ്ടാകും.

താഴ്ന്ന വിദ്യാഭ്യാസനിലവാരം : നാടൻ സമൂഹത്തിലെ ആളുകൾക്കിടയിൽ സാക്ഷരതാനിലവാരം വളരെക്കുറവായിരിക്കും.

ഒന്നാണെന്ന ദൃഢമായ തോന്നൽ : ഒരു ഫോക്ക് സമൂഹത്തിന് ദൃഢമായ സംഘബോധം ഉണ്ടായിരിക്കും. അവർക്ക് ദൃഢമായ സമുദായചിന്തകളും വികാരങ്ങളുമുണ്ട്.

നേരിട്ടുള്ള വ്യക്തിബന്ധങ്ങൾ : ഫോക്ക് സമൂഹത്തിൽ ആളുകൾ തമ്മിൽ നേരിട്ടുള്ള വ്യക്തിബന്ധങ്ങളാണുള്ളത്. എല്ലാവർക്കും പരസ്പരം അറിയാം.

ലളിതമായ തൊഴിൽവിഭജനം : ഫോക്ക് സമൂഹങ്ങളിൽ വയസ്സ്, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനമാണുള്ളത്.

പാരമ്പര്യത്തിനുള്ള പ്രാധാന്യം : ഫോക്ക് സമൂഹത്തിന്റെ ജീവിതരീതി പാരമ്പര്യത്തിന്റെയും ആചാരങ്ങളുടെയും നിയന്ത്രണത്തിലാണ്. വളരെ വേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലും ഈ സമൂഹങ്ങൾ അവരുടെ പഴക്കംചെന്ന ആചാരങ്ങളിലും പാരമ്പര്യത്തിലും ചേർന്നുനിൽക്കുന്നു.

ലളിതമായ സാങ്കേതികവിദ്യ : പ്രാദേശികമായ സാങ്കേതികവിദ്യകളാണ് ഫോക്ക് സമൂഹം ഉപയോഗിക്കുന്നത്. അവരുടെ ഉപകരണങ്ങളും ആയുധങ്ങളും ലളിതമാണ്.

സ്വയംപര്യാപ്തമായ സമ്പദ്വ്യവസ്ഥ : നാടൻസമൂഹങ്ങൾ സ്വതന്ത്രവും സ്വയം പര്യാപ്തവുമാണ്. നിലനിൽപ്പിന് ആവശ്യമായവ ഉൽപ്പാദിപ്പിക്കുന്നതിനാൽ അവർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നില്ല.

ടെപോസ്ലാൻ സമൂഹത്തെക്കുറിച്ചുള്ള പഠനത്തിലൂടെയാണ് റോബർട്ട് റെഡ്ഫീൽഡ് ഈ സവിശേഷതകൾ വിവരിച്ചത്. നിങ്ങളുടെ പ്രദേശത്ത് ഇത്തരത്തിലുള്ള ഏതെങ്കിലും സമുദായത്തെ ഇന്നു കണ്ടെത്താൻ കഴിയുമോ? ഇല്ല എന്നുതന്നെയായിരിക്കും ഉത്തരം. മിക്കവാറും സവിശേഷതകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ടാകും. സ്വയംപര്യാപ്തമായ സമ്പദ്വ്യവസ്ഥ കമ്പോള സമ്പദ്വ്യവസ്ഥയായി മാറിയിട്ടുണ്ടാകും. സാങ്കേതിക വിദ്യ കുറേക്കൂടി പരിഷ്കരിക്കപ്പെട്ടിട്ടുണ്ടാകും. ഇവയെല്ലാം നാടൻസമൂഹത്തെ മാറ്റിമറിച്ചു. ഇത്തരത്തിൽ മാറ്റപ്പെട്ട സമൂഹത്തെ റെഡ്ഫീൽഡ് കാർഷിക സമൂഹം എന്നു വിളിച്ചു.

കാർഷികസമൂഹം (Peasant Society)

ആരാണ് കർഷകർ? ഒരു സാധാരണക്കാരന്റെ കാഴ്ചപ്പാടിൽ കാർഷികവൃത്തിയിൽ മുഴുകിയിരിക്കുന്നവനാണ് കർഷകൻ. 'സ്വന്തമായി ഒരു തുണ്ട് ഭൂമിയുണ്ടാവുകയും അതിൽ കൃഷിചെയ്യുകയും ചെയ്യുന്നവൻ- ഗ്രാമീണൻ, ഗ്രാമവാസി' എന്നൊക്കെയാണ് ഓക്സ്ഫോഡ് നിഘണ്ടു കർഷകനെ നിർവചിച്ചിരിക്കുന്നത്. *'തനിക്കു ഫലപ്രദമായി നിയന്ത്രണമുള്ള ഒരുതുണ്ടു ഭൂമിയോട് ദീർഘകാലമായി പാരമ്പര്യമായും വൈകാരികമായും ബന്ധപ്പെട്ടിരിക്കുന്ന, താനും ഭൂമിയും ഒന്നിന്റെതന്നെ ഭാഗമാണെന്നു കരുതുന്ന, അതുമായി പഴക്കമേറിയ, സ്ഥിരതയാർന്ന ബന്ധമുള്ളയാളെയാണ്'* കാർഷികപഠനങ്ങളുടെ പിതാവെന്നറിയപ്പെടുന്ന റോബർട്ട് റെഡ്ഫീൽഡ് കർഷകനെന്നു നിർവചിച്ചത്.

സ്വന്തം ഭൂമിയുമായി വളരെ അടുത്ത ബന്ധമുള്ളവരാണ് കർഷകർ എന്നും അവരുടെ ജീവിതം മുഴുവൻ ആ ഭൂമിയുമായി ചുറ്റിപറ്റിയാണ് എന്നും മുകളിൽ കൊടുത്ത നിർവചനങ്ങളിൽ നിന്നു മനസ്സിലാക്കാം.

ഏക്കറുകളോളം ഭൂമി കൈവശമുണ്ടായിരിക്കുകയും കാർഷികജോലികൾ മുഴുവൻ മറ്റ് ജോലിക്കാരെ വച്ച് ചെയ്യിക്കുകയും ചെയ്യുന്ന ആളും സ്വന്തമായി ഭൂമിയില്ലാതെ മറ്റുള്ളവരുടെ കൃഷിയിടത്തിൽ ജോലിചെയ്യുന്നവരും കർഷകർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നില്ല.

കർഷകസമൂഹം ഒരു കമ്പോളവ്യവസ്ഥ വികസിപ്പിച്ചു എന്നതും നഗരവുമായി വ്യാപാരബന്ധങ്ങൾ ആരംഭിച്ചു എന്നുള്ളതുമാണ് നാടൻസമൂഹവും കർഷകസമൂഹവും തമ്മിലുള്ള പ്രധാന വ്യത്യാസം എന്നാണ് റോബർട്ട റെഡ്ഫീൽഡിന്റെ അഭിപ്രായം. കർഷകസമൂഹത്തെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ 'പെസന്റ് സൊസൈറ്റി ആന്റ് കൾച്ചർ' (1956) എന്ന പുസ്തകത്തിലാണ് റെഡ്ഫീൽഡ് അവതരിപ്പിച്ചത്. ഗ്രാമസമൂഹത്തിന്റെയും നഗരത്തിന്റെയും മധ്യത്തിലാണ് കർഷകസമൂഹത്തിന്റെ സ്ഥാനം. കർഷസമൂഹം നാടൻസമൂഹത്തിന്റെയും നഗരസമൂഹത്തിന്റെയും പല സവിശേഷതകളും പങ്കുവയ്ക്കുന്നു. അവർക്കിടയിൽ ദൃഢമായ 'നമ്മൾ' എന്ന വികാരവും പൊതുതാൽപ്പര്യങ്ങളും വ്യക്തിബന്ധങ്ങളും പാരമ്പര്യത്തിലുള്ള വിശ്വാസവും ശക്തമായ ബന്ധുത്വവും സാംസ്കാരികമായ സമാനതയും മതത്തിലും മന്ത്രവാദത്തിലുമുള്ള വിശ്വാസവും നിലനിൽക്കുന്നു.

മെക്സിക്കോയിലെ മായൻ ഗ്രാമമായ ചങ്കവും ഇംഗ്ലണ്ടിലെ ഒരു ഗ്രാമവും റെഡ്ഫീൽഡ് പഠനവിധേയമാക്കി. ഈ താരതമ്യപഠനത്തിലൂടെ, ലോകത്തിലെവിടെയുമുള്ള പെസന്റ് സമൂഹങ്ങൾക്ക് ചില പൊതുസ്വഭാവങ്ങളുണ്ടെന്ന നിഗമനത്തിൽ റോബർട്ട് റെഡ്ഫീൽഡ് എത്തിച്ചേർന്നു. അവ താഴെ കൊടുത്തിരിക്കുന്നു.

വളരെ കുറഞ്ഞ തോതിലുള്ള കൈവശഭൂമി : ചെറിയ അളവിൽ ഭൂമി കൈവശമുണ്ടായിരിക്കുകയും അതിൽ അധ്വാനിക്കുകയും ചെയ്യുന്നവരാണ് കർഷകർ.

ഭൂമിയുമായുള്ള വൈകാരികബന്ധം: കർഷകനെ സംബന്ധിച്ച് കൃഷിഭൂമി തങ്ങളെ വളർത്തുകയും തങ്ങളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന അമ്മയെപ്പോലെയാണ്. അത് കേവലം ഒരു തുണ്ട് ഭൂമിയല്ല. അവർ ഭൂമിയെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. അവരുടെ സമ്പദ്വ്യവസ്ഥ പൂർണമായും കൃഷിഭൂമിയെ ആശ്രയിച്ചിരിക്കുന്നു.

ചിത്രം 3.2 കർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർ

കഠിനാധ്വാനശീലം : കഠിനാധ്വാനമാണ് കാർഷികവൃത്തിയുടെ സമ്പത്ത് എന്ന് വിശ്വസിക്കുന്നവരാണ് കർഷകർ. തൊഴിലിന്റെ മഹത്ത്വത്തിൽ അവർ വിശ്വസിക്കുന്നു. മടിയനായ വ്യക്തി കർഷകസമൂഹത്തിന് എപ്പോഴും ഒരു ബാധ്യതയാണ്.

ലളിതമായ സാങ്കേതിക വിദ്യ : ലളിതവും പരമ്പരാഗതവുമായ കൃഷിരീതികൾ അവർ പിന്തുടരുന്നു.

മിച്ചോൽപ്പാദനവും കമ്പോളവും : ചെറിയതുണ്ട് ഭൂമിയും പരമ്പരാഗതമായ കൃഷിരീതിയും കാരണം ഉൽപ്പാദനം കുറവായിരിക്കും. എന്നാൽ ഉപഭോഗത്തേക്കാൾ കൂടുതൽ ഉൽപ്പാദനമുണ്ടായാൽ മിച്ചോൽപ്പന്നങ്ങൾ കമ്പോളത്തിൽ എത്തുന്നു.

നല്ല ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്: സമാധാനം, സന്തോഷം, സുരക്ഷിതത്വം, കഠിനാധ്വാനം, മുതിർന്നവരോടുള്ള ബഹുമാനം, പ്രകൃത്യതീതശക്തികളോടുള്ള ആരാധന എന്നിവയാണ് റെഡ്ഫീൽഡിന്റെ അഭിപ്രായത്തിൽ കർഷകന്റെ നല്ല ജീവിതം എന്ന കാഴ്ചപ്പാടിൽ അടങ്ങിയിരിക്കുന്നത്.

ബന്ധങ്ങളുടെ വലിയ ശൃംഖല: സ്വന്തം സമൂഹത്തിനുള്ളിലും മറ്റു സമൂഹങ്ങളുമായും ബന്ധങ്ങളുടെ വലിയ ശൃംഖലതന്നെ കർഷകർ നിലനിർത്തുന്നുണ്ട്.

നിങ്ങളുടെ പ്രദേശത്തോ മറ്റിടങ്ങളിലോ ഉള്ള ഒരു കർഷകസമൂഹത്തെ നിരീക്ഷിച്ച് മുകളിൽ പ്രതിപാദിച്ച സ്വഭാവങ്ങൾ എത്രത്തോളം അനുയോജ്യമാണെന്ന് കണ്ടെത്തുക.

മുകളിൽ പ്രതിപാദിച്ച പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ നമുക്ക് ഫോക്ക്, പെസന്റ് എന്നിങ്ങനെ രണ്ട് വ്യത്യസ്ത സമൂഹങ്ങളെ തിരിച്ചറിയാം.

എന്നാൽ ഇവയിൽനിന്നും വ്യത്യസ്തമായ സ്വഭാവസവിശേഷതകളുള്ള സമൂഹങ്ങളും ഉണ്ടല്ലോ. ഒരു പട്ടണത്തിൽ ജീവിക്കുന്ന ആളുകൾ തമ്മിൽ നേരിട്ടുള്ള വ്യക്തിബന്ധങ്ങൾ ഉണ്ടാവണമെന്നില്ല. ഭൂമിയോടുള്ള അവരുടെ കാഴ്ചപ്പാട് എന്താണ്? വൈകാരികമായ സമീപനങ്ങൾക്കു പകരം കച്ചവടതാൽപ്പര്യമാണ് ഇവിടെ പ്രകടമാകുന്നത്. മറ്റെന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്?

നഗരസമൂഹത്തിന് താഴെ കൊടുത്തിരിക്കുന്ന പ്രത്യേകസവിശേഷതകളുണ്ട്

- കർഷകസമൂഹത്തേക്കാൾ നഗരസമൂഹത്തിൽ ജനസംഖ്യ വളരെ കൂടുതലായിരിക്കും.
- വ്യത്യസ്തതരം ആളുകൾ അടങ്ങിയതാണ് നഗരസമൂഹം. തനതുസംസ്കാരങ്ങൾ നിലനിൽക്കുന്ന വ്യത്യസ്ത പ്രദേശങ്ങളിൽനിന്നും കുടിയേറിപ്പാർത്തവരായിരിക്കാം അവിടത്തെ ജനങ്ങൾ.
- വ്യക്തിബന്ധങ്ങൾ ജാതിയുടെയോ ബന്ധുത്വത്തിന്റെയോ അടിസ്ഥാനത്തിൽ മാത്രമുള്ളതല്ല. തൊഴിൽസംഘടനകൾ, രാഷ്ട്രീയപ്പാർട്ടികൾ, വ്യാപാരസംഘങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സംഘടനകൾക്കാണ് ഇവിടെ പ്രമുഖസ്ഥാനം.
- യന്ത്രവൽക്കരണവും വ്യവസായവൽക്കരണവുമാണ് നഗരങ്ങളുടെ മറ്റുസവിശേഷതകൾ. പ്രത്യേകം തൊഴിൽപ്രാവീണ്യം സിദ്ധിച്ച ആളുകളുടെ ആവശ്യമുള്ളതുകൊണ്ട് തൊഴിൽവിഭജനം സാങ്കേതികമായ കഴിവിന്റെയും പ്രാവീണ്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും.

ഒരു നഗരത്തിന്റെ നിങ്ങൾക്കറിയാവുന്ന മറ്റു സവിശേഷതകൾ ഗ്രൂപ്പിൽ ചർച്ചചെയ്യുക.

ഇപ്പോൾ നിങ്ങൾക്ക് നാടൻ (ഫോക്ക്) ഗ്രാമ, നഗര സമൂഹങ്ങളുടെ പ്രത്യേകതകൾ മനസ്സിലായല്ലോ. നിങ്ങൾ ജീവിക്കുന്ന സമൂഹം എങ്ങനെയുള്ളതാണെന്ന് നിങ്ങൾക്ക് കണ്ടെത്താമോ? നിങ്ങൾ ഒരു ഗ്രാമത്തിലാണ് ജീവിക്കുന്നതെങ്കിൽ, ഗ്രാമത്തിന്റെ സ്വഭാവങ്ങൾ എവിടെയാണ് അവസാനിക്കുന്നതെന്നും നഗരത്തിന്റെ സ്വഭാവങ്ങൾ എവിടെയാണ് ആരംഭിക്കുന്നതെന്നും കണ്ടെത്താൻ കഴിയുമോ? പലപ്പോഴും ഇത് അസാധ്യമാണ്. കേരളത്തിൽ ഗ്രാമത്തെയും നഗരത്തെയും കൃത്യമായി വേർതിരിക്കാൻ പറ്റുകയില്ല എന്നതാണ് യാഥാർഥ്യം. മെക്സിക്കോയിലെ ഒരു പ്രദേശത്തിന്റെ ഇത്തരം സ്വഭാവത്തെയും സാഹചര്യത്തെയും കുറിച്ച് പഠിച്ചാണ് റോബർട്ട് റെഡ്ഫീൽഡ് 'ഗ്രാമനഗര അവിച്ഛിന്നത' എന്ന ആശയം അവതരിപ്പിച്ചത്. ആ ആശയത്തെക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാം.

നാട്ടു-നഗര അവിച്ഛിന്നത (Folk-Urban Continuum)

നാടൻ-നഗര സമൂഹങ്ങളുടെ പഠനത്തിലൂടെ അവ രണ്ടും വളരെ വ്യത്യസ്തമായ സ്വഭാവസവിശേഷതകളുള്ള സമൂഹങ്ങളാണെന്ന് റെഡ്ഫീൽഡ് തിരിച്ചറിഞ്ഞു. എന്നാൽ യഥാർഥത്തിൽ ഫോക്ക്സമൂഹം എവിടെയാണ് അവസാനിക്കുന്നതെന്നോ നഗരം എവിടെ തുടങ്ങുന്നു എന്നോ അടയാളപ്പെടുത്താൻ കഴിയില്ല. ഫോക്ക്സമൂഹത്തിന്റെ സ്വഭാവങ്ങളും നഗരവും നഗരത്തിന്റെ പല സ്വഭാവങ്ങളും നാടൻസമൂഹവും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അവയ്ക്കിടയിൽ ഒരു തുടർച്ച നമുക്ക് കാണാവുന്നതാണ്.

രണ്ടറ്റത്തും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളും മധ്യഭാഗത്ത് തുടർച്ചയും കാണപ്പെടുന്ന സാഹചര്യമാണ് അവിച്ഛിന്നത. 'ഫോക്ക് കൾച്ചർ ഓഫ് യുഗാട്ടൺ' (1941) എന്ന പുസ്തകത്തിലാണ് റോബർട്ട് റെഡ്ഫീൽഡ് നാട്ടു-നഗര അവിച്ഛിന്നത എന്ന ആശയം അവതരിപ്പിച്ചത്. മെക്സിക്കൻ പ്രൊവിൻസായ യുഗാട്ടണിലെ നാലു സമൂഹങ്ങളുടെ പഠനത്തിലൂടെയാണ് ഈ ആശയം വികസിപ്പിച്ചത്. മരിഡ എന്ന നഗരവും ഡിസ്റ്റാസ് എന്ന പട്ടണവും ചങ്കം എന്ന ഗ്രാമവും ടസ്കി എന്ന യഥാർഥ നാടൻ/ലളിത സ്വഭാവങ്ങളോടുകൂടിയ ഗ്രാമവുമാണ് അവ. ഈ സമൂഹങ്ങളെ അദ്ദേഹം ഒരു ഇരു ധ്രുവങ്ങളുള്ള തുടർച്ചയിൽ (Polar Continuum)വിവരിക്കുന്നു.



ഈ ധ്രുവക്രമത്തിന്റെ ഒരറ്റത്ത് മരിഡ എന്ന നഗരസമൂഹവും മറ്റേ അറ്റത്ത് ടസ്കി എന്ന ഫോക്ക് സമൂഹവുമാണ്. ലളിതമായ സാങ്കേതികവിദ്യ, ബന്ധുത്വഗ്രൂപ്പുകൾ, സാംസ്കാരികസമാനത, പ്രകൃതിയുമായി നേരിട്ടുള്ള ബന്ധം എന്നിവയാണ് ടസ്കിയുടെ പ്രത്യേകതകൾ. ആധുനികസാങ്കേതികവിദ്യ, തൊഴിൽ സംഘടനകൾ, പ്രകൃതിയുമായുള്ള

കൃത്രിമമായ ബന്ധം വൈവിധ്യമാർന്ന സംസ്കാരത്തോടുകൂടിയ ജനങ്ങൾ എന്നിവയാണ് മരിഡ എന്ന നഗരത്തിന്റെ പ്രത്യേകതകൾ. എന്നാൽ ഡിസ്റ്റാസ് എന്ന പട്ടണത്തിന് മരിഡ നഗരസംസ്കാരത്തിന്റെയും ചങ്കം എന്ന കർഷകസമൂഹത്തിന്റെയും പല സവിശേഷതകളുമുണ്ട്. കമ്പോളവ്യവസ്ഥ, മധ്യവർത്തികൾ, ദിവസേനയുള്ള യാത്രകൾ തുടങ്ങി കുറേ പ്രത്യേകതകൾ ഡിസ്റ്റാസ് ചങ്കവുമായി പങ്കുവയ്ക്കുന്നു. എന്നാൽ പല മേഖലകളിലും നാടൻസമൂഹമായ ടസ്കിയുടെയും പട്ടണസമൂഹമായ ഡിസ്റ്റാസിന്റെയും സ്വഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന സമൂഹമാണ് ചങ്കം എന്ന ഗ്രാമം (കർഷകസമൂഹം). അതായത് രണ്ടറ്റത്തും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളോടുകൂടിയ ടസ്കിയും മരിഡയും ആണുള്ളതെങ്കിലും മധ്യഭാഗത്തെ നടുക്കെത്തുമ്പോൾ ഒരു തുടർച്ച കാണാം. അതുകൊണ്ടുതന്നെ മരിഡയെയും ഡിസ്റ്റാസിനെയും നഗരസമൂഹമായും ചങ്കം, ടസ്കി എന്നിവ ഗ്രാമസമൂഹമായും റോബർട്ട് റെഡ്ഫീൽഡ് കണക്കാക്കുന്നു.

ഒരു ഗ്രാമീണസമൂഹത്തിന് നഗരസമൂഹവുമായി സമ്പർക്കമുണ്ടാകുമ്പോൾ നഗരത്തിന്റെ പല സ്വഭാവസവിശേഷതകളും സ്വീകരിക്കുന്നതിലൂടെ കാലക്രമത്തിൽ അതിന് പല തനതുസ്വഭാവങ്ങളും നഷ്ടമാകുന്നു. അതുകൊണ്ടുതന്നെ ഒരു ഗ്രാമസമൂഹത്തെയും നഗരസമൂഹത്തെയും കൃത്യമായി വേർതിരിക്കാൻ കഴിയില്ല. ഫോക്ക് സമൂഹത്തിന്റെയും നഗരസമൂഹത്തിന്റെയും, സാക്ഷരരുടെയും നിരക്ഷരരുടെയും ലളിതമായതിന്റെയും സങ്കീർണമായതിന്റെയും വികസിതസമൂഹങ്ങളുടെയും അവികസിതസമൂഹങ്ങളുടെയും മധ്യത്തിലാണ് കർഷകസമൂഹത്തിന്റെ സ്ഥാനം. രണ്ടറ്റത്തും വ്യത്യസ്തമായ സ്വഭാവങ്ങളും നടുവിൽ ഒരു തുടർച്ചയുമാണ് ഇവിടെ. ഇതാണ് നാട്ടു-നഗര അവിച്ഛിന്നത.

നാടൻ, ഗ്രാമ, നഗര സംസ്കാരങ്ങളുടെ പരസ്പരബന്ധംകൊണ്ട് ലോകത്തെല്ലായിടത്തുമുണ്ടായ ഒരു പ്രക്രിയയാണ് നാട്ടു-നഗര അവിച്ഛിന്നത. നിങ്ങളുടെ പ്രദേശത്തുള്ള ഇത്തരം സമൂഹങ്ങളെ കണ്ടെത്തുകയും അവയുടെ പരസ്പരബന്ധം കൊണ്ടുണ്ടായ മാറ്റങ്ങളെക്കുറിച്ച് ഒരു ആർട്ടിക്കിൾ തയാറാക്കുകയും ചെയ്യുക.

ഒരു പ്രദേശത്ത് ഒറ്റപ്പെട്ടു ജീവിക്കുന്ന ഗോത്രസമൂഹങ്ങൾക്ക് ഒരു നാടൻ സമൂഹത്തിന്റെ സവിശേഷതകളാണുള്ളത്. അവർ തനിമ നിലനിർത്തുന്നതുവരെ ഒരു നാടൻസമൂഹമായിരിക്കും. ഒരു വിഭാഗം തങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒരുപാടുകാലം പിന്തുടർന്നുകൊണ്ട് അവരുടെ പാരമ്പര്യം സ്ഥാപിച്ചെടുക്കുന്നു. പാരമ്പര്യം എന്ന പദം താഴെപ്പറയും പ്രകാരമാണ് റെഡ്ഫീൽഡ് വിശദീകരിക്കുന്നത്:

പാരമ്പര്യം (Tradition)

പാരമ്പര്യം എന്നാൽ 'കൈമാറ്റം'ചെയ്യപ്പെടുന്നത് എന്നർഥം. ഒരു സമൂഹത്തിൽ ദീർഘകാലമായി നിലനിൽക്കുന്നതും തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നതുമായ പെരുമാറ്റരീതികളും മൂല്യങ്ങളുമാണ് പാരമ്പര്യം. സാമൂഹിക ഇടപഴകലിലും സംസാരരീതിയിലും ഭൗതികസംസ്കാരത്തിലും കാണപ്പെടുന്ന സംസ്കാരത്തിന്റെ ഭാഗങ്ങളാണവ. ഇത്തരം പാരമ്പര്യങ്ങളെ റെഡ്ഫീൽഡ് രണ്ടായി തരംതിരിക്കുന്നുണ്ട്. ബൃഹദ്പാരമ്പര്യവും ചെറുപാരമ്പര്യവും എന്നാണത്.

ബൃഹദ്പാരമ്പര്യവും ചെറുപാരമ്പര്യവും (Great Tradition and Little Tradition)

റെഡ്ഫീൽഡിന്റെ അഭിപ്രായത്തിൽ എല്ലാ സമൂഹങ്ങളിലും രണ്ടുതരത്തിലുള്ള പാരമ്പര്യങ്ങളുണ്ട്. വിദ്യാസമ്പന്നരായ ആളുകളുടെ പാരമ്പര്യവും വിദ്യാഭ്യാസമില്ലാത്തവരുടെ പാരമ്പര്യവും. വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും മതസ്ഥാപനങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയുമെല്ലാം ഔപചാരികമായി കൈമാറ്റം ചെയ്യപ്പെടുന്ന സമൂഹത്തിലെ ഉന്നതവർഗത്തിലെ വിദ്യാസമ്പന്നരായ ആളുകളുടെ പാരമ്പര്യമാണ് ബൃഹദ്പാരമ്പര്യം. എന്നാൽ ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സാധാരണക്കാരായ ആളുകളുടെ പാരമ്പര്യമാണ് ചെറുപാരമ്പര്യം. 'പെസന്റ് സൊസൈറ്റി ആന്റ് കൾച്ചർ' (1956) എന്ന പുസ്തകത്തിലാണ് റെഡ്ഫീൽഡ് ഈ ആശയങ്ങൾ അവതരിപ്പിച്ചത്.

എഴുതപ്പെട്ടതും ഔപചാരികവുമാണ് ബൃഹദ്പാരമ്പര്യം. അനൗപചാരികവും എഴുതപ്പെടാത്തതും വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതുമാണ് ചെറുപാരമ്പര്യം. എഴുതപ്പെട്ടതും ഔപചാരികവുമായതിനാൽ ബൃഹദ്പാരമ്പര്യങ്ങൾ വലിയ ഭൂപ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. എന്നാൽ ചെറുപാരമ്പര്യങ്ങൾ പ്രാദേശികവൽക്കരിക്കപ്പെട്ടവയാണ്. എന്നിരുന്നാലും ഈ രണ്ട് പാരമ്പര്യങ്ങളും തമ്മിൽ പരസ്പരബന്ധവും ഇടപെടലുകളും ഉണ്ടാവുന്നുണ്ട്. താഴെ കൊടുത്ത പട്ടികയിൽനിന്നു ചെറുപാരമ്പര്യവും ബൃഹദ്പാരമ്പര്യവും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്ക് മനസ്സിലാക്കാം.

ബൃഹദ്പാരമ്പര്യം	ചെറുപാരമ്പര്യം
ഉന്നതശ്രേണിയിലുള്ള ആളുകളുടെ പാരമ്പര്യം	വിദ്യാഭ്യാസമില്ലാത്ത സാധാരണക്കാരായ കർഷകരുടെ പാരമ്പര്യം.
നഗരകേന്ദ്രങ്ങളിൽനിന്ന് ഉത്ഭവിക്കുന്നു.	നാട്ടിൻപുറങ്ങളിൽനിന്ന് ഉത്ഭവിക്കുന്നു.
മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലുള്ളത്	പരമ്പരാഗതവിശ്വാസങ്ങളുടെ അടിസ്ഥാനത്തിലുള്ളത്
മതഗ്രന്ഥങ്ങളിലൂടെയും ഔപചാരികമായ കേന്ദ്രങ്ങളിലൂടെയും കൈമാറ്റം ചെയ്യുന്നു.	വാമൊഴിയിലൂടെ കൈമാറ്റം ചെയ്യുന്നു.
വലിയ ഭൂപ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു.	ഏറെക്കുറേ പ്രാദേശികമാണ്.
സംഘടിതമാണ്.	അസംഘടിതമാണ്.

ഈ ആശയങ്ങളെ മറ്റൊരു രീതിയിലും മനസ്സിലാക്കാം. ഓരോ സമൂഹത്തിലുമുള്ള വലിയ/ബൃഹത്തായ സമുദായങ്ങളുടെ പാരമ്പര്യത്തെ ബൃഹദ്പാരമ്പര്യം എന്നും ചെറിയ സമുദായങ്ങളുടെ പാരമ്പര്യത്തെ ചെറുപാരമ്പര്യം എന്നും പറയാം.

ഇന്ത്യൻസാഹചര്യത്തിൽ ഹിന്ദുമതവിഭാഗത്തെ ബൃഹദ്സമുദായമായി കണക്കാക്കപ്പെടുന്നു. അതിന് ബൃഹത്തായ സംസ്കാരവും സാമൂഹികഘടനയുമുണ്ട്. ബൃഹത്തായ ഇത്തരം സമുദായങ്ങൾക്കുള്ളിൽ വളരെയധികം ചെറുസമൂഹങ്ങളും

അവയുടെ പാരമ്പര്യങ്ങളുമുണ്ട്. ഗ്രാമ പ്രദേശങ്ങളിലും ഗോത്രവർഗങ്ങൾക്കിടയിലുമാണ് ഇത്തരം സമുദായങ്ങളെ കണ്ടെത്താൻ കഴിയുക. ഔപചാരികമായ കേന്ദ്രങ്ങൾ വഴി കൈമാറ്റം ചെയ്യപ്പെടുന്ന ഭഗവദ്ഗീത, രാമായണം, ഉപനിഷത്തുക്കൾ, ബൈബിൾ, ഖുർ ആൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളേയും ബൃഹദ് പാരമ്പര്യമെന്ന് പറയാം. വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതും മതഗ്രന്ഥങ്ങളിലോ ഇതിഹാസങ്ങളിലോ ഉൾപ്പെടാത്തതുമായ നാടൻ പാട്ടുകൾ, മതപരമായ വിശ്വാസങ്ങൾ, മന്ത്രവാദങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് ചെറുപാരമ്പര്യം.

ഗയ, വാരണാസി തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾക്ക് ബൃഹദ്പാരമ്പര്യമാണുള്ളത്. പരമ്പരാഗതമായ ക്ഷേത്രങ്ങളിലൂടെയാണ് നേർച്ചകളും സംസ്കൃതപഠനവും പുരോഹിതർ നിർവഹിക്കുന്നത്. ക്ഷേത്രങ്ങളും സ്ഥലങ്ങളുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും സാധാരണക്കാരിലേക്ക് എത്തിക്കുന്നതിലും ജനകീയമാക്കുന്നതിലും പുരോഹിതർക്ക് വലിയ പങ്കുണ്ട്. അതിലൂടെ സാധാരണ കർഷകരുടെ മനസ്സിൽ ഇത്തരം മതപരമായ സമീപനങ്ങൾ ഉണ്ടാവുകയും അതിലൂടെ പലവിധത്തിലുള്ള ആചാരങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അവ ഹിന്ദുസമൂഹം പല അവസരങ്ങളിലും അനുഷ്ഠിക്കുന്നു. ബൃഹദ്പാരമ്പര്യത്തിനും ചെറുപാരമ്പര്യത്തിനുമിടയിലുള്ള മധ്യവർത്തികളാണ് പുരോഹിതർ. അവർ ബൃഹദ്പാരമ്പര്യത്തിലെ ഘടകങ്ങളെ ചെറുപാരമ്പര്യങ്ങളിലേക്ക് പ്രചരിപ്പിക്കുന്നു.

റോബർട്ട് റെഡ്ഫീൽഡിന്റെ ശിഷ്യരായ മാകിം മാരിയറ്റ്, മിൽട്ടൻ സിംഗർ എന്നിവർ ഇന്ത്യയിൽ വന്ന് ഗ്രാമങ്ങളെക്കുറിച്ച് പഠനം നടത്തി. അവർ റെഡ്ഫീൽഡിന്റെ ആശയങ്ങൾ ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ ഉപയോഗിക്കുകയും സാർവത്രികവൽക്കരണം, പ്രാദേശികവൽക്കരണം തുടങ്ങിയ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

സാർവത്രികവൽക്കരണവും പ്രാദേശികവൽക്കരണവും (Universalisation and Parochialisation)

ബൃഹദ്പാരമ്പര്യം, ചെറുപാരമ്പര്യം തുടങ്ങിയ ആശയങ്ങളും അവയുടെ പ്രാദേശികമായ ഉദാഹരണങ്ങളും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. അങ്കക്കാരൻ ബപ്പൂരാൻ, ദൈവത്താർ എന്നീ ദൈവങ്ങളെ കണ്ണൂർജില്ലയിലെ തലശ്ശേരിക്കടുത്ത് അണ്ടല്ലൂർക്കാവിൽ ആരാധിക്കുന്നുണ്ട്. ഉത്സവത്തോടനുബന്ധിച്ച് ഈ ദൈവങ്ങളുടെ തെയ്യക്കോലങ്ങൾ കെട്ടിയാടാറുണ്ട്. ഇത്തരം വിശ്വാസങ്ങൾ പ്രാദേശികമാണെന്നും വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടതാണെന്നും ചെറുപാരമ്പര്യത്തിന്റെ ഭാഗമാ ണെന്നും നമ്മൾക്കറിയാമല്ലോ. എന്നാൽ ശ്രീരാമൻ, ലക്ഷ്മണൻ, ഹനുമാൻ, തുടങ്ങിയ ബൃഹദ്പാരമ്പര്യത്തിൽപ്പെട്ട ദൈവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഇവ ആചരിക്കുന്നത്. ഈ വിശ്വാസങ്ങളെ രണ്ട് പാരമ്പര്യത്തിലും നമുക്ക് ഉൾപ്പെടുത്താൻ കഴിയില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? രണ്ട് പാരമ്പര്യങ്ങളിലെയും ഘടകങ്ങളുടെ പരസ്പരമാറ്റംകൊണ്ടായിരിക്കാം ഇത്. റോബർട്ട് റെഡ്ഫീൽഡി ന്റെ ശിഷ്യനായ മാകിം

മാരിയറ്റ് പാരമ്പര്യങ്ങളുടെ ഇത്തരത്തിലുള്ള ചലനത്തെക്കുറിച്ച് പഠനം നടത്തി. ചെറുപാരമ്പര്യവും ബൃഹദ്പാരമ്പര്യവും. തനതായ നിലയിൽ വ്യത്യസ്തമായി നിലനിൽക്കുന്നില്ല എന്നും അവ പരസ്പരം ഘടകങ്ങൾ കൈമാറ്റം ചെയ്യുന്നുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി.

ചിത്രം.3.3 അണ്ടല്ലൂർകാവിലെ തെയ്യം, കണ്ണൂർ

ബൃഹദ്പാരമ്പര്യത്തിലെ ഘടകങ്ങൾ ചെറുപാരമ്പര്യത്തിലേക്കും ചെറുപാരമ്പര്യത്തിലെ ഘടകങ്ങൾ ബൃഹദ്പാരമ്പര്യത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ചെറുപാരമ്പര്യങ്ങളിലെ ഘടകങ്ങൾ മുകളിലേക്ക് നീങ്ങി ബൃഹദ്പാരമ്പര്യത്തിന്റെ ഭാഗമാകുന്ന പ്രക്രിയയാണ് സാർവത്രികവൽക്കരണം (Universalisation). ഇതിന്റെ നേർ വിപരീതമാണ് പ്രാദേശികവൽക്കരണം. ബൃഹദ്പാരമ്പര്യത്തിലെ ഘടകങ്ങൾ താഴേക്ക് നീങ്ങി ചെറുപാരമ്പര്യത്തിൽ ലയിക്കുന്ന പ്രക്രിയയാണ് പ്രാദേശികവൽക്കരണം (Paroclialisation).

ബൃഹദ്പാരമ്പര്യം

സാർവത്രികവൽക്കരണം ↑ ↓ പ്രാദേശികവൽക്കരണം

ചെറുപാരമ്പര്യം

'വില്ലേജ് ഇന്ത്യ' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിലാണ് മാരിയറ്റ് ഈ ആശയങ്ങൾ അവതരിപ്പിച്ചത്. കിഷാൻഗരി എന്ന ഗ്രാമത്തിലെ ആളുകൾ നടത്തിവരുന്ന ഗോബർദ്ധൻ പൂജ പ്രാദേശികവൽക്കരണത്തിന് ഉദാഹരണമായി മാരിയറ്റ് ചൂണ്ടിക്കാണിക്കുന്നു. കിഷാൻഗരിൽനിന്നു 40 കിലോമീറ്റർ അകലെയുള്ള ഗോവർദ്ധനഗിരി എന്ന മല, ബൃഹദ്പാരമ്പര്യത്തിന്റെ ഭാഗമായി ആരാധിക്കപ്പെടുന്നതാണ്. ഇന്ദ്രന്റെ കോപ ഫലമായുണ്ടായ കടുത്ത പേമാരിയിൽനിന്നും ഭഗവാൻ കൃഷ്ണൻ ഗോവർദ്ധനഗിരി വിരലിൽ കുടപോലെ ഉയർത്തിപ്പിടിച്ച് ജനങ്ങളെ രക്ഷിച്ചു എന്നാണ് വിശ്വാസം. എന്നാൽ ഈ വിശ്വാസം ചെറുപാരമ്പര്യത്തിലെത്തിയപ്പോൾ കിഷാൻഗരിയിൽ ആളുകൾ ചാണകത്തിന്റെ (ഗോബർദ്ധൻ) കൂമ്പാരത്തെയാണ് ആരാധിക്കുന്നതായി കാണുന്നത്. ഗോവർദ്ധൻ പൂജയുടെ ഒരു പ്രാദേശികവൽക്കരിക്കപ്പെട്ട രൂപമായാണ് മാരിയറ്റ് ഗോബർദ്ധൻ പൂജയെ കാണുന്നത് (ഗോബർദ്ധൻ എന്നാൽ ഹിന്ദിയിൽ ചാണകം എന്നർഥം. ഗോബർദ്ധൻ സൂചിപ്പിക്കുന്നത് യഥാർഥത്തിലുള്ള ഗോവർദ്ധൻ മലയുമാണ്). അതുപോലെ ബൃഹദ്പാരമ്പര്യങ്ങൾ ചെറുപാരമ്പര്യങ്ങളുടെ ഘടകങ്ങൾ സ്വീകരിച്ചതിനെക്കുറിച്ചും മാരിയറ്റ് വിശദീകരിക്കുന്നുണ്ട്. കിഷാൻഗരിയിലെ സാധാരണക്കാരായ ആളുകൾക്കിടയിൽ കാണപ്പെടുന്ന 'സലൂനോ' ഉത്സവത്തിന്റെ ഒരു

സാർവത്രികവൽക്കരിക്കപ്പെട്ടരൂപമാണ് രക്ഷാബന്ധൻ എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

സാർവത്രികവൽക്കരണത്തിന്റെയും പ്രാദേശികവത്കരണത്തിന്റെയും ഉദാഹരണങ്ങൾ നിങ്ങളുടെ പ്രദേശത്തുനിന്നു കണ്ടെത്തി ഒരു ചർച്ചക്കുറിപ്പ് തയാറാക്കുക.

ഒരു ഗ്രാമീണസമൂഹത്തെക്കുറിച്ചുള്ള വിശദമായ പഠനത്തിലൂടെയാണ് മുകളിൽ പറഞ്ഞ ആശയങ്ങൾ രൂപപ്പെട്ടത്. ഷിക്കാഗോ ചിന്താസരണിയുടെ സ്വാധീനത്താൽ ലോകത്തിലെ പലഭാഗങ്ങളിലും ആഴത്തിലുമുള്ള ഗ്രാമീണ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം പഠനങ്ങളുടെ ഫലമായി പല ആശയങ്ങളും രൂപപ്പെട്ടിട്ടുമുണ്ട്. ദാരിദ്യത്തിന്റെ സംസ്കാരം, ഗ്രാമീണസാർവലൗകികത്വം തുടങ്ങിയവ അവയ്ക്കുദാഹരണങ്ങളാണ്.

ഗ്രാമീണജീവിതത്തിന്റെ ചലനാത്മകത

ദാരിദ്ര്യത്തിന്റെ സംസ്കാരം (Culture of Poverty)

ചിത്രം 3.4
ഓസ്കാർ ലെവിസ്

ദാരിദ്ര്യത്തിന്റെ സംസ്കാരം, ഗ്രാമീണ സാർവലൗകികത്വം തുടങ്ങിയ ആശയങ്ങൾ സംഭാവന ചെയ്തതിലൂടെ അറിയപ്പെട്ട നരവംശശാസ്ത്രജ്ഞനാണ് അമേരിക്കയിലെ ഇല്ലിനോയിഡ് സർവകലാശാലയിലെ ഓസ്കാർ ലെവിസ്. ദരിദ്രമായ സാമ്പത്തിക അവസ്ഥ എങ്ങനെയാണ് സമാനമായ ചിന്തകളിലേക്കും പ്രതീക്ഷകളിലേക്കും നയിക്കുന്നത് എന്ന് മെക്സിക്കൻ സമൂഹത്തിലെ പഠനത്തിലൂടെ ഓസ്കാർ ലെവിസ് വിശദീകരിക്കുന്നു. നിരാശ, പേടി, ആധുനിക കായികമേഖലയോടുള്ള താൽപ്പര്യക്കുറവ്, ലജ്ജാശീലം എന്നിവയാണ് മെക്സിക്കോയിലെ ദാരിദ്രമായ സാമൂഹിക-സാമ്പത്തിക ചുറ്റുപാടിൽ ജീവിക്കുന്ന ആളുകളുടെ സ്വഭാവത്തിൽ പൊതുവെ കാണപ്പെടുന്നത്. ഇത്തരത്തിലുള്ള പെരുമാറ്റരീതികൾ അതുപോലെയുള്ള സാമ്പത്തികകാലാവസ്ഥയിൽ ജീവിക്കുന്നവരിൽ പൊതുവെ കാണപ്പെടുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. ശോചനീയമായ സാമൂഹിക-സാമ്പത്തികാവസ്ഥയിൽ ജീവിക്കുന്ന ആളുകളിലെ പെരുമാറ്റത്തിൽ കാണപ്പെടുന്ന സമാനതയാണ് ദാരിദ്യത്തിന്റെ സംസ്കാരം എന്നതുകൊണ്ട് അർഥമാക്കുന്നത്.

ഗ്രാമീണ സാർവലൗകികത്വം (Rural Cosmopolitan)

ടെപോസ്ലാൻ എന്ന മെക്സിക്കൻ ഗ്രാമത്തിന്റെയും റാണിഖേര എന്ന ഇന്ത്യൻ ഗ്രാമത്തിന്റെയും താരതമ്യപഠനത്തിലൂടെയാണ് ഓസ്കാർ ലെവിസ് ഗ്രാമീണ സാർവലൗകികത്വം എന്ന ആശയം അവതരിപ്പിച്ചത്. മെക്സിക്കൻ ഗ്രാമങ്ങളിൽ ആളുകൾ

പൊതുവെ തങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്നവരും ഗ്രാമത്തിനുള്ളിൽ നിന്നു മാത്രം വിവാഹം ചെയ്യുന്നവരുമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മറ്റ് ഗ്രാമങ്ങളുമായി വ്യാപാര ആവശ്യങ്ങളിൽ ബന്ധം നിലനിൽക്കുന്നുണ്ടെങ്കിലും, സാംസ്കാരികമായ ഒരു ബന്ധവും അവിടെ കണ്ടെത്താൻ കഴിയില്ല. എന്നാൽ ഇന്ത്യൻ ഗ്രാമങ്ങളിൽ ബന്ധങ്ങളുടെ ഒരു വലിയ ശൃംഖലതന്നെ നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലെ ഗ്രാമീണരിൽ എല്ലാം തങ്ങളുടേതാണെന്ന തോന്നലാണ് ഉള്ളത്. അത് മനുഷ്യർ തമ്മിൽ മാത്രമല്ല ഭൂമി, പക്ഷികൾ, മരങ്ങൾ, തുടങ്ങിയ എല്ലാ വസ്തുക്കളോടും ഉള്ളതാണ്. ഭൂമിയുമായുള്ള ബന്ധം, വിവാഹബന്ധങ്ങൾ മതപരമായ രീതികൾ, രാഷ്ട്രീയസംഘാടനം, കച്ചവടം തുടങ്ങിയവയിലൂടെ വിപുലമായ ബന്ധങ്ങളുടെ ഒരു ശൃംഖലതന്നെയാണ് ഇന്ത്യൻ ഗ്രാമങ്ങളിൽ കാണപ്പെടുന്നത്. വിപുലമായ ഈ ബന്ധത്തെയാണ് ഓസ്കാർ ലെവിസ് ഗ്രാമീണ സാർവലൗകികത്വം എന്നതുകൊണ്ട് ഉദ്ദേശിച്ചത്. ഓരോ ഇന്ത്യൻ ഗ്രാമവും നാനൂറിലധികം ഗ്രാമങ്ങളുമായി കുടുംബബന്ധപരമായും മറ്റ് മേഖലകളിലുമായുമുള്ള ബന്ധങ്ങളുടെ ഒരു വലിയ ശൃംഖലതന്നെ സൃഷ്ടിച്ചിരിക്കുന്നു. അതാണ് ഗ്രാമീണ സാർവലൗകികത്വം.

ഗ്രാമീണസാർവലൗകികത്വം എന്ന ആശയത്തിലൂടെ ഓസ്കാർ ലെവിസ് ഇന്ത്യൻ ഗ്രാമങ്ങൾ തമ്മിലുള്ള വിപുലമായ ബന്ധങ്ങളുടെ ശൃംഖലയെയാണ് വിലയിരുത്തുന്നത്. ഇത്തരം ബന്ധങ്ങളെ സ്വാധീനിക്കുന്നതിൽ ജാതിക്ക് വലിയ സ്ഥാനമുണ്ടെന്ന് നിങ്ങൾക്കറിയമല്ലോ. ഇന്ത്യൻ സമൂഹത്തിലെ ജനങ്ങളുടെ നിത്യജീവിതത്തിൽ മാത്രമല്ല മൊത്തം സാമൂഹികക്രമത്തിലും ജാതിക്കുള്ള സ്വാധീനം വലുതായതുകൊണ്ടുതന്നെ അതിനെക്കുറിച്ച് ഗൗരവമായി പഠിക്കേണ്ടതാണ്.

ഇന്ത്യൻ ജാതിവ്യവസ്ഥയെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?

ജാതിവ്യവസ്ഥയെക്കുറിച്ച് മനസ്സിലാക്കാതെ ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള പഠനം പൂർണമാവുകയില്ല. 'ഇന്ത്യൻ ജനതയും സംസ്കാരവും' എന്ന ആറാമത്തെ അധ്യായത്തിൽ ജാതിവ്യവസ്ഥയുടെ വ്യത്യസ്ത തലങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥയ്ക്ക് ഇന്ത്യൻ ഗ്രാമീണജീവിതത്തിലുള്ള പ്രാധാന്യം ഇന്ത്യയിലും വിദേശത്തുമുള്ള പല പണ്ഡിതരും പഠനവിധേയമാക്കിയിട്ടുണ്ട്. ഗ്രാമീണ ജീവിതത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഇന്ത്യയിൽ തുടക്കം കുറിച്ച എം.എൻ.ശ്രീനിവാസ് ആണ് ഇവരിൽ പ്രമുഖൻ. പ്രബലജാതി, സംസ്കൃതവൽക്കരണം തുടങ്ങിയ അദ്ദേഹത്തിന്റെ ആശയങ്ങൾ ഇന്ത്യൻ ജാതിവ്യവസ്ഥയുടെ അന്തർധാരകളിലേക്ക് വെളിച്ചം വീശുന്നവയാണ്.

പ്രബലജാതി (Dominant Caste)

രാംപുര ഗ്രാമത്തിന്റെ പഠനത്തിലൂടെയാണ് എം.എൻ.ശ്രീനിവാസ് പ്രബലജാതി എന്ന ആശയം വികസിപ്പിച്ചെടുത്തത്. 'ഡോമിനന്റ് കാസ്റ്റ് ഇൻ രാംപുര' എന്ന ലേഖനത്തിലാണ് അദ്ദേഹം ഈ ആശയം അവതരിപ്പിച്ചത്. ഭൂമിയുടെ ഉടമസ്ഥതയിൽ ചില ജാതികൾക്ക് മേധാവിത്വമുണ്ടെന്നതാണ് ഇന്ത്യൻ ഗ്രാമീണമേഖലയുടെ എടുത്തുപറയത്തക്ക സവിശേഷത എന്നാണ് ശ്രീനിവാസിന്റെ അഭിപ്രായം. നിങ്ങളുടെ പ്രദേശത്ത് ചില ജാതിയിൽപ്പെട്ടവർക്ക് മേധാവിത്വമുള്ളതായി കണ്ടെത്താൻ

കഴിയുന്നില്ലേ? അവർക്ക് ഈ മേധാവിത്വം നേടിയെടുക്കാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണ്? ജാതി വ്യവസ്ഥയിൽ ഉയർന്ന സ്ഥാനം ഉള്ളതുകൊണ്ടാണോ? പ്രദേശത്തുള്ള മറ്റു ജാതികളുടെ മേൽ ഈ ജാതിക്ക് മേധാവിത്വം ഉണ്ടോ? ഒരു ജാതി ഒരു പ്രദേശത്തെ പ്രബലജാതിയാകണമെങ്കിൽ താഴെ പറയുന്ന മേധാവിത്വഘടകങ്ങൾ ഉണ്ടായിരിക്കണമെന്നാണ് എം.എൻ. ശ്രീനിവാസിന്റെ അഭിപ്രായം.



ചിത്രം 3.5 എം.എൻ.ശ്രീനിവാസ്, അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പുറംചട്ട

- അംഗബലം
- സാമ്പത്തികശക്തി, പ്രത്യേകിച്ച് ഭൂമിയുടെയും വിഭവങ്ങളുടെയും നിയന്ത്രണാധികാരം.
- രാഷ്ട്രീയാധികാരം
- സാമൂഹികവും മതപരവുമായ പദവി

ഓരോ പ്രദേശത്തും ഈ ഘടകങ്ങളിൽ മേധാവിത്വമുള്ള ജാതിയായിരിക്കും പ്രബലജാതി. ആ പ്രദേശവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ ആ ജാതിക്ക് പ്രത്യേക അധികാരം ഉണ്ടായിരിക്കും. എന്നാൽ ചില സാഹചര്യങ്ങളിൽ ചില ഘടകങ്ങളിൽ മാത്രം മേധാവിത്വമുള്ള ജാതികൾ മറ്റു ഘടകങ്ങൾ സാവധാനം ആർജിക്കുകയും ആ പ്രദേശത്തെ പ്രബലജാതിയായി മാറുകയും ചെയ്യാറുണ്ട്.



എന്നാൽ പിന്നീട് മേധാവിത്തത്തിന്റെ മറ്റുചില ഘടകങ്ങൾകൂടി നിർദേശിക്കുകയുണ്ടായി. പാശ്ചാത്യ വിദ്യാഭ്യാസം, ഭരണപരമായ കാര്യനിർവഹണം, വരുമാനസ്രോതസ്സുകൾ തുടങ്ങിയവയാണവ. ഗ്രാമീണ മേഖലകളിൽ ചില ജാതികളുടെ അധികാരവും അന്തസ്സും നിർണയിക്കുന്നതിൽ ഈ ഘടകങ്ങൾ ഇന്ന് പ്രധാന പങ്കുവഹിക്കുന്നതായി കാണാം. സ്വാതന്ത്ര്യത്തിനുശേഷം നിലവിൽവന്ന പ്രായപൂർത്തിവോട്ടവകാശം, തദ്ദേശസ്വയം ഭരണസംവിധാനം എന്നിവ താഴ്ന്ന ജാതിയായി കരുതപ്പെട്ടവർക്കിടയിൽ ഒരു പുതിയ ആത്മാഭിമാനബോധവും അധികാരബോധവും ഉണർത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ മുതൽ പാർലമെന്റ് വരെയുള്ള തിരഞ്ഞെടുപ്പുകളിൽ ഇന്നവർക്ക് പ്രത്യേക സംവരണവും അനുവദിച്ചിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ ഇക്കാര്യങ്ങളെല്ലാം തന്നെ പ്രബലജാതിയുടെ മേധാവിത്വം ക്ഷയിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. രാഷ്ട്രീയപ്പാർട്ടികളോ സ്ഥലത്തെ പ്രധാന വ്യക്തികളോ ഗ്രൂപ്പുകളോ ആണ് മിക്കവാറും കാര്യങ്ങളിൽ നിർണായകമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

സമൂഹത്തിലെ ചില ജാതികൾ അനുഭവിക്കുന്ന ഒരുതരം മേധാവിത്വത്തെക്കുറിച്ചാണ് എം.എൻ.ശ്രീനിവാസ് സംസാരിച്ചത്. മാറിക്കൊണ്ടിരിക്കുന്ന ആധുനികസമൂഹത്തിൽ പുതിയതരത്തിലുള്ള മേധാവിത്വങ്ങൾ ഗ്രാമങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്നതായി നമുക്ക് കാണാം. നിങ്ങളുടെ പ്രദേശത്ത് നിലനിൽക്കുന്ന ഇത്തരം മേധാവിത്വത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കൂ.

ഒരുകാലത്ത് ഒരു വ്യക്തി ഏത് ജാതിയിലാണോ ജനിച്ചത്, അതാണ് ആ വ്യക്തിയുടെ പദവി നിർണയിച്ചിരുന്നത് എന്ന് നിങ്ങൾക്കറിയാമല്ലോ. താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവർ ഈ വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നവരായിരുന്നു. ഉന്നതരെന്നു പറയുന്ന ജാതിക്കാർ മുറുകെപ്പിടിച്ച ജാതിവിവേചനത്തിന്റെ കടുംപിടിത്തങ്ങളിൽനിന്ന് രക്ഷനേടാൻ താഴ്ത്തപ്പെട്ട ജാതികൾ പല തന്ത്രങ്ങളും നടപ്പാക്കിയിരുന്നു.

ഉന്നതരെന്നു പറയപ്പെട്ട ജാതിക്കാരുടെ ജീവിതരീതി അനുകരിക്കുക എന്നതായിരുന്നു ഒരു തന്ത്രം. എം.എൻ.ശ്രീനിവാസ് ഈ പ്രതിഭാസത്തെക്കുറിച്ച് പഠിക്കുകയും അതിന് സംസ്കൃതവൽക്കരണം എന്ന് പേരുനൽകുകയും ചെയ്തു.



സംസ്കൃതവൽക്കരണം (Sanskritisation)

തമിഴ്നാട്ടിലെ താഴ്ന്നജാതിയായി കണക്കാക്കപ്പെട്ടിരുന്ന 'പടയാച്ചി' സെൻസസ് രേഖകളിൽ അവരുടെ പേര് 'വാണിയകുല ക്ഷത്രിയ' എന്നാണ് കാണിച്ചിരുന്നത്. ഇത് സാമൂഹികപദവിമാറ്റത്തിനുള്ള താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിക്കാരുടെ ഒരു തന്ത്രമായി കണക്കാക്കാവുന്നതാണ്.

നിങ്ങളുടെ പ്രദേശത്ത് ഏതെങ്കിലും ജാതിയിൽപ്പെട്ടവർ ഇത്തരത്തിലുള്ള മാറ്റത്തിനായി ശ്രമം നടത്തുന്നതായി കണ്ടിട്ടുണ്ടോ?

അതുപോലെ തന്നെ ചില ജാതികളിൽപ്പെട്ടവർ ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവരെ അനുകരിക്കുന്നതായും കാണാം. ഇത്തരത്തിൽ ഉയർന്നരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവരെ അനുകരിക്കുന്ന രീതിയെയാണ് എം.എൻ.ശ്രീനിവാസ് സംസ്കൃതവൽകരണം എന്ന് പറഞ്ഞത്.

'റിലിജിയൻ ആന്റ് സൊസൈറ്റി എമംഗ് ദി കൂർഗ്സ് ഓഫ് സൗത്ത് ഇന്ത്യ' എന്ന പുസ്തകത്തിലാണ് എം.എൻ.ശ്രീനിവാസ് സംസ്കൃതവൽക്കരണം എന്ന ആശയം അവതരിപ്പിച്ചത്. ജാതിശ്രേണിയിലെ താഴ്ന്നവരെന്നു പറയപ്പെട്ട ജാതിയിൽപ്പെട്ട ആളുകൾ ഉയർന്നവരെന്നു വിളിക്കപ്പെട്ട ആളുകളുടെ ജീവിതരീതികൾ, ആചാരങ്ങൾ പാരമ്പര്യങ്ങൾ എന്നിവ അനുകരിച്ചുകൊണ്ട് അവരുടെ സാമൂഹികപദവി മെച്ചപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങളെയാണ് എം.എൻ.ശ്രീനിവാസ് സംസ്കൃതവൽക്കരണം എന്ന പദം കൊണ്ടുദ്ദേശിച്ചത്. തങ്ങളെ ഉയർന്നജാതിക്കാരായി അംഗീകരിക്കുമെന്നാണ് ഇങ്ങനെ

ചെയ്യുന്നതിലൂടെ വിശ്വസിച്ചത്. കർണാടകത്തിലെ കൂർഗ് ഗ്രാമത്തിൽ ആദിദ്രാവിഡർ സസ്യാഹാരികളായി, പരിപൂർണ മദ്യവർജനത്തിലൂടെയും ആരാധനാരീതികൾ മാറ്റിയും നെറ്റിയിൽ ചന്ദനം ചാർത്തിയും ബ്രാഹ്മണരുടെ ജീവിതരീതി അനുകരിക്കുന്നതിലൂടെ ഒന്നോ രണ്ടോ തലമുറയ്ക്ക് ശേഷമെങ്കിലും തങ്ങളെ ബ്രാഹ്മണരായി അംഗീകരിക്കുമെന്നായിരുന്നു വിശ്വസിച്ചിരുന്നത്. ഈ രീതിക്ക് എം.എൻ.ശ്രീനിവാസ് ബ്രാഹ്മണവൽക്കരണം എന്ന പദമായിരുന്നു ആദ്യം ഉപയോഗിച്ചത്. എന്നാൽ പിന്നീട് ഈ അനുകരണം ബ്രാഹ്മണരെ മാത്രമല്ലെന്നും താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവർ ക്ഷത്രിയരുടെയോ വൈശ്യരുടെയോ മാതൃകകളും അനുകരിക്കുന്നുണ്ടെന്നും അദ്ദേഹം നിരീക്ഷിച്ചു. അതുകൊണ്ട് ബ്രാഹ്മണവൽക്കരണം എന്ന പദത്തിനു പകരം സംസ്കൃതവൽക്കരണം എന്ന പദം അദ്ദേഹം ഉപയോഗിച്ചു.

താഴ്ന്നജാതിയെന്ന് വിളിക്കപ്പെട്ടവരോ ഗോത്രത്തിൽപ്പെട്ടവരോ മറ്റേതെങ്കിലും വിഭാഗമോ ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിക്കാരുടെ, പ്രത്യേകിച്ച് ദ്വിജന്മാരുടെ ആചാരങ്ങൾ, ചടങ്ങുകൾ, വിശ്വാസങ്ങൾ, ആശയങ്ങൾ, ജീവിതരീതി എന്നിവ അനുകരിക്കുന്ന തിനെയാണ് എം.എൻ.ശ്രീനിവാസ് സംസ്കൃതവൽക്കരണം (Sanskritisation) എന്നു നിർവചിച്ചത്.

നിങ്ങളുടെ പ്രദേശത്തുള്ള സംസ്കൃതവൽക്കരണത്തിന്റെ സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കുക. അതേക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കി അത് എങ്ങനെ സാമൂഹികഘടനയെ സ്വാധീനിക്കുന്നു എന്ന് വിലയിരുത്തുക.

പലഘട്ടങ്ങളിലും സംസ്കൃതവൽക്കരണത്തിനു ശ്രമിച്ച 'താഴ്ന്നജാതിയെന്ന് വിളിക്കപ്പെട്ടവർക്ക് ഉന്നതവരെന്നു പറയപ്പെടുന്ന ജാതിക്കാരുടെ പീഡനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. വൃത്തിയായി വസ്ത്രം ധരിച്ചതുകൊണ്ടോ നല്ല ജീവിതരീതി, പുതിയ പേരുകൾ, ആചാരങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ സ്വീകരിച്ചതുകൊണ്ടോ പലപ്പോഴും 'താഴ്ന്നജാതിയെന്ന് വിളിക്കപ്പെട്ടവർക്ക് അവരുടെ സാമൂഹിക പദവി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതെന്തുകൊണ്ടായിരിക്കാമെന്ന് ഇന്ത്യൻ ജാതിവ്യവസ്ഥയുടെ സാഹചര്യത്തിൽ നിങ്ങൾ ചർച്ചചെയ്യുക. അതേസമയം ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിൽപ്പെട്ടവർ ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനത്താൽ പാശ്ചാത്യ വൽക്കരണമെന്ന മറ്റൊരുതരത്തിലുള്ള സാമൂഹികചലനത്തെ ആശ്രയിച്ചിട്ടുണ്ട്.

ഉയർന്നവരെന്നു പറയപ്പെട്ട ജാതിയിൽപ്പെട്ടവർ താഴ്ന്നവരാക്കപ്പെട്ട ജാതിയാണെന്ന് അവകാശം ഉന്നയിച്ച് സംവരണാനുകൂല്യം നേടാൻ ശ്രമിക്കുന്ന പലസന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. സംസ്കൃതവൽക്കരണം ഇപ്പോഴും നടക്കുന്നുണ്ടോ? ഒരു സംവാദം നടത്തി റിപ്പോർട്ട് തയാറാക്കു.

പാശ്ചാത്യവൽക്കരണം (Westernisation)

കോടതികളിൽ വക്കീലന്മാരും ജഡ്ജിമാരും പ്രത്യേക തരത്തിലുള്ള വസ്ത്രധാരണരീതി പിന്തുടരുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇന്ത്യയുടെ പരമ്പരാഗതമായ വസ്ത്രധാരണരീതിയാണോ അത്? വസ്ത്രധാരണരീതിയിലുള്ള ഈ

മാറ്റം ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണത്തിന്റെ സ്വാധീനംകൊണ്ടുണ്ടായതാണ്. 150 വർഷക്കാലം നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണത്തിലും അതിനുശേഷവും ഇന്ത്യയിലുണ്ടായിട്ടുള്ള ഇത്തരം മാറ്റങ്ങൾ കണ്ടെത്തി ചർച്ചചെയ്തു. ബ്രിട്ടീഷുകാരുടെ ജീവിതരീതി അനുകരിക്കാനുള്ള ഈ ശ്രമത്തെക്കുറിച്ച് എം.എൻ.ശ്രീനിവാസ് പഠനം നടത്തുകയും പാശ്ചാത്യവൽക്കരണം എന്നപദം അവതരിപ്പിക്കുകയും ചെയ്തു.

ശ്രീനിവാസിന്റെ അഭിപ്രായത്തിൽ *ഇന്ത്യൻ സമൂഹത്തിലും സംസ്കാരത്തിലും 150 വർഷത്തെ ബ്രിട്ടീഷ്ഭരണംകൊണ്ടുണ്ടായ മാറ്റങ്ങളാണ് പാശ്ചാത്യവൽക്കരണം.* സാങ്കേതികവിദ്യ, സ്ഥാപനങ്ങൾ, ഘടന, സാമ്പത്തികനിലവാരം, ആശയങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവയിലെല്ലാം ഇത്തരം മാറ്റങ്ങൾ കാണാൻ കഴിയും. നമ്മുടെ നിത്യജീവിതത്തിൽ ഈ മാറ്റങ്ങൾ എങ്ങനെയാണ് ദൃശ്യമാകുന്നതെന്ന് നമുക്ക് ചർച്ചചെയ്യാം.

ഈ അധ്യായത്തിന്റെ തുടക്കത്തിൽ 'ഇന്ദുലേഖ'യിൽ മാധവനും ബന്ധുക്കളും തമ്മിൽ ശിന്നന് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനെക്കുറിച്ച് ഉണ്ടായ സംഭാഷണം നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലോ. ഇംഗ്ലീഷ് വിദ്യാഭ്യാസം എങ്ങനെയാണ് ഇന്ത്യൻ സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കിയത് എന്ന് ചർച്ചചെയ്തു. ഇത് ജാതിവ്യവസ്ഥയെ ദുർബലപ്പെടുത്തിയോ?

നാട്ടുരാജാക്കന്മാരുടെ ഭരണത്തിൽനിന്ന് ഇന്ത്യയെ ഒരു ഏകീകൃത ഭരണത്തിലേക്ക് കൊണ്ടുവന്നത് ബ്രിട്ടീഷുകാരാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ കാർക്കശ്യങ്ങൾ ദുർബലപ്പെടുത്തുന്നതിന് കാരണമായി. എല്ലാ ജാതിക്കാരിലുംപെട്ട ആളുകളെ ഒരു മേൽക്കൂരയ്ക്ക് താഴെ കൊണ്ടുവരാൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കഴിഞ്ഞു. ജാതിവ്യവസ്ഥയിലെ തിന്മകളായ സതി അനുഷ്ഠാനം, തൊട്ടുകൂടായ്മ, വിധവകളോടുള്ള മോശമായ സമീപനം എന്നിവയ്ക്കെതിരെ സാമൂഹിക-മതനവീകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു.

'സംസ്കൃതവൽക്കരണ'ത്തെക്കുറിച്ച് നിങ്ങൾ പഠിച്ചുകഴിഞ്ഞല്ലോ. പാശ്ചാത്യവൽക്കരണവും സംസ്കൃതവൽക്കരണവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.

പാശ്ചാത്യവൽക്കരണത്തിൽ ആത്മീയതയേക്കാൾ ഭൗതികതയ്ക്കാണ് ഊന്നൽ നൽകുന്നത്. സമത്വം, മാനവികത, യുക്തിചിന്ത, സാമൂഹികപ്രശ്നങ്ങളോടുള്ള ഉദാരമായ സമീപനം, സമത്വാധിഷ്ഠിതസമൂഹം, വ്യക്തിഗതത്വം തുടങ്ങിയവയാണ് പാശ്ചാത്യവൽക്കരണത്തിന്റെ പ്രത്യേകതകൾ. ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രൂപീകരണം, ദേശീയത, പുതിയ രാഷ്ട്രീയനേതൃത്വത്തിന്റെയും സംസ്കാരത്തിന്റെയും ആവിർഭാവം എന്നിവയ്ക്കും ഇത് കാരണമായി.

പാശ്ചാത്യവൽക്കരണം നമ്മുടെ കുടുംബം, സമ്പദ്വ്യവസ്ഥ, രാഷ്ട്രീയവ്യവസ്ഥ, ഗതാഗതം, വാർത്താവിനിമയം തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളെയും എങ്ങനെ സ്വാധീനിച്ചു എന്ന് നമുക്ക് ചർച്ചചെയ്യാം. കൂട്ടുകുടുംബവ്യവസ്ഥയുടെ ശിഥിലീകരണത്തിനും സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനും പാശ്ചാത്യവൽക്കരണം പ്രചോദനമായി. ചെറുകിട-കുടിൽ വ്യവസായങ്ങളുടെ തകർച്ച, വൈവിധ്യമാർന്ന കൃഷി

(രീതികൾ), ഭൂവിനിയോഗത്തിന്റെ പുതിയ (അളവുകോൽ/മാനങ്ങൾ), രീതികൾ, രാജ്യത്ത് ജനാധിപത്യാധിഷ്ഠിത ആശയങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിക്കൽ, ദേശീയതാബോധം, സാമൂഹികനീതി, ഏകീകൃതഭരണസംവിധാനം എന്നിവ ഉയർത്തിപ്പിടിക്കുന്നതിനും ഇത് കാരണമായി.

തപാൽസംവിധാനം, റെയിൽവേ, ദിനപത്രങ്ങൾ, മാസികകൾ തുടങ്ങിയവ നടപ്പാക്കിയത് പാശ്ചാത്യവൽക്കരണത്തിന്റെ വേഗം കൂട്ടി. പല ജാതികളും അവരുടെ കുലത്തൊഴിൽ ഉപേക്ഷിച്ച് പുതിയ തൊഴിലുകൾ സ്വീകരിച്ചു. അവർ ആചാരപരമായ അശുദ്ധി, ഭക്ഷണനിയന്ത്രണങ്ങൾ എന്നിവയെ അവഗണിക്കാനും മറ്റു ജാതിയിലോ മതത്തിലോ പെട്ടവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടാനും തുടങ്ങി. അങ്ങനെ സാമൂഹിക-സാമ്പത്തിക, മത, രാഷ്ട്രീയമേഖലകളിൽ അടിമുടിയുള്ള മാറ്റത്തിന് പാശ്ചാത്യവൽക്കരണം കാരണമായി.

സമൂഹത്തിൽ താഴ്ന്നജാതിക്കാരായി കണക്കാക്കിയിരുന്നവർക്ക് സംസ്കൃതവൽക്കരണത്തിലൂടെ അവരുടെ പദവി മെച്ചപ്പെടുത്താൻ അവസരം ലഭിച്ചു. താഴ്ത്തപ്പെട്ടവർ ഇങ്ങനെ അവരുടെ പദവി മെച്ചപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഉന്നതരെന്നു വിളിക്കപ്പെട്ട ജാതിക്കാർ പാശ്ചാത്യവൽക്കരണത്തിലൂടെ അവരുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിച്ചു. പാശ്ചാത്യവൽക്കരണം, സംസ്കൃതവൽക്കരണത്തിന് ആക്കം കൂട്ടി എന്നൊരു വാദം പൊതുവെയുണ്ട്. നിങ്ങൾ അതിനോട് യോജിക്കുന്നുണ്ടോ? അതേക്കുറിച്ച് നമുക്ക് സംവാദത്തിലേർപ്പെടാം.

സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം എന്നീ ആശയങ്ങൾ ഗ്രാമീണ ജീവിതത്തിലും നഗരജീവിതത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. സാമ്പത്തികപുരോഗതികൊണ്ടും, സാമൂഹികഘടനയിലും മൂല്യങ്ങളിലും മാറ്റങ്ങൾ സംഭവിക്കാം. പരമ്പരാഗത സാമൂഹികഘടനയിലും മൂല്യങ്ങളിലും സാമ്പത്തികപുരോഗതികൊണ്ടുണ്ടായ പരിണിതഫലങ്ങളാണ് ആധുനികവൽക്കരണവും നഗരവൽക്കരണവുമെല്ലാം. ഇതേക്കുറിച്ച് നമുക്ക് 'സാമൂഹിക-സാംസ്കാരിക മാറ്റം' എന്ന അധ്യായത്തിൽ കൂടുതൽ ചർച്ചചെയ്യാം.

സാമൂഹിക-സാംസ്കാരിക മാറ്റങ്ങളുമായി ബന്ധപ്പെട്ട സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം, ആധുനികീകരണം, നഗരവൽക്കരണം, വ്യവസായവൽക്കരണം തുടങ്ങിയ ആശയങ്ങൾക്കു പുറമെ ഇന്ത്യൻ സംസ്കാരവുമായി ബന്ധപ്പെട്ട മറ്റുപല ആശയങ്ങൾക്കും നാഗരികതാചിന്താസരണി രൂപം നൽകിയിട്ടുണ്ട്.



ഇന്ത്യൻ നരവംശശാസ്ത്രജ്ഞനായ എൽ.പി. വിദ്യാർഥി അവതരിപ്പിച്ച 'വിശുദ്ധസഞ്ചയം' (Sacred complex) എന്ന ആശയം അവയിൽ പ്രധാനപ്പെട്ടതാണ്.

വിശുദ്ധ സഞ്ചയം (Sacred Complex)

ഇന്ത്യൻ നാഗരികതയെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്ന ആശയങ്ങളാണ് റോബർട്ട് റെഡ്ഫീൽഡിന്റെ ബൃഹദ്പാരമ്പര്യം, ചെറുപാരമ്പര്യം എന്നിവ. അമേരിക്കയിലെ നാഗരികസംസ്കാരചിന്താസരണിയിലെ റോബർട്ട് റെഡ്ഫീൽഡ്, മിൽട്ടൻ സിംഗർ തുടങ്ങിയവർ വികസിപ്പിച്ച സിദ്ധാന്തങ്ങളുടെ ചട്ടക്കൂടിൽനിന്നുകൊണ്ട് റോബർട്ട് റെഡ്ഫീൽഡിന്റെ ശിഷ്യനായ എൽ.പി. വിദ്യാർഥി ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ച് പഠിച്ചു. ഉത്തർപ്രദേശിൽ സ്ഥിതിചെയ്യുന്ന 'ഗയ' എന്ന തീർത്ഥാടനകേന്ദ്രത്തെക്കുറിച്ച് പഠനം നടത്തിയതിലൂടെയാണ് 'വിശുദ്ധസഞ്ചയം' എന്ന ആശയം എൽ.പി. വിദ്യാർഥി വികസിപ്പിച്ചത്. ഇത് വിശുദ്ധപ്രദേശം, വിശുദ്ധകർമ്മങ്ങൾ, വിശുദ്ധകർമ്മികൾ എന്നിവയുടെ ഒരു സംയോജനമാണെന്നാണ് എൽ.പി. വിദ്യാർഥിയുടെ അഭിപ്രായം. ബൃഹദ്പാരമ്പര്യത്തിന്റെയും ചെറുപാരമ്പര്യത്തിന്റെയും സംയോജനം, പരസ്പരധാരണ, തുടർച്ച എന്നിവ പ്രതിഫലിപ്പിക്കുന്നതാണ് ഈ തീർത്ഥാടനകേന്ദ്രമെന്നാണ് എൽ.പി. വിദ്യാർഥി തന്റെ 'സേക്രട്ട് കോംപ്ലക്സ് ഓഫ് ഹിന്ദു ഗയ' എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നത്. വിശുദ്ധകേന്ദ്രങ്ങളിൽ വിശുദ്ധകർമ്മികർ (പുരോഹിതർ) ആണ് ബൃഹദ്പാരമ്പര്യത്തിന്റെ ഘടകങ്ങൾ ഇന്ത്യയിലെ ഗ്രാമീണമേഖലകളിലേക്ക് കൈമാറ്റം ചെയ്യുന്നത്. വിശുദ്ധകേന്ദ്രങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന എല്ലാ പ്രവൃത്തികളും ചേർന്നതാണ് 'വിശുദ്ധകർമ്മങ്ങൾ', ഒരു തീർത്ഥാടനകേന്ദ്രത്തിലെ പ്രധാനപ്പെട്ട സ്ഥാനങ്ങളാണ്. വിശുദ്ധപ്രദേശത്തിൽ ഉൾപ്പെടുന്നത് ബൃഹദ്പാരമ്പര്യത്തിന്റെ ഭാഗമായ ബ്രാഹ്മണരാണ് വിശുദ്ധകർമ്മികൾക്ക് നേതൃത്വം നൽകുന്നത്. തീർത്ഥാടകർ ഇന്ത്യയിലെ എല്ലാ ഭാഗത്തുനിന്നും ഉള്ളവരും. അവരിൽ ഭൂരിഭാഗവും ബൃഹദ്പാരമ്പര്യം പിന്തുടരുന്നവരുമാണ്. ക്ഷേത്രനിർമ്മാണത്തിനും പുരോഹിതർക്കു ജീവിതമാർഗം ഉണ്ടാക്കുന്നതിനും വേണ്ടി സാമ്പത്തികസഹായവും അവർ നൽകുന്നു.

പല മതവിഭാഗങ്ങളിലും കാണപ്പെടുന്ന വിശുദ്ധപ്രദേശം, വിശുദ്ധകർമ്മം വിശുദ്ധകർമ്മികൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന 'വിശുദ്ധസഞ്ചയങ്ങൾ' നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ഇത്തരത്തിലുള്ള വ്യത്യസ്ത വിശുദ്ധസഞ്ചയങ്ങളെക്കുറിച്ച് ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കൂ.

ഇന്ത്യൻ നാഗരികസംസ്കാരത്തെക്കുറിച്ചും സാമൂഹികമാറ്റങ്ങളെക്കുറിച്ചുമുള്ള പഠനങ്ങളിൽ റോബർട്ട് റെഡ്ഫീൽഡിന്റെ സ്വാധീനം വിലമതിക്കാനാവാത്തതാണ്. 'അവിച്ഛിന്നത' (Continuum) എന്ന റെഡ്ഫീൽഡിന്റെ ആശയത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ബെയ്‌ലി, സുരാജിത്ത് സിൻഹ എന്നീ ഇന്ത്യൻ നരവംശ ശാസ്ത്രജ്ഞർ ഇന്ത്യയുടെ സാമൂഹികസാഹചര്യം പഠിച്ച് 'ഗോത്ര-ജാതി അവിച്ഛിന്നത' എന്ന ആശയത്തിന് രൂപംനൽകി.

ഗോത്ര-ജാതി അവിച്ഛിന്നത (Tribe-Caste Continuum)

രണ്ടറ്റത്തും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളും നടുക്ക് ഒരു തുടർച്ചയുമാണ് അവിച്ഛിന്നത എന്ന ആശയം അർഥമാക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യയിലെ ഗോത്രവർഗങ്ങൾക്കും ജാതികൾക്കുമിടയിൽ ഈ അവിച്ഛിന്നത ദൃശ്യമാണ്.

ഇന്ത്യയിലെ സാമൂഹികസാഹചര്യത്തെക്കുറിച്ച് പഠിച്ച ബെയ്‌ലി, സുരാജിത്ത് സിൻഹ എന്നിവർ ഇന്ത്യൻ ഗ്രാമങ്ങളിലും ഗോത്രവർഗസമൂഹങ്ങളിലും ഗോത്ര-ജാതി അവിച്ഛിന്നതാരീതിയിലുള്ള സാമൂഹികമാറ്റമാണ് നടക്കുന്നതെന്ന് തിരിച്ചറിഞ്ഞു.

വളരെയധികം ഗോത്രവർഗങ്ങളും ജാതികളും അടങ്ങിയതാണ് ഇന്ത്യൻ സമൂഹം. ആദ്യകാല ജനസംഖ്യാ കണക്കെടുപ്പിൽ ജാതിയിലും ഗോത്രവർഗത്തിലുംപെട്ട ആളുകളെ തിരിച്ചറിയാൻ പ്രയാസപ്പെട്ടിരുന്നു. ബെയ്‌ലിയുടെ അഭിപ്രായത്തിൽ ജാതികളും ഗോത്രവർഗങ്ങളും ഒന്നു മറ്റൊന്നിലേക്ക് കൂടിച്ചേരുന്നതുപോലെയുള്ള മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. തങ്ങളുടേതായ സ്വഭാവങ്ങൾക്കുപുറമെ ഗോത്രവർഗക്കാർ ജാതികളുടെ പല പ്രത്യേകതകളും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ പല ജാതികളും ഗോത്രവർഗസംസ്കാരത്തിന്റെ പ്രത്യേകതകളും സ്വീകരിച്ചിട്ടുണ്ട്.

അതുപോലെ താഴ്ന്നവരെന്നു പറയപ്പെട്ട ജാതിയിൽപ്പെട്ടവർ സാമൂഹിക വ്യവഹാരത്തിലെ സമത്വം, സ്ത്രീകൾക്ക് സാംസ്കാരികപ്രവൃത്തികളിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യം എന്നീ പ്രത്യേകതകൾ ഗോത്രവർഗങ്ങളിൽനിന്നു സ്വീകരിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥയുടെ പ്രത്യേകതകളായ ആര്യദൈവങ്ങളിലുള്ള വിശ്വാസം, രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളുടെ പ്രചാരം തുടങ്ങിയവയ്ക്ക് ഗോത്രവർഗസംസ്കാരത്തിലുള്ള അംഗീകാരം ഗോത്ര-ജാതി അവിച്ഛിന്നതയുടെ ഫലമാണ് എന്ന് ബെയ്‌ലി അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെ യഥാർഥത്തിൽ ജാതിക്കും ഗോത്രത്തിനും വളരെ വ്യത്യസ്തമായ സ്വഭാവസവിശേഷതകളാണുള്ളതെങ്കിലും പലപ്പോഴും പ്രായോഗികമായി ഇവരെ വേർതിരിക്കുക പ്രയാസകരമാണ്.

ഗോത്രവർഗസംസ്കാരത്തെ മാത്രമല്ല, ഇന്ത്യയിലെ ഗ്രാമീണസമൂഹത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിച്ചിട്ടുള്ള ഒരു യാഥാർഥ്യമാണ് ജാതിവ്യവസ്ഥ. ഇന്ത്യയിലെ ഓരോ ജാതിയും മറ്റുജാതികളുമായി പലതരത്തിലുള്ള സേവനബന്ധങ്ങൾ നിലനിർത്തുന്നുണ്ട്. ഓരോ ജാതിക്കും അവരുടേതായ കുലത്തൊഴിൽ ഉണ്ട്. ഭൂവുടമകൾക്ക് ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുന്നതിനും തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനും ഓരോ ജാതിവിഭാഗത്തിനും ഓരോ പരമ്പരാഗതമായ തൊഴിൽ നൽകുന്നതിലൂടെ ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് സാധിച്ചിട്ടുണ്ട്. ജാതികളുടെ പരസ്പരബന്ധത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹിക-സാമ്പത്തികവ്യവസ്ഥ വടക്കേ ഇന്ത്യയിൽ വളർന്നുവരുന്നതിന് ഇത് കാരണമായി. അത് ജജ്മാനിസമ്പ്രദായം എന്നറിയപ്പെട്ടു.

ജജ്മാനിസമ്പ്രദായം (Jajmani System)

'ദി ഇന്ത്യൻ ജജ്മാനി സിസ്റ്റം' (1936) എന്ന പുസ്തകത്തിലാണ് വില്യം എച്ച്. വൈസർ 'ജജ്മാനിസമ്പ്രദായം' എന്ന ആശയം അവതരിപ്പിച്ചത്. ഉത്തർപ്രദേശിലെ കരിംപൂർ എന്ന ഗ്രാമത്തിലാണ് അദ്ദേഹം പഠനം നടത്തിയത്. ഈ സമ്പ്രദായപ്രകാരം ഒരു ഗ്രാമത്തിലുള്ള ഓരോ ജാതിയിലും പെട്ട ആളുകൾ മറ്റ് ജാതികളിൽപ്പെട്ട കുടുംബങ്ങൾക്ക് നിശ്ചിതമായ സേവനങ്ങൾ നൽകേണ്ടതുണ്ട്. ഓരോ വ്യക്തിയും നിശ്ചിത കുടുംബത്തിനോ കുടുംബങ്ങൾക്കു വേണ്ടിയോ സേവനം ചെയ്യുന്നു. പരമ്പരാ

ഗതമായ ബന്ധങ്ങളിലധിഷ്ഠിതമാണ് ഈ തൊഴിൽഘടന. അച്ഛനിൽനിന്നു മകനിലേക്ക്, തുടർന്ന് മകനിൽനിന്നു ചെറുമകനിലേക്ക് എന്നിങ്ങനെ ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്ക് കൈമാറിവരുന്ന തരത്തിലാണ് ഈ ബന്ധം.

ഉത്തർപ്രദേശിലെ രാംപൂർ ഗ്രാമത്തെക്കുറിച്ചുള്ള ഓസ്കാർ ലെവിസിന്റെ പഠനം ഭൂവുടമകളായ കുമ്പാർ (മൺപാത്രം നിർമ്മിക്കുന്നവർ), ലോഹർ (കൊല്ലൻ- കൃഷി ആയുധങ്ങൾ ഉണ്ടാക്കുന്നവർ) ഖാട്ടി (ആശാരിമാർ- മരംകൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുന്നവർ), നെയ് (ബാർബർ-മുടിവെട്ടലും ഷേവിങ്ങും ചെയ്യുന്നവർ), ബെഞ്ചി (അടിച്ചുവാരുന്നവർ, ജന്മിയുടെ വീട് വൃത്തിയാക്കു ന്നു) എന്നിവർ തമ്മിലുള്ള മാതൃകാപരമായ ബന്ധങ്ങളെക്കുറിച്ചുള്ളതാണ്.

കാർഷികവൃവസ്ഥയിൽ അധിഷ്ഠിതമായ, സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന-വിതരണസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നതാണ് ജജ്മാനി സമ്പ്രദായം. ഭൂവുടമകളായ പ്രബലജാതിക്കാരുമായി, മറ്റ് സേവനം നൽകുന്ന ജാതിക്കാരായ ക്ഷുരകർ, അലക്കുകാർ, കരകൗശലപ്പണിക്കാർ എന്നിവർക്ക് ഈ സമ്പ്രദായത്തിലൂടെ ബന്ധങ്ങൾ ഉണ്ടാകുന്നു. അങ്ങനെ ക്ഷുരകർ ഗ്രാമീണർക്കായി ക്ഷൗരം ചെയ്യുകയും ആശാരി മരപ്പണിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുകയും ലോഹപ്പണിക്കാർ കൃഷിയായുധങ്ങളുണ്ടാക്കുകയും ചെയ്യുന്നു. വ്യത്യസ്ത ജാതികൾക്കിടയിലുള്ള സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ബന്ധങ്ങളാണ് ചുരുക്കിപ്പറഞ്ഞാൽ ജജ്മാനിസമ്പ്രദായം.

മറ്റ് ജാതികളിൽ നിന്നു സേവനം ലഭിക്കുന്ന ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാരനാണ് 'ജജ്മാൻ'. ജജ്മാനുവേണ്ടി സേവനം നൽകുന്ന താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവരാണ് 'കാമിൻ' (മറ്റുള്ളവർക്ക് വേണ്ടി സേവനം ചെയ്യുന്ന ആൾ). ജജ്മാനി സമ്പ്രദായത്തിൽ ജജ്മാൻ ഒരു രാജാവിനെപ്പോലെ ബഹുമാനിക്ക പ്പെടുന്നു, കാമിനെ പ്രജയായും കണക്കാക്കുന്നു. പരമ്പരാഗതമായി നിലനിൽക്കുന്ന ഒരു വ്യവസ്ഥ എന്ന രീതിയിൽ, ജജ്മാനിസമ്പ്രദായത്തെ ആദ്യമായി റിപ്പോർട്ട് ചെയ്യുമ്പോൾ വില്യം എച്ച്.വൈസറിന് ഇത് ഇന്ത്യൻ ഗ്രാമങ്ങളിലുടനീളം കാണപ്പെടുന്ന സമ്പ്രദായമാണെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നില്ല.

ജജ്മാനിസമ്പ്രദായത്തിന് താഴെ പറയുന്ന പ്രത്യേകതകളുണ്ട്.

1. **ജജ്മാനിസമ്പ്രദായത്തിൽ ബന്ധങ്ങൾ സ്ഥിരമാണ്:** ഒരു 'കാമിന്' ജജ്മാനെ ഉപേക്ഷിച്ചുപോകാൻ അവകാശമില്ലെന്നതുപോലെ ജജ്മാന് കാമിനെയും മാറ്റാൻ അധികാരമില്ല. ഇത് അവർ തമ്മിലുള്ള ഒരു ആജീവനാന്തവും സ്ഥിരവുമായ ഉടമ്പടി ഉറപ്പുവരുത്തുന്നതിലൂടെ ഗ്രാമീണസമ്പദ്വ്യവസ്ഥയെ സ്ഥിരമായി നിലനിർത്തുന്നു.
2. **ജജ്മാനി പരമ്പരാഗതമാണ്:** ജജ്മാൻ എന്ന അവകാശം പിതാവിൽനിന്നു മകനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു, അഥവാ ആൺകുട്ടി കൾ അനന്തരാവകശികളായി ഇല്ലെങ്കിൽ ആ അവകാശം പെൺമക്കളുടെ ഭർത്താക്കന്മാർക്ക് ലഭിക്കുന്നു.

3. **സേവനങ്ങൾക്കു പകരം സാധനങ്ങൾ:** ഈ സമ്പ്രദായത്തിൽ പണത്തിന്റെ ഉപയോഗം വളരെ കുറവാണ്. ഒരു തൊഴിൽദാതാവും തൊഴിലാളിയും തമ്മിലുള്ള ബന്ധമല്ല ജജ്മാനും കാമിനും തമ്മിലുള്ളത്. കാമിന് പ്രതിഫലം നൽകുന്നത് പണമായോ സാധനങ്ങളായോ ആണ്. ചെയ്യുന്ന ജോലിയുടെ സ്വഭാവമനുസരിച്ചാണ് കാമിന് നൽകുന്ന ധാന്യത്തിന്റെ അളവ് തീരുമാനിച്ചിരുന്നത്. ജജ്മാനും കാമിനും തമ്മിലുള്ള ബന്ധം വെറും സാമ്പത്തികത്തേക്കാൾ മാനുഷികമൂല്യങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു. അതുകൊണ്ടുതന്നെ കാമിന്റെ ക്ഷേമത്തിൽ പൂർണമായ ഉത്തരവാദിത്വം ജജ്മാൻ ഏറ്റെടുത്തിരുന്നു. പകരം ഭക്തി ബഹുമാനത്തോടെയും സമർപ്പണമനോഭാവത്തോടെയും കാമിൻ ജജ്മാനെ സേവിച്ചിരുന്നു.

ചിത്രം 3.6 ജജ്മാനും കാമിനും

4. **സമാധാനവും സംതൃപ്തിയും:** തൊഴിലിനുവേണ്ടിയുള്ള അന്വേഷണം നടത്തേണ്ടതില്ല എന്നതുകൊണ്ടുതന്നെ ഒരു ജജ്മാനുകീഴിൽ ജോലിചെയ്യുന്ന കാമിൻ പൂർണമായ സുരക്ഷിതത്വം അനുഭവിക്കുന്നു. എന്നിരുന്നാലും ജജ്മാനി സമ്പ്രദായത്തിന് പല പരമിതികളുമുണ്ട്.

- ഇത് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും ഉപകരണമാണ്.
- താഴ്ന്നജാതിയെന്ന് വിളിക്കപ്പെട്ടവരുടെ പുരോഗതിക്ക് ഇത് തടസ്സം സൃഷ്ടിക്കുന്നു.
- .....

വടക്കേ ഇന്ത്യയിലെ ജജ്മാനിസമ്പ്രദായവും കേരളത്തിൽ നിലനിന്നിരുന്ന ജന്മിസമ്പ്രദായവും തമ്മിൽ ബന്ധം കണ്ടെത്താൻ നിങ്ങൾക്ക് കഴിയുന്നുണ്ടല്ലോ. ഇവയെക്കുറിച്ച് ചർച്ചചെയ്ത് ഒരു താരതമ്യക്കുറിപ്പ് തയാറാക്കൂ.

സംഗ്രഹം

- സാക്ഷരപൂർവസംസ്കാരങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലാണ് പത്തൊൻപതാം നൂറ്റാണ്ടുവരെ നരവംശശാസ്ത്രജ്ഞർ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. സാംസ്കാരിക പരിണാമസിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെട്ടത് ഇരുപതാംനൂറ്റാണ്ടിലെ ചിന്തകർക്ക് നാഗരികതയെ കുറിച്ച് പഠിക്കുന്നതിന് പ്രചോദനമായി.
- റോബർട്ട് റെഡ്ഫീൽഡിന്റെ നേതൃത്വത്തിൽ നാഗരികചിന്താസരണി വ്യത്യസ്ത നാടൻ, ഗ്രാമ, നഗരസംസ്കാരങ്ങളെക്കുറിച്ച് പഠനം നടത്തി. ഇത്തരം സമൂഹങ്ങളിലെ സാമൂഹികബന്ധങ്ങളുടെ (സമ്പർക്കങ്ങളുടെ) രീതിയും തരവും മനസ്സിലാക്കുന്നതിനായി വിവിധ ആശയങ്ങളും സിദ്ധാന്തങ്ങളും അവർ സംഭാവനചെയ്തു.
- നാടൻസമൂഹങ്ങൾ ലളിതവും ഐകരൂപ്യമുള്ളതും ഒറ്റപ്പെട്ടുനിൽക്കുന്നതും സ്വതന്ത്രവുമാണ്. നാടൻസമൂഹങ്ങൾക്കും നഗരസമൂഹങ്ങൾക്കുമിടയിലാണ്

കർഷകസമൂഹത്തിന്റെ സ്ഥാനം. അവ ഗ്രാമീണസംസ്കാരങ്ങൾ എന്നും അറിയപ്പെടുന്നു. സ്വന്തമായി ഭൂമി കൈവശമുള്ളവരും അതിന്മേൽ കാർഷിക വൃത്തിയിലേർപ്പെടുന്നവരുമാണ് കർഷകർ. അവർക്ക് ഭൂമിയോട് വൈകാരികമായ അടുപ്പവും ഉണ്ട്. നഗരസമൂഹങ്ങൾ നാടൻസമൂഹങ്ങളിൽനിന്നു വളരെ വ്യത്യസ്തരാണ്. ഭിന്നവർഗത്തിൽപ്പെട്ട ജനങ്ങൾ, കൂടിയ ജനസാന്ദ്രത, കച്ചവടാധിഷ്ഠിതമായ തൊഴിൽസംഘടനകൾ എന്നിവയാണ് ഈ സമൂഹത്തിന്റെ പ്രത്യേകതകൾ.

- നാടൻസമൂഹങ്ങൾക്കും നഗരസമൂഹങ്ങൾക്കും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളാണ് ഉള്ളതെങ്കിലും യഥാർഥത്തിൽ എവിടെയാണ് നാടൻസമൂഹങ്ങൾ അവസാനിക്കുന്നതെന്നോ നഗരസമൂഹം ആരംഭിക്കുന്നതെന്നോ അടയാളപ്പെടുത്താൻ പ്രയാസമാണ്. കാരണം മധ്യത്തെത്തുമ്പോൾ ഒരു തുടർച്ചയാണുള്ളത്, അതിനെയാണ് റോബർട്ട് റെഡ്ഫീൽഡ് നാട്ടു-നഗര അവിച്ഛിന്നത എന്നു വിശേഷിപ്പിച്ചത്.
- തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു സംസ്കാരത്തിന്റെ വിശ്വാസങ്ങളും മൂല്യങ്ങളുമാണ് പാരമ്പര്യങ്ങൾ. പാരമ്പര്യങ്ങളെ റോബർട്ട് റെഡ്ഫീൽഡ് ബൃഹദ്പാരമ്പര്യമെന്നും ചെറുപാരമ്പര്യമെന്നും രണ്ടായി തരംതിരിച്ചു. സമൂഹത്തിലെ ഉപരിവർഗജനങ്ങളുടെ പാരമ്പര്യം ബൃഹദ്പാരമ്പര്യവും സാധാരണക്കാരായ ജനങ്ങളുടെ പാരമ്പര്യം ചെറുപാരമ്പര്യവുമാണ്. ചെറുപാരമ്പര്യത്തിലെ ഘടകങ്ങൾ മുകളിലേക്ക് ചലിച്ച് ബൃഹദ്പാരമ്പര്യത്തിന്റെ ഭാഗമാകുന്നതിനെ സാർവത്രിക വൽക്കരണമെന്നും ബൃഹദ്പാരമ്പര്യത്തിലെ ഘടകങ്ങൾ താഴോട്ട് സഞ്ചരിച്ച് ചെറുപാരമ്പര്യത്തിൽ ചേരുന്നതിനെ പ്രാദേശികവൽക്കരണമെന്നും പറയുന്നു.
- ഗ്രാമീണസമൂഹങ്ങളുടെ പഠനത്തിലൂടെ ഓസ്കാർ ലെവിസ് വികസിപ്പിച്ചെടുത്ത മറ്റൊരു ആശയമാണ് 'ദാരിദ്ര്യത്തിന്റെ സംസ്കാരം'. ലോകത്തിലെവിടെയും ദാരിദ്ര്യത്തിൽ ജീവിക്കുന്ന ജനങ്ങളുടെ വ്യക്തിത്വത്തിൽ കാണപ്പെടുന്ന സമാനതകളാണ് ദാരിദ്ര്യത്തിന്റെ സംസ്കാരം എന്നതുകൊണ്ടർഥമാക്കുന്നത്.
- ഇന്ത്യൻഗ്രാമങ്ങളുടെ പഠനത്തിലൂടെ എം.എൻ. ശ്രീനിവാസ് പ്രബലജാതി, സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ചു. ഗ്രാമങ്ങളിൽ മറ്റ് ജാതിക്കാർക്കുമേൽ പ്രാദേശികമായ മേധാവിത്വം ഉള്ള ജാതിയാണ് പ്രബലജാതി.
- താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽപ്പെട്ടവരോ, ഗോത്രത്തിൽപ്പെട്ടവരോ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവരോ ഉയർന്നവരെന്നു കരുതപ്പെട്ട ജാതിക്കാരുടെ പ്രത്യേകിച്ച് ദ്വിജന്മാരുടെ ആചാരങ്ങൾ, ചടങ്ങുകൾ, വിശ്വാസങ്ങൾ, ആശയങ്ങൾ, ജീവിതരീതി എന്നിവ അനുകരിക്കുന്ന രീതിയാണ് സംസ്കൃതവൽക്കരണം. ഇന്ത്യൻ സമൂഹത്തിലും സംസ്കാരത്തിലും 150 വർഷക്കാലത്തെ ബ്രിട്ടീഷ് ഭരണംകൊണ്ടു ണ്ടായ മാറ്റങ്ങളെയാണ് പാശ്ചാത്യവൽക്കരണമെന്ന് പറയുന്നത്.
- 'ഷിക്കാഗോ' ചിന്താസരണിയുടെ സ്വാധീനത്താൽ എൽ.പി. വിദ്യാർഥി ഇന്ത്യയിലെ തീർത്ഥാടനകേന്ദ്രങ്ങളെക്കുറിച്ച് പഠിക്കുകയും 'വിശുദ്ധസഞ്ചയം' എന്ന ആശയത്തിന്

രൂപംനൽകുകയും ചെയ്തു. വിശുദ്ധപ്രദേശം, വിശുദ്ധകർമ്മം, വിശുദ്ധകാർമികർ എന്നിവയുടെ ഒരു സംയോജനമാണ് 'വിശുദ്ധസഞ്ചയം' എന്നാണ് എൽ.പി. വിദ്യാർഥിയുടെ അഭിപ്രായം.

- ഇന്ത്യൻ ഗ്രാമങ്ങളിൽ കാണപ്പെടുന്ന മറ്റൊരു സാമൂഹികചലനരീതിയാണ് 'ഗോത്ര-ജാതി അവിച്ഛിന്നത' ഗോത്രവർഗങ്ങൾക്കും ജാതികൾക്കും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളാണുള്ളതെങ്കിലും യഥാർഥത്തിൽ അവരെ വേർതിരിച്ചറിയുക വളരെ പ്രയാസകരമാണ്. പല ജാതികളും ഗോത്രവർഗങ്ങളുടെ സവിശേഷതകൾ സ്വീകരിക്കുകയും അതേസമയം പല ഗോത്രവർഗങ്ങളും ജാതികളുടെ സ്വഭാവങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ വിവിധ ജാതികൾക്കിടയിൽ ഒരു പ്രത്യേകതരത്തിലുള്ള സാമൂഹിക-സാമ്പത്തികവ്യവസ്ഥ നിലനിന്നിരുന്നു. അതിനെയാണ് ജജ്മാനി സമ്പ്രദായം എന്നു പറയുന്നത്. ഇത് ആദ്യമായി റിപ്പോർട്ട് ചെയ്തത് വില്യം എച്ച്. വൈസർ ആണ്.

ടേം മൂല്യനിർണയ ഉപാധികൾ

1. നാഗരികതാപഠനങ്ങളുടെ ഉപജ്ഞാതാവാണ്——
   എ) റോബർട്ട് റെഡ്ഫീൽഡ് ബി) ഓസ്കാർ ലെവിസ്
   സി) ഫ്രാൻസ് ബോസ് ഡി) എം.എൻ. ശ്രീനിവാസ്
2. താഴെ പറയുന്നവരിൽ 'ഗോത്ര-ജാതി അവിച്ഛിന്നത'യുമായി ബന്ധപ്പെട്ടതാര്?
   എ) റോബർട്ട് റെഡ്ഫീൽഡ് ബി) സുരാജിത്ത് സിൻഹ
   സി) വില്യം എച്ച്. വൈസർ ഡി) എം.എൻ. ശ്രീനിവാസ്
3. വിട്ട ഭാഗം പൂരിപ്പിക്കുക.
   'നാടൻ-നഗര അവിച്ഛിന്നത' എന്ന ആശയം റോബർട്ട് റെഡ്ഫീൽഡ് അവതരിപ്പിച്ചത്—— എന്ന പുസ്തകത്തിലാണ്.
4. റെഡ്ഫീൽഡിന്റെ 'അവിച്ഛിന്നത' എന്ന ആശയം ഇന്ത്യൻ സാഹചര്യത്തിൽ ഉപയോഗിച്ച് വികസിപ്പിച്ച ആശയമാണ്——
5. ശരിയോ തെറ്റോ എന്ന് കണ്ടെത്തുക.
   എ) ഏക്കറുകണക്കിന് ഭൂമി കൈവശമുള്ളവരാണ് കർഷകർ.
   ബി) നാടൻസമൂഹത്തിലെ അംഗങ്ങൾക്ക് അക്ഷരാഭ്യാസം വളരെക്കുറവാണ്.
   സി) സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ള ആളുകളുടെ പാരമ്പര്യമാണ് ബൃഹദ് പാരമ്പര്യം.
   ഡി) ചെറുപാരമ്പര്യത്തിന്റെ ഘടകങ്ങൾ മതപരമായ പുസ്തകങ്ങളിലൂടെയാണ് കൈമാറ്റം ചെയ്യുന്നത്.

6. എ) എ, ബി, സി എന്നീ കോളങ്ങൾ അനുയോജ്യമായ രീതിയിൽ ചേർത്തെഴുതുക.

എ	ബി	സി
എം.എൻ.ശ്രീനിവാസ്	വിശുദ്ധസഞ്ചയം	കിഷാൻഗരി
ഓസ്കാർ ലെവിസ്	സാർവത്രികവൽക്കരണവും പ്രാദേശികവൽക്കരണവും	രാംപൂർ
എൽ.പി. വിദ്യാർത്ഥി	നാട്ടു-നഗര അവിച്ഛിന്നത	രാംപുര
മാകിം മാരിയറ്റ്	ഗ്രാമീണ സാർവലൗകികത്വം	യുഗാറ്റൺ
റോബർട്ട് റെഡ്ഫീൽഡ്	പ്രബലജാതി	ഗയ

ബി) മുകളിൽ കൊടുത്തിട്ടുള്ളവയിൽനിന്ന് ഏതെങ്കിലും രണ്ട് ആശയങ്ങൾ തിരഞ്ഞെടുത്ത് അവയെക്കുറിച്ച് ചെറിയ വിവരണം തയാറാക്കുക.

7. എം.എൻ. ശ്രീനിവാസ് പരിചയപ്പെടുത്തിയ ആശയങ്ങൾ എഴുതുക. ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് വിവരിക്കുക.

8. എം.എൻ. ശ്രീനിവാസ് മുന്നോട്ടുവച്ച ഒരു പ്രധാന ആശയമാണ് 'പ്രബലജാതി'. പ്രബലജാതിയെ നിർണയിക്കുന്ന പ്രധാന ഘടകങ്ങൾ കണ്ടെത്തുക.

9. ജജ്മാനിസമ്പ്രദായത്തെക്കുറിച്ച് വിവരിക്കുക.

10. ബൃഹദ്പാരമ്പര്യത്തിലെയും ചെറുപാരമ്പര്യത്തിലെയും ഘടകങ്ങൾ സ്ഥിരമായി നിൽക്കുന്നില്ല. ഇവ മുകളിലേക്കും താഴേക്കും ചലിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രസ്താവന വിലയിരുത്തുക.

11. നാടൻസമൂഹങ്ങളുടെയും കർഷകസമൂഹങ്ങളുടെയും പ്രത്യേകതകൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.

12. ബൃഹദ്പാരമ്പര്യത്തിന്റെയും ചെറുപാരമ്പര്യത്തിന്റെയും പ്രത്യേകതകൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.

13. ഇന്ത്യൻ ഗ്രാമങ്ങളിലെ അംഗങ്ങൾക്കിടയിൽ എല്ലാം തങ്ങളുടേതാണെന്ന ആഴത്തിലുള്ള ഒരു വികാരമുണ്ട്. ഇത് മനുഷ്യർക്കിടയിൽ മാത്രമല്ല, മനുഷ്യരും ഭൂമിയും വീടും കന്നുകാലികളും പക്ഷികളും മരങ്ങളും പ്രകൃതിയിലെ മറ്റെല്ലാ വസ്തുക്കളുമായും ഉള്ള ബന്ധമാണ്.

എ) ഈ പ്രസ്താവനയുമായി ബന്ധപ്പെട്ട നരവംശശാസ്ത്ര ആശയവും അത് അവതരിപ്പിച്ച നരവംശശാസ്ത്രജ്ഞനെയും തിരിച്ചറിയുക.

ബി) ഈ ആശയത്തെക്കുറിച്ച് ഒരു വിവരണം തയാറാക്കുക.

സാങ്കേതികപദങ്ങൾ

ജാതി	:	പരമ്പരാഗതമായും സ്വഗണവിവാഹത്തിധിഷ്ഠിതമായുമുള്ള ഹിന്ദുസമൂഹത്തിലെ വിഭജനം.
അവിച്ഛിന്നത	:	രണ്ടറ്റത്തും വളരെ വ്യത്യസ്തമായ സ്വഭാവങ്ങളും മധ്യഭാഗത്തുള്ള തുടർച്ചയും.
നാടൻ	:	ചെറുതും പ്രാദേശികവും ഐകരൂപ്യമുള്ളതുമായ സമുദായം.
ജജ്മാൻ	:	താഴ്ന്നവരെന്നു പറയപ്പെട്ട ജാതിക്കാരിൽനിന്നു സേവനങ്ങൾ ലഭിക്കുന്ന ഉയർന്നവരെന്നു കരുതപ്പെട്ട ജാതിക്കാരനായ വ്യക്തി.
കാമിൻ	:	ജജ്മാന് സേവനങ്ങൾ നൽകുന്ന താഴ്ന്നവരെന്നു പറയപ്പെട്ട ജാതിക്കാർ.
കർഷകൻ	:	സ്വന്തമായി ഒരു തുണ്ട് ഭൂമി കൈവശമുണ്ടാവുകയും അതിൽ കൃഷിചെയ്യുകയും ചെയ്യുന്ന ആൾ.
പാരമ്പര്യം	:	ഒരു സമൂഹം പരമ്പരാഗതമായി കൈമാറ്റം ചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന വിശ്വാസങ്ങളും സമ്പ്രദായങ്ങളും.
ഗോത്രം	:	ഒറ്റപ്പെട്ടുനിൽക്കുന്നതും ഐകരൂപ്യമുള്ളതും സ്വഗണവിവാഹ ത്തിലധിഷ്ഠിതമായതും ഒരു പൊതുപൂർവികന്റെ പിൻഗാമി കളായി അറിയപ്പെടുന്നതുമായ വിഭാഗം.

റഫറൻസ്

ഹസ്നെൻ, നദീം. 2003 ഇന്ത്യൻ ആന്ത്രോപോളജി. ഡൽഹി. പലക്ക.

ശ്രീനിവാസ്, എം.എൻ. 1972. സോഷ്യൽ ചെയ്ഞ്ച് ഇൻ മോഡേൺ ഇന്ത്യ, ന്യൂഡൽഹി. ഓറിയന്റ് ലോഗ്മാൻ

സിംങ് യോഗേന്ദ്ര. 1986. മോഡേണൈസേഷൻ ഓഫ് ഇന്ത്യൻ ട്രഡിഷൻ, ഡൽഹി. റാവത്ത്.

ശ്രീനിവാസ് എം.എൻ. കാസ്റ്റ് ഇൻ മോഡേൺ ഇന്ത്യ ആന്റ് അദർ എസ്സേസ്, ബോംബെ മീഡിയ പ്രൊമോട്ടേർസ്.

ഉപാദ്യായ്, വി.എസ്. ഗയ പാണ്ഡെ . ഇൻട്രൊഡക്ഷൻ ടു ആന്ത്രോപോളജിക്കൽ തോട്ട്. ഡെൽഹി. കൺസപ്റ്റ്.

യൂണിറ്റ്

IV

വൈദ്യനരവംശശാസ്ത്രം

T8M9A2

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- ആരോഗ്യം, അസ്വാസ്ഥ്യം, അസുഖം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും ആരോഗ്യം നിർണയിക്കുന്നതിൽ സംസ്കാരത്തിന്റെ പങ്ക് തിരിച്ചറിയുന്നതിനും കഴിയുന്നു.
- ഇന്ത്യയിലെ വൈദ്യസമ്പ്രദായത്തിന്റെ വൈവിധ്യം വിലയിരുത്തുന്നതിനും വൈദ്യനരവംശശാസ്ത്രത്തിലെ വളർന്നുവരുന്ന ഉപമേഖലകളായ വിമർശനാത്മക വൈദ്യനരവംശശാസ്ത്രം ചികിൽസാത്മക വൈദ്യനരവംശശാസ്ത്രം എന്നിവ പരിശോധിക്കുന്നതിനും സാധിക്കുന്നു.
- പരമ്പരാഗത ചികിത്സാസമ്പ്രദായത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനും ആധുനിക ചികിത്സാസമ്പ്രദായവുമായി അതിന്റെ വ്യത്യാസം മനസ്സിലാക്കാനും കഴിയുന്നു.
- വാർധക്യത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വൃദ്ധജനങ്ങളെ സംരക്ഷിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കാനും സാധിക്കുന്നു.
- ചികിൽസാധിഷ്ഠിത വൈദ്യനരവംശശാസ്ത്രം, വിമർശനാത്മക വൈദ്യനരവംശശാസ്ത്രം എന്നിവയുടെ വ്യത്യാസം തിരിച്ചറിയാനും ആധുനിക ആഗോളവൽക്കൃതകാലത്ത് ഇതിന്റെ പ്രസക്തി വിലയിരുത്താനും കഴിയുന്നു.
- ഭക്ഷണരീതി, അസുഖം, പോഷണം എന്നി ആശയങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

ഉള്ളടക്കം

വൈദ്യനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും

- ആരോഗ്യം, അസുഖം, അസ്വാസ്ഥ്യം എന്നീ ആശയങ്ങൾ

സംസ്കാരം, ആരോഗ്യം, അസുഖം എന്നിവ തമ്മിലുള്ള ബന്ധം

- സംസ്കാരം, ആരോഗ്യം, അസുഖം എന്നീ കാഴ്ചപ്പാടുകളെ സ്വാധീനിക്കുന്നു.
- സാംസ്കാരികരീതികൾ അസുഖത്തെ സ്വാധിനിക്കുന്നു.
- സംസ്കാരം അസുഖങ്ങളുടെ വ്യാപനത്തെ സ്വാധീനിക്കുന്നു.
- സംസ്കാരം ചികിത്സാരീതിയെക്കുറിച്ചുള്ള കാഴ്ചപ്പാടിനെ സ്വാധീനിക്കുന്നു.

ഇന്ത്യയിലെ ബഹുചികിത്സാസമ്പ്രദായം

- ആധുനികവൈദ്യവും പരമ്പരാഗതവൈദ്യവും
- വംശീയവൈദ്യം

വൈദ്യനരവംശശാസ്ത്രത്തിന്റെ സവിശേഷ മേഖലകൾ

- വിമർശനാത്മക വൈദ്യനരവംശശാസ്ത്രം
- ചികിൽസാത്മക വൈദ്യനരവംശശാസ്ത്രം
- വാർധക്യപഠനം
- സാംസ്കാരിക മനോരോഗ ചികിത്സാ ശാസ്ത്രം
- പോഷണ നരവംശശാസ്ത്രം

ജപ്പാനിലെ ചില ജനതകൾ 'ഗോതായി' എന്ന ആശയത്തിൽ വിശ്വസിക്കുന്നു. ജീവിതത്തിലും മരണത്തിലും ശരീരത്തിന്റെ പൂർണത സംരക്ഷിക്കുക എന്നതാണിതുകൊണ്ടുദ്ദേശിക്കുന്നത്. ഈ വിശ്വാസത്തിന്റെ ഭാഗമായി കാതുകുത്തുന്ന ആചാരംപോലും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. (ഓനുക്കി ടിയേർണി 1994:235).

നാരുഹിതാവോ രാജകുമാരന്റെ വിവാഹാലോചനാവേളയിൽ ഒരു പ്രധാന നിബന്ധന വധുവാകുന്നവൾ കാതുകുത്തരുത് എന്നതായിരുന്നു. ഒരു മുറിവുമില്ലാത്ത പൂർണമായ ശരീരം മാത്രമേ പുനർജനിക്കൂ എന്ന വിശ്വാസമാണ് ഇതിന്റെ അടിസ്ഥാനം. ചരിത്രപരമായി ശത്രുവിന്റെ ശിരച്ഛേദമായിരുന്നു ഏറ്റവും വലിയ ശിക്ഷാവിധി. ഇത് ശരീരത്തിന്റെ പൂർണത ഇല്ലാതാക്കുകയും ശത്രുവിന് പുനർജന്മം ലഭിക്കാതിരിക്കുകയും ചെയ്യും എന്ന കരുതപ്പെട്ടു.

ജപ്പാനിൽ കുറഞ്ഞ ശസ്ത്രക്രിയാനിരക്കുകൾക്കും അവയവദാനത്തിനെതിരായ ചിന്താഗതിക്കും കാരണം 'ഗോതായി' എന്ന ആചാരമാണ്.

മേൽക്കൊടുത്ത സംഭവം സാംസ്കാരിക രീതികൾക്ക് വൈദ്യരീതികളുമായി നേരിട്ടുള്ള ബന്ധമുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഇതുപോലെ നിങ്ങളുടെ സമൂഹത്തിൽ ആരോഗ്യവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന സംഭവങ്ങൾ ക്ലാസിൽ ചർച്ചചെയ്യുക. ആരോഗ്യം, അസുഖം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട നരവംശശാസ്ത്രശാഖയാണ് വൈദ്യനരവംശശാസ്ത്രം.

> സാമൂഹികമൂല്യങ്ങളെയും സാമൂഹിക ബന്ധങ്ങളെയും പഠിക്കാനുള്ള ഒരുവഴി എന്ന നിലയിൽ ആരോഗ്യസ്വഭാവത്തെ പരിഗണിക്കുകയാണ് വൈദ്യനരവംശശാസ്ത്രം. ചെയ്യുന്നത് (ഫോസ്റ്ററും ആന്റേഴ്സണും). മിക്കവാറും മനുഷ്യസാമൂഹിക സംവിധാനം, സംസ്കാരം, പശ്ചാത്തലം എന്നിവയാൽ സ്വാധിനിക്കപ്പെട്ട ലോകത്താകമാനമുള്ള ആരോഗ്യപ്രശ്നങ്ങളെയും സംഭവങ്ങളെയും മനസ്സിലാക്കാനാണ് തുടക്കം മുതലേ വൈദ്യനരവംശശാസ്ത്ര ചിന്തകർ ശ്രദ്ധിച്ചിരുന്നത്.

വൈദ്യനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും
(Meaning and Scope of Medical Anthropology)

ആരോഗ്യം, ശരീരം, അസുഖം എന്നിവയുടെ സാംസ്കാരിക ധാരണകളെയാണ് വൈദ്യനരവംശശാസ്ത്രം നോക്കിക്കാണുന്നത്. ആരോഗ്യം, അസുഖം, ചികിത്സ

എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളിൽ നരവംശശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളും രീതികളും പ്രയോഗിക്കുന്ന നരവംശശാസ്ത്രത്തിന്റെ ഉപശാഖയാണിത്. വിശാലമായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യനരവംശശാസ്ത്രത്തെ വൈദ്യപരം, വൈദ്യ നിയമപരം, വൈദ്യ സാമൂഹികം, പൊതുജനാരോഗ്യപരം എന്നിവയുമായി ബന്ധപ്പെട്ട മനുഷ്യപ്രശ്നങ്ങൾ മനസ്സിലാക്കാൻ, മനുഷ്യന്റെ ശാരീരികവും സാംസ്കാരികവുമായ പഠനം നടത്തുന്ന മനുഷ്യശാസ്ത്രത്തിന്റെ ശാഖ എന്ന് നിർവചിക്കാം (ഹസ്സനും പ്രസാദും 1959:21-22).

മറ്റുചില നിർവചനങ്ങൾ താഴെക്കൊടുക്കുന്നു.

- ആരോഗ്യം, അസുഖം എന്നിവയുമായി ബന്ധപ്പെടുത്തി മനുഷ്യന്റെയും മനുഷ്യന്റെ പ്രവൃത്തിയുടെയും ജൈവ സാംസ്കാരിക ധാരണകളുടെ അനുബന്ധമായാണ് വൈദ്യനരവംശാന്വേഷണം നടക്കുന്നത് (ഹോക്സ്റ്റാസറും ടാപ്പും- 1970).
- സാമൂഹിക സാംസ്കാരിക സവിശേഷതകൾ സ്വാധീനിക്കുന്ന വൈദ്യപ്രതിഭാസങ്ങളെയും വൈദ്യമേഖലകളാൽ അലംകൃതമായ സാമൂഹിക സാംസ്കാരിക സവിശേഷതകളെയുമാണ് വൈദ്യനരവംശശാസ്ത്രം ഉൾക്കൊള്ളുന്നത് (ലീബാൻ 1973).

വൈദ്യനരവംശശാസ്ത്രത്തിന്റെ മറ്റു നിർവചനങ്ങൾ കണ്ടെത്തി അതിന്റെ വിപുലമായ സ്വഭാവവും വ്യാപ്തിയും പരിശോധിക്കുക.

1970 മുതൽ അതിവേഗം വളരുന്ന നരവംശശാസ്ത്രത്തിന്റെ മേഖലകളിലൊന്നാണ് വൈദ്യനരവംശശാസ്ത്രം. ഇതിലെ സവിശേഷമായ മൂന്ന് മേഖലകളാണ് ആരോഗ്യം, അസുഖം, സംസ്കാരം എന്നിവ. ഈ മൂന്ന് ആശയങ്ങളും പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്.

ആരോഗ്യം, അസുഖം, അസ്വാസ്ഥ്യം എന്നീ ആശയങ്ങൾ (Concept of Health, Disease and illness)

നമ്മുടെ സമൂഹത്തിൽ ആരോഗ്യമെന്നതുകൊണ്ടെന്താണർഥമാക്കുന്നത്? ബലവാനായ ഒരാൾ ആരോഗ്യവാനാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ആരോഗ്യമെന്ന ആശയം എല്ലാ സമൂഹത്തിലും ഒരേപോലെയാണോ?

സൂക്ഷ്മവിശകലനത്തിൽ ഒരു സാധാരണക്കാരന്റെ ആരോഗ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമാണ് ആധുനിക വൈദ്യമേഖലയിലേതെന്ന് മനസ്സിലാവും. ഇതുപോലെ അസുഖമെന്ന കാഴ്ചപ്പാടും ഓരോ സമൂഹത്തിലും വ്യത്യസ്തമാണ്. ഒരു സാധാരണ തലവേദന, ജലദോഷം എന്നിവയുടെ കാര്യമെടുക്കുക. ഇത് വ്യക്തിയുടെ ദൈനംദിന പ്രവൃത്തികൾ ചെയ്യുന്നതിന് തടസ്സമാവുമോ? താഴെ കൊടുത്ത നിർവചനങ്ങൾ കൂടുതൽ വ്യക്തത നൽകുന്നു.

നിർവചനങ്ങൾ പരിശോധിക്കാം

- വെബ്സ്റ്റർ (1969) ആരോഗ്യത്തെ സന്തോഷകരവും ആരോഗ്യകരവും അഭിവൃദ്ധിയുള്ളതുമായ ഒരവസ്ഥ എന്നു നിർവചിക്കുന്നു.

- ഈ ആശയത്തിന് ഒരു സമ്പൂർണമായ നിർവചനം നൽകിയത് ലോകാരോഗ്യ സംഘടനയാണ് (WHO). ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥമാത്രമല്ല, സമ്പൂർണമായ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ്.

ഇതുപോലെ അസുഖമെന്ന ആശയവും സംസ്കാരത്തിനനുസരിച്ചുള്ളതാണ്. അസുഖമെന്ന(Disease) വാക്കിന് രണ്ടുഭാഗങ്ങളുണ്ട്. അ - സുഖം. (Dis-Ease) സുഖകരമല്ലാത്ത അവസ്ഥ എന്നാണിതിനർഥം. ആധുനിക വൈദ്യശാസ്ത്രത്തിൽ ഒരു വ്യക്തിയുടെ സ്വാസ്ഥ്യത്തിന് ഭംഗം വരുത്തുന്ന ശാരീരികമോ മാനസികമോ ആയതും യാഥാർഥത്തിലുള്ളതോ ഭാവനാത്മകമായതോ ആയതുമായ അവസ്ഥയാണ് അസുഖം.

ബാക്ടീരിയ, വൈറസ് തുടങ്ങി എന്തെങ്കിലും രോഗാണുക്കളുടെ ആക്രമണഫലമായുണ്ടാകുന്നതും ശാസ്ത്രീയമായി തിരിച്ചറിയാൻ കഴിയുന്നതുമായ ആരോഗ്യപ്രശ്നമാണ് അസുഖം. വസ്തുനിഷ്ഠമായി അളന്നു നിർണയിക്കാൻ കഴിയുന്ന ശരീരത്തിന്റെ അവസ്ഥയെയാണ് രോഗം എന്ന് സൂചിപ്പിക്കുന്നത്. അസ്വസ്ഥത എന്നത് ഇതിൽനിന്നു വ്യത്യസ്തമാണ്.

അസ്വാസ്ഥ്യം എന്ന അശയം

യാപ് ദ്വീപ് നിവാസികൾ വയറിനകത്തെ വിരകൾ ദഹനത്തിനാവശ്യമാണെന്ന് കരുതുന്നു (സൊണ്ടേഴ്സ് 1954). എന്നാൽ ഗ്വാട്ടിമാലയിലെ മായൻ ഇന്ത്യക്കാർ വിരയസുഖം അസ്വസ്ഥതയുണ്ടാക്കുന്നു എന്ന് കരുതുന്നെങ്കിലും ഈ വിരകൾ മലദ്വാരത്തിലൂടെ പുറത്തേക്ക് വന്നാൽ മാത്രമേ ചികിൽസ തേടാറുള്ളൂ.

ഒരു പ്രത്യേക സംസ്കാരത്തിന്റെ ഭാഗമായ വ്യക്തികൾക്ക് രോഗാവസ്ഥയെക്കുറിച്ചുണ്ടാകുന്ന തോന്നലോ കാഴ്ചപ്പാടോ ആണ് അസ്വസ്ഥത (Illness). അസുഖത്തെക്കുറിച്ചുള്ള ധാരണകൾ സാർവത്രികമാണ്. എന്നാൽ അസ്വസ്ഥത സംസ്കാരത്തിനനുസരിച്ചുള്ളതാണ്. ഒരു പ്രത്യേക സംസ്കാരവുമായി ബന്ധപ്പെട്ട വ്യക്തിയുടെ മോശമായ ആരോഗ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടോ അനുഭവമോ ആണ് അസ്വാസ്ഥ്യം. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള സംസ്കാരത്തിനനുസരിച്ചുള്ള കാഴ്ചപ്പാടുകളും അനുഭവവുമാണ് അസ്വാസ്ഥ്യം എന്ന് സൂചിപ്പിക്കുന്നത്. അസുഖത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സാർവത്രികമാണ്. എന്നാൽ അസ്വാസ്ഥ്യം സംസ്കാരബന്ധിതമാണ്. നല്ലതും മോശവുമായ ആരോഗ്യം, ആരോഗ്യത്തിനുള്ള ഭീഷണികൾ, പ്രശ്നങ്ങൾ എന്നിവ യഥാർഥത്തിൽ സൃഷ്ടിക്കപ്പെടുന്നതാണ് എന്നാണ് സംസ്കാരന്തര ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്. അതിനാലാണ് ജലദോഷം, തലവേദന എന്നിവ അസുഖമായി കണക്കാക്കാതെ, ചില സംസ്കാരങ്ങളിൽ അസ്വസ്ഥതയായി പരിഗണിക്കുന്നത്.

ഒരു പ്രത്യേക സാമൂഹികസാംസ്കാരിക സാഹചര്യത്തിലെ ജനങ്ങളുടെ അനാവശ്യ ചിന്തകൾ, വികാരങ്ങൾ, പെരുമാറ്റവൈകല്യങ്ങൾ, മനോനിലയിലെ ക്രമരാഹിത്യം തുടങ്ങിയവയെല്ലാമുൾക്കൊള്ളുന്ന ഒരു വിശാലമായ പദമാണ് അസ്വാസ്ഥ്യം. വൈദ്യനരവംശശാസ്ത്രജ്ഞർ അസ്വാസ്ഥ്യത്തെയും അസുഖത്തെയും തനതു സാംസ്കാരിക പശ്ചാത്തലത്തിൽ പഠനവിധേയമാക്കുന്നു. ഇംഗ്ലീഷ് സംസാരിക്കുന്ന ജനങ്ങൾ അസ്വസ്ഥമായ തലച്ചോർ എന്നതിനുപകരം അസുഖബാധിത തലച്ചോർ എന്നുപറയും. എന്നാൽ മാനസികാസ്വാസ്ഥ്യം എന്നാണ് അല്ലാതെ മാനസിക അസുഖമെന്നല്ല പറയാറ് (കാസ്സൽ 1979).

ധാരാളം സംസ്കാരങ്ങളിൽ അസുഖം, അസ്വാസ്ഥ്യം എന്നിവ സംബന്ധിച്ച് തനതായ കാഴ്ചപ്പാടുകളുണ്ട്. നിങ്ങളുടെ സംസ്കാരത്തിലെ അത്തരം സാംസ്കാരികാധിഷ്ഠിത കാഴ്ചപ്പാടുകൾ കണ്ടെത്തി ചർച്ചചെയ്യുക.

ഇതുപോലെ എല്ലാ സംസ്കാരങ്ങൾക്കും ആരോഗ്യം, ശുചിത്വം, അസുഖം, രോഗം ഭേദമാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യത്യസ്ത കാഴ്ചപ്പാടുകളുണ്ട്. ഇതിന്റെ സമഗ്രമായ ധാരണയ്ക്കായി ആരോഗ്യം, അസുഖം, സംസ്കാരം എന്നീ ആശയങ്ങൾ തമ്മിലുള്ള ബന്ധം പരിശോധിക്കാം.

സംസ്കാരം, ആരോഗ്യം, അസുഖം എന്നിവ തമ്മിലുള്ള ബന്ധം (Relationship between Culture Health and Disease)

ആരോഗ്യം, അസുഖം എന്നീ ആശയങ്ങൾ സംസ്കാരവുമായി പലതരത്തിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. താഴെ കൊടുത്തവ അതിൽ ചിലതാണ്.

1. സംസ്കാരം, ആരോഗ്യം, അസുഖം എന്നീ കാഴ്ചപ്പാടുകളെ സ്വാധീനിക്കുന്നു. (Culture influence perception of Health and Disease)

ഓരോ സംസ്കാരത്തിലും ആരോഗ്യം, രോഗം എന്നിവ സംബന്ധിച്ച് അതിന്റേതായ വിശദീകരണങ്ങളുണ്ടാവും. എന്താണ് ആളുകളെ രോഗിയാക്കുന്നത്? എങ്ങനെ അത് ചികിത്സിക്കും? എങ്ങനെ നല്ല ആരോഗ്യം നിലനിർത്താനാവും? ഇവ സംബന്ധിച്ച് എല്ലാ സംസ്കാരങ്ങളിലും ജനങ്ങൾ പങ്കുവയ്ക്കുന്ന ആശയങ്ങളുണ്ട്. ഒരു സമൂഹത്തിൽ ആരോഗ്യത്തെക്കുറിച്ചും അസുഖത്തെക്കുറിച്ചും നിലനിൽക്കുന്ന അറിവ് അതിന്റെ സാംസ്കാരികപൈതൃകത്തിന്റെ ഭാഗമാണ്. ഒരു സമൂഹത്തിൽ ഉരുത്തിരിഞ്ഞുവരുന്ന ചികിത്സാസമ്പ്രദായവും ഈ പാരമ്പര്യത്തിന്റെ ഭാഗംതന്നെ.

ആധുനികസമൂഹത്തിൽ ഒരാളെ അസുഖബാധിതനായി കണക്കാക്കുന്നത് രോഗാണുബാധകൊണ്ട് അയാൾക്ക് ശാരീരികമോ മാനസികമോ വൈകാരികമോ ആയ നിലയിൽ അസംതുലിതാവസ്ഥയുണ്ടാവുമ്പോഴാണ്. എന്നാൽ ചില ഗോത്ര വിഭാഗങ്ങൾക്കിടയിൽ ഒരാൾക്ക് അയാളുടെ ദൈനംദിന ജോലികൾ ചെയ്യാൻ കഴിയാത്തവിധം വയ്യാതാവുമ്പോഴാണ് അയാളെ അസുഖമുള്ളയാളായി കണക്കാക്കുന്നത്. രോഗാണുബാധയുണ്ടെങ്കിലും ഒരാൾക്ക് ദൈനംദിന ജോലികൾ ചെയ്യാൻ കഴിയുന്നുണ്ടെങ്കിൽ അസുഖമായി കണക്കാക്കുകയില്ല എന്നർഥം. ഇതുപോലെ അസുഖം, ആരോഗ്യം എന്നിവയെ സ്വാധീനിക്കുന്ന സംസ്കാരബന്ധിത ആശയങ്ങളാണ് ചൂട്, തണുപ്പ് എന്നിവ.

ചൂട്, തണുപ്പ് എന്നീ ആശയങ്ങൾ (Hot and Cold concept) : അസുഖത്തെക്കുറിച്ചുള്ള വിശ്വാസങ്ങൾ, അവയ്ക്ക് ചൂട്, തണുപ്പ് എന്നിവയുമായുള്ള ബന്ധം എന്നിവ സംസ്കാരത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നു. ചില ഗോത്ര വിഭാഗങ്ങൾ ജലദോഷം, പനി, ശ്വസനേന്ദ്രിയവ്യവസ്ഥയുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവ തണുപ്പ് അസുഖങ്ങളായും അൾസർ, പൈൽസ്, മൂത്രാശയസംബന്ധ അസുഖങ്ങൾ എന്നിവ ചൂട് അസുഖങ്ങളായും

കരുതുന്നു. ചൂട്, തണുപ്പ് എന്നീ ആശയങ്ങൾ ശരീരാവസ്ഥയുമായി ബന്ധപ്പെട്ടല്ല, ആന്തരികധാതുക്കളുടെ അവസ്ഥയുമായി ബന്ധപ്പെട്ടാണ് കണക്കാക്കുന്നത്.

ചൂട്, തണുപ്പ് എന്നീ ആശയങ്ങൾ ഭക്ഷണത്തിനും ബാധകമാണ്. ഭക്ഷണത്തിന്റെ ഭൗതിക ഘടകങ്ങളെയടിസ്ഥാനമാക്കിയല്ല ഈ വർഗീകരണം നടത്തുന്നത്. കേരളത്തിൽ ചില ജനവിഭാഗങ്ങൾക്കിടയിൽ കോഴിയിറച്ചി, ഗോതമ്പ്, മുട്ട എന്നിവ ചൂടുഭക്ഷണമായി കണക്കാക്കുമ്പോൾ പാൽ, കുരുമുളക്, തൈര്, ചായ എന്നിവ തണുപ്പുഭക്ഷണമായി കണക്കാക്കുന്നു. തായ്‌ലന്റിൽ മുട്ട തണുപ്പുഭക്ഷണമായി കരുതുമ്പോൾ ബംഗ്ളാദേശിൽ അത് ചൂടുഭക്ഷണമായി കണക്കാക്കുന്നു. ചൂട്-തണുപ്പ് വൈരുധ്യങ്ങളുടെ അടിസ്ഥാനാശയം അസുഖമൊഴിവാക്കാൻ ചൂട്, തണുപ്പ് എന്നിവയ്ക്കിടയിലെ സംതുലിതാവസ്ഥ അത്യാവശ്യമാണ് എന്നതാണ്.

നിങ്ങളുടെ സംസ്കാരത്തിൽ നിലനിൽക്കുന്ന അസുഖവുമായി ബന്ധപ്പെട്ട ചൂട്, തണുപ്പ് എന്നീ ആശയങ്ങൾ കണ്ടെത്തി ക്ലാസിൽചർച്ചചെയ്യുക.

2. സാംസ്കാരികരീതികൾ അസുഖത്തെ സ്വാധീനിക്കുന്നു (Cultural practices influence Disease)

ഒരു സമൂഹത്തിന്റെ കൂട്ടായ ജീവിതശൈലിയാണ് സംസ്കാരം. ചില പുതിയ അസുഖങ്ങൾ ജീവിതശൈലിയിലെ മാറ്റത്തിന്റെ ഫലമായുണ്ടായതാണ്. ഇവ ജീവിതശൈലീരോഗങ്ങൾ എന്നറിയപ്പെടുന്നു. കഴിഞ്ഞ നൂറ്റാണ്ടിലെ വേഗത്തിലുള്ള സാമ്പത്തിക വികാസം, ജീവിതശൈലിയുടെ വർധിക്കുന്ന പാശ്ചാത്യവൽക്കരണം തുടങ്ങിയവയുടെ ഫലമായി അമിത രക്തസമ്മർദ്ദം, പ്രമേഹം, അമിതവണ്ണം എന്നിവ ഇന്ത്യക്കാരിൽ ഭീമമാം വിധം വർദ്ധിച്ചിരിക്കുന്നു. എയ്ഡ്സ്, ലൈംഗികജന്യരോഗങ്ങൾ എന്നിവ സാംസ്കാരിക മാറ്റത്തിന്റെ ഫലമാണ്. വ്യാവസായികരാജ്യങ്ങളിൽ ഹൃദയസംബന്ധമായ അസുഖങ്ങളിൽ 22 ശതമാനവും പുകവലികാരണമാണുണ്ടാവുന്നത്. അർബുദം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയും പുകവലികൊണ്ടുണ്ടാവുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം (2002) അമിതമദ്യപാനമാണ് പുരുഷന്മാരിൽ 8 മുതൽ 18 വരെയും സ്ത്രീകളിൽ 2 മുതൽ 4 ശതമാനം വരെയും അസുഖങ്ങൾക്ക് കാരണം. വ്യവസായവൽകൃതരാജ്യങ്ങളിലെ 8 മുതൽ 15 വരെ ശതമാനം രോഗാവസ്ഥയുടെ കാരണം അമിതവണ്ണമാണ്. അതേസമയം അമിത കൊഴുപ്പ് 5 മുതൽ 12 ശതമാനം വരെ അസുഖത്തിന് കാരണമാവുന്നു.

ഇതുകൂടാതെ ശരീരം മെലിയുന്നതിനായി ഭക്ഷണം ഒഴിവാക്കുകയും അതുവഴി സൗന്ദര്യം കൂടുമെന്നു കരുതുകയും ചെയ്യുന്ന അനൊറെക്സിയ നെർവോസ (സ്വയം പട്ടിണിക്കിടൽ), മറ്റൊരാവസ്ഥയായ ബുലൈമിയ തുടങ്ങിയവയാണ് ഈയിടെയായി കണ്ടുവരുന്ന സംസ്കാരബന്ധിത അസുഖങ്ങൾ. ഭക്ഷണത്തോടുള്ള വിരക്തി, തടികൂടുതലാണെന്ന തോന്നൽ എന്നിവയാണ് അനൊറെക്സിയ നെർവോസയുടെ ലക്ഷണങ്ങൾ. ഈ അവസ്ഥ പുരോഗമിക്കുന്നതോടെ ശരീരഭാരം തീരെക്കുറഞ്ഞ്, മരണംവരെ സംഭവിക്കുന്നു.

ചില സാംസ്കാരികരീതികളും മനുഷ്യരിൽ വൈകല്യങ്ങളുണ്ടാക്കുന്നു. 'കുരു' രോഗം ഇതിനൊരുദാഹരണമാണ്. ന്യൂഗിനിയയിലെ ഫോർ എന്ന ഗോത്ര ജനതയ്ക്കിടയിലാണ് തലച്ചോറിനെ ബാധിക്കുന്ന അപൂർവവും മാരകവുമായ ഈ രോഗം കണ്ടെത്തിയത്. കുടുംബപരമായി മനുഷ്യമൃതശരീരം ഭക്ഷിക്കുന്ന ആചാരം പിന്തുടരുന്നവരാണ് ഈ രോഗത്തിന് ഇരയായത്. ഈ ഗോത്രവിഭാഗക്കാർ കുരു രോഗബാധിതനായ ആളുടെ മരണശേഷം അയാളുടെ ജീവശക്തി അവരുടെ ഗ്രാമത്തിലേക്കു തിരികെ ലഭിക്കാനായി മൃതശരീരം ഭക്ഷിക്കുന്നു. ഇതിൽ തലച്ചോറിന്റെ ഭാഗങ്ങൾ കുട്ടികളും ബന്ധുക്കളായ മുതിർന്നവരുമാണ് കഴിക്കുന്നത്. കുരു രോഗമുള്ളവരുടെ തലച്ചോറിലെ കോശങ്ങൾക്ക് രോഗസാംക്രമികത വളരെ കൂടുതലാണ്.

ന്യൂഗിനിയയുടെ ദക്ഷിണഭാഗത്തുള്ള ഫോർ എന്ന ജനവിഭാഗത്തിനിടയിൽ കാണപ്പെട്ട നാഡീബലക്ഷയ അസുഖമാണ് കുരു രോഗം. ഈ അസുഖം ബാധിക്കുന്നവർക്ക് ചിരി നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നതിനാൽ ഇതിനെ ചിരിരോഗം എന്നും വിളിക്കുന്നു. മനുഷ്യമാംസം ഭക്ഷിക്കുക എന്ന ആചാരത്തിലൂടെയാണ് ഈ ജനവിഭാഗങ്ങൾക്കിടയിൽ ഈ അസുഖം വ്യാപിച്ചത്. 1960 കളിലാണ് ഈ സാംക്രമിക രോഗം ഏറ്റവും വ്യാപകമായത്. ആദ്യം ഇതിനെക്കുറിച്ച് പഠനം നടത്തിയ പണ്ഡിതർ ഇതൊരു ജനിതക വൈകല്യമായാണ് മനസിലാക്കിയത്. ഈ സാധ്യത തള്ളിക്കളഞ്ഞശേഷം കുരു ഒരു വൈറസ് രോഗമായി കണക്കാക്കി. ഈ രണ്ട് കാഴ്ചപ്പാടുകളും തെറ്റാണെന്ന് പിന്നീട് തെളിയുകയുണ്ടായി. ഇന്ന് ഇത് ഒരു നാഡീവൈകല്യ അസുഖമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. 1961 ൽ ലിന്റൻബാഗ് എന്ന പ്രശസ്ത നരവംശ ശാസ്ത്രജ്ഞ മിഖായേൽ ആൻ പേഴ്സിനൊപ്പം ഫോർ ജനവിഭാഗങ്ങൾക്കിടയിൽ വിപുലമായ ഫീൽഡ് പഠനം നടത്തുകയുണ്ടായി. ജീവശക്തി തിരികെയെത്തിക്കുന്നതിനായി മരണപ്പെട്ടയാളുടെ ബന്ധുക്കൾ അയാളുടെ മൃതശരീരം ഭക്ഷിക്കുന്ന ആചാര രീതിയാണ് ഇവർക്കിടയിൽ ഈ അസുഖം അതിവേഗം വ്യാപിക്കാൻ കാരണമായതെന്ന് ഇവരുടെ ഗവേഷണത്തിലൂടെ മനസ്സിലായി.

ചിത്രം 4.1 വികസനജന്യരോഗങ്ങൾ

സംസ്കാരം മനുഷ്യന്റെ വികാസത്തെ ലക്ഷ്യംവയ്ക്കുന്നു എന്ന് നമുക്കറിയാം. എന്നാൽ ചില സാഹചര്യങ്ങളിൽ വികസന പ്രവർത്തനങ്ങൾ അസുഖങ്ങൾക്ക് കാരണമാവാറുണ്ട്. ഇത്തരം രോഗങ്ങൾ വികസനജന്യ രോഗങ്ങൾ (Disease of Development) എന്നറിയപ്പെടുന്നു. സാമൂഹികസാമ്പത്തിക വികാസത്തിന്റെ ഫലമായി ഉണ്ടാകുന്നതോ വർധിക്കുന്നതോ ആയ അസുഖങ്ങളാണ് വികസനത്തിന്റെ രോഗങ്ങൾ. ഈ ഗണത്തിൽപ്പെട്ട അസുഖങ്ങളാണ് മലേറിയ, ക്ഷയം

തുടങ്ങിയവ. മാരകമായ രോഗങ്ങളിലൊന്നായ മലേറിയ വേട്ടയാടലും ശേഖരണവും നിലനിന്നിരുന്ന സമൂഹങ്ങളിൽ കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. എന്നാൽ കൃഷിയുടെ വരവോടെ ജനങ്ങൾ വനപ്രദേശങ്ങൾ വെട്ടിനശിപ്പിക്കുകയും അത് കൊതുക് വളരുന്നതിനും അതുവഴി മലേറിയരോഗം വ്യാപിക്കുന്നതിനും കാരണമായി.

കൈസാനൂർ വനരോഗം (കുരങ്ങുപനി) (Kysanur Forest Disease -KFD) ആണ് മറ്റൊരു വികസനരോഗം. കർണാടകയിലെ കൈസാനൂർ എന്ന പ്രദേശത്താണ് 1957 ൽ ആദ്യമായി ഈ അസുഖം തിരിച്ചറിഞ്ഞത്. പകർച്ചപ്പനിക്ക് തുല്യമായി പെട്ടെന്നുള്ള പനി, തണുപ്പ്, തലവേദന, കഴുത്തിന്റെ വലിഞ്ഞുമുറുക്കം, ശരീരവേദന എന്നിവയാണ് ഇതിന്റെ ആദ്യലക്ഷണങ്ങൾ. വനത്തിനടുത്തുള്ള പുതുതായി കാടുവെട്ടി തയാറാക്കിയ സ്ഥലത്തിനടുത്ത് താമസിക്കുന്ന കൃഷിപ്പണിക്കാരെയും ഇടയന്മാരെയുമാണ് ഈ അസുഖം പ്രത്യേകമായി ബാധിച്ചിരുന്നത് എന്ന് അന്വേഷണങ്ങളിൽനിന്ന് മനസ്സിലായിട്ടുണ്ട്. കാട് വെട്ടിത്തെളിച്ച പ്രദേശങ്ങളിൽ അന്താരാഷ്ട്ര കമ്പനികൾ തോട്ടം കൃഷിയും കന്നുകാലിവളർത്തലും ആരംഭിച്ചു. ഇതിന്റെ ഫലമായി ഈ പ്രദേശത്ത് അസുഖം പരത്തുന്ന ചെള്ളുകൾ വ്യാപകമായി. അങ്ങനെ വനനശീകരണം, കന്നുകാലി വളർത്തൽ എന്നിവയിലൂടെ പരിസ്ഥിതിയിൽ മനുഷ്യൻ വരുത്തിയ മാറ്റം പകർച്ചവ്യാധിക്ക് കാരണമായി.

3. അസുഖങ്ങളുടെ വ്യാപനത്തെ സംസ്കാരം സ്വാധീനിക്കുന്നു (Culture Influences Distribution of Certain Diseases)

അസുഖങ്ങളുടെ വിതരണത്തെയും സംസ്കാരം ബാധിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. ഉദാഹരണമായി, 'സിക്കിൾ സെൽഅനീമിയ', തലാസീമിയ, ലാക്ടോസ് ഡിഹൈഡ്രോജനുകളുടെ അപര്യാപ്തത എന്നിവ നമ്മുടെ രാജ്യത്ത് ഗോത്രജനതയുടെ ഇടയിലാണ് കാണാൻ കഴിയുന്നത്. (എൻ. വിശ്വനാഥൻനായർ 1995, പേജ് 9 മുതൽ 20 വരെ.) എന്നാൽ ഇത്തരത്തിലുള്ള അനുഭവങ്ങൾ ജാതിസമൂഹത്തിൽ കാര്യമായി കാണാൻ കഴിയില്ല.

രക്തബന്ധുത്വവിവാഹം നിലനിൽക്കുന്ന ഗോത്രജനതയ്ക്കിടയിൽ അരിവാൾരോഗം വ്യാപകമാവുന്നതെന്തുകൊണ്ടാണെന്ന് ചർച്ചചെയ്യുക.

4. ചികിത്സാരീതിയെക്കുറിച്ചുള്ള കാഴ്ചപ്പാടിനെ സംസ്കാരം സ്വാധീനിക്കുന്നു (Culture Influences the Perception of Treatment)

രോഗചികിത്സാരീതികളും സമൂഹത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നു. ചില സംസ്കാരങ്ങളിൽ ശരീരം, മനസ്സ് എന്നിവ തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നില്ല. അതിനാൽ അത്തരം സമൂഹങ്ങളിൽ മാനസികാസ്വാസ്ഥ്യം എന്ന പ്രത്യേക വിഭാഗമില്ല. എന്നാൽ ആധുനികസമൂഹങ്ങളിൽ ശാരീരിക, മാനസിക, സാമൂഹിക ഘടകങ്ങൾക്ക് അസുഖവുമായി ബന്ധമുണ്ട്. അതുകൊണ്ടുതന്നെ ഇവയോരോന്നുമായി ബന്ധപ്പെട്ട പ്രത്യേക ചികിത്സാരീതികളും നിലവിലുണ്ട്. ഇതുകൂടാതെ ആധുനികകാലത്ത് ഓരോ ശാരീരികാവയവുമായി ബന്ധപ്പെട്ട പ്രത്യേക ചികിത്സാമേഖലകളും വളർന്നു വന്നിട്ടുണ്ട്.

അസുഖത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സംസ്കാരത്തിനനുസരിച്ച് മാറുന്നതുപോലെ വ്യത്യസ്ത സംസ്കാരങ്ങൾ വ്യത്യസ്ത ചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഓരോ സംസ്കാരത്തിലുമുള്ള ജനങ്ങൾ ഓരോതരം ചികിത്സാരീതികളാണ് പ്രയോഗിക്കാനിഷ്ടപ്പെടുന്നത്. ഇത് ഒരേസമയം ഒരു പ്രദേശത്തുതന്നെ വ്യത്യസ്ത ചികിത്സാരീതികൾ നിലനിൽക്കാൻ കാരണമാവുന്നു. ഇത് ബഹുചികിത്സാസമ്പ്രദായം എന്നറിയപ്പെടുന്നു.

ഇന്ത്യയിലെ ബഹുചികിത്സാസമ്പ്രദായം (Medical Pluralism in India)

ഒരു സമൂഹത്തിൽ ഒരേസമയം ഒന്നിലധികം ചികിത്സാരീതികൾ നിലനിൽക്കുന്ന സമ്പ്രദായമാണ് ബഹു ചികിത്സാ സമ്പ്രദായം.

ചിത്രം 4.2 മണ്ണുചികിത്സ

ഇതിൽ ഓരോ ചികിത്സാരീതിയും വ്യത്യസ്തമായ തത്ത്വങ്ങളെയും കാഴ്ചപ്പാടുകളെയും അടിസ്ഥാനമാക്കിയുള്ളവയായിരിക്കും. ഇന്ത്യയുടെ മിക്കവാറും ഭാഗങ്ങളിൽ ബഹുചികിത്സാരീതികളും ആരോഗ്യ പെരുമാറ്റക്രമവും ഒരുമിച്ച് നിലനിൽക്കുന്നു. ഇന്ത്യക്ക് സമ്പന്നമായ വൈദ്യവിജ്ഞാന പാരമ്പര്യമുണ്ട്. ആയുർവേദം, യുനാനി, സിദ്ധ തുടങ്ങിയ ക്രമീകൃത പരമ്പരാഗത ചികിത്സാരീതികൾ കൂടാതെ വംശീയവൈദ്യം, മതപരമായ രോഗശമനം, നാട്ടുവൈദ്യം എന്നിവയും ഇന്ത്യയിൽ നിലനിൽക്കുന്നു. ബഹുചികിത്സാസമ്പ്രദായം ആരോഗ്യപ്രവർത്തകർ പ്രത്യേകമായും, വിജയകരമായും കാലാനുസൃതമായും ഉപയോഗിക്കാനായി തിരഞ്ഞെടുക്കുന്ന വ്യത്യസ്തമായ ചികിത്സാരീതികൾ നിർദേശിക്കുന്നു (സ്റ്റോണർ, 1986:4). അസുഖം, ക്ലേശം തുടങ്ങിയവ തടയുന്നതിനും ഇല്ലാതാക്കുന്നതിനും പരിഹരിക്കുന്നതിനും ചികിൽസിക്കുന്നതിനും ജനങ്ങൾ സ്വീകരിക്കുന്ന മാർഗമാണ് വൈദ്യസമ്പ്രദായങ്ങൾ. ഭാരതീയ വൈദ്യസമ്പ്രദായത്തെ പലതരത്തിൽ തരംതിരിക്കാവുന്നതാണ്.

ആധുനിക വൈദ്യവും പരമ്പരാഗത വൈദ്യവും (Modern and Traditional Medical Systems)

ഇന്ത്യൻ വൈദ്യസമ്പ്രദായത്തെ അടിസ്ഥാനപരമായി രണ്ടായിതിരിക്കാം. ഒന്ന് ആധുനികവൈദ്യവും മറ്റേത് പരമ്പരാഗതവൈദ്യവുമാണ്. ആധുനികവൈദ്യം, ജൈവ വൈദ്യം, പാശ്ചാത്യവൈദ്യം കോസ്മോപോളിറ്റൻ ആരോഗ്യസംസ്കാരം, പ്രൊഫഷണൽ ആരോഗ്യസംസ്കാരം എന്നീ പേരുകളിലും അറിയപ്പെടുന്നു. ശരീരത്തിന്റെയും രോഗത്തിന്റെയും അറിവിനെ അടിസ്ഥാനമാക്കിയാണ് ആധുനിക വൈദ്യം പൂർണമായും നിലനിൽക്കുന്നത്. ഇത് ലോകമാകെ മിക്കവാറും ഏകരൂപത്തിലുള്ളവയാണ്.

ആധുനികവൈദ്യത്തെ ശാസ്ത്രവും സാങ്കേതികവിദ്യയും നേരിട്ട് സ്വാധീനിക്കുന്നു. ആധുനികവൈദ്യത്തിലെ ചികിത്സകർ ഔദ്യോഗികമായ പരിശീലനം ലഭിച്ചവരായിരിക്കും. രോഗനിർണയത്തിന് ശാസ്ത്രീയ സാങ്കേതികവിദ്യയും യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നു. ചികിത്സയ്ക്കായി രാസസംയുക്തങ്ങളുടെ ഉപയോഗം, ശസ്ത്രക്രിയ എന്നിവയെ ആശ്രയിക്കുന്നു.

പരമ്പരാഗതവൈദ്യം

ചെടികൾ, മൃഗങ്ങൾ, ധാതുക്കളെ ആസ്പദമാക്കിയുള്ള മരുന്നുകൾ, ആത്മീയചികിത്സകൾ, കായികമായ സങ്കേതങ്ങൾ, വ്യായാമങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ ആരോഗ്യപ്രവർത്തനങ്ങൾ, സമീപനങ്ങൾ, അറിവ്, വിശ്വാസം എന്നിവ ചികിത്സ രോഗനിർണ്ണയം, പ്രതിരോധം എന്നിവയ്ക്കോ സംതുലിതാവസ്ഥ നിലനിർത്തുന്നതിനോ കൂട്ടായോ, ഒറ്റയ്ക്കോ പ്രയോഗിക്കുന്നരീതി ലോകാരോഗ്യസംഘടന (W.H.O) യുടെ കണക്കനുസരിച്ച് ലോകത്തെ 80 ശതമാനം ആളുകൾ മൃഗങ്ങളെയോ സസ്യങ്ങളെയോ അടിസ്ഥാനമാക്കിയുള്ള ഔഷധങ്ങളാണ് പ്രാഥമികമായും ആശ്രയിക്കുന്നത്.

ലോകത്തിലെ വ്യത്യസ്ത സംസ്കാരങ്ങളിൽ നിലനിൽക്കുന്ന പ്രാദേശിക ചികിത്സാരീതികളെ സൂചിപ്പിക്കുന്നതിന് പാരമ്പരാഗതമായുപയോഗിക്കുന്ന പദമാണ് പാരമ്പര്യവൈദ്യം. ലോകാരോഗ്യസംഘടനയുടെ അഭിപ്രായത്തിൽ പരമ്പരാഗത വൈദ്യമെന്നത് പ്രായോഗിക അനുഭവത്തെയും നിരീക്ഷണത്തെയും പൂർണമായും ആശ്രയിച്ചിരിക്കുന്നതും തലമുറകളിലേക്ക് വാമൊഴിയായോ വരമൊഴിയായോ കൈമാറ്റം ചെയ്യപ്പെടുന്നതും മാനസികവും ശാരീരികവും സാമൂഹികവുമായ അസന്തുലിതാവസ്ഥകൾ തിരിച്ചറിയുന്നതിനോ തടയുന്നതിനോ ഇല്ലാതാക്കുന്നതിനോ ഉപയോഗിക്കുന്നതുമായ, വിശദീകരിക്കാൻ കഴിയുന്നതോ അല്ലാത്തതോ ആയ എല്ലാ അറിവിന്റെയും പ്രയോഗത്തിന്റെയും ആകെത്തുകയാണ് (ഡബ്ല്യു എച്ച് ഓ 1976).

ഇന്ത്യയിലെ പാരമ്പര്യചികിത്സാസമ്പ്രദായത്തിൽ രണ്ട് ധാരകൾ ഉൾക്കൊള്ളുന്നു. ഒന്ന് നേരിട്ട് ലഭ്യമാവുന്ന പ്രാദേശികവിഭവങ്ങളെ ആശ്രയിച്ചുള്ള പ്രാദേശിക വിശ്വാസങ്ങളും ആചാരങ്ങളുമാണ്. ഇത് ലഘു പാരമ്പര്യവൈദ്യസമ്പ്രദായം എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഗോത്രവൈദ്യം, വംശീയവൈദ്യം എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. ഈ സമ്പ്രദായത്തിൽ വൈദ്യപരമായ അറിവുകൾ ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് വാമൊഴിയായാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ഇത് മിക്കവാറും നിരക്ഷരരായ ഗോത്രജനതയാണ് ഉപയോഗിക്കുന്നത്. ഈ സമ്പ്രദായത്തിൽ മതത്തിനും മന്ത്രവാദത്തിനും ചികിത്സാരീതികളിൽ വലിയ സ്വാധീനമുണ്ട്. ഇതിലെ ചികിത്സകൻ പൊതുവെ 'ഷാമൻ' എന്ന പേരിലറിയപ്പെടുന്നു. വേരുകളും പച്ചിലകളും ഉപയോഗിക്കുന്നതിനു പുറമെ മത മന്ത്രവാദ ചടങ്ങുകളും രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്നു. വിശ്വാസങ്ങളും ആചാരങ്ങളും പരമ്പരാഗത വൈദ്യത്തിൽ പ്രധാന പങ്കുവഹിക്കുന്നു. വംശവൈദ്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ തുടർപേജുകളിൽ നൽകിയിരിക്കുന്നു.

സൈദ്ധാന്തികമായ അടിത്തറയുള്ള ആസൂത്രിത അറിവ് രണ്ടാമത്തെ ഗണമായ ബൃഹദ്പാരമ്പര്യത്തിലുൾപ്പെടുന്നു. ഈ സമ്പ്രദായത്തിൽ അറിവുകൾ വാമൊഴിയായോ വരമൊഴിയായോ കൈമാറ്റം ചെയ്യാം. ഇതിലെ ചികിത്സകർ പരമ്പരാഗത വൈദ്യന്മാരോ

പരിശീലനം നേടിയവരോ ആയിരിക്കും. രാസവസ്തുക്കൾക്കൊപ്പം മരുന്നായി പ്രകൃതി വസ്തുക്കളും ഉപയോഗിക്കുന്നു. ആയുർവേദ, സിദ്ധ, യുനാനി തുടങ്ങി ധാരാളം ചികിത്സാരീതികൾ ഇതിലുൾപ്പെടുന്നു. ഇതിനെക്കുറിച്ചുള്ള ഒരു ലഘുവിവരണം താഴെ കൊടുക്കുന്നു.



ചിത്രം 4.3 ചരകൻ

ആയുർവേദം (Ayurveda): ആയുർവേദം ഏറ്റവും പഴക്കം ചെന്ന ചികിത്സാരീതികളിലൊന്നാണ്. ഇത് വേദകാല വൈദ്യം എന്ന പേരിലും അറിയപ്പെടുന്നു. ഇത് വർഷങ്ങൾക്കുമുൻപ് ഭാരതത്തിൽ രൂപപ്പെടുകയും ഒരു പ്രധാന പരമ്പരാഗത ചികിത്സാരീതിയായി തുടരുകയും ചെയ്യുന്നു. ആയുസ്സ് എന്നർഥമുള്ള 'ആയുർ', അറിവ് എന്നർത്ഥമുള്ള 'വേദ' എന്നീ സംസ്കൃതവാക്കുകൾ ചേർന്നതാണ് ആയുർവേദം എന്ന വാക്ക്. മഹത്തായ 'ഗ്രന്ഥത്രയം' എന്നറിയപ്പെടുന്ന മൂന്ന് പുരാതന പുസ്തകങ്ങളാണ് ആയുർവേദത്തിലെ പ്രധാന ഗ്രന്ഥങ്ങൾ. അവ ചരകസംഹിത, സുശ്രുത സംഹിത, അഷ്ടാംഗഹൃദയം എന്നിവയാണ്. ആയുർവേദ ശാസ്ത്രത്തിന്റെ അടിസ്ഥാനം ത്രിദോഷസിദ്ധാന്തമാണ്. ആയുർവേദചികിത്സയുടെ മൗലിക തത്ത്വങ്ങളാണിവ. വാതം, പിത്തം, കഫം എന്നിവയാണ് ത്രിദോഷങ്ങൾ. ഇവ ശരിയായ അനുപാതത്തിലാണെങ്കിൽ വ്യക്തി സമ്പൂർണ ആരോഗ്യവാനായിരിക്കും. ധന്വന്തരി, ചരകൻ, സുശ്രുതൻ തുടങ്ങി നിരവധി പ്രധാന ആചാര്യന്മാർ ആയുർവേദത്തിന്റെ പ്രചാരണത്തിനായി സംഭാവനചെയ്തിട്ടുണ്ട്. സമ്പൂർണ ആരോഗ്യം സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ആയുർവേദമരുന്നുകളുപയോഗി ക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും. അതിനാൽ ആയുർവേദം ദിർഘായുസ്സിന്റെ ശാസ്ത്രം എന്ന പേരിലും അറിയപ്പെടുന്നു.



ചിത്രം 4.4 സാമുവൽ ഹാനിമാൻ

ഹോമിയോപ്പതി (Homeopathy): ഹോമിയോപ്പതി എന്ന ചികിൽസാ സമ്പ്രദായം ആദ്യമായി മുന്നോട്ടുവച്ചത് ജർമൻ ഭിഷഗ്വരനായ സാമുവൽ ഹനിമാനാണ്. 'സദൃശം സദൃശത്തെ സുഖപ്പെടുത്തുന്നു' എന്ന വാചകത്തിൽ ഇതിന്റെ അടിസ്ഥാന ആശയം ഉൾപ്പെടുന്നു. പരിഹാരനിർദേശത്തിന് രോഗലക്ഷണങ്ങൾ കൂടാതെ രോഗിയുടെ ശാരീരികവും മാനസികവുമായ അവസ്ഥയും ഹോമിയോപ്പതിയിൽ പരിശോധിക്കുന്നു. മരുന്നിന്റെ ചെറുമാത്രകൾ ഉപയോഗിച്ച് ശരീരത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുക എന്നതാണ് ഹോമിയോപ്പതിയുടെ അടിസ്ഥാനതത്ത്വം. ഈ സമ്പ്രദായത്തിൽ ചികിത്സകൻ വളരെയേറെ നേർപ്പിച്ചെടുത്ത മരുന്നു മാത്രകളാണുപയോഗിക്കുന്നത്. തിരഞ്ഞെടുത്ത ഒരു ഘടകം സ്വേദിതജലത്തിലോ ആൽക്കഹോളിലോ തുടർച്ചയായി നേർപ്പിച്ചെടുത്ത്, ശക്തിയായ സമ്മർദ്ദത്തിന് വിധേയമാക്കുന്ന

പ്രക്രിയയിലൂടെ കടത്തിവിട്ടാണ് ഈ സമ്പ്രദായത്തിൽ മരുന്നുകൾ ഉണ്ടാക്കുന്നത്. ഈ പ്രക്രിയയെ സക്സഷൻ (Succession) എന്ന് വിളിക്കുന്നു.

യുനാനി (Unani) : പുരാതന ഗ്രീക്കിലെ ഹിപ്പോക്രാറ്റസിന്റെയും ഗാലന്റെയും വൈദ്യ ആശയങ്ങളെ അടിസ്ഥാനമാക്കി വികസിച്ച ടിബ്ബ് എന്ന പേരിലറിയപ്പെടുന്ന ചികിത്സാരീതിയാണ് ഇത്. ആദ്യകാല ഇസ്ലാമിക കാലഘട്ടത്തിൽ രൂപപ്പെട്ട ഗ്രീക്ക് ചികിത്സാരീതിയാണ് യുനാനി. ഹിപ്പോക്രാറ്റസ് ഇതിന്റെ പിതാവായി അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ പ്രബോധനങ്ങളെ അടിസ്ഥാനമാക്കിയാണ് യുനാനിവൈദ്യത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂട് രൂപപ്പെട്ടിട്ടുള്ളത്. ഗ്രീക്ക് ധാതുസിദ്ധാന്തങ്ങളെ (Humoral Thcory) യാണ് യുനാനി വൈദ്യം അടിസ്ഥാനമാക്കിയിരിക്കുന്നത്. ഇത് ശരീരത്തിൽ ദം (രക്തം), ബാൽഗം (കഫം), സഫ്ര (പിത്തം), സൗദ (വാതം) എന്നീ നാലു ധാതുക്കളുണ്ടെന്ന് അംഗീകരിക്കുന്നു. ഈ ധാതുക്കളുടെ ആപേക്ഷിക അനുപാതം ഒരു വ്യക്തിയുടെ ആരോഗ്യത്തെ നിർണയിക്കുന്നു. ഈ ധാതുക്കളുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതിൽ പരിസ്ഥിതി പ്രധാന പങ്കുവഹിക്കുന്നു. യുനാനി വൈദ്യപ്രകാരം അസുഖമെന്നത് ഒരു സ്വാഭാവികപ്രക്രിയയും, അതിന്റെ ലക്ഷണങ്ങൾ ശരീരത്തിന്റെ അസുഖത്തോടുള്ള പ്രതികരണത്തിന്റെ സൂചനയുമാണ്. യുനാനി ചികിത്സകന്റെ പ്രാഥമികധർമ്മം ശരീരത്തിന്റെ സ്വാഭാവികമായ ശക്തി വളർത്തലാണ്. ഇന്ത്യയിൽ അറബികൾ യുനാനിസമ്പ്രദായം പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു.



ചിത്രം 4.5 ഹിപ്പോക്രാറ്റസ്

സിദ്ധ (Siddha) : ദക്ഷിണേന്ത്യയിൽ വികസിച്ച ചികിത്സാരീതികളിൽ വളരെ പഴക്കം ചെന്നവയിലൊന്നാണ് സിദ്ധവൈദ്യസമ്പ്രദായം. സിദ്ധ എന്ന പദത്തിനർഥം നേട്ടം എന്നാണ്. മരുന്നുകളുടെ കാര്യത്തിൽ നേട്ടങ്ങൾ കൈവരിച്ചവരാണ് സിദ്ധന്മാർ. അവർക്ക് ശരീരത്തെ മനസ്സിലാക്കാനുള്ള അസാമാന്യശേഷിയുണ്ട്. പതിനെട്ട് സിദ്ധന്മാരാണ് ഈ സമ്പ്രദായത്തെ വികസിപ്പിച്ചതെന്ന് കരുതുന്നു. സിദ്ധവൈദ്യസാഹിത്യം തമിഴിലാണ്. ഈ സമ്പ്രദായം കൂടുതലായി ഉപയോഗിക്കപ്പെടുന്നത് തമിഴ് സംസാരിക്കുന്ന ഇന്ത്യയിലെയും വിദേശത്തെയും പ്രദേശങ്ങളിലാണ്. ഈ സമ്പ്രദായത്തിൽ ധാതുക്കളും, ലോഹങ്ങളുമാണ് കൂടുതലായും ചികിത്സയ്ക്കുള്ള മരുന്നായി ഉപയോഗിക്കുന്നത്.

പ്രകൃതിചികിത്സ (Naturopathy): ഇത് പ്രത്യേകമായ ഒരു പ്രാഥമിക ചികിത്സാരീതിയാണ്. ചികിത്സാരീതികളിലൂടെയും വസ്തുക്കളിലൂടെയും അസുഖത്തിന്റെ പ്രതിരോധം, പ്രതിവിധി എന്നിവയ്ക്കും പരമമായ ആരോഗ്യത്തിനും പ്രകൃതിചികിത്സ പ്രാധാന്യം നൽകുന്നു. ഇതിലുപയോഗിക്കുന്ന ഘടകങ്ങൾ വ്യക്തിയുടെ ജന്മസിദ്ധമായ പ്രതിരോധശേഷിയെയും സ്വയം രോഗത്തെ സുഖപ്പെടുത്താനുള്ള ശരീരത്തിന്റെ കഴിവിനെയും പരിപോഷിപ്പിക്കുന്നു. ഗാന്ധിജി സ്വന്തം ജീവിതത്തിൽ പ്രയോഗിച്ചുകൊണ്ട്, ഈ സമ്പ്രദായത്തെ ജനകീയമാക്കി. പ്രകൃതിയോട് സമരസപ്പെട്ടുജീവിക്കുക എന്നതാണ്

ഈ ചികിത്സാസമ്പ്രദായത്തിന്റെ അടിസ്ഥാന തത്ത്വം. ഈ സമ്പ്രദായത്തിൽ ഭക്ഷണത്തെ തന്നെ മരുന്നായി കണക്കാക്കുന്നു. ചികിത്സയുടെ ഭാഗമായി വിഷപദാർത്ഥങ്ങളെ ശരീരത്തിൽനിന്ന് ഇല്ലാതാക്കിക്കളയുന്നു. സൂര്യസ്നാനം, മണ്ണുചികിത്സ, ധ്യാനം തുടങ്ങിയവ ഈ രീതിയിലെ ചില ചികിത്സാരീതികളാണ്.

യോഗ (Yoga): വ്യക്തിയുടെ ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ തലങ്ങളിൽ ആരോഗ്യവും സംതുലിതാവസ്ഥയും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയ ആദ്യകാല പഠനശാഖയാണിത്. ഈ സമ്പ്രദായത്തിൽ ശ്വസന നിയന്ത്രണം, ആസനങ്ങൾ, ധ്യാനം എന്നിവയാണ് ചികിത്സയ്ക്കായി നിർദേശിക്കുന്നത്. ഇത് നാഡീവ്യവസ്ഥയെ ശാന്തമാക്കുന്നതായി വിശ്വസിക്കപ്പെടുന്നു. ഊർജരേഖകളെ തുറന്നുകൊണ്ടും പ്രാണനെ പ്രവഹിപ്പിച്ചു കൊണ്ടുമാണ് ഈ സമ്പ്രദായത്തിലൂടെ അസുഖത്തെ പ്രതിരോധിക്കുന്നത്. രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും ഏകാഗ്രത, ഉറക്കം, ദഹനം എന്നിവ വർധിപ്പിക്കുന്നതിനും യോഗ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

പരമ്പരാഗത ചികിത്സാസമ്പ്രദായത്തിന്റെ വ്യത്യസ്ത പ്രവർത്തനരീതികൾ വിശദീകരിച്ചുകൊണ്ട് മേൽ കൊടുത്ത വിവരണം കൂടുതൽ വിപുലപ്പെടുത്താൻ കഴിയും. മേൽ വിവരിച്ച ചികിത്സാസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക ചികിത്സകരെ ബന്ധപ്പെട്ട് അതിൽ പറയുന്ന രോഗകാരണങ്ങൾ, ചികിത്സാ പദ്ധതികൾ, മരുന്നുസമ്പ്രദായം, പ്രതിരോധമാർഗങ്ങൾ എന്നിവ മനസ്സിലാക്കുക. ഇവ ഓരോന്നിനെയും സംബന്ധിച്ച് ലഘുലേഖ തയാറാക്കുക.

അമേരിക്കൻ വൈദ്യനരവംശശാസ്ത്രജ്ഞനായ ഫാബ്രിഗാ (1972) വൈദ്യ നരവംശശാസ്ത്രത്തിന്റെ രണ്ട് പ്രധാന മേഖലകൾ നിർദേശിക്കുന്നു. ഒന്ന് വംശവൈദ്യവുമായും മറ്റേത്, ജൈവവൈദ്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. ആരോഗ്യം, അസുഖം എന്നിവ പാശ്ചാത്യ ശാസ്ത്രീയ ആരോഗ്യ അറിവുമായി ബന്ധപ്പെട്ട് മനസ്സിലാക്കുന്നതിനെയാണ് ജൈവവൈദ്യം എന്നുവിളിക്കുന്നത്. ഒരു മനുഷ്യ വംശത്തിന്റെ എല്ലാ ആരോഗ്യ പരിരക്ഷണസ്വഭാവവും ഉൾക്കൊള്ളുന്നതാണ് വംശവൈദ്യം. ചെടികളുടെ ഉപയോഗം, ആത്മീയത, സ്വഭാവിക പരിതസ്ഥിതി എന്നിവയെല്ലാം ചേരുന്ന സങ്കീർണവും ബഹുപഠന മേഖല ഉൾക്കൊള്ളുന്നതുമായ പ്രവർത്തനമാണ് വംശവൈദ്യം.

വംശവൈദ്യം (Ethnomedicine)

1960 ൽ വംശീയവൈദ്യം എന്ന പദം ആദ്യമായി ഉപയോഗിക്കപ്പെട്ടപ്പോൾ പാശ്ചാത്യേതര ചികിത്സാസമ്പ്രദായം എന്ന് മാത്രമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. ഇപ്പോൾ ഒഴിവാക്കപ്പെട്ടതും പ്രാകൃതവൈദ്യം എന്ന മുൻപ് ഉപയോഗിച്ചതുമായ വാക്കിനു തുല്യമായാണ് അക്കാലത്ത് ഈ വാക്ക് ഉപയോഗിച്ചിരുന്നത്. യാഥാർഥത്തിൽ ജൈവവൈദ്യമുൾപ്പെടെ എല്ലാ ചികിത്സാരീതികളും വംശീയവൈദ്യമാണ്. കാരണം അവയെല്ലാം പ്രത്യേകമായ സാമൂഹ്യ, സാംസ്കാരിക ചരിത്രപരമായ അടിസ്ഥാന മുള്ളതാണെന്ന് മാത്രമല്ല, സാംസ്കാരികമായി നിർമ്മിക്കപ്പെട്ടതുമാണ്. ആധുനിക ചികിത്സാസമ്പ്രദായത്തിന്റെ

ആശയചട്ടക്കൂടിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടില്ലാത്തതും തദ്ദേശീയ സാംസ്കാരിക വികാസത്തിന്റെ ഉൽപ്പന്നവുമായ രോഗവുമായി ബന്ധപ്പെട്ട വിശ്വസങ്ങളെയും ആചാരങ്ങളെയും പരാമർശിക്കുന്നതിനാണ് വംശീയവൈദ്യം എന്ന പദം മിക്കവാറും ഉപയോഗിക്കുന്നത്. ഈ സമ്പ്രദായം ആദിവാസിവൈദ്യം, തദ്ദേശീയ ചികിത്സാരീതി, ജനകീയ ചികിത്സാരീതി, ജനകീയ ആരോഗ്യസംസ്കാരം എന്നിങ്ങനെ വ്യത്യസ്ത രീതികളിൽ അറിയപ്പെടാറുണ്ട്. ഈ സമ്പ്രദായത്തിൽ രോഗകാരണങ്ങൾ, രോഗനിർണയം, ചികിത്സ, രോഗപ്രതിരോധം എന്നിവയെല്ലാം വിശ്വാസങ്ങളും ആചാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

രോഗകാരണങ്ങൾ (Causes of Disease) : രോഗകാരണങ്ങൾ നിർണയിക്കുന്നത് അസുഖബാധിതരും അവരുടെ ചുറ്റുപാടുകളും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ്. പോൾഗാർ (1962) അസുഖത്തിന് യാന്ത്രികവും വൈകാരികവും അതേപോലെ, മതപരവും മന്ത്രവാദപരവുമായ കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഗ്ലിക്ക് (1967) രോഗകാരണങ്ങളിൽ മതപരമായ കാര്യങ്ങൾക്കും, ദുഷ്ടശക്തികൾക്കും പ്രാധാന്യം നൽകുന്നു. വംശീയവൈദ്യത്തിലെ അസുഖ കാരണങ്ങളെ പൊതുവായി പ്രകൃതിപരം അല്ലെങ്കിൽ ഭൗതികം എന്നും വ്യക്തിപരം അല്ലെങ്കിൽ പ്രകൃത്യതീതപരം എന്നും തരംതിരിച്ചിരിക്കുന്നു.

ഭൗതികകാരണങ്ങളിൽ (Physical Causes) ശാരീരിക അശുദ്ധി, ആചാര അശുദ്ധി, ഉചിതമല്ലാത്ത കാലാവസ്ഥ, ഉചിതമല്ലാത്ത ഭക്ഷണം എന്നിവ ഉൾപ്പെടുന്നു.

ശാരീരിക അശുദ്ധി (Physical Impurity): ഒരാൾ ബന്ധം പുലർത്താൻ പാടില്ലാത്ത ആളുകളുമായോ അശുദ്ധിയുള്ള ആളുകളുമായോ സമ്പർക്കം പുലർത്തിയാൽ അയാൾ ശാരീരിക അശുദ്ധിയുള്ളയാളാകും എന്നതാണ് വംശവൈദ്യ വിശ്വാസം. ഉദാഹരണമായി ഉയർന്നത് എന്നു കരുതപ്പെടുന്ന ജാതിയിൽ പെട്ട ഒരാൾ താഴ്ന്നതായി കരുതപ്പെടുന്ന ജാതിയിൽപ്പെട്ടവരുമായി ശാരീരികമായോ ഭൗതികമായോ സമ്പർക്കം പുലർത്തുന്നത് അശുദ്ധിക്ക് കാരണമാകും എന്ന് കണക്കാക്കപ്പെട്ടു.

ആചാരപരമായ അശുദ്ധി (Ritual Impurity) : ഒരു വ്യക്തി തന്റെ അടുത്ത ബന്ധുവിന്റെ മരണം, പ്രസവം തുടങ്ങിയ ജീവിതചക്ര ചടങ്ങുകളുമായി ബന്ധപ്പെട്ട സമയങ്ങളിൽ ആചാരപരമായ അശുദ്ധിയിലാവുന്നു . ഇക്കാലയളവിൽ ഇവർ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കാൻ പാടില്ല. ഈ നിയന്ത്രണം ലംഘിക്കുന്നവർ അസുഖബാധിതരാവും എന്ന് ചിലർ വിശ്വസിക്കുന്നു.

അനുചിത കാലാവസ്ഥ (Improper Weather): കാലാവസ്ഥാരീതിയിൽ വരുന്ന മാറ്റത്തിന്റെ ഫലമായുണ്ടാകുന്ന അസുഖങ്ങളാണിതിൽപ്പെടുന്നത്. അതികഠിനമായ തണുപ്പും ചൂടും ഇത്തരത്തിൽ രോഗങ്ങളുണ്ടാക്കുന്നു.

അനുചിത ഭക്ഷണം (Improper Food): ശരിയല്ലാത്ത രീതിയിലുള്ള ഭക്ഷണ ഉപയോഗമാണിതിൽ പെടുന്നത്. ചൂടുകാലത്ത് ചൂടുഭക്ഷണം കഴിക്കുന്നതും തണുപ്പുകാലത്ത് തണുപ്പു ഭക്ഷണം കഴിക്കുന്നതും അസുഖകാരണമാകുന്നു. കൂടാതെ ഇടവിട്ടിടവിട്ട് ചൂട്, തണുപ്പ് എന്നിവയുള്ള ഭക്ഷണം കഴിക്കുന്നതും അസുഖമുണ്ടാക്കും

എന്ന് വിശ്വസിക്കപ്പെടുന്നു. ചില ആഹാരവസ്തുക്കൾ അനുയോജ്യമായവയും മറ്റുചിലവ വിരുദ്ധവുമാണെന്ന ധാരണയുമുണ്ട്.

പ്രകൃത്യതീത കാരണങ്ങളിൽ (Supernatural causes) : ദൈവകോപം, പ്രേതബാധ, കരിങ്കണ്ണ്, മുജ്ജന്മപാപം എന്നിവയിലുള്ള വിശ്വാസങ്ങളുൾപ്പെടുന്നു.

ദൈവകോപം (Anger of God) : തെറ്റുചെയ്യുന്നവരെ ദൈവം ശിക്ഷിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. ഇത്തരത്തിൽ ദൈവകോപത്തിന്റെ ഫലമായുള്ള ശിക്ഷയാണ് ചില അസുഖങ്ങൾ എന്നതാണ് വിശ്വാസം. വസൂരി, കോളറ തുടങ്ങിയവ ദൈവകോപത്തിന്റെ ഫലമായുണ്ടാവുന്ന അസുഖങ്ങളായി കണക്കാക്കപ്പെട്ടിരുന്നു.

കണ്ണേറ് (Evil Eye) : ചില വ്യക്തികളുടെ നോട്ടത്തിന് പ്രത്യേകമായ ചില ശക്തികളുണ്ടെന്ന് ആളുകൾ കരുതുന്നു. ഇതുവഴി അവർക്ക് കുട്ടികൾ, കെട്ടിടങ്ങൾ, മറ്റ് സ്വത്തുക്കൾ എന്നിവയ്ക്ക് നാശമുണ്ടാക്കാമെന്നാണവരുടെ വിശ്വാസം.

പ്രേതബാധ (Evil Spirit) : വേണ്ടരീതിയിൽ അംഗീകരിക്കപ്പെടാതിരിക്കുകയോ പെട്ടെന്ന് മറന്നുപോവുകയോ ചെയ്താൽ പ്രേതാത്മാക്കൾ അസുഖങ്ങളുണ്ടാക്കുമെന്ന് ചിലർ വിശ്വസിക്കുന്നു.

മുജ്ജന്മപാപം (Sin of Previous life) : ചിലർ പുനർജന്മത്തിൽ വിശ്വസിക്കുന്നു. കഴിഞ്ഞജന്മത്തിലെ പാപത്തിന്റെ ഫലമാണ് ഈ ജന്മത്തിലെ അസുഖങ്ങൾ എന്നാണ് അത്തരം വിശ്വാസികൾ കരുതുന്നത്. അന്ധത, കുഷ്ഠം തുടങ്ങിയ അസുഖങ്ങൾ ഇത്തരം രോഗങ്ങൾക്കുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇന്ത്യയിലെ ബഹുചികിത്സാസമ്പ്രദായം, വംശവൈദ്യത്തിലെ രോഗകാരണങ്ങൾ എന്നിവ കാണിക്കുന്ന ചാർട്ട് തയാറാക്കുക.

ചികിത്സകർ (Practitioners)

വിവിധ രോഗങ്ങൾ ഭേദമാക്കുന്ന പ്രക്രിയകൾ യാഥാർഥത്തിൽ നടത്തി പരിചയമുള്ള ആളുകളാണ് വംശീയവൈദ്യത്തിലെ ചികിത്സകർ. ഇത്തരം രോഗ ചികിത്സയിൽ പ്രത്യേകം പരിജ്ഞാനം നേടിയവരെ 'ഷാമൻ' എന്ന് വിളിക്കുന്നു. ഇതിൽ പച്ചമരുന്നുചികിത്സകർ, ജ്യോതിഷികൾ, പ്രസവശുശ്രൂഷകർ, വിഷഹാരികൾ, എല്ലുരോഗ ചികിത്സകർ തുടങ്ങിയവരുൾപ്പെടുന്നു.

ചിത്രം 4.6 വ്യത്യസ്ത ചികിത്സാസമ്പ്രദായങ്ങളിലെ ചികിത്സകർ

രോഗനിർണയം (Diagnosis) : വേദന തോന്നുകയും രോഗി ചികിത്സ തേടുകയും ചെയ്യുന്ന ഘട്ടത്തിൽ ആദ്യം ചെയ്യുന്നത് രോഗനിർണയമാണ്. എന്താണ് യഥാർഥ പ്രശ്നമെന്നും എന്ത് ചികിത്സയാണ് നൽകേണ്ടതെന്നും തീരുമാനിക്കുന്ന പ്രക്രിയയാണിത്. എങ്ങനെയാണ് ഒരു ഡോക്ടർ രോഗനിർണയം നടത്തുന്നത്? ഇതിന് അദ്ദേഹം പല രീതിയിലുള്ള പ്രക്രിയകൾ നടത്തുന്നതു കാണാം. വംശീയവൈദ്യത്തിൽ ഇത് വളരെ വ്യത്യസ്തമാണ്. ഭാവിപ്രവചനം പോലെ മത, മന്ത്രവാദപരമായ സങ്കേതങ്ങളാണിതിൽ ഉൾപ്പെടുന്നത്. പ്രകൃത്യതീത കഴിവോ, രോഗലക്ഷങ്ങളെക്കുറിച്ചുള്ള വിശദവിവരം മനസ്സിലാക്കലോ ആണ് ഇതിൽ പ്രധാനം. കണ്ണ്, മുഖം, നാഡിമിടിപ്പ് എന്നിവയുടെ പരിശോധനയിലൂടെയും രോഗം നിർണയിക്കുന്നു. നല്ല ഒരു 'ഷാമന്' നാഡിമിടിപ്പുകൾ തിരിച്ചറിയാനുള്ള ശേഷിയുണ്ടായിരിക്കും.

രോഗചികിത്സ (Treatment of illness)

ഇതിൽ മത മന്ത്രവാദ, രാസപദാർഥങ്ങളുപയോഗിച്ചുള്ള രീതികൾ പ്രയോഗിക്കുന്നു. വേഗത്തിലുള്ള രോഗശാന്തി ലക്ഷ്യമിട്ട് ഒന്നിലധികം ചികിത്സാരീതികൾ യഥാക്രമം പ്രയോഗിക്കുന്നു. രാസപദാർഥങ്ങളും പച്ചിലകളും ഉപയോഗിക്കുമ്പോൾ തന്നെ മത മന്ത്രവാദ രീതികളും പ്രയോഗിക്കുന്നു.

അട്ടപ്പാടിയിലെ ഇരുളരുടെ വംശീയവൈദ്യം എന്ന പ്രബന്ധത്തിൽ പി. ആർ. ജി. മാത്തൂർ ഇരുള ഗോത്രവിഭാഗത്തിന്റെ ചില ചികിത്സാവിധികൾ വിവരിക്കുന്നു.		
രോഗത്തിന്റെ പേര്	**പ്രാദേശിക പേര്**	**ചികിത്സ**
തലവേദന	തലവെട്ട്	1. നികിതക്കൊടി തല സിത്തരിയുടെ ഉണങ്ങാത്ത ഇലയോ കമ്പോ പിഴിഞ്ഞ് ചാറെടുത്ത് മൂക്കിലുറ്റിക്കുക. 2. മുക്കുറ്റിക്കൊടിയുടെ തളിരിലയുടെ നീരെടുത്ത് നെറ്റിയിൽ പുരട്ടുക. 3. പുളിയുടെ കുഴമ്പ് ഒരുമണിക്കൂർ നേരം നെറ്റിയിൽ പുരട്ടുക.
പനിയും തലവേദനയും	കച്ചേലു തലവെട്ട്	1. കുറുന്തോട്ടിയുടെ വേരും ഇലയും ഇടിച്ചു കലക്കി കുളിക്കുന്നതിനുമുൻപ് തലയിൽ പുരട്ടുക. 2. കൊളിജിരകം, ചെറുകാന്താരി, ഉണങ്ങിയ പുളി എന്നിവ ചേർത്ത് തയാറാക്കുന്ന മിശ്രിതം കഴിക്കുക.
ചെവിവേദന	കാതുകുത്തൽ	1. പിനാകി ചെടിയുടെ വേര് അരച്ച് ഉപ്പ് ചേർത്ത് ചൂടുവെള്ളത്തിൽ കലക്കി വൃത്തിയുള്ള തുണിയിൽ അരിച്ചെടുത്ത ലായനി ചെവിയിലുറ്റിക്കുക.
അവലംബം- ആന്ത്രോപോളജി ഓഫ് ട്രൈബൽ ഹെൽത്ത് ആൻഡ് മെഡിസിൻ ഇൻ ഫോറസ്റ്റ് എൻവയൺമെന്റ്-എൻ. വിശ്വനാഥൻനായർ എഡിറ്റ് ചെയ്തത് (1995)		

വംശീയവൈദ്യത്തിൽ ചികിത്സകൾ നിർണയിക്കപ്പെടുന്നത് രോഗകാരണങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇതിൽ മന്ത്രവാദം, പ്രാർഥന, നേർച്ച തുടങ്ങിയ മത മന്ത്രവാദ പരമായ രീതികളും അസറി യോജിപ്പിക്കൽ പോലുള്ള യാന്ത്രിക രീതികളും പച്ചിലകൾ, വേരുകൾ, കിഴങ്ങുകൾ തുടങ്ങിയ മറ്റു മരുന്നുകളുപയോഗിച്ചുള്ള രീതികളും ഉപയോഗിക്കുന്നു.

നിങ്ങളുടെ പ്രദേശത്ത് ലഭ്യമാവുന്ന പച്ചമരുന്നുകളുടെ വിവരം ശേഖരിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക. നിങ്ങളുടെ വിദ്യാലയത്തിലോ വീട്ടിലോ ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ച് ഒരു ഔഷധോദ്യാനം നിർമ്മിക്കുകയും ചെയ്യാം.

പ്രതിരോധമാർഗങ്ങൾ (Preventive measures)

ജൈവ വൈദ്യസമ്പ്രദായത്തിൽ ഉപയോഗിക്കുന്ന രോഗപ്രതിരോധരീതികൾ നിങ്ങൾക്കറിയാമല്ലോ. പിള്ളവാതം, ബി.സി.ജി, മഞ്ഞപ്പിത്തം, റൂബെല്ല തുടങ്ങിയവയ്ക്കെടുക്കുന്ന കുത്തിവെപ്പുകൾ ഇത്തരത്തിലുള്ള ചില പ്രതിരോധരീതികളാണ്. വംശീയ വൈദ്യത്തിൽ ഇത്തരം രോഗപ്രതിരോധരീതികൾ ഉപയോഗിക്കുന്നുണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നമുക്ക് ചർച്ചചെയ്യാം.

നിങ്ങളുടെ പ്രദേശത്ത് നിലവിലുള്ള കർക്കടകക്കഞ്ഞി, പേറ്റുമരുന്ന് തുടങ്ങിയ രോഗപ്രതിരോധ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

ചിത്രം 4.7 ഉഴിച്ചിൽ

പ്രതിരോധമാണ് പ്രതിവിധിയേക്കാൾ മെച്ചം എന്ന് കണക്കാക്കുന്നതിനാൽ വംശീയ വൈദ്യത്തിലും പല രോഗപ്രതിരോധരീതികളും നിലവിലുണ്ട്. ആവിക്കുളി, എണ്ണക്കുളി, ഉഴിച്ചിൽ, മണ്ണ് പുരട്ടിയുള്ള കുളി, മത മന്ത്രവാദ പ്രവർത്തനങ്ങൾ എന്നിവയെല്ലാം രോഗപ്രതിരോധത്തിനായി ഉപയോഗിക്കുന്നു. ആരോഗ്യം നിലനിർത്തുന്നതിനും ഉത്തേജിപ്പിക്കുന്നതിനും കാലാനുസൃതമായ ഭക്ഷണരീതികൾ സ്വീകരിക്കാറുണ്ട്. കേരളത്തിൽ പ്രസവാനന്തരപ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ പേറ്റുമരുന്ന് ഉണ്ടാക്കി കഴിക്കാറുണ്ട്. ഇതോടൊപ്പം പ്രാർഥന, പ്രകൃത്യതീതശക്തികൾക്കുള്ള നേർച്ച, ഏലസ്സുകെട്ടൽ എന്നിവയും രോഗപ്രതിരോധത്തിനായി ചിലർ ഉപയോഗിക്കുന്നു.

മേൽക്കൊടുത്ത ചർച്ച അടിസ്ഥാനമാക്കി ജൈവവൈദ്യത്തെയും വംശീയ വൈദ്യത്തെയും താരതമ്യപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.

വൈദ്യനരവംശസ്ത്രത്തിന്റെ സവിശേഷ മേഖലകൾ (Special Areas of Medical Anthropology)

ഓരോ വൈദ്യസമ്പ്രദായത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. വൈദ്യസമ്പ്രദായങ്ങളുടെ ഏകീകരണത്തിനായുള്ള നിർദേശങ്ങൾ

ഉയർന്നുവരുന്നുണ്ടെങ്കിലും ചില വൈദ്യരീതികളുടെ സാധുതയെയും പ്രാധാന്യത്തെയും കുറിച്ച് തർക്കങ്ങൾ ഉയർന്നുവരാറുമുണ്ട്. പലപ്പോഴും ഒരു ആധിപത്യപരമായ പൊതുബോധത്തിന്റെയടിസ്ഥാനത്തിലാണ് ഇതിൽ സമവായമുണ്ടാവാറുള്ളത്. ഇത് സ്വാഭാവികമായും വൈദ്യനരവംശശാസ്ത്രത്തിന്റെ വ്യത്യസ്തങ്ങളായ ഗതി രൂപപ്പെടാൻ കാരണമായി. ഇത്തരത്തിലുള്ള രണ്ട് വൈദ്യനരവംശശാസ്ത്ര കാഴ്ചപ്പാടുകളാണ് വിമർശനാത്മക വൈദ്യനരവംശശാസ്ത്രം, ചികിത്സാത്മക വൈദ്യനരവംശശാസ്ത്രം എന്നിവ.

വിമർശനാത്മക വൈദ്യനരവംശശാസ്ത്രം (Critical Medical Anthropology)

വിമർശനാത്മക വൈദ്യനരവംശശാസ്ത്രം ആരോഗ്യത്തെ സംബന്ധിച്ച് തികച്ചും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്നു ആരോഗ്യരക്ഷാ സംവിധാനത്തിന്റെ ആശയ സംഹിതയും പ്രബലമായ ആശയ-സാമൂഹികക്രമങ്ങളും തമ്മിൽ അധീശത്വപരമായ ഒരു ബന്ധം നിലനിൽക്കുന്നു എന്ന് ഇത് കരുതുന്നു. ഒരു പ്രത്യേക പ്രശ്നത്തെ വൈദ്യപരമായി കണക്കാക്കി അതിന് ചികിത്സ ആവശ്യമാണ് എന്ന് തീരുമാനിക്കുന്ന രീതിയെ ഇത് വിമർശനാത്മകമായി പരിശോധിക്കുന്നു. യഥാർത്ഥത്തിൽ ഈ പ്രശ്നം സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയപരമോ ആയിരിക്കും. ഉദാഹരണമായി തൊണ്ടമുഴ പോലെയുള്ള ചില അസുഖങ്ങൾ വരാതിരിക്കാൻ അയോഡിൻ ചേർത്ത ഉപ്പ് കഴിക്കണമെന്ന് ഡോക്ടർമാർ നിർദേശിക്കാറുണ്ട്. പക്ഷേ കടൽവിഭവങ്ങൾ ധാരാളമായി ഭക്ഷിക്കുന്നവർക്ക് ഇത്തരത്തിൽ അയോഡൈസ്ഡ് ഉപ്പ് കഴിക്കണമെന്നു നിർബന്ധമില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അതിനാൽ നിർബന്ധമായും അയോഡിൻ ചേർത്ത ഉപ്പ് ഉപയോഗിക്കണമെന്ന നിർദേശത്തെ വിമർശനാത്മകമായി കാണേണ്ടതാണ്.

ചികിൽസാത്മക വൈദ്യനരവംശശാസ്ത്രം (Clinical Medical Anthropology)

ആരോഗ്യരക്ഷാ പ്രവർത്തനങ്ങളുടെ ലക്ഷ്യത്തെ കൂടുതൽ ഉറപ്പിക്കാൻ വൈദ്യ നരവംശശാസ്ത്രത്തിന്റെ അറിവുകൾ പ്രയോഗിക്കുന്നതിനെയാണ് ചികിൽസാത്മക വൈദ്യനരവംശശാസ്ത്രം എന്നു പറയുന്നത്.

ഉദാഹരണമായി ബഹുസാംസ്കാരിക രീതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ രോഗിയും ഡോക്ടറും തമ്മിലുള്ള ധാരണ വർധിപ്പിക്കുന്നതിന് ഡോക്ടർക്ക് പ്രാദേശിക സംസ്കാരത്തെക്കുറിച്ചുള്ള അറിവ് വളരെ ഉപകാരപ്രദമായിരിക്കും. സാംസ്കാരികമായി ഏറ്റവും അനുഗുണമായ ആരോഗ്യ ഇടപെടൽ നടത്തുന്നതിനും ആരോഗ്യപ്രവർത്തകർ സാധാരണയായി കണക്കിലെടുക്കാത്ത രോഗഘടകങ്ങൾ മനസ്സിലാക്കുന്നതിനും ഇത് വളരെ സഹായകമാകും.

വിമർശനാത്മക വൈദ്യനരവംശശാസ്ത്രം, ചികിൽസാത്മക വൈദ്യ നരവംശശാസ്ത്രം എന്നിവ തീർത്തും പരസ്പരവിരുദ്ധമായ ആശയങ്ങളാണെന്ന് കാണാൻ കഴിയുമെങ്കിലും ചില വൈദ്യനരവംശശാസ്ത്രജ്ഞർ ഇതിനെ പരസ്പരം ബന്ധിപ്പിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരമൊരു സമവായം പ്രായാധിക്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമാണ്. ഇത് വാർധക്യപഠനം എന്ന മേഖലയിലാണ് ചർച്ചചെയ്യുന്നത്.

വാർധക്യപഠനം (Gerontology)

പ്രായാധിക്യവുമായി ബന്ധപ്പെട്ട ജൈവ-വൈദ്യ നരവംശശാസ്ത്രത്തിന്റെ ശാഖയാണ് വാർധക്യപഠനം. പ്രായം കൂടിവരുന്ന പ്രക്രിയയാണ് വാർധക്യം. പ്രതീക്ഷിത ജീവിതകാലയളവ് വർധിക്കുന്നതിനനുസരിച്ച് വികസിതരാജ്യങ്ങളിലും വികസ്വരരാജ്യങ്ങളിലും വാർധക്യപ്രശ്നങ്ങൾ സവിശേഷ പരിഗണന നേടുന്നു. വികസിത രാഷ്ട്രങ്ങൾക്കൊപ്പം 75 വയസ്സിനുമുകളിൽ ആയുർദൈർഘ്യമുള്ള കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഈ കാര്യം കൂടുതൽ ശ്രദ്ധയാകർഷിക്കുന്നു. മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണസംവിധാനങ്ങൾ, ഉയർന്ന സാക്ഷരത, ഉയർന്ന ജീവിതനിലവാരം തുടങ്ങിയവയാണ് കേരളത്തിൽ ഈ നിലയിൽ ആയുർദൈർഘ്യം വർധിക്കാൻ സഹായകമായത്. കാലക്രമത്തിൽ ഒരു വ്യക്തിയിലുണ്ടാവുന്ന മാറ്റമാണ് വാർധക്യം. ശാരീരികവും മാനസികവും സാമൂഹികവുമായ ബഹുമുഖ പ്രക്രിയയാണ് ഇത്. വാർധക്യത്തിൽ ചില മേഖലകൾ കാലക്രമത്തിൽ വളരുകയും മറ്റു ചില മേഖലകൾ ക്ഷയിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, പ്രതികരണത്തിനുള്ള സമയം വയസ്സാകുന്നതിനനുസരിച്ച് കുറയുമ്പോൾ ലോകപരിജ്ഞാനം വർധിക്കുന്നു.

വാർധക്യമെന്നത് ഒരു ജീവശാസ്ത്ര യാഥാർഥ്യമാണ്. സാധാരണയായി 60 മുതൽ 65 വയസ്സുവരെയുള്ള, ജോലിയിൽനിന്ന് വിരമിക്കുന്ന കാലയളവാണ് വാർധക്യത്തിന്റെ ആരംഭമായി കണക്കാക്കുന്നത്. എന്നാൽ വികസ്വരരാഷ്ട്രങ്ങളിൽ പലയിടങ്ങളിലും വാർധക്യത്തെ സംബന്ധിച്ച സാമൂഹികമായി നിർമ്മിക്കപ്പെട്ട അർഥങ്ങൾ നിലവിലുണ്ട്. നിങ്ങളുടെ പ്രദേശത്തുനിന്ന് ഇത്തരം വിവരങ്ങൾ ശേഖരിച്ച് താഴെക്കൊടുത്തിരിക്കുന്ന സൂചനകൾ വിപുലപ്പെടുത്തുക.

- വാർധക്യം ലോകത്തോട് നിരാശാബോധം പുലർത്തുന്നു.
- വൃദ്ധരിൽ അരക്ഷിതബോധം നിലനിൽക്കുന്നു.
- മിക്കപ്പോഴും ശിശുസഹജമായ പ്രതീക്ഷകളാണുണ്ടാവുക.
- ആരോഗ്യം ക്ഷയിക്കുന്നു.
- .....

വാർധക്യമാവുന്നതിനൊപ്പം പ്രമേഹം, ഹൃദ്രോഗങ്ങൾ, അർബുദം, സന്ധിവാതം, വൃക്കരോഗം തുടങ്ങിയ ധാരാളം രോഗങ്ങൾ വർദ്ധിക്കുന്നു..

എന്നാൽ ചെന്നിക്കുത്തുപോലെയുള്ള അസുഖങ്ങൾ താരതമ്യേന സ്ഥിരമായി നിൽക്കുന്നു. അതേസമയം ആസ്തമ പോലെയുള്ള അസുഖങ്ങൾ ചിലപ്പോൾ കുറയുകയും ചെയ്യും. അതിനാൽ വാർധക്യമെന്നത് അസുഖങ്ങളുടെ ഒരു സഞ്ചയമാണ് എന്ന ചിന്ത ശരിയല്ല. വൃദ്ധജനങ്ങൾക്ക് കൂടുതൽ പരിഗണനയും കരുതലും കിട്ടേണ്ടതാണെന്ന് നിങ്ങൾ കരുതുന്നില്ലേ?

വൃദ്ധജനങ്ങളുമായി ഇടപഴകിക്കൊണ്ട് അവരുടെ യാഥാർഥ പ്രശ്നങ്ങൾ മനസ്സിലാക്കുക. വൃദ്ധരായ ബന്ധുക്കളെയോ വൃദ്ധസദനങ്ങളിലെ അന്തേവാസികളെയോ അഭിമുഖം നടത്തി ഒരു റിപ്പോർട്ട് തയാറാക്കുക

വാർധക്യം എന്ന ആശയം പോലെത്തന്നെ ചില മാനസികാസ്വാസ്വ്യങ്ങളും സംസ്കാരത്തിനനുസരിച്ചുള്ളവയാണ്. വൈദ്യനരവംശശാസ്ത്രത്തിലെ ഈ പഠനമേഖല സാംസ്കാരിക മനോരോഗ ചികിത്സാശാസ്ത്രം എന്നറിയപ്പെടുന്നു.

സാംസ്കാരിക മനോരോഗചികിത്സ (Cultural Psychiatry)

വൈദ്യനരവംശശാസ്ത്രത്തിന്റെ ഈ മേഖല വംശീയവൈദ്യവുമായി അടുത്ത് ബന്ധപ്പെട്ടുകിടക്കുന്നു. ചില പ്രാദേശികരോഗങ്ങൾ തിരിച്ചറിയുന്നതിൽ ആ സംസ്കാരത്തെക്കുറിച്ചുള്ള അറിവിന്റെ പ്രാധാന്യത്തെ ഇത് ഊന്നിപറയുന്നു. ഹിസ്റ്റീരിയ പോലെയുള്ള ചില പ്രാദേശികരോഗങ്ങൾ അല്ലെങ്കിൽ സംസ്കാരബന്ധിതരോഗങ്ങൾ മാനസികവും ശാരീരികവുമായ ലക്ഷണങ്ങൾ കാണിക്കുന്നു. ഇത്തരം ലക്ഷണങ്ങൾ മനസ്സിലാക്കുന്നതിന് സംസ്കാരത്തെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. ഇത്തരം നാട്ടു രോഗങ്ങൾ പാശ്ചാത്യ രോഗനിർണയമേഖലയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

പോഷണനരവംശശാസ്ത്രം (Nutritional Anthropology)

സാമ്പത്തികസംവിധാനങ്ങൾ പോഷണ അവസ്ഥ, ഭക്ഷ്യസുരക്ഷ എന്നിവയോട് എങ്ങനെയാണ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെന്നു പരിശോധിക്കുന്ന പഠനമേഖലയാണ് പോഷണനരവംശശാസ്ത്രം. പോഷണാവസ്ഥ മൊത്തം ആരോഗ്യവസ്ഥ, ജോലിയുടെ മേൻമ, സാമ്പത്തികവളർച്ചയുടെ ആകെ കഴിവ് എന്നിവയെ ബാധിക്കുന്നു. അതുപോലെ ചില സാമ്പത്തികസംവിധാനങ്ങൾ പരിമിതമായ ഭക്ഷ്യലഭ്യത മാത്രമേ നൽകുന്നുള്ളൂ. അത് സ്വാഭാവികമായും പോഷണനിലവാരം കുറയാനും ഇടയാക്കുന്നു.

പോഷണമെന്നത് ജീവികൾക്ക് അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും വളർച്ച, നവീകരണം എന്നിവ ഉറപ്പുവരുത്തന്നതിനുമുള്ള വസ്തുക്കൾ സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനായുള്ള പ്രക്രിയയുടെ സംയോജനമാണ്. നമുക്ക് വളർച്ച ഊർജം, നിലനിൽപ്പ്, സംരക്ഷണം എന്നിവയ്ക്കെല്ലാം ഭക്ഷണം ആവശ്യമാണ്. ശരിയായ രീതിയിലുള്ള ഭക്ഷണം കഴിച്ചില്ലെങ്കിൽ ശരീരം വളരുകയോ ശരിയായി പ്രവർത്തിക്കുകയോ ഇല്ല. ഇത് പല രോഗങ്ങൾക്കും കാരണമാവുന്നു. മാംസ്യ (protein) ഊർജ അപപോഷണം ഒരു പൊതുവായ അഭാവ രോഗമാണ്.

ഈ യൂണിറ്റിന്റെ തുടക്കം മുതൽ തന്നെ നാം ആരോഗ്യം, രോഗം, സംസ്കാരം എന്നിവ തമ്മിലുള്ള ബന്ധം

അപപോഷണം (Malnutrition)

ഒന്നോ അതിലധികമോ പോഷകഘടകങ്ങളുടെ ആപേക്ഷികമോ കേവലമോ ആയ കുറവോ കൂടുതലോ കൊണ്ടുണ്ടാകുന്ന രോഗാവസ്ഥ.

പോഷണക്കുറവ് (Undernutrition)

ആവശ്യത്തിൽ കുറവുമാത്രം പോഷകഘടകങ്ങൾ ഒരു ദിർഘമായ കാലയളവിലേക്ക് കഴിക്കാത്തതുകൊണ്ടുണ്ടാകുന്ന രോഗാവസ്ഥ.

അമിതപോഷണം (Overnutrition)

ദിർഘമായ കാലയളവിൽ അമിതമായ അളവിൽ ഭക്ഷണം കഴിക്കുകയും അതുവഴി ശരീരത്തിൽ അമിതമായ കലോറിയുണ്ടാവുകയും ചെയ്യുന്നതുകൊണ്ടുള്ള രോഗാവസ്ഥ. (ലോകാരോഗ്യ സംഘടന)

പരിശോധിക്കുകയുണ്ടായി. ഇപ്പോൾ സംസ്കാരം മനുഷ്യവർഗത്തിന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന് നമ്മൾ മനസിലാക്കിക്കഴിഞ്ഞു. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളും സംസ്കാരത്താൽ സ്വാധീനിക്കപ്പെടുന്നു. മേൽ കൊടുത്ത ബന്ധം പരിശോധിക്കുന്ന വൈദ്യനരവംശശാസ്ത്രം നരവംശശാസ്ത്രത്തിന്റെ നാലു മേഖലകളിൽ പ്രധാനപ്പെട്ടതാകുന്നു. ഈ പഠനമേഖലയുടെ അറിവ് സാധാരണക്കാർക്കും പ്രൊഫഷനലുകൾക്കും അവരുടെ ലോകബോധം വിപുലപ്പെടുത്താനും വൈദ്യപ്രവർത്തനങ്ങളെക്കുറിച്ച് വിപുലമായ ധാരണ ലഭിക്കുന്നതിനും സഹായകമാവുന്നു.

സംഗ്രഹം

- വൈദ്യനരവംശശാസ്ത്രം: ആരോഗ്യം, അസുഖം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകാനായി നരവംശശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളും രീതികളും പ്രയോഗിക്കുന്ന പഠനമേഖല.
- ആരോഗ്യം: രോഗമില്ലാത്ത അവസ്ഥമാത്രമല്ല സമ്പൂർണമായ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി.
- അസുഖം : ബാക്ടീരിയ, വൈറസ് തുടങ്ങി ഏതെങ്കിലും രോഗാണുക്കൾ കാരണമുണ്ടാകുന്നതും ശാസ്ത്രീയമായി തിരിച്ചറിയാൻ കഴിയുന്നതുമായ ആരോഗ്യ പ്രശ്നം.
- അസ്വാസ്ഥ്യം : ഒരു പ്രത്യേക സംസ്കാരത്തിൽ ജീവിക്കുന്ന വ്യക്തിക്ക് തോന്നുന്നതോ അനുഭവിക്കുന്നതോ ആയ മോശമായ ആരോഗ്യാവസ്ഥ.
- സംസ്കാരം എന്ന ആശയം അസുഖം ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി ആരോഗ്യം, അസുഖം എന്നീ ആശയങ്ങൾ സംസ്കാരത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ഭക്ഷണത്തിന്റെ ചൂട്, തണുപ്പ് എന്നീ ആശയങ്ങളും സംസ്കാരത്തിനനുസരിച്ചുള്ളവയാണ്. സാംസ്കാരിക രീതികൾക്കും ജീവിതരീതികൾക്കും രോഗവുമായി പ്രത്യക്ഷ ബന്ധമാണുള്ളത്. ചില ജനിതകരോഗങ്ങൾ ജാതി ജനസംഖ്യയിലേതിനേക്കാൾ കൂടുതൽ ഗോത്രവിഭാഗങ്ങൾക്കിടയിലാണ് വ്യാപകമായിരിക്കുന്നത്.
- ബഹുചികിത്സാ സമ്പ്രദായങ്ങൾ ഒരുമിച്ച് നിലനിൽക്കുന്നതിനാൽ ഇന്ത്യ ഒരു ബഹുചികത്സാസമ്പ്രദായമുള്ള രാജ്യമാണെന്ന് പറയാം. ഇന്ത്യയിലെ ബഹുചികിത്സാരീതികളിൽ ഗോത്രവൈദ്യം പോലെയുള്ള ചെറുപാരമ്പര്യ ചികിത്സാരീതികളും ആയുർവേദ, യുനാനി, സിദ്ധ, യോഗ, ഹോമിയോപ്പതി, പ്രകൃതിചികിത്സ, പാശ്ചാത്യ വൈദ്യം എന്നീ ബൃഹദ് പാരമ്പര്യ ചികിത്സാരീതികളും ഉൾക്കൊള്ളുന്നു.

- വംശീയവൈദ്യം. തദ്ദേശീയ സാംസ്കാരത്തിൽ വികസിച്ചുവന്നതും രോഗങ്ങളുമായി ബന്ധപ്പെട്ടതുമായ വിശ്വാസങ്ങളെയും ആചാരങ്ങളെയുമാണ് വംശീയവൈദ്യം എന്നു പറയുന്നത്. വംശീയവൈദ്യത്തിലെ രോഗകാരണങ്ങളെ ശാരീരികം, പ്രകൃത്യതീതം എന്നിങ്ങനെ തരംതിരിക്കാം. ശാരീരികകാരണങ്ങളിൽ ശാരീരിക അശുദ്ധി, ആചാരപരമായ അശുദ്ധി, ഉചിതമല്ലാത്ത കാലാവസ്ഥ, ഉചിതമല്ലാത്ത ഭക്ഷണം എന്നിവ ഉൾപ്പെടുന്നു. പ്രകൃത്യതീത കാരണങ്ങളിൽ ദൈവകോപം, കണ്ണേറ്, പ്രേതബാധ, മുജ്ജന്മപാപം എന്നീ വിശ്വാസങ്ങൾ ഉൾപ്പെടുന്നു.
- രോഗനിർണയത്തിൽ മത മന്ത്രവാദരീതികളും കണ്ണ് പരിശോധന, മുഖപരിശോധന, നാഡിമിടിപ്പ് പരിശോധന തുടങ്ങിയ മറ്റു രീതികളും ഉൾപ്പെടുന്നു. വംശീയവൈദ്യത്തിലെ ചികിത്സകൻ ഷാമൻ എന്നറിയപ്പെടുന്നു. രോഗപ്രതിരോധത്തിനായി ഉഴിച്ചിൽ, മണ്ണിൽക്കുളി, ആവിക്കുളി, ഏലസ്സുകൾ, പ്രാർഥന എന്നിവ സ്വീകരിക്കുന്നു.
- വൈദ്യനരവംശശാസ്ത്രത്തിന്റെ മറ്റു സവിശേഷമേഖലകളാണ് ചികിത്സാവശ്യാർഥം നരവംശശാസ്ത്ര ആശയങ്ങൾ ഉപയോഗിക്കുന്ന ചികിത്സാത്മക വൈദ്യനരവംശശാസ്ത്രം, വൈദ്യരംഗത്തെ ആധിപത്യ കാഴ്ചപ്പാടുകളെ വിമർശിക്കുന്ന വിമർശനാത്മക നരവംശവൈദ്യശാസ്ത്രം, വാർധക്യത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന വാർധക്യ പഠനം, മാനസികപ്രശ്നങ്ങളിൽ പ്രാദേശികസംസ്കാരത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്ന സാംസ്കാരിക മനോരോഗശാസ്ത്രം എന്നിവ.

ടേം മൂല്യനിർണയ ഉപാധികൾ

1. വിട്ട ഭാഗം പൂരിപ്പിക്കുക.

   എ. ആരോഗ്യം, അസുഖം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള ബന്ധത്തെപ്പറ്റിയുള്ള പഠനം.....

   ബി. ഒരു വ്യക്തിയുടെ സ്വസ്ഥതയ്ക്ക് ഭംഗം വരുത്തുന്ന ശാരീരികമോ മാനസികമോ ആയതും, യാഥാർഥത്തിലുള്ളതോ ഭാവനാത്മകമായതോ ആയ അവസ്ഥയാണ്.....

   സി. ഒരു സമൂഹത്തിൽ ഒന്നിലധികം വൈദ്യസമ്പ്രദായങ്ങൾ ഒരുമിച്ച് നിലനിൽക്കുന്ന അവസ്ഥ .....

2 വ്യത്യാസമെഴുതുക.

എ. അസുഖം, അസ്വസ്ഥത.

ബി. രോഗത്തിന്റെ ശാരീരികവും പ്രകൃത്യതീതവുമായ കാരണങ്ങൾ.

സി. ചികിത്സാ വൈദ്യനരവംശശാസ്ത്രം, വിമർശനാത്മക വൈദ്യനരവംശശാസ്ത്രം.

3. നിങ്ങളുടെ പ്രദേശത്ത് നിലനിൽക്കുന്ന ഭക്ഷണത്തിന്റെ ചൂട്, തണുപ്പ് എന്നീ ആശയങ്ങൾ കണ്ടെത്തി അതിന്റെ വൈദ്യമേഖലയിലെ പ്രാധാന്യം വിശദമാക്കുക.

4. ആരോഗ്യം, അസുഖം എന്നീ ആശയങ്ങൾ സംസ്കാരബന്ധിതമാണ്. ഈ പ്രസ്താവന പരിശോധിക്കുക.

5. ആയുർവേദം ദിർഘായുസ്സിന്റെ ശാസ്ത്രം എന്നറിയപ്പെടുന്നു. വിലയിരുത്തുക.

6. ഇന്ത്യയിലെ ബഹുവൈദ്യസമ്പ്രദായം സൂചിപ്പിക്കുന്ന ചാർട്ട് വരച്ച് പരമ്പരാഗത വൈദ്യസമ്പ്രദായം വിശദമാക്കുക.

7. വംശീയവൈദ്യം, ആധുനികവൈദ്യം എന്നിവയുടെ ഒരു താരതമ്യ ചാർട്ട് വരയ്ക്കുക.

8. ജോഡി കണ്ടെത്തുക.

എ. ഹോമിയോപ്പതി : സാമുവൽ ഹാനിമാൻ, ആയുർവേദം: .....

9. നിങ്ങളുടെ പ്രദേശത്തു നിലനിൽക്കുന്ന ഏതെങ്കിലും നാല് വംശീയവൈദ്യ ചികിത്സ എഴുതുക. ഇതിൽ രോഗത്തിന്റെ പേര്, ഉപയോഗിക്കുന്ന മരുന്നുചെടി, മരുന്ന് തയാറാക്കുന്ന രീതി എന്നിവ ഉണ്ടായിരിക്കണം.

10. വികസനത്തിന്റെ അസുഖങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

സാങ്കേതികപദങ്ങൾ

വൈദ്യനരവംശശാസ്ത്രം : ആരോഗ്യം, അസുഖം, സംസ്കാരം എന്നിവ തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന നരവംശശാസ്ത്രത്തിന്റെ ശാഖ.

ആരോഗ്യം : സമ്പൂർണമായ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി.

അസുഖം	: ഒരു വ്യക്തിയുടെ സുസ്ഥിതിക്ക് തടസ്സമാകുന്ന ശാരീരികമോ മാനസികമോ ആയ അവസ്ഥ.
ജീവിതശൈലീരോഗങ്ങൾ	: ജീവിതശൈലിയിലെ മാറ്റംകൊണ്ടുണ്ടാകുന്ന രോഗം.
അനൊറെക്സിയ നെർവോസ	: ശരീരം മെലിയുന്നതിനായി സ്വയം പട്ടിണികിടക്കുകയും ഭക്ഷണം ഒഴിവാക്കുന്നത് ശീലമാക്കുകയും ചെയ്യുന്ന അവസ്ഥ.
കുരുരോഗം	: ന്യൂഗ്വിനിയയിലെ ഫോർ എന്ന ഗോത്രവിഭാഗത്തിനിടയിൽ കാണപ്പെട്ട തലച്ചോറിനെ ബാധിക്കുന്ന അപൂർവമായ വൈറസ് രോഗം.
വികസനജന്യരോഗങ്ങൾ	: സാമൂഹിക സാമ്പത്തിക വികസനത്തിന്റെ ഫലമായുണ്ടാവുന്നതോ വർധിക്കുന്നതോ ആയ അസുഖങ്ങൾ.
കൈസാനൂർ ഫോറസ്റ്റ് ഡിസീസ്	: കർണാടകത്തിലെ കൈസാനൂർ പ്രദേശത്തു കണ്ടെത്തിയ വൈറസ് കൊണ്ടുണ്ടാവുന്ന ഒരു വികസനജന്യരോഗം.
ബഹുവൈദ്യസമ്പ്രദായം	: ഒരു സമൂഹത്തിൽ ഒരേസമയം ഒന്നിലധികം വൈദ്യ രീതികൾ നിലനിൽക്കുന്ന അവസ്ഥ.
വംശീയവൈദ്യം	: രോഗവുമായി ബന്ധപ്പെട്ട തദ്ദേശീയസംസ്കാരത്തിന്റെ ഭാഗമായ വിശ്വാസങ്ങളും ആചാരങ്ങളും.
വിമർശനാത്മക വൈദ്യ നരവംശശാസ്ത്രം	: സാമൂഹികമോ രാഷ്ട്രീയമോ ആയ ഒരു പ്രശ്നത്തെ വൈദ്യ പ്രശ്നമായിക്കണ്ട് ചികിത്സ ആവശ്യമാണെന്ന് നിർദേശിക്കുന്നതിനെ വിമർശനാത്മകമായി വിലയിരുത്തുന്ന രീതി.
ചികിത്സാത്മക വൈദ്യ നരവംശശാസ്ത്രം	: ആരോഗ്യപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വൈദ്യനരവംശശാസ്ത്രത്തിന്റെ അറിവ് പ്രയോഗിക്കുന്ന രീതി.

വാർധക്യപഠനം : വാർധക്യത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്ന ജീവശാസ്ത്ര നരവംശശാസ്ത്രത്തിന്റെ ശാഖ.

സാംസ്കാരിക

മാനോരോഗശാസ്ത്രം : നാട്ടുജനതയുടെ മാനസികാസ്വാസ്യങ്ങൾ മാറ്റാൻ പ്രാദേശികസംസ്കാരത്തിന്റെ അറിവ് പ്രയോഗിക്കുന്ന പഠനമേഖല.

പോഷണനരവംശശാസ്ത്രം : സാമ്പത്തിക സമ്പ്രദായം പോഷണനില, ഭക്ഷ്യസുരക്ഷ എന്നിവ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന വൈദ്യനരവംശശാസ്ത്രത്തിന്റെ മേഖല.

റഫറൻസ്

1. പ്രമുഖ്, കെ. ഇ. രാജ്. 2009 ഹെൽത്ത് ഇൽനെസ്സ് ആൻറ് ഹീലിങ്: തീംസ് ആൻറ് ഇഷ്യൂസ് ഇൻ മെഡിക്കൽ ആന്ത്രപോളജി. ന്യൂഡൽഹി: സീരിയൽ പബ്ലിക്കേഷൻ.
2. വിശ്വനാഥൻനായർ, എൻ. (എഡി). 1995 ആന്ത്രപോളജി ഓഫ് ട്രൈബൽ ഹെൽത്ത് ആന്റ് മെഡിസിൻ ഇൻ ഫോറസ്റ്റ് എൻവയൺമെന്റ്. കോഴിക്കോട്: കിർത്താഡ്സ്.
3. ക്ളിമാൻ, ആർതർ. 2011. ആന്ത്രപോളജി ആൻറ് ക്രോസ് കൾച്ചറൽ മെന്റൽ ഹെൽത്ത്. ചാരിറ്റി യുണിവേഴ്സിറ്റാറ്റമെഡിസിൻ, ബർലിൻ. ഫ്രിയൂണിവേർഴ്സിറ്റാറ്റ്. ബർലിൻ. ജൂൺ 28,2011.
4. പാപ്പച്ചൻ, എം.ജെ. ഇൻക്രിസിങ് പ്രിലവൻസ് ഓഫ് ലൈഫ്സ്റ്റൈൽ ഡിസീസ്: ഹൈ ടൈം ഫോർ ആക്ഷൻ. ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിസിൻ.
5. ഭാസിൻ, വീണ. മെഡിക്കൽ ആന്ത്രപോളജി: എ റിവ്യൂ, ഡിപാർട്ട്മെന്റ് ഓഫ് ആന്ത്രപോളജി, യൂനിവേർഴ്സിറ്റി ഓഫ് ഡൽഹി.
6. ഏക്കെഴ്സ്ലി, റിച്ചാർഡ്. കൾച്ചർ ഹെൽത്ത് ആൻറ് വെൽബിയിങ്.
7. 2007.എത്നോമെഡിക്കൽ പ്രാക്ടീസസ് ഓഫ് ചെഞ്ചു.– എ കെയ്സ് ഓഫ് ഇന്റഗ്രേറ്റഡ് സിസ്റ്റം.കമലാ രാജ്

യൂണിറ്റ്

V

പാരിസ്ഥിതിക നരവംശശാസ്ത്രം

U3F3B2

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിയാനും പരിസ്ഥിതിയുമായുള്ള അനുകൂലനപ്രക്രിയക്ക് സംസ്കാരത്തിനുള്ള പങ്ക് വിലയിരുത്താനും കഴിയുന്നു.
- പരിസ്ഥിതിക്കുമേൽ സംസ്കാരത്തിനുള്ള സ്വാധീനം വിലയിരുത്താൻ കഴിയുന്നു.
- ഗോത്രവർഗക്കാർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ വിലയിരുത്താനും ഗോത്രവർഗങ്ങളും വനവുമായുള്ള പരസ്പരബന്ധം അപഗ്രഥിക്കാനും കഴിയുന്നു.
- പരിസ്ഥിതിപ്രസ്ഥാനങ്ങളുടെ പ്രാധാന്യം വിലയിരുത്താനും പാരിസ്ഥിതിക സുസ്ഥിരതയുമായി ബന്ധപ്പെട്ട വികസനമെന്ന ആശയം ചർച്ച ചെയ്യാനും കഴിയുന്നു.

ഉള്ളടക്കം

- **പാരിസ്ഥിതികശാസ്ത്രം എന്ന ആശയം**
- **പാരിസ്ഥിതികനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും**
- സാംസ്കാരികപരിസ്ഥിതിശാസ്ത്രം, ജനസംഖ്യാ പരിസ്ഥിതിശാസ്ത്രം, വംശീയ പരിസ്ഥിതിശാസ്ത്രം
- പരിസ്ഥിതിനിർണയവാദം
- പരിസ്ഥിതിസാധ്യതാവാദം

അനുകൂലനം

- വിവിധതരം അനുകൂലനങ്ങൾ- ശരീരധർമപരം, ജനിതകം, സാംസ്കാരികം.
- പരിസ്ഥിതിസാംസ്കാരിക അനുകൂലനങ്ങൾ വിവിധ ഘട്ടങ്ങളിൽ: വേട്ടയാടലും ശേഖരണവും, മൃഗപരിപാലനഘട്ടം, മാറ്റക്കൃഷി, കൃഷി, വ്യാവസായികഘട്ടം.

പരിസ്ഥിതിയും വികസനവും

- കുടിയിറക്കം
- പുനരധിവാസം
- വനനശീകരണവും പരിസ്ഥിതി അസന്തുലനവും
- വനനശീകരണത്തിന്റെ അനന്തരഫലങ്ങൾ

പരിസ്ഥിതി പ്രസ്ഥാനങ്ങൾ

- ചിപ്കോ പ്രസ്ഥാനം
- സൈലന്റ് വാലി സംരക്ഷണ പ്രസ്ഥാനം
- നർമ്മദാ ബച്ചാവോ ആന്തോളൻ
- പശ്ചിമഘട്ട സംരക്ഷണ പ്രസ്ഥാനം
- മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

പ്രസിദ്ധ മലയാളം എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന കൃതി നിങ്ങൾ വായിച്ചിട്ടുണ്ടാവും. അദ്ദേഹം അതിൽ വാദിക്കുന്നത് ഭൂമി മനുഷ്യന് മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് എന്നാണ്.

തങ്ങളുടെ ഭൂമി വാങ്ങാനെത്തിയ വാഷിങ്ടൺ ഡി.സിയിലെ ഭരണകൂടത്തോട്, അമേരിക്കയിലെ വടക്ക്-പടിഞ്ഞാറൻ ഇന്ത്യൻ രാജ്യങ്ങളിലെ സമാരാധ്യനായ നേതാവായ സിയാറ്റിൽ മൂപ്പന്റെ പ്രശസ്തമായ വാക്കുകൾ സഹജീവിപരമായ ഈ ബന്ധം തുറന്നു കാണിക്കുന്നു. അദ്ദേഹം പറഞ്ഞു:

"എങ്ങനെയാണ് നിങ്ങൾക്ക് ആകാശത്തെ വിലയ്ക്കെടുക്കാൻ കഴിയുക? എങ്ങനെയാണ് മഴയെയും കാറ്റിനെയും നിങ്ങൾക്ക് സ്വന്തമാക്കാനാവുക?

ഈ ഭൂമിയുടെ ഓരോ ഭാഗവും ഞങ്ങളുടെ ആളുകൾക്ക് പവിത്രമാണ്.

ഓരോ പൈൻ ഇലകളും ഓരോ മണൽത്തീരവും ഇരുണ്ടകാടുകളിലെ മഞ്ഞുതുള്ളികളും

ഓരോ പുൽത്തകിടിയും ചീവീടുകളും എല്ലാം എന്റെ ജനതയ്ക്ക് പവിത്രമായ ഓർമകളാണ്....

ചിത്രം 5.1 നമ്മൾ ഭൂമിയുടെ ഭാഗമാണ്, ഭൂമി നമ്മുടേതും

ഞങ്ങൾ ഭൂമിയുടെ ഭാഗമാണ്; ഭൂമി ഞങ്ങളുടേതും..

സുഗന്ധം പരത്തുന്ന പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണ്. കരടികളും മാനുകളും വമ്പൻ പരുന്തുകളും ഞങ്ങളുടെ സഹോദരന്മാരാണ്.

ചെങ്കുത്തായ പാറകളും പുൽമേടുകളും കുതിരകളും

എല്ലാം ഒരു കുടുംബമാണ്.

അരുവികളിലും പുഴകളിലും ഒഴുകുന്ന തെളിനീര് വെറും ജലമല്ല,

പൂർവപിതാമഹന്മാരുടെ രക്തമാണ്....

വായു അമൂല്യമായ ഒന്നാണ്.

അതിന്റെ ചൈതന്യം അത് താങ്ങാവുന്ന എല്ലാ ജീവനുമായി പങ്കുവയ്ക്കുന്നു.

എന്റെ ആദ്യശ്വാസം അനുഗ്രഹമായി തന്ന വായു അവസാന നിശ്വാസവും സ്വീകരിക്കുന്നു.

അങ്ങനെ ഞങ്ങൾ അറിയുന്നു, ഭൂമി ഞങ്ങൾക്ക് അവകാശപ്പെട്ടതല്ല,

ഞങ്ങൾ ഭൂമിയുടെതാണ്... "

മേൽ കൊടുത്ത വാക്കുകളിൽനിന്നു മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിങ്ങളെന്ത് അനുമാനത്തിലാണ് എത്തിച്ചേരുക? ഒ.എൻ.വി. കുറുപ്പിന്റെ ഭൂമിക്ക് ഒരു ചരമഗീതം എന്ന കവിത നിങ്ങൾ വായിച്ചിട്ടുണ്ടോ? ഭൂമിയെ സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഭൗമദിനം, ജലദിനം, ഓസോൺദിനം, വനദിനം എന്നിങ്ങനെ വിവിധ ദിനങ്ങൾ നാമിന്ന് ആചരിക്കാറുണ്ട്. എന്താണ് ഈ ദിനാചരണങ്ങളുടെ പ്രത്യേകത? മനുഷ്യന്റെ ആശങ്കകളാണ് ഇവ സൂചിപ്പിക്കുന്നത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള മറ്റു ദിനങ്ങൾ കണ്ടെത്തി അവ നിങ്ങളുടെ വിദ്യാലയത്തിൽ ആചരിക്കുന്നതിന് കർമ്മപദ്ധതി തയാറാക്കുക.

പ്രാചീനമനുഷ്യർക്ക് പ്രകൃതിയോട് ഇത്തരം പരിഗണനകൾ ഒന്നും ഇല്ലായിരുന്നു എന്നാണോ നിങ്ങൾ കരുതുന്നത്? ആദിമ കാലം മുതൽ മനുഷ്യർ അവരുടെ ചുറ്റുപാടുകളിൽ ഏറെ തൽപ്പരനായിരുന്നു. മറ്റു ജീവികളെ പോലെ പ്രകൃതിയുമായി ഒത്തിണങ്ങിയാണ് അവർ ജീവിച്ചത്. ജീവിതക്രമം, ആരോഗ്യസമിതി, ഭാഷയിലെ വാക്കുകൾ മുതലായവ അവരുടെ ചുറ്റുപാടുകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു. സാങ്കേതികരംഗത്തെ പുരോഗതിയോടുകൂടി സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി അവർ ചുറ്റുപാടുകളിൽ മാറ്റം വരുത്താൻ തുടങ്ങി. ജനസംഖ്യാവിസ്ഫോടനവും തുടർന്നുണ്ടായ പ്രകൃതിവിഭവങ്ങളുടെ ചൂഷണവും പരിസ്ഥിതിയിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചു. അതോടുകൂടി എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനെ അത് ദോഷകരമായി ബാധിച്ചു. ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും പരസ്പരബന്ധത്തെ കുറിച്ചും അതുമായി ബന്ധപ്പെട്ട പരിസ്ഥിതിനരവംശശാസ്ത്രം എന്ന വിഷയത്തെക്കുറിച്ചും നമുക്കിവിടെ ചർച്ചചെയ്യാം.

ചിത്രം 5.2 പ്രകൃതിയോട് പരിഗണനയില്ലാതെ

മനുഷ്യരെ മാത്രം ഉൾക്കൊള്ളുന്ന ഒരു ഭൂമിയെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാനാവുമോ? തീർച്ചയായും ഉത്തരം ഇല്ല എന്നുതന്നെയാണ്. മനുഷ്യരും മറ്റു ജീവികളും തമ്മിൽ പരസ്പരാശ്രിതത്വം നിലനിൽക്കുന്നു. ഇത്തരത്തിലുള്ള ബന്ധങ്ങളെ കുറിച്ചുള്ള പഠനമാണ് പരിസ്ഥിതിശാസ്ത്രം അഥവാ ഇക്കോളജി.

ഇക്കോളജി എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്? ഈ ആശയത്തെ നമുക്ക് വിശദമായി പരിശോധിക്കാം.

പരിസ്ഥിതിശാസ്ത്രം എന്ന ആശയം (Concept of Ecology)

ഇക്കോളജി എന്ന പദം ആദ്യമായി രൂപകല്പനചെയ്തത് ജർമൻ ജീവശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹൈക്കൽ ആണ്. 'ഒയികോസ് 'എന്നും 'ലോഗോസ്' എന്നുമുള്ള രണ്ടു ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഇത് ഉരുത്തിരിഞ്ഞത്. താമസിക്കാനുള്ള സ്ഥലം എന്നോ വീട് എന്നോ ആണ് 'ഒയികോസ്' എന്ന പദത്തിനർഥം. ലോഗോസ് എന്നതിനർഥം 'ശാസ്ത്ര'മെന്നും. അങ്ങനെ ഇക്കോളജി എന്നാൽ ചുറ്റുപാടുകളുടെ ശാസ്ത്രം എന്നാകുന്നു. ജീവികളും അതിലെ ചുറ്റുപാടുകളുമായുള്ള പരസ്പരബന്ധത്തെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണിത്.

- "പ്രകൃതിയുടെ ഘടനയെയും ധർമ്മത്തെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രം" എന്നാണ് യുജിൻ പി ഓഡം (1963)പരിസ്ഥിതിശാസ്ത്രത്തെ നിർവചിച്ചിരിക്കുന്നത്.
- "പ്രകൃതിയുടെ മിതവ്യയത്തെ കുറിച്ചുള്ള അറിവാണ് പരിസ്ഥിതിശാസ്ത്രം" എന്ന് ഹെക്കൽ (1870)വിവരിക്കുന്നു.
- വെബ്സ്റ്റർ പറയുന്നത് "ജീവികളും അവയുടെ ചുറ്റുപാടുകളുമായുള്ള പരസ്പരബന്ധമാണ് പരിസ്ഥിതിശാസ്ത്രം" എന്നാണ്.

മുകളിൽ നൽകിയിരിക്കുന്ന നിർവചനങ്ങളിൽനിന്നു പരിസ്ഥിതിശാസ്ത്രം എന്നത് ജീവികളും അവയുടെ ചുറ്റുപാടുകളുമായുള്ള പരസ്പരബന്ധത്തെ കുറിച്ചുള്ള പഠനമാണ് എന്ന അനുമാനത്തിൽ നമുക്ക് എത്താം. എന്തൊക്കെ ചേർന്നതാണ് പരിസ്ഥിതി? നിങ്ങൾ നേരത്തേ പഠിച്ചതുപോലെ ജീവീയവും അജീവീയവും ആയ തലങ്ങൾ ചേർന്നതാണ് പരിസ്ഥിതി. ജീവനില്ലാത്ത ജലം, മണ്ണ്, വായു എന്നിവ ചേർന്നതാണ് അജീവീയ ഘടകങ്ങൾ. എല്ലാ ജീവജാലങ്ങളും ഉൾപ്പെട്ടതാണ് ജീവീയ ഘടകങ്ങൾ. മനുഷ്യർ ഈ വിഭാഗത്തിൽപ്പെടുന്നു.

നിങ്ങൾ പഠിച്ചതുപോലെ നരവംശശാസ്ത്രം എന്നത് മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്രശാസ്ത്രമാണ്. മനുഷ്യരും അവരുടെ സംസ്കാരവും തീർച്ചയായും പാരമ്പര്യവുമായും പരിസ്ഥിതിയുമായും സ്വാധീനിക്കപ്പെടുന്നു. അതുകൊണ്ട് മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ നമുക്ക് അവഗണിക്കാനാവില്ല. മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് പരിസ്ഥിതിനരവംശശാസ്ത്രം. ഈ ശാസ്ത്രശാഖയുടെ വിവിധ മേഖലകളിലൂടെ നമുക്ക് സഞ്ചരിക്കാം.

പാരിസ്ഥിതികനരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും (Meaning and Scope of Ecological Anthropology)

മാനവജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രം വെളിപ്പെടുത്തുന്നത്, മനുഷ്യരും ഭൂമിയും കാലാവസ്ഥയും വിവിധ സസ്യജന്തുവർഗങ്ങളും തമ്മിലുള്ള നിരന്തരമായ പരസ്പരബന്ധമാണ്. പാരിസ്ഥിതികനരവംശശാസ്ത്രം ഇത്തരം സങ്കീർണ

ബന്ധങ്ങളിലാണ് ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് ജനസംഖ്യ എങ്ങനെ പരിസ്ഥിതിയെ രൂപീകരിക്കുന്നു എന്നും പരിസ്ഥിതി എങ്ങനെ ജനസംഖ്യയെ സ്വാധീനിക്കുന്നുവെന്നും അന്വേഷിക്കുന്നു. മനുഷ്യരും പ്രകൃതിയുമായുള്ള പരസ്പരബന്ധത്തെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് പാരിസ്ഥിതികനരവംശശാസ്ത്രം. പരിസ്ഥിതി എങ്ങനെയാണ് മനുഷ്യന്റെ ജീവശാസ്ത്രപരവും സാംസ്കാരികവുമായ വശങ്ങളെ സ്വാധീനിക്കുന്നതെന്ന് ഇവിടെ പഠിക്കുന്നു. മനുഷ്യരുടെ പരസ്പരബന്ധവും അവയുടെ പരിസ്ഥിതിയും സംസ്കാരവും ആണ് പരിസ്ഥിതി നരവംശശാസ്ത്രത്തിന്റെ ഉള്ളടക്കം.



ചിത്രം 5.3
പരിസ്ഥിതിനരവംശശാസ്ത്രത്തിന്റെ അർത്ഥവും വ്യാപ്തിയും

ഹെർസ്കോവിറ്റ്സ് നരവംശശാസ്ത്രത്തിന് നൽകിയ നിർവചനം നിങ്ങൾ പഠിച്ചുവല്ലോ. അദ്ദേഹം നരവംശശാസ്ത്രത്തെ മനുഷ്യരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള പഠനമായാണ് കണക്കാക്കിയത്. ഇവിടെ മനുഷ്യർ എന്നത് ജീവശാസ്ത്രപരമായ അർഥത്തെയും പ്രവർത്തനങ്ങളെന്നത് മനുഷ്യജീവിതത്തിന്റെ എല്ലാ മാനങ്ങളും ഉൾപ്പെടുന്ന താദാത്മ്യസ്വഭാവത്തെയും സൂചിപ്പിക്കുന്നു. നരവംശശാസ്ത്രം സ്വാഭാവികമായിത്തന്നെ ചുറ്റുപാടുകളെ കുറിച്ചുള്ള പഠനമാണ്. മനുഷ്യരുടെ ജൈവപ്രത്യേകതകളിൽ ജനിതകഘടനയും തൊലിനിറം, ആകാരം, മൂക്കിന്റെ രൂപം, ശരീരഘടന എന്നീ രൂപപരമായ പ്രത്യേകതകളും ഉൾപ്പെടുന്നു. ഈ പ്രത്യേകതകളൊക്കെ പ്രകൃതിയാൽ സ്വാധീനിക്കപ്പെടുന്നവയാണ്. അതുപോലെ സാംസ്കാരിക പ്രത്യേകതകളായ ഭക്ഷണശീലങ്ങൾ, വസ്ത്രധാരണരീതി, വിവിധ വാസസ്ഥലങ്ങൾ, ജോലി, ഭാഷ, ജനസാന്ദ്രത എന്നിവ പരിസ്ഥിതിയാൽ സ്വാധീനിക്കപ്പെടുകയും രൂപപ്പെടുകയും ചെയ്യുന്നു. മനുഷ്യരുടെ സാംസ്കാരിക പ്രവർത്തനങ്ങൾ പരിസ്ഥിതിയിൽ നേരിട്ട് സ്വാധീനം ചെലുത്തുന്നുമുണ്ട്.

ആസ്സാം, കാശ്മീർ, ബർമ, നോർവേ തുടങ്ങിയ പ്രദേശങ്ങളിൽ മരങ്ങൾ ധാരാളമുണ്ട്. അതുകൊണ്ടുതന്നെ അവിടങ്ങളിലെ വീടുകൾ ഭൂരിഭാഗവും തടികൊണ്ട് നിർമിച്ചതാണ്. ജപ്പാനിലും ഹിമാലയൻ പ്രദേശങ്ങളിലും മരംകൊണ്ടുള്ള വീടുകൾ ധാരാളം കാണാം. ഭൂമികുലുക്കത്തെയും വെള്ളപ്പൊക്കത്തെയും ചെറുത്തുനിൽക്കുന്നവയാണ് ഇവ. കല്ലുകൾ ധാരാളം ലഭ്യമായതിനാൽ ന്യൂമെക്സിക്കോയിലെയും അരിസോണയിലെയും സ്പെയിനിലെയും ഗോത്രവർഗക്കാർ പ്രധാനമായും അവയാണ് നിർമാണത്തിന് ഉപയോഗിക്കുന്നത്. ബംഗാളിൽ ചെളിയും വൈക്കോലും മുളകളും കൊണ്ടുള്ള ധാരാളം കുടിലുകൾ നിർമിക്കപ്പെടുന്നതിനും കാരണം ആ വിഭവങ്ങൾ അവിടെ വളരെ സാധാരണമാണ് എന്നതാണ്. (ഇന്ദ്രാണി ബസു റോയ് p.481)

സംസ്കാരത്തിന് പരിസ്ഥിതിയിലുള്ള സ്വാധീനതയ്ക്ക് നിങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയുമോ? മനുഷ്യൻ സ്ഥിരകൃഷി ആരംഭിച്ചതോടുകൂടി ഭൂമിയിൽ നിലനിന്നിരുന്ന ജീവിവർഗങ്ങളിൽ വൻ മാറ്റങ്ങൾ ഉണ്ടായി. കാർഷികവൃത്തി എന്നത് മനുഷ്യസംസ്കാരത്തിന്റെ ഭാഗമാണ്. ഒരു പ്രത്യേക സ്ഥലത്ത് പ്രത്യേക ഇനം വിളകൾ കൃഷിചെയ്യുന്നത് അവിടെ പുതിയ ജീവിവർഗങ്ങളുടെ പ്രവേശനത്തിന് കാരണമാവുന്നു.

സംസ്കാരത്തിന്റെ സ്വാധീനം പരിസ്ഥിതിയിലുണ്ടാക്കിയ ഇത്തരം മാറ്റങ്ങൾക്ക് സമാനമായ ഉദാഹരണങ്ങൾ ഇനിയും നിങ്ങൾക്ക് കണ്ടെത്താനാവും . ഇതുമായി ബന്ധപ്പെട്ട പത്രവാർത്തകളും ചിത്രങ്ങളും ശേഖരിച്ച് സ്ലൈഡ് പ്രസന്റേഷനോ കുറിപ്പുകളോ തയാറാക്കുക.

മനുഷ്യസംസ്കാരമെന്നത് രൂപം കൊണ്ടതും നിർണയിക്കപ്പെട്ടതും പരിസ്ഥിതിയുമായി ബന്ധപ്പെട്ടാണെന്ന് നമുക്ക് കാണാൻ കഴിയും. എന്തുകൊണ്ടാണ് എസ്കിമോ വിഭാഗക്കാർ 'ഇഗ്ളൂ' എന്ന ഹിമനിർമിത ഭവനങ്ങളിൽ താമസിക്കുന്നത്? ആസ്സാമിലെ ജനങ്ങൾ മരത്തൂണുകളിൽ അവരുടെ വീടുകൾ നിർമിക്കാൻ എന്താണ് കാരണമെന്നാണ് നിങ്ങൾ കരുതുന്നത്? നിലനിൽക്കുന്ന പരിസ്ഥിതി സാഹചര്യങ്ങളാണ് ഇത്തരം സാംസ്കാരിക ഘടകങ്ങളെ രൂപപ്പെടുത്തുന്നതെന്ന് നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ഇക്കാലത്ത് നദികളിൽ നിന്നുള്ള മണലിനു പകരം കെട്ടിടനിർമാണത്തിന് മറ്റു വസ്തുക്കൾ കണ്ടെത്തുന്നതിന് ശ്രമിക്കുകയാണ്. ഈ പുതിയ ആവശ്യം എന്തുകൊണ്ടാണ്?

ചിത്രം 5.4 പരിസ്ഥിതി വാസസ്ഥലങ്ങളെ സ്വാധീനിക്കുന്നു.

മനുഷ്യരും പരിസ്ഥിതിയും സംസ്കാരവും തമ്മിൽ നിലനിൽക്കുന്ന പരസ്പരബന്ധമാണ് മുകളിലെ ചർച്ചയിൽനിന്നു നമുക്ക് മനസ്സിലാവുന്നത്. ഇക്കാര്യമാണ് പാരിസ്ഥിതികനരവംശശാസ്ത്ര ഗവേഷണത്തിന്റെയും ധാരണകളുടെയും അടിസ്ഥാനമേഖല. നരവംശശാസ്ത്രപഠനത്തിലെ താരതമ്യേന പുതിയ മേഖലയാണ് പാരിസ്ഥിതികനരവംശശാസ്ത്രം. ജൂലിയൻ സ്റ്റിവാർഡിന്റെ സംഭാവനകളോട് കൂടി ഇത് കൂടുതൽ വികസിതമായി. പരിസ്ഥിതിയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനത്തിന് സാംസ്കാരികപരിസ്ഥിതിശാസ്ത്രം (Cultural Ecology) എന്ന മേഖല വികസിപ്പിച്ചത് അദ്ദേഹമാണ്.

സാംസ്കാരികപരിസ്ഥിതിശാസ്ത്രം (Cultural Ecology)



ചിത്രം 5.5
ജൂലിയൻ സ്റ്റിവാർഡ്

പ്രശസ്ത അമേരിക്കൻ നരവംശശാസ്തജ്ഞനായ ജൂലിയൻ സ്റ്റിവാർഡ് ആണ് സാംസ്കാരികപരിസ്ഥിതിശാസ്ത്രം എന്ന ആശയം വികസിപ്പിച്ചത്. മനുഷ്യസംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള പഠനമാണ് സാംസ്കാരികപരിസ്ഥിതിശാസ്ത്രം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യസംസ്കാരത്തെ തീരുമാനിക്കുന്നത് പരിസ്ഥിതിയാണ്. പരിസ്ഥിതിയും സംസ്കാരവും വ്യത്യസ്ത മേഖലകൾ അല്ലെന്നും ഒന്ന് മറ്റൊന്നുമായി പരസ്പരാശ്രിത രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നും ഈ ആശയം വിശദീകരിക്കുന്നു. ആവശ്യങ്ങൾക്കനുസരിച്ച് താമസസ്ഥലം, ഭക്ഷണം, വസ്ത്രം തുടങ്ങിയവയ്ക്കുവേണ്ടി മനുഷ്യൻ പരിസ്ഥിതിയെ നിയന്ത്രിക്കുന്നു. വാസസ്ഥലം, വസ്ത്രം, ഗതാഗത സംവിധാനം എന്നിവയുടെ ഘടന ഭൂമിശാസ്ത്രപരമായതും പരിസ്ഥിതിപരമായതുമായ സാഹചര്യങ്ങളാൽ സ്വാധീനിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ മരുഭൂമികളിലെയും മലമ്പ്രദേശങ്ങളിലെയും നദീതടങ്ങളിലെയും സമതലപ്രദേശങ്ങളിലെയും വീടുകളുടെ ഘടന ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഭക്ഷണശീലങ്ങളിലാവട്ടെ, കാലാവസ്ഥയും ഭൂമിയും അനുസരിച്ച് നമ്മൾ വ്യത്യസ്തരാണ്. സമതലപ്രദേശങ്ങളിലെയും മലമ്പ്രദേശങ്ങളിലെയും മരുഭൂമികളിലെയും യാത്രാസംവിധാനങ്ങളും പരിസ്ഥിതിക്കനുസരിച്ച് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ജൂലിയൻ സ്റ്റിവാർഡ് ചൂണ്ടിക്കാണിക്കുന്നതുപോലെ പരിസ്ഥിതിയും സംസ്കാരവും വ്യത്യസ്തമല്ല; അവ പരസ്പരബന്ധിതവും പരസ്പരപൂരകവുമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംസ്കാരത്തിന്റെ ചില മേഖലകൾ മറ്റു മേഖലകളെ അപേക്ഷിച്ച് പരിസ്ഥിതിയുമായി കൂടുതൽ ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ അപഗ്രഥിക്കാൻ സഹായകമായ മൂന്നു പ്രധാന മേഖലകളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

- പരിസ്ഥിതിയും ഉൽപ്പാദന സാങ്കേതികവിദ്യയുമായുള്ള പരസ്പരബന്ധം.
- പെരുമാറ്റ രീതികളും ഉൽപ്പാദന സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം.
- ഈ പെരുമാറ്റരീതികൾ സംസ്കാരത്തിലെ മറ്റു മേഖലകളെ എത്രമാത്രം സ്വാധീനിക്കുന്നു എന്നത്.

ജൂലിയൻ സ്റ്റിവാർഡിന്റെ അഭിപ്രായത്തിൽ പരിസ്ഥിതിയെ നേരിട്ട് സ്വാധീനിക്കുന്ന പ്രധാന മേഖലയാണ് കാർഷികവൃത്തി. ഒരു പ്രദേശത്തെ പരിസ്ഥിതിയിലെയും പ്രകൃതിയിലെയും മാറ്റങ്ങൾ കാർഷിക ഉൽപ്പാദനക്ഷമതയെ സ്വാധീനിക്കുന്നു. പുതിയൊരു ഉൽപ്പാദന സാങ്കേതികവിദ്യ അവതരിപ്പിക്കുമ്പോൾ അത് പരിസ്ഥിതിയെ

നേരിട്ട് ബാധിക്കുന്നു. ഉദാഹരണത്തിന് കലപ്പ, ട്രാക്ടർ, ജലസേചനം, സങ്കരയിനം വിത്തുകൾ തുടങ്ങിയ സാങ്കേതികവിദ്യകൾ പരിസ്ഥിതിയിൽ മാറ്റങ്ങളുണ്ടാക്കുന്നു. അതുപോലെ ഉൽപ്പാദന സാങ്കേതികവിദ്യ മാറുമ്പോൾ അത് കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നു. അങ്ങനെ സമൂഹത്തിന്റെ സ്വാഭാവികഘടകങ്ങളായ വിപണി വ്യവസ്ഥ, ഉടമസ്ഥാവകാശം, വർഗവ്യവസ്ഥ എന്നിവയിൽ നേരിട്ടല്ലാതെ സ്വാധീനം ചെലുത്തുന്നു. പെരുമാറ്റരീതികളിൽ ഉണ്ടാവുന്ന ഇത്തരം മാറ്റങ്ങൾ രാഷ്ട്രീയഘടന, മതം എന്നിവയെയും ബാധിക്കുന്നു. പരിസ്ഥിതിയും സംസ്കാരവും തമ്മിലുള്ള ബന്ധം മനസ്സിലാക്കണമെങ്കിൽ ഇത്തരം എല്ലാം മേഖലകളെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. നിശ്ചിത സമൂഹങ്ങളും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള പഠനത്തിന് ജനസംഖ്യാ പരിസ്ഥിതിശാസ്ത്രം എന്ന മറ്റൊരു ആശയംകൂടി അദ്ദേഹം വികസിപ്പിച്ചു.

ജനസംഖ്യാപരിസ്ഥിതിശാസ്ത്രം (Population Ecology)

ജനസമൂഹങ്ങളും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനത്തിന് ജൂലിയൻ സ്റ്റിവാർഡ് അവതരിപ്പിച്ച ആശയമാണ് ജനസംഖ്യാപരിസ്ഥിതിശാസ്ത്രം. പാരിസ്ഥിതിക ജീവിസമൂഹത്തിന്റെ വിതരണത്തെ ബാധിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള പഠനമാണിത്. നിശ്ചിത ജീവിതരീതികളും പൊതു ഭക്ഷണശീലങ്ങളും അനുവർത്തിക്കുന്ന ഒരേ ഇനത്തിൽപ്പെട്ട ജീവികളുടെ പ്രാദേശിക കൂട്ടങ്ങളെയാണ് പാരിസ്ഥിതിക ജീവിസമൂഹം എന്നതുകൊണ്ട് അർഥമാക്കുന്നത്. സ്റ്റിവാർഡിന്റെ അഭിപ്രായത്തിൽ പാരിസ്ഥിതിക പ്രത്യേകതകളായ മണ്ണിന്റെ ഫലപുഷ്ടി, ജലലഭ്യത, ഊഷ്മാവ്, മഴ തുടങ്ങിയവ ജനസംഖ്യാ വിതരണത്തിൽ നേരിട്ട് സ്വാധീനം ചെലുത്തുന്നു.

സാംസ്കാരിക പരിസ്ഥിതിശാസ്ത്രം, ജനസംഖ്യാപരിസ്ഥിതിശാസ്ത്രം തുടങ്ങിയ ആശയങ്ങൾ സൂചിപ്പിക്കുന്നത് മനുഷ്യന്റെ ജൈവ സാംസ്കാരിക മേഖലകളെ പരിസ്ഥിതി സ്വാധീനിക്കുന്നു എന്നതാണ്. പരിസ്ഥിതിയുമായുള്ള ബന്ധത്തെക്കുറിച്ച് അകത്തുനിന്നും പുറത്തുനിന്നുമുള്ള കാഴ്ചപ്പാടുകൾ തീർത്തും വ്യത്യസ്തമാണ്. ഇത്തരത്തിലുള്ള അകക്കാഴ്ചകളും പുറംകാഴ്ചകളുമാണ് ഇനി വിശദീകരിക്കുന്നത്.

വംശപരിസ്ഥിതിശാസ്ത്രം (Ethno-ecology)

ഹരോൾഡ് കോൻക്ലിനും ചാൾസ് ഫ്രാങ്കും മുന്നോട്ടുവച്ച മാനുഷ-പരിസ്ഥിതി ശാസ്ത്രം അടിസ്ഥാനമാക്കിയുള്ള സമീപനമാണ് വംശീയപരിസ്ഥിതിശാസ്ത്രം. തങ്ങളുടെ സമൂഹത്തിലെ ജൈവപരമായ പാരസ്പര്യത്തെ കുറിച്ചുള്ള ഒരു സമൂഹത്തിന്റെ ധാരണകളാണ് ഇത്. പങ്കാളികളുടെ വീക്ഷണകോണുകളിൽനിന്നു പാരിസ്ഥിതിക ബന്ധത്തെ പഠിക്കുന്നതിനുള്ള ഒരു ശ്രമമാണിത്. ഓരോ സമൂഹത്തിനും പരിസ്ഥിതിയെക്കുറിച്ചുള്ള തദ്ദേശീയമായ ധാരണകളെ അറിയാൻ ശ്രമിക്കുന്ന ഒരു പ്രത്യേക സമീപനമാണ് ഇത്. സസ്യങ്ങൾ, ജന്തുക്കൾ, ഷട്പദങ്ങൾ, മറ്റ് പരിസ്ഥിതി മേഖലകൾ തുടങ്ങിയവയ്ക്കുള്ള തദ്ദേശീയമായ അഭിസംബോധനാരീതികൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അതിനോട് തദ്ദേശീയജനതയുടെ കാഴ്ചപ്പാട്, അവരുടെ സംസ്കാരം എന്നിവയൊക്കെ വംശീയപരിസ്ഥിതിശാസ്ത്രം ഉൾക്കൊള്ളുന്നു. മനുഷ്യന്റെ കടന്നുകയറ്റമില്ലാതെ സസ്യ- ജന്തുജാലങ്ങൾ സംരക്ഷിക്കപ്പെട്ടിരിക്കുന്ന

കേരളത്തിലെ കാവുകൾ വിശുദ്ധ പ്രദേശങ്ങളായി കരുതപ്പെടുന്നു. തദ്ദേശീയ രെ സംബന്ധിച്ചിടത്തോളം അത് അവരുടെ വിശ്വാസത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുമ്പോൾ പുറത്തുനിന്നുള്ള ഒരാളെ സംബന്ധിച്ചിടത്തോളം അത് ജൈവവൈവിധ്യം സംരക്ഷിക്കാനുള്ള ഒരു സംവിധാനമാണ്.

ചിത്രം 5.6
കാവിലെ ഒരു ആരാധനാമൂർത്തി

ഇതുപോലെ പരിസ്ഥിതിയെക്കുറിച്ച് അകത്തുള്ളവരും പുറത്തുള്ളവരും മുന്നോട്ടുവയ്ക്കുന്ന വ്യത്യസ്ത കാഴ്ചപ്പാടുകൾ നിങ്ങൾക്ക് കണ്ടെത്താം. എങ്ങനെയാണ് അവരറിയാതെതന്നെ അവരുടെ ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെടുന്നതെന്ന് മനസ്സിലാക്കാം. നിങ്ങളുടെ ചുറ്റുപാടുമുള്ള പ്രാദേശികമായി സസ്യങ്ങൾക്കും ജന്തുക്കൾക്കും ഷഡ്പദങ്ങൾക്കും ഉള്ള പേരുകൾ പട്ടികപ്പെടുത്തുക.

മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം നാം ചർച്ചചെയ്തല്ലോ. പക്ഷേ, ഈ ബന്ധത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. ഇതുമായി ബന്ധപ്പെട്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ നമുക്ക് പരിശോധിക്കാം.

പാരിസ്ഥിതികനിർണയവാദം (Environmental Determinism)

മനുഷ്യജീവിതത്തിലെ എല്ലാ മേഖലകളും നിർണയിക്കുന്നതിൽ പരിസ്ഥിതിക്ക് സുപ്രധാന പങ്കുണ്ടെന്നാണ് പ്രകൃതിനിർണയവാദം വിശദീകരിക്കുന്നത്. മനുഷ്യന്റെ വ്യക്തിത്വം, ശാരീരിക പ്രത്യേകതകൾ, ജനസംഖ്യാവലുപ്പം, ആരോഗ്യം, ധാർമികത, ഭൗതികസംസ്കാരം എന്നിവ രൂപപ്പെടുത്തുന്നതിൽ പരിസ്ഥിതിക്കുള്ള പങ്ക് ഉറപ്പിച്ചു പറയുകയാണ് ഈ ആശയം. ഇതുമായി ബന്ധപ്പെട്ട് പ്രമുഖ പണ്ഡിതരുടെ കാഴ്ചപ്പാടുകൾ പരിശോധിക്കാം.

- ഹിപ്പോക്രാറ്റസിന്റെ അഭിപ്രായത്തിൽ മനുഷ്യശരീരം മഞ്ഞ, കറുപ്പ് നിറങ്ങളിലുള്ള പിത്തരസങ്ങൾ, കഫം, രക്തം എന്നിവ അടങ്ങിയതാണ്. ഇവയുടെ സന്തുലിതാവസ്ഥ പൂർണ ആരോഗ്യത്തിന് ആവശ്യമാണ്. കാലാവസ്ഥയാണ് ഈ ധാതുക്കൾക്ക് കാരണം. നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നത് പാരിസ്ഥിതികഘടകങ്ങൾ കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു എന്നാണ്.
- രാഷ്ട്രീയസംവിധാനങ്ങളിൽ കാലാവസ്ഥയുടെ പ്രാധാന്യത്തെക്കുറിച്ച് പ്ലേറ്റോയും അരിസ്റ്റോട്ടിലും വിശദീകരിക്കുന്നു. മിതശീതോഷ്ണമേഖലയായ ഗ്രീസിൽ ജനാധിപത്യസർക്കാറിന് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയാണെന്നും ശൈത്യമേഖലകളിൽ നൈപുണികളുടെയും കഴിവുകളുടെയും അഭാവം കാരണം യഥാർഥ രൂപത്തിലുള്ള സർക്കാറുകൾ ഇല്ല എന്നും അവർ അഭിപ്രായപ്പെടുന്നു.

- പത്തൊമ്പതാം നൂറ്റാണ്ടിൽ ചാൾസ് ഡാർവിൻ, ജൈവപരിണാമത്തിൽ ഭൗതികപരിസരിതിക്കുള്ള പ്രാധാന്യത്തെ ഊന്നിപ്പറയുന്നു. അദ്ദേഹം ജൈവവൈവിധ്യത്തെ പ്രകൃതിയുടെ സ്വാധീനത്തിനുള്ള ഒരു ഉദാഹരണമായി കാണുന്നു.
- ഭൗതികസംസ്കാരത്തെയും സാങ്കേതികവിദ്യയെയും സ്വാധീനിക്കുന്നത് പരിസരിതിയാണെന്ന് വിശ്വസിക്കപ്പെടുന്നു. ഗതാഗത- വാർത്താവിനിമയ സംവിധാനങ്ങൾ, വീടുകളുടെ ഘടന, വസ്ത്രധാരണരീതി, ഭക്ഷണ ശീലങ്ങൾ എന്നിവ പരിസരിതിയാൽ നിർണയിക്കപ്പെടുന്നു.

സംസ്കാര-പരിസ്ഥിതി അവിച്ഛിന്നത (Culture-Environment Continuum)

'സംസ്കാരത്തെ പരിസ്ഥിതിയിൽനിന്നും ചേഷ്ടകളെ (Behaviour) ജീവശാസ്ത്രത്തിൽനിന്നും വേർതിരിക്കാനാണ് പരിസ്ഥിതിവാദവും സാധ്യതാവാദവും ശ്രമിക്കുന്നത്. യഥാർഥത്തിൽ അവയെ രണ്ടു വ്യത്യസ്ത അസ്തിത്വങ്ങളായാണ് പരിഗണിക്കപ്പെടുന്നത്. ഈ തുടർച്ചയുടെ ഒരറ്റത്ത് സംസ്കാരത്തെ നിഷ്ക്രിയമായ ഒന്നായി കാണുകയും പരിസ്ഥിതിയെ സംസ്ക്കാരത്തെ നിശ്ചിത ക്രമത്തിനനുസരിച്ച് പരുവപ്പെടുത്തുന്ന സക്രിയശക്തിയായി പരിഗണിക്കുകയും ചെയ്യുന്നു. മറ്റേ അറ്റത്താവട്ടെ, നിഷ്ക്രിയമായ പരിസ്ഥിതിയെ പുനക്രമീകരിക്കുന്ന സജീവമായ ശക്തിയാണ് സംസ്കാരം. '

ചുരുക്കത്തിൽ, ലോകത്തിലെ വിവിധഭാഗങ്ങളിലുള്ള ജനങ്ങളുടെ ജീവിതരീതികൾ പരിസ്ഥിതിയാൽ നിർണയിക്കപ്പെടുന്നു എന്ന് അനുമാനിക്കാം.

പാരിസ്ഥിതികസാധ്യതാവാദം (Environmental Possibilism)

സംസ്കാരരൂപീകരണത്തിൽ ഭൗതികപരിസ്ഥിതി പരിമിതമായ പങ്കുവഹിക്കുന്നു എന്നാണ് പരിസരിതിസാധ്യതാവാദം പറയുന്നത്. ചില പ്രത്യേക സാംസ്കാരിക ഘടകങ്ങൾ എല്ലാ പരിസരിതിയിലും കാണുന്നത് എന്തുകൊണ്ട് എന്ന് പരിസരിതി സാധ്യതാവക്താക്കൾ ചോദിക്കുന്നു. പരിസരിതിയുടെ രൂപൽക്കരണത്തിൽ സംസ്കാരത്തിന് പരിമിതമായ പങ്കുണ്ടെന്ന് അവർ പറയുന്നു. ഇതാണ് പരിസ്ഥിതിസാധ്യതാവാദത്തിന്റെ അടിസ്ഥാനം.

സാംസ്കാരികവികസനം നിർണയിക്കുന്നതിൽ പരിസ്ഥിതിക്ക് നിർണായക പങ്കില്ലെന്നും മറിച്ച് പരിധി നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നതെന്നും പരിസ്ഥിതി സാധ്യതാവാദം പറയുന്നു. സംസ്കാരവികാസത്തിൽ പരിസരിതിയുടെ പങ്ക് ഇവർ ഒരിക്കലും നിഷേധിക്കുന്നില്ല. സംസ്കാരം വേരുറപ്പിച്ചിരിക്കുന്നത് പരിസരിതിയിലാണ് എന്നത് സത്യമാണ്. അതുകൊണ്ടുതന്നെ പരിസരിതിയുമായി ബന്ധപ്പെടുത്താതെ അതിനെ മനസ്സിലാക്കാൻ കഴിയില്ല. എന്നാൽ അത് നിർമ്മിക്കുന്നത് പരിസ്ഥിതിയല്ല. അതിനാൽ പരിസ്ഥിതിക്ക് സംസ്കാരത്തിൽ പരിമിതമായ പങ്ക് മാത്രമേ ഉള്ളൂ.

ഒരു മരുഭൂമിപ്രദേശത്തിന്റെ സാംസ്കാരികവികാസത്തിന്റെ പരിധി എങ്ങനെയാണ് അവിടത്തെ പരിസരിതിയാൽ നിയന്ത്രിക്കപ്പെടുന്നത് എന്ന് നിങ്ങൾക്ക് പരിശോധിക്കാമോ? ഇതേ സാഹചര്യം നമുക്ക് കേരളത്തിന്റെ സാഹചര്യത്തിലും നിരീക്ഷിക്കാവുന്നതാണ്. കേരളത്തിലെ സാമ്പത്തികവികസനം എന്നത് പൂർണമായും ഇവിടത്തെ

പാരിസ്ഥിതികസാഹചര്യങ്ങളെ അടിസ്ഥാനമാക്കി മാത്രമല്ല. വിദ്യാഭ്യാസം, രാഷ്ട്രീയബോധം, ഗൾഫ്പണം തുടങ്ങിയ നിരവധി ഘടകങ്ങൾ ഇതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക അവസ്ഥകൾ സ്ഥിരമായി നിൽക്കുകയില്ല എന്ന് നമുക്കറിയാം. അത് അതിവേഗത്തിലുള്ള മാറ്റങ്ങൾക്കു വിധേയമാകുന്നു. നിങ്ങൾക്ക് ഉദാഹരണങ്ങൾ നൽകാൻ സാധിക്കുമോ? ഒരു പ്രദേശത്തെ സസ്യങ്ങളും ജന്തുക്കളും കാലാവസ്ഥയും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഈ മാറ്റങ്ങൾക്കനുസരിച്ച് ജീവിവർഗങ്ങളും അവയുടെ നിലനിൽപ്പിന് ഉതകുംവിധം ചുറ്റുപാടുകളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയുമായി എങ്ങനെയാണ് മനുഷ്യൻ പൊരുത്തപ്പെടുന്നത്? ഇതിന്റെ ഉത്തരം നമ്മെ നയിക്കുന്നത് പാരിസ്ഥിതിക നരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന പഠനമേഖലയായ പാരിസ്ഥിതിക സാംസ്കാരിക അനുകൂലനങ്ങളിലേക്കാണ്.

അനുകൂലനം (Adaptation)

മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാനുള്ള ജീവികളുടെ കഴിവും ശേഷിയുമാണ് അനുകൂലനം. പാരിസ്ഥിതികപഠനങ്ങളുടെ കേന്ദ്ര ആശയമാണിത്. ഒരു ജീവിവർഗം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങളും പരിസ്ഥിതി ജീവികളിൽ ഉണ്ടാക്കുന്ന മാറ്റങ്ങളും അടങ്ങിയ പരസ്പരപ്രവർത്തനമാണ് അനുകൂലനങ്ങൾ എന്നതുകൊണ്ട് അർഥമാക്കുന്നത്. ഒരു നിശ്ചിത പരിസ്ഥിതി സാഹചര്യത്തിൽ അതിജീവിക്കാനുള്ള ജീവിയുടെ കഴിവാണ് ഇത്. അങ്ങനെ അനുകൂലനം എന്നത് മാറിക്കൊണ്ടിരിക്കുന്ന ചുറ്റുപാടിൽ നിലനിൽക്കാനും പ്രത്യുൽപ്പാദനം നടത്താനുമായി ഒരു ജീവിയുടെ ഘടനയിലും ധർമ്മത്തിലും ഉണ്ടാവുന്ന മാറ്റമാണ് അനുകൂലനം.

വിവിധതരം അനുകൂലനങ്ങൾ (Types of Adaptations)

മറ്റെല്ലാ ജീവജാലങ്ങളെയും പോലെ മനുഷ്യരും ആവാസവ്യവസ്ഥയുമായി ഒരു അനുകൂലനബന്ധം നിലനിർത്തുന്നു. ഭൂമിയിൽ വ്യത്യസ്ത കാലാവസ്ഥാമേഖലകൾ നിലനിൽക്കുന്നുണ്ട്. അവിടങ്ങളിൽ താമസിക്കുന്ന മനുഷ്യർ സാംസ്കാരികനവീകരണം വഴി അവരുടെ ചുറ്റുപാടുകളോട് നിരന്തരം മല്ലടിക്കുകയും ചെയ്യുന്നു. അനുകൂലനം എന്ന പ്രക്രിയയുടെ ഭാഗമായി മനുഷ്യരിൽ തൊലിയുടെ നിറം, മുടിയുടെ നിറം, ശരീരഘടന തുടങ്ങിയ ജൈവ പ്രത്യേകതകളിൽ പരിസ്ഥിതിയുടെ സ്വാധീനം കാണാൻ സാധിക്കും. മാറുന്ന പരിസ്ഥിതിക്ക് അനുസരിച്ച് വ്യത്യസ്ത സാംസ്കാരിക ഘടകങ്ങളും ഘടകസഞ്ചയങ്ങളും വികസിച്ചുവരുന്നു. ഇത്തരം ചില ഘടകങ്ങൾ ജന്മനാൽതന്നെ ലഭിക്കുന്നു. മൂന്നു തരത്തിലുള്ള അനുകൂലനങ്ങളാണ് ഉള്ളത്-ശാരീരികമായ അനുകൂലനങ്ങൾ, ജനിതക അനുകൂലനങ്ങൾ, പെരുമാറ്റരീതിപരമായ അഥവാ സാംസ്കാരിക അനുകൂലനങ്ങൾ എന്നിവയാണവ.

ശാരീരികമായ അനുകൂലനങ്ങൾ (Physiological Adaptations): ഭൗതിക ശരീരവും പരിസ്ഥിതിയും തമ്മിലുള്ള ക്രമീകരണങ്ങൾവഴിയാണ് ശരീരധർമ്മ പരമായ അനുകൂലനങ്ങൾ സാധ്യമാവുന്നത്. ദുർബലർ നശിക്കുകയും ബലവാൻമാർ നിലനിൽക്കുകയും ചെയ്യുന്നു. ശാരീരികമായ അനുകൂലനങ്ങളിൽ ഒരു വ്യക്തിക്ക് മാറ്റാൻ പറ്റുന്നതും പറ്റാത്തതുമായ ശാരീരിക പ്രതികരണങ്ങൾ ഉൾപ്പെടുന്നു. മാറ്റാൻ പറ്റുന്ന തരത്തിൽ പാരിസ്ഥിതിക സമ്മർദ്ദങ്ങളോടുള്ള ശാരീരിക പൊരുത്തപ്പെട ലുകളെയാണ് അനുരൂപീകരണം (Acclimatization) എന്നു പറയുന്നത്. ഒരു വ്യക്തി സമുദ്രനിരപ്പിൽ നിന്നും ഉയർന്ന പ്രദേശങ്ങളിലേക്ക് കുടിയേറുമ്പോൾ ശ്വസന നിരക്കിലുള്ള വർധനവ്, ഹൃദയമിടിപ്പിലുള്ള വർധനവ്, എന്നിവയുടെ ഫലമായി രക്തത്തിലെ ഹീമോഗ്ളോബിന്റെ അളവിൽ വർധനവ് ഉണ്ടാകുന്നു. ശൈത്യകാലാവസ്ഥയിൽ താപനഷ്ടം ഒരു പ്രധാന പ്രശ്നമാണ്. രക്തക്കുഴലുകൾ ചുരുക്കി രക്തചംക്രമണം കുറച്ചും ശരീരത്തിൽ വിറയൽ പ്രതികരണം സൃഷ്ടിച്ച് ഭക്ഷണത്തിന്റെ ഉപാപചയനിരക്ക് കൂട്ടിയും ശരീരത്തിൽ നിന്നുള്ള താപനഷ്ടം കുറയ്ക്കുന്നു. നേരെ മറിച്ച് , ചൂടുള്ള കാലാവസ്ഥകളിൽ അമിത താപമെന്ന പ്രാഥമികപ്രശ്നം പരിഹരിക്കാൻ രക്തക്കുഴലുകൾ വികസിക്കുന്നു. ഇവിടെ വികിരണം വഴിയും വിയർക്കൽ വഴിയും കൂടുതൽ ചൂട് പുറമേക്ക് കളയുന്നു. വ്യത്യസ്ത പരിസ്ഥിതിക്കനുസരിച്ച് രൂപാന്തരപ്പെടാനുള്ള ജൈവഘടകങ്ങളുടെ ശേഷിക്ക് രൂപാന്തരീകരണം (Plasticity) എന്നു പറയുന്നു. കൂടുതൽ ഉയരമുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ കാണപ്പെടുന്ന കൂടിയ ശ്വാസകോശശേഷിയും കുറഞ്ഞ അസ്വിവളർച്ചാനിരക്കും ആണ് രൂപാന്തരീകരണം കൊണ്ട് അർഥമാക്കുന്നത്.

ആഫ്രിക്ക, ദക്ഷിണേന്ത്യ, ആസ്ട്രേലിയ, മെലനേഷ്യ എന്നിവിടങ്ങളിലെ താമസക്കാർ ജീവശാസ്ത്രപരമായ അനേകം ഘടകങ്ങളിൽ കാര്യമായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കുന്നുവെങ്കിലും പൊതുവായി കറുത്ത നിറമുള്ള തൊലിയോടു കൂടിയവരാണ്. കൂടുതൽ വർണകണങ്ങളോടു കൂടിയ കറുത്ത തൊലി അൾട്രാവയലറ്റ് വികിരണങ്ങളുടെ പ്രവേശനം തടഞ്ഞ് ദോഷകരമായരീതിയിൽ കൂടുതൽ വിറ്റമിൻ ഡി ഉൽപാദിപ്പിക്കപ്പെടുന്നത് ഇല്ലാതാക്കുന്നു. ശൈത്യകാലാവസ്ഥയിലാവട്ടെ വർണകണങ്ങൾ കുറഞ്ഞവർക്ക് വർണകണങ്ങൾ കൂടിയവരേക്കാൾ ശീതാഘാതം ഏൽക്കാനുള്ള സാധ്യത കുറവാണ്. മൂക്കിന്റെ രൂപവും വിവിധ പരിസ്ഥിതിഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്നു. തണുത്ത കാലാവസ്ഥയിൽ മൂക്ക് വീതി കുറഞ്ഞതായിത്തീരുന്നു. ആർടിക് പ്രദേശത്തെ എസ്കിമോ വിഭാഗക്കാരിലാണ് ഏറ്റവും വീതി കുറഞ്ഞ മൂക്ക് കാണപ്പെടുന്നത്. എന്നാൽ ഭൂമധ്യരേഖാ പ്രദേശത്തുള്ള നിഗ്രോ വർഗക്കാരിൽ വീതി കൂടിയ മൂക്ക് കാണപ്പെടുന്നു.

(ബി.എം.ദാസ് - ഇൻട്രൊഡക്ഷൻ ടു ഫിസിക്കൽ ആന്ത്രോപോളജി)

ജനിതക അനുകൂലനങ്ങൾ (Genetic Adaptations) : ജനിതകപ്രതികരണങ്ങൾ പൊതുവെ സാവധാനത്തിലുള്ളവയാണ്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ദീർഘകാലം നിലനിൽക്കുന്നതാണെങ്കിൽ ശാരീരികപ്രതികരണങ്ങൾ കൂടുതൽ സ്ഥിരസ്വഭാവമുള്ള ജനിതക അനുകൂലനങ്ങളിലേക്ക് മാറ്റപ്പെടുന്നു. ജീവികളുടെ നിലനിൽപ്പിന് അഭികാമ്യമല്ലാത്ത ജനിതക അനുകൂലനങ്ങൾ നീക്കം ചെയ്യപ്പെടുകയും അനുഗുണമായവ നിലനിൽക്കുകയും ചെയ്യുന്നു. ജീവപരിണാമമെന്നത് പ്രധാനമായും

പ്രകൃതിനിർധാരണം വഴി സംഭവിക്കുന്ന സ്ഥിരമായ ജനിതകമാറ്റങ്ങളാണ്. വ്യക്തികൾക്കിടയിലെ വ്യതിയാനങ്ങൾക്ക് കാരണം ജനിതകവ്യത്യാസങ്ങളാണ്. അവ രക്ഷിതാക്കളിൽനിന്നു സന്തതികളിലേക്ക് കൈമാറ്റപ്പെടുകയും ചെയ്യുന്നു. ജനിതക തലത്തിലുള്ള മാറ്റങ്ങൾക്ക് അനേകം തലമുറകൾ ആവശ്യമാണ്.

പെരുമാറ്റപരമായ അഥവാ സാംസ്കാരികമായ അനുകൂലനങ്ങൾ (Behavioural or Cultural Adaptations) : ഒരു ജീവിയിലുണ്ടാകുന്ന ഏറ്റവും വേഗം കൂടിയ പ്രതികരണമാണ് പെരുമാറ്റപരമായ അനുകൂലനങ്ങൾ. സാംസ്കരിക പെരുമാറ്റമെന്ന രീതിയിൽ ഒരു ജീവിയിലോ ഒരു കൂട്ടം ജീവികളിലോ ഉണ്ടാവുന്ന അനുകൂലപ്രതികരണമാണ് പെരുമാറ്റപരമായ അനുകൂലനം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് പരിസ്ഥിതി-സാംസ്കാരിക അനുകൂലനങ്ങൾ എന്നും അറിയപ്പെടുന്നു. ഇരതേടുന്ന ജീവിയിൽനിന്ന് ഓടിരക്ഷപ്പെടുന്ന ജീവികളും സൂര്യന്റെ ചൂടിൽനിന്നു തണലിലേക്ക് മാറി നിൽക്കുന്ന ജീവികളും തണുത്ത കാലാവസ്ഥയിൽ ചൂട് നിലനിർത്താൻ തീക്കൂട്ടുന്നതും ഇവയ്ക്ക് ഉദാഹരണങ്ങളാണ്. അതുപോലെ തണുപ്പു കാലാവസ്ഥയിൽ കമ്പിളിവസ്ത്രം ധരിക്കുന്നതും ചൂടുകാലത്ത് പരുത്തിവസ്ത്രങ്ങൾ ധരിക്കുന്നതും പരിസ്ഥിതി-സാംസ്കാരിക അനുകൂലനത്തിന് ഉദാഹരണങ്ങളാണ്. പെട്ടെന്നുള്ള ഇത്തരം പ്രവർത്തനങ്ങൾ പരിസ്ഥിതിയിലെ താൽക്കാലികമാറ്റങ്ങളോടുള്ള പ്രതികരണങ്ങളാണ്.

പെരുമാറ്റപരമായ ഇത്തരം അനുകൂലനങ്ങൾ എല്ലായ്പ്പോഴും സാംസ്കാരിക ഘടകങ്ങളുടെ സഹായത്തോടെയാണ് നടക്കുന്നത്. മാറുന്ന ചുറ്റുപാടുകളോടുള്ള അനുകൂലനത്തിന് സാങ്കേതികവും സംഘാടനപരവും ആശയപരവുമായ സാംസ്കാരിക ഘടകങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നത് സാങ്കേതികവിദ്യ വഴിയാണ്. ജനസംഖ്യാവർധനവോടുകൂടി വർധിച്ച ആവശ്യങ്ങൾ നേരിടാൻ മനുഷ്യർ കൂടുതൽ കാര്യക്ഷമമായ സാങ്കേതികവിദ്യകളായ കുഴിവടി, അമ്പും വില്ലും, കലപ്പ എന്നിവ വികസിപ്പിച്ചു. അതുപോലെ സാമൂഹികസംഘാടനത്തിന്റെ ഘടകങ്ങളായ കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തികഘടന എന്നിവ സാമൂഹികജീവിതത്തിന്റെ സുഗമമായ പൊരുത്തപ്പെടലുകൾക്കായി നിലവിൽവന്നു. സംസ്കാരത്തിന്റെ ആശയപരമായ ഘടകങ്ങളായ മൂല്യവ്യവസ്ഥ, പൊതുരീതികൾ, ധാർമികത, വിജ്ഞാനം എന്നിവ വ്യക്തികളുടെയും സമൂഹത്തിന്റെയും പെരുമാറ്റങ്ങളെ നിയന്ത്രിക്കാനായി രൂപംകൊണ്ടു.

മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നതിന് നിങ്ങളുടെ സമൂഹം അനുവർത്തിക്കുന്ന വിവിധ രീതികൾ കണ്ടെത്തുക. പ്രാദേശികമായി നിങ്ങൾ കണ്ടെത്തുന്ന മൂന്നു തരം അനുകൂലനങ്ങൾ ഉൾപ്പെടുത്തി ഒരു ലേഖനം തയാറാക്കുക.

വിവിധ ഭൂപ്രദേശങ്ങളിൽ പെരുമാറ്റപരമായ അനുകൂലനങ്ങൾ വ്യത്യസ്ത രീതികളിലാണ് നടക്കുന്നത്. സാംസ്കാരികവികാസത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ പൊരുമാറ്റപരമായ അനുകൂലനങ്ങൾ എങ്ങനെയാണ് സംഭവിക്കുന്നതെന്ന് നമുക്കിനി കണ്ടെത്താം.

പരിസ്ഥിതി–സാംസ്കാരിക അനുകൂലനങ്ങൾ വിവിധ ഘട്ടങ്ങളിൽ (Eco-cultural Adaptation at Different Stages)

നാം നേരത്തേ കണ്ടതുപോലെ എല്ലാ മാനവസമൂഹങ്ങളിലെയും നിലനിൽപ്പിനുള്ള ഏറ്റവും പ്രധാന സംവിധാനങ്ങളിലൊന്നാണ് പരിസ്ഥിതി–സാംസ്കാരിക അനുകൂലനങ്ങൾ. വ്യത്യസ്തങ്ങളും തുടർച്ചയായുള്ളതുമായ മനുഷ്യസംസ്കാരത്തിന്റെ വിവിധ വികാസഘട്ടങ്ങളിൽ ഇതു നിരീക്ഷിക്കാവുന്നതാണ്. സാംസ്കാരിക വികാസത്തിന്റെ ആദ്യഘട്ടം ഏതാണെന്നാണ് നിങ്ങൾ കരുതുന്നത്? ചുറ്റുപാടുകളിൽനിന്നു ലഭിക്കുന്ന ഭക്ഷണവിഭവങ്ങൾ ശേഖരിച്ചാണ് മനുഷ്യർ പാരിസ്ഥിതിക അനുകൂലനത്തിന്റെ ആദ്യഘട്ടങ്ങളിൽ ജീവിച്ചത്. തുടർന്നു വരുന്ന കാലങ്ങളിൽ അത് പുതിയ പുതിയ അനുകൂലനങ്ങളിലേക്ക് നയിച്ചു. സാംസ്കാരിക ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ മനുഷ്യർ അനുവർത്തിച്ചുവന്ന വിവിധ രീതികളാണ് താഴെ നൽകിയിരിക്കുന്നത്.

1. വേട്ടയും ശേഖരണവും
2. മൃഗപരിപാലനഘട്ടം
3. പുനംകൃഷി
4. കൃഷി
4. വ്യാവസായിക ഘട്ടം

മേൽപ്പറഞ്ഞ ഓരോ ഘട്ടവും വിശദമായി പരിശോധിക്കാം.

വേട്ടയും ശേഖരണവും (Hunting and Gathering) : ഭക്ഷണശേഖരണ ഘട്ടങ്ങളിൽ സാക്ഷരപൂർവസമൂഹം ഉപജീവനത്തിനു വേണ്ടി വനവിഭവങ്ങളെ ആശ്രയിച്ചിരുന്നു. കാട്ടുസസ്യങ്ങളുടെ പഴങ്ങളും ധാന്യങ്ങളും കിഴങ്ങുകളും വേരുകളും ആയിരുന്നു ഈ കാലഘട്ടത്തിലെ പ്രധാന ഭക്ഷ്യവിഭവം. വേട്ടായാടി ഭക്ഷണശേഖരണം നടത്തുന്ന ജനങ്ങൾ മൃഗപരിപാലനമോ കൃഷിയോ നടത്തിയിരുന്നില്ല. അവരുടെ സംസ്കാരത്തെ രൂപപ്പെടുത്തിയത് പരിസ്ഥിതിയാണ്. കാലാവസ്ഥാമാറ്റത്തിനനുസരിച്ച് അവർ ഭക്ഷണ ശീലങ്ങൾ മാറ്റുന്നു. വനങ്ങളിൽനിന്നു ലഭിക്കുന്ന വിഭവങ്ങളാണ് അവർ ഭക്ഷണത്തിനുപയോഗിച്ചിരുന്നത്. പഴങ്ങളാണ് സുലഭമായി ലഭിച്ചിരുന്നതെങ്കിൽ അവർ അതിനെ ആശ്രയിച്ചിരുന്നു. പഴങ്ങളുടെ ലഭ്യത കുറയുമ്പോൾ അവർ ഇലകളും കിഴങ്ങുകളും വേരുകളും കായകളും ഭക്ഷണമാക്കുന്നു. വേട്ടായാടിയ മൃഗങ്ങളുടെ മാംസം അവർ ഭക്ഷിക്കുന്നു. മൃഗങ്ങളുടെ തോലും മരങ്ങളുടെ ഇലകളുമാണ് വസ്ത്രമായി ഉപയോഗിച്ചിരുന്നത്. കല്ലുകളും മൃഗങ്ങളുടെ കൊമ്പുകളും എല്ലുകളുമായിരുന്നു ഉപകരണ നിർമാണത്തിനുപയോഗിച്ചത്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു രക്ഷപ്പെടാൻ അവരുപയോഗിച്ചിരുത് പ്രകൃതിദത്തമായ ഗുഹകളും മരക്കൊമ്പുകളുമാണ്. താമസസ്ഥലങ്ങളുടെ നിർമ്മാണത്തിന് മരക്കമ്പുകളാണ് ഉപയോഗിച്ചിരുന്നത്.

ഭക്ഷണവും വെള്ളവും തേടി അവർ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് അലഞ്ഞു. ഭക്ഷണലഭ്യത കൂടിയസമയത്ത് അവർ വലിയ കൂട്ടങ്ങളായി സഞ്ചരിച്ചു. നേരെ മറിച്ച്, ഭക്ഷണക്ഷാമം നേരിടുമ്പോഴൊക്കെ ചെറുസംഘങ്ങളായി പിരിയുകയും വനത്തിന്റെ

വിവിധ ഭാഗങ്ങളിലേക്കു സഞ്ചരിക്കുകയും ചെയ്തു. പുരുഷൻമാർ വേട്ടയ്ക്ക് നേതൃത്വം നൽകിയപ്പോൾ സ്ത്രീകൾ ഭക്ഷ്യശേഖരണം നടത്തിയിരുന്നു.



ചിത്രം 5.7 വേട്ടും ശേഖരണവും- ഒരു ഛായാചിത്രം

വേട്ടയും ശേഖരണവും നടത്തി വന്ന സമൂഹത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ആഫ്രിക്കയിലെ കലഹാരി മരുഭൂമിയിലെ ബുഷ്മെൻ ഗോത്രവിഭാഗം. മഴക്കാലങ്ങളിൽ ഈ വിഭാഗക്കാർ വിശാലമായ പ്രദേശങ്ങളിൽ താമസിക്കുകയും. നാടോടിജീവിതം നയിക്കുകയും ചെയ്തു വന്നു. ഈ സമയങ്ങളിൽ അവർ വനവിഭവങ്ങൾ ശേഖരിക്കുകയും ചെറുമൃഗങ്ങളെ വേട്ടയാടുകയും ചെയ്തു. എന്നാൽ വേനൽക്കാലത്ത് അവർ ജലസ്രോതസ്സുകൾക്ക് ചുറ്റും താമസമാക്കുകയും ജലം തേടിയെത്തുന്ന വലിയ മൃഗങ്ങളെ വേട്ടയാടുകയും ചെയ്യുന്നു. പരിമിതമായ സാങ്കേതികവിദ്യകൾ മാത്രമുള്ള ഇവർ മൃഗങ്ങൾ സഞ്ചരിക്കുന്ന വഴികളിൽ കുഴികൾ നിർമിച്ച് അവയെ പിടിക്കുകയാണ് ചെയ്തിരുന്നത്.

ചിത്രം 5.8 കലഹാരി മരുഭൂമിയിലെ ബുഷ്മെൻ വിഭാഗക്കാർ

ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ച് വേട്ടയും ശേഖരണവും നടത്തുന്ന ആളുകൾ മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയോട് പൊരുത്തപ്പെട്ടു. ജനസംഖ്യ വർധിച്ചപ്പോൾ ലഭ്യമായ വിഭവങ്ങളുടെ ആവശ്യകതയും വർധിച്ചു. സ്വാഭാവികമായും ഇത് കൂടുതൽ മെച്ചപ്പെട്ട മൃഗപരിപാലനം എന്ന വ്യവസായിലേക്ക് നയിച്ചു.

മൃഗപരിപാലനഘട്ടം (Pastoral Stage): മൃഗങ്ങളെ വളർത്തലും പരിപാലനവും ആരംഭിച്ചതോടുകൂടിയാണ് മൃഗപരിപാലനഘട്ടം തുടങ്ങുന്നത്. മൃഗപരിപാലനം നടത്തിയവർ അർധ-നാടോടികളായിരുന്നു. മൃഗങ്ങൾക്കുള്ള ഭക്ഷണവും തേടി അവർ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് അലഞ്ഞു. കാലാവസ്ഥാവ്യതിയാനങ്ങൾക്കനുസൃതമായി തങ്ങളുടെ മൃഗങ്ങളുമായി ഒരു പ്രദേശത്തു നിന്ന് മറ്റൊരു പ്രദേശത്തേക്ക് സഞ്ചരിക്കുന്ന തരത്തിലുള്ള ഈ കുടിയേറ്റം ഭിന്നനാടോടിത്തം (Transhumance) എന്നറിയപ്പെടുന്നു.

കൃഷി സാധ്യമല്ലാത്ത പുൽമേടുകളിലെ പ്രത്യേക അനുകൂലനമായിരുന്നു മൃഗപരിപാലനം. കന്നുകാലികൾ അവരുടെ സ്വത്തിന്റെയും സമ്പത്തിന്റെയും സമൂഹിക

ചിത്രം 5.9 ലഡാക്കിലെയും കാശ്മീരിലെയും ഗുജ്ജാർ വിഭാഗക്കാർ

പദവിയുടെയും അടയാളമായിരുന്നു. കന്നുകാലികൾ അവർക്ക് പാലും മാംസവും നൽകി. കൂടുതൽ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പാൽ ഉൽപ്പന്നങ്ങളായ വെണ്ണ, നെയ്യ് എന്നിവയും ഉണക്കിയ മാംസവും തയാറാക്കപ്പെട്ടു. മൃഗങ്ങളുടെ ചാണകം ഇന്ധനമായി ഉപയോഗിച്ചിരുന്നു. ലിംഗ പദവിയും പ്രായവും പരിഗണിച്ചാണ് തൊഴിൽവിഭജനം നടത്തിയിരുന്നത് . പ്രായപൂർത്തിയായ പുരുഷന്മാർ സാധാരണയായ മൃഗങ്ങളെ മേയ്ക്കുന്നതിൽ ഏർപ്പെടുന്നു. അതേസമയം സ്ത്രീകളും കുട്ടികളും വനവിഭവങ്ങളും ജലവും ശേഖരിക്കുന്നതിൽ വ്യാപൃതരായിരുന്നു. മൃഗപരിപാലനസമുദായങ്ങളുമായി ഭക്ഷണം കൈമാറ്റം ചെയ്തിരുന്നു. നീലഗിരിക്കുന്നുകളിലെ എരുമകളെ മേയ്ക്കുന്ന തോഡാ വിഭാഗക്കാരും ചെമ്മരിയാടുകളെ മേയ്ക്കുന്ന കാശ്മീരിലെ ഗുജ്ജാർ വിഭാഗക്കാരും പന്നികളെ പരിപാലിക്കുന്ന ന്യൂഗിനിയയിലെ ഷെമ്പാഗോ വിഭാഗക്കാരും മൃഗപരിപാലനസമൂഹങ്ങൾക്ക് ഉദാഹരണങ്ങളാണ്.

നിങ്ങളുടെ പ്രദേശത്തെ ആധുനിക മൃഗപരിപാലകർ എങ്ങനെയാണ് മാറിയ ചുറ്റുപാടുകളുമായി പൊരുത്തപ്പെടുന്നത് എന്നതിനെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.

ആദ്യകാല മനുഷ്യർക്ക് ഭക്ഷണസാധനങ്ങൾ കൂടുതൽ ആവശ്യം വന്നപ്പോൾ പുതിയ സാമ്പത്തികരീതികളിലേക്ക് തിരിഞ്ഞു. സാവധാനം അവർ ഭക്ഷ്യോൽപ്പാദന കല പഠിച്ചെടുക്കുകയും അവരുടെ നിലവിലുള്ള ഉപജീവനമാതൃക മാറ്റാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. ഇത് താരതമ്യേന ഉയർന്ന നിലയിലുള്ള അനുകൂലനമായ പുനംകൃഷിയിലേക്ക് നയിച്ചു.

പുനംകൃഷി (Shifting Cultivation) : കുന്നിൻപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ സാധാരണയായി അനുവർത്തിച്ചുവന്ന പ്രത്യേകതരം ജീവിതോപാധിയാണിത്. ലളിതമായ സാങ്കേതികവിദ്യകൾ മാത്രം ഉപയോഗിക്കുന്ന ആദ്യകാല കൃഷി രീതിയാണ് ഇത്. പുനംകൃഷിയിൽ ആളുകൾ അവരുടെ കൃഷിഭൂമി ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നു. കൃഷിക്കനുയോജ്യമായ ഭൂമി തിരഞ്ഞെടുക്കുന്നതോടു കൂടിയാണ് പുനംകൃഷി ആരംഭിക്കുന്നത്. മരങ്ങളും മറ്റു കുറ്റിച്ചെടികളും മുറിച്ചുമാറ്റി വൃത്തിയാക്കുകയാണ് അടുത്ത ഘട്ടം. ഈ സ്ഥലം കുറച്ചുദിവസം ഉണങ്ങാനായി വിട്ടതിനുശേഷം തീ കൊളുത്തുന്നു. ഇത് തുടർന്നുള്ള കുറച്ച് വർഷങ്ങളിൽ മണ്ണിന്റെ വളക്കൂറ് വർധിപ്പിക്കുന്നു. മണ്ണിന്റെ ഫലപുഷ്ടി പൂർണമായും നഷ്ടപ്പെട്ട് കഴിഞ്ഞാൽ ആ പ്രദേശം ഉപേക്ഷിക്കുകയും കൃഷി മറ്റൊരിടത്തേക്ക് മാറ്റുകയും ചെയ്യുന്നു. ഒരു ചക്രഗതി പൂർത്തിയായതിനുശേഷം ആദ്യസ്ഥലത്തേക്ക് വീണ്ടും തിരിച്ചെത്തുന്നു. കലപ്പയുടെയോ വളത്തിന്റേയോ ജലസേചന സൗകര്യങ്ങളുടെയോ ഉപയോഗമില്ലാത്ത സ്ഥലങ്ങളിൽ വ്യാപകമായി ഇങ്ങനെ കൃഷിചെയ്തിരുന്നു. ജലസേചനത്തിന് പകരം പുനംകൃഷിക്കാർ

പ്രധാനമായും മഴയെയാണ് ആശ്രയിച്ചിരുന്നത്.

ചിത്രം 5.10 മാറ്റക്കൃഷി

പരിമിതമായ വിത്തിനങ്ങൾ മാത്രം കൃഷിചെയ്തു, പൂർണമായും മഴയെ ആശ്രയിച്ച്, കുഴിവടിപോലുള്ള ലളിത മായ ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് പുനംകൃഷിക്കാർ മാറിക്കൊണ്ടിരുന്ന പരിസ്ഥിതിയുമായി പൊരുത്തപ്പെട്ടു.

അട്ടപ്പാടിയിലെ കുറുമ്പരും നാഗാലാൻഡിലെ നാഗാവിഭാഗക്കാരും പുനംകൃഷിക്ക് പേരുകേട്ടവരാണ്. പുനംകൃഷി 'സ്വിഡൻ കൃഷി', 'സ്ലാഷ് ആൻഡ് ബേൺ' കൃഷി എന്നും അറിയപ്പെടുന്നു. വ്യത്യസ്ത പ്രദേശങ്ങളിൽ ഇത് വ്യത്യസ്ത പേരുകളിലാണ് അറിയപ്പെടുന്നത്. കേരളത്തിൽ ഇത് 'പുനംകൃഷി' എന്നും ആസാമിൽ 'ജും' എന്നും ഒറീസയിൽ 'പൊടു' എന്നും അറിയപ്പെടുന്നു.

പുനംകൃഷി എന്നത് മലമ്പ്രദേശങ്ങളിലെ ഒരു അനുകൂലനസംവിധാനം ആണെങ്കിലും ചില പാരിസ്ഥിതികമായ പ്രശ്നങ്ങളും അത് സൃഷ്ടിക്കുന്നു. വൻതോതിലുള്ള മരംമുറി വനനാശത്തിനും മണ്ണൊലിപ്പിനും പാരിസ്ഥിതിക അസന്തുലിതാവസ്ഥയ്ക്കും കാരണമാകുന്നു. മരങ്ങളും കുറ്റിച്ചെടികളും ഇല്ലാതാവുന്നത് പക്ഷികളുടെയും മൃഗങ്ങളുടെയും ആവാസവ്യവസ്ഥ നശിപ്പിക്കുന്നു. ജലസേചനവും വളങ്ങളുടെ അഭാവവും പുനംകൃഷിയിലൂടെയുള്ള ഉൽപ്പാദനക്ഷമത കുറയ്ക്കുന്നു.

ചില സമുദായങ്ങളുടെ സാംസ്കാരികസമ്പ്രദായമാണ് എന്നതുകൊണ്ട് അതിന് പൂർണമായ നിരോധനം ഏർപ്പെടുത്തുന്നത് ശരിയല്ല. പക്ഷേ, അവയുടെ പരിമിതികൾ ഇല്ലാതാക്കി കൂടുതൽ ശാസ്ത്രീയമാക്കാൻ സാധിക്കും. പുനംകൃഷി കൂടുതൽ പ്രകൃതി സൗഹൃദവും ഉൽപ്പാദനക്ഷമവുമാക്കി മാറ്റാൻ നിങ്ങൾക്ക് എന്തെങ്കിലും നിർദേശങ്ങൾ നൽകാനാവുമോ? ചുവടെ നൽകിയത് വായിച്ച് കൂടുതൽ നിർദേശങ്ങൾ ചേർക്കുക.

വൻമരങ്ങൾ മുറിക്കുന്നത് ഒഴിവാക്കിയും പുനംകൃഷിയുടെ ചക്രഗതി കുറച്ചുകൊണ്ടും വനനശീകരണത്തെ അതിജീവിക്കാം. പയർവർഗവിളകൾ കൃഷിചെയ്തു മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കാം. ഉൽപ്പാദനക്ഷമത കൂട്ടുന്നതിന് മതിയായ വളപ്രയോഗവും സങ്കരവിത്തുകളുടെ ഉപയോഗവും ശരിയായ ജലസേചനവും നടപ്പിലാക്കാം. ഇതിനൊക്കെ പുറമേ കൃഷിയിലെ പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗത്തിന് മതിയായ ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കാം.

ജനസംഖ്യ വർധിച്ചതോടുകൂടി ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്കുള്ള സഞ്ചാരം പ്രയാസമേറിയതായിത്തീർന്നു. ഇതിന് കൂടുതൽ ഭക്ഷ്യവിഭവങ്ങളും ആവശ്യമായിത്തീർന്നു. മാറ്റങ്ങളോട് പൊരുത്തപ്പെടുന്നതിനായി പുതിയ സാമ്പത്തിക ക്രമീകരണങ്ങളിലേക്കുള്ള അന്വേഷണങ്ങൾ ആരംഭിച്ചു. ഇത് കൃഷിയുടെ കണ്ടുപിടിത്തത്തിലേക്ക് നയിച്ചു.

കൃഷി (Agriculture) : കലപ്പ ഉപയോഗിച്ചുള്ളതും തീവ്രമായതുമായ കാർഷികവൃത്തി സമ്പദ്‌വ്യവസ്ഥയെ കുറച്ചുകൂടി ഉയർന്ന തലമായ കൃഷിയിലേക്ക് എത്തിച്ചു. അതിൽ വളപ്രയോഗവും ജലസേചനമാർഗങ്ങളും ഉൾപ്പെടുന്നു. ഉയർന്ന ജനസാന്ദ്രത, ഒരു പ്രദേശത്തുള്ള താമസം, സ്വകാര്യ ഉടമസ്ഥത, പ്രായ-ലിംഗ അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം എന്നിവ കാർഷികസമ്പദ്‌വ്യവസ്ഥയുടെ മുഖ്യസവിശേഷതകളാണ്. ഇതോടൊപ്പം സാങ്കേതികപുരോഗതിയും സംഭവിക്കുന്നു. വേട്ടയാടി ശേഖരണം നടത്തുന്നവരെക്കാളും മൃഗപരിപാലനം നടത്തുന്നവരേക്കാളും മെച്ചപ്പെട്ട സാങ്കേതിക വിദ്യ കർഷകസമൂഹത്തിനുണ്ട്. കാലാനുസൃതമായി ലഭിക്കുന്ന മഴയെയും കാലാവസ്ഥയെയും ആശ്രയിച്ചാണ് കൃഷി നിലനിന്നത്. മെച്ചപ്പെട്ട കാലാവസ്ഥയിൽ കൂടുതൽ ഉൽപ്പാദനം ലഭിക്കുന്നു. ഒരേ വിളയുടെ വ്യത്യസ്ത ഇനങ്ങൾ കാലാവസ്ഥയ്ക്കനുസരിച്ച് കൃഷിചെയ്യുന്നു. മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കാനും മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയുമായി പൊരുത്തപ്പെടാനുമുള്ള ഒരു അനുകൂലമാണ് വിളമാറ്റം. കാലാവസ്ഥയ്ക്ക് അനുസരിച്ച് വ്യത്യസ്ത വിളകളായ നെല്ല്, ധാന്യങ്ങൾ, കിഴങ്ങ്, ഇഞ്ചി എന്നിവ കൃഷിചെയ്യുന്നു. കുന്നിൻപ്രദേശങ്ങളിലെ ജനങ്ങൾ പൊതുവേ പുനംകൃഷി താൽപ്പര്യപ്പെടുന്നു.

വിളകളുടെ സംരക്ഷണം സ്ഥിരമായ വാസസ്ഥലങ്ങൾ അനിവാര്യമാക്കി. കൃഷിയുടെ ഈ ഘട്ടം കുടുംബം, വിവാഹം, ബന്ധുത്വം എന്നിവയുടെ രൂപീകരണം വ്യവസ്ഥാപിതമാക്കി. കാർഷിക ഉൽപ്പാദനം ആരംഭിച്ചതോടുകൂടി സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച് സാമൂഹിക-രാഷ്ട്രീയവ്യവസ്ഥകളും മാറ്റത്തിന് വിധേയമായി.

വേട്ടയും ശേഖരണവും നടത്തിയ മനുഷ്യർ സ്ഥിരമായ കൃഷിയിലേക്ക് നീങ്ങിയതോടുകൂടി പരിസ്ഥിതിയുമായി പൊരുത്തപ്പെട്ടു. പുതിയ സാങ്കേതികവിദ്യയുടെ വികാസം അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിസ്ഥിതിയെ രൂപപ്പെടുത്താൻ സഹായിച്ചു. കായികാധ്വാനത്തിന് പകരമുള്ള യന്ത്രവൽക്കരണം കൂടുതൽ വികാസം പ്രാപിച്ച വ്യവസായഘട്ടത്തിലേക്ക് നയിച്ചു.

വ്യാവസായികഘട്ടം (Industrial Stage) : പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ചരക്ക് ഉൽപ്പാദനത്തിൽ യൂറോപ്പിലുണ്ടായ വലിയ മാറ്റങ്ങളെയാണ് വ്യാവസായികവിപ്ലവം എന്നതുകൊണ്ട് അർഥമാക്കുന്നത്. വിവിധ ഉപഭോഗവസ്തുക്കളുടെ ഉൽപ്പാദനത്തിന് പുതിയ ഇന്ധന ങ്ങൾ കൊണ്ട് പ്രവർത്തിക്കുന്ന മെച്ചപ്പെട്ട സാങ്കേതികവിദ്യയിലുള്ള യന്ത്രങ്ങളുടെ ഉപയോഗമാണ് ഒരു വ്യാവസായിക സമ്പദ്‌വ്യവസ്ഥയിലുള്ളത്. ആഹാരം തേടിയുള്ള പ്രവൃത്തികളിലോ കൃഷിപ്പണിയിലോ മുഴുകുന്നതിനു പകരം ആളുകൾ ഫാക്ടറികളിലും ഓഫീസുകളിലുമുള്ള ജോലികളിൽ മുഴുകുന്നു. വ്യാവസായിക സമ്പദ്‌വ്യവസ്ഥയും പരിസ്ഥിതിയെ ആശ്രയിക്കുന്നുണ്ട്. ഫോസിൽ ഇന്ധനങ്ങളും കൽക്കരിയും ഉൾപ്പെടെയുള്ള പുതിയ ഊർജസ്രോതസ്സുകൾക്ക് വേണ്ടിയാണ് അവർ പരിസ്ഥിതിയെ ആശ്രയിക്കുന്നത്. അനുകൂലനങ്ങൾക്കുവേണ്ടി ഇവിടെ സാങ്കേതികവിദ്യയുടെ പുരോഗതി ഉപയോഗിക്കുന്നു. മാറുന്ന പരിസ്ഥിതിക്ക് അനുസരിച്ച് ഇലക്ട്രോണിക് ഉപകരണങ്ങളായ ടെലിവിഷൻ, റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, മുറി ചൂടാക്കാനുള്ള ഉപകരണം എന്നിങ്ങനെയുള്ളവ ഉപയോഗിക്കുന്നു.

വ്യാവസായിക രീതിയിലുള്ള സാങ്കേതികവിദ്യ പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണത്തിലേക്കു നയിച്ചു. ഇത് പരിസ്ഥിതിയിൽ വിഭവദാരിദ്ര്യം, മലിനീകരണം, വിവിധ ജീവികളുടെ വംശനാശം, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങി വലിയ ആഘാതങ്ങളാണ് സൃഷ്ടിച്ചത്.

പരിസ്ഥിതിയും വികസനവും (Ecology and Development)

നമുക്ക് ചുറ്റുമുള്ള സ്വാഭാവിക ചുറ്റുപാടാണ് പരിസ്ഥിതി. ഇത് കാലാവസ്ഥ, ജലം, പാറകൾ, മൃഗങ്ങൾ, സസ്യങ്ങൾ, മണ്ണ് എന്നിവയൊക്കെ ഉൾപ്പെടുന്ന താണ്. യന്ത്രവൽക്കരണം, വ്യവസായ വൽക്കരണം, ആധുനികവൽക്കരണം തുടങ്ങി സമൂഹത്തിലെ എല്ലാ വികസന പ്രവർത്തനങ്ങളും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും പരിസ്ഥിതിക്ക് മേൽ കനത്ത സമ്മർദം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മണ്ണൊലിപ്പ്, വനനശീകരണം, വെള്ളപ്പൊക്കം, സസ്യജന്തു വർഗ്ഗങ്ങളുടെ നാശം എന്നിവ ഇതിൽ ഉൾപ്പെടുന്നു. റോഡുകളുടെ ശൃംഖലകൾ, റെയിൽവേ, അണക്കെട്ടുകൾ, വിമാനത്താവളങ്ങൾ, പാലങ്ങൾ എന്നിവ ഭൂപ്രദേശങ്ങളിൽ വ്യാപകമായ മാറ്റങ്ങൾ വരുത്തുന്നു. ഇന്ധനങ്ങളുടെ വൻതോതിലുള്ള ഉപയോഗവും വ്യാപകമായ മരംമുറിയും നഗര വ്യവസായ മാലിന്യങ്ങളുടെ വൻതോതിലുള്ള വ്യാപനവും ആവാസവ്യവസ്ഥയെയും കാര്യമായി ബാധിച്ചിരിക്കുന്നു. ഇതൊക്കെ മനുഷ്യരും പരിസ്ഥിതിയുമായുള്ള പരസ്പരബന്ധത്തെ ബാധിക്കുകയും മനുഷ്യരുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായിത്തീരുകയും ചെയ്യുന്നു.

പരിസ്ഥിതി സംരക്ഷിക്കേണ്ടതിനായി നാം വികസനപ്രവർത്തനങ്ങൾ ഉപേക്ഷിക്കേണ്ടതുണ്ടോ?

വികസനപ്രവർത്തനങ്ങൾ നമുക്ക് പരിസ്ഥിത സൗഹാർദപരമായി നടപ്പിലാക്കാനാവില്ലേ?

വികസനപ്രവർത്തനങ്ങൾ മറ്റിടങ്ങളിലേക്ക് ജനസഞ്ചാരം ആരംഭിക്കുന്നത് സുഗമമാക്കി. ഉദാഹരണത്തിന്, ഒരു നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കുന്നതിന് നദീതീരങ്ങളിൽ താമസിക്കുന്ന ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടിവരും. ജീവിക്കാനായി അവർക്ക് മറ്റിടങ്ങളിലേക്ക് മാറേണ്ടിവരും. വികസനത്തിന്റെ വിവിധ പ്രശ്നങ്ങളാണ് നമ്മളിവിടെ ചർച്ചചെയ്യുന്നത്.

കുടിയൊഴിക്കൽ (Displacement)

സ്ഥിരമായ താമസസ്ഥലത്തുനിന്നു പ്രത്യേക വിഭാഗം ജനതയെ വേരോടെ പറിച്ചു മാറ്റുന്നതാണ് കുടിയൊഴിക്കൽ എന്നതുകൊണ്ട് അർഥമാക്കുന്നത്. വലിയ നിർമാണ പ്രവർത്തനങ്ങളോ പ്രകൃതിദുരന്തങ്ങളോ കലാപമോ സംഘർഷമോ ഇതിനു കാരണമാകാം. കഴിഞ്ഞ കുറച്ചു ദശകങ്ങളായി വികസ്വരരാജ്യങ്ങളിൽ വികസനവുമായി ബന്ധപ്പെട്ട ജനങ്ങളുടെ കുടിയൊഴിക്കൽ വളരെ വ്യാപകമാണ്. മിക്ക കുടിയൊഴി

ക്കലുകളും അടിസ്ഥാന മേഖലയുമായി ബന്ധപ്പെട്ട അണക്കെട്ടു നിർമ്മാണം പോലുള്ള പദ്ധതികളും നഗരവികസനവും ഗതാഗതസൗകര്യവികസനവും കാരണമാണ് സംഭവിക്കുന്നത്. ഇത്തരം മിക്ക വികസനപ്രവർത്തനങ്ങളും സ്വന്തം ഭൂമിയിൽനിന്നു വേരോടെ പിഴുതു മാറ്റപ്പെട്ട ജനങ്ങളുടെ ചെലവിലോ സ്വന്തം സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് മതിയായ നഷ്ടപരിഹാരം ഇല്ലാതെ ഉപേക്ഷിക്കപ്പെട്ട ആളുകളുടെ ജീവസന്ധാരണത്തിന് മുകളിലോ ആണ്. അവർ വികസനത്തിന്റെ ഇരകളാണ്.

കുടിയൊഴിക്കലിന്റെ പേരിൽ വൻ പദ്ധതികൾക്കെതിരെ മിക്കപ്പോഴും പ്രതിഷേധങ്ങൾ ഉണ്ടാവാറുണ്ട്. ഭൂവിഭവങ്ങൾക്ക് പരിമിതിയുള്ള കേരളത്തിൽ വൻ പദ്ധതികളുടെ നടത്തിപ്പിന് ചെറിയതോതിലെങ്കിലും ഉള്ള കുടിയൊഴിക്കലുകൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. എങ്കിലും ശരിയായ പുനരധിവാസം ഉറപ്പാക്കിയാൽ ജനങ്ങളുടെ അസ്വസ്ഥതകൾ കുറയ്ക്കാനാവും. ഇതുമായി ബന്ധപ്പെട്ട ആശയങ്ങൾ താഴെ വിശദീകരിച്ചിരിക്കുന്നു.

ഗോത്ര- ഗോത്രേതര വിഭാഗങ്ങളിൽ കുടിയൊഴിക്കൽ ഒരു പ്രധാന വിഷയമാണ്. ഭൂമിലഭ്യത തീരെ കുറഞ്ഞ കേരളത്തിൽ വൻപദ്ധതികൾക്ക് സാധ്യതയില്ലെന്ന ഒരു വാദം നിലനിൽക്കുന്നു. കുടിയൊഴിക്കലിലേക്ക് നയിക്കുമെന്നതുകൊണ്ട് ജനങ്ങൾ ഇത്തരം വൻപദ്ധതികളെ എതിർക്കുന്നു. പക്ഷേ, സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചക്കും വികസനത്തിനും ഇത്തരം വൻപദ്ധതികൾ ആവശ്യമാണെന്നും വാദമുണ്ട്.

ഇരുവാദഗതികളെ കുറിച്ചും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു ഗ്രൂപ്പുകളായി ഒരു സംവാദം സംഘടിപ്പിക്കുക.

പുനരധിവാസം (Rehabilitation)

കുടിയിറക്കപ്പെട്ട ജനതയെ സ്ഥിരമായി ഒരു സ്ഥലത്ത് മാറ്റിപ്പാർപ്പിക്കുക എന്നതാണ് പുനരധിവാസം കൊണ്ടർഥമാക്കുന്നത്. 1947ൽ നമ്മുടെ രാജ്യം ഇന്ത്യയും പാകിസ്ഥാനുമായി വിഭജിക്കപ്പെട്ടപ്പോൾ പുനരധിവാസം എന്ന ആശയം വ്യാപകമായി ചർച്ചചെയ്യപ്പെടുകയുണ്ടായി. അന്ന് പതിനായിരക്കണക്കിന് ജനങ്ങളാണ് കുടിയൊഴിക്കപ്പെടുകയും പുനരധിവസിപ്പിക്കപ്പെടുകയും ചെയ്തത്. വ്യവസായവൽക്കരണത്തിന്റെയും അണക്കെട്ടുകളുടെ നിർമാണത്തിന്റെയും പശ്ചാത്തലത്തിൽ സാധാരണ ജനങ്ങളുടെ ജീവിതത്തിന് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ഗോത്രവർഗ ജനതയുടെ കാര്യത്തിൽ ഇത് ഒരു തീവ്രപ്രശ്നമായി മാറിയിട്ടുണ്ട്. ഗോത്രവർഗ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള വ്യവസായശാലകളുടെ ഫലമായി ഗോത്രവർഗക്കാർക്കും കാടിന്റെ സ്വാഭാവികപരിസ്ഥിതിക്കും ദോഷങ്ങൾ ഉണ്ടായിട്ടുണ്ട്.

അധികാരികളുടെ നേതൃത്വത്തിലുള്ള പുനരധിവാസപദ്ധതികളുടെ നടത്തിപ്പ് എപ്പോഴും ഫലപ്രദമല്ല. ഗോത്രജീവിതമെന്നത് അവരുടെ ചുറ്റുപാടുകളോട് ചേർന്നുനിൽക്കുന്നതാണ്. ഏതൊരു മാറ്റവും ആവാസവ്യവസ്ഥയെ മാറ്റിമറിക്കുമെന്നതുകൊണ്ട് ഗോത്രജനതയുടെ പുനരധിവാസം അവർക്ക് ഫലപ്രദമാവുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് അങ്ങേയറ്റത്തെ ശ്രദ്ധ ആവശ്യമാണ്. കാടിനുള്ളിലും അതിന് സമീ

പവുമായാണ് മിക്ക ഗോത്രജനതയുടെയും ജീവിതം. അവരുടെ ഭക്ഷണം, സാമ്പത്തിക പ്രവർത്തനങ്ങൾ, മതവിശ്വാസം, വസ്ത്രധാരണരീതി തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട ഒട്ടനവധി കാര്യങ്ങൾ കാടുമായി ചേർന്നിരിക്കുന്നു.

ഗോത്രവർഗക്കാരുടെ വാസസ്ഥലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും എന്തൊക്കെ പ്രത്യേകതകളാണ് നിങ്ങൾക്ക് തിരിച്ചറിയാൻ പറ്റുന്നത്? ചില ഗോത്രവിഭാഗങ്ങളുടെ പേരുകൾ കാടുമായി ബന്ധപ്പെട്ടതാണെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അത്തരം ഗോത്രവിഭാഗക്കാരെ കണ്ടെത്തി അവരുടെ ദൈനംദിന ജീവിതത്തിൽ വനത്തിനുള്ള പ്രാധാന്യം തിരിച്ചറിയുക. ട്രിവിയയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ കൂടി ഉപയോഗി ക്കാവുന്നതാണ്.

പുനരധിവസിപ്പിക്കപ്പെട്ട മിക്ക ഗോത്രവിഭാഗക്കാരും ഏറെക്കാലം കോളനികളിൽ കഴിയാതെ കാടുകളിലേക്ക് തിരിച്ചു പോവുകയും അവരുടെ ആരാധനാമൂർത്തികളുമൊത്തുള്ള സഹവാസത്തിനുവേണ്ടി സ്വന്തം സങ്കേതത്തിൽത്തന്നെ താമസിക്കുകയും ചെയ്യുന്നതായി നിരീക്ഷിച്ചിട്ടുണ്ട്. അതിനാൽ ഇത്തരക്കാരുടെ പുനരധിവാസകാര്യത്തിൽ നരവംശശാസ്ത്രപരമായ അഭിപ്രായത്തിനും കാഴ്ചപ്പാടുകൾക്കും ഏറെ പ്രസക്തിയുണ്ട്.

ഗോത്രവർഗക്കാരും വനവും

കാട്ടിലെ യഥാർഥ താമസക്കാർ ഗോത്രവർക്കാരായിരുന്നു. കാട് അവർക്ക് ഭക്ഷണം, താമസസ്ഥലം, ഔഷധം, തൊഴിൽ, വസ്ത്രം എന്നിവയെല്ലാം നൽകി. പഴങ്ങളും വേരുകളും കിഴങ്ങുകളും തേനും മീനും മൃഗങ്ങളും പക്ഷികളും അവർക്ക് ആഹാരമായി. മരങ്ങളും മുളകളും കൊണ്ട് അവർ അഭയസ്ഥാനങ്ങൾ ഉണ്ടാക്കി. വനങ്ങളിൽ ലഭ്യമായ പ്രാദേശിക അസംസ്കൃത വസ്തുക്കളായ മുളകളും ജീവികളുടെ പുറന്തോടുകളുംകൊണ്ട് അവർ കരകൗശല വസ്തുക്കൾ നിർമിച്ചു. കാട്ടിലെ ഔഷധ സസ്യങ്ങളും ഇലകളും കൊണ്ട് അവർ രോഗങ്ങൾ ചികിൽസിച്ചു ഭേദമാക്കി. വനത്തിലെ പരിസ്ഥിതി എന്നത് ഒട്ടും മലിനീകരിക്കപ്പെടാത്തതായിരുന്നു. വ്യത്യസ്തങ്ങളായ സസ്യവർഗങ്ങളെയും ചെറുചെടികളെയും മരുന്നായി ഉപയോഗിക്കാവുന്ന മറ്റ് വസ്തുക്കളെയും തിരിച്ചറിയാനുള്ള കഴിവ് അവർക്കുണ്ടായിരുന്നു.

വസ്ത്രധാരണത്തിന് അവരുപയോഗിച്ചിരുന്നത് സസ്യങ്ങളുടെ ഇലകളും മൃഗങ്ങളുടെ തോലുകളുമാണ്. ആഭരണങ്ങളായി ഉപയോഗിക്കാ ൻ വിത്തുകളും കുരുക്കളും പുറന്തോടുകളും കൊമ്പുകളും അസ്ഥികളും ഉണ്ടായിരുന്നു. കൃഷിയും കാടിനെ തന്നെ ആശ്രയിച്ചായിരുന്നു. മികച്ച ഗുണമുള്ള മുളയും മരക്കാലുകളും കൊണ്ട് നിർമിച്ച ഉപകരണങ്ങളായിരുന്നു കൃഷിക്ക് ഉപയോഗിച്ചിരുന്നത്. കന്നുകാലികൾക്ക് മേയാനുള്ള സൗകര്യത്തിനനുസൃതമായി അവയെ കാർഷികവൃത്തിക്ക് ഉപയോഗിച്ചിരുന്നു. അവരുടെ മതവും കാടുമായി ബന്ധപ്പെട്ടായിരുന്നു. അനിമിസം എന്ന ഗോത്രമതം മരങ്ങളിലും പർവതങ്ങളിലും പാറകളിലും നദികളിലും സ്ഥിതിചെയ്തിരുന്ന അഭൗമശക്തികളിൽ വിശ്വസിച്ചു. ദൈവങ്ങൾ നിലനിൽക്കുന്നത് കാടുകളിലാണെന്നും അവർ വിശ്വസിച്ചു. നിരവധി ചടങ്ങുകളിലും ആചാരങ്ങളിലും ധാരാളം വനവിഭവങ്ങൾ ഉപയോഗിച്ചു. യഥാർഥത്തിൽ വനത്തിലുണ്ടെന്നു വിശ്വസിക്കപ്പെട്ട അതീന്ദ്രിയശക്തികളാണ് ഗോത്രവർഗമതങ്ങളെ നിയന്ത്രിച്ചിരുന്നത്.

വികസനത്തിന്റെ മറ്റ് ദൂഷ്യഫലങ്ങൾ എന്തൊക്കെയാണ്? മിക്ക വികസനപ്രവർത്തനങ്ങളും വനനശീ കരണത്തിലേക്ക് നയിക്കുന്നതായി കാണാൻ സാധിക്കും. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക

വനനശീകരണവും പരിസ്ഥിതി അസന്തുലിതാവസ്ഥയും ചർച്ചചെയ്യുന്നു.

വനനശീകരണവും പാരിസ്ഥിതിക അസന്തുലനവും (Deforestation and Ecological Imbalance)

ചിത്രം 5.11 വനനശീകരണം

മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റ് ജീവിവർഗങ്ങളുടെയും അതിജീവനത്തിനും നിലനിൽപ്പിനും വളരെ പ്രധാനപ്പെട്ട ഒന്നാണ് വനം. ഇത് പലരുടെയും വാസസ്ഥലവും കാലാവസ്ഥ പരിപാലിച്ച് മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിലും വലിയ പങ്കു വഹിക്കുന്ന ഒരു വ്യവസ്ഥയാണ്. ജനസംഖ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടാവുന്ന വളർച്ച കാരണം വനവിഭവങ്ങളുടെ ആവശ്യം കൂടിവരുമ്പോഴും രാജ്യത്തെ വനവിസ്തൃതി കുറഞ്ഞു വരുകയാണ്. വികസനത്തിന്റെ പേരിൽ വൻതോതിൽ മരങ്ങൾ വെട്ടിനശിപ്പിക്കപ്പെടുന്നത് വൻകാടുകളുടെ നാശത്തിനു കാരണമാവുന്നു. ഇത് ജൈവവൈവിധ്യത്തെ നശിപ്പിക്കുന്നു. പല ആവശ്യങ്ങൾക്കുമായി മരങ്ങൾ മുറിച്ചുമാറ്റപ്പെടുന്നുണ്ടെങ്കിലും പകരം വനവൽക്കരണം നടത്താത്തതിനാൽ മുറിച്ചുമാറ്റപ്പെടുന്ന വനവും പുതിയ മരങ്ങളും തമ്മിലുള്ള വ്യത്യാസം വർധിച്ചു വരുകയാണ്. ഇത് ഭൂമിയുടെ തരിശുവൽക്കരണത്തിന് കാരണമാവുന്നു.

കത്തിച്ചോ മുറിച്ചുമാറ്റിയോ പ്രത്യേക ഉദ്ദേശ്യത്തോടുകൂടി മരങ്ങൾ നശിപ്പിക്കുന്നതിനെയാണ് വനനശീകരണം എന്നു വിളിക്കുന്നത്. മിക്കപ്പോഴും ഹ്രസ്വകാലത്തേക്കുള്ള സാമ്പത്തികനേട്ടം ലക്ഷ്യമാക്കുന്നതാണ് വനനശീകരണത്തിനു കാരണമാവുന്നത്. ജനസംഖ്യാവർദ്ധനവ്, നഗരവൽക്കരണം, ഖനനപ്രക്രിയ, കാട്ടുതീ, മലയോരമേഖല വഴിയുള്ള റോഡ്ഗതാഗതം, വാണിജ്യാടിസ്ഥാനത്തിലുള്ള മരംമുറി എന്നിവയാണ് മറ്റ് കാരണങ്ങൾ.

- ജനസംഖ്യാ വർധനവ് : ഇതു കൂടുതൽ സ്ഥലത്തിനും വീടുകൾക്കും ഉപജീവന മാർഗത്തിനും ജോലി നൽകുന്ന വ്യവസായങ്ങൾക്കും കാരണമായിത്തീരുന്നു. ഇതെല്ലാം നേരിട്ടോ അല്ലാതെയോ വനനശീകരണത്തിലേക്ക് നയിക്കുന്നു.
- നഗരവൽക്കരണം : ലോകമാസകലമുള്ള ഒരു പ്രവണതയാണ് നഗരവൽക്കരണം. നഗരവൽക്കരണം കൂടുന്നതിനനുസരിച്ച് കൂടുതൽ ജനങ്ങൾക്കു ജോലി നൽകാൻ വ്യവസായങ്ങൾക്കുള്ള ആവശ്യവും കൂടുന്നു. ഒടുവിൽ വ്യവസായവൽക്കരണവും വനനശീകരണത്തിന് കാരണമാവുന്നു.

ശരിയായ പാരിസ്ഥിതികസന്തുലനത്തിന് ആകെ ഭൂവിസ്തൃതിയുടെ 33 ശതമാനം എങ്കിലും വനങ്ങൾ ഉണ്ടാവണമെന്ന കാര്യം നിങ്ങൾക്കറിയാമോ?

- ഖനനപ്രക്രിയ : ഇന്ത്യ വിവിധയിനം ധാതുക്കളാൽ സമ്പന്നമാണ്. ഈ ധാതുനിക്ഷേപങ്ങളെല്ലാം വിവിധ വനപ്രദേശങ്ങളിലാണ് എന്നതാണ് പ്രധാന പ്രശ്നം. അതിനാൽ ഖനനത്തിനുവേണ്ടി ധാതുസമ്പന്നമായ കാടുകൾ നശിപ്പിക്കേണ്ടത് ആവശ്യമായിത്തീരുന്നു.
- കാട്ടുതീ : കാട്ടുതീ കാടിനെയും ആവാസവ്യവസ്ഥകളെയും ഇല്ലാതാക്കുന്നു.
- മലയോര റോഡുകളും ഹൈവേകളും: ഇന്ത്യയിൽ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ടൂറിസം. ടൂറിസം വളർത്തുന്നതിനു വേണ്ടി കാടിനുള്ളിലോ കാടിനോടു ചേർന്നോ റോഡുകൾ നിർമിക്കപ്പെടുന്നു. ഇത് അവിടെയുള്ള പക്ഷികളെയും മൃഗങ്ങളെയും സസ്യ- ജന്തു ജാലങ്ങളെയും നശിപ്പിക്കുകയും സസ്യ-ജന്തുജാലങ്ങളുടെ അതിജീവനത്തെ ബാധിക്കുകയും ചെയ്യുന്നു.
- വാണിജ്യാവശ്യങ്ങൾക്കുള്ള മരംമുറി : കടലാസ് വ്യവസായം, മേശ, കട്ടിൽ, കസേര തുടങ്ങിയ വീട്ടുപകരണങ്ങൾ എന്നിവയുടെ നിർമാണത്തിനും മരങ്ങൾ മുറിക്കുന്നത് വനനശീകരണത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്.

മുണ്ഡകോപനിഷത്തിൽനിന്നുള്ള ചില വരികൾ കാണുക.

ദശകൂപ സമോ വാപീ (പത്ത് കിണറുകൾ ഒരു കുളത്തിന് തുല്യമാണ്)
ദശ വാപി സമോ ഹ്രദ: (പത്ത് കുളങ്ങൾ ഒരു തടാകത്തിന് തുല്യമാണ്)
ദശഹ്രദ: സമോ പുത്ര: (പത്ത് തടാകങ്ങൾ ഒരു പുത്രന് തുല്യമാണ്)
ദശപുത്ര സമോ ദ്രുമ: (പത്ത് പുത്രന്മാർ ഒരു വൃക്ഷത്തിന് തുല്യമാണ്)

വളരെമുമ്പു തന്നെ വനവൽക്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കപ്പെട്ടിരുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. വനസംരക്ഷണം ഏറെ പ്രധാനപ്പെട്ട ഒന്നാണ് എന്ന് നിങ്ങൾ കരുതാൻ കാരണമെന്താണ്? ജൈവവൈവിധ്യവും പരിസ്ഥിതി സന്തുലനവും നിലനിർത്താൻ മതിയായ അളവിൽ കാട് നിലനിർത്തേണ്ടതുണ്ട്. വനനശീകരണത്തിന്റെ അനന്തരഫലം എന്തായിരിക്കും? ചർച്ചചെയ്യാം.

വനനശീകരണത്തിന്റെ അനന്തരഫലങ്ങൾ (Impact of Deforestation)

നേരത്തേ മനസ്സിലാക്കിയതുപോലെ, വനനശീകരണം ഗോത്രവർഗ ആവാസവ്യവസ്ഥയ്ക്കു വലിയ ആഘാതമാണ്. സ്വാഭാവികമായും അത് ഗോത്രവർഗ ജനതയുടെ അന്യവൽക്കരണത്തിലേക്കു നയിക്കുന്നു. മരങ്ങളും ചെടികളും മുറിച്ചുമാറ്റുന്നത് ജൈവവൈവിധ്യത്തെ ബാധിക്കുമെന്നും നമ്മൾ കണ്ടു. മണ്ണൊലിപ്പ് വനനശീകരണത്തിന്റെ ഏറ്റവും വലിയ പരിണിതഫലമാണെന്ന് നിങ്ങൾ പഠിച്ചു കഴിഞ്ഞു. മറ്റെന്തൊക്കെയായിരിക്കും വനനശീകരണത്തിന്റെ അനന്തരഫലങ്ങൾ?

മരങ്ങൾ കത്തിക്കുകയും കാട് തെളിക്കുകയും ചെയ്യുമ്പോൾ കാർബൺ ഡയോക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹവാതകങ്ങളാണ് പുറമേക്കു വിടുന്നത്.

അതുകൂടാതെ വനവിസ്തൃതി കുറയുമ്പോൾ പ്രകാശസംശ്ലേഷണത്തിനായി ആഗിരണം ചെയ്യപ്പെടുന്ന കാർബൺഡയോക്സൈഡിന്റെ അളവു കുറയുകയും അങ്ങനെ അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് ഉയരുകയും ചെയ്യുന്നു. കാർബൺഡയോക്സൈഡിന്റെ അളവിലുണ്ടാകുന്ന വർധനവ് ശരാശരി ഭൗമതാപത്തിൽ വർധനവുണ്ടാക്കി ആഗോളതാപനത്തിന് കാരണമാവുന്നു. വനത്തിന്റെ നശീകരണം ജീവജാലങ്ങൾക്ക് ആവശ്യമായ ഓക്സിജന്റെ സാന്ദ്രതയിൽ കുറവുണ്ടാക്കുന്നു.

വനനശീകരണം ഗുരുതരമായ പാരിസ്ഥിതികപ്രശ്നങ്ങളിലേക്ക് നയിക്കുന്നുണ്ടെങ്കിലും വികസനപ്രവർത്തനങ്ങൾ നിരോധിക്കണമെന്ന് പറയാനും സാധിക്കില്ല. അതുകൊണ്ട് ഈ പ്രശ്നങ്ങൾ മറികടക്കുന്നതിന് മറ്റു മാർഗങ്ങൾ ആലോചിക്കേണ്ടിവരും. വനനശീകരണമെന്ന ഈ പ്രശ്നത്തെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് നമുക്ക് അന്വേഷിക്കാം.

വനവിസ്തൃതി വർധിപ്പിക്കുന്നതിന് മരം വച്ചുപിടിപ്പിക്കുകയും വനവൽക്കരണം നടത്തുകയും ചെയ്യുക എന്നതാണ് നമുക്ക് ചെയ്യാവുന്ന പ്രധാന നടപടികളിൽ ഒന്ന്. ഇത് ലക്ഷ്യമാക്കി ബോധവൽക്കരണ പ്രവർത്തനങ്ങളും വനനശീകരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന സെമിനാറുകളും പ്രാചരണപ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്. സാമൂഹ്യവനവൽക്കരണപദ്ധതികളുടെ ഭാഗമായി ജനങ്ങളെ വനസംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാവുന്നതാണ്. കൃഷിസ്ഥലങ്ങളുടെ അതിർത്തികളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാം. ഈ പ്രവർത്തനങ്ങൾ ഫാം ഫോറസ്ട്രി എന്നറിയപ്പെടുന്നു. അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യവർഗങ്ങളെ സംരക്ഷിക്കുന്നതിന് ടിഷ്യൂകൾച്ചർ രീതികളെ ആശ്രയിക്കാവുന്നതാണ്.

ചെറു ഗ്രൂപ്പുകളായി വനനശീകരണത്തിനെതിരെയുള്ള പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയാറാക്കുക. വിവിധ സർക്കാർ- സർക്കാരേതര സംഘടനകൾ, സന്നദ്ധസേവന സംഘടനകളായ എൻ.എസ്.എസ്, പരിസ്ഥിതി ക്ലബ്ബ് എന്നിവർ വനവൽക്കരണവുമായി ബന്ധപ്പെട്ടു സംഘടിപ്പിക്കുന്ന പദ്ധതികളെക്കുറിച്ച് വിവരശേഖരണം നടത്തുക.

നാം നേരത്തേ കണ്ടതുപോലെ സർക്കാർ നേതൃത്വത്തിലുള്ള വികസന പദ്ധതികളെ ചിലപ്പോൾ പരിസ്ഥിതിപ്രവർത്തകർ വിമർശിക്കാറുണ്ട്. ഇത്തരം വിമർശനങ്ങൾ ചിലപ്പോൾ മുന്നേറ്റങ്ങളായി രൂപപ്പെടാറുണ്ട്. അത്തരം ചില പ്രധാന പരിസ്ഥിതി മുന്നേറ്റങ്ങളെക്കുറിച്ച് നമുക്ക് മനസ്സിലാക്കാം.

പരിസ്ഥിതിപ്രസ്ഥാനങ്ങൾ (Environmental Movements)

മനുഷ്യചരിത്രത്തിലുടനീളം കാട്, വെള്ളം, പ്രകൃതിവിഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള ആശങ്ക വ്യാപകമായിരുന്നു. എഴുപതുകളുടെയും എൺപതുകളുടെയും മധ്യത്തിൽ അതുമായി ബന്ധപ്പെട്ട് നിരവധി പരിസ്ഥിതിമുന്നേറ്റങ്ങൾക്ക് ഏഷ്യയും ആഫ്രിക്കയും ലാറ്റിനമേരിക്കയും സാക്ഷ്യംവഹിച്ചിട്ടുണ്ട്. സ്ത്രീകൾ ഇത്തരത്തിലുള്ള മുന്നേറ്റങ്ങളിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുകയും പരിസ്ഥിതി സംരക്ഷണത്തിൽ കാര്യമായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ചിപ്കോപ്രസ്ഥാനം (Chipko Movement)

ചിത്രം 5.12
ചിപ്കോ എന്നാൽ ആലിംഗനം ചെയ്യൽ.

ചിപ്കോപ്രസ്ഥാനം അല്ലെങ്കിൽ മരങ്ങളെ ആലിംഗനം ചെയ്യുന്ന പ്രസ്ഥാനം ജനകീയമായി അറിയപ്പെട്ട ശക്തമായ സാമൂഹിക-പാരിസ്ഥിതികമുന്നേറ്റമാണ്. ഇത് ഗാന്ധിയൻസിദ്ധാന്തങ്ങളായ സത്യാഗ്രഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒന്നായിരുന്നു. വ്യാപകമായ മരം മുറിക്കലിനും വിപുലമായ വനനശീകരണത്തിനും എതിരായിരുന്നു ഈ മുന്നേറ്റം. ഉത്തരാഖണ്ഡിലെ മലനിരകളിലെ മരക്കച്ചവടക്കാരുടെ നേതൃത്വത്തിലുള്ള വ്യാപകമായ വനനശീകരണത്തെ ചെറുത്തുനിൽക്കാനായിരുന്നു സുന്ദർലാൽ ബഹുഗുണയുടെയും ചാന്ദീ പ്രസാദ് ജയിനിന്റെയും നേതൃത്വത്തിൽ ഈ മുന്നേറ്റം ആരംഭിച്ചത്. 'പരിസ്ഥിതിയാണ് സ്ഥിരമായി നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥ' എന്ന മുദ്രാവാക്യമുയർത്തിയാണ് സുന്ദർലാൽ ബഹുഗുണ മഹത്തായ ഈ പ്രസ്ഥാനത്തെ ജനങ്ങളിലേക്കെത്തിച്ചത്. 1974 മാർച്ച് 26 ന് തെഹരി-ഗർവാൾ മേഖലയിലെ ചമോലി ജില്ലയിലെ ഗോപേശ്വരിൽ ചെറുത്തുനിൽപ്പുദിനമായി ആചരിച്ചു. ഈ പ്രദേശത്തെ മരങ്ങൾ മുറിക്കാനുള്ള അവകാശം അലഹബാദിലെ സൈമൺ ആൻഡ് കമ്പനിക്കായിരുന്നു നൽകിയിരുന്നത്. മഴുവുമായി മരം മുറിക്കാൻ ആളുകൾ എത്തിയപ്പോൾ ബേച്നി ദേവിയുടെ നേതൃത്വത്തിലുള്ള ഒട്ടനവധി ഗോത്രവർഗസ്ത്രീകൾ ആ മരങ്ങൾക്കു ചുറ്റും കൂടിനിന്ന് ചിപ്കോ, ചിപ്കോ (ആലിംഗനം ചെയ്യുക എന്നർഥം)എന്ന് പാടി അവയെ ആലിംഗനം ചെയ്യുകയാണുണ്ടായത്. വനഭൂമിയിലുള്ള തങ്ങളുടെ പാരമ്പര്യ അവകാശം തിരിച്ചു കിട്ടാനും മരങ്ങളെ സംരക്ഷിക്കാനുമാണ് സ്ത്രീകൾ അതു ചെയ്തത്. ഇതിന്റെ ഫലമായി മുഴുവൻ മരംവെട്ടുകാരും പിൻവലിയുകയും മടങ്ങിപ്പോവുകയും ചെയ്തു. പിന്നീട് ഈ പ്രസ്ഥാനം കുമാഓൺ, ഗഢ്വാൾ. നൈനിറ്റാൾ എന്നിവിടങ്ങളിലേക്ക് വ്യാപിക്കുകയും ഈ മുന്നേറ്റം രാജ്യം മുഴുവൻ ശക്തമായ സ്വാധീനം ചെലുത്തുകയും ചെയ്തു

ചിത്രം 5.13
സുന്ദർലാൽ ബഹുഗുണ

സൈലന്റ്‌വാലി സംരക്ഷണപ്രസ്ഥാനം (Save Silent Valley Movement): ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ആരംഭിച്ച ഒരു ബഹുജനപ്രസ്ഥാനമാണ് ഇത്. നീലഗിരിമലനിരകളാൽ വടക്കും അട്ടപ്പാടി വനമേഖലയാൽ കിഴക്കും വലയം ചെയ്യപ്പെട്ട പ്രദേശമാണ് സൈലന്റ്‌വാലി. പശ്ചിമഘട്ടത്തിലെ മറ്റെങ്ങും കാണാൻ സാധിക്കാത്ത സസ്യങ്ങളും ഷഡ്പദങ്ങളും അടങ്ങിയ അമൂല്യമായ ജൈവവൈവിധ്യ സംഭരണിയും ജനിതകസമ്പത്തും ഉൾപ്പെടുന്നതാണ് ആ കാടുകൾ. കേരളസർക്കാർ

വൈദ്യുതോൽപ്പാദനത്തിനായി സൈലന്റ് വാലിയിലെ കുന്തിപ്പുഴയിൽ ഒരു അണക്കെട്ട് പണിയാൻ തീരുമാനിച്ചു. നിർദേശിക്കപ്പെട്ട ജലസംഭരണിയിൽ എഴുനൂറ് ഹെക്റ്റർ വനഭൂമി ഉൾപ്പെട്ടിരുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് സംരക്ഷിക്കപ്പെട്ട വിപുലവും അമൂല്യവുമായ ജനിതകസമ്പത്ത് എന്നന്നേക്കുമായി നഷ്ടപ്പെടുന്നതിന് ഈ പദ്ധതി കാരണമായിത്തീരുമായിരുന്നു.

സർക്കാർ തീരുമാനത്തിനെതിരെ പ്രക്ഷോഭം രൂപപ്പെടുകയും പൊതുജനങ്ങളും അധ്യാപകരും വിദ്യർഥികളും യുവാക്കളും തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ള ആളുകളും ആ മുന്നേറ്റത്തിൽ അണിനിരക്കുകയുണ്ടായി. നിരവധി അന്താരാഷ്ട്ര സംഘടനകളും ഏജൻസികളും ഈ മുന്നേറ്റത്തിന് പിന്തുണയുമായെത്തി. പ്രക്ഷോഭകാരികളുടെ ആവശ്യം അംഗികരിച്ചുകൊണ്ട് പിന്നീട് ഭാരതസർക്കാർ സൈലന്റ് വാലിയെ ഒരു ജൈവവൈവിധ്യ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചു.

നർമദാ ബച്ചാവോ ആന്ദോളൻ (Narmada Bachao Andolan) : ബാബാ ആംതേ, മേധാ പട്കർ, അരുന്ധതീ റോയ് എന്നിവരുടെ നേതൃത്വത്തിലുള്ള പരിസ്ഥിതിസംരക്ഷണ കൂട്ടായ്മ സംഘടിപ്പിച്ച പ്രസ്ഥാനമാണ് നർമദാ ബച്ചാവോ ആന്ദോളൻ (നർമദയെ രക്ഷിക്കാനുള്ള പ്രസ്ഥാനം). ഗുജറാത്തിലെ നർമദാനദിക്ക് കുറുകെ നിർമിക്കുന്ന സർദാർ സരോവർ, നർമദാസാഗർ തുടങ്ങിയ വലിയ അണക്കെട്ടുകളുടെ നിർമാണത്തിനെതിരായിരുന്നു ആ സമരം. ആയിരക്കണക്കിന് ഗ്രാമങ്ങളെ വെള്ളത്തിനടിയിലാക്കുമെന്നും വലിയ തോതിൽ ഗോത്രവിഭാഗക്കാരെ കുടിയിറക്കുമെന്നും അവരുടെ സാംസ്കാരികപാരമ്പര്യത്തെ ഇല്ലായ്മചെയ്യുമെന്നും ചൂണ്ടിക്കാട്ടിയാണ് പരിസ്ഥിതിപ്രവർത്തകർ ആ നിർദേശത്തെ എതിർത്തത്.

പശ്ചിമഘട്ടസംരക്ഷണപ്രസ്ഥാനം/ അപ്പികോ പ്രസ്ഥാനം (Save Western Ghat Movement/ Appiko Movement) : ഇന്ത്യൻ ഉപദ്വീപിന്റെ പടിഞ്ഞാറൻതീരത്തിനു സമാന്തരമായി കിടക്കുന്ന മലനിരകളാണ് പശ്ചിമഘട്ട മലനിരകൾ. ലോകത്തിലെ ജൈവവൈവിധ്യമുള്ള പത്തു അതിപ്രാധാന്യമേഖലകളിൽ ഒന്നാണ് ഇത്. പശ്ചിമഘട്ടത്തിലെ വനനശീകരണം ദക്ഷിണേന്ത്യ മുഴുവൻ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. കർണാടക, കേരളം, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന വരൾച്ച പശ്ചിമഘട്ട മലനിരകളിലെ ജലസംഭരണ പ്രക്രിയക്ക് തടസ്സം നേരിട്ടതിന്റെ ഫലമാണെന്ന് വിദഗ്ധർ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ പരിസ്ഥിതിസംരക്ഷണത്തിനായുണ്ടായ വിപ്ലവകരമായ ഒരു മുന്നേറ്റമാണ് അപ്പികോ പ്രസ്ഥാനം. 1983 ൽ കർണാടകയിലെ പാണ്ഡുരാം ഹെഗ്ഡെയുടെ നേതൃത്വത്തിൽ മരങ്ങളെയും കാടിനെയും സംരക്ഷിക്കാൻ രൂപംകൊണ്ട ഒന്നാണിത്. കന്നഡ ഭാഷയിൽ ആലിംഗനം ചെയ്യുന്നതിന്ന് 'ആപ്പികോ' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. മരം മുറിക്കെതിരെ ഇതിന്റെ പ്രവർത്തകർ മരങ്ങളെ ആലിംഗനം ചെയ്തു. ഒരു പൾപ്പു കടലാസ് ഫാക്റ്ററി, ഒരു പ്ലൈവുഡ് ഫാക്റ്ററി, ഒരു കൂട്ടം ജലവൈദ്യുതപദ്ധതികൾ എന്നിവ ആ പ്രദേശത്തുണ്ടായിരുന്നു. പ്രാദേശവാസികളായ ജനങ്ങൾ, പ്രത്യേകിച്ച് ദരിദ്രർ ഇതുകൊണ്ട് ആ പ്രദേശത്തുനിന്നു കുടിയിറക്കപ്പെട്ടിരുന്നു.

ഈ മുന്നേറ്റം ഒരുപരിധിവരെ വിജയിച്ചു. സംസ്ഥാനസർക്കാർ ചില വനപ്രദേശങ്ങളിലെ മരംമുറി പൂർണമായും നിരോധിച്ചു. പ്രാദേശിക ആവശ്യങ്ങൾക്കായി നശിച്ചതും ഉണങ്ങിയതുമായ മരങ്ങൾ മാത്രമേ മുറിക്കാവൂ എന്നു തീരുമാനിക്കപ്പെട്ടു. കർണാടകപ്രദേശത്തെ നാലു മലയോരജില്ലകളിലേക്കും തമിഴ്നാട്ടിലെയും ഗോവയിലെയും പൂർവഘട്ട മലനിരകളിലേക്കും ഈ മുന്നേറ്റം വ്യാപിച്ചു.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ശേഷവും (Gadgil Committe Report and After) : പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞനായ പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി (WGEEP) ഗാഡ്ഗിൽ കമ്മിഷൻ എന്നും അറിയപ്പെട്ടു. പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യത്തെയും പരിസ്ഥിതി പ്രശ്നങ്ങളെയും കുറിച്ച് പഠിക്കാൻ കേന്ദ്രഗവൺമെന്റിന്റെ പരിസ്ഥിതി- വനം മന്ത്രാലയം നിയമിച്ച ഒരു സമിതിയായിരുന്നു ഇത്. 2010 മാർച്ച് 14 ന് രൂപീകൃതമായ ഈ കമ്മിറ്റി പശ്ചിമഘട്ട സംരക്ഷണത്തിനുള്ള ശക്തമായ നിർദേശങ്ങളടങ്ങിയ അതിന്റെ റിപ്പോർട്ട് 2011 ആഗസ്റ്റ് 31 ന് സമർപ്പിച്ചു. കേരളത്തിലെ ചില വിഭാഗങ്ങളിൽനിന്ന് ഗാഡ്ഗിൽ സമിതി റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ ശക്തമായ എതിർപ്പുകൾ ഉയർന്നതിനെത്തുടർന്ന് ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി കേരള സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചു. ഈ സമിതിയുടെ നിർദേശങ്ങളും വിമർശനങ്ങൾക്ക് അതീതമായിരുന്നില്ല.

ഗാഡ്ഗിൽ സമിതിയുടെയും കസ്തൂരിരംഗൻ കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ പൂർണമായും വായിച്ച് അവയുടെ കേരളത്തിലെ പ്രായോഗികതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ചർച്ചനടത്തുക. നിങ്ങളുടെ പ്രദേശത്ത് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നടക്കുന്ന സമരങ്ങളുടെയും ചലനങ്ങളുടെയും വാർത്തകൾ ശേഖരിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

സംഗ്രഹം

- ജീവികളും അതിലെ ചുറ്റുപാടുകളുമായുള്ള പരസ്പരബന്ധത്തെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് പരിസ്ഥിതിശാസ്ത്രം അഥവാ ഇക്കോളജി. മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പഠിക്കുന്ന നരവംശ ശാസ്ത്ര ശാഖയാണ് പരിസ്ഥിതിനരവംശശാസ്ത്രം.
- പ്രശസ്ത അമേരിക്കൻ നരവംശശാസ്തജ്ഞനായ ജൂലിയൻ സ്റ്റിവാർഡാണ് സാംസ്കാരികപരിസ്ഥിതിശാസ്ത്രം എന്ന ആശയം വികസിപ്പിച്ചത്. മനുഷ്യ സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള പഠനമാണ് സംസ്കാരികപരിസ്ഥിതിശാസ്ത്രം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യസംസ്കാരത്തെ തീരുമാനിക്കുന്നത് പരിസ്ഥിതിയാണ്.

- നിശ്ചിത ജനസമൂഹങ്ങളും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനത്തിന് ജൂലിയൻ സ്റ്റിവാർഡ് അവതരിപ്പിച്ച ആശയമാണ് ജനസംഖ്യാപരിസ്ഥിതിശാസ്ത്രം. ജനസംഖ്യാവിതരണത്തെ ബാധിക്കുന്ന പാരിസ്ഥിതികമായുള്ള ഘടകങ്ങളെക്കുറിച്ചുള്ള പഠനമാണിത്.
- തങ്ങളുടെ പ്രപഞ്ചത്തിലെ ജൈവപരമായ പരസ്പരബന്ധത്തെ കുറിച്ചുള്ള ഒരു സമൂഹത്തിന്റെ ധാരണകളാണ് വംശീയപരിസ്ഥിതിശാസ്ത്രം. പങ്കാളികളുടെ വീക്ഷണകോണുകളിൽനിന്നു പാരിസ്ഥിതികബന്ധം പഠിക്കുന്നതിനുള്ള ഒരു ശ്രമമാണിത്.
- മനുഷ്യജീവിതത്തിലെ എല്ലാ വശങ്ങളും നിർണയിക്കുന്നതിൽ പരിസ്ഥിതിക്ക് പ്രധാന പങ്കുണ്ടെന്നാണ് പരിസ്ഥിതിനിർണയവാദം വിശദീകരിക്കുന്നത്. മനുഷ്യന്റെ വ്യക്തിത്വം, ജൈവസവിശേഷതകൾ ജനസംഖ്യാവലുപ്പം, ആരോഗ്യം, ധാർമികത, ഭൗതികസംസ്കാരം എന്നിവ രൂപപ്പെടുത്തുന്നതിൽ പരിസ്ഥിതിക്കുള്ള പങ്ക് ഉറപ്പിച്ചു പറയുകയാണ് ഈ ആശയം.
- സംസ്കാരരൂപീകരണത്തിൽ ഭൗതികപരിസ്ഥിതി പരിമിതമായ പങ്കുവഹിക്കുന്നു എന്നാണ് പരിസ്ഥിതിസാധ്യതാവാദം പറയുന്നത്.
- മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാനുള്ള ജീവികളുടെ കഴിവും ശേഷിയുമാണ് അനുകൂലനം. മൂന്നു തരത്തിലുള്ള അനുകൂലനങ്ങളാണ് ഉള്ളത്. ശാരീരികമായ അനുകൂലനങ്ങൾ, ജനിതക അനുകൂലനങ്ങൾ, പെരുമാറ്റപരമായ അഥവാ സാംസ്കാരികമായ അനുകൂലനങ്ങൾ. മാനവസമൂഹങ്ങളുടെ നിലനിൽപ്പിനുള്ള ഏറ്റവും പ്രധാന സംവിധാനങ്ങളിലൊന്നാണ് പരിസ്ഥിതി-സാംസ്കാരിക അനുകൂലനങ്ങൾ.
- ഒരു സ്ഥിരമായ താമസസ്ഥലത്തുനിന്നു പ്രത്യേക വിഭാഗം ജനതയെ വേരോടെ പറിച്ചുമാറ്റുന്നതിനെയാണ് കുടിയൊഴിക്കൽ എന്നതുകൊണ്ട് അർഥമാക്കുന്നത്. കുടിയൊഴിക്കപ്പെട്ട ജനതയെ സ്ഥിരമായി ഒരു സ്ഥലത്ത് മാറ്റിപ്പാർപ്പിക്കുന്നതിനെയാണ് പുനരധിവാസം എന്നു പറയുന്നത്.
- കത്തിച്ചോ മുറിച്ചുമാറ്റിയോ പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയോ മരങ്ങൾ നശിപ്പിക്കുന്നതിനെയാണ് വനനശീകരണം എന്നു വിളിക്കുന്നത്. ജനസംഖ്യാവർധനവ്, നഗരവൽക്കരണം, ഖനനപ്രക്രിയ, കാട്ടുതീ, മലയോരമേഖല വഴിയുള്ള റോഡ് ഗതാഗതം, വാണിജ്യാടിസ്ഥാനത്തിലുള്ള മരംമുറി എന്നിവയാണ് ഇതിന് കാരണങ്ങൾ.
- സർക്കാർ നേതൃത്വത്തിലുള്ള വൻ വികസനപദ്ധതികൾക്കെതിരെയുള്ള എതിർപ്പ് ചിലപ്പോൾ വലിയ പരിസ്ഥിതിപ്രസ്ഥാനങ്ങളായി രൂപപ്പെടാറുണ്ട്. ചിപ്കോ പ്രസ്ഥാനം, നർമദാ ബച്ചാവോ ആന്തോളൻ, സൈലന്റ്‌വാലി സംരക്ഷണപ്രസ്ഥാനം, അപ്പികോ പ്രസ്ഥാനം എന്നിവ ഇവയിൽ ചിലതാണ്.

ടേം മൂല്യനിർണയ ഉപാധികൾ

വിട്ടഭാഗം പൂരിപ്പിക്കുക.

1. മനുഷ്യനും പരിസ്ഥിതിയുമായുള്ള പരസ്പരബന്ധത്തെക്കുറിച്ചു പരാമർശിക്കുന്ന നരവംശശാസ്തശാഖയാണ്.....
2. ജീവികളും അവയുടെ പരിസ്ഥിതിയുമായുള്ള പരസ്പരബന്ധത്തിനെക്കുറിച്ചുള്ള പഠനം നടത്തുന്ന ശാസ്ത്രശാഖയാണ്.....
3. സാംസ്കാരിക പരിസ്ഥിതിശാസ്ത്രം എന്ന ആശയം വികസിപ്പിച്ചത്..... ആണ്.
4. ഒരു സ്ഥിരം താമസസ്ഥലത്തുനിന്ന് ഒരു പ്രത്യേക ജനവിഭാഗത്തെ പിഴുതുമാറ്റുന്നതിനെയാണ്.....എന്നു പറയുന്നത്.
5. ഒരു സ്ഥലത്തുനിന്നു പറിച്ചുമാറ്റപ്പെട്ട ജനവിഭാഗത്തെ സ്ഥിരമായി മാറ്റി പ്പാർപ്പിക്കുന്നതാണ്.....
6. കോളം A യിൽ ഉള്ളവയെ കോളം B, C എന്നിവയുമായി ശരിയായ രീതിയിൽ ചേർക്കുക.

	A	B	C
a	അപ്പിക്കോ പ്രസ്ഥാനം	സുന്ദർലാൽ ബഹുഗണ	ഗുജറാത്ത്
b	ചിപ്കോപ്രസ്ഥാനം	പാണ്ഡുരാം ഹെഗ്ഡെ	ഉത്തരാഖണ്ട്
c	നർമദാ സംരക്ഷണപ്രസ്ഥാനം	മേധാപട്കർ	കർണാടക

7. ജോടി കണ്ടുപിടിക്കുക
   - A. ശരീരധർമ്മപരമായ അനുകൂലനങ്ങൾ : വിയർപ്പ്, പെരുമാറ്റപരമായ അനുകൂലനങ്ങൾ :.....
   - B. ജീവജാലങ്ങളും പരിസ്ഥിതിയും : പരിസ്ഥിതിശാസ്ത്രം, മനുഷ്യനും പരിസ്ഥിതിയും :.....
   - C. വേട്ടയാടലും ശേഖരണവും : ബുഷ്മെൻ, മൃഗപരിപാലനം:.....

8. ചിലരുടെ അഭിപ്രായത്തിൽ പുനംകൃഷി വനനശീകരണത്തിനു കാരണമാവു ന്നതിനാൽ അത് നിരോധിക്കേണ്ട ഒന്നാണ്. നിങ്ങളുടെ അഭിപ്രായമെന്താണ്? സമർഥിക്കുക.
9. എഴുപതുകളുടെയും എൺപതുകളുടെയും മധ്യത്തിൽ ഇന്ത്യ നിരവധി പരിസ്ഥിതി മുന്നേറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ചു. ഇന്ത്യയിലെ പരിസ്ഥിതി മുന്നേറ്റങ്ങൾ പട്ടികപ്പെടുത്തുകയും അവയിൽ ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് വിവരിക്കുകയും ചെയ്യുക.

10. കാട് നിരവധി ആളുകൾക്ക് താമസസ്ഥലം നൽകുകയും മണ്ണൊലിപ്പ് തടയുന്നതിലും കാലാവസ്ഥ നിയന്ത്രിക്കുന്നതിലും പ്രധാന പങ്കു വഹിക്കുകയും ചെയ്യുന്നു. എന്നാൽ, കേരളത്തിൽ വനപ്രദേശത്തിന്റെ അളവ് കുറഞ്ഞു വരുന്നു. വനനശീകരണത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും പരിഹാര നിർദേശങ്ങൾ നൽകുകയും ചെയ്യുക.
11. വേട്ടയും ശേഖരണവും നടത്തുന്ന ഘട്ടത്തിലുള്ളവർ കൃഷി നടത്തുകയോ മൃഗപരിപാലനത്തിലേർപ്പെടുകയോ ചെയ്തിരുന്നില്ല. വേട്ടയും ശേഖരണവും നടത്തുന്ന സമൂഹങ്ങളുടെ പരിസ്ഥിതി-സാംസ്കാരിക അനുകൂലനങ്ങൾ തിരിച്ചറിയുക.
12. കുടിയിറക്കവും പുനരധിവാസവും വഴി അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ പരിശോധിക്കുക.
13. അനുകൂലനങ്ങൾ, വിവിധ തലങ്ങളിലുള്ള അനുകൂലനങ്ങൾ എന്നിവ വിശദീകരിക്കുക.
14. വേട്ടയും ശേഖരണവും നടന്നിരുന്ന സമൂഹങ്ങളിൽ അനുകൂലനങ്ങൾ നടക്കുന്നത് എങ്ങനെയൊക്കെയാണ്?

സാങ്കേതികപദങ്ങൾ

അജീവീയ പരിസ്ഥിതി	:	ഇത് അജീവീയഘടകങ്ങളെ ഉൾക്കൊള്ളുന്നു.
അനുരൂപീകരണം	:	പാരിസ്ഥിതികസമ്മർദ്ദങ്ങളോടുള്ള മാറ്റാൻ പറ്റുന്ന തരത്തിലുള്ള ശാരീരിക പൊരുത്തപ്പെടലുകൾ
അനുകൂലനങ്ങൾ	:	ചുറ്റുപാടുകളോട് പൊരുത്തപ്പെടാനുള്ള ജീവികളുടെ കഴിവും ശേഷിയും
ജീവീയഘടകങ്ങൾ	:	എല്ലാ ജീവജാലങ്ങളും അടങ്ങിയത്
കുടിയിറക്കം	:	വികസനത്തിനായി ഒരു പ്രത്യക ജനതയെ വേരോടെ പറിച്ചുമാറ്റൽ
ആവാസവ്യവസ്ഥ	:	ഒരു പ്രത്യേക ആവാസത്തിലെ മുഴുവൻ ജീവീയ-അജീവീയ ഘടകങ്ങളും ചേർന്നത്
വാസസ്ഥലം	:	ഒരു ജീവി വസിക്കുന്ന ചുറ്റുപാട്
കാവ്	:	മനുഷ്യന്റെ ഇടപെടലുകൾക്ക് നിയന്ത്രണമുള്ള, മരങ്ങളാലും വള്ളിപ്പടർപ്പുകളാലും ചുറ്റപ്പെട്ട പവിത്ര പ്രദേശം
രൂപാന്തരീകരണം	:	വ്യത്യസ്ത പരിസ്ഥിതിക്കനുസരിച്ച് രൂപാന്തരപ്പെടാനുള്ള ജൈവഘടകങ്ങളുടെ ശേഷി.

ഭിന്നനാടോടിത്തം : കാലാവസ്ഥാമാറ്റത്തിനനുസരിച്ച് മൃഗങ്ങളുമായി ഒരു പ്രദേശത്തുനിന്നു മറ്റൊരു പ്രദേശത്തേക്ക് സഞ്ചരിക്കുന്ന തരത്തിലുള്ള താൽക്കാലിക കുടിയേറ്റം.

പുനരധിവാസം : എന്തെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി കുടിയിറക്കപ്പെട്ട ജനതയെ മറ്റൊരിടത്ത് സ്ഥിരമായി മാറ്റിപ്പാർപ്പിക്കൽ.

റഫറൻസ്

സിങ്, അവധേശ് കുമാർ, ഉദയ് പ്രതാപ് സിങ്. 1999. ഹ്യൂമൻ ഇക്കോളജി ആൻഡ് ഡവലപ്മെന്റ് ഇൻ ഇന്ത്യ. ന്യൂഡൽഹി, ആഫ് പബ്ളിഷിങ് കോർപറേഷൻ

ഹോനിഗ്മാൻ, ജെ ജോൺ(എഡി.). ഹാൻഡ് ബുക്ക് ഓഫ് സോഷ്യൽ ആൻഡ് കൾച്ചറൽ ആന്ത്രോപോളജി. ന്യൂഡൽഹി, റാവത് പബ്ളിക്കേഷൻ

ഡൊണാൾഡ്, എൽ ഹാർഡസ്റ്റി. 1977. ഇക്കോളജിക്കൽ ആന്ത്രോപോളജി. ന്യൂയോർക്ക്: ജോൺ വില്ലി ആൻഡ് സൺസ്.

റോജർ, എം കീസിങ്, 1981. കൾച്ചറൽ ആന്ത്രോപോളജി– എ കണ്ടമ്പററി പേർസ്പക്റ്റീവ്. ന്യൂയോർക്ക്: ഹോൾട്,റൈൻഹാട്ട് ആൻഡ് വിൻസ്റ്റൺ.

ജെയിംസ്, എൻ ആൻഡേഴ്സൺ. 1997. ഇക്കോളജിക്കൽ ആന്ത്രോപോളജി ആൻഡ് ആന്ത്രോപോളജിക്കൽ ഇക്കോളജി.

ബസു, റോയ് ഇന്ദ്രാണി. 2005. ആന്ത്രോപോളജി ദി സ്റ്റഡി ഓഫ് മേൻ. ന്യൂഡൽഹി, എസ് ചന്ദ് പബ്ളിക്കേഷൻ

യൂണിറ്റ്

VI

ഇന്ത്യൻ ജനതയും സംസ്കാരവും

U5I5P8

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- ഇന്ത്യയുടെ സാമൂഹികവ്യവസ്ഥ രൂപപ്പെടുത്തുന്നതിൽ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവും ഭാഷാപരവുമായ ഘടകങ്ങളുടെ പ്രാധാന്യം വിശകലനം ചെയ്ത് അവയുടെ സവിശേഷതകൾ വിവേചിച്ചറിയാൻ കഴിയുന്നു.
- ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരതയും ബഹുവിധസ്വത്വവും തിരിച്ചറിഞ്ഞ് നാനാത്വങ്ങളിൽ പോലും ഏകത്വമുണ്ടാകുന്നതിന്റെ സവിശേഷത കൾ വിവേചിച്ചറിയാൻ കഴിയുന്നു.
- ആദ്യകാല ഇന്ത്യൻ സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും സവിശേഷതകൾ പരിശോധിക്കാൻ കഴിയുന്നു.
- ഇന്ത്യൻ സാമൂഹികവ്യവസ്ഥയിലെ പാരമ്പര്യ സവിശേഷതകൾ തിരിച്ചറിയാൻ കഴിയുന്നു.
- കേരളസമൂഹത്തിന്റെ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവും വംശീയവുമായ സവിശേഷതകൾ വിശകലനം ചെയ്ത് കേരളസംസ്കാരത്തിന്റെ സവിശേഷതകൾ തിരിച്ചറിയാൻ കഴിയുന്നു.
- കേരളത്തിലെ ഭൂപരിഷ്കരണത്തിന്റെ പ്രാധാന്യം വിലയിരുത്താൻ കഴിയുന്നു.

ഉള്ളടക്കം

ഇന്ത്യൻ ജനത

- ഭൂപശ്ചാത്തലം
- ജനസംഖ്യാപരമായ രൂപരേഖ
- ഭാഷാപരമായ രൂപരേഖ
- വർഗപരമായ രൂപരേഖ

ആദ്യകാല ഇന്ത്യൻ നാഗരികതയും സമൂഹവും

- ഇന്ത്യൻ സാമൂഹികവ്യവസ്ഥ
- വർണവ്യവസ്ഥ
- ജാതിവ്യവസ്ഥ
- കുട്ടുകുടുംബവ്യവസ്ഥ
- ഇന്ത്യ ഒരു നരവംശമ്യൂസിയം എന്ന നിലയിൽ
- ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം

കേരളസമൂഹവും സംസ്കാരവും

- ഭൂപശ്ചാത്തലം
- ജനസംഖ്യാമിശ്രണം
- കേരളത്തിലെ മനുഷ്യവർഗങ്ങൾ

കേരളീയസംസ്കാരം- ഒരു ചരിത്രപരമായ കാഴ്ചപ്പാട്

- ജാതിസമ്പ്രദായം
- മരുമക്കത്തായം
- വിവാഹാചാരങ്ങൾ
- ജന്മിസമ്പ്രദായം
- കേരളത്തിലെ ഭൂപരിഷ്കരണനിയമങ്ങൾ

"ദലിതർക്ക് പ്രധാന റോഡിലേക്കുള്ള പ്രവേശനം നിഷേധിച്ച് നഗരാതിർത്തിയായ നാഗരാജപുരത്ത് നിർമ്മിച്ചിരുന്ന ഒരുകിലോമീറ്റർ നീളമുള്ള അയിത്തമതിലിന്റെ രണ്ട് ഭാഗങ്ങൾ, അതിശക്തമായ എതിർപ്പിനെ തുടർന്ന് റവന്യൂ അധികൃതർ പൊളിച്ചു നീക്കി. പൊളിച്ചുനീക്കപ്പെട്ട അയിത്ത മതിലിന്റെ മുപ്പത് അടിയും ഇരുപത്തി മൂന്നടിയുമുള്ള രണ്ട് ഭാഗങ്ങൾ ദലിത് കോളനിനിവാസികൾക്ക് പ്രധാന റോഡിലേക്ക് കടക്കുന്നതിനുള്ള എളുപ്പവഴിയായിട്ടുണ്ട്."

ചിത്രം 6.1 അയിത്തമതിൽ പൊളിക്കുന്നു.

2010 ഡിസംബർ 27ന് ഒരു ഇന്ത്യൻ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്താശകലമാണിത്. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസമൂഹത്തിൽ നിലനിന്നിരുന്ന ജാതി അധിഷ്ഠിതമായ സാമൂഹിക അനീതിയെ ഈ സംഭവം ഓർമ്മിപ്പിക്കുന്നുണ്ടോ? ഈ നൂറ്റാണ്ടിലും ഈ സാമൂഹിക അനീതി നിലനിൽക്കുന്നതെന്തുകൊണ്ട്?

ജാതിവ്യവസ്ഥ ഇന്ത്യൻസമൂഹത്തിന്റെ പ്രധാന സവിശേഷതയാണ്. ആഴത്തിൽ വേരൂന്നിയിട്ടുള്ള ജാതിവ്യവസ്ഥ ഇന്ത്യയിൽ സമൂഹിക തരംതിരിവുണ്ടാക്കുന്നു. കൂടാതെ ഭാഷ, വംശീയത, മതപരമായ വിശ്വാസങ്ങൾ തുടങ്ങിയ ചില ഘടകങ്ങളും ഇന്ത്യയെ ബഹുസ്വരതയുള്ളതാക്കുന്നു. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, സിഖ്മതം തുടങ്ങിയവയുടെ ജന്മസ്ഥലമാണിത്. ഇസ്ലാംമതം, ക്രിസ്തുമതം, സൗരാഷ്ട്ര നിസം, യഹൂദമതം, ബഹായി വിശ്വാസം എന്നിവയും ഇന്ത്യൻ ജനതയെ സ്വാധീനിച്ചിട്ടുണ്ട്. അതേസമയം തന്നെ നിരീശ്വരവാദവും യുക്തിചിന്തയും തത്തുല്യമായ പങ്ക് വഹിക്കുന്നുണ്ട്. ലോകത്തിലെ സാംസ്കാരിക വൈവിധ്യമുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

ചിത്രം 6.2 ഇന്ത്യൻ വസ്ത്രധാരണരീതിയിലെ വൈവിധ്യം.

ഇന്ത്യൻ ജനത (People of India)

ഇന്ത്യയിലെ ജനങ്ങൾ അവരുടെ ആചാരങ്ങൾ, ശീലങ്ങൾ, പെരുമാറ്റരീതികൾ, മനോഭാവങ്ങൾ, വിശ്വാസങ്ങൾ, വസ്ത്രധാരണരീതി എന്നിവയിൽ വ്യത്യസ്തരാണ്. സംസ്കാരത്തിന്റെ ഭൗതികവും

ഭൗതികേതരവുമായ ഘടകങ്ങളിൽ ഈ വൈവിധ്യം നിരീക്ഷിക്കാവുന്നതാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം സമ്പുഷ്ടമായ സാമൂഹികസാംസ്കാരികചട്ടക്കൂട് രൂപപ്പെടുന്നതിന് സഹായിച്ചിട്ടുണ്ട്. ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട സംസ്ഥാനങ്ങൾ വിഭിന്നമായ സാമൂഹികസാംസ്കാരിക ചട്ടക്കൂട് നിലനിർത്തുന്നുമുണ്ട്. സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും ആരോഗ്യപരമായും കൈവരിച്ച നേട്ടങ്ങൾകൊണ്ട് കേരളം പ്രത്യേകം പരാമർശിക്കപ്പെടുന്നു. ഈ യൂണിറ്റിൽ കേരളത്തെ പ്രത്യേകമായി പരാമർശിച്ചുകൊണ്ട് ഇന്ത്യയിലെ ബഹുസ്വരസംസ്കാരങ്ങൾ പരിശോധിക്കാം.

1985ൽ തുടങ്ങി 1992ൽ അവസാനിച്ച ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പ്രോജക്ടിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലുമായി 4635 സമുദായങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞു. മറ്റുപല രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ ജനങ്ങൾ വ്യത്യസ്തമാണെന്ന് ഈ പഠനം തെളിയിക്കുന്നു. വ്യത്യസ്ത മതങ്ങൾ, ഭാഷകൾ, ജാതികൾ, സമുദായങ്ങൾ, വംശീയഗ്രൂപ്പുകൾ എന്നിവകൊണ്ട് ഇന്ത്യ ഒരു ബഹുസ്വരസമൂഹമാണ്.

ചിത്രം 6.3 ഇന്ത്യയിലെ പാർപ്പിടരീതികളുടെ വൈവിധ്യം.

ഭൂമിശാസ്ത്രപരമായ വൈവിധ്യം വീടുനിർമ്മാണത്തിൽ പലരീതിയിലും സ്വാധീനിക്കുന്നതായി നിങ്ങൾ നേരത്തേ പഠിച്ചതാണല്ലോ. ഉദാഹരണത്തിന്, ആസ്സാം പോലുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വീടുനിർമ്മിക്കുന്നത് ഡെക്കാൻ പീഠഭൂമിയിൽനിന്നു തികച്ചും വ്യത്യസ്ത രീതിയിലാണ്. ഇത് എന്താണ് സൂചിപ്പിക്കുന്നത്? ഭൂമിശാസ്ത്രപരമായ സവിശേഷതകൾ സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളെയും സ്വാധീനിക്കുന്നുവെന്നാണ്. അതിലൊന്നാണ് വീട്. ഇന്ത്യയിൽ അതിവിശിഷ്ടമായ സമൂഹവും സംസ്കാരവും രൂപപ്പെടുന്നതിൽ ഇന്ത്യൻ ഭൂമിശാസ്ത്രം എങ്ങനെയാണ് സ്വാധീനിച്ചിരിക്കുന്നതെന്ന് നമുക്കിപ്പോൾ പരിശോധിക്കാം.

ഭൂപശ്ചാത്തലം (Geographical Background)

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അതിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പുരോഗതിയെയും സ്വാധീനിക്കുന്നു. പൗരസ്ത്യദേശത്തിന്റെ ഏതാണ്ട് മധ്യഭാഗത്താണ് ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം. ഇന്ത്യ വൈവിധ്യത്തിന്റെയും വിവിധ മതവിഭാഗങ്ങളുടെയും നാനാഭാഷക്കാരുടെയും രാജ്യമാണ്. വടക്കുപടിഞ്ഞാറായി പാക്കിസ്ഥാനും വടക്കുകിഴക്കായി നേപ്പാൾ, ഭൂട്ടാൻ, ചൈന എന്നിവയും ബംഗ്ലാദേശ്, മ്യാൻമർ എന്നിവ കിഴക്കും പടിഞ്ഞാറായി അറബിക്കടലും തെക്ക് ഇന്ത്യൻ മഹാസമുദ്രവും കിഴക്ക് ബംഗാൾ ഉൾക്കടലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ അതിർത്തി നിർണയിക്കുന്നു. കാലാവസ്ഥാപരമായി

അതിശൈത്യമുള്ള പ്രദേശവും കഠിനമായ ചൂടുള്ള പ്രദേശവും ഇവിടെയുണ്ട്. 3.3 ദശലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള വലിയ ഉപദ്വീപാണ് ഇന്ത്യ. വടക്കുനിന്ന് തെക്കോട്ട് 3200 കിലോമീറ്റർ നീളവും കിഴക്കുനിന്ന് പടിഞ്ഞാറോട്ട് 3000 കിലോമീറ്ററിനടുത്ത് വീതിയും ഇന്ത്യക്കുണ്ട്. വ്യത്യസ്തതരം ഭൂവിഭാഗങ്ങൾ ഇവിടെയുണ്ട്. പ്രധാന ഭൂപ്രദേശങ്ങളാണ്:

1. വടക്കൻ പർവതപ്രദേശം
2. വടക്കേ ഇന്ത്യൻ സമതലം
3. താർ മരുഭൂമി
4. ഇന്ത്യൻ ഉപദ്വീപീയ മേഖല
5. തീരസമതലം
6. ദ്വീപുമേഖലകൾ

1. വടക്കൻ പർവതപ്രദേശം (Northern Mountain Region): ഹിമാലയവും വടക്കുകിഴക്കൻകുന്നുകളും ലോകത്തിലെ ഉയരം കൂടിയ പർവതങ്ങളും ഈ മലനിരകളിൽ ഉൾപ്പെടുന്നു. ഇത് ഒരു മതിൽപോലെ പ്രവർത്തിച്ച് വിദേശ അധിനിവേശം തടയുന്നു. തണുത്ത ധ്രുവക്കാറ്റിനെ തടഞ്ഞുനിർത്തി മൺസൂൺകാറ്റ് സുലഭമാക്കി ഇന്ത്യൻ കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഒരു പ്രകൃതിദത്ത തടസ്സമായി ഹിമാലയം വർത്തിക്കുന്നു. മാത്രമല്ല, സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളുടെ ഉൽഭവസ്ഥാനവും അവയുടെ ജലസ്രോതസ്സായും പ്രവർത്തിക്കുന്നു.

2. വടക്കേ ഇന്ത്യൻസമതലം (North Indian Plain): ഇത് ഗംഗാസമതലം എന്നും ഇന്തോ ഗംഗാസമതലം എന്നും അറിയപ്പെടുന്നു. സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ നദികളിൽ ജൈവ അവശിഷ്ട നിക്ഷേപംകൊണ്ടും അവയുടെ ഇരുതീരങ്ങളും ധാരാളം എക്കൽമണ്ണുകൊണ്ടും ഫലപുഷ്ടിയുള്ളതാണ്. പുരാതന ഇന്ത്യൻ നാഗരികത ഈ തീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ നദീതീരങ്ങൾ മതകേന്ദ്രങ്ങളും നഗരങ്ങളും കൊണ്ട് അഭിവൃദ്ധി പ്രാപിച്ചവയാണ്. ഈ നദികൾ ഗതാഗത വാർത്താവിനിമയങ്ങളുടെ പ്രധാന മാർഗങ്ങളായും പ്രവർത്തിക്കുന്നു.

എന്തുകൊണ്ടാണ് ഇന്ത്യയുടെ തെക്കൻ മേഖലകളെക്കാളും വടക്കൻ മേഖലകളിൽ ഉയർന്ന ജനസംഖ്യാനിരക്ക് ഉണ്ടാകുന്നത്?

താർ മരുഭൂമി ഇല്ലായിരുന്നെങ്കിൽ രാജസ്ഥാനിലെ സാംസ്കാരികമാതൃക എന്താകുമായിരുന്നു.

3. താർ മരുഭൂമി (Thar Desert): ലോകത്തിലെ വലിയ മരുഭൂമികളിലൊന്നാണ് താർ മരുഭൂമി. രാജസ്ഥാനിലാണ് ഇതിന്റെ 60% ഭൂപ്രദേശവും സ്ഥിതിചെയ്യുന്നത്. രാജ്യത്തിന്റെ കാലാവസ്ഥ നിർണയിക്കുന്നതിൽ ഇത് പ്രധാന പങ്കുവഹിക്കുന്നു.

4. ഇന്ത്യൻ ഉപദ്വീപീയ മേഖല (Peninsular India): പശ്ചിമഘട്ടത്തിന്റെയും പൂർവഘട്ടത്തിന്റെയും ഇടയിലുള്ള വടക്കൻ സമതലഭാഗമാണിത്. പടിഞ്ഞാറൻ തീരപ്രദേശങ്ങളിലും കിഴക്കൻ തീരപ്രദേശങ്ങളിലുമായി പ്രകൃതിദത്തമായ തുറമുഖങ്ങളുണ്ട്. ലോകത്തിലെ മറ്റു പ്രദേശങ്ങളുമായി ഇന്ത്യൻ ഉപദ്വീപ് കടൽമാർഗമുള്ള വ്യാപാരം നടത്തിയിരുന്നു. ഗോവ, മുംബൈ എന്നിവ പടിഞ്ഞാറൻ തീരത്തെയും ചെന്നൈ, വിശാഖപട്ടണം എന്നിവ കിഴക്കൻ തീരത്തെയും തുറമുഖങ്ങളാണ്. തെക്കേ ഇന്ത്യയുടെ വികസനത്തിൽ കൃഷ്ണ, കാവേരി, ഗോദാവരി, നദികൾ പ്രധാന പങ്കുവഹിക്കുന്നു.

5. തീരസമതലം (Costal Plain): ഇന്ത്യയിലെ കിഴക്കൻ, പടിഞ്ഞാറൻ സമതലങ്ങളുമായി യോജിച്ച് പൂർവഘട്ടത്തിനും ബംഗാൾ ഉൾക്കടലിനും ഇടയിലായി കിഴക്കൻ തീരസമതലം സ്ഥിതി ചെയ്യുന്നു. ഇത് കൊറമാണ്ടൽ തീരം എന്നും അറിയപ്പെടുന്നു. പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിലായി പടിഞ്ഞാറൻ തീരസമതലം സ്ഥിതിചെയ്യുന്നു. ഇതിൽ കൊങ്കൺതീരവും മലബാർതീരവും ഉൾപ്പെടുന്നു.

> വിന്ധ്യ -സത്പുര മലനിരകൾ വടക്കേ ഇന്ത്യയിലെയും തെക്കേ ഇന്ത്യയിലെയും സംസ്കാരത്തെ എങ്ങനെ സ്വാധീനിക്കുന്നു?

തീരപ്രദേശങ്ങളിൽ വ്യത്യസ്ത സംസ്കാരങ്ങൾ രൂപപ്പെടുന്നതിൽ പശ്ചിമഘട്ടത്തിന്റെയും പൂർവഘട്ടത്തിന്റെയും സ്വാധീനം എങ്ങനെയെന്ന് നിങ്ങൾ ചർച്ചചെയ്യൂ. എങ്ങനെയാണ് ഈ മലനിരകൾ തദ്ദേശ, ഗോത്രസംസ്കൃതിയുടെ വാസസ്ഥലമായത്?

6.ദ്വീപുമേഖലകൾ (Island Regions): ദ്വീപുമേഖലകളിൽ അറബിക്കടലിലെ ലക്ഷദ്വീപും ബംഗാൾ ഉൾക്കടലിലെ ആന്തമാൻ -നിക്കോബാർ ദ്വീപുകളും ഉൾപ്പെടുന്നു. ലാക്കഡിവ്, മിനിക്കോയ്, അമിൻഡിവ് എന്നീ മൂന്ന് പ്രധാന ദ്വീപുകൾ ചേർന്ന ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്ര ഭരണപ്രദേശമാണ് ലക്ഷദ്വീപ്. കേരളത്തിലെ ജനങ്ങളുമായി വംശീയസാമ്യം പുലർത്തുന്നവരാണ് ഇവിടത്തെ ജനങ്ങൾ.

ഏകദേശം 572 ദ്വീപുകളുള്ള ലക്ഷദ്വീപിനേക്കാൾ വലുപ്പമുള്ള കേന്ദ്ര ഭരണപ്രദേശമാണ് ആന്തമാൻ - നിക്കോബാർ ദ്വീപുകൾ. ബംഗാൾ ഉൾക്കടലും ആന്തമാൻകടലും കൂടിച്ചേരുന്ന പ്രദേശത്താണ് ഇത് സ്ഥിതിചെയ്യുന്നത്.

> ആന്തമാൻ ദ്വീപുകളെ രണ്ട് ദ്വീപസമൂഹങ്ങളായി തരംതിരിച്ചിട്ടുണ്ട്- 'ആന്തമാൻ ദ്വീപസമൂഹവും' 'നിക്കോബാർ ദ്വീപസമൂഹവും'. ഭൂമിശാസ്ത്രപരമായി മലേഷ്യ, വടക്കുകിഴക്കൻ ഇന്ത്യ, ബർമ്മ, തായ്‌ലാന്റ്, ഇന്തോനേഷ്യ എന്നീ തെക്കുകിഴക്കൻ ഏഷ്യയുടെ ഭാഗമായാണ് ഈ ദ്വീപുകൾ സ്ഥിതിചെയ്യുന്നത്. നിത്യഹരിതവനങ്ങളുടെ നീണ്ടനിരയുള്ളതും ജൈവവൈവിധ്യത്താൽ സമൃദ്ധവുമായ മേഖലയാണിത്. 34 ദ്വീപുകളിൽ മാത്രമേ മനുഷ്യവാസം രേഖപ്പെടുത്തിയിട്ടുള്ളൂ. പ്രധാനഗോത്ര വർഗക്കാരുടെ സാന്നിധ്യംകൊണ്ട് വളരെ പ്രശസ്തമാണ് ഈ ദ്വീപുകൾ, സെന്റിനൽ ദ്വീപിലെ സെന്റിനൽസും ഗ്രേറ്റ്നിക്കോബാറിലെ ഷോംപെനും സ്ട്രെയ്റ്റ് ദ്വീപിലെ ഗ്രേറ്റ് ആന്തമാനീസും ലിറ്റിൽ ആന്തമാനിലെ ഏറ്റവും ഒറ്റപ്പെട്ട വിഭാഗമായ ഓംഗെയും മധ്യ-തെക്കൻ ആന്തമാനിലെ ജരാവയും ഇവരിൽപ്പെടുന്നു. ഇന്ത്യയുടെ ഏറ്റവും തെക്കേ അറ്റമായ 'ഇന്ദിരാപോയിന്റ്' ആന്തമാൻ - നിക്കോബാർ ദ്വീപുകളിലാണ്.

> ഇന്ത്യയുടെ ഭൂപടം വരച്ച് മേൽപ്പറഞ്ഞ ഭൂപ്രദേശങ്ങൾ അടയാളപ്പെടുത്തുക.

ഭൂമിശാസ്ത്ര പ്രത്യേകതകളുടെ ഫലമായി ജനസംഖ്യയുടെ സങ്കീർണമായ ഭൂതലവിതരണമാണ് യഥാർഥത്തിൽ ഇന്ത്യയിലുള്ളത്. ഇന്ത്യയുടെ ജനസംഖ്യാചിത്രം പരിശോധിച്ചാൽ ഇത് ബോധ്യമാകും.

ജനസംഖ്യാപശ്ചാത്തലം (Demographic Profile)

ജനസംഖ്യയുടെ വലുപ്പം, മിശ്രണം, സ്ഥലപരവിഭജനം എന്നിവയുടെ സാംഖിക പഠനമാണ് ജനസംഖ്യാശാസ്ത്രം. ഒരു പ്രദേശത്തിന്റെ ജനസംഖ്യയെ ബാധിക്കുന്ന

ഘടകങ്ങളാണ് ജനനനിരക്ക്, മരണനിരക്ക്, വിവാഹം, കുടിയേറ്റം, സാമൂഹിക ചലനാത്മകത എന്നിവ. ഇന്ത്യ ജനപ്പെരുപ്പമുള്ള ഒരു രാജ്യമാണ്. ഇന്ത്യയുടെ സാമ്പത്തിക വളർച്ച താരതമ്യേന കുറവും ജനസംഖ്യാവളർച്ച വളരെ വേഗത്തിലുമാണ്. ചൈനയ്ക്കുശേഷം ലോകത്തിലെ ജനസംഖ്യ കൂടുതലുള്ള രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. ലോകത്തിലെ 2.5% വിസ്തൃതിയുള്ള രാജ്യമായ ഇന്ത്യയിൽ ലോകത്തിലെ ആറിലൊന്ന് ജനങ്ങൾ വസിക്കുന്നു.

20 വർഷങ്ങൾക്കുശേഷം ഉണ്ടാവാൻ സാധ്യതയുള്ള ഇന്ത്യൻ ജനസംഖ്യയുടെ സംക്ഷിപ്തരൂപം. (2026ൽ)

ആകെ ജനസംഖ്യ	140 കോടി
ജനനനിരക്ക്	- 16/1000
ശിശുമരണനിരക്ക്	- 40/1000
ആൺ-പെൺ ലിംഗ അനുപാതം	- 1000:930
ജനസംഖ്യാവളർച്ച (2001-2026)	- 36%
0-15 വയസ്സുള്ളവർ	- 327
15-64 വയസ്സുള്ളവർ	- 957
65 വയസ്സിനു മുകളിലുള്ളവർ	- 116
ജനസാന്ദ്രത	- 426വ്യക്തികൾ/5 ച.കി.മി

(ഉറവിടം: ദേശീയ ജനസംഖ്യാകമ്മീഷന്റെ സാങ്കേതികവിഭാഗം 2000)

2011 സെൻസസ്പ്രകാരം ഇന്ത്യയിൽ ഏകദേശം 121 കോടി ജനങ്ങളാണുള്ളത്. 2001നുശേഷം 7.5% കൂടുതലാണിത്. മരണനിരക്ക് കുത്തനെ കുറഞ്ഞതാണ് ജനസംഖ്യാവർധനവിന് പ്രധാനകാരണമെന്ന് ജനസംഖ്യാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

ലിംഗാനുപാതം (Sex Ratio): ഇന്ത്യൻ ജനസംഖ്യയുടെ ലിംഗാനുപാതം സ്ത്രീകളെക്കാൾ പുരുഷന്മാർ കൂടുതൽ എന്നാണ് കാണിക്കുന്നത്. 2011 സെൻസസ് പ്രകാരം ആൺ - പെൺ അനുപാതം 1000:940 ആണ്. എന്നാൽ 2001 സെൻസസ് പ്രകാരം ഇത് 1000:933 ആണ്. പുരുഷന്മാരേക്കാൾ സ്ത്രീകളുള്ള ഒരേയൊരു ഇന്ത്യൻ സംസ്ഥാനം കേരളം മാത്രമാണ് (1000:1084). പുരുഷന്മാരേക്കാൾ സ്ത്രീകളുള്ള കേന്ദ്രഭരണപ്രദേശം പോണ്ടിച്ചേരി മാത്രമാണ് (1000:1034).

സാക്ഷരതാനിരക്ക് (Literacy Rate): 2011 സെൻസസ് പ്രകാരം പുരുഷസാക്ഷരത 82.1%വും സ്ത്രീസാക്ഷരത 65.6%ത്തിനു മുകളിലുമാണ്. 74 % ഇന്ത്യക്കാർ ഇപ്പോൾ സാക്ഷരരാണ്. 2001നേക്കാൾ 2011 ൽ ഇത് 10% വർധിച്ചിട്ടുണ്ട്. കേരളമാണ് ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനം (93.91%), കുറവ് ബീഹാറിലും (63.82%).

സാക്ഷരതാനിരക്കിലുള്ള വളർച്ച ഇന്ത്യൻസമൂഹത്തിൽ ധാരാളം മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസം, തൊഴിൽ, മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവയ്ക്കുവേണ്ടി ജനങ്ങൾ ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുന്നു. ഇത് നഗരജനസംഖ്യാപ്രവാഹമുണ്ടാക്കി. സെൻസസ് പ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ നമുക്ക് പരിശോധിക്കാം.

ഗ്രാമ-നഗരജനസംഖ്യ (Rural-Urban Population): 2011 സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 68.8% പേർ ഗ്രാമങ്ങളിലും 31.2% പേർ നഗരങ്ങളിലുമാണ് വസിക്കുന്നത്. ഇത് വർധിച്ചുവന്ന നഗരവൽക്കരണപ്രവണതയാണ് കാണിക്കുന്നത്. 1951 മുതൽ നഗരവൽക്കരണത്തിന്റെ വളർച്ച ഇവിടെ കൊടുത്ത ചാർട്ടിൽ സ്പഷ്ടമാകുന്നു.

ചിത്രം 6.4 നഗരജനസംഖ്യ വളരുന്ന പ്രവണത.

നിങ്ങളുടെ ചുറ്റുപാടിൽ ഗ്രാമപ്രദേശം ചുരുങ്ങിക്കൊണ്ടിരിക്കുന്നത് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ? നഗരപ്രദേശം വളരുന്നുണ്ടോ?എന്തായിരിക്കാം ഇതിനു കാരണം? നിങ്ങളുടെ നിരീക്ഷണങ്ങളും അധികവായനയും അടിസ്ഥാനമാക്കി ഒരു റിപ്പോർട്ട് തയാറാക്കുക.

അങ്ങേയറ്റം തരംതിരിക്കപ്പെട്ടിട്ടുള്ള സമൂഹമാണ് ഇന്ത്യ. ഇന്ത്യയിലെ ജനങ്ങളെ പലരീതിയിലാണ് തരംതിരിച്ചിട്ടുള്ളത്. അതിലൊന്ന് മതപരമായ തരംതിരിവാണ്.

മതപരമായ മിശ്രണം (Religious Composition): 2011 സെൻസസ് പ്രകാരം ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 80% ഹിന്ദുക്കളാണ്. മുസ്ലിം വിഭാഗങ്ങൾ ഏകദേശം 14 ശതമാനമാണ്. മറ്റ് മതവിഭാഗങ്ങളിൽ ക്രിസ്ത്യാനികൾ (2.3%), സിഖുകാർ (1.9%), ബുദ്ധമതക്കാർ (0.8%), ജൈനമതക്കാർ (0.47%), അനിമിസ്റ്റുകളും മറ്റുള്ളവരും (0.7%) എന്നിങ്ങനെ യാണുള്ളത്.

1951 മുതൽ ഇന്ത്യയിലെ ജനസംഖ്യാമാറ്റത്തിന്റെ രൂപരേഖ വ്യക്തമാക്കുന്ന ചാർട്ട് തയാറാക്കുക. അതിൽ ആകെ ജനസംഖ്യ, ലിംഗമിശ്രണം, നഗര-ഗ്രാമജനസംഖ്യ, സാക്ഷരതാനിരക്ക്, പ്രായാടിസ്ഥാനത്തിലുള്ള മിശ്രണം എന്നിവ ഉൾപ്പെടുത്തുക.

ഭാഷ സംസ്കാരത്തിന്റെ മുഖ്യവാഹകമാണെന്ന് നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചിരുന്നുവല്ലോ. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഭാഷാപരമായ വൈവിധ്യം സംസ്കാരത്തിലും പ്രകടമാണ്. ഇന്ത്യയുടെ ഭാഷാചിത്രം പരിശോധിച്ചാൽ നമുക്കിത് വ്യക്തമാകും.

ഭാഷാപശ്ചാത്തലം (Linguistic Profile)

ബഹുഭാഷത്വം ദേശീയതയ്ക്ക് തടസ്സമല്ല എന്നതാണ് വസ്തുത. ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളും ഭാഷാടിസ്ഥാനത്തിലാണ് രൂപപ്പെട്ടിരിക്കുന്നത്.

ഇരുപത്തിരണ്ട് ഭാഷകളാണ് ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിലുൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്. ഇതു കൂടാതെ ഇന്ത്യയിൽ മറ്റനേകം ഭാഷകളും ഭാഷാഭേദങ്ങളുമുണ്ട്. ഇന്ത്യയുടെ ദേശീയഭാഷയും ഔദ്യോഗികഭാഷയും ഹിന്ദിയാണ്. മറ്റൊരു സഹ ഔദ്യോഗികഭാഷയായി ഇംഗ്ലീഷും നിലവിലുണ്ട്. ഇംഗ്ലീഷ് ഔദ്യോഗികഭാഷയായും പ്രാദേശികഭാഷയായും അംഗീകരിക്കപ്പെട്ടത് നാഗാലാന്റിൽ മാത്രമാണ്. പുരാതന ഇന്ത്യയിൽ പാലിയും പ്രാകൃതും സംസ്കൃതഭാഷയുമായിരുന്നു പ്രമുഖം.

ഒരു സമുദായത്തിന്റെയോ ഗ്രൂപ്പിന്റെയോ സവിശേഷ സാംസ്കാരിക പ്രതിഫലനമെന്ന നിലയിൽ ഓരോ ഭാഷയ്ക്കും ഭാഷാഭേദങ്ങൾക്കും വിശിഷ്ടമായ സ്ഥാനമാണുള്ളത്. ഭാഷയോ, ഭാഷാഭേദങ്ങളോ അപ്രത്യക്ഷമായാൽ അത് അവരുടെ സവിശേഷ സംസ്കാരത്തെയും അന്യവൽക്കരിക്കും.

മറ്റെല്ലായിടത്തുമെന്നപോലെ ഇന്ത്യയിലും ഇത് സംഭവിച്ചുകഴിഞ്ഞു. പല ഭാഷകളും ഭാഷാഭേദങ്ങളും പല മാറ്റങ്ങൾക്കും വിധേയമായി വംശനാശത്തിന്റെ വക്കിലാണ്. അതുകൊണ്ട് ഭാഷാസംരക്ഷണപ്രവർത്തനങ്ങൾ നമ്മുടെ സാംസ്കാരിക പൈതൃകം നിലനിർത്തുന്ന പ്രവർത്തനങ്ങൾ കൂടിയാണ്. ഇന്ത്യൻ ഭാഷാകുടുംബങ്ങളെക്കുറിച്ചും അവയുടെ വൈവിധ്യത്തെക്കുറിച്ചും വിവേചിച്ചറിയേണ്ടത് നമ്മുടെ കടമയാണ്.

ഇന്ത്യയിലെ ഭാഷാകുടുംബങ്ങൾ (Language Families in India)

ഇന്ത്യയിലെ ഭാഷാകുടുംബങ്ങൾ താഴെ കൊടുക്കുന്നു.

1. ഇൻഡോ-ആര്യൻ (ഇൻഡോ-യൂറോപ്യൻ)
2. ദ്രവീഡിയൻ (തെക്കേ ഇന്ത്യൻ ഭാഷകൾ)
3. സിനോടിബറ്റൻ (ടിബറ്റോ/ബർമ്മൻ)
4. ആസ്ട്രിക് (ആസ്ട്രോ- ഏഷ്യാറ്റിക്)
5. വർഗീകരിക്കാത്തവ



ചിത്രം 6.5 തെക്കൻ ഏഷ്യാ ഭാഷാകുടുംബങ്ങളുടെ വിതരണം.

1. ഇൻഡോ-ആര്യൻ: വടക്കേ ഇന്ത്യയിലെയും വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെയും ഭാഷകൾ ഇൻഡോ-ആര്യൻ ഭാഷകളിൽ ഉൾപ്പെടുന്നു. ഹിന്ദി, പഞ്ചാബി, മറാത്തി, ഗുജറാത്തി, രാജസ്ഥാനി, സിന്ധി, കൊങ്കണി, മാർവാരി, മേവതി, ഉറുദു, ഛത്തിസ്ഗാർ, മൈഥിലി, കുമയൂണി, ഗർവാലി, ബംഗാളി എന്നീ ഭാഷകൾ ഇതിലുൾപ്പെടുന്നു. ഇന്ത്യൻ ജനസംഖ്യയുടെ 73%പേർ ഇൻഡോ ആര്യൻ ഭാഷകൾ സംസാരിക്കുന്നു.

ദ്രാവിഡം: തെക്കേ ഇന്ത്യൻ ഭാഷകളായ മലയാളം, കന്നഡ, തെലുങ്ക്, തമിഴ് എന്നീ

ഭാഷകൾ ദ്രാവിഡകുടുംബത്തിൽ ഉൾപ്പെടുന്നു. ദ്രാവിഡഭാഷകളിൽ ഏറ്റവും പഴയത് തമിഴാണ്. ഗോണ്ടിഭാഷ ദ്രാവിഡഭാഷാകുടുംബത്തിലാണ് വർഗീകരിക്കപ്പെട്ടിട്ടുള്ളത്. ഏകദേശം 23% ഇന്ത്യക്കാർ ദ്രാവിഡഭാഷകൾ സംസാരിക്കുന്നു.

3. സിനോടിബറ്റൻ: വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ സിക്കിം, അരുണാചൽപ്രദേശ്, മേഘാലയ, മണിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിൽ വസിക്കുന്ന ഭൂരിഭാഗം ജനങ്ങളും സിനോടിബറ്റൻ ഭാഷകളാണ് സംസാരിക്കുന്നത്. വടക്കേ ഇന്ത്യയിലെ ഗോത്രമായ കുക്കി, ഗാരോ, ലെപ്ച്ച എന്നിവരുടെ സംസാരഭാഷ സിനോടിബറ്റൻ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്നു.

4. ആസ്ടിക്: മധ്യ ഇന്ത്യയിലെ ഗോത്രവിഭാഗങ്ങളുടെ ഭാഷകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. സന്താൾ, മുണ്ട എന്നീ ഗോത്രവിഭാഗങ്ങളുടെ ഭാഷകൾ ആസ്ടിക് കുടുംബത്തിൽ വരുന്നു.

5. വർഗീകരിക്കാത്തവ: ഭാഷകളുടെ ജനിതകച്ചേർച്ച കൃത്യമായി സ്ഥിരീകരിക്കാത്തവ വർഗീകരിക്കാത്ത ഭാഷകളിൽ ഉൾപ്പെടുന്നു. ഉദാഹരണമായി, ആന്തമാൻ-നിക്കോബാർ ദ്വീപുകളിലെ ഗോത്രങ്ങളുടെ സംസാരഭാഷ ശരിയായ രീതിയിൽ തിരിച്ചറിയാനോ വർഗീകരിക്കാനോ സാധിച്ചിട്ടില്ല. ഇത്തരം ഭാഷകൾ വർഗീകരിക്കാത്ത ഭാഷാ വിഭാഗത്തിൽ ഉൾപ്പെടുന്നു.

തെക്കനേഷ്യൻ ഭാഷാകുടുംബങ്ങളുടെ വിഭജനമാണ് മുകളിൽ കൊടുത്ത ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. വിവിധ ഇന്ത്യൻ ഭാഷാകുടുംബങ്ങളെ കാണിക്കുന്ന സമാനമായ ഇന്ത്യൻ ഭൂപടം തയാറാക്കുക.

വിവിധ ഭാഷാകുടുംബങ്ങളിൽ ഭാഷകളുടെ സ്വാധീനം ചർച്ചചെയ്യുമ്പോൾ വേദകാലത്ത് സംസ്കൃതഭാഷ ഇൻഡോ-ആര്യൻ ഭാഷയുടെയും ദ്രാവിഡഭാഷയുടെയും ഇടയിൽ ഒരു പാലം പോലെ വർത്തിച്ചത് നമുക്ക് കാണാൻ കഴിയും. അവയ്ക്കിടയിൽ ആശയവിനിമയകണ്ണിയായും സംസ്കൃതം പ്രവർത്തിച്ചിട്ടുണ്ട്. മലയാളഭാഷയിലെ സംസ്കൃതപദങ്ങളുടെ ബാഹുല്യം ഇതിന് തെളിവാണ്. ഇന്ത്യയുടെ മധ്യകാലഘട്ടത്തിൽ, മറാത്തി, കന്നഡ, തെലുങ്ക്, തമിഴ്, ബംഗാളി എന്നിവപോലുള്ള ഇന്ത്യൻ ഭാഷകളെ പേർഷ്യൻ ഭാഷ സ്വാധീനിച്ചിട്ടുണ്ട്. ഈ ഭാഷകൾ പരസ്പരം പൊതുവായ ഘടകങ്ങൾ സംഭാവനചെയ്യുകയും സ്വാധീനിക്കുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് കാലത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം ഉണ്ടായിവന്നു അതിന്റെ ആധിപത്യം ഇന്നും തുടരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തിൽ ഹിന്ദുസ്ഥാനിഭാഷകൾക്ക് (ഉറുദുവിന്റെയും ഹിന്ദിയുടെയും മറ്റുഭാഷകളുടെയും മിശ്രണം) കൂടുതൽ സ്വീകാര്യതയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാഷാ ഐക്യമുണ്ടാക്കുന്നതിൽ ഹിന്ദി സഹായിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്തു.

ഒരു ഭാഗത്ത് പ്രാദേശികഭാഷകൾ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ തന്നെ നമ്മൾ ദേശീയോദ്ഗ്രഥനത്തെക്കുറിച്ചും ബോധമുള്ളവരാണ്. ഭാഷാവൈവിധ്യങ്ങളും ദേശീയോദ്ഗ്രഥനവും എങ്ങിനെ കൈകോർത്തു പോകുന്നുവെന്നു ചർച്ചചെയ്യുക. മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാന

ത്തിൽ 'നമുക്ക് ഒരു പൊതുവായ പദസമ്പത്തും ഭാഷയും ആവശ്യമുണ്ടോ' എന്ന വിഷയത്തിൽ സംവാദം നടത്തുക.

ഇന്ത്യൻ ജനതയിൽ ഭാഷാപരമായ വൈവിധ്യം കൂടാതെ ബാഹ്യവും അളന്നെടുക്കാൻ കഴിയുന്നതുമായ ധാരാളം പ്രത്യേകതകളും കാണാൻ കഴിയും. ഇത്തരം സവിശേഷതകളുടെ അടിസ്ഥാനത്തിലുള്ള ജനതയെ പൊതുവെ വർഗങ്ങൾ എന്നു പറയുന്നു. ലോകത്തിലെ മറ്റുരാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി ഇന്ത്യയിൽ ബഹുവർഗസവിശേഷതകൾ നിലനിൽക്കുന്നു. ഇന്ത്യൻജനതയുടെയും സംസ്കാരത്തിന്റെയും മറ്റൊരു തലം മനസ്സിലാക്കാൻ വർഗപരമായ രൂപരേഖ പരിശോധിക്കാം.

മനുഷ്യവർഗ പശ്ചാത്തലം (Racial Profile)

"പൊതുവായ പ്രത്യേകതകളുള്ള ഒരു കൂട്ടം ജനങ്ങളാണ് മനുഷ്യവർഗം" എന്ന് ഇന്ത്യൻ നരവംശശാസ്ത്രജ്ഞനായ ഹട്ടൺ പറയുന്നു. ഇന്ത്യയിലെ ജനങ്ങളുടെ വംശീയ ഘടകങ്ങളെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളുണ്ട്. എച്ച്. എച്ച്. റിസ്‌ലി, ജെ.എച്ച്. ഹട്ടൺ, ബി.എസ്. ഗുഹ എന്നിവർ ഇന്ത്യയിലെ ജനങ്ങളെ വ്യത്യസ്ത വർഗങ്ങളായി തിരിച്ചവരിൽ ഉൾപ്പെടുന്നു. ഇന്ത്യയിൽ മൂന്ന് പ്രധാന അടിസ്ഥാനവർഗങ്ങളാണ് ഉള്ളതെന്ന് എച്ച്. എസ്.റിസ്‌ലി അംഗീകരിക്കുന്നു. അവർ ദ്രാവിഡർ, ഇൻഡോ ആര്യന്മാർ, മംഗളോയിഡ് എന്നിവരാണ്.

എന്നിരുന്നാലും 1935ൽ ഇന്ത്യയിലെ ജനങ്ങളെക്കുറിച്ച് ബി.എസ്. ഗുഹയുടെ വർഗീകരണമാണ് കൂടുതൽ സ്വീകരിക്കപ്പെട്ടത്. ആറ് പ്രധാന വർഗങ്ങളും ഒമ്പത് ഉപവർഗങ്ങളുമായിട്ടാണ് ഇത് പട്ടികപ്പെടുത്തിയത്. അവ താഴെക്കൊടുക്കുന്നു.

നീഗ്രോയ്ഡുകൾ: ഇന്ത്യയിലെ ആദിമനിവാസികളായിട്ടാണ് നീഗ്രോയ്ഡുകളെ കരുതുന്നത്. അവരുടെ ആദിമവാസസ്ഥലമായ ആന്തമാൻ-നിക്കോബാർ ദ്വീപുകളിലാണ് ഇവർ അതിജീവിക്കുന്നത്. ജരാവ, ഓംഗേ, ഷോംബെൻ, സെന്റിലാനിസ്, ഗ്രേയ്റ്റ് ആന്തമാനുകൾ എന്നിവ ചില ഉദാഹരണങ്ങളാണ്. തെക്കേ ഇന്ത്യയിലെ കുന്നുകളിൽ വസിക്കുന്ന ചില ഗോത്രവർഗങ്ങളായ കാടർ, ഇരുളർ, പണിയർ, കുറുമ്പർ എന്നിവരും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

പ്രോട്ടോ ആസ്ട്രലോയ്ഡുകൾ: ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ പ്രോട്ടോ ആസ്ട്രലോയ്ഡ് അംഗങ്ങൾ വ്യാപകമാണെന്ന് വിശ്വസിക്കപ്പെടുന്നു. തരംഗരൂപത്തിലുള്ള മുടിയും മുന്നോട്ടു തള്ളിയ പുരികവരമ്പും പതിഞ്ഞമൂക്കും തടിച്ച താടിയെല്ലും താഴ്ന്ന നെറ്റിത്തടവും ചെറിയ താടിയുമുള്ള ഇവർ പടിഞ്ഞാറുനിന്നു വന്നവരാണെന്ന് പറയപ്പെടുന്നു. മോഹൻജെദാരോവിൽനിന്നു കണ്ടെടുക്കപ്പെട്ട അസ്ഥികളിൽ പ്രോട്ടോ ആസ്ട്രലോയ്ഡ് സവിശേഷതകൾ കാണപ്പെട്ടിരുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനശിലയിട്ടത് പ്രോട്ടോ ആസ്ട്രലോയ്ഡുകളാണെന്ന് ഇത് കാണിക്കുന്നു. മധ്യേന്ത്യയിലെ ഗോത്രങ്ങളായ മുണ്ട, ഹോ, ഓറോൺ, സന്താൾ, ഖോൺണ്ട്, ഗോണ്ട് എന്നിവയും കേരളത്തിലെ കുറിച്യഗോത്രവും ഇവയെ പ്രതിനിധീകരിക്കുന്നു.

മംഗളോയ്ഡുകൾ: ഇന്ത്യയുടെ വടക്കുകിഴക്കൻ ഭാഗങ്ങളിലെ സംസ്ഥാനങ്ങളായ ആസ്സാം, നാഗാലാന്റ്, മിസോറം, മേഘാലയ, അരുണാചൽപ്രദേശ്, മണിപ്പൂർ, ത്രിപുര എന്നിവിടങ്ങളിലുള്ളവർക്ക് മഞ്ഞനിറവും ചരിഞ്ഞ കണ്ണും ഉയർന്ന കവിളെല്ലും വിരളമായ രോമവും മധ്യമ ഉയരവുമാണ്.

മെഡിറ്ററേനിയൻ: നീണ്ടതലയുള്ള മെഡിറ്ററേനിയനുകൾ പലതരത്തിലുണ്ട്. പാലിയോ മെഡിറ്ററേനിയൻ, മെഡിറ്ററേനിയൻ, ഓറിയന്റൽ എന്നിങ്ങനെ ഇവരെ വർഗീകരിച്ചിട്ടുണ്ട്. മധ്യമ ഉയരമുള്ളവരും ഇരുനിറക്കാരുമാണ് മെഡിറ്ററേനിയനുകൾ. കന്നഡ, തമിഴ്, മലയാളം എന്നിവ സംസാരിക്കുന്ന പ്രദേശങ്ങളിലാണ് ഇവർ കൂടുതലായി ഉള്ളത്. തെക്കേ ഇന്ത്യയിലെ ദ്രാവിഡഭാഷ സംസാരിക്കുന്നവരായ തിയ്യ/ഈഴവ, നായർ തുടങ്ങിയവർ മെഡിറ്ററേനിയനിൽപ്പെട്ടാണെന്നു കരുതുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ദ്രാവിഡരല്ലാത്തവരിൽനിന്നു ജൈവപരമായി വ്യത്യസ്തരാണ് ദ്രാവിഡരെന്ന വിശ്വാസത്തിന് എതിരാവുകയാണ് അടുത്തിടെ നടന്ന മൈറ്റോകോൺട്രിയൽ ഡി.എൻ.എ. പഠനങ്ങൾ. ജനിതകവിശകലനപ്രകാരം തെക്കേ ഏഷ്യയിലെ ബലോചി, ബാഹുയു, ബറുഷോ, ഹസാരാ, കലാഷ്, പത്താൻ, സിന്ധി എന്നീ വിഭാഗങ്ങളിലെ ഭൂരിപക്ഷം ജനതയും ഇപ്പോൾ പാക്കിസ്ഥാൻ പ്രദേശത്താണ് അധിവസിക്കുന്നത് (ടബാസം 2011 പുറം 67).

പടിഞ്ഞാറൻ ബ്രാക്കിസെഫാലുകൾ: പടിഞ്ഞാറൻ ബ്രാക്കിസെഫാലുകളെ ആൽപനോയ്ഡുകൾ, ഡൈനാറിക്കുകൾ, ആർമനോയ്ഡുകൾ എന്നിങ്ങനെ ഉപവിഭാഗങ്ങളായി തിരിക്കുന്നു. ഗുജറാത്തിലെ ബനിയകൾ, കത്തിയവാറിലെ കത്തികൾ, ബംഗാളിലെ കായസ്ഥകൾ എന്നിവർ അൽപിനോയ്ഡിന്റെ പ്രതിനിധികളാണ്. ബംഗാൾ, ഒറിസ്സ, കുടക് എന്നിവിടങ്ങളിലെ ജനങ്ങൾ ഡിനാറികളാണ്. ബംഗാളിലെയും മൈസൂറിലെയും ബ്രാഹ്മണർ ഡിനാറികളെ പ്രതിനിധീകരിക്കുന്നു. ബലൂചിസ്ഥാൻ, സിന്ധ് തുടങ്ങിയ മേഖലകളിലൂടെ പ്രവേശിച്ചവരാണ് ആൽപിനോകളും ഡിനാറികളും. ഇവർ ഗുജറാത്ത്, കൽക്കട്ട എന്നിവിടങ്ങളിൽനിന്നു കർണാടകയിലും തുടർന്ന് ശ്രീലങ്കയിലും എത്തിച്ചേരുകയും ചെയ്തു.

ഡിനാറികളുമായി വളരെ സാമ്യമുള്ളവരാണ് അർമനോയ്ഡുകൾ. മുബൈയിലെ പാഴ്സികൾ അർമനോയ്ഡുകൾക്കുള്ള ഏറ്റവും നല്ല ഉദാഹരണമാണ്.

നോർഡിക്കുകൾ: സംസ്കൃതഭാഷ സംഭാവനചെയ്തവരും ഇന്ത്യയിൽ ഹിന്ദു സംസ്കാരത്തിന് അടിസ്ഥാനശിലയിട്ടവരുമാണ് നോർഡിക്കുകൾ എന്നു പറയപ്പെടുന്നു. റഷ്യ, സൈബീരിയ എന്നിവിടങ്ങളിൽനിന്ന് മധ്യേഷ്യയിലൂടെ ഇന്ത്യയിലേക്കു നുഴഞ്ഞു കയറിയവരാണ് അവർ. യഥാർഥ നോർഡിക്കുകൾ ഉയരമുള്ളവരും വെളുത്തതൊലിയുള്ളവരും സ്വർണതലമുടിയും നീലക്കണ്ണുമുള്ളവരുമാണ്. പഞ്ചാബ്, ഗംഗാതാഴ്വരയുടെ മുകൾഭാഗം, രാജസ്ഥാൻ തുടങ്ങിയ ഭാഗങ്ങളിൽ ഇവരെ കാണാം. ഇന്ത്യയിലെ കാലാവസ്ഥ അവരിൽ ശാരീരികമാറ്റം വരുത്തി നേരിയ തവിട്ടുനിറവും ഇരുണ്ടതവിട്ടു നിറവുമുള്ളവരാക്കി.

ആര്യരെന്നും ദ്രാവിഡരെന്നുമുള്ള വംശവർഗീകരണം ശാസ്ത്രീയമല്ല. ഇത് ആദ്യമായി ഉപയോഗിച്ചത് ബ്രിട്ടീഷ് സെൻസസ് അധികാരികളാണ്. ആര്യൻ, ഇൻഡോ ആര്യൻ, ദ്രാവിഡർ എന്നീ പദങ്ങൾ ഭാഷാപരമായിട്ടാണ് ഇന്ന് കാണുന്നത്, വംശീയമല്ല.

ഇന്ത്യയിൽ കാണപ്പെടുന്ന പ്രധാന മനുഷ്യവർഗ്ഗങ്ങളെക്കുറിച്ച് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന മനുഷ്യവർഗങ്ങളും അവരുടെ പ്രതിനിധികളുടെ ചിത്രങ്ങളും സഹിതം ഒരു ചാർട്ടോ അവതരണമോ /ആൽബമോ തയാറാക്കുക. ജാതി/ മതം/ഗോത്രം എന്നിവയുടെ പ്രതിനിധികളെയും ഉൾപ്പെടുത്താം. ഇതിനായുള്ള മാതൃക കാണുക.

പ്രധാന മനുഷ്യവർഗം	പ്രതിനിധികൾ	ജാതി/ഗോത്രം/ മതവിഭാഗങ്ങൾ എന്നിവയുടെ ചിത്രം	ചെറുവിവരണം
നീഗ്രോയ്ഡുകൾ	ജരാവാസ്		ആന്തമാൻ-നിക്കോബാർ ദ്വീപുകളിൽ അധിവസിക്കുന്നു. വംശനാശവക്കിലെത്തിനിൽക്കുന്ന ഒരു ഗോത്രവർഗം. ....
.....	.....		....

വിവിധ മനുഷ്യവർഗങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ ഇന്ത്യയിൽ കുടിയേറി സ്ഥിരവാസമുറപ്പിച്ചിട്ടുണ്ട്. അവർ പരസ്പരം കൂടിക്കലരുകയും സ്വന്തമായ സമൂഹവും സംസ്കാരമുള്ളവരായിത്തീരുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും അവരിൽ ചിലർ ചില സവിശേഷതകൾ കാത്തുസൂക്ഷിക്കുന്നു. പല പ്രത്യേക സവിശേഷതകൾ ഇത്തരം സമൂഹത്തിനും സംസ്കാരത്തിനുമുണ്ട്. ഇന്ത്യൻസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സവിശേഷതകൾ, അതിന്റെ ഉൽഭവം മുതലുള്ള ചെറുവിവരണം എന്നിവ ചുവടെ കൊടുക്കുന്നു.

പ്രാചീന ഇന്ത്യൻ നാഗരികതയും സമൂഹവും
(Early Indian Civilization and Society)

ഇന്ത്യക്ക് പ്രാചീനശിലായുഗം മുതലുള്ള ചരിത്രാതീതകാലമുണ്ടെന്ന് നിങ്ങൾ പുരാവസ്തുശാസ്ത്രക്ലാസിൽ പഠിച്ചിട്ടുണ്ടല്ലോ. നമ്മുടെ ശ്രേഷ്ഠമായ സംസ്കാര പാരമ്പര്യത്തിന് പല ചരിത്രാതീതസ്ഥലങ്ങളും ഉദാഹരണങ്ങളാണ്. എന്നിരുന്നാലും സിന്ധുനദീതടങ്ങളിൽ നിലനിന്നിരുന്ന ലോഹയുഗസംസ്കാരം ഒരു പ്രത്യേക ചരിത്രകാലഘട്ടമാണ്.

ചിത്രം 6.6 സിന്ധുനദീതടനാഗരികത

സിന്ധുനാഗരികത (Indus Civilization): ലോകമാനവരാശിയിലെ ആദ്യസംസ്കാരങ്ങളിലൊന്നാണ് സിന്ധുനദീതടസംസ്കാരം അഥവാ ഹാരപ്പൻസംസ്കാരം. 2500 ബി.സി.ക്കും 1700 ബി.സി.ക്കും ഇടയിൽ നിലനിന്നിരുന്നതാണിത്. ഇന്ത്യ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാ ൻ എന്നിവിടങ്ങളിലെ പ്രദേശങ്ങളിൽ ഇത് വ്യാപിച്ചിരുന്നു. വേദകാല നാഗരികതയ്ക്കുമുമ്പേ ഉണ്ടായവയാണ് സിന്ധുനദീതടനാഗ രികത എന്നതാണ് യാഥാർഥ്യം. ഇവയുടെ ശില്പികൾ ദ്രാവിഡരായിരുന്നു. കൃഷിയും, മൃഗപരിപാലനവുമായിരുന്നു അവരുടെ പ്രധാന ഉപജീവനം. വീടുകൾ, റോഡുകൾ, അഴുക്കുചാലുകൾ എന്നിവയുടെ ആസൂത്രണം അവരുടെ ആരോഗ്യം, ശുചിത്വബോധം എന്നിവയുടെ തെളിവുകളാണ്. അമ്മദൈവ ആരാധനയിൽ വിശ്വസിച്ചിരുന്നവരായിരുന്നു അവർ. വികസിതസാങ്കേതികവിദ്യയും ആര്യരുടെ കുടിയേറ്റവും സിന്ധൂനദീതടനാഗരിക തയുടെ തകർച്ചയും പുതിയ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ആവിർഭാവത്തിലേക്ക് നയിച്ചു. ഇതുവരെ കണ്ടിട്ടില്ലാത്ത ജീവിതരീതിയുള്ള അവർ വേദകാലനാഗരികത രൂപപ്പെടുത്തി.

വേദസമൂഹം (Vedic Society): ബി.സി. 1500നും 1000നും ഇടയിൽ മധ്യേഷ്യയിൽനിന്നു കുടിയേറിയ ആര്യരാണ് ഇന്ത്യയിൽ വേദകാല നാഗരികതയ്ക്ക് രൂപംനൽകിയത്. വേദത്തെ അടിസ്ഥാനമാക്കി പുതിയ ഭാഷയും പുതിയ മതവും അവരുണ്ടാക്കി. ഋഗ്വേദകാലമാണ് ആദ്യ വേദകാലഘട്ടം (B.C1500-1000B.C). ആദിമവാസികളോട് സംഘർഷമുണ്ടാക്കിയാണ് ആര്യരുടെ വരവ്. കൃഷിയും മൃഗപരിപാലനവുമായിരുന്നു അവരുടെ മിശ്രസാമ്പത്തികവ്യവസ്ഥ. പശുക്കളായിരുന്നു ഉയർന്ന കൈമാറ്റമൂല്യമുള്ള വസ്തു. കൃഷിയായിരുന്നു അടിസ്ഥാന ഉപജീവനം. മീൻപിടിത്തക്കാർ, അലക്കുകാർ, കൈത്തൊഴിലുകാർ, സേവനവിഭാഗങ്ങൾ, കച്ചവടക്കാർ, വ്യാപാരികൾ എന്നിങ്ങനെ പുതിയ തൊഴിലുകളുടെ ആവിർഭാവവും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. ഇത്തരം തൊഴിലുകൾ പാരമ്പര്യമാക്കപ്പെട്ടു. ചെമ്പുസാങ്കേതികവിദ്യ നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ ഇരുമ്പായുധങ്ങൾ വ്യാപകമായി ഉപയോഗിച്ചുകൊണ്ടാണ് വേദകാലജനങ്ങൾ ആധിപത്യം നേടിയത്. കൂടാതെ അവർ സ്വർണനാണയങ്ങളും ഉപയോഗിച്ചിരുന്നു.

ആര്യരുടെ മേൽക്കോയ്മ ആര്യർ, അനാര്യർ എന്നീ രണ്ടു വ്യത്യസ്ത ഗ്രൂപ്പുകൾ രൂപപ്പെടുന്നതിലേക്ക് നയിച്ചു. വേദസംസ്കാരത്തിന്റെ വ്യാപനവും വർധിച്ച ആര്യവൽക്കരണവും ഇന്ത്യൻ ജനങ്ങളിൽ സാമൂഹിക തരംതിരിവുകളുണ്ടാക്കി. വേദകാലജനത "ധർമ്മശാസ്ത്ര" ത്തെ സാമൂഹികനിയമസംഹിതയായി കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുരുഷാർഥങ്ങൾ, കർമ്മം, ധർമ്മം എന്നിവ സാമൂഹികതത്ത്വങ്ങളായി പരിഗണിക്കുകയും ചെയ്തു. ഈ തത്ത്വങ്ങളെ

അടിസ്ഥാനമാക്കി നാല് വർണങ്ങളും നാല് ആശ്രമവ്യവസ്ഥകളും നിലവിൽവന്നു.

ഒരു കാലഘട്ടത്തിൽ ഇന്ത്യൻസംസ്കാരം രൂപപ്പെടുന്നതിൽ ബുദ്ധമതവും ജൈനമതവും സിഖുമതവും ആഴത്തിൽ സ്വാധീനിച്ചിരുന്നു. സർവോപരി ഇന്ത്യയിലെ പരമ്പരാഗതസംസ്കാരം ഗോത്രസംസ്കൃതിയോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. വ്യത്യസ്ത കാലങ്ങളിൽ ഇന്ത്യയിലേക്ക് കുടിയേറിയവരുടെ സംഭാവനകളോടൊപ്പം ഇവിടെ തനതായി ഉടലെടുത്ത സംസ്കാരവും ഇഴചേർന്നാണ് ഇന്ത്യൻ സാമൂഹിക വ്യവസ്ഥയും സംസ്കാരവും രൂപപ്പെട്ടിട്ടുള്ളത്.

ഇന്ത്യൻ സാമൂഹികവ്യവസ്ഥ (Indian Social System)

ഇന്ത്യയുടെ സാംസ്കാരികവൈവിധ്യങ്ങളുടെ കൂടെ അസമത്വമുള്ളതും ഉയർന്ന തരംതിരിവുള്ളതുമായ സമൂഹരൂപീകരണമാണ് വികാസം പ്രാപിച്ചിട്ടുള്ളത്.

വർണാശ്രമവ്യവസ്ഥയെക്കുറിച്ചും ചാതുർവർണ്യവ്യവസ്ഥിതിയെക്കുറിച്ചും നിങ്ങൾ നേരത്തേ കേട്ടുകാണും.

- ഇത്തരം സാമൂഹികവ്യവസ്ഥയ്ക്ക് ആരായിരുന്നു ഉത്തരവാദികൾ?
- ഇതിന്റെ സവിശേഷതകൾ എന്തെല്ലാം?
- ഇന്ത്യൻ സാമൂഹിക-സാംസ്കാരിക പരിതസ്ഥിതിയെ ഇത് എങ്ങനെയാണ് ബാധിച്ചത്? നമുക്ക് പരിശോധിക്കാം.

വർണം, ജാതി, ക്ലാസ് എന്നിവയുടെ ശ്രേണീപരമായ നിർമ്മിതിയും തരംതിരിവും ഇന്ത്യൻ സാമൂഹികവ്യവസ്ഥയെ സങ്കീർണമാക്കി. വേദകാലം മുതലും അതിനുശേഷവും ഈ സാമൂഹികരീതികൾ തുടർന്നുപോന്നിരുന്നു.

ഇന്ത്യൻ സാമൂഹികവ്യവസ്ഥ പ്രധാനമായും വർണം, ആശ്രമം, പുരുഷാർഥങ്ങൾ, ജാതിവ്യവസ്ഥ എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ്.

വർണവ്യവസ്ഥ (Varna System)

ഋഗ്വേദത്തിലെ സൂക്തങ്ങളിലൊന്നായ പുരുഷസൂക്തത്തിലാണ് വർണവ്യവസ്ഥയെ ക്കുറിച്ച് ആദ്യമായി പ്രതിപാദിക്കുന്നത്. 'വ്രീ' എന്ന സംസ്കൃതവാക്കിൽനിന്നാണ് വർണ എന്ന പദം ഉടലെടുത്തത്. ഇതിനർഥം നിറം എന്നാണ്. വേദകാലത്തിന്റെ ആദ്യഘട്ടത്തിൽ രണ്ടു വർണങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് ഋഗ്വേദത്തിൽ പറയുന്നു. ഇത് ആര്യവർണവും, ദാസ്യവർണവുമാണ്. ആദ്യത്തേത് വെളുത്തവരും രണ്ടാമത്തേത് ഇരുണ്ടവരും.

ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിറത്തിന്റെ അടിസ്ഥാനത്തിൽ ഇതുപോലുള്ള സാമൂഹികവിഭജനങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരം വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

ഇന്ത്യയിലെ മനുഷ്യസമൂഹത്തെ നാല് വിഭാഗങ്ങളായി പ്രാചീനഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നു. (ഋഗ്വേദം, മനുസ്മൃതി) 1. ബ്രാഹ്മണർ (പുരോഹിതർ, പണ്ഡിതർ,

അധ്യാപകർ) 2. ക്ഷത്രിയർ (രാജാക്കളും പടയാളികളും) 3. വൈശ്യർ (കച്ചവടക്കാരും കൃഷിക്കാരും) 4. ശൂദ്രർ (തൊഴിലാളികളും സേവകരും) ഇവരെ മുകളിൽനിന്ന് താഴേക്ക് ശ്രേണീരീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഇവർ യഥാക്രമം സ്രഷ്ടാവിന്റെ വായിൽ നിന്നും കൈയിൽനിന്നും തുടയിൽനിന്നും പാദത്തിൽനിന്നും സൃഷ്ടിക്കപ്പെട്ടവരാണെന്ന് ഈ പുസ്തകത്തിൽ ഇവരുടെ ഉൽപ്പത്തിയെക്കുറിച്ച് വിവരിക്കുന്നു. ആദ്യ മൂന്ന് വർണങ്ങൾ രണ്ട് ജന്മമുള്ളവ (ദ്വിജർ)രായി അറിയപ്പെടുന്നു. ആദ്യ രണ്ടുവിഭാഗങ്ങൾ വെളുത്തവരും മൂന്നാമത്തേത് മഞ്ഞനിറവും നാലാമത്തേത് ഇരുണ്ടനിറമുള്ളവരുമാണെന്ന് അവരുടെ വംശീയ സങ്കല്പം . ചാതുർവർണ്യവ്യവസ്ഥയിൽ ഉൾപ്പെടാത്ത വിഭാഗങ്ങളെ അവർണർ (വർണത്തിനു പുറത്തുള്ളവർ) എന്നു വിളിച്ചിരുന്നു. ഇവർ പഞ്ചമരായി വർണവ്യവസ്ഥയുടെ അനുബന്ധമായി നിൽക്കുന്നു. എല്ലാവരും ശൂദ്രരായി ജനിക്കുന്നെന്നും ഒരാളുടെ കർമ്മമാണ് അവരെ ബ്രാഹ്മണർ, വൈശ്യർ, ശൂദ്രർ എന്നീ നിലയിലുയർത്തുന്നതെന്നും വിഷ്ണുപുരാണം അഭിപ്രായപ്പെടുന്നു.

ചാതുർവർണ്യവ്യവസ്ഥ, ജാതിവ്യവസ്ഥ എന്നിവപോലെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സാമൂഹികതരംതിരിവു നിലനിൽക്കുന്നുണ്ട്. വർഗ അടിസ്ഥാനത്തിലും ഇവ കാണുന്നു. ഈ വിവരങ്ങൾ ശേഖരിച്ച് ഇന്ത്യൻ സാമൂഹികവ്യവസ്ഥയുമായി താരതമ്യം ചെയ്ത് നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യുക. ഇത്തരം വിവിധ പ്രതിഭാസങ്ങളുടെ ഒരു താരതമ്യചാർട്ട് തയാറാക്കുക.

ജാതിവ്യവസ്ഥ (Caste System)

പൊതുവായ പേരുള്ളതും ഒരു പൊതു പൂർവികരുടെ വംശപാരമ്പര്യം അവകാശപ്പെടുന്നതുമായ ഒരുകൂട്ടം കുടുംബങ്ങളാണ് ജാതി എന്ന് എച്ച്എച്ച് റിസ്‌ലി നിർവചിക്കുന്നു.

പരിശുദ്ധം എന്നർഥം വരുന്ന 'കാസ്റ്റസ്' എന്ന ലത്തീൻ വാക്കിനു സമാനമായ കാസ്റ്റ് എന്ന പോർച്ചുഗീസ് വാക്കിൽനിന്നാണ് കാസ്റ്റ് എന്ന വാക്ക് ഉരുത്തിരിഞ്ഞിട്ടുള്ളത്. ഇതിനർഥം വംശം എന്നാണ്. പരമ്പരാഗത ഹിന്ദു സാമൂഹിക വ്യവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. ഇംഗ്ലീഷിൽ കാസ്റ്റ് (Caste) എന്ന പദം പ്രാദേശികമായ ജാതിക്ക് തുല്യമാണ്. വേദകാലഘട്ടത്തിൽ നിലനിന്നിരുന്ന വർണവ്യവസ്ഥയുമായി ജാതിവ്യവസ്ഥയെ കണക്കാക്കാം.

ജാതിയുടെ സവിശേഷതകൾ: ഇന്ത്യയിൽ പരമ്പരാഗതമായുള്ള ജാതിവ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ താഴെ വിശദമാക്കുന്നു. താഴെയുള്ള സൂചനകൾ നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കുക.

സമൂഹത്തിന്റെ തട്ടുകളായുള്ള വിഭജനം: ജാതിവ്യവസ്ഥയിൽ ഹിന്ദുസമൂഹത്തെ മുഴുവനായി ജാതികൾ എന്നറിയപ്പെടുന്ന വിവിധ സാമൂഹികഘടകങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ജന്മനായുള്ള അംഗത്വം: ഒരാൾ ജനിച്ച ജാതിയിൽ അയാൾക്ക് അംഗത്വം ലഭിക്കുന്നു. അത് ജന്മനാ ലഭിക്കുന്ന പദവിയാണ്.

ശ്രേണീബദ്ധം: വിവിധ ജാതികൾ ശ്രേണീബദ്ധമായി ക്രമീകരിച്ചിരുന്നു. ചിലത് ഉയർന്നവയെന്നും മറ്റുള്ളവ താഴ്ന്നവയെന്നും കരുതുന്നു.

സ്വവംശവിവാഹം: ചില പ്രത്യേക ജാതികളിൽപ്പെട്ടവർ മറ്റുള്ള ജാതിയിലുള്ളവരെ സാധാരണയായി വിവാഹം കഴിക്കാൻ അനുവദിക്കുന്നില്ല.

പാരമ്പര്യതൊഴിൽ: ഓരോ ജാതിക്കും അവരവരുടേതായ പാരമ്പര്യതൊഴിലുകളുണ്ട്. പരമ്പരാഗത വ്യവസ്ഥപ്രകാരം ഒരു ജാതിയിൽ ജനിച്ച വ്യക്തി ആ ജാതിയുടെ പാരമ്പര്യതൊഴിൽ ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു.



ചിത്രം 6.7 പാരമ്പര്യതൊഴിൽ

പന്തിഭോജനം (ഭക്ഷണം പങ്കുവയ്ക്കൽ) ഒരു പ്രത്യേക ജാതിയിൽപ്പെട്ടവർ മറ്റുള്ളജാതിക്കാരുമായി ഭക്ഷണം പങ്കുവയ്ച്ച് കഴിക്കാൻ അനുവദിക്കാറില്ല.

അടഞ്ഞ വ്യവസ്ഥിതി: ഒരു ജാതിയിലെ അംഗങ്ങൾക്ക് മറ്റൊരു ജാതിയിലേക്ക് മാറാൻ അനുവാദമില്ലാത്തതുകൊണ്ട് ഇത് ഒരു അടഞ്ഞ വ്യവസ്ഥിതിയാണ്.

പ്രത്യേക അവകാശങ്ങളും അവശതയും: ജാതിവ്യവസ്ഥയിൽ ഉയർന്ന ജാതികളെന്നു വിളിക്കപ്പെടുന്നവർക്ക് താഴ്ന്നവരായി കണക്കാക്കപ്പെട്ട ജാതിയുടെമേൽ വിശേഷ മേൽക്കോയ്മയുണ്ടായിരുന്നു. താഴ്ന്നവരാക്കപ്പെട്ട ജാതികൾ സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികപരവുമായ നേട്ടങ്ങൾ അനുഭവിക്കുന്നതിൽനിന്നും നിയന്ത്രിക്കപ്പെട്ടിരുന്നു.

കേരളത്തിലെ വിവിധ ജാതികളും അവരുടെ പാരമ്പര്യതൊഴിലുകളും തിരിച്ചറിയുക. പാരമ്പര്യതൊഴിലുകൾ അവർ ഇപ്പോൾ പിന്തുടരുന്നുണ്ടോ? തൊഴിൽമാറ്റത്തിനുള്ള കാരണങ്ങൾ എന്തായിരിക്കാം? ഒരു റിപ്പോർട്ട് തയാറാക്കുക.

ജാതിവ്യവസ്ഥ പെട്ടെന്ന് രൂപംകൊണ്ടതല്ല. ജാതിവ്യവസ്ഥയുടെ ഉൽപ്പത്തിയെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും പഠിച്ചിട്ടുണ്ടോ? ദൈവികസിദ്ധാന്തം, തൊഴിൽ സിദ്ധാന്തം, രാഷ്ട്രീയസിദ്ധാന്തം, വംശീയസിദ്ധാന്തം എന്നിങ്ങനെ ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ ഉൽപ്പത്തിയുമായി ബന്ധപ്പെട്ട് വിവിധ സിദ്ധാന്തങ്ങളുണ്ട്. ഇവയുടെ വിവരങ്ങൾ ശേഖരിച്ച് ചർച്ചചെയ്യുക.

ഇന്ത്യൻ സമൂഹത്തിന്റെ മറ്റൊരു സവിശേഷതയാണ് കൂട്ടുകുടുംബവ്യവസ്ഥ. കൂട്ടുകുടുംബം എങ്ങനെയാണ് വ്യത്യസ്തമാകുന്നത്? ഇന്ത്യയിൽ കൂട്ടുകുടുംബവ്യവസ്ഥ തകരാൻ കാരണം എന്താണ്? നമുക്ക് പരിശോധിക്കാം.

കൂട്ടുകുടുംബവ്യവസ്ഥ (Joint Family system)

ഒരു മേൽക്കൂരയ്ക്കു കീഴിൽ ഒരടുപ്പിൽ പാകം ചെയ്ത ഭക്ഷണം കഴിച്ച് താമസിക്കുന്നവരും പൊതുസ്വത്തവകാശമുള്ളവരും കുടുംബ ആരാധനയിൽ ഒന്നിച്ച് പങ്കെടുക്കുന്നവരും പരസ്പരം പ്രത്യേകതരം ബന്ധുത്വമുള്ളതുമായ ഒരു കൂട്ടം ജനങ്ങളെയാണ് കൂട്ടുകുടുംബമെന്ന് ഐരാവതി കാർവെ നിർവചിക്കുന്നത്.

നിശ്ചിത സംസ്കാരപ്രമാണങ്ങളുള്ളതും രക്തബന്ധം അടിസ്ഥാനമാക്കിയ മൂന്നോ അതിലധികമോ ഉള്ള തലമുറകളുടെ തുടർച്ചയുമാണ് കൂട്ടുകുടുംബം. പൊതുസ്വത്ത് പങ്കുവയ്ക്കലാണ് കൂട്ടുകുടുംബത്തിന്റെ പ്രധാന സവിശേഷത. പരമ്പരാഗതമായി കുടുംബത്തിലെ മുത്തപുരുഷനാണ് സ്വത്ത് കൈകാര്യം ചെയ്യാനും കുടുംബത്തിന്റെ സാമൂഹിക-സാമ്പത്തികകാര്യങ്ങളിൽ തീരുമാനമെടുക്കാനുമുള്ള അധികാരം. ഹിന്ദുകുടുംബങ്ങൾ രണ്ട് തരമുണ്ട്. മാതൃദായകുടുംബവും പിതൃദായകുടുംബവും.

കൂട്ടുകുടുംബത്തിന്റെ സവിശേഷതകൾ

മേൽക്കൊടുത്ത നിർവചനത്തിൽനിന്ന് കൂട്ടുകുടുംബം വലുപ്പമുള്ളതും വിവിധ കുടുംബത്തിലെ അംഗങ്ങൾ ഒരു മേൽക്കൂരയ്ക്കുകീഴിൽ ഒന്നിച്ചു ജീവിക്കുന്നവരാണെന്നും നമുക്ക് അനുമാനിക്കാം. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സ്വത്ത് സ്വന്തമാണ്. മാത്രമല്ല, എല്ലാ അംഗങ്ങൾക്കും പൊതുവായ വാസസ്ഥലത്തോടൊപ്പം അവർ ഒരടുപ്പിൽ ഭക്ഷണം പാകം ചെയ്യുകയും ചെയ്യുന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ മറ്റ് സവിശേഷതകൾ നിങ്ങൾക്ക് തിരിച്ചറിയാനാകുമോ? ഒരു റിപ്പോർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. നമ്മുടെ സംസ്ഥാനത്ത് കൂട്ടുകുടുംബവ്യവസ്ഥ ഇപ്പോഴില്ല. എന്തായിരിക്കും ഇതിനു കാരണം?

എന്തുകൊണ്ടാണ് കൂട്ടുകുടുംബവ്യവസ്ഥ തകർന്നതും അണുകുടുംബം ആവിർഭവിച്ചതും? ഒരു ഗ്രൂപ്പ് ചർച്ചനടത്തുക. താഴെക്കൊടുത്ത സൂചനകൾ നിങ്ങൾക്കുപയോഗിക്കാം.

- *ജന്മിത്തത്തിന്റെ തകർച്ച*
- *മുതലാളിത്തത്തിന്റെ ആവിർഭാവം*
- *കമ്പോളസാമ്പത്തികവ്യവസ്ഥ*
- *ആഗോളവൽക്കരണം*
- *പുരോഗമനനിയമങ്ങൾ*
- *സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ*

ഇന്ത്യൻസാമൂഹികവ്യവസ്ഥ നമ്മൾ പരിശോധിച്ചപ്പോൾ ഇന്ത്യൻസമൂഹം ബഹുസ്വരമാണെന്ന് കാണാൻ കഴിഞ്ഞു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ എല്ലാതരം വംശങ്ങളും ഭാഷാഗ്രൂപ്പുകളും വിവിധ ജീവിതരീതികളുള്ള മനുഷ്യരെയും കാണാം. നിങ്ങൾ നരവംശശാസ്ത്ര മ്യൂസിയം സന്ദർശിച്ചിട്ടുണ്ടോ? ഇന്ത്യ ഒരു നരവംശശാസ്ത്ര മ്യൂസിയമാണെന്ന് സങ്കൽപ്പിച്ചുനോക്കൂ.

ഇന്ത്യ ഒരു നരവംശ മ്യൂസിയം എന്ന നിലയിൽ (India as an Ethnological Museum)

ചരിത്രകാരും സാമൂഹികശാസ്ത്രജ്ഞരും ഇന്ത്യയെ ഒരു വംശീയ മ്യൂസിയമായി കരുതുന്നു. നിലവിലുള്ള ധാരാളം വിവിധ മാതൃകകൾ പ്രദർശിപ്പിക്കുന്ന സ്ഥലമാണ് മ്യൂസിയം. പൊതുവായ ഭാഷയും വംശപാരമ്പര്യവുമുള്ള സാമൂഹിക വിഭാഗമാണ് വംശവിഭാഗങ്ങൾ. ഇന്ത്യയിൽ ധാരാളം വംശവിഭാഗങ്ങളുണ്ട്. ഇതിൽ 426 ഗോത്ര

വിഭാഗവും മൂവായിരത്തോളം ജാതികളും വിവിധ മതങ്ങളായ ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനികൾ, പാഴ്സികൾ, സിഖുകാർ, ജൈനർ, ബുദ്ധമതക്കാർ എന്നിവരും വിവിധ വംശീയഗ്രൂപ്പുകളും വിവിധഭാഷാഗ്രൂപ്പുകളും ഉൾപ്പെടുന്നു. ഈ യൂണിറ്റിൽ നേരത്തെ സൂചിപ്പിച്ചിട്ടുള്ള ഇന്ത്യയിലെ ജനങ്ങളുടെ വംശീയവും ജാതീയവും ഭാഷാപരവും മതപരവുമായ വൈവിധ്യങ്ങൾ നിങ്ങൾക്ക് ഓർത്തെടുക്കാം.

ആര്യർ ദ്രാവിഡർ എന്നിവർ ഉൾപ്പെട്ട വിവിധ സംസ്കാരങ്ങളുടെ ഒരു മിശ്രിതമാണ് ഇന്ത്യൻ സമൂഹം. ഇന്ത്യയെ ആക്രമിച്ച മുസ്ലീം വിഭാഗങ്ങളും ഗ്രീക്കുകാരും യൂറോപ്യരും ഇന്ത്യൻ സമൂഹത്തിൽ കൂടിക്കലർന്നു. ഇന്ത്യയിലെ ജനങ്ങൾ എല്ലാവിധ വംശീയപ്രത്യേകതകളും പുലർത്തുന്നവരാണ്. ഇത് ഇന്ത്യൻ സമൂഹത്തിന്റെ വൈവിധ്യം വ്യക്തമാക്കുന്നു. അതുകൊണ്ടു തന്നെ ഇന്ത്യ ഒരു നരവംശ മ്യൂസിയമായി അറിയപ്പെടുന്നു.

ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം (Unity in Diversity in India)

നേരത്തേ സൂചിപ്പിച്ചതുപോലെ വ്യത്യസ്തകാലഘട്ടങ്ങളിൽ വിവിധ സംസ്കാരങ്ങളുടെ കുടിയേറ്റങ്ങൾക്ക് ഇന്ത്യ സാക്ഷിയായി. ബഹുസ്വരതയുള്ള സമൂഹങ്ങളുടെയും വൈവിധ്യസംസ്കാരങ്ങളുടെയും വാസസ്ഥലമാണ് ഇന്ത്യ. വിദേശ ആക്രമണം, ലോകത്തിലെ മറ്റു സ്ഥലങ്ങളിൽ നിന്നുമുള്ളവരുടെ ആഗമനം, വിവിധ ഭാഷകൾ, സംസ്കാരങ്ങൾ, മതങ്ങൾ എന്നിവ ഇന്ത്യൻസംസ്കാരത്തെ നാനാത്വമുള്ളതാക്കിയെന്ന് മറ്റൊരിടത്ത് നാം ചർച്ചചെയ്തു. ഇന്ത്യയിലെ പ്രധാന മതങ്ങളാണ് ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, ഇസ്ലാംമതം, സിഖുമതം, ക്രിസ്തുമതം എന്നിവ. ഇതുകൂടാതെ ഭരണഘടന അംഗീകരിച്ച 22 ഭാഷകളും നൂറുകണക്കിന് ഭാഷാഭേദങ്ങളും ഇന്ത്യയിലുണ്ട്. വംശീയ മിശ്രണം, മതം, ഭാഷ എന്നിവയിൽ മാത്രമല്ല, ജീവിതരീതി തൊഴിൽ, നിയമസംവിധാനത്തിന്റെ പിന്തുടർച്ച, സമ്പ്രദായങ്ങൾ, ജനന-മരണസമയത്തുള്ള അനുഷ്ഠാനങ്ങൾ എന്നിവയിലും ഇന്ത്യ വൈവിധ്യമുള്ള താണ്.

ചിത്രം 6.8 ഇന്ത്യയിലെ വംശീയവൈവിധ്യം

ഈ പ്രകടമായ വൈവിധ്യങ്ങൾക്കിടയിലും ഇന്ത്യ ഏകത്വമുള്ളതാണ്. ഏതു മതക്കാരനായാലും ഏതു സംസ്കാരത്തിലായാലും ഏതു ഭാഷക്കാരനായാലും ഇന്ത്യയിൽ ജീവിക്കുന്നതിന് എല്ലാവർക്കും അവകാശമുണ്ടെന്ന് ഭരണഘടന അനുശാസിക്കുന്നു. ഇന്ത്യയുടെ പ്രത്യേകമായ സവിശേഷത നാനാത്വത്തിൽ ഏകത്വമാണ്. അത്

സാമൂഹികവ്യവസ്ഥയിലും പ്രതിഫലിക്കുന്നു. ഇന്ത്യയിൽ ഉയർന്ന സംസ്കാര പൈതൃകങ്ങളും ഒരേയൊരു സുപ്രിംകോടതി, ദേശീയപതാക, ദേശീയഗാനം, മറ്റ് രാഷ്ട്രപ്രതീകങ്ങൾ എന്നിവ ഇന്ത്യക്കാരുടെ മനസ്സിൽ ഏകത്വത്തിന്റെ സ്മരണയും ബോധവും ഉണ്ടാക്കുന്നു. മാത്രമല്ല, ഭൂമിശാസ്ത്ര അതിർത്തികളും സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളും ഇന്ത്യയുടെ ഐക്യനിർമിതിയെ സഹായിച്ചിട്ടുണ്ട്. ഭരണഘടനയുടെ മതേതരസ്വഭാവം എല്ലാ മതവിശ്വാസക്കാർക്കും പ്രത്യേക വിശ്വാസമില്ലാത്തവർക്കും തുല്യ പരിഗണന നൽകുന്നു. അങ്ങനെ ഈ വലിയ നാനാത്വങ്ങൾക്കിടയിലും എല്ലാ വിഭാഗം ജനങ്ങളിലും 'ഇന്ത്യൻ' എന്ന വികാരം ഉണ്ടാക്കാൻ കഴിയുന്നു.

ഇന്ത്യയുടെ സാമൂഹിക സാംസ്കാരികസവിശേഷതകൾ കേരളത്തിലും നല്ലപോലെ പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ട് കേരളം ഇന്ത്യയുടെ ഒരു സൂക്ഷ്മപതിപ്പാണെന്നും കരുതാം. കേരളസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സവിശേഷതകൾ നമുക്ക് പരിശോധിക്കാം.

കേരളസമൂഹവും സംസ്കാരവും (Kerala Society and Culture)

'കേരളം' എന്ന പദം ഉത്ഭവിച്ചത് 'ചേരളം' എന്ന പദത്തിൽനിന്നാണെന്നും അത് ചേരരാജാക്കന്മാർ ഭരിച്ചിരുന്നതുകൊണ്ടാണെന്നും പറയപ്പെടുന്നു. എന്നാൽ കേരളത്തിൽ സുലഭമായി കൃഷിചെയ്യുന്ന 'കേര'(തെങ്ങ്) എന്ന പദത്തിൽനിന്നാണ് കേരളം എന്ന പദം ഉണ്ടായതെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. അഗ്നിപർവതത്തിന്റെ പ്രവർത്തനഫലമായി രൂപംകൊണ്ടതാണ് കേരളം എന്ന ആശയം നിലനിൽക്കുന്നു. കേരളത്തിൽ അതിവിശാലമായ തീരപ്രദേശം ഒരുകാലത്ത് വെള്ളത്തിനടിയിലായിരുന്നുവെന്നും ഭൂകമ്പം മൂലമോ അഗ്നിപർവതസ്ഫോടനം കൊണ്ടോ ഈ പ്രദേശം ഉയർന്നുവന്നുവെന്നുമാണ് കരുതുന്നത്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഒരു അവിഭാജ്യഭാഗമാണ് ഏറ്റവും തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന കേരളം. ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ സ്വതന്ത്ര സ്വത്വം നിലനിർത്തിയിരുന്നതുകൊണ്ട് പുരാതനകാലം മുതൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായിരുന്നു. കിഴക്ക് പശ്ചിമഘട്ടവും പടിഞ്ഞാറ് അറബിക്കടലും അതിർത്തി പങ്കിടുന്ന ഒരു ചെറിയ ഇടനാഴിപോലുള്ള തീരപ്രദേശമാണ് കേരളം.

ഭൂപശ്ചാത്തലം (Geographical Background)

ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 1.2%മാണ് കേരളത്തിനുള്ളത്. 38864 ചതുരശ്രകിലോമീറ്ററാണ് കേരളത്തിന്റെ ഭൂവിസ്തൃതി. 580 കി.മീ. നീണ്ടുകിടക്കുന്ന തീരപ്രദേശവും കേരളത്തിനുണ്ട്. കേരളത്തിന്റെ ഭൂപ്രദേശം പ്രധാനമായും മൂന്ന് പ്രകൃതി ദത്ത വിഭാഗങ്ങളായി തിരിക്കാം മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയാണവ.

കേരളത്തിന്റെ കിഴക്കൻ അതിർത്തിപ്രദേശത്ത് വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടത്തിൽപ്പെട്ട പ്രദേശങ്ങളാണ് മലനാട്. പ്രകൃത്യാലുള്ള ഒരു സംരക്ഷണമതിലുപോലെ പശ്ചിമഘട്ടം മറ്റ് പ്രദേശങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നു. ഇടതൂർന്ന വനമേഖലയാണ് ഈ പ്രദേശം. എന്നാൽ അതിനിടയിൽ പലതരത്തിലുള്ള തോട്ടങ്ങളുമുണ്ട്. സംസ്ഥാന

ത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള അറബിക്കടലിനോട് ചേർന്നുകിടക്കുന്ന ഭാഗമാണ് തീരപ്രദേശം. പൂഴിമണ്ണാണ് ഈ മേഖലയിലുള്ളത്. നെല്ലും തെങ്ങുമാണ് ഇവിടെ ധാരാളമായി കൃഷിചെയ്യുന്നത്. മലനാടിനും തീരപ്രദേശത്തിനും ഇടയിലുള്ള ഭാഗമാണ് ഇടനാട്. സമുദ്രതീരത്തുനിന്ന് 7 മുതൽ 75 വരെ മീറ്റർ ഉയരത്തിലാണ് ഈ പ്രദേശം. ചെങ്കൽമണ്ണാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. കശുമാവ്, കപ്പ, മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവയാണ് ഈ പ്രദേശത്തുള്ള പ്രധാന കാർഷികവിളകൾ.

ജലവിഭവങ്ങളുടെ കാര്യത്തിൽ സമൃദ്ധമാണ് കേരളം. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളും കിഴക്കോട്ടൊഴുകുന്ന 3 നദികളും കേരളത്തിലുണ്ട്. ഇവ താരതമ്യേന ചെറുതാണെങ്കിലും കേരളത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ വികസനത്തിൽ അവ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ നദികൾക്കു പുറമേ തുടർച്ചയായ ചങ്ങലപോലെ സ്ഥിതിചെയ്യുന്ന ചതുപ്പുനിലങ്ങളും കായലുകളും കേരളത്തിലുണ്ട്. ശാസ്താംകോട്ടകായൽ, അഷ്ടമുടിക്കായൽ വേമ്പനാട്ടുകായൽ തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടത്. കേരളത്തിലെ ഒരേ ഒരു ശുദ്ധജലതടാകമാണ് ശാസ്താം കോട്ടക്കായൽ.

ജനസംഖ്യാഘടന (Demographic Composition)



2011ലെ കാനേഷുമാരി പ്രകാരം കേരളത്തിലെ ജനസംഖ്യ 34 ദശലക്ഷമാണ്. ഇത് ഇന്ത്യയുടെ ജനസംഖ്യയുടെ 2.76% ആണ്. കേരളത്തിലെ സ്ത്രീപുരുഷ അനുപാതം 1000:1084 ആണ്. ഉയർന്ന സ്ത്രീപുരുഷ അനുപാതമുള്ള ജില്ല കണ്ണൂരാണ് (1000:1136). ഏറ്റവും കുറഞ്ഞ ജില്ല ഇടുക്കിയാണ് (1000:1006). കേരളത്തിലെ ജനസാന്ദ്രത 859/ച.കി.മീ. ആണ്. ജനസാന്ദ്രത ഏറ്റവും കൂടിയ ജില്ല തിരുവനന്തപുരവും (1508) ഏറ്റവും കുറഞ്ഞ ജില്ല ഇടുക്കിയുമാണ് (255).

സാക്ഷരതാനിരക്കിൽ ഇന്ത്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരത 94% ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള ജില്ല കോട്ടയവും (97.2%) ഏറ്റവും കുറവ് വയനാട്ടിലുമാണ് (89%). 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2001ലെ 16%ത്തിൽ നിന്നും 2011ൽ 13% ആയി കുറഞ്ഞു എന്നതാണ് 2011 ലെ കാനേഷുമാരി കണക്കുകളിൽ നിന്നു ലഭിക്കുന്ന ഏറ്റവും പ്രധാന വിവരം. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം, സ്ത്രീകളുടെ പദവി എന്നീ മേഖലകളിലുള്ള പുരോഗതിയിൽ പ്രശംസനീയമായ സ്ഥാനമാണ് കേരളത്തിനുള്ളത്.



ഇന്ത്യയിലെ സ്ത്രീപുരുഷ അനുപാതവും സക്ഷരതാനിരക്കും എത്രയാണ്? കേരളത്തിലെ ജനസംഖ്യാവളർച്ച ഏറെക്കുറേ സമായിയായ രീതിയിലായിരുന്നു. 1951നുശേഷമുള്ള ദശാബ്ദങ്ങളിൽ ഇതിൽ നേരിയ കുറവുണ്ടാവുകയും കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി വളരെ കുറഞ്ഞ വളർച്ചാനിരക്കാവുകയും ചെയ്തിട്ടുണ്ട്. 1951നും 2011നും ഇടയിൽ ജനസംഖ്യ രണ്ടരമടങ്ങായി വർധിച്ചിട്ടുണ്ട്.

കേരളത്തിലെ മനുഷ്യവർഗങ്ങൾ

കേരളത്തിലെ ജനങ്ങളെ പ്രധാനമായും മൂന്ന് വർഗങ്ങളായി വിഭജിക്കാം.

നീഗ്രോയ്ഡ്: കേരളത്തിലെ ആദിമനിവാസികൾ നീഗ്രോയ്ഡ് വംശജരായിരുന്നു എന്ന് പറയപ്പെടുന്നു. കറുത്തനിറം, വികസിച്ച മൂക്ക്, ചുരുണ്ടമുടി തുടങ്ങിയവയാണ് ഈ വർഗത്തിന്റെ സവിശേഷതകൾ. കാടർ, കാട്ടുനായ്ക്കർ, ഇരുളർ, കാണിക്കാർ, പണിയർ തുടങ്ങിയ ഗോത്രവർഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

പ്രോട്ടോ ആസ്ട്രലോയ്ഡ്: മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്ന ഗോത്രവർഗക്കാരായ കുറിച്ചർ, ചോലനായ്ക്കൻ തുടങ്ങിയവർ പ്രോട്ടോ ആസ്ട്രലോയ്ഡ് വർഗത്തിൽ പെടുന്നു. ഇരുണ്ടനിറം, വിശാലമായ പതിഞ്ഞ മൂക്ക് തുടങ്ങിയവയാണ് ഈ വർഗത്തിന്റെ പ്രത്യേകതകൾ.

മെഡിറ്ററേനിയൻ: ദ്രാവിഡഭാഷ സംസാരിക്കുന്ന തെക്കേ ഇന്ത്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും മെഡിറ്ററേനിയൻ വർഗത്തിൽപ്പെടുന്നവരാണ്. നായർ, ഈഴവ, മുക്കുവ തുടങ്ങിയ അബ്രാഹ്മണവിഭാഗങ്ങളും പട്ടികജാതിക്കാരായ പുലയർ, പറയർ തുടങ്ങിയ വിഭാഗങ്ങളും ഇതിൽപ്പെടുന്നു. മധ്യമ ശാരീരിക ഉയരം, നീണ്ട വൃത്താകൃതിയിലുള്ള മുഖം, കൂർത്ത താടി എന്നിവയാണ് ഈ വർഗത്തിന്റെ പ്രധാന സവിശേഷതകൾ.

കേരളസംസ്കാരം: ഒരു ചരിത്രപരമായ കാഴ്ചപ്പാട്

നാനാത്വമാണ് കേരളസംസ്കാരത്തിന്റെ പ്രധാന സവിശേഷത. കല, വാസ്തുവിദ്യ, മതം, ഭാഷ, സാഹിത്യം, തത്ത്വശാസ്ത്രം, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവയിലെല്ലാം ഇത് ദൃശ്യമാണ്. കേരളസമൂഹത്തിന്റെയും സംസ്കാരത്തിന്റേയും എടുത്തുപറയത്തക്ക ചില സവിശേഷതകൾ ചുവടെ വിവരിക്കുന്നു.

ജാതിവ്യവസ്ഥ: ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ കാണപ്പെടുന്ന വർണവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ളതായിരുന്നില്ല കേരളത്തിലെ ജാതിവ്യവസ്ഥ. ബ്രാഹ്മണർ

ചിത്രം 6.9 തൊട്ടുകൂടായ്മ താഴ്ന്നവരെന്നു പറയപ്പെട്ട ജാതിക്കാരുടെ സ്വാതന്ത്ര്യം ഇല്ലാതാക്കി.

കേരളത്തിലേക്ക് കുടിയേറിയതോടെ അവർ സമൂഹത്തിൽ മേധാവിത്വം നേടി. സാമൂഹികവും മതപരവുമായ എല്ലാ അധികാരങ്ങളും അവർക്കായിരുന്നു. ബ്രാഹ്മണർക്ക് തൊട്ടുപിറകിലായിരുന്നു നായർസമൂഹം. ആദ്യകാലഘട്ടത്തിൽ നായർസമൂഹത്തെ ശൂദ്രർ എന്ന വിഭാഗത്തിലാണ് കണക്കാക്കിയിരുന്നത്. പിന്നീട് ബ്രാഹ്മണരുടേതായ ചില ചടങ്ങുകളിലൂടെ നായർക്ക് ക്ഷത്രിയപദവി കല്പിച്ചു നൽകി. ഭൂമിയുടെ ഉടമസ്ഥത, രാഷ്ട്രീയശക്തി, അധികാരം എന്നിവ ഈ രണ്ടു വിഭാഗങ്ങളും കൈയടക്കി. മറ്റ് ജാതികൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്ന സൗകര്യങ്ങൾ ഉയർന്നതെന്ന് കരുതപ്പെട്ടിരുന്ന ജാതികൾക്ക് അനുഭവിക്കാനുള്ള അവസരങ്ങളുമുണ്ടായിരുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ പല സാമൂഹിക അനാചാരങ്ങളും കേരളത്തിൽ നിലനിന്നിരുന്നു. താഴ്ന്നവരാക്കപ്പെട്ട ജാതിയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസവും സാമൂഹികപദവിയും നിഷേധിക്കപ്പെട്ടിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ പൊതുനിരത്തുകളിൽ നടക്കാനോ സ്കൂളുകളിൽ പ്രവേശിക്കാനോ അവരെ അനുവദിച്ചിരുന്നില്ല. ജാതികൾ തമ്മിലോ ഉപജാതികൾ തമ്മിലോ ഉള്ള മിശ്രഭോജനമോ മിശ്രവിവാഹമോ ഉണ്ടായിരുന്നില്ല.

മധ്യകാലഘട്ടത്തിൽ കേരളസമൂഹത്തിൽ ബ്രാഹ്മണർക്ക് സാമൂഹികപദവിയിൽ തൊട്ടുതാഴെയുള്ള ജാതികളുമായുള്ള വൈവാവിഹകബന്ധം അനുവദിച്ചിരുന്നു. അവർക്കും സമൂഹത്തിൽ നല്ല സ്ഥാനവും ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. ബ്രാഹ്മണർക്കും നായർക്കുമാണ് ഭൂമിയുടെ ഉടമസ്ഥാവകാശം ഉണ്ടായിരുന്നത്. തൊട്ടുകൂടായ്മ എന്ന ആചാരവും കേരളത്തിൽ നിലനിന്നിരുന്നു. എന്നിരുന്നാലും ബ്രിട്ടീഷ് ഭരണത്തോടെ ജാതിവ്യവസ്ഥയുടെ കാഠിന്യം ക്ഷയിക്കുകയും തൊട്ടുകൂടായ്മ എന്ന അനാചാരം ഇന്ത്യൻ ഭരണഘടന നിയമം മൂലം നിരോധിക്കുകയും ചെയ്തു.

മരുമക്കത്തായം: മാതൃദായക പിന്തുടർച്ച എന്നറിയപ്പെടുന്ന ഈ സമ്പ്രദായപ്രകാരം ഒരു പുരുഷന്റെ സമ്പത്തിനുള്ള അവകാശം അയാളുടെ സഹോദരിമാരുടെ മക്കൾക്കാണ്. മരുമക്കത്തായ സമ്പ്രദായപ്രകാരം ഒരു പുരുഷന്റെ ഭാര്യക്കോ മക്കൾക്കോ അയാളുടെ സ്വത്തിൽ നിയമപരമായി യാതൊരു അവകാശവും ഇല്ല. കുടുംബത്തിൽ ഒരു ഏകാധിപത്യസ്വഭാവമാണ് കാരണവർ (അമ്മയുടെ സഹോദരൻ)ക്കുണ്ടായിരുന്നത്. കാരണവരാണ് കുടുംബനാഥൻ. വ്യക്തിസ്വാതന്ത്ര്യം ഈ സമ്പ്രദായത്തിൽ നിയന്ത്രിക്കപ്പെട്ടിരുന്നു.

കേരളത്തിൽ നായർ, ഈഴവ/തിയ വിഭാഗങ്ങൾക്കിടയിൽ പ്രാദേശികമായും കണ്ണൂരിലും സമീപപ്രദേശങ്ങളിലുമുള്ള മുസ്ലിം സമുദായത്തിലും പയ്യന്നൂരിലെ നമ്പൂതിരിമാരുടെ ഇടയിലും ആണ് മരുമക്കത്തായം നിലനിന്നിരുന്നത്. പുതിയ തലമുറ അവകാശങ്ങളെക്കുറിച്ച് ബോധമുള്ളവരായപ്പോൾ കുടുംബങ്ങളിൽ ഇതിനെതിരായ അസ്വസ്ഥതകൾ ഉടലെടുത്തു. 1912 ലെ നായർ ആക്ട്, 1925 ഈഴവ ആക്ട്, 1939ലെ മാപ്പിള മരുമക്കത്തായം ആക്ട് തുടങ്ങിയവയിലൂടെ, കേരള സർക്കാർ ഈ സമ്പ്രദായത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ തുടങ്ങി. 1938ലെ കൊച്ചിൻ നായർ ആക്ട് നായർ സമുദായത്തിലെ മരുമക്കത്തായം ഇല്ലായ്മ ചെയ്യുകയും ഒരു വ്യക്തിയുടെ

നിയമപരമായ അവകാശികൾ അയാളുടെ ഭാര്യയും മക്കളുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

വിവാഹാചാരങ്ങൾ : വിവാഹാചാരങ്ങളുടെ കാര്യത്തിലും കേരളസംസ്കാരത്തിൽ വൈവിധ്യം ദർശിക്കാവുന്നതാണ്. വ്യത്യസ്ത സമുദായങ്ങൾ പ്രത്യേകതരത്തിലുള്ള ആചാരങ്ങളാണ് അനുഷ്ഠിച്ചുപോരുന്നത്. നമ്പൂതിരിസമുദായത്തിലെ വിവാഹ ച്ചടങ്ങുകൾ ദിവസങ്ങളോളം നീണ്ടുനിൽക്കുന്നവയാണ്. അവരുടെ വിവാഹം 'വേളി' എന്നാണ് അറിയപ്പെടുന്നത്. കുടുംബത്തിലെ മൂത്ത ആണിനുമാത്രമേ 'വേളി' കഴിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. മറ്റുള്ളവർക്ക് 'സംബന്ധം' രീതിയാണ് അവലംബിക്കേണ്ടി യിരുന്നത്. സംബന്ധവ്യവസ്ഥ പ്രധാനമായും നായർസമുദായമാണ് പിന്തുടർന്നിരുന്നത്. ഇവിടെ ഭർത്താവിന് ഭാര്യയുടെയോ കുട്ടികളുടെയോ കാര്യത്തിൽ ഒരുതരത്തിലുമുള്ള കടമയോ ഉത്തരവാദിത്വമോ ഇല്ല. പൊതുവായി സമൂഹം അംഗീകരിച്ച വിവാഹ രീതി 'ഏക'വിവാഹം തന്നെയായിരുന്നു. എന്നാൽ മുസ്ലിം സമുദായത്തിലും ചില ജാതികൾക്കിടയിലും ബഹുവിവാഹങ്ങളും കാണാമായിരുന്നു. വിവാഹശേഷം ഭാര്യയുടെ വീട്ടിൽ താമസിക്കുന്ന രീതി മാതൃസ്ഥാനീവാസം (Matrilocal) ആയിരുന്നു നായർസമുദാ യത്തിലും കണ്ണൂരിലെ മുസ്ലിം സമുദായത്തിലും പ്രചാരത്തിലുണ്ടായിരുന്നത്. എന്നിരു ന്നാലും പിതൃസ്ഥാനീവാസം (Patrilocal residence) ധാരാളമായി നിലനിന്നിരുന്നു. കേര ളത്തിൽ നമ്പൂതിരി, നായർ തുടങ്ങിയ ജാതിയിൽപ്പെട്ടവരിൽ തൊട്ടുകൂടായ്മ നിലനിന്നിരുന്നു. മിശ്രഭോജനം ഉണ്ടായിരുന്നില്ല. കേരളത്തിലുടനീളം ശുദ്ധി-അശുദ്ധി എന്നീ ആചാരങ്ങൾ നിലനിന്നിരുന്നു. ഇക്കാരണങ്ങളാൽ പുലയർ തുടങ്ങിയ ജാതിയിൽ പെട്ടവർ ബ്രാഹ്മണർ, നായർ തുടങ്ങിയ ജാതിക്കാരിൽ നിന്ന് നിശ്ചിത ദൂരം അകലം പാലിക്കണമായിരുന്നു.

സാമൂഹികവിവേചനം, അയിത്തം, തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പല സാമൂഹികപരിഷ്കരണമുന്നേറ്റങ്ങളും ആരംഭിക്കുകയുണ്ടായി. ഇത്തരം മുന്നേറ്റങ്ങളെക്കുറിച്ച് 'ഗോത്രവർഗക്കാരും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളും' എന്ന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

ജന്മിസമ്പ്രദായം : ജാതിയും സാമ്പത്തികവ്യവസ്ഥയും തമ്മിലുള്ള ഒരുതരം പ്രത്യേക ബന്ധമാണ് ജന്മിസമ്പ്രദായം. ബ്രാഹ്മണർക്ക് ക്ഷേത്രങ്ങളിലും ഭൂമിയിന്മേലുമുണ്ടായിരുന്ന ഉയർന്ന അധികാരങ്ങളുടെയും മേൽക്കോയ്മയുടെയും ഫലമായിട്ടാണ് ഈ വ്യവസ്ഥ നിലനിന്നിരുന്നത്. സാമൂഹിക-സാമ്പത്തികമേഖലകളിൽ ഇക്കാലത്ത് ബ്രാഹ്മണർക്ക് മേധാവിത്വമുണ്ടായിരുന്നു. ക്ഷേത്രസ്വത്തിന്റെ രക്ഷാധികാരികൾ അവരായിരുന്നു. ഭൂമിയുടെ വിഭവ അവകാശം മുഴുവൻ അനുഭവിച്ചിരുന്നത് അവരായിരുന്നു. മറ്റുജാതിയിൽപ്പെട്ടവരെല്ലാം അവർക്ക് സേവനം നൽകാൻ ബാധ്യസ്ഥരായിരുന്നു. ഭൂമിയുടെ ഉടമസ്ഥർ ജന്മികൾ എന്നറിയപ്പെട്ടു. ജന്മിയുടെ സ്ഥലത്ത് കൃഷിചെയ്യുന്നവർ കുടിയാൻ എന്നും അറിയപ്പെട്ടു. ജന്മി, കുടിയാൻ പദവികൾ പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ജന്മിമാരുടെ ചൂഷണം കാരണം കുടിയാന്മാരുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. കേരളസർക്കാർ

നടപ്പാക്കിയ ഭൂപരിഷ്കരണനിയമം, ജന്മിസമ്പ്രദായം ഇല്ലായ്മ ചെയ്യുന്നതിനും കുടിയാനെ ഭൂമിയുടെ ഉടമയാക്കുന്നതിനും സാഹചര്യമൊരുക്കി.



ചിത്രം 6.10 ചിത്രങ്ങൾ
ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി, പൊയ്കയിൽ യോഹന്നാൻ, വക്കം അബ്ദുൾഖാദർ മൗലവി, വി.ടി. ഭട്ടതിരിപ്പാട്.

കേരളസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രപരമായ ചില സവിശേഷതകൾ നമ്മൾ മനസ്സിലാക്കിയല്ലോ. ജാതിയുടെയും തൊഴിലിന്റെയും അടിസ്ഥാനത്തിലുള്ള വിവേചനം അക്കാലത്ത് നിലനിന്നിരുന്നു. ഇന്ന് സാഹചര്യങ്ങളെല്ലാം മാറി. ഈഴവസമുദായത്തിൽ ശ്രീനാരായണഗുരുവും നായർ സമുദായത്തിൽ ചട്ടമ്പിസ്വാമികളും പുലയസമുദായത്തിൽ അയ്യങ്കാളിയും പൊയ്കയിൽ കുമാരഗുരു (പൊയ്കയിൽ അപ്പച്ചൻ) പറയസമുദായത്തിലും നവീകരണപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു. ഇവർക്കെല്ലാം പുറമെ വക്കം അബ്ദുൾ ഖാദർ മൗലവി, വി.ടി. ഭട്ടതിരിപ്പാട് എന്നിവരുടെ സംഭാവനയും എടുത്തുപറയത്തക്കതാണ്.

ഇതിനുപുറമേ യഥാകാലം സർക്കാരുകൾ നടപ്പാക്കിയ പല നിയമങ്ങളും സാമൂഹികവ്യവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കി. അവയിൽ പ്രധാനപ്പെട്ടവയാണ് ഭൂപരിഷ്കരണ നിയമങ്ങൾ.

കേരളത്തിലെ ഭൂപരിഷ്കരണനിയമങ്ങൾ (Land Reforms in Kerala)

സ്വാതന്ത്ര്യത്തിനുമുൻപും ശേഷവും, കേരളസർക്കാരുകൾ ചിട്ടയായ ഒരു സാമൂഹികക്രമം സൃഷ്ടിച്ചെടുക്കുന്നതിനായി തുടർച്ചയായ ഭൂപരിഷ്കരണനിയമങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കൊല്ലവർഷം 1040 ലെ ട്രാവൻകൂർ പാട്ട വിളംബരം (1865) തിരുവിതാംകൂർ വിപ്ലവത്തിന്റെ 'മാഗ്നാകാർട്ട' ആയി അറിയപ്പെടുന്നു. ഇത് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ഉടമസ്ഥാവകാശം (നടത്തിപ്പവകാശം) നൽകുകയും കുടിയാന്മാരെ ഏകപക്ഷീയമായി പുറത്താക്കുന്നതിൽനിന്നു സംരക്ഷിക്കുകയും ചെയ്തു. 1042(1867)ലെ രാജവിളംബരം ജന്മിമാരുടെയും കുടിയാൻമാരുടെയും അവകാശങ്ങളും കടമകളും വ്യക്തമായി നിർവചിച്ചു. 1964ൽ ഗവൺമെന്റ് ഭൂപരിഷ്കരണനിയമം (1969-ൽ ഭേദഗതിചെയ്തു) നടപ്പാക്കി. അതിന്റെ പ്രധാന പ്രത്യേകതകൾ താഴെ പറയുന്നു.

കൈവശഭൂമിക്ക് പരിധിനിർണയിക്കുകയും ഇപ്രകാരം പിടിച്ചെടുത്ത ഭൂമി കുടിയാന്മാർക്ക് വിതരണം ചെയ്യുകയും ചെയ്തു. 1964ലെ ഭൂപരിഷ്കരണനിയമം

ജൻമിമാരുടെ മധ്യവർത്തിത്വം തടഞ്ഞു. 1969ലെ ഭൂപരിഷ്കരണം കുടിയാന്മാർക്ക് ഭൂമിയുടെ പൂർണമായ ഉടമസ്ഥാവകാശം നൽകി. എന്നാൽ തൊഴിലാളികൾക്കും ഗോത്രവിഭാഗത്തിൽപ്പെട്ടവർക്കും ഭൂമി നൽകുന്നതിൽ ഈ നിയമം വിജയിച്ചില്ല എന്ന വിമർശനവും ഈ നിയമത്തിനെതിരായുണ്ടായി.

സംഗ്രഹം

- വിശ്വാസങ്ങൾ, ആചാരങ്ങൾ, ശീലങ്ങൾ, സമീപനങ്ങൾ, വസ്ത്രധാരണരീതി എന്നിവയിൽ ഇന്ത്യയിലെ ജനങ്ങൾ വ്യത്യസ്തരാണ്.
- വടക്കു പടിഞ്ഞാറ് പാക്കിസ്ഥാനും വടക്കുകിഴക്ക് നേപ്പാൾ, ഭൂട്ടാൻ, ചൈന എന്നീ രാജ്യങ്ങളും കിഴക്ക് ബംഗ്ലാദേശ്, മ്യാൻമർ എന്നിവയും പടിഞ്ഞാറ് അറബിക്കടലും ആണ് ഇന്ത്യയുടെ അതിർത്തികൾ. ഇന്ത്യൻ ഉപദ്വീപിന്റെ തെക്ക് ഇന്ത്യൻ മഹാസമുദ്രവും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ബംഗാൾ ഉൾക്കടലുമാണ്.
- വടക്കൻ മലനിരകൾ, വടക്കൻസമതലപ്രദേശം, താർ മരുഭൂമി, ഇന്ത്യൻ ഉപദ്വീപ്, തീരപ്രദേശം, ദ്വീപുകൾ എന്നിവയാണ് ഇന്ത്യയിലെ പ്രധാന ഭൂമേഖലകൾ.
- ജനസംഖ്യയുടെ വലുപ്പം, സ്വഭാവം, സ്ഥലപരമായ വിഭജനം എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണ് ജനസംഖ്യാശാസ്ത്രം. ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം, സാമൂഹിക ചലനാത്മകത എന്നിവ ഒരു പ്രദേശത്തെ ജനസംഖ്യയെ സ്വാധീനിക്കുന്നു.
- ഇൻഡോ-ആര്യൻ, ദ്രാവീഡിയം, സിനോടിബറ്റൻ, ആസ്ട്രിക്, വർഗീകരിക്കാത്തവ എന്നീ രീതിയിൽ ഇന്ത്യയിലെ ഭാഷകളെ തരംതിരിച്ചിരിക്കുന്നു.
- ഒറ്റമേൽക്കൂരയിൽ താമസിക്കുന്നവരും ഒരു അടുപ്പിൽവച്ച ഭക്ഷണം പങ്കുവയ്ക്കുന്നവരും സമ്പത്ത് പൊതുവായി കൈവശം വയ്ക്കുകയും പൊതുവായ കുടുംബ ആരാധനകളിൽ പങ്കെടുക്കുകയും ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമായ ഒരു കൂട്ടം ആളുകൾ ചേർന്നതാണ് കൂട്ടുകുടുംബം.
- വ്യത്യസ്തതരം വർഗങ്ങൾ, ഭാഷകൾ, മതം, സംസ്കാരം എന്നിവയുള്ളതിനാൽ ഇന്ത്യയെ ഒരു 'നരവംശ മ്യൂസിയം' എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്.
- കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് പ്രദേശങ്ങളായി വിഭജിക്കാം. കേരളത്തിലെ ജനസംഖ്യാവർധനവും ഏറെക്കുറേ സ്ഥായിയാണ്. 1951 മുതൽ ഇതിൽ ക്രമമായ കുറവുണ്ടായിട്ടുണ്ട്, അടുത്ത 20 വർഷത്തിനിടെ വളരെ മന്ദഗതി ആയിട്ടുണ്ട്.
- കേരളത്തിലെ ആളുകൾ പൊതുവെ നീഗ്രോയ്ഡ്, പ്രോട്ടോ ആസ്ട്രലോയ്ഡ്, മെഡിറ്ററേനിയൻ എന്നീ മൂന്ന് വംശങ്ങളിൽ പെട്ടവരാണ്.
- നാനാത്വമാണ് കേരളസംസ്കാരത്തിന്റെ പ്രധാനസവിശേഷത. ജാതിവ്യവസ്ഥ, മരുമക്കത്തായം, ജന്മിസമ്പ്രദായം എന്നിവ കേരളസമൂഹത്തിന്റെ പ്രത്യേകതകളിൽ പെടുന്നു.

ടേം മൂല്യനിർണയ ഉപാധികൾ

1. വിട്ടഭാഗം പൂരിപ്പിക്കുക.
   എ) ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തുള്ള ഏറ്റവും പഴക്കമേറിയ മലനിരയാണ് —
   ബി) സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനെക്കാൾ കൂടിയ കേന്ദ്രഭരണ പ്രദേശമാണ്——
   സി) സാക്ഷരത ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം ——
2. ജോടി കണ്ടെത്തുക.
   എ) കിഴക്കൻതീരം : കോറമണ്ടൽ കോസ്റ്റ്
   ബി) പടിഞ്ഞാറേ തീരം : ——
3. ഇന്ത്യയുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഹിമാലയൻ പർവതനിരകളുടെ പ്രാധാന്യം വിലയിരുത്തുക.
4. ഒറ്റപ്പെട്ടതിനെ കണ്ടെത്തുക.
   എ) ഹിന്ദി, പഞ്ചാബി, മലയാളം, മറാത്തി
   ബി) തമിഴ്, തെലുങ്ക്, മണിപുരി, കന്നഡ
5. ചെറുകുറിപ്പ് തയാറാക്കുക.
   എ) വർണവ്യവസ്ഥ
   ബി) ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം
6. ഇന്ത്യയിലെ കൂട്ടുകുടുംബങ്ങളുടെ പ്രധാന സവിശേഷതകൾ വിവരിക്കുക.
7. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന ഉത്തരങ്ങളിൽനിന്ന് അനുയോജ്യമായവ തിരഞ്ഞെടുത്ത് വിട്ട ഭാഗം പൂരിപ്പിക്കുക.
   എ) കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം : ——
   ബി) ———————————— : 1912ലെ നായർ ആക്ട്
   സി) തിരുവിതാംകൂർ വിപ്ലവത്തിന്റെ 'മാഗ്നകാർട്ട': ————————

(തിരുവിതാംകൂർ പാട്ടവിളംബരം, മരുമക്കത്തായം, 1969ലെ ഭൂപരിഷ്കരണനിയമം)

സാങ്കേതികപദങ്ങൾ

എക്കൽ	:	നദീതീരത്തെ ഫലഭൂയിഷ്ഠമായ നിക്ഷേപം
ജാതിവ്യവസ്ഥ	:	പരമ്പരാഗതവും നിയന്ത്രിതവുമായ സ്വഗണവിവാഹ സാമൂഹികഗണം.
നാഗരികത	:	ഭരണസംവിധാനവും സാമൂഹിക വിഭാഗങ്ങളുമുള്ള സങ്കീർണമായ സമൂഹം.
സമുദായം	:	ഐക്യദാർഢ്യവും ഒത്തൊരുമയും പങ്കുവയ്ക്കുന്ന ജനഗണം.

ജനസംഖ്യാശാസ്ത്രം	:	ജനസംഖ്യയുടെ വലുപ്പം, ഘടന, വിതരണം എന്നിവയെക്കുറിച്ചുള്ള സാംഖിക പഠനം.
സംബന്ധം	:	നമ്പൂതിരിവിഭാഗത്തിൽപ്പെട്ട പുരുഷനും നായർസ്ത്രീയും തമ്മിലുള്ള വൈവാഹിക ബന്ധം.
സാമൂഹികചലനാത്മകത	:	സാമൂഹികപദവിയിൽനിന്നു മുകളിലേക്കും താഴേക്കുമുള്ള ആളുകളുടെ ചലനം.

റഫറൻസ്

ദുബെ, എസ്.സി. 1990. ഇന്ത്യൻ സൊസൈറ്റി, നാഷണൽ ബുക്ക്ട്രസ്റ്റ് ഓഫ് ഇന്ത്യ.

ഹസ്നെയ്ൻ, നദീം. 1994. ഇന്ത്യൻ ആന്ത്രോപോളജി, ഡൽഹി: പി.പി. പബ്ലിക്കേഷൻസ്.

ഹെന്ന,ടെബാസം.2011. എൻസൈക്ലോപീഡിയ ഓഫ് കാസ്റ്റ് ആന്റ് സൊസൈറ്റി ഇൻ ഇന്ത്യ, ന്യൂഡൽഹി, അൻമോൾ പബ്ലിക്കേഷൻസ്.

മഹാരാജ്, സ്വാമി ചിദാരമൻ ജി: 2009 ഹിന്ദു കസ്റ്റംസ് ആന്റ് ട്രഡിഷൻസ്, ന്യൂഡൽഹി അൻമോൾ പബ്ലിക്കേഷൻസ്.

മേനോൻ, ശ്രീധര 2007. എ സർവേ ഓഫ് കേരള ഹിസ്റ്ററി, കോട്ടയം ഡി.സി. പ്രസ്സ്.

റോയ്, ഇന്ദ്രാണി ബസു. 2003. ആന്ത്രോപോളജി: ദ സ്റ്റഡി ഓഫ് മാൻ. ന്യൂഡൽഹി: എസ് ചന്ദ് ആന്റ് കമ്പനി.

സ്റ്റേറ്റ് പ്ലാനിങ് ബോർഡ് 2014. ഇക്കോണമിക് റിവ്യൂ 2013. തിരുവനന്തപുരം: ഗവൺമെന്റ് പ്രസ്സ്.

യൂണിറ്റ്

VII

സാമൂഹിക സാംസ്കാരികമാറ്റം

K4E5H9

ഉള്ളടക്കം

സാമൂഹിക-സാംസ്കാരികമാറ്റത്തിന്റെ ആശയങ്ങൾ

- സാമൂഹികമാറ്റം എന്ന ആശയം
- നിർവചനങ്ങളും സവിശേഷതകളും
- സാമൂഹികമാറ്റത്തിന്റെ പ്രക്രിയ
- സാംസ്കാരികമാറ്റം എന്ന ആശയം

സാമൂഹിക-സാംസ്കാരികമാറ്റത്തിന്റെ ഘടകങ്ങൾ

- ജനസംഖ്യാപരമായ ഘടകങ്ങൾ
- രാഷ്ട്രീയമായ ഘടകങ്ങൾ
- സാമ്പത്തികമായ ഘടകങ്ങൾ
- നിയമപരമായ ഘടകങ്ങൾ
- സാംസ്കാരികമായ ഘടകങ്ങൾ
- പരിസ്ഥിതിപരമായ ഘടകങ്ങൾ

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ

സാമൂഹിക ചലനാത്മകത

- സാമൂഹികചലനാത്മകതയുടെ തരങ്ങൾ
- സാമൂഹികചലനാത്മകതയുടെ പ്രക്രിയകൾ

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- സാമൂഹികമാറ്റം, സാംസ്കാരികമാറ്റം എന്നീ ആശയങ്ങൾ പരിശോധിച്ച് അവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യാൻ കഴിയുന്നു.
- സൂക്ഷ്മസമൂഹങ്ങളിലെ സാമൂഹികമാറ്റത്തിന്റെ പരിവർത്തനപ്രക്രിയ വിലയിരുത്താൻ കഴിയുന്നു.
- സമൂഹത്തിലെ സാമൂഹികസാംസ്കാരികമാറ്റത്തിനു കാരണമാകുന്ന ഘടകങ്ങൾ പരിശോധിച്ച് അവ സ്വന്തം സമൂഹത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് വിശകലനം ചെയ്യാൻ കഴിയുന്നു.
- സാമൂഹിക-സാംസ്കാരിക മാറ്റത്തിൽ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രസക്തി പരിശോധിക്കാൻ കഴിയുന്നു.
- സാമൂഹികചലനത്തിന്റെ പ്രകൃതവും പ്രക്രിയകളും തിരിച്ചറിഞ്ഞ് അവയുടെ വിവിധ തരങ്ങൾ വേർതിരിച്ചറിയാൻ കഴിയുന്നു.

ബ്രിട്ടീഷ് ഭരണത്തിനെതിരെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ വേളയിൽ ഇന്ത്യ മുഴുവൻ സഞ്ചരിച്ചാണ് ഗാന്ധിജി ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയത്. ഇന്ന് സാമൂഹികപ്രശ്നങ്ങളിൽ പൊതുജനാഭിപ്രായം അറിയാൻ സാമൂഹിക മാധ്യമങ്ങൾ വളരെ നല്ല വേദിയാകുന്നു. നമ്മുടെ ജീവിതത്തിലെ മിക്കവാറും എല്ലാ

മേഖലകളിലും ഇത്തരത്തിലുള്ള മാറ്റങ്ങൾ കാണാൻ കഴിയും.

കഴിഞ്ഞ കാലങ്ങളിൽ സുപ്രധാന മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള മറ്റു മേഖലകൾ ഏതെല്ലാമാണ്?

നമ്മുടെ സാമൂഹികജീവിതത്തെ ഇത് എത്രമാത്രം സ്വാധീനിച്ചു? കാലാനുസൃതമായാണ് മനുഷ്യർ അവരുടെ സംസ്കാരവും സാമൂഹികസ്ഥാപനങ്ങളും രൂപീകരിക്കപ്പെട്ടത് എന്നതിന് തെളിവുകളുണ്ട്. പ്രകൃതിക്കുമേൽ ആധിപത്യം നേടാൻ ശാസ്ത്ര-സാങ്കേതികവളർച്ച അവരെ സഹായിച്ചു. ആധുനിക വാർത്താവിനിമയസംവിധാനങ്ങൾ ലോകത്തെ ഒരു ആഗോളഗ്രാമമാക്കി മാറ്റി. ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വ്യത്യാസങ്ങളില്ലാതെ മനുഷ്യരെ ശക്തിപ്പെടുത്തുന്നതിലും ഐക്യപ്പെടുത്തുന്നതിനും ഈ പുരോഗതി സഹായകമായി. എന്നാൽ, മനുഷ്യർ തമ്മിൽ കൂടുതൽ കൂടുതൽ അകലം പാലിക്കുന്നതായിട്ടാണ് ഇപ്പോൾ തോന്നുന്നത്.

ആൾക്കൂട്ടത്തിൽ തനിയെ ആണെന്ന് നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?

വർത്തമാനകാല അവസ്ഥ എന്തായിരുന്നാലും മാറ്റം എന്നത് പ്രകൃതിനിയമമാണ്. എല്ലാം മാറ്റത്തിനു വിധേയവുമാണ്. സമൂഹവും അതിന്റെ ഭാഗമാണ്. എല്ലാ സമൂഹവും കാലാനുസൃതമായി മാറാറുണ്ട്. ചില സമൂഹങ്ങളിൽ മാറ്റം വളരെ സാവധാനത്തിലാണെങ്കിൽ മറ്റു ചിലതിൽ വളരെ വേഗത്തിലാണ്. എന്നാൽ ഒരു സമൂഹത്തിനും മാറ്റത്തിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ല.

സാമൂഹിക-സാംസ്കാരികമാറ്റങ്ങൾ നമ്മുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ, അവയുടെ പ്രക്രിയ, തരങ്ങൾ, മറ്റു ഘടകങ്ങൾ എന്നിവയെക്കുറിച്ചറിയാൻ നിങ്ങൾക്ക് താൽപ്പര്യമില്ലേ? ഇനിയുള്ള പേജുകളിൽ ഈ ഘടകങ്ങൾ ഓരോന്നായി നമുക്ക് പരിശോധിക്കാം.

സാമൂഹിക - സാംസ്കാരികമാറ്റം (Social Cultural Change)

മുകളിൽ കൊടുത്തിരിക്കുന്ന കാഴ്ചപ്പാടുകളും വസ്തുതകളും നോക്കിയാൽ സമൂഹവും സംസ്കാരവും വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു എന്ന വ്യക്തമായ സൂചനകൾ കാണാം. ഒരു പ്രത്യേക ഭൂപ്രദേശത്തു ജീവിക്കുന്ന സംഘടിത ജനങ്ങളാണ് സമൂഹമെന്നും അവരുടെ വ്യത്യസ്ത ജീവിതരീതികളാണ് സംസ്കാരമെന്നും നിങ്ങൾ നേരത്തേ പഠിച്ചിട്ടുണ്ടല്ലോ. ജനവിഭാഗങ്ങളുടെ ജീവിതരീതിയിലോ ഘടനയിലോ പ്രവർത്തനങ്ങളിലോ ഏതെങ്കിലും ഒന്നിന് മാറ്റം സംഭ

സാമൂഹികവ്യവസ്ഥയുടെയോ പ്രക്രിയയുടെയോ ഘടന, പ്രവർത്തനം എന്നിവയിൽ സ്വയമേവ നടക്കുന്ന പരിവർത്തനമാണ് സാമൂഹികമാറ്റം എന്ന് ആന്റേഴ്സണും പാർക്കറും അഭിപ്രായപ്പെടുന്നു.

'സാമൂഹിക പ്രക്രിയയിലോ ഇടപെടലിലോ, അല്ലെങ്കിൽ സാമൂഹികസംഘടനയിലോ ഉണ്ടാവുന്ന വ്യതിയാനങ്ങളെയോ പരിവർത്തനങ്ങളെയോ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ് സാമൂഹികമാറ്റം' എന്ന് ജോൺസ് അഭിപ്രായപ്പെടുന്നു.

എം.ഡി.ജെൻസന്റെ അഭിപ്രായത്തിൽ 'ജനങ്ങളുടെ ചിന്താരീതിയിലോ പ്രവർത്തന വഴികളിലോ വരുന്ന പരിവർത്തനത്തെ സാമൂഹികമാറ്റം എന്നു നിർവചിക്കാം.

വിച്ചാൽ അത് മറ്റുള്ളതിനെയും ബാധിക്കും. അതുകൊണ്ട് സാമൂഹിക-സാംസ്കാരികമാറ്റം മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും മാറ്റത്തെ സൂചിപ്പിക്കുന്നു. അങ്ങനെ സാമൂഹികമാറ്റവും സാംസ്കാരികമാറ്റവും പരസ്പരപൂരകങ്ങളാണ്. സാമൂഹികമാറ്റം, സാംസ്കാരികമാറ്റം എന്നീ ആശയങ്ങൾ പരിശോധിച്ചതിനുശേഷം നമുക്ക് സാമൂഹിക സാംസ്കാരിക മാറ്റം എന്ന ആശയം വിശദമായി ചർച്ചചെയ്യാം.

സാമൂഹികമാറ്റം (Social Change)

മനുഷ്യസമൂഹങ്ങളിൽ ഉണ്ടാവുന്ന അടിസ്ഥാനപരമായ മാറ്റങ്ങളെ സൂചിപ്പിക്കുന്ന പദമാണ് സാമൂഹികമാറ്റം. ഇതിൽ സാമൂഹികഘടന, സംവിധാനം, ബന്ധങ്ങൾ, സ്ഥാപനങ്ങൾ, മൂല്യങ്ങൾ, വിശ്വാസങ്ങൾ, മനോഭാവങ്ങൾ എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുന്നു. ലോകമാകെ മാറ്റങ്ങൾ സംഭവിച്ചത് നിങ്ങൾക്ക് കാണാൻ സാധിക്കും. അതുകൊണ്ട് ഇതൊരു സാർവത്രിക പ്രക്രിയയാണ്. സാമൂഹികമാറ്റത്തെക്കുറിച്ച് സ്പഷ്ടമായ ചിത്രം ലഭിക്കുന്നതിന് താഴെയുള്ള നിർവചനങ്ങൾ പരിചയപ്പെടാം.

നിർവചനങ്ങൾ (Definitions)

- "സാമൂഹികപ്രക്രിയ, രീതി അല്ലെങ്കിൽ വ്യവസ്ഥ എന്നിവയിലെ ഏതു ഘടകങ്ങളിലും സംഭവിക്കുന്ന വ്യതിയാനങ്ങളെയും പരിവർത്തനങ്ങളെയും" സാമൂഹികമാറ്റം എന്ന് നിർവചിക്കാം- പി.ഫെയർചൈൽഡ്.
- സ്ഥാപനവൽക്കരിക്കപ്പെട്ട രീതിയിലുള്ള മനുഷ്യബന്ധങ്ങളിലും പെരുമാറ്റങ്ങളിലുമുള്ള ഏത് പരിവർത്തനത്തെയും സാമൂഹികമാറ്റം എന്ന സംജ്ഞകൊണ്ട് സൂചിപ്പിക്കാമെന്ന് ലുൻഡ്ബെർഗ് പറയുന്നു.

മേൽക്കാണിച്ച നിർവചനങ്ങൾ സാമൂഹികമാറ്റത്തിന്റെ ചില ഘടകങ്ങൾ സമഗ്രമായി പ്രസ്താവിക്കുന്നു.

നിങ്ങൾ അവ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൂ.

താഴെക്കൊടുത്തിരിക്കുന്നവ നോക്കി നിങ്ങൾ തയാറാക്കിയ പട്ടിക ശരിയാണോ എന്നു പരിശോധിക്കുക.

സാമൂഹികമാറ്റം എന്നത്:

- ഒരു പ്രക്രിയയാണ്.
- സാമൂഹികവ്യവസ്ഥയുടെ ഘടന, പ്രവർത്തനം എന്നിവയിലെ പരിവർത്തനമാണ്.
- സാമൂഹികപ്രക്രിയ, സാമൂഹികരീതി, സാമൂഹിക ബന്ധങ്ങൾ, സാമൂഹികഘടന എന്നിവയിലേതെങ്കിലുമുള്ള വ്യതിയാനമാണ്.
- മനുഷ്യന്റെ ചിന്താഗതിയിലും പ്രവർത്തനവഴികളിലും വരുന്ന പരിവർത്തനം.
- സ്ഥാപനവൽക്കരിക്കപ്പെട്ട മനുഷ്യബന്ധങ്ങളിലും പെരുമാറ്റത്തിലും വരുന്ന മാറ്റം.

സമൂഹത്തിന്റെ ഘടനയിലോ പ്രവർത്തനത്തിലോ സംവിധാനത്തിലോ സാമൂഹിക ഇടപെടലിലോ ചിന്താരീതിയിലോ നിങ്ങളുടെ ഗ്രൂപ്പിലെ ബന്ധങ്ങളിലോ ഉള്ള മാറ്റങ്ങൾക്ക് പ്രാദേശിക ഉദാഹരണങ്ങൾ കണ്ടെത്തുക.

കൂട്ടുകുടുംബവ്യവസ്ഥയിൽനിന്ന് അണുകുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ ഘടകങ്ങൾ തിരിച്ചറിയാമോ?

- കൈവശഭൂമിയുടെ ശിഥിലീകരണം
- കാർഷികവ്യവസ്ഥയുടെ തകർച്ച
- പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വർധിച്ച സ്വാധീനം
- .....
- .....

രാജവാഴ്ച ജനാധിപത്യവ്യവസ്ഥയിലേക്ക് മാറ്റപ്പെട്ടപ്പോൾ ഏതൊക്കെ ഘടകങ്ങളിലാണ് മാറ്റങ്ങൾ സംഭവിച്ചത്?

- രാഷ്ട്രീയ അവബോധം
- സാർവത്രികവിദ്യാഭ്യാസം
- അസമത്വവും ചൂഷണവും
- .....
- .....

മറ്റുള്ള ഘടകങ്ങൾക്ക് ഇതുപോലുള്ള ഉദാഹരണങ്ങൾ കണ്ടെത്തി ക്ലാസിൽ ചർച്ചചെയ്യൂ.

സാമൂഹികമാറ്റം എന്നത് ഒരു സങ്കീർണപ്രക്രിയയാണെന്നും സമൂഹത്തിന്റെ വ്യത്യസ്ത ഘടകങ്ങളിൽ വരുന്ന മാറ്റമാണിതെന്നും തിരിച്ചറിയാനുള്ള ശേഷി ഇപ്പോൾ നിങ്ങൾ നേടിയിട്ടുണ്ട്. ഈ ആശയം കൂടുതൽ നന്നായി മനസ്സിലാക്കാൻ നമുക്ക് അവയുടെ സവിശേഷതകൾ പരിശോധിക്കാം.

സാമൂഹികമാറ്റത്തിന്റെ സവിശേഷതകൾ (Characterstics of Social Change)

സാമൂഹികമാറ്റം എന്ന പ്രതിഭാസം ഒരു സങ്കീർണ പ്രക്രിയയായതിനാൽ അതിനെ പൂർണമായ അർഥത്തിൽ മനസ്സിലാക്കാൻ വിഷമമാണ്. സാമൂഹികമാറ്റത്തിന്റെ ചില സവിശേഷതകൾ ചുവടെ കൊടുക്കുന്നു.

സാമൂഹികമാറ്റം അടിസ്ഥാനപരമായി സാമൂഹികമാണ് : സാമൂഹികബന്ധങ്ങളുടെ ഒരു ശൃംഖലയാണ് സമൂഹം. അതുകൊണ്ട് സാമൂഹികബന്ധങ്ങളിലും മറ്റു പ്രക്രിയയിലുമുള്ള മാറ്റം ജനസംഖ്യയുടെ ഗണ്യമായ വിഭാഗത്തെ ബാധിക്കുന്നു. ഒരു വ്യക്തിക്കോ ചെറിയഗ്രൂപ്പിലെ വ്യക്തികൾക്കോ വരുന്ന മാറ്റങ്ങളെ സാമൂഹികമാറ്റം എന്ന് കരുതാൻ കഴിയില്ല.

സാർവത്രികമാണ്: എല്ലാ സമൂഹങ്ങളിലും എല്ലാ സമയത്തും സാമൂഹികമാറ്റം സംഭവിക്കുന്നു. എന്നാൽ അതിന്റെ തോത് സമൂഹങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് പ്രകൃതിയുടെ സാർവത്രിക നിയമമാണ്.

തുടർപ്രക്രിയയാണ്: ഒരു പ്രത്യേക സമയത്ത് നിർത്തിവയ്ക്കാൻ പറ്റുന്നതല്ല സാമൂഹികമാറ്റം. അത് ഇടവേളകളില്ലാതെ തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്.

ഒഴിവാക്കാൻ പറ്റാത്തതാണ്: മനുഷ്യചിന്താഗതി മാറിക്കൊണ്ടിരിക്കുന്നതിനാൽ മാറ്റങ്ങൾ ഒഴിവാക്കാൻ പറ്റാത്തതാണ്.

കാലസൂചകമാണ്: വ്യത്യസ്ത കാലഘട്ടങ്ങളിലൂടെയാണ് സാമൂഹികമാറ്റം സംഭവിക്കുന്നത്.

സാമൂഹികമാറ്റത്തിന്റെ തോത് വ്യത്യസ്തമാണ്. ചില മാറ്റങ്ങൾ വലിയ തോതിലും മറ്റു ചിലത് ചെറിയ തോതിലും സംഭവിക്കുന്നു. സാമൂഹികമാറ്റം ഒന്നിലധികം ഘടകങ്ങളെ ബാധിക്കുന്നു.

ആസൂത്രണമുള്ളതും ആസൂത്രണമില്ലാത്തതുമാവാം:

ആലോചനപൂർണമായ ആസൂത്രണത്തിലൂടെയാണ് സാമൂഹികമാറ്റം കൊണ്ടുവരുന്നത്. കുടുംബാസൂത്രണം, വിദ്യാഭ്യാസനയങ്ങൾ, ഗോത്രവിഭാഗങ്ങളുടെയും സ്ത്രീകളുടെയും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെയും ക്ഷേമപദ്ധതികൾ എന്നിവ ആസൂത്രിത മാറ്റങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ആസൂത്രണമില്ലാതെയും ചിലപ്പോൾ സാമൂഹികമാറ്റങ്ങൾ ഉണ്ടാകാം. അത് പ്രകൃതിദത്തമായി പെട്ടെന്നു സംഭവിക്കുന്നു. പ്രകൃതിദുരന്തങ്ങളായ വരൾച്ച, വെള്ളപ്പൊക്കം, ഭൂകമ്പം, കൊടുങ്കാറ്റ് എന്നിവയുണ്ടാകുമ്പോഴുള്ള മാറ്റങ്ങൾ ഇതിനുദാഹരണമാണ്.

നിങ്ങളുടെ സമൂഹത്തിലെ ആസൂത്രിതമാറ്റങ്ങളും ആസൂത്രിതമല്ലാത്ത മാറ്റങ്ങളും കണ്ടെത്തി അത് ചെറിയ സമൂഹങ്ങൾക്ക് അനുയോജ്യമായതാണോ എന്നു വിശകലനം ചെയ്യുക.

സാമൂഹികമാറ്റം പ്രവചനാതീതമാണ്: സാമൂഹികഘടകങ്ങൾ പരസ്പരം ബന്ധിതമായതുകൊണ്ട് ഒരു ഘടകത്തിന് സംഭവിക്കുന്ന മാറ്റം മറ്റു ഘടകങ്ങളെയും ബാധിക്കുന്നു. എന്നിരുന്നാലും സാമൂഹികമാറ്റങ്ങൾ പ്രവചിക്കാൻ പ്രയാസമാണ്.

മേൽസൂചിപ്പിച്ച സവിശേഷതകൾകൊണ്ട് ഇത് പൂർണമാകുന്നില്ല. കൂടുതൽ സവിശേഷതകൾ കണ്ടെത്താൻ ശ്രമിക്കുമല്ലോ.

നമ്മൾ നേരത്തേ നിരീക്ഷിച്ചതുപോലെ സമൂഹത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും വരുന്ന മാറ്റങ്ങൾ ആ സമൂഹത്തിലെ ജനങ്ങളുടെ ജീവിതരീതിയിലും അനന്തരം മാറ്റമുണ്ടാക്കുന്നു. ഉദാഹരണമായി സാമൂഹികഗ്രൂപ്പുകളുടെ വലുപ്പവും വ്യത്യസ്ത പദവികളും കടമകളും കാലാനുസൃതമായ മാറ്റത്തിന് വിധേയമാകുന്നു. ഇത് പിന്നീട് ജീവിതരീതിയിലും മാറ്റമുണ്ടാക്കുന്നു. ഇങ്ങനെയുള്ള മാറ്റത്തെ സാംസ്കാരികമാറ്റം എന്നു കണക്കാക്കാം.

സാംസ്കാരികമാറ്റം (Cultural Change)

ഒരു സംസ്കാരവ്യവസ്ഥിതിയിലെ ഘടകങ്ങൾക്കും രീതികൾക്കും പരിവർത്തനം സംഭവിക്കുന്നതിനെയാണ് സാംസ്കാരികമാറ്റം എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നത്. പാരമ്പര്യം, വിശ്വാസം, മതങ്ങൾ, പ്രമാണങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ, സമ്പ്രദായ

ങ്ങൾ തുടങ്ങിയ മാറ്റങ്ങൾ ഇതിലുൾപ്പെടുന്നു. ഭക്ഷണം തയാറാക്കുന്ന രീതി, ഫാഷനുകളിലെ പ്രവണത, വാസ്തുശൈലി എന്നിവയിൽ നാം സ്വീകരിച്ചുവരുന്ന മാറ്റങ്ങളും സാംസ്കാരികമാറ്റമാണ്. ജനങ്ങളുടെ ജീവിതരീതി, ചിന്ത, പ്രവർത്തനം എന്നിവയിലെ മാറ്റം സാംസ്കാരികമാറ്റത്തെ സൂചിപ്പിക്കുന്നു. പൊതുവെ സാമൂഹികമാറ്റവും സാംസ്കാരിക മാറ്റവും പരസ്പരബന്ധിതമാണ്. ചിലപ്പോൾ സാംസ്കാരികമാറ്റം സാമൂഹിക മാറ്റത്തിനു മുമ്പേ രൂപപ്പെടുന്നു.

സാംസ്കാരിക മാറ്റം	സാമൂഹികമാറ്റം
സാംസ്കാരികഘടകങ്ങളിലുണ്ടാകുന്ന പരിവർത്തനം	സമൂഹത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും വരുന്ന മാറ്റം.
വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ, സമ്പ്രദായങ്ങൾ തുടങ്ങിയവയിലുള്ള മാറ്റങ്ങൾ.	സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളിലും ബന്ധങ്ങളിലും വരുന്ന മാറ്റങ്ങൾ.
.....	.....

സാമൂഹികമാറ്റം, സാംസ്കാരികമാറ്റം എന്നീ ആശയങ്ങൾ ഇപ്പോൾ നമ്മൾ പരിചയപ്പെട്ടല്ലോ. ഇനി സാമൂഹിക-സാംസ്കാരികമാറ്റം ഒരിക്കൽക്കൂടി ചർച്ചചെയ്യാം. സാമൂഹിക-സാംസ്കാരിക മാറ്റങ്ങൾ എന്നത് സമൂഹത്തിന്റെ ഘടന, സംസ്കാരം എന്നിവയിലുള്ള മാറ്റമാണ്. സാമൂഹിക സാംസ്കാരികമാറ്റത്തെക്കുറിച്ച് പഠനം നടത്തുന്നതിന് വിവിധ സമീപനങ്ങളുണ്ട്. പരിണാമപരമായ രീതി, ഘടനാപരമായ രീതി, സാംസ്കാരികപരമായ രീതി, വൈരുധ്യാത്മികവും ചരിത്രപരവുമായ രീതി എന്നിവ പ്രധാനപ്പെട്ട സമീപനങ്ങളാണ്. ജാതി, കുടുംബം, വിവാഹം, ബന്ധുത്വം, ഗ്രാമീണസമുദായം എന്നീ സ്ഥാപനങ്ങളിൽ വന്ന ക്രമാനുഗതമായ മാറ്റങ്ങളാണ് പരിണാമപരമായ മാറ്റം വിശദീകരിക്കുന്നത്. പദവികൾ, കടമകൾ, ജനവിഭാഗങ്ങളിലെ ശ്രേണികൾ, സാമൂഹികബന്ധങ്ങൾ ഭൂവുടമസ്ഥത, രാഷ്ട്രീയശക്തി എന്നിവയാണ് ഘടനാപരമായ സമീപനം വിശകലനം ചെയ്യുന്നത്. ജാതിയിലെ ചലനാത്മകത, വിദ്യാഭ്യാസം, മൂല്യങ്ങളിൽ വന്ന മാറ്റം, വിശ്വാസം, സാങ്കേതികത എന്നിവയിലാണ് സാംസ്കാരിക സമീപനം ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ജാതി, രാഷ്ട്രീയം, ഉൽപ്പാദനരീതികൾ, വർഗബന്ധങ്ങൾ, വിഭവങ്ങളുടെയും അവസരങ്ങളുടെയും വിതരണം എന്നിവ വൈരുധ്യാത്മിക



ചിത്രം 7.1
സാമൂഹിക-സാംസ്കാരിക മാറ്റത്തിന്റെ ഘടകങ്ങൾ

സമീപനം വിശകലനം ചെയ്യുന്നു. നമ്മൾ നേരത്തേ നിരീക്ഷിച്ചതുപോലെ സാമൂഹിക സാംസ്കാരിക ജീവിതത്തിലെ വിവിധ ഘടകങ്ങളുടെ ഉൽപ്പന്നമാണ് സാമൂഹിക സാംസ്കാരികമാറ്റം. നമുക്ക് ഇവ ഓരോന്നായി പരിശോധിക്കാം.

സാമൂഹിക-സാംസ്കാരികമാറ്റത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ (Factors Influencing Social-Cultural Change)

കാലാനുസൃതമായും പ്രദേശങ്ങൾക്കനുസരിച്ചും സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ആന്തരികവും ബാഹ്യവുമായ വിഭവങ്ങളിലൂടെയാണ് സമൂഹത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും സാമൂഹിക-സാംസ്കാരികമാറ്റം ആരംഭിക്കുന്നത്. സമൂഹത്തിന്റെ ഘടനയും പ്രവർത്തനവും സ്ഥിരമല്ലെങ്കിലും സാമൂഹിക-സാംസ്കാരികമാറ്റത്തിന് ജനസംഖ്യാപരം, സാങ്കേതികം, സാംസ്കാരികം, സാമ്പത്തികം, രാഷ്ട്രീയം, നിയമപരം, പരിസ്ഥിതിപരം എന്നീ ഘടകങ്ങൾ കാരണമാവുന്നു.

1. ജനസംഖ്യാപരമായ ഘടകങ്ങൾ (Demographic Factors)

ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവമൂലം ജനസംഖ്യയിലുണ്ടാകുന്ന മാറ്റത്തെയും അതിന്റെ വലുപ്പം, സംയോജനം, പ്രാദേശികവിതരണം എന്നിവയെക്കുറിച്ചുമുള്ള സാംഖികപഠനമാണ് ജനസംഖ്യാശാസ്ത്രം. ഒരു സമൂഹത്തിന്റെ ജനസംഖ്യയുടെ വലുപ്പവും സംയോജനത്തിലുള്ള വൈവിധ്യവും സാമൂഹിക-സാംസ്കാരിക മാറ്റത്തിന്റെ ഒരു പ്രധാന ഘടകംതന്നെയാണ്. വികസിത ജനസംഖ്യ ഒരു രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നു. മനുഷ്യവിഭവങ്ങൾ ലഭ്യമാകുന്നതിൽ ജനസംഖ്യാവർധനവ് സഹായകമാണെങ്കിലും തൊഴിലില്ലായ്മ, ദാരിദ്ര്യം, നിരക്ഷരത, മോശപ്പെട്ട ആരോഗ്യസ്ഥിതി, നഗരജനബാഹുല്യം എന്നീ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ജനസംഖ്യാവർധനവ് കൂടുതൽ ഉൽപ്പാദനം, ഉപഭോഗം, അന്തർദേശീയവ്യാപാരം എന്നിവയിലേർപ്പെടാനുള്ള സാഹചര്യവും ഉണ്ടാക്കുന്നു. ജനസംഖ്യയും സാങ്കേതികതയും കൈകോർക്കുന്ന സ്ഥിതിവിശേഷമാണ് ജനസംഖ്യാശാസ്ത്രചരിത്രത്തിലെ പ്രധാന സവിശേഷത. മനുഷ്യർ കൃഷി കണ്ടുപിടിച്ചതോടുകൂടിയാണ് ലോകജനസംഖ്യയിൽ വൻ കുതിപ്പുണ്ടായതെന്ന് കണക്കാക്കുന്നു. വേട്ടയാടലും ഭക്ഷ്യശേഖരണവും നടത്തിയ നാടോടി സമൂഹങ്ങളെക്കാളും സ്ഥിരവാസികളായ സമൂഹങ്ങളാണ് ജനസംഖ്യാവർധനവ് ഉണ്ടാക്കിയത്. അന്തർദേശീയവാണിജ്യവും നഗരജീവിതവും സ്വീകരിച്ചപ്പോഴാണ് ജനസംഖ്യാവർധനവിന്റെ രണ്ടാമത്തെ കുതിപ്പുണ്ടായത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ കൃഷിക്കും വ്യാവസായിക ഉൽപ്പാദനത്തിനുമായി ജന്തുക്കളുടേ തല്ലാത്ത ശക്തിയും സാങ്കേതികവിദ്യകളും ഉപയോഗിച്ചപ്പോഴാണ് ജനസംഖ്യ വീണ്ടും വർധിച്ചത്.

നമ്മുടെ രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക പരിസ്ഥിതിയെ ജനസംഖ്യാവർധനവ് എങ്ങനെ ബാധിച്ചു എന്ന് നിങ്ങൾ പരിശോധിക്കുക. സെൻസസ് വകുപ്പിന്റെയും മാനവവിഭവശേഷിവകുപ്പിന്റെയും വെബ്സൈറ്റുകളിൽനിന്നും ആന്ത്രോപോളജിക്കൽ സർവേയുടെ 'പീപ്പിൾ ഓഫ് ഇന്ത്യാ' പ്രൊജക്ടിന്റെ വാല്യങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ചർച്ച നടത്താവുന്നതാണ്. കൂടാതെ 'ജനസംഖ്യാവർധനവ് ശാപമോ അനുഗ്ര

ഹമോ' എന്നതിനെക്കുറിച്ച് ഒരു സംവാദവും സംഘടിപ്പിക്കുക.

ജനസംഖ്യാവളർച്ച ലോകത്തെല്ലായിടത്തും ഒരുപോലെയല്ല. ഇതിനു കാരണമെന്താണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ജനസംഖ്യയെ ബാധിക്കുന്ന ഘടകങ്ങളിലുള്ള വ്യത്യാസങ്ങളാണ് ഇതിനു കാരണം. ജനസംഖ്യാമാറ്റങ്ങൾക്കു കാരണമായവയെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കുന്നതിന് ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവപോലുള്ള ഓരോ ഘടകത്തെക്കുറിച്ചും നമുക്ക് പരിശോധിക്കാം.

എ. ജനനനിരക്ക് (Fertility)

ഒരു സ്ത്രീയുടെ യഥാർഥ പ്രത്യുൽപ്പാദന കഴിവിനെയാണ് ജനനനിരക്ക് എന്ന വാക്കുകൊണ്ട് പൊതുവിൽ സൂചിപ്പിക്കുന്നത്. ലോകജനസംഖ്യയുടെ വളർച്ച മനുഷ്യന്റെ പ്രത്യുൽപ്പാദനകഴിവിനെ ആശ്രയിച്ചിരിക്കുന്നു. വ്യത്യസ്ത രാജ്യങ്ങൾ, പ്രദേശങ്ങൾ, വംശവിഭാഗങ്ങൾ എന്നിവയിൽ ജനനനിരക്കിന്റെ പഴയതും പുതിയതുമായ വിവരങ്ങൾ ചില വ്യക്തമായ പ്രവണതകൾ കാണിക്കുന്നു.

- വികസിതരാജ്യങ്ങളെക്കാൾ അവികസിതരാജ്യങ്ങളിൽ ഉയർന്ന ജനനനിരക്കുണ്ട്.
- ഗ്രാമപ്രദേശങ്ങളെ താരതമ്യം ചെയ്യുമ്പോൾ നഗരപ്രദേശങ്ങളിൽ താഴ്ന്ന ജനനനിരക്കാണുള്ളത്.
- വിദ്യാഭ്യാസം കുറഞ്ഞവരെക്കാൾ കൂടിയവരിലാണ് ജനനിരക്ക് കുറവുള്ളത്.
- ചില പ്രത്യേക മതവിഭാഗങ്ങളിൽ ജനനനിരക്ക് കൂടുതലാണ്.
- താഴ്ന്നവരുമാനമുള്ളവരേക്കാൾ ഉയർന്ന വരുമാനമുള്ളവരിലാണ് കുറഞ്ഞ ജനനനിരക്കുള്ളത്.
- മേൽക്കൊടുത്ത സന്ദർഭങ്ങൾ സൂചിപ്പിക്കുന്നത് വ്യത്യസ്ത ജനവിഭാഗങ്ങളിൽ ചില പ്രത്യേക അവസരകളിൽ ജനനനിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു എന്നാണ്.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ജനനനിരക്കിനെ മറ്റു ഘടകങ്ങൾ സ്വാധീനിക്കുന്നതുകൊണ്ടാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

ജനനനിരക്കിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ (Factors Affecting Fertility): ഒരു കുട്ടിയുടെ ജനനം അടിസ്ഥാനപരമായി ഒരു ജൈവപ്രതിഭാസമാണ്. ഒരു സമൂഹത്തിൽ സാമൂഹികവും സാംസ്കാരികവും മനശ്ശാസ്ത്രപരവുമായ പല ഘടകങ്ങളും ജനനനിരക്കിനെ സ്വാധീനിക്കുന്നു. ഇവയെ പ്രത്യക്ഷഘടകങ്ങളെന്നും പരോക്ഷ ഘടകങ്ങളെന്നും വർഗീകരിക്കാം.

പ്രത്യക്ഷഘടകങ്ങൾ (Direct Factors): നേരിട്ടു സ്വാധീനിക്കുന്ന ഘടകങ്ങളാണിവ. ശിശുഹത്യ, ഗർഭഛിദ്രം, ഗർഭനിരോധനമാർഗങ്ങളുടെ ഉപയോഗം എന്നിവ ഇതിലുൾപ്പെടുന്നു.

1. **ശിശുഹത്യ:** നിയമാനുസൃതമല്ലാതെ, ജനിച്ചയുടനെ ശിശുക്കളെ കൊല്ലുന്ന രീതിയാണിത്. ലോകത്തിലെ പരമ്പരാഗതസംസ്കാരങ്ങളിലും സങ്കീർണസംസ്കാരങ്ങളിലും ഇത് കാണപ്പെടുന്നു. ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ ആൺ ശിശുഹത്യയേക്കാൾ പെൺശിശുഹത്യയാണ് കൂടുതലായി കണ്ടുവരുന്നത്. ഇത് ജനസം

ഖ്യയുടെ ലിംഗപരമായ സംതുലനാവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. ഇന്ത്യയിലാകമാനം നിയമാനുസൃതമല്ലാത്ത ശിശുഹത്യകൾ വർധിച്ചുവരുകയാണോ? ഇത് നമ്മുടെ സമൂഹത്തിലെ സ്ത്രീപദവിയെയും ജനസംഖ്യാഘടനയെയും എങ്ങനെ ബാധിക്കുന്നു? ശിശുഹത്യയുടെ ധാർമികത ചർച്ചചെയ്യുക.

2. **ഗർഭഛിദ്രം:** ഭ്രൂണത്തെ ഗർഭത്തിൽവച്ചുതന്നെ നശിപ്പിക്കുന്ന രീതിയാണ് ഗർഭഛിദ്രം. ചിലപ്പോൾ ഇത് ആകസ്മികമായും സംഭവിക്കാം. ഇതിനെ ഗർഭമലസൽ എന്നാണ് പറയുന്നത്. നിർബന്ധിത ഗർഭമലസിപ്പിക്കലിനെ സൂചിപ്പിക്കാനാണ് ഗർഭഛിദ്രം എന്ന പദം സാധാരണയായി ഉപയോഗിക്കുന്നത്.

3. **ഗർഭനിരോധനമാർഗങ്ങളുടെ ഉപയോഗം:** ഗർഭധാരണം തടയുന്നതിനുള്ള കൃത്രിമ മാർഗമാണിത്. ജനസംഖ്യാവർധനവു തടയാനായി കുടുംബാസൂത്രണപദ്ധതികൾ ഇതിനെ പ്രോത്സാഹിപ്പിക്കുന്നു.

പരോക്ഷഘടകങ്ങൾ (Indirect factors): ജനനനിരക്കിനെ ബാധിക്കുന്ന പരോക്ഷഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. **കുടുംബഘടന:** അണുകുടുംബത്തെ അപേക്ഷിച്ച് കൂട്ടുകുടുംബം ഉയർന്ന ജനനനിരക്കിനെ പ്രോത്സാഹിപ്പിക്കുന്നു. പരമ്പരാഗത കൂട്ടുകുടുംബത്തിൽ വൃദ്ധരുടെ സുരക്ഷയ്ക്ക് കുട്ടികളെ ആശ്രയിക്കുന്നു. ഇതു കൂടാതെ കുട്ടികളുടെ പരിപാലനം മറ്റു കുടുംബാംഗങ്ങളുടെ ഉത്തരവാദിത്വമായി കരുതുന്നു.

2. **ആൺകുട്ടിക്കുള്ള മുൻഗണന:** ചില സമൂഹങ്ങളിൽ സാമ്പത്തികവും സാമൂഹികവും മതപരവുമായ കാരണങ്ങൾകൊണ്ട് ആൺകുട്ടിക്ക് പ്രത്യേകപരിഗണന നൽകുന്നത് ജനനനിരക്ക് കൂടാനുള്ള ഒരു കാരണമാണ്. ഇത്തരം സമൂഹങ്ങളിൽ പെൺകുട്ടികൾ മാത്രം ജനിക്കുമ്പോൾ ആൺകുട്ടി ജനിക്കുന്നതുവരെ പ്രസവം തുടരുന്നു. ഇത് കുടുംബത്തിന്റെ വലുപ്പം വർധിക്കാൻ കാരണമാകുന്നു.

3. **ശിശുമരണം:** ഉയർന്ന ജനനനിരക്കിനുള്ള ഒരു കാരണം ശിശുമരണമാണ്. ശിശുക്കളുടെ അതിജീവനനിരക്ക് കുറയുമ്പോൾ കൂടുതൽ കുട്ടികളെ ഉൽപ്പാദിപ്പിക്കാൻ രക്ഷിതാക്കൾ ശ്രമിക്കുന്നു.

4. **മതസ്വാധീനം:** ചില മതങ്ങളിൽ മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ ജനനനിരക്ക് കാണപ്പെടുന്നുവെന്ന് ഇന്ത്യയിലെ പ്രത്യുൽപ്പാദനപഠനങ്ങൾ സൂചിപ്പിക്കുന്നു. കുട്ടിയുടെ ജനനത്തെ കൃത്രിമമായി നിയന്ത്രിക്കുന്നത് മതപരമായ വിശ്വാസങ്ങൾക്കെതിരാണെന്നും ഇത് തെറ്റിക്കുന്നത് പാപമാണെന്നുമുള്ള വിശ്വാസമാണ് ഇതിനു കാരണം.

5. **സാമ്പത്തികാവസ്ഥ:** സാമ്പത്തികമായി ഉയർന്നവരുമായി താരതമ്യം ചെയ്യുമ്പോൾ പാവപ്പെട്ട കർഷകസമൂഹങ്ങളിൽ ഉയർന്ന ജനനനിരക്കാണുള്ളത്. പാവപ്പെട്ട കർഷക കുടുംബങ്ങൾ കുട്ടികളെ സമ്പത്തായി കരുതുന്നു. ഓരോ കുട്ടിയും കുടുംബത്തിനുള്ളിൽ ഒരു സാമ്പത്തികഘടകമായി രൂപപ്പെടുന്നു.

6. **വിവാഹപ്രായം:** നേരത്തേയുള്ള വിവാഹം ജനനനിരക്ക് വർധിപ്പിക്കാൻ അവസരമു

ണ്ടാക്കുന്നു. അതുകൊണ്ട് ചെറുപ്രായത്തിലുള്ള വിവാഹം ഉയർന്ന ജനനനിരക്കിന് കാരണമാകുന്നു.

7. **വിദ്യാഭ്യാസം:** വിദ്യാഭ്യാസനിലയും കുടുംബവലുപ്പവും പരസ്പരബന്ധിതമാണ്. കൂടാതെ കൂടുതൽ കാലം വിദ്യാഭ്യാസത്തിലേർപ്പെടുന്നതുകൊണ്ട് വിവാഹം വൈകുന്നു.

ബി. മരണനിരക്ക് (Mortality)

ജനനത്തിനുശേഷം ഏതു സമയത്തുമുള്ള ജീവൻ നഷ്ടപ്പെടലാണ് മരണം. ഇത് ജനസംഖ്യാമാറ്റത്തിന്റെ ഒരു പ്രധാനഘടകമാണ്. ജനസംഖ്യാവളർച്ച നിർണയിക്കുന്നതിൽ ഇത് പ്രധാന പങ്കുവഹിക്കുന്നു. ഭക്ഷ്യക്ഷാമം, പകർച്ചവ്യാധികൾ, യുദ്ധം തുടങ്ങി നിരവധി ഘടകങ്ങൾ മരണനിരക്കിനെ ബാധിക്കുന്നു.

1911 മുതൽ 1921 വരെയുള്ള കാലഘട്ടത്തിൽ ബംഗാളിലുണ്ടായിരുന്ന ഭക്ഷ്യക്ഷാമം മരണനിരക്ക് കുത്തനെ വർധിപ്പിച്ചിരുന്നു. ഗോത്രമേഖലയിൽ ഭക്ഷ്യക്ഷാമം, ദാരിദ്ര്യം എന്നിവമൂലമുള്ള മരണനിരക്ക് റിപ്പോർട്ട് ചെയ്യുക പതിവാണ്. പകർച്ചവ്യാധികളുടെ വ്യാപനവും മരണനിരക്ക് വർധിക്കാൻ കാരണമായിരുന്നു. അനാരോഗ്യകരമായ ജീവിതസാഹചര്യങ്ങളും ജീവിതരീതിയിലുള്ള മാറ്റങ്ങളും മരണനിരക്ക് കൂട്ടുന്നു. വംശങ്ങളെത്തന്നെ ഇല്ലാതാക്കാൻ യുദ്ധങ്ങൾക്ക് കഴിഞ്ഞിരുന്നു. ലോകയുദ്ധങ്ങളും അതിനെ തുടർന്നുള്ള കെടുതികളും ലോകത്തിൽ മരണനിരക്ക് കൂട്ടുന്നു. ഇതുകൂടാതെ വാസസ്ഥലം, തൊഴിൽ, ആരോഗ്യം, ശുചിത്വസാഹചര്യങ്ങൾ എന്നിവയും മരണനിരക്കിനെ ബാധിക്കുന്നു.

നമ്മൾ മരണനിരക്ക് വർധിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണല്ലോ. എന്നിരുന്നാലും ശാസ്ത്ര-സാങ്കേതിക പുരോഗതി സാർവത്രിക വിദ്യാഭ്യാസത്തിലൂടെയും ആരോഗ്യബോധവൽക്കരണ പദ്ധതിയിലൂടെയും നിരവധി സാമൂഹിക-സാമ്പത്തിക പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയതിലൂടെയും നമ്മുടെ സംസ്ഥാനത്ത് മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഉയർന്ന ആയുർദൈർഘ്യം നൽകാനിടയാക്കി. വൃദ്ധജനങ്ങളുടെ ഉയർന്ന ജനസംഖ്യാ അനുപാതം കേരളത്തിലുടനീളം വൃദ്ധസദനങ്ങളും ഹോംനഴ്സിങ്ങും പൊട്ടിമുളയ്ക്കാനിടയാക്കി. ഇത് സാമൂഹിക-സാംസ്കാരിക മാറ്റത്തിന്റെ മറ്റൊരുദാഹരണമാണ്. ഇതുപോലുള്ള വൃദ്ധസദനങ്ങൾ സന്ദർശിച്ച് വാർധക്യകാല പ്രശ്നങ്ങളുടെ വ്യാപ്തി നിങ്ങളുടെ ക്ലാസിൽ ചർച്ചചെയ്യൂ.

സി. കുടിയേറ്റം (Migration)

വാസസ്ഥലമാറ്റത്തിന്റെ ഭാഗമായി ഒരു പ്രദേശത്തുനിന്നു മറ്റൊരു പ്രദേശത്തേക്ക് ജനങ്ങളുടെ ഏറെക്കുറേ സ്ഥിരമായ ചലനമാണ് കുടിയേറ്റം എന്ന പദം കൊണ്ടർഥമാക്കുന്നത്. അന്തർദേശീയമായി ജനങ്ങൾ അവരുടെ യഥാർഥ രാജ്യത്തിൽനിന്നു പുറത്തേക്ക് പോകുന്നവരെ അന്യദേശവാസി (Emigrants)എന്നും അവരുടെ ലക്ഷ്യസ്ഥാനമായ രാജ്യങ്ങളിൽ എത്തിച്ചേരുന്നവരെ കുടിയേറ്റക്കാർ (Immigrants) എന്നും വിളിക്കുന്നു. ആഭ്യന്തരമായി ജനങ്ങൾ ഒരു സ്ഥലം വിട്ടുപോകുന്നെങ്കിൽ അവരെ പുറം കുടിയേറ്റക്കാർ (Out migrants) എന്നും വിളിക്കുന്നു.

താഴ്ന്ന ജനനനിരക്കുള്ള രാജ്യങ്ങളിൽ ജനസംഖ്യാവർധനവിന്റെ ഒരു പ്രധാനകാരണമാണ് കുടിയേറ്റം. കുടിയേറ്റ പ്രക്രിയയിലൂടെയാണ് നഗരങ്ങളിൽ ജനസംഖ്യ കൂടുന്നത്. കുടിയേറ്റത്തിന്റെ സ്വാധീനം അയക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതുമായ പ്രദേശങ്ങളിലെ ജനസംഖ്യാഘടനയുടെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ഘടകങ്ങളിൽ മാറ്റമുണ്ടാകുന്നു. നമ്മുടെ സമൂഹങ്ങളിൽ സാധാരണയായി കണ്ടുവരുന്ന വിവിധതരം കുടിയേറ്റങ്ങളിൽ ഗ്രാമ-ഗ്രാമ, ഗ്രാമ-നഗര, നഗര-ഗ്രാമ, നഗര-നഗര കൂടിയേറ്റങ്ങൾ ഉൾപ്പെടുന്നു. യൂണൈറ്റഡ് സ്റ്റേറ്റ്സ്, സിംഗപ്പൂർ, ഹോംകോങ്, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ ജനസംഖ്യാവളർച്ചയ്ക്കുള്ള പ്രധാന കാരണം അന്തർദേശീയ കുടിയേറ്റങ്ങളാണ്.

അന്തർദേശീയകുടിയേറ്റം



അന്തർദേശീയകുടിയേറ്റത്തിന് മനുഷ്യചരിത്രത്തിന്റെ അത്രതന്നെ പഴക്കമുണ്ട്. ഇത് സ്വയമേവയും ഭക്ഷ്യക്ഷാമം, കീഴടങ്ങൽ, വിവിധതരം പീഡനങ്ങൾ എന്നിവകൊണ്ട് നിർബന്ധിതവുമാവാം. 1947 ൽ ഇന്ത്യക്കും പാക്കിസ്ഥാനുമിടയ്ക്ക് സംഭവിച്ച് സാധാരണ പൗരരുടെ പരസ്പരമാറ്റങ്ങളാണ് പ്രാധാന്യമേറിയ വലിയ കുടിയേറ്റം. ഇതിലൂടെ പാക്കിസ്ഥാനിൽനിന്ന് 7.2 ദശലക്ഷം പേർ ഇന്ത്യയിലേക്കും ഏകദേശം അത്രതന്നെ ആൾക്കാർ ഇന്ത്യയിൽനിന്നു പാക്കിസ്ഥാനിലേക്കും കുടിയേറിയതായി കണക്കാക്കുന്നു.

കുടിയേറ്റത്തെ സ്വാധീനിക്കുന്ന വ്യത്യസ്ത ഘടകങ്ങൾ താഴെ കൊടുക്കുന്നു. കുടിയേറ്റത്തിനു കാരണമായ ഘടകങ്ങളെ സമ്മർദ്ദഘടകങ്ങളെന്നും ആകർഷകഘടകങ്ങളെന്നും തരംതിരിക്കാം. ഒരു പ്രത്യേക പ്രദേശത്തേക്ക് കുടിയേറാൻ ജനങ്ങളെ ആകർഷിക്കുന്ന ഘടകങ്ങളാണ് ആകർഷകഘടകങ്ങൾ. എന്നാൽ സമ്മർദ്ദഘടകങ്ങൾ ജനങ്ങളെ ഒരു പ്രദേശത്തുനിന്ന് വിട്ടുപോകാൻ നിർബന്ധിക്കുന്ന ഘടകങ്ങളാണ്. കേരളത്തിൽനിന്നു ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ജനങ്ങളുടെ കൂടിയേറ്റവും നിങ്ങൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്തും? ഇവ ക്ലാസിൽ ചർച്ചചെയ്യൂ.

ആകർഷക ഘടകങ്ങൾ	സമ്മർദ്ദ ഘടകങ്ങൾ
• തൊഴിലവസരങ്ങൾ • മെച്ചപ്പെട്ട വിദ്യാഭ്യാസം • മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ • ഉയർന്ന ജീവിതനിലവാരം	• വരൾച്ച, വെള്ളപ്പൊക്കം മറ്റു പ്രകൃതിദുരന്തങ്ങൾ • ക്ഷാമം, ഭക്ഷ്യദൗർലഭ്യം • യുദ്ധം • ജനസംഖ്യാസമ്മർദ്ദം • മതപരവും രാഷ്ട്രീയവുമായ കലഹം

ചിത്രം 7.2 ആകർഷകഘടകങ്ങളും സമ്മർദ്ദഘടകങ്ങളും

വിവിധ ആകർഷകഘടകങ്ങളെയും സമ്മർദ്ദഘടകങ്ങളെയും കുറിച്ച് സമാന്തര വായനയിലൂടെ അധികവിവരങ്ങൾ ശേഖരിക്കൂ. നിങ്ങളുടെ പ്രാദേശികജനസംഖ്യയിൽ ഇത്തരം ഘടകങ്ങൾ എങ്ങനെ ബാധിക്കുന്നുവെന്ന് കണ്ടെത്താൻ ശ്രമിക്കുക.

നിങ്ങളുടെ പ്രദേശത്തു താമസിക്കുന്ന കുടിയേറ്റക്കാരെ കണ്ടെത്താനും മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറ്റം നടത്തിയവരുടെ എണ്ണം കണ്ടെത്തുന്നതിനും ഒരു സർവേ നടത്തുക.

ഇത്തരം പ്രദേശികകുടിയേറ്റത്തിന്റെ കാരണങ്ങൾ പരിശോധിക്കുക.

2. സാങ്കേതിക ഘടകങ്ങൾ (Technological Factors)

ലോകമാകെ പ്രാധാന്യമുള്ള മാറ്റങ്ങൾ കൊണ്ടുവന്നിട്ടുള്ള ഘടകമാണ് സാങ്കേതികത. വ്യവസായികമേഖലയിലും കാർഷികമേഖലയിലും മാറ്റങ്ങൾ കൊണ്ടുവന്നിട്ടുള്ള രണ്ട് പ്രക്രിയകളാണ് വ്യാവസായികവിപ്ലവവും കാർഷികവിപ്ലവവും. ചക്രങ്ങളുടെ കണ്ടുപിടിത്തം, വടക്കുനോക്കിയന്ത്രം, അച്ചടിയന്ത്രം, റേഡിയോ, ആവി എൻജിൻ, ടെലിഫോൺ, വിമാനം തുടങ്ങിയവ ആ കാലഘട്ടത്തിൽ സമൂഹത്തെയും സംസ്കാരത്തെയും വലുതായി സ്വാധീനിച്ചവയാണ്. സാങ്കേതിക മാറ്റങ്ങൾകൊണ്ടും ഗതാഗതം, വാർത്താവിനിമയം, വിദ്യുച്ഛക്തി, ജലസേചനം എന്നിവയിലുണ്ടായ മാറ്റങ്ങൾ എന്നിവകൊണ്ട് കേരളത്തിലെ നഗരപ്രദേശങ്ങളെയും ഗ്രാമപ്രദേശങ്ങളെയും വേർതിരിച്ചറിയാൻ പ്രയാസമാണ്. ഇത് കൂടാതെ രാസവളങ്ങളുടെ ഉപയോഗവും അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും കാർഷിക ഉൽപ്പാദനം വർധിക്കാനിടയാക്കി. പുതിയ വ്യാവസായികപട്ടണങ്ങൾ പുതിയ വർഗബന്ധങ്ങളും കൊണ്ടുവന്നു.



ചിത്രം 7.3
സാങ്കേതികതയിൽ വന്ന മാറ്റങ്ങൾ

സാങ്കേതികമായ പുരോഗതി മനോഭാവങ്ങളിലും വിശ്വാസങ്ങളിലും പാരമ്പര്യങ്ങളിലും പല മാറ്റങ്ങളും ഉണ്ടാക്കി. സാങ്കേതികമാറ്റത്തിന്റെ തുടക്കത്തിൽ വിവിധ ജാതികളിലെ ജനങ്ങൾ അവരുടെ പാരമ്പര്യതൊഴിൽ ഉപേക്ഷിച്ച് ആധുനിക ഫാക്ടറികളിലും സർക്കാർ സ്ഥാപനങ്ങളിലും ധനകാര്യസംരംഭങ്ങളിലും തൊഴിൽ ചെയ്യാൻ തുടങ്ങി. സാങ്കേതികതയുടെ മറ്റൊരു പ്രധാന ഫലം ജനസമൂഹങ്ങളിൽ ചലനാത്മകത വർധിച്ചു എന്നതാണ്. നല്ല ജീവിതസൗകര്യങ്ങൾ തേടി ഗ്രാമീണർ നഗരത്തിലേക്ക് കുടിയേറിയപ്പോൾ അവർക്ക് ഗ്രാമങ്ങളുമായുള്ള അടുപ്പം നഷ്ടപ്പെട്ടു. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഓൺലൈൻ ബാങ്കിങ് എന്നിവ ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇതിന്റെ പരിണതഫലങ്ങൾ ജനങ്ങളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തിൽ പ്രതിഫലിച്ചു.

3. സാംസ്കാരികഘടകങ്ങൾ (Cultural Factors)

കണ്ടുപിടിത്തങ്ങൾ, സാംസ്കാരികവ്യാപനം, പ്രത്യയശാസ്ത്രം, അറിവ്, മൂല്യങ്ങൾ എന്നിവയുമായി സാംസ്കാരികഘടകങ്ങൾ ബന്ധപ്പെട്ടുനിൽക്കുന്നു. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിൽനിന്ന് അപരസംസ്കാര സ്വാംശീകരണത്തിലൂടെയാണ് (Acculturation) സംസ്കാരികഘടകങ്ങൾ സ്വീകരിക്കുന്നത്. കടന്നുകയറ്റം, വ്യാപാരം, കുടിയേറ്റം എന്നിവ വഴിയാണ് ഇത് സംഭവിക്കുന്നത്. പരിഷ്കരിപ്പെട്ടതും പ്രാദേശികവുമായതുമായ പാരമ്പര്യവുമാണ് ഇന്ത്യയുടെ സാംസ്കാരികഘടന. ഇന്ത്യൻ സാമൂഹികമാറ്റത്തിൽ ജാതിചലനാത്മകതയ്ക്കുള്ള പ്രാധാന്യം എം.എൻ. ശ്രീനിവാസ് പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ താഴ്ന്ന ജാതികൾ എന്ന് വിളിക്കപ്പെടുന്നവർ സമൂഹത്തിൽ പദവി മെച്ചപ്പെടുന്നതിനുവേണ്ടി ഉയർന്നവരെന്നു കരുതപ്പെടുന്ന ജാതിക്കാരുടെ ആചാരങ്ങൾ, വിശ്വാസങ്ങൾ, സമ്പ്രദായങ്ങൾ, ജീവിതരീതികൾ എന്നിവ സ്വീകരിക്കുന്നു. ഈ പ്രക്രിയയെ അദ്ദേഹം *സംസ്കൃതവൽക്കരണം* (Sanskritation) എന്നു വിളിച്ചു. മെച്ചപ്പെട്ട വിദ്യാഭ്യാസം, നഗരത്തിലേക്കുള്ള കുടിയേറ്റം, തൊഴിൽ ചലനാത്മകത തുടങ്ങിയവ താഴ്ത്തപ്പെട്ടവരുടെ സാമൂഹിക പദവി ഉയർത്തുന്നതിന് സഹായിച്ചു. ജാതിശ്രേണിയിലെ ഉയർന്ന വിഭാഗങ്ങൾ പാശ്ചാത്യവിദ്യാഭ്യാസം, വസ്ത്രധാരണരീതി, ജീവിതരീതി എന്നിവയിൽ മാറ്റം വരുത്തി *പാശ്ചാത്യവൽക്കരണ*ത്തിലൂടെ ഉയർന്ന പദവി നേടി.

സാംസ്കാരികമാറ്റത്തിൽ സംസ്കാരത്തിന്റെ ഭൗതികഘടകങ്ങൾ ഭൗതികേതര ഘടകങ്ങളെക്കാൾ വേഗത്തിൽ മാറുന്നു. ഇത് ഇവ തമ്മിലുള്ള സംതുലനാവസ്ഥയിൽ മാറ്റം വരുത്തുന്നു. ഇതിനെ സൂചിപ്പിക്കാൻ സാംസ്കാരിക മാന്ദ്യം(Cultural lag)എന്ന പദമാണ് ഓഗ്ബേൺ ഉപയോഗിച്ചത്. സംതുലനാവസ്ഥയിലുള്ള ഈ മാറ്റവും വ്യത്യാസങ്ങളും വേഗവും ഭൗതിക-ഭൗതികേതര മാറ്റങ്ങളുടെ തോതും സമൂഹത്തെ അസ്വസ്ഥമാക്കുന്നു. ഇത് സ്ഥാപിത ആചാരങ്ങളെയും മൂല്യങ്ങളെയും മാറ്റാൻ കാരണമാകുന്നു. ഒരു സംസ്കാരഘടകമെന്ന നിലയിൽ സാങ്കേതികതയുടെ വരവ് സാമൂഹികബന്ധങ്ങളിലും മാറ്റങ്ങൾ സൃഷ്ടിച്ചു. ആശയങ്ങൾ, മൂല്യങ്ങൾ, അനുഷ്ഠാനങ്ങൾ, പ്രമാണങ്ങൾ, മതപരമായ സമ്പ്രദായങ്ങൾ എന്നിവയിലെ മാറ്റങ്ങൾ സാമൂഹികസാംസ്കാരിക ബന്ധങ്ങളിലും അടിസ്ഥാനമാറ്റങ്ങളുണ്ടാക്കി.

സാംസ്കാരികമാറ്റത്തിന്റെ പരിണതഫലം അനുഗുണമാണെങ്കിലും ചില സംസ്കാരങ്ങളുടെ ആധിപത്യത്തിന് കാരണമാകുന്നു. സാംസ്കാരിക ഏകതാവൽക്കരണത്തിലേക്ക് നമ്മൾ മെല്ലെ അടുക്കുകയാണോ? എന്തൊക്കെയാണ് ഇതിന്റെ മാറ്റങ്ങൾ? ഈ വിഷയം ചർച്ചചെയ്യൂ.

4. സാമ്പത്തികഘടകങ്ങൾ (Economic Factors)

സാമൂഹികമാറ്റം സംബന്ധിച്ച സാമ്പത്തികസിദ്ധാന്തത്തിന്റെ മുഖ്യശില്പിയാണ് കാൾ മാർക്സ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഉൽപ്പാദനരീതികൾ സാമൂഹികജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായ ഘടകങ്ങൾ

നിർണയിക്കുന്നു. നിലവിലുള്ള ഉൽപ്പാദനബന്ധവും പുതിയ ഉൽപ്പാദനശക്തികളും തമ്മിൽ വൈരുധ്യമുണ്ടാകുമ്പോഴാണ് സാമൂഹികവിപ്ലവം നടക്കുന്നത്. ഒന്നും ആർക്കും സ്വന്തമല്ലാത്തതും എല്ലാം എല്ലാവരുടെയും ഉടമസ്ഥതയിലുള്ളതുമായ വർഗരഹിത സമൂഹത്തിന്റെ ഉദയമാണ് മാർക്സ് വിഭാവനം ചെയ്യുന്നത്. വേട്ടയാടലും മൃഗപരിപാലനവും, കാർഷികവൃത്തിയും വാണിജ്യവുമാണ് സമൂഹവികാസത്തിന്റെ ഘട്ടങ്ങൾ എന്ന് ആഡം സ്മിത്ത് പരാമർശിക്കുന്നു. കൈത്തൊഴിലുകൾ ചെയ്യുന്ന സേവനജാതികൾ വിദ്യാഭ്യാസം നേടിയെടുക്കുകയും അയൽനഗരങ്ങളിൽ ജോലിചെയ്യുകയും സ്വന്തമായി സംരംഭങ്ങൾ തുടങ്ങുകയും അവരുടെ പരമ്പരാഗത നിർബന്ധിതസേവനങ്ങൾ നിരസിക്കുകയും ചെയ്തു. ഭൂവിനിയോഗവ്യവസ്ഥ നിർത്തലാക്കിയപ്പോൾ ജന്മിമാർക്ക് സ്ഥലം നഷ്ടപ്പെടുകയും വ്യവസായിക വിപ്ലവത്തിന്റെ ഉദയത്തോടുകൂടി മൃഗേതര ശക്തിയും യന്ത്രങ്ങളും ഉപയോഗിക്കുക വഴി ഉൽപ്പാദനം കൂടി. ഒരു കേന്ദ്രത്തിൽ വച്ച് ധാരാളം ആളുകൾ ചേർന്ന് യന്ത്രങ്ങൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമിക്കാൻ തുടങ്ങി.

സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക മാറ്റത്തിലേക്ക് നയിച്ച രണ്ട് പ്രധാന സാമ്പത്തികഘടകങ്ങളാണ് കൂട്ടുകുടുംബവ്യവസ്ഥയുടെ ശിഥിലീകരണവും ജന്മിസമ്പ്രദായം നിർത്തലാക്കിയതും. അക്കൗണ്ടിങ് ഓഡിറ്റിങ് തുടങ്ങിയ സങ്കീർണ സംവിധാനങ്ങൾ സാമ്പത്തികഘടനയെ യുക്തിസഹമാക്കി. സാർവത്രിക മാനദണ്ഡങ്ങൾ അനുസരിച്ച് റിക്രൂട്ട് ചെയ്യുന്ന തൊഴിലാളികളും തൊഴിൽ വിഭജനവും ഉൽപ്പാദനരീതി സങ്കീർണവുമാക്കി.

5. രാഷ്ട്രീയഘടകങ്ങൾ (Political Factors)

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഉണ്ടായ സാർവത്രിക പ്രായപൂർത്തിവോട്ടവകാശവും ഗ്രാമപ്പഞ്ചായത്തു മുതൽ ലോക്സഭ വരെ എല്ലാ വിഭാഗം ജനങ്ങൾക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശവും ഇന്ത്യൻ ജനതയിൽ സാമൂഹികവും രാഷ്ട്രീയവുമായ ഉണർവുണ്ടാക്കി. രാജവാഴ്ചയിൽനിന്ന് ജനാധിപത്യത്തിലേക്കുള്ള രാഷ്ട്രീയസംവിധാനത്തിന്റെ മാറ്റം ഇന്ത്യൻ സമൂഹത്തിന്റെ സാമൂഹികഘടനയിലും സാംസ്കാരികരീതിയിലും മാറ്റമുണ്ടാക്കി. ഭരണനിർവഹണത്തിനായി സാധാരണ പൗരർ പരിഗണിക്കപ്പെടാൻ തുടങ്ങി. രാഷ്ട്രീയനേതാക്കളുടെ ആകർഷണീയമായ വ്യക്തിത്വവും വികേന്ദ്രീകൃതസംവിധാനവും ഇന്ത്യൻ ജനതയുടെ കാഴ്ചപ്പാടിലും സമീപനത്തിലും വലിയ സ്വാധീനം ചെലുത്തി.

6. നിയമപരമായ ഘടകങ്ങൾ (Legal Factors)

ഗ്രൂപ്പിന്റെ പ്രതീക്ഷയ്ക്ക് അനുസൃതമായി സമൂഹത്തിലെ വ്യക്തികളെ സ്വാധീനിക്കലാണ് നിയമത്തിന്റെ പൊതുവായ പ്രവർത്തനം. അതിനാൽ നിയമമാണ് സാമൂഹിക നിയന്ത്രണത്തിനുള്ള മാർഗം. ഇന്ത്യയിൽ ജനങ്ങളുടെ ആചാരങ്ങൾ അല്ലെങ്കിൽ ജീവിതരീതി വളരെ പ്രധാനപ്പെട്ട നിർബന്ധിതശക്തിയാണ്. ഇതിൽനിന്നുള്ള വ്യതിചലനം ആ സംഘത്തിന്റെ രോഷം പ്രകടമാക്കുന്നു.

ഇന്ത്യയുടെ ഭരണഘടന ജാതിയോ ലിംഗമോ വർഗമോ പരിഗണിക്കാതെ എല്ലാ

പൗരർക്കും സാമൂഹിക്കമായും സാമ്പത്തിക്കമായും തുല്യനീതി നൽകുന്നു. ഇന്ത്യൻ സമൂഹത്തിൽ സാമൂഹികമാറ്റത്തിൽ നിയമം പ്രധാന പങ്കുവഹിക്കുന്നു. ഇന്ത്യൻ സമൂഹം സങ്കീർണവും വൈവിധ്യമുള്ളതുമാണ്. ഈ വിവിധ വിഭാഗങ്ങൾക്ക് ഐകരൂപ്യം നൽകാൻ നിയമത്തിന് കഴിയും. പ്രത്യേകിച്ചും ദുർബലവിഭാഗങ്ങൾക്ക് അനുകൂലമായി നിയമം പരിഷ്കരണമാറ്റങ്ങൾ കൊണ്ടുവന്നു. രാഷ്ട്രീയ-സാമ്പത്തിക സ്ഥാപനങ്ങളിലുള്ള മാറ്റത്തിന് ഇത് ഒരു കാരണമാകാം.

കേരളത്തിന്റെ മുൻകാല സാമൂഹികഘടന ഫ്യൂഡൽ സംവിധാനവും തൊട്ടുകൂടായ്മയും ജാതീയതയുമായിരുന്നു. ഈ ശോചീയമായ ജാതീയ അവസ്ഥ, കേരളത്തെ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിളിക്കാൻ കാരണമാക്കി. അത്തരം അവസ്ഥ ഇന്ന് നിലവിലില്ല. ഈ പരിഷ്കരണത്തിലേക്ക് നമ്മെ നയിച്ചത് എന്താണ്? സാമൂഹികപരിഷ്കരണപ്രസ്ഥാനത്തോടൊപ്പം പുരോഗമനനിയമങ്ങളും മെച്ചപ്പെട്ട അവസ്ഥയിലേക്കെത്താൻ സഹായിച്ചു.

7. പാരിസ്ഥിതിക ഘടകങ്ങൾ (Ecological factors)

ഭൂമി, വെള്ളം, വായു, വനങ്ങൾ, പുഴ, കടൽ തുടങ്ങിയ പ്രകൃതിവിഭവങ്ങൾ, വാസസ്ഥലം എന്നിവ മനുഷ്യസമൂഹത്തെ ആഴത്തിൽ സ്വാധീനം ചെലുത്തുന്നു. ചില പ്രത്യേക സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾ ആ പ്രദേശത്തെ പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നു. ഭക്ഷണശീലങ്ങൾ, പാർപ്പിടം, വസ്ത്രങ്ങൾ, സംസ്കാരം എന്നിവയിൽ തീരപ്രദേശത്തെ ജനങ്ങൾ മരുഭൂമിയിലെ ജനങ്ങളിൽനിന്ന് വ്യത്യസ്തരാണ്. മനുഷ്യനും പരിസ്ഥിതിയും തമ്മിൽ സംഘർഷം, നിയന്ത്രണം, അനുകൂലനം എന്നിവ നിലനിൽക്കുന്നു. മനുഷ്യൻ അവരുടെ ബുദ്ധിശക്തിയുടെയും വൈദഗ്ധ്യത്തിന്റെയും സഹായത്തോടെ പരിസ്ഥിതിയെ നിയന്ത്രിക്കുകയും പുതിയ കണ്ടെത്തലുകളും നൂതന ജീവിതരീതികളും ആവിഷ്കരിക്കുകയും ചെയ്തു. പരിസ്ഥിതിയും സംസ്കാരവും തമ്മിലുള്ള ബന്ധം പ്രശസ്ത അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ജൂലിയൻ സ്റ്റിവാർഡ് വിവരിക്കുന്നു. അദ്ദേഹം നിർദേശിച്ച ആശയമായ സാംസ്കാരിക പരിസ്ഥിതിയിൽ(Cultural Eccology) പരിസ്ഥിതിയുടെയും സംസ്കാരത്തിന്റെയും പരസ്പരബന്ധം എങ്ങനെയാണെന്ന് പരിശോധിക്കുന്നു.

സാമൂഹികമാറ്റം എങ്ങനെയാണ് സംഭവിക്കുന്നത് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? കഴിഞ്ഞ ദശാബ്ദത്തിൽ കേരളസമൂഹം വളരെയധികം മാറിയിട്ടുണ്ട് എന്ന് നമുക്കറിയാമല്ലോ. ചില പ്രക്രിയകളുടെ ഫലമായിട്ടാണ് ഇത്തരം മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് കാണാവുന്നതാണ്.

നമുക്ക് അവ പരിശോധിക്കാം.

സാമൂഹികമാറ്റത്തിന്റെ പ്രക്രിയകൾ (Process of Social Change)

വിവിധ പ്രക്രിയകളായ പരിണാമം, വിപ്ലവം, വികസനം എന്നിവയിലൂടെയാണ് സാമൂഹികമാറ്റം ഉണ്ടാകുന്നത്.

1. **പരിണാമം (Evolution)**: പരിണാമം എന്ന പദം നിങ്ങൾ നേരത്തേ പരിചയപ്പെട്ടതാണല്ലോ. കഴിഞ്ഞ വർഷത്തെ ക്ലാസിൽ മനുഷ്യരുടെ ജീവപരിണാമസിദ്ധാന്തങ്ങൾ നമ്മൾ പഠിച്ചതാണല്ലോ. നമ്മൾ പഠിച്ചതുപോലെ ഇത് സാവധാനത്തിലുള്ള, ക്രമാനുഗതമായ പ്രക്രിയയാണ്. 'ഇവോൾവിയർ' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് 'ഇവല്യൂഷൻ' എന്ന പദം ഉടലെടുത്തിട്ടുള്ളത്. ക്രമാനുഗതമായുള്ള വളർച്ച എന്നാണ് ഇതിനർഥം. അനുക്രമമായ ചെറിയ മാറ്റങ്ങളിലൂടെയുണ്ടാകുന്ന ഏകീകരണവും വേർതിരിയലും അടങ്ങിയ പ്രക്രിയയാണിത്. ലളിതമായവയിൽനിന്നു സങ്കീർണതയിലേക്കും ഒരുപോലെയുള്ളതിൽ നിന്നു വ്യത്യസ്തതയിലേക്കും ചെറിയ വ്യതിയാനങ്ങളിൽനിന്ന് കൂടുതൽ വേർതിരിവിലേക്കുള്ള അവസ്ഥയും താഴ്ന്നതിൽനിന്ന് ഉയർന്ന ഘട്ടത്തിലേക്കുള്ള മാറ്റവുമാണിത്. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ എൽ.എച്ച്. മോർഗന്റെയും ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ ഇ.ബി.ടെയ്‌ലറുടെയും അഭിപ്രായത്തിൽ സാംസ്കാരികപരിണാമം സംഭവിച്ചിട്ടുള്ളത് കാട്ടാളത്തം, അപരിഷ്കൃതത്വം, നാഗരികത എന്നീ വ്യത്യസ്ത ഘട്ടങ്ങളിലൂടെയാണ്.

2. **വിപ്ലവം (Revolution):** ഫ്രഞ്ച് വിപ്ലവം, അമേരിക്കൻ വിപ്ലവം, ഹരിതവിപ്ലവം എന്നീ വിവിധ വിപ്ലവങ്ങളെക്കുറിച്ച് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ആ പ്രദേശങ്ങളിൽ സാമൂഹികസാംസ്കാരിക മാറ്റങ്ങളുണ്ടാക്കാൻ ഈ വിപ്ലവങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു. ഈ മാറ്റങ്ങളെല്ലാം വളരെ പെട്ടെന്നായിരുന്നു. പരിണാമത്തിന് വിപരീതമായി വിപ്ലവത്തിന്റെ ഫലം ചെറിയ കാലഘട്ടംകൊണ്ട് സംഭവിച്ചതാണ്. ഒരു വ്യവസ്ഥിതിയിൽ അടിസ്ഥാനപരമോ നേർവിപരീതമോ ആയ ഏതൊരു മാറ്റത്തെയും വിപ്ലവം എന്നു പറയാം. ഗവൺമെന്റിനെ നിർബന്ധപൂർവം പിഴുതെറിഞ്ഞ് പുതിയതിന് അനുകൂലമായി സാഹചര്യമുണ്ടാക്കുക എന്നും ഇത് അർഥമാക്കുന്നു. മാർക്സ് സാമൂഹികമാറ്റത്തെ വിപ്ലവമായി പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ഭരണവർഗത്തിനു പകരം മറ്റൊന്നു വരുന്നതാണ് വിപ്ലവം. ഇത് പെട്ടെന്നുള്ളതും എല്ലാ മേഖലകളെയും ബാധിക്കുന്നതുമായ മാറ്റമാണ്.

3. **വികസനം (Development)** : സമൂഹത്തിൽ അനുകൂലമായ മാറ്റം വരുത്തുന്ന പ്രക്രിയയാണ് വികസനം. ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ചുള്ള ദിശയിലേക്കുള്ള പുരോഗതിയാണ് ഇത്. എല്ലാ മേഖലയിലുമുള്ള സാമൂഹികപുരോഗതി വികസനത്തിൽ

ഉൾപ്പെടുന്നു. ഇതിൽ ആസൂത്രിതമായതും ആസൂത്രണമില്ലാത്തതും പ്രതീക്ഷിക്കപ്പെടുന്നതും അപ്രതീക്ഷിതവുമായ പരിവർത്തനങ്ങൾ ഉൾപ്പെടുന്നു.

നമ്മൾ മുമ്പ് കണ്ടതുപോലെ സമൂഹത്തെ പരിഷ്കരിക്കാൻ ബോധപൂർവശ്രമങ്ങൾ നടന്നിരുന്നു. ഇത്തരം പ്രസ്ഥാനങ്ങൾ സാമൂഹികമാറ്റത്തിന് ഇടയാക്കിയിരുന്നു. മാറ്റത്തിലേക്കു നയിച്ച വിവിധ സാമൂഹികപ്രസ്ഥാനങ്ങളെക്കുറിച്ചു ചർച്ചചെയ്യാം.

സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ (Social Reform Movements)

മുകളിൽ വിവരിച്ച ഘടകങ്ങൾക്കു പുറമെ ഇന്ത്യയിൽ സാമൂഹികമാറ്റത്തിനു സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ ജനങ്ങളുടെ ഉയർച്ചയ്ക്കും ആഗ്രഹങ്ങൾക്കുമെതിരെ നിലനിന്നിരുന്ന സാംസ്കാരികതടസ്സങ്ങൾക്കെതിരെ പ്രവർത്തിച്ച നിരവധി സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ജാതി, വർഗം, വംശം, മതം, പ്രദേശം, ഭാഷ എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യയിലെ ജനങ്ങളെ പല തട്ടുകളാക്കി വിഭജിച്ചിരുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിൽ വിവാഹം, മതം, അനുഷ്ഠാനം എന്നിവയിലെ കാർക്കശ്യം ഇന്നും നിലിൽക്കുന്നു. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ പൊതുവെ സമത്വാധിഷ്ഠിത സാമൂഹികഘടനയായാണ് പ്രവർത്തിച്ചത്.

സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ തൊട്ടുകൂടായ്മ, സതി, ശൈശവവിവാഹം, വിധവാ പുനർവിവാഹം തടയൽ എന്നീ സാമൂഹികതിന്മകൾക്കെതിരെ പോരാടിയാണ് സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെയും സ്ത്രീകളുടെയും ക്ഷേമത്തിന് പ്രവർത്തിച്ചിരുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം സ്ത്രീകൾ, വിദ്യാർഥികൾ, ദലിതർ, ഗോത്രങ്ങൾ, കർഷകർ എന്നിവരുടെ മുന്നേറ്റങ്ങൾ പ്രത്യേക പ്രാധാന്യം നേടി. ആര്യസമാജം, ബ്രഹ്മസമാജം, പ്രാർഥനസമാജം എന്നിവ ഇതിലുൾപ്പെടുന്നു. ഗോത്രമുന്നേറ്റങ്ങളും ഇന്ത്യൻ സമൂഹത്തിന്റെ മാറ്റങ്ങൾക്ക് സഹായിച്ചു. ഗോത്രമുന്നേറ്റങ്ങളെ കുറിച്ച് ഈ പുസ്തകത്തിലെ എട്ടാമത്തെ യൂണിറ്റിൽ വിശദമായി പഠിക്കാം.

വിവിധ കാലഘട്ടങ്ങളിൽ നടന്ന ഇന്ത്യയിലെ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങൾക്ക് ശേഖരിക്കാം. സാമൂഹികപരിഷ്കർത്താക്കളുടെ ഒരു സ്ലൈഡ് അവതരണവും തയാറാക്കാം.

സമൂഹത്തിലെ ജനങ്ങൾ വ്യത്യസ്ത തലങ്ങളിലാണെന്ന് നമുക്കറിയാം. ജാതി, വർഗം അല്ലെങ്കിൽ മറ്റേതെങ്കിലും മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ഈ തരംതിരിവ്. ഒരു സാമൂഹികപദവിയിൽനിന്ന് അടുത്തതിലേക്ക് മാറുന്ന പ്രവണത മിക്കപ്പോഴുമുണ്ട്. സമൂഹത്തിന്റെ ഈ ഘടകം നമുക്ക് പരിശോധിക്കാം.

സാമൂഹികചലനാത്മകത (Social Mobility)

ഇന്ത്യൻ സമൂഹത്തിന്റെ സവിശേഷതയാണ് സാമൂഹികമായ തരംതിരിവ്. സാമൂഹിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വർഗങ്ങളെയും വ്യക്തികളെയും സവിശേഷതകൾക്കനുസരിച്ച് ഉയർന്നതോ താഴ്ന്നതോ ആയി തരംതിരിക്കുന്നു. സാമൂഹികമൂല്യനിരക്കിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിക്കുമ്പോൾ വിവിധ വർഗങ്ങ

ളുടെ പദവികളിലും മാറ്റം വരുന്നു. ഇന്ത്യയിലെ പുരോഹിതവർഗങ്ങൾ ഒരുകാലത്ത് മറ്റുള്ള വർഗത്തേക്കാൾ ഉയർന്ന നിലയിലായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല. ഒരു ഡോക്ടർ, എൻജിനിയർ അല്ലെങ്കിൽ പ്രൊഫഷണൽ ചിലപ്പോൾ ഉയർന്ന പദവി അനുഭവിക്കാം. അതുപോലെ ഒരു സാധാരണ മനുഷ്യന് മന്ത്രിയാകാം. അത് അയാളുടെ പദവി മെച്ചപ്പെടുത്തും. എങ്കിലും അയാൾക്ക് മന്ത്രിപദവി നഷ്ടപ്പെടുമ്പോൾ പഴയപദവിയിൽ തിരികെയെത്തുന്നു. അങ്ങനെ ജനങ്ങൾ ഒരു സമൂഹത്തിൽ പദവിയിൽനിന്ന് മുകളിലേക്കും താഴേക്കും ചലിക്കുന്നു. ഇത്തരം ചലനത്തെ വ്യക്തിഗത സാമൂഹികചലനാത്മകത എന്നു വിളിക്കാം. എന്നിരുന്നാലും സാമൂഹികചലനാത്മകത എന്ന വാക്ക് അർഥമാക്കുന്നത് ഒരു സാമൂഹികപദവിയിൽനിന്ന് മറ്റൊരു സാമൂഹികപദവിയിലേക്കോ ഒരു സ്ഥാനത്തുനിന്ന് മറ്റൊരു സ്ഥാനത്തേക്കോ കൂട്ടമായി മാറുന്നതിനെ ആണ്. തൊഴിലിന്റെ സ്ഥാനം, സംഘടിത അംഗത്വം, ബന്ധുത്വബന്ധങ്ങൾ, സ്വത്തുടമസ്ഥത, വിദ്യാഭ്യാസം, വരുമാനം എന്നിവ ആശ്രയിച്ച് സാമൂഹികപദവിയിൽ മാറ്റം വരുന്നതിനെ ഇത് സൂചിപ്പിക്കുന്നു. പദവി, തൊഴിൽ, വരുമാനം തുടങ്ങിയവ പരിഗണിച്ച് വ്യക്തികൾ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ എന്നിവയിലുണ്ടാകുന്ന മാറ്റങ്ങളാണിത്.

> കട്ടക്കലിലും ബലാസുരിലും ഗൗരവിഭാഗത്തിൽപ്പെട്ടവർ മുഴുവൻ ക്ഷത്രിയരായി അംഗീകരിക്കപ്പെടാൻ പരിശ്രമിച്ചിരുന്നു. പുണുൽ ധരിക്കുക മാത്രമല്ല അവർ (കുലത്തൊഴിലായ) പല്ലക്കുചുമക്കുന്നത് ബഹിഷ്കരിക്കുകയും ചെയ്തിരുന്നു. കുലത്തൊഴിൽ ചെയ്യുന്നത് ഒഴിവാക്കാനുള്ള അവരുടെ പരിശ്രമം മറ്റുസമുദായക്കാർ എതിർത്തു. പ്രദേശത്തെ പ്രധാന വിഭാഗങ്ങളായ ഖണ്ഡെയും കാരൻസും പ്രതിഷേധത്തിന് നേതൃത്വം നൽകിയപ്പോൾ പല പ്രദേശങ്ങളിലും അത് ഒരു കലാപമായി മാറി.

1. **തിരശ്ചീനവും ലംബവുമായ ചലനാത്മകത (Horizontal and Vertical Mobility) :** ചലനദിശയുടെ കാഴ്ചപ്പാടിന് അനുസരിച്ച് രണ്ട് പ്രധാന തരത്തിലുള്ള സാമൂഹിക ചലനാത്മകതയാണുള്ളത്. പദവിയിൽ മാറ്റം വരാതെ സ്ഥാനത്തിൽ മാറ്റം വരുന്നതിനെയാണ് തിരശ്ചീനചലനാത്മകത എന്നു പറയുന്നത്. ഒരു വകുപ്പിൽനിന്ന് മറ്റൊരു വകുപ്പിലേക്ക് അന്യത്ര സേവനം നേടുന്ന ഒരു ജോലിക്കാരന്റെ സ്ഥാനചലനം തിരശ്ചീന ചലനാത്മകതയ്ക്ക് ഉദാഹരണമാണ്. ഇവിടെ പദവിയിൽ മാറ്റമില്ലാതെ സ്ഥാനത്തിൽ മാത്രമാണ് മാറ്റം. നേരെമറിച്ച് ലംബമായ ചലനത്തിൽ ഒരു പദവിയിൽനിന്ന് മറ്റൊരു പദവിയിലേക്കുള്ള മാറ്റമാണ്. താഴ്ന്നതിൽനിന്ന്, മധ്യമത്തിലേക്കും മധ്യമത്തിൽനിന്ന് ഉയർന്ന തലത്തിലേക്കുമുള്ള സാമ്പത്തിക മാറ്റം ലംബചലനാത്മകതയ്ക്ക് ഉദാഹരണമാണ്.
2. **ജാതീയചലനാത്മകത (Caste Mobility):** കർക്കശമായതും അടഞ്ഞതുമായ സംവിധാനമായാണ് ജാതിയെ കാണുന്നത്. ആയതിനാൽ ഫലത്തിൽ ഒരു വ്യക്തിയുടെ സാമൂഹികപദവിയിലെ മാറ്റം അസാധ്യമായിത്തീരുന്നു. എന്നാൽ ഇന്ന് ഈ വ്യവസ്ഥയുടെ ശക്തി നഷ്ടപ്പെട്ടു. ചില പഴയ ജാതികീഴ്വഴക്കങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സാമൂഹികചലനാത്മകത ജാതിഘടനയിൽ രണ്ട് തലങ്ങളായി നടക്കുന്നു. അതായത് ജാതികളിലെ ഒരു കുടുംബത്തിന്റെയോ കുറച്ചു കുടുംബങ്ങളുടെയോ ചലനാത്മകതയും ഒരു ജാതിയിലെ ഭൂരിഭാഗവും കുടുംബങ്ങളും മുഴുവൻ ജാതിയും

ചലനാത്മകതമൂലം താഴ്ന്നതിൽ നിന്നും ഉയർന്നതിലേക്ക് മാറുന്നു. ജാതിയിൽ ഉള്ള എല്ലാ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ചലനാത്മകത സാധിച്ചാൽ മാത്രമേ ഒരു ജാതിയുടെ നിലവാരം ഉയരുകയുള്ളൂ.

3. **തൊഴിൽപരമായ ചലനാത്മകത (Occupational Mobility):** ജാതിയതിർത്തികൾ പരിഗണിക്കാതെ പാരമ്പര്യതൊഴിലിൽ മാറ്റം വരുത്തി ആധുനിക തൊഴിൽ സ്വീകരിക്കുന്നത് തൊഴിൽപരമായ ചലനാരമ്മകതയാണ്. പാശ്ചാത്യവിദ്യാഭ്യാസം നേടിയവർ ഉന്നത പ്രൊഫഷണൽ പദവികൾ നേടിയെടുക്കുകയും ഉയർന്ന ശമ്പളം നേടുകയും ചെയ്തു. അവർ ജാതിയസ്വഭാവം കണക്കിലെടുക്കാതെ ഈ സാധാരണ ജീവിതശൈലി പങ്കിടാൻ തുടങ്ങി. ജാതി സ്വതന്ത്രതൊഴിലും, ഗതാഗതവികാസവും ആശയവിനിമയശൃംഖലയും സമത്വത്തിന്റെ പുതിയ സങ്കൽപ്പവും ശാസ്ത്രീയ കാഴ്ചപ്പാടും വിദ്യാഭ്യാസത്തിന്റെ വർധിച്ച സൗകര്യങ്ങളും മാറ്റങ്ങൾ വേഗത്തിലാക്കി. പൗരോഹിത്യ തൊഴിലുപേക്ഷിച്ച് അനേകം ബ്രാഹ്മണർ സേവനം, വ്യവസായം, കൃഷി, കച്ചവടം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കാൻ തുടങ്ങി. അതുപോലെ താഴേക്കിടയിലുള്ള ജോലികൾ ഉപേക്ഷിച്ച് ശൂദ്രവിഭാഗത്തിലെ ആളുകൾ ഉയർന്ന ജോലിയിൽ എത്തിച്ചേർന്നു. അവരിൽ ചിലർ, സ്കൂൾ അധ്യാപകരും ഗുമസ്തന്മാർ, ബാങ്ക് ജീവനക്കാർ, ടൈപ്പിസ്റ്റുകൾ, സർക്കാർ സർവീസുകൾ എന്നിവ കൈകാര്യം ചെയ്യുന്നു. അങ്ങനെ മുഴുവൻ സാമൂഹികവ്യവസ്ഥയും പരിഷ്കരിക്കപ്പെട്ടു.

ഇന്നത്തെ മാറിയ സാഹചര്യത്തിൽ ഒരേ ജാതിയിലുള്ളവർ വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും സമ്പത്തിന്റെയും വ്യത്യസ്തതകൊണ്ട് വ്യത്യസ്ത സാമൂഹിക-സാമ്പത്തിക തട്ടുകളായി കാണപ്പെടുന്നു. ജനങ്ങളുടെ പരമ്പരാഗത മൂല്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. പുതിയ വർഗവ്യവസ്ഥ ക്രമേണ നമ്മുടെ സമൂഹത്തിൽ പ്രവേശിക്കുകയും പഴയ ജാതിവ്യവസ്ഥ മാറ്റപ്പെടുകയും ചെയ്തു.

നിങ്ങളുടെ പ്രദേശങ്ങളിലെ തൊഴിൽചലനാത്മകതയ്ക്ക് ഉദാഹരണങ്ങൾ പരിശോധിക്കാം. നിങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ പരമ്പരാഗതതൊഴിലുകൾ കണ്ടെത്തി അതിന്റെ പിന്നിലുള്ള കാരണങ്ങൾ കണ്ടെത്തുക.

നമ്മുടെ സമൂഹത്തിൽ ഈ ചലനാരമ്മകത എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിയുന്നത് രസകരമായിരിക്കും സാമൂഹികചലനാരമ്മകതയുടെ വിവിധ പ്രക്രിയകൾ പരിശോധിച്ച് ഇന്ത്യൻ സമൂഹങ്ങളിൽ പദവിയിലും സ്ഥാനങ്ങളിലും വന്ന മാറ്റങ്ങൾ തിരിച്ചറിയുക.

സാമൂഹികചലനാത്മകതയുടെ പ്രക്രിയകൾ (Process of Social Mobility)

സാമൂഹികചലനത്തെ ബാധിക്കുന്ന വിവിധ പ്രക്രിയകളുണ്ട്. സാമൂഹികചലന പ്രക്രിയയുടെ ചില പ്രധാന പ്രക്രിയകളായ സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം, നഗരവൽക്കരണം, വ്യവസായവൽക്കരണം, ആഗോളവൽക്കരണം എന്നിവ ഇതിലുൾപ്പെടുന്നു.

സംസ്കൃതവൽക്കരണം (Sanskritisation): നിങ്ങൾ നേരത്തേ ചർച്ചചെയ്തതുപോലെ എം.എൻ.ശ്രീനിവാസിന്റെ അഭിപ്രായത്തിൽ, ഒരു ഗോത്രത്തിലെയോ ജാതിശ്രേണിയിൽ താഴ്ന്ന പദവിയിലെയോ ഏതെങ്കിലും വ്യക്തി ഉയർന്ന ദ്വിജജാതിയുടെ ജീവിതരീതിയോ ആചാരമോ അനുഷ്ഠാനമോ പ്രത്യയശാസ്ത്രത്തിന്റെയോ ദിശയിൽ മാറുന്നതാണ് സംസ്കൃതവൽക്കരണം എന്ന പ്രക്രിയ. പൊതുവായി ജാതിശ്രേണിയിൽ ഉയർന്ന സ്ഥാനം അവകാശപ്പെടുന്നതിന് ഈ മാറ്റം അവരെ സഹായിക്കുന്നു. ഒന്നോ രണ്ടോ തലമുറ കഴിയുമ്പോൾ അവർ ഉയർന്നസ്ഥാനം അവകാശപ്പെടുന്നു. ഇതിനുവേണ്ടി മാംസാഹാരവും അശുദ്ധമായ പാരമ്പര്യതൊഴിലും ഉപേക്ഷിക്കുന്നു. കുളിച്ചതിനുശേഷം മാത്രം ഭക്ഷണം കഴിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഘടനാപരമായ മാറ്റങ്ങളിലേക്ക് നയിക്കാതെ ഒരു ഉയർന്ന ചലനാത്മകത സൃഷ്ടിക്കാൻ സംസ്കൃതൽക്കരണത്തിന് പൊതുവെ സാധിച്ചിരുന്നു.

പാശ്ചാത്യവൽക്കരണം(Westernisation): 150 വർഷത്തിലേറെയുള്ള ബ്രിട്ടിഷ്ഭരണത്തിന്റെ ഫലമായി ഇന്ത്യൻ സാംസ്കാരത്തിനും സമൂഹത്തിനും സംഭവിച്ച മാറ്റങ്ങളാണ് പാശ്ചാത്യവൽക്കരണം എന്ന് നിങ്ങൾക്കറിയാമല്ലോ. പാശ്ചാത്യവൽക്കരണം മൂലം മിക്ക പരമ്പരാഗത സാംസ്കാരിക മൂല്യങ്ങളും ആചാരങ്ങളും പ്രത്യയശാസ്ത്രങ്ങളും മാറ്റപ്പെട്ടു. ഈ ആശയപ്രകാരം ഉയർന്നജാതികൾ എന്ന് വിളിക്കപ്പെട്ട ജനങ്ങൾ പാശ്ചാത്യ ജനങ്ങളുടെ ജീവിതരീതി അനുകരിക്കുകവഴി സാമൂഹികപദവി ഉയർത്താൻ ശ്രമിച്ചു.

നഗരവൽക്കരണം (Urbanisation): സാമൂഹികചലനത്തിനുകാരണമായ ഒരു സാർവത്രിക പ്രക്രിയയാണ് നഗരവൽക്കരണം. ഗ്രാമങ്ങളിൽനിന്നു നഗരങ്ങളിലേക്ക് കുടിയേറിയ ജനങ്ങളുടെ ജീവിതരീതിയിലും മൂല്യങ്ങളിലും മനോഭാവങ്ങളിലും മാറ്റം വരുത്തുന്ന പ്രക്രിയയാണിത്. ജനസാന്ദ്രതയും വൈവിധ്യങ്ങളും നഗരവൽക്കരണത്തിന്റെ ഘടനാപരമായ ഘടകങ്ങളാണ്. നഗരവൽക്കരണത്തിന്റെ ഫലമായി നഗരങ്ങളിൽ ജനസംഖ്യ കേന്ദ്രീകരിക്കുകയും കാർഷികപ്രവർത്തനങ്ങളിൽ വിദ്യാസമ്പന്നർക്ക് താൽപ്പര്യം കുറയുകയും ചെയ്യുന്നു. ഇത് പരമ്പരാഗത സാമൂഹിക സ്ഥാപനങ്ങളുടെയും മൂല്യങ്ങളുടെയും തകർച്ചയിലേക്ക് നയിക്കുന്നു. നഗരത്തിൽ ജീവിക്കുന്ന ആളുകൾ ജാതിക്ക് പ്രാധാന്യം നൽകുന്നില്ല. ജാതികൾ തമ്മിലുള്ള ബന്ധങ്ങളും അതനുസരിച്ചുള്ള തൊഴിലുകളും നിലനിൽക്കുന്നില്ല. നഗരജീവിതത്തിന്റെ സ്വാധീനം മൂലം പുതിയ തലമുറകൾ കുടുംബത്തെ വേണ്ടത്ര ശ്രദ്ധിക്കാത്തതുമൂലം കുടുംബവ്യവസ്ഥ ഇല്ലാതാവുകയും ചെയ്തു. പുതിയ ജോലികൾ ഗ്രാമത്തിൽ വന്നതോടെ ഗ്രാമീണർ കാർഷികേതര ജോലിക്ക് മുൻഗണന നൽകി. ഇത് തൊഴിലില്ലായ്മയിലേക്കും നയിച്ചു.

വ്യവസായവൽക്കരണം (Industrialisation): സാമ്പത്തികമേഖലയിൽ മാറ്റങ്ങളുണ്ടാക്കിയ പ്രധാന പ്രക്രിയയാണ് വ്യവസായവൽക്കരണം. ഉൽപ്പന്നരീതിയിൽ വന്ന മാറ്റവും യന്ത്രശക്തിയുടെ ഉപയോഗവും ഫാക്ടറിവ്യവസ്ഥയിലുള്ള ഉയർച്ചയും സാമ്പത്തിക സംഘടനയിൽ വന്ന മാറ്റവും വ്യവസായവൽക്കരണമായി വളർന്നിരിക്കുന്നു. കൈകൊണ്ടു നിർമ്മിച്ച ഉൽപ്പന്നരീതിക്ക് പകരം യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളും സാധനങ്ങൾക്ക് വേണ്ടിയല്ലാതെ കൂലിക്ക് വേണ്ടിമാത്രം ജോലി ചെയ്യുന്ന

വരും ഫാക്ടറിത്തൊഴിലാളി വർഗങ്ങളുടെ ഉദയവും വലിയ നഗരങ്ങളുടെ വളർച്ചയും ഇതിന്റെ പ്രത്യേകതകളാണ്. ഇത് സാമ്പത്തികവ്യവസ്ഥയെയും സാമൂഹിക ജീവിതത്തെയും ബാധിച്ചു. വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി നഗരവൽക്കരണത്തിന്റെ തോത് വർധിച്ചു. ഈ പ്രക്രിയ മൂലം വ്യാവസായിക തൊഴിലാളികൾ വിദഗ്ധതൊഴിലാളികളായി മെച്ചപ്പെട്ടു.

ആഗോളവൽക്കരണം

ഉദാരവൽക്കരണത്തിലൂടെയും സ്വകാര്യവൽക്കരണത്തിലൂടെയും നടപ്പാക്കിയ ആഗോളവൽക്കരണം, ലോകം മുഴുവൻ അനുകൂലവും പ്രതികൂലവുമായ ഫലങ്ങളുണ്ടാക്കി. ആഗോളകമ്പോളത്തിലേക്കും ഉന്നത സാങ്കേതിക വിദ്യയിലേക്കും വികസ്വരരാജ്യങ്ങളിലെ വലിയ വ്യവസായങ്ങൾക്ക് രാജ്യാന്തരതലത്തിൽ അവരുടെ പങ്ക് നിർവ്വഹിക്കാനുമൊക്കെയുള്ള ഒരു വലിയ അവസരമാണ് ആഗോളവൽക്കരണം നൽകുന്നതെന്നാണ് ചില പണ്ഡിതന്മാർ വാദിക്കുന്നത്. പരമ്പരാഗത കൈത്തൊഴിലുകാരും കലാകാരന്മാരും ഇതിനെ സൗഹാർദ്ദപരമായ ഒരു രീതിയായാണ് കാണുന്നതെന്നും അതവർക്ക് പ്രോത്സാഹനം നൽകുകയും അന്താരാഷ്ട്ര കമ്പോളവുമായി അവരെ ബന്ധപ്പെടുത്തുകയും അതുവഴി വംശീയമായ ശൈലികൾ നവീകരിക്കുന്നതിനും സഹായിക്കുമെന്നും അവർ വാദിക്കുന്നു. വികസിതരാജ്യങ്ങൾക്ക് അവരുടെ കമ്പോളം മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള വഴിയാണിതെന്നാണ് മറ്റുചിലർ വാദിക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിലെ ജനങ്ങളുടെ ക്ഷേമവും അസ്തിത്വവും വിട്ടുവീഴ്ചചെയ്തുകൊണ്ട് രാജ്യങ്ങളിലും ജനങ്ങളിലുമുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ വർധിക്കുന്നതിന് ഇത് കാരണമാകുന്നു എന്നതാണ് അവരുടെ വാദം.

ആധുനികവൽക്കരണം (Modernization): സമൂഹത്തിലെ വ്യക്തികളുടെ എണ്ണത്തിനനുസരിച്ച് ഉൽപ്പന്നം ഉണ്ടാക്കുന്നതിനും അതുവഴി ഗണ്യമായ വർധനവ് കൈവരിക്കുന്നതിനായി സാങ്കേതിക വിദ്യയിലൂടെ പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതിനെയാണ് ആധുനികവൽക്കരണം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഇത് സമ്പദ്‌വ്യവസ്ഥയുടെ മാറ്റമാണെങ്കിലും അതിന്റെ ഫല മായി സാമൂഹികമൂല്യങ്ങളും സമ്പ്രദായങ്ങളും മാറുന്നു. ഇന്ന് ആധുനികവൽക്കരണത്തിന് വിശാലമായ അർഥമാണുള്ളത്. ശാസ്ത്ര സാങ്കേതികതയിൽ വന്ന മാറ്റത്തെ വിവരിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ മെച്ചവും കൂടുതൽ തൃപ്തികരവുമായ ജീവിതം നേടുക എന്ന ആത്യന്തികലക്ഷ്യത്തിനു വേണ്ടിയുള്ള ആധുനിക ശാസ്ത്രീയ അറിവുകൾ സമൂഹത്തിൽ അവതരിപ്പിക്കുന്ന പ്രക്രിയയാണ് ആധുനികവൽക്കരണം.

യന്ത്രവൽക്കരണം, ബഹുജനമാധ്യമങ്ങൾ, ആധുനികതൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തികവളർച്ച എന്നിവയിലൂടെ ആധുനികവൽക്കരണം ജനജീവിതത്തിൽ ദൃശ്യമാകുന്നു. ഇത് നഗരകേന്ദ്രങ്ങളിൽ ജീവിക്കാൻ ജനങ്ങൾക്ക് മുൻഗണനയൊരുക്കുന്നു. അവിടെ അവർക്ക് ഗതാഗതം, ഷോപ്പിങ്, സ്കൂൾ-ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയ സാധ്യമായ വിഭവങ്ങൾ ലഭ്യമാകുന്നു. കൂടാതെ അവർക്ക് ക്ലബ്ബുകളിലും സംഘടനകളിലും ചേരാൻ സഹായിക്കുകയും ആശയപ്രകടനത്തിനുള്ള അവസരവും അംഗീകാരവും ലഭിക്കുകയും ചെയ്യുന്നു.

ആഗോളവൽക്കരണം (Globalisation): സാമൂഹികഘടനാപരമായ രീതിയിൽ കാർഷികവൃത്തിയിൽനിന്ന് വ്യവസായത്തിലേക്കോ വ്യവസായത്തിനുശേഷം ഒടുവിൽ വിവരസാങ്കേതികസമൂഹമായി മാറുന്ന പരിവർത്തനത്തിന്റെ ചരിത്രപ്രക്രിയയാണ് ആഗോളവൽക്കരണം. വിപണി, വ്യവസായം, ധനകാര്യം, ആശയവിനിമയം, മാധ്യമങ്ങൾ, സാങ്കേതികവിദ്യ, ശാസ്ത്രം, കുടിയേറ്റം, അന്തർസാംസ്കാരിക ഇടപാടുകൾ എന്നിവ ആഗോളവൽക്കരണസമൂഹത്തിൽ കൊണ്ടുവന്ന പുതിയ മാറ്റമാണ്. ആഗോളവൽക്കരണത്തിന്റെ ഫലമായി പുതിയ കമ്പോളവ്യവസ്ഥ ഉടലെടുക്കുകയും ലോകം ചെറുതായിമാറുകയും ചെയ്യുന്നു.

ഈ പ്രക്രിയ ജനങ്ങളുടെ ജീവിതരീതിയിലെ മാറ്റത്തിന് കാരണമായി. പരമ്പരാഗത തൊഴിലുകൾക്ക് ലഭിച്ചിരുന്ന പ്രാധാന്യം കുറയുകയും സമൂഹം കൂടുതൽ മതനിരപേക്ഷമാകുകയും ചെയ്തു. അങ്ങനെ സാമൂഹികചലനാത്മകതയിൽ ഈ പ്രക്രിയ സഹായിച്ചു.

ഇപ്പോൾ സമൂഹം കാലക്രമേണ വലിയ മാറ്റങ്ങൾക്ക് വിധേമായിട്ടുണ്ടെന്ന് നമ്മൾക്കറിയാമല്ലോ. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും പദവിയും പങ്കും മാറിയിട്ടുണ്ട്. നിങ്ങളുടെ പ്രദേശങ്ങളിൽ സാമൂഹികചലനാത്മകപ്രക്രിയ പ്രവർത്തിക്കുന്നതിന്റെ ഉദാഹരണങ്ങൾ കണ്ടെത്താം. നിങ്ങളുടെ പ്രദേശത്തെ സാമൂഹികചലനം കാണിക്കുന്ന ഒരു ഫീൽഡ് സർവേ നടത്തി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സാമൂഹികചലനാത്മകതയുടെ ഘടകങ്ങൾ ആ പ്രദേശത്തെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന് കണ്ടെത്തുക.

സംഗ്രഹം

- ഒരു സമൂഹത്തിന്റെ ഘടനയിൽ സംഭവിച്ച മാറ്റങ്ങളെ സാമൂഹികമാറ്റം സൂചിപ്പിക്കുന്നു. ഇതിൽ സാമൂഹികബന്ധങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ, സാമൂഹികമൂല്യങ്ങൾ, സാമൂഹ്യ ഇടപെടൽ എന്നിവയിലെ മാറ്റങ്ങൾ ഉൾപ്പെടുന്നു.

  സാംസ്കാരിക വ്യവസ്ഥിതിയിലെ ഘടകങ്ങളിലും രീതിയിലും വന്ന പരിവർത്തനങ്ങളാണ് സാംസ്കാരികമാറ്റം. ഇതിൽ പാരമ്പര്യം, വിശ്വാസം, മതങ്ങൾ, മാനദണ്ഡങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ, സമ്പ്രദായങ്ങൾ എന്നിവയിലെ മാറ്റങ്ങൾ ഉൾപ്പെടുന്നു.
- സാമൂഹിക-സാംസ്കാരികമാറ്റം ഒരു സമൂഹത്തിന്റെ ഘടനയിലും സംസ്കാരത്തിലുമുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു. സാമൂഹിക-സാംസ്കാരിക മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള പ്രധാന സമീപനങ്ങളാണ് പരിണാമപരം, ഘടനാപരമായ, സാംസ്കാരിക, വൈവിധ്യത്മികവും ചരിത്രപരവുമായ സമീപനങ്ങൾ.
- സാമൂഹിക-സാംസ്കാരിക മാറ്റങ്ങൾക്ക് കാരണമാകുന്ന വിവിധ ഘടകങ്ങളാണ് ജനസംഖ്യാപരം, സാങ്കേതികപരം, സാംസ്കാരികം, സാമ്പത്തികം, രാഷ്ട്രീയം, നിയമപരം, പരിസ്ഥിതിപരം എന്നിവ

- ജനസംഖ്യയുടെ വലുപ്പം, ഘടന, വിതരണം എന്നിവയെ കുറിച്ചും ജനന-മരണനിരക്ക്, കുടിയേറ്റം എന്നീ പ്രക്രിയമൂലം കാലാനുസൃതമായ മാറ്റത്തെ സംബന്ധിച്ചുമുള്ള സാംഖിക പഠനമാണ് ജനസംഖ്യാശാസ്ത്രം
- സാമൂഹിക-സാംസ്കാരികമാറ്റം വിശദീകരിക്കാനുള്ള പ്രാഥമികഘടകമാണ് സാങ്കേതികകണ്ടുപിടിത്തം. സാങ്കേതികപുരോഗതി മനോഭാവം, വിശ്വാസം, പാരമ്പര്യവുമായ മാറ്റങ്ങൾ കൊണ്ടുവന്നു.
- ആശയകൈമാറ്റം, അറിവ്, മൂല്യങ്ങൾ എന്നിവയിലൂടെ സാംസ്കാരികഘടകങ്ങൾ സാമൂഹികസാംസ്കാരികമാറ്റത്തെ സ്വാധീനിക്കുന്നു. യുദ്ധം, ആക്രമണം, കീഴടക്കൽ, ആവശ്യങ്ങളുടെ പൂർത്തീകരണം എന്നിവയിലൂടെ ഒരു സമൂഹത്തിൽനിന്ന് മറ്റൊരു സമൂഹം സാംസ്കാരിക ഘടകങ്ങൾ സ്വീകരിക്കുന്നു.
- ഇന്ത്യയിലെ സാമൂഹിക-സാംസ്കാരികമാറ്റങ്ങളെ സ്വാധീനിച്ച പ്രധാന സാംസ്കാരിക ഘടകങ്ങളാണ് സംസ്കൃതവൽക്കരണവും പാശ്ചാത്യവൽക്കരണവും. കുട്ടുകുടുംബ വ്യവസ്ഥിതിയുടെ ശിഥിലീകരണവും ജന്മിവ്യവസ്ഥയുടെ നിരോധനവും സമൂഹത്തിനുള്ളിൽ സാമൂഹിക-സാംസ്കാരിക മാറ്റങ്ങളുണ്ടാക്കിയ രണ്ട് പ്രധാന സാമ്പത്തികഘടകങ്ങളാണ്.
- ഇന്ത്യൻ സമൂഹത്തിൽ സാമൂഹികമാറ്റങ്ങൾ കൊണ്ടുവരുന്നതിന് നിയമത്തിന് വലിയ പങ്കുണ്ട്. ജാതി, വർഗം, ലിംഗം തുടങ്ങിയവ കണക്കിലെടുക്കാതെ എല്ലാ പൗരർക്കും സമത്വവും സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും നീതിയും നൽകുന്നു.
- എല്ലാ പൗരർക്കും തിരഞ്ഞെടുപ്പിൽ വോട്ടവകാശം, ജനാധിപത്യസംവിധാനം, തുല്യത എന്നിവ നൽകുന്നു. രാഷ്ട്രീയക്കാരുടെ പ്രത്യയശാസ്ത്രവും അധികാര വികേന്ദ്രീകരണവും സാമൂഹികസാംസ്കാരികമാറ്റത്തെ വളരെയധികം സ്വാധീനിച്ചു.
- ഭൂമിശാസ്ത്രമേഖലകളും പ്രകൃതിവിഭവങ്ങളും സാമൂഹികമാറ്റത്തെ സ്വാധീനിക്കുന്നു. മനുഷ്യർ അവരുടെ ബുദ്ധി, വൈദഗ്ധ്യം എന്നിവ ഉപയോഗിച്ച് ചുറ്റുപാടുകളെ നിയന്ത്രിച്ച് നല്ല ജീവിതസൗകര്യങ്ങൾ ഉണ്ടാക്കുന്നു.
- വിവിധ പ്രക്രിയകളായ പരിണാമം, വിപ്ലവം, വികസനം എന്നിവയിലെല്ലാം മാറ്റം സംഭവിച്ചിട്ടുണ്ട്.
- ഒരു സാമൂഹികപദവിയിൽ നിന്ന് മറ്റൊരു സാമൂഹികപദവിയിലേക്കുള്ള മാറ്റവും അല്ലെങ്കിൽ ഒരു സ്ഥാനത്തുനിന്ന് മറ്റൊരു സ്ഥാനത്തേക്കുള്ള ചലനവുമാണ് സാമൂഹികചലനാത്മകത. നമ്മുടെ സമൂഹത്തിലെ രണ്ട് തരം സാമൂഹികചലനാത്മക തയാണ് തിരശ്ചീന ചലനാത്മകതയും ലംബമായ ചലനാത്മകതയും.
- സാമൂഹികചലനാത്മകതയ്ക്ക് ഒരുദാഹരണമാണ് ജാതീയചലനാത്മകത. വിദ്യാഭ്യാസവും ഭരണഘടനാഭേദഗതികളും ഇതിനെ സ്വാധീനിച്ചിട്ടുണ്ട്. വിവിധ സാമൂഹികതിന്മകൾ അപ്രത്യക്ഷമാവുകയും താഴ്ത്തപ്പെട്ട ജാതികൾ ഉയർന്ന നിലയിലേക്ക് നീങ്ങുകയും ചെയ്തു.
- തൊഴിൽചലനാത്മകത ജാതിയുടെ അതിർവരമ്പില്ലാതെ ആധുനിക തൊഴിൽ സ്വീകരിക്കുകവഴിയും പാരമ്പര്യതൊഴിലിലെ മാറ്റം വഴിയും തൊഴിൽചലനാത്മകത

യുണ്ടാക്കി. ജാതീയസമൂഹത്തെ ഇത് പുതുതായി മാറാൻ സഹായിച്ചു. അവർ വെള്ളകോളർ ജോലികളിലും ശമ്പളം പറ്റുന്ന ജോലികളിലും എത്തിച്ചേർന്നു. ഏതു ജോലിയും ചെയ്യാനുള്ള സ്വാതന്ത്ര്യം സമൂഹത്തിൽ അവർക്ക് ഉയർന്ന സ്ഥാനം നൽകി.

- സാമൂഹികചലനാത്മകതയെ സുഗമമാക്കുന്ന പ്രക്രിയയിൽ സംസ്കൃതവൽക്കരണം പാശ്ചാത്യവൽക്കരണം, വ്യവസായവൽക്കരണം, ആധുനികവൽക്കരണം, ആഗോളവൽക്കരണം എന്നിവ ഉൾപ്പെടുന്നു.

ടേം മൂല്യനിർണയ ഉപാധികൾ

1. ജോടി കണ്ടെത്തുക
   - എ. സമ്മർദ്ദഘടകങ്ങൾ: മതപരവും രാഷ്ട്രീയവുമായ സംഘർഷം
     ആകർഷകഘടകങ്ങൾ:
   - ബി. ജനനനിരക്ക്: മകനുള്ള മുൻഗണന
     മരണനിരക്ക്:
2. ഒറ്റപ്പെട്ടത് കണ്ടെത്തി ന്യായീകരിക്കുക.
   - എ. ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം, നഗരവൽക്കരണം
   - ബി: മതപരമായ സംഘർഷം, യുദ്ധം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ഭക്ഷ്യക്ഷാമം
3. സാമൂഹികസാംസ്കാരികമാറ്റം സാമൂഹികഘടനയിലും പ്രവർത്തനത്തിലും പരിവർത്തനം വരുത്തുന്നു. ഉചിതമായ ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.
4. സാമൂഹികമാറ്റവും സാംസ്കാരികമാറ്റവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുക.
5. ജനസംഖ്യാപരമായ മാറ്റങ്ങൾക്ക് നിദാനമായ വിവിധ ഘടകങ്ങൾ പട്ടികപ്പെടുത്തുക.
6. ജനനനിരക്കിനെ ബാധിക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ ഘടകങ്ങൾ പട്ടികപ്പെടുത്തുക. ഏതെങ്കിലും രണ്ട് ഘടകങ്ങൾ വിശദീകരിക്കുക.
7. പ്രായപൂർത്തിവോട്ടവകാശവും ഇന്ത്യൻ ഭരണഘടനയും രാജ്യത്തു വളരെയധികം മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. അഭിപ്രായം എഴുതുക.
8. ഒരു സ്ത്രീയുടെ പ്രത്യുൽപ്പാദനക്ഷമതയെ ..... എന്നു വിളിക്കുന്നു.
   - a. ജനനനിരക്ക്
   - b. വന്ധ്യത
   - c. മരണനിരക്ക്
   - d. ഉൽപ്പാദനക്ഷമത
9. പരിണാമത്തിൽനിന്ന് വിപ്ലവം എങ്ങനെ വ്യത്യസ്തപ്പെട്ടിരിക്കുന്നു?
10. നിങ്ങളുടെ സമൂഹത്തിലെ വിവിധതരം സാമൂഹികചലനാത്മകതകൾ വിശദീകരിക്കുക.
11. കേരളത്തിൽ ഒരേ ജാതിയിൽപ്പെട്ടവർ വ്യത്യസ്ത സാമൂഹിക-സാമ്പത്തികനിലയിൽ കാണപ്പെടുന്നു. ഈ മാറ്റങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തുക.
12. സംസ്കൃതീകരണവും പാശ്ചാത്യവൽക്കരണവും സാമൂഹികചലനാത്മകതയെ എങ്ങനെ സഹായിക്കുന്നു?

സാങ്കേതികപദങ്ങൾ

സാംസ്കാരികമാന്ദ്യം	:	സംസ്കാരത്തിന്റെ ഭൗതികസംസ്കാരം ഭൗതികേതരസംസ്കാരത്തേക്കാൾ വേഗത്തിൽ മാറുന്നു.
ജനസംഖ്യാശാസ്ത്രം	:	ജനസംഖ്യയെക്കുറിച്ചുള്ള സാംഖിക പഠനം
ഫെർട്ടിലിറ്റി	:	ജനനനിരക്ക്
ചലനാത്മകത	:	ഒരു സ്ഥാനത്തുനിന്നു മറ്റൊരു സ്ഥാനത്തേക്കുള്ള ഘടകങ്ങളുടെ ചലനം
മൾട്ടിഫാക്ടറൽ	:	സാമൂഹികമാറ്റത്തെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ
മോർട്ടാലിറ്റി	:	മരണനിരക്ക്

റഫറൻസ്

അനുജറാം, 2005. ഇന്ത്യൻ സോഷ്യൽ സിസ്റ്റം: ന്യൂഡൽഹി, റാവത്ത് പബ്ലിക്കേഷൻസ്.

ഭൂഷൻ വിദ്യ ആന്റ് ഡി. ആർ സച്ച്ദേവ : 2001 ആൻ ഇൻട്രഡക്ഷൻ ടു സോഷ്യോളജി: ന്യൂഡൽഹി. കിത്താബ്മഹൽ.

ഹെന്ന ടാബാസം : 2011, എൻസൈക്ലോപിഡിയ ഓഫ് കാസ്റ്റ് ആന്റ് സൊസൈറ്റി ഇൻ ഇന്ത്യ: ന്യൂഡൽഹി. അൻമോൾ പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

കുപ്പുസ്വാമി ബി. 2004: സോഷ്യൽ ചേഞ്ച് ഇൻ ഇന്ത്യ: ഡൽഹി, കൊണാർക്ക് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

സിങ് കെ. 2001: സോഷ്യൽ ചേഞ്ച് ഇൻ ഇന്ത്യ: ലഖ്നോ പ്രകാശൻ കേന്ദ്ര.

മാക് ഐവർ ആർ.എം. ചാൾസ് എച്ച്. പേജ് 1998, സൈസൈറ്റി ആൻ ഇൻട്രഡക്റ്ററി അനാലിസിസ്: ന്യൂഡൽഹി, മക്മില്ലൻ ഇന്ത്യ ലിമിറ്റഡ്.

ശർമ്മ കെ. എൽ. 1997: സോഷ്യൽ സ്ട്രാറ്റിഫിക്കേഷൻ ആന്റ് മൊബിലിറ്റി: ന്യൂഡൽഹി, റാവത് പബ്ലിക്കേഷൻസ്.

സിങ്, യോഗേന്ദ്ര. 2002: സോഷ്യൽ സ്ട്രാറ്റിഫിക്കേഷൻ ആന്റ് ചേഞ്ച് ഇൻ ഇന്ത്യ: ന്യൂഡൽഹി, മനോഹർ പബ്ലിക്കേഷൻസ്.

സിങ് യോഗേന്ദ്ര. 2003: കൾച്ചർ ചെയ്ഞ്ച് ഇൻ ഇന്ത്യ-ഐഡന്റിറ്റി ആന്റ് ഗ്ലോബലൈസേഷൻ: ന്യൂഡൽഹി, റാവത്ത് പബ്ലിക്കേഷൻസ്.

ശ്രീനിവാസ് കെ. എൻ. 2003: സോഷ്യൽ ചേഞ്ച് ഇൻ മോഡേൺ ഇന്ത്യ: ന്യൂഡൽഹി, ഓറിയന്റ് ലോങ്മാൻ.

യൂണിറ്റ്

VIII

ഗോത്രവർഗങ്ങളും പാർശ്വവൽകൃതജനതയും

H6T8L6

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- ഗോത്രവർഗങ്ങളെയും ഗോത്രേതരവർഗങ്ങളെയും വേർതിരിച്ച് മനസ്സിലാക്കാനും വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഗോത്രവർഗസമൂഹത്തെ തരം തിരിക്കാനും സാധിക്കുന്നു.
- കേരളത്തിലെ ഗോത്രവിഭാഗങ്ങളെ പട്ടിക പ്പെടുത്താനും പി.വി.ടി.ജി. സമുദായങ്ങളെ തിരിച്ചറിയാനും ഗോത്രവർഗജനങ്ങളുടെ സാമൂഹികപ്രശ്നങ്ങൾ മനസ്സിലാക്കാനും സാധിക്കുന്നു.
- ഗോത്രവർഗപ്രസ്ഥാനങ്ങളെ മനസ്സിലാക്കാനും കേരളത്തിലെ ഗോത്രവർഗ ജനവിഭാഗങ്ങൾക്കിടയിലുണ്ടായ അസ്വസ്ഥതകൾ കണ്ടെത്തി അതിന്റെ പ്രാധാന്യം തിരിച്ചറിയാനും സാധിക്കുന്നു.
- പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ സാമൂഹിക പദവി വിലയിരുത്തി ഇന്ത്യൻ ഭരണഘടനയുടെ ഊർജവും തത്ത്വശാസ്ത്രവും ഉൾക്കൊണ്ടുകൊണ്ട് ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണങ്ങൾ വിലയിരുത്താൻ സാധിക്കുന്നു.

ഉള്ളടക്കം

ഗോത്രവർഗങ്ങളും ഗോത്രവർഗജീവിതവും

- ഗോത്രവർഗം-ആശയം
- പട്ടികവർഗം
- ഗോത്രവർഗജീവിതത്തിന്റെ വിശേഷ ലക്ഷണങ്ങൾ
- ഇന്ത്യയിലെ ഗോത്രവർഗജനവിഭാഗങ്ങളുടെ വർഗീകരണം.
- പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ
- കേരളത്തിലെ ഗോത്രവർഗങ്ങൾ
- ഗോത്രവർഗജനങ്ങളുടെ പ്രശ്നങ്ങൾ
- ഗോത്രവർഗപ്രസ്ഥാനങ്ങൾ

പാർശ്വവൽകൃത ജനവിഭാഗങ്ങൾ

- പട്ടികജാതി വിഭാഗങ്ങൾ: ആശയം, മാനദണ്ഡം, പ്രശ്നങ്ങൾ
- ഇന്ത്യയിൽ സ്ത്രീകളുടെ സാമൂഹികപദവി
- സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ

പട്ടികജാതി-പട്ടികവർഗക്കാർക്കുള്ള ഭരണഘടനാസംരക്ഷണം

ചിത്രം 8.1
ബിർസാ മുണ്ട

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഐതിഹാസികനായകനായിരുന്നു ബിർസ മുണ്ട. ഇന്ത്യൻ ഗോത്രവർഗജനതയുടെ വിമോചനത്തിനായി അദ്ദേഹം തന്റെ ജീവൻ ബലിനൽകി. 1875 ൽ റാഞ്ചിയിലെ ലിഗാള എന്ന ചെറിയ ഗ്രാമത്തിലാണ് ബിർസ മുണ്ട ജനിച്ചത്. മുണ്ട ഗോത്രത്തിലെ കർഷകത്തൊഴിലാളിയുടെ മകനാണദ്ദേഹം.

ചിത്രം 8.2
ബിർസാ മുണ്ടയുടെ പ്രതിമ

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുള്ള കാലഘട്ടത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിലെ ഗോത്രവർഗ സാഹചര്യങ്ങൾ കൂടുതൽ വഷളാക്കി. ബിഹാർ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന മുണ്ട, സന്താൾ, ഒറാവോൺ തുടങ്ങിയ ഗോത്രസമൂഹങ്ങൾ ഈ കാലഘട്ടങ്ങളിൽ വളരെയധികം കഷ്ടപ്പാടുകൾ അനുഭവിച്ചിരുന്നു. ബ്രിട്ടീഷുകാർ ഗോത്രവർഗ കാർഷികസംവിധാനത്തെ ഫ്യൂഡൽ വ്യവസ്ഥയിലേക്ക് പരിവർത്തനം ചെയ്തു. മിച്ച വരുമാനം ഉണ്ടാക്കുന്നതിനായി ഗോത്രേതര സമൂഹങ്ങൾ ഈ പ്രദേശത്ത് താമസിക്കുന്നതും കൃഷിചെയ്യുന്നതും പ്രോത്സാഹിപ്പിക്കപ്പെട്ടു. ഇത് ഗ്രോത്ര വിഭാഗങ്ങളുടെ കൈവശഭൂമി അന്യാധീനപ്പെടുന്നതിലേക്കു നയിച്ചു. 1874 ൽ പഴയ മുണ്ട-ഒറാവോൺ മുഖ്യൻമാരുടെ അധികാരം ഉന്നതരായ ഭൂവുടമകളായ പുതിയ കർഷകരാൽ പൂർണമായും തുടച്ചുനീക്കപ്പെട്ടു. ചില ഗ്രാമങ്ങളിൽ ഗോത്രവർഗക്കാർക്ക് അവരുടെ കുത്തകാവകാശം നഷ്ടമാവുകയും കർഷകത്തൊഴിലാളികളുടെ സ്ഥാനത്തേക്ക് ചുരുങ്ങുകയും ചെയ്തു. ചുരുക്കത്തിൽ, ബ്രിട്ടീഷ് കൊളോണിയൽ ഭരണാധികാരികളുടെ നയങ്ങളും ഗോത്രേതരസമൂഹങ്ങളുടെ കുടിയേറ്റവും കാരണം ഗോത്രവർഗസംസ്കാരവും ജീവിതരീതിയും നശിക്കാൻ തുടങ്ങി.

ബിർസാമുണ്ട ഈ സാഹചര്യത്തോട് തുടർച്ചയായുള്ള കലാപത്തിലൂടെയും ലഹളയിലൂടെയും പ്രതികരിച്ചു. ഭൂവുടമസ്ഥരെയും ഇടനിലക്കാരെയും ബ്രിട്ടീഷുകാരെയും തങ്ങളുടെ ഗ്രാമത്തിൽനിന്നും പുറത്താക്കി മുണ്ട ഗോത്രവർഗക്കാരാണ് ഗ്രാമത്തിന്റെ യഥാർഥ അവകാശികളെന്ന് സ്ഥാപിക്കാനാണ് ഈ പ്രസ്ഥാനം ലക്ഷ്യമിട്ടിരുന്നത്. ബ്രിട്ടീഷ്സൈന്യത്തിനെതിരെ യുദ്ധംചെയ്യുന്ന സമയത്ത് 1900 ൽ തന്റെ ഗോത്ര ഒളിപ്പടയാളികളോടൊപ്പം ഉറങ്ങുമ്പോൾ ബിർസാമുണ്ട ചതിയിൽ പിടിക്കപ്പെട്ടു. 1900 ജൂൺ 9-ാം തിയ്യതി റാഞ്ചിയിലെ ജയിലിൽ അദ്ദേഹം ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു. 25 വർഷക്കാലം മാത്രമേ ബിർസാമുണ്ട ജീവിച്ചിരുന്നുവെങ്കിലും ഗോത്രവർഗ ജനമനസ്സുകളെ ഉണർത്താനും ചോട്ടാനാഗ്പൂർ എന്ന ചെറിയ പട്ടണത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങളെ സംഘടിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അദ്ദേഹം എന്നും ഒരു പേടിസ്വപ്നമായിരുന്നു.

ബിർസാമുണ്ടയുടെ പേര് ചരിത്രത്തിൽ സുവർണലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു. ബിർസാ മുണ്ടയടക്കമുള്ള ഗോത്രവർഗനേതാക്കളുടെ ഇടപെടലില്ലായിരുന്നുവെങ്കിൽ

ഇന്ത്യയിലെ ഗോത്രവർഗസമൂഹങ്ങളുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും ജീവിതം കൂടുതൽ ദുരിതപൂർണമാകുമായിരുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് ആറു ദശാബ്ദം കഴിഞ്ഞിട്ടും ഗോത്രവർഗവികസനത്തിന്റെ പേരിൽ കോടികൾ ചെലവഴിച്ചിട്ടും ഇന്നും അവരുടെ ജീവിതസാഹചര്യങ്ങളിൽ കാര്യമായ മാറ്റങ്ങൾ കാണാൻ സാധിക്കുന്നില്ല.

ഇന്നത്തെ ഗോത്രവർഗവിഭാഗങ്ങളുടെ അവസ്ഥ എന്താണ്? ഇവരുടെ മോചനത്തിനായി നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഗോത്രവർഗ ജനവിഭാഗങ്ങളുടെ അവസ്ഥ ഇന്നും വളരെ ദയനീയമാണ്. ഒരു നരവംശശാസ്ത്ര വിദ്യാർഥി എന്ന നിലയിൽ ഗോത്രവർഗസാംസ്കാരികജീവിതത്തെ കുറിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണെന്ന് നിങ്ങൾക്കറിയാം. നമുക്കെല്ലാമറിയുന്നതു പോലെ നരവംശശാസ്ത്രം, എല്ലാ വിഭാഗത്തിലുമുള്ള മനുഷ്യരുടെ സാംസ്കാരിക വൈവിധ്യങ്ങൾ മനസ്സിലാക്കി അവലോകനം ചെയ്യുന്നു. ഇന്ത്യയിലെ ഗോത്രവർഗങ്ങളെ മുഴുവനായും കേരളത്തിലെ ഗോത്രവർഗങ്ങളെ പ്രത്യേകിച്ചും ലളിതമായ രീതിയിൽ പരിചയപ്പെടാൻ ഈ പാഠഭാഗത്തിലൂടെ സാധിക്കുന്നു. ഗോത്രവർഗജീവിതത്തിന്റെ വിശേഷലക്ഷണങ്ങൾ, അവരുടെ പ്രശ്നങ്ങൾ, പ്രക്ഷോഭങ്ങൾ, സ്ത്രീസമൂഹവും പാർശ്വവത്കൃതസമൂഹവും നേരിടുന്ന പ്രശ്നങ്ങൾ, സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായുള്ള പോരാട്ടങ്ങൾ തുടങ്ങിയവയാണ് ഈ പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നമുക്ക് അവ വിശദമായി പരിശോധിക്കാം.

ഗോത്രവർഗങ്ങളും ഗോത്രവർഗജീവിതവും (Tribes and Tribal Life)

ഇന്ത്യ 'ഒരു നരവംശ മ്യൂസിയം' ആണെന്ന് നിങ്ങൾ ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞു. സാംസ്കാരികവൈവിധ്യങ്ങളാണ് ഇത്തരത്തിലുള്ള ഒരു പ്രയോഗത്തിൽ എത്തിച്ചേരാനുള്ള കാരണം. ഇന്ത്യയെ സാംസ്കാരിക വൈവിധ്യമുള്ളതാക്കുന്നതിൽ ഗോത്രവർഗ ജനവിഭാഗങ്ങൾ പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദിമ നിവാസികളുടെ പിൻഗാമികളാണ് ഇന്നു കാണപ്പെടുന്ന ഗോത്രവർഗം എന്നു വിശ്വസിക്കപ്പെടുന്നു. ഇവർ വ്യത്യസ്തങ്ങളായ വംശം, ഭാഷ, സമ്പദ്വ്യവസ്ഥ എന്നിവയിൽ ഉൾപ്പെടുന്നു. വൈവിധ്യങ്ങളായ സാംസ്കാരിക ഘടകങ്ങൾ ഇന്ത്യയിലെ ഗോത്രവർഗങ്ങളിൽ പ്രകടമാകുന്നു. അത്തരത്തിലുള്ള ഗോത്രവർഗ ജനവിഭാഗങ്ങളുടെ ബഹുരൂപവീക്ഷണ സാംസ്കാരിക അംശങ്ങൾ മനസ്സിലാക്കുന്നതിന് നമ്മൾ ആദ്യം 'ഗോത്രം' എന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്.

ഗോത്രം എന്ന ആശയം (Concept of Tribe)

ദൈനംദിനജീവിതത്തിൽ 'ഗോത്രം' എന്ന വാക്ക് നമുക്ക് പലപ്പോഴും സുപരിചിതമാണ്. വാർത്താപത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും ആദിവാസി, പട്ടികവർഗം തുടങ്ങിയ വാക്കുകൾ കാണാൻ സാധിക്കും. ഗോത്രം, ആദിവാസി, പട്ടികവർഗം എന്നീ ആശയങ്ങൾ നമുക്ക് വേർതിരിക്കാൻ സാധിക്കുമോ?

ഗോത്രം (Tribe) എന്ന വാക്കിന്റെ നിഘണ്ടുവിലെ അർഥം ആദ്യം പരിശോധിക്കാം.

മധ്യകാല ഇംഗ്ലീഷിൽ, പൊതുപൂർവികനിൽനിന്ന് ഉൽഭവിക്കുന്ന ഒരേ വംശപാരമ്പര്യമുള്ള ജനങ്ങളുടെ കൂട്ടമാണ് ട്രൈബ് അല്ലെങ്കിൽ ഗോത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കൊളോണിയലിസത്തിന്റെ വരവോടെ, യൂറോപ്യൻ നരവംശശാസ്ത്രജ്ഞർ, പിന്നാക്കപ്രദേശങ്ങളിൽ താമസിക്കുന്ന'പ്രാക്തന' അല്ലെങ്കിൽ 'ബാർബേറിസ' (അപരിഷ്കൃതം)ത്തിൽ ജീവിക്കുന്ന ജനസമൂഹത്തെ വിളിക്കാനാണ് 'ട്രൈബ്' അല്ലെങ്കിൽ 'ഗോത്രം' എന്ന വാക്ക് ഉപയോഗിച്ചത്.

ഇന്ത്യയിലെ ഗോത്രവർഗങ്ങൾ സാധാരണ അറിയപ്പെട്ടിരുന്നത് ആദിമനിവാസികൾ അല്ലെങ്കിൽ തദ്ദേശവാസികൾ എന്നർഥം വരുന്ന 'ആദിവാസികൾ' എന്ന പേരിലാണ്. ഗോത്രവർഗസമൂഹം പൊതുവെ 'പ്രാക്തനസമൂഹം', 'നാടോടിസമൂഹം', 'ലളിതസമൂഹം', സാക്ഷരപൂർവസമൂഹം തുടങ്ങിയ പേരുകളിലാണ് അറിയപ്പെടുന്നത്. തദ്ദേശീയജനതയെ ഉദ്ദേശിച്ചാണ് ഗോത്രമെന്നത് സാങ്കേതികവും ഭരണപരവുമായ വാക്കായി മാറിയത്.

നരവംശശാസ്ത്ര കാഴ്ചപ്പാടിൽ ഒരു പ്രത്യേക ഭൂപ്രദേശത്ത് അധിവസിക്കുന്ന പൊതുവായ ലിപിരഹിതഭാഷ, പൊതുവായ പൂർവികർ, ഒരേ സാമൂഹിക വ്യവസ്ഥിതി, ലളിതമായ സാങ്കേതികവിദ്യ, സാംസ്കാരിക ഏകത്വം തുടങ്ങിയവ കാണപ്പെടുന്ന ഒരു കൂട്ടമാണ് ഗോത്രം അഥവാ ട്രൈബ്.

നാം ചർച്ചചെയ്തതുപോലെ വംശീയത, ഭാഷ, സമ്പദ്വ്യവസ്ഥ, സംസ്കാരം, ജനസംഖ്യ, ഘടന തുടങ്ങിയവയിൽ ഗോത്രവർഗങ്ങൾ പരസ്പരം വ്യത്യസ്തമാണ്.

ജാതിയിൽനിന്നു ഗോത്രങ്ങൾ വ്യത്യാസമാകുന്നത് എങ്ങനെ?

സിൻഹ (1967) യുടെ നിരീക്ഷണത്തിൽ-പരിസ്ഥിതി, ജനസംഖ്യാശാസ്ത്രം, സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം, സാമൂഹികപെരുമാറ്റങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഗോത്രവിഭാഗങ്ങൾ മറ്റ് വംശീയവിഭാഗങ്ങളിൽനിന്ന് ഒറ്റപ്പെട്ടുനിൽക്കുന്നു.

സമതലം മുതൽ വനപ്രദേശങ്ങൾവരെയും മലമുകളിലും എളുപ്പം പ്രവേശിക്കാനാകാത്ത പ്രദേശങ്ങളിലും വ്യത്യസ്ത പാരിസ്ഥിതിക മേഖലകളിലും കാലാവസ്ഥയിലും ഇവർ ജീവിക്കുന്നു. ഇവരിൽ മിക്കവരും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാങ്കേതികമായും പിന്നാക്കം നിൽക്കുന്നവരും ഒറ്റപ്പെട്ടു ജീവിക്കുന്നവരുമാണ്. ഒരു ജാതിസമൂഹത്തിൽനിന്ന് ഒരു ഗോത്രത്തെ വേർതിരിച്ചെടുക്കുന്ന മറ്റു ഘടകങ്ങൾ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

കേരളത്തിലെ ചില ഗോത്രവർഗക്കാരെ കുറിച്ചും അവരുടെ വാസസ്ഥലത്തെ കുറിച്ചും നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്. അവരുടെ പാരിസ്ഥിതിക, സാമ്പത്തിക, അവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. അതിനുശേഷം സിൻഹയുടെ നിരീക്ഷണം കേരളത്തിലെ ഗോത്രവർഗങ്ങളുടെയും ജാതിയുടെയും അവസ്ഥയുമായി എത്രമാത്രം യോജിക്കുന്നുവെന്ന് ക്ലാസിൽ നടത്തുന്ന ചർച്ചയിലൂടെ വിശകലനം ചെയ്യുക.

നിങ്ങൾ പല അവസരങ്ങളിലും 'പട്ടികവർഗം' എന്ന മറ്റൊരു വാക്ക് കേട്ടിട്ടുണ്ടാകും. ഗോത്രം, 'പട്ടികവർഗം' എന്നീ ആശയങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? എങ്ങനെയാണ് പട്ടികവർഗം എന്ന ആശയം നിലവിൽവന്നത്?

പട്ടികവർഗം (Scheduled Tribe)

ഇന്ത്യൻ ഭരണഘടനയിൽ പട്ടികപ്പെടുത്തിയിരിക്കുന്ന സമുദായങ്ങളാണ് പട്ടികവർഗം. ഭരണഘടനയുടെ അനുച്ഛേദം 366(25) പ്രകാരം പട്ടികവർഗക്കാർ എന്നു പറയുന്നത് ഭരണഘടനയുടെതന്നെ 342-ാം അനുച്ഛേദപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെയാണ്. പ്രസ്തുത അനുച്ഛേദ പ്രകാരം പ്രസിഡന്റ് പൊതുവിജ്ഞാപനത്തിലൂടെ മാത്രം പ്രഖ്യാപിച്ചിട്ടുള്ള സമുദായങ്ങളോ പിന്നീട് പാർലമെന്റിന്റെ നിയമഭേദഗതി മുഖാന്തരമുള്ളവരെയോ ആണ് പട്ടികവർഗക്കാരായി പരിഗണിക്കപ്പെടുന്നത്.



ചിത്രം 8.3
ഇന്ത്യയിലെ പട്ടികവർഗ ജനസംഖ്യാനുപാതം

ആഫ്രിക്ക കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ഗോത്രവർഗ ജനസംഖ്യയുള്ള രാജ്യമാണ് ഇന്ത്യ. നമ്മുടെ കാനേഷുമാരി സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാവുന്നത് ഇന്ത്യയിൽ ഗോത്രവർഗ ജനസംഖ്യ കാലങ്ങളായി വർധിച്ചു വരുന്നു എന്നാണ്. 1997 ലെ കാനേഷുമാരി (സെൻസസ്) പ്രകാരം ഇന്ത്യയിലെ ഗോത്രവർഗ ജനസംഖ്യ 3.8 കോടി ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 6.94% ആകുന്നു. 2011 ൽ ഇന്ത്യയിലെ ഗോത്രവർഗ ജനസംഖ്യ 104, 281, 034 ആയി ഉയർന്നിട്ടുണ്ട്. അതായത് മൊത്തം ജനസംഖ്യയുടെ 8.6 %. ഇത്തരത്തിൽ ഗോത്രവർഗ ജനസംഖ്യ വർധിക്കാനുള്ള പ്രധാനകാരണം പിന്നീട് ഭരണഘടനാ ഭേദഗതി പ്രകാരം പട്ടികവർഗ ലിസ്റ്റിൽ മാറ്റം വരുത്തിയതുകൊണ്ടാണ്. ഇന്ത്യയിൽ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലാണ് (94.8%) ഏറ്റവും കൂടുതൽ ഗോത്രവർഗജനതയുള്ളത്. തുടർന്നുള്ളത് മിസോറാം (94.4%). നാഗാലാന്റ് (86.5%), മേഘാലയ (86.1%) എന്നീ സംസ്ഥാനങ്ങളാണ്. ഗോത്രവർഗ ജനസംഖ്യയുടെ കേന്ദ്രീകരണത്തിൽ ഏറ്റവും കുറവ് ഉത്തർപ്രദേശിലാണ് (0.61%) പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിൽ ഗോത്രവർഗവിഭാഗങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

കഴിഞ്ഞ 50 വർഷത്തെ പൊതുജനസംഖ്യ, ഗോത്രവർഗ ജനസംഖ്യ എന്നിവയുടെ വർധനനിരക്കുകൾ താരതമ്യം ചെയ്യുക. ജനസംഖ്യാ കണക്കിൽ നിന്നു നിങ്ങൾക്ക് എന്തു നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കും? നിങ്ങളുടെ കണ്ടെത്തലുകൾ ക്ലാസ്സിൽ ചർച്ചചെയ്യുക.

പട്ടികവർഗ പട്ടികയിൽ ചില സമുദായങ്ങളെ ഉൾപ്പെടുത്താനും ഒഴിവാക്കുന്നതുമായ വാർത്തകൾ വന്നിട്ടുണ്ട്. എന്ത് അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഗോത്രവർഗങ്ങളെ ഉൾപ്പെടുത്തുകയും ഒഴിവാക്കുകയും ചെയ്യുന്നത്? ചില നിയമങ്ങൾ, തത്വങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് ജനതയുടെ ഒരു വിഭാഗത്തെ പട്ടികവർഗ പട്ടികയിൽ ഉൾപ്പെടുത്താൻ ഉപയോഗിക്കുന്നത്? ഇതിനുത്തരം കണ്ടെത്താൻ ഗോത്രവർഗ ജീവിതത്തിന്റെ വിശേഷലക്ഷണങ്ങൾ നാം പരിശോധിക്കേണ്ട തുണ്ട്.

ഗോത്രവർഗജീവിതം: വിശേഷലക്ഷണങ്ങൾ (Features of Tribal Life)

ഗോത്രവർഗജീവിതത്തിൽ താഴെ കൊടുത്തിരിക്കുന്ന തരത്തിലുള്ള സമാനതകളില്ലാത്ത നിരവധി അംശങ്ങൾ കാണാൻ സാധിക്കും.

ചിത്രം 8.4
ഗോത്രവർഗം വനങ്ങളിൽ

1. **ഭൂപരമായ ഒറ്റപ്പെടൽ (Geographical Isolation) :** ഗോത്രവർഗ ജനവിഭാഗത്തിന്റെ എടുത്തു പറയാവുന്ന വിശേഷലക്ഷണമാണ് ഭൂപരമായ ഒറ്റപ്പെടൽ. ഒട്ടുമിക്ക ഗോത്രവർഗങ്ങളും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ഭൂപരമായി അകന്നോ ഒറ്റപ്പെട്ടോ ജീവിക്കുന്നു. മിക്ക ഗോത്രവർഗ ജനവിഭാഗങ്ങളും വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സമ്പദ്‌വ്യവസ്ഥയിലാണ് ജീവിക്കുന്നത്.
2. **സജാതീയ-വംശവിഭാഗം (Homogeneous Ethnic Group) :** ഗോത്രവർഗ ജനവിഭാഗങ്ങൾ ഏകജാതീയ-വംശവിഭാഗമാണ്. ഗോത്രവർഗത്തിലെ അംഗങ്ങൾ ഒരേ സംസ്കാരമാണ് പിന്തുടരുന്നത്. മതം, ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, ആഹാരരീതികൾ, വേഷവിധാനങ്ങൾ എന്നിവ ഒരേപോലെയാണ്. ഗോത്രവിഭാഗത്തിലെ അംഗങ്ങൾക്ക് പരസ്പരം ഐക്യബോധവും നമ്മൾ ഒന്നാണെന്ന വികാരവും ഉണ്ടാകുന്നത് ഈ ഏകതയുടെ വീക്ഷണകാരണമാണ്.
3. **നിശ്ചിത ഭൂപ്രദേശം (Definite Territory):** ഗോത്രവർഗ ജനവിഭാഗങ്ങൾ നിശ്ചിതമായതും പൊതുവായതുമായ ഭൂപ്രദേശത്ത് അധിവസിക്കുന്നു. പൊതുവായ പ്രദേശങ്ങളിൽ താമസിക്കുന്നില്ലെങ്കിൽ ഗോത്രവിഭാഗത്തിന്റെ മനോവികാരം, ഭാഷ, നമ്മൾ എന്ന വികാരം തുടങ്ങിയ പ്രത്യേക വിശേഷലക്ഷണങ്ങൾ അവർക്ക് നഷ്ടമാകും.
4. **പൊതുഭാഷയും സംസ്കാരവും (Common Language and Culture) :** ഓരോ ഗോത്രവർഗ വിഭാഗങ്ങൾക്കും അവരുടെ തനതായ ഭാഷയും സംസ്കാരവും ഉണ്ടായിരിക്കും. ഇത് ഓരോ ഗോത്രവർഗ വിഭാഗങ്ങൾക്കിടയിലും സമുദായപരമായ ഐക്യം രൂപീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും സഹായകമാകുന്നു.
5. **ലഘുസാങ്കേതികവിദ്യ (Low Level Technology):** മിക്ക ഗോത്രവർഗ സമ്പദ് വ്യവസ്ഥകളും വന-പരിസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയാണ്. അമ്പും വില്ലും, അരിവാൾ, കുഴിവടി തുടങ്ങിയ ലളിതമായതും പ്രാഥമികവുമായ സാങ്കേതിക

വിദ്യകളെയാണ് ഗോത്രവിഭാഗങ്ങൾ ആശ്രയിക്കുന്നത്.

6. **കുറഞ്ഞ സാക്ഷരതാനിരക്ക് (Low Literacy) :** ഗോത്രവർഗ ജനവിഭാഗങ്ങൾക്കിടയിൽ സാക്ഷരതാനിരക്ക് വളരെ കുറവാണ്. ഒട്ടുമിക്കപേരും നിരക്ഷരരാണ്. ദാരിദ്ര്യം, അപചയം, സ്തംഭനാവസ്ഥ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സൗകര്യക്കുറവ് തുടങ്ങിയവയാണ് ഗോത്രവർഗ സമൂഹത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്കുള്ള പ്രധാനകാരണങ്ങൾ. എന്നിരുന്നാലും നമുക്ക് അവരെ നിരക്ഷരരായി ചിത്രീകരിക്കാൻ കഴിയുകയില്ല, കാരണം അവർക്ക് സാമൂഹികജീവിതത്തിന്റെ ഓരോ വശത്തെക്കുറിച്ചും അവരുടെതായ പാരമ്പര്യ അറിവുകളും സാങ്കേതികമായ ജ്ഞാനവുമുണ്ട്.

ചിത്രം 8.5 ഗോത്രവർഗം നൃത്തം

7. **സ്വഗണവിവാഹക്കൂട്ടം (Endogamous Group) :** ഗോത്രവർഗജനവിഭാഗങ്ങൾ സ്വതവേ സ്വജാതീയവിവാഹരീതിക്കാരാണ്. ഓരോ ഗോത്രവർഗ ജനവിഭാഗങ്ങളിലെയും അംഗങ്ങൾ പൊതുവേ അവരവരുടെ സ്വന്തം ഗോത്രത്തിൽ നിന്നാണ് വിവാഹം ചെയ്യുന്നത്.

8. **നേരിട്ടുള്ള വ്യക്തിബന്ധം (Direct Personal Relationship) :** ഗോത്രവർഗ സമൂഹത്തിൽ അംഗങ്ങൾ തമ്മിൽ നേരിട്ടുള്ള മുഖാമുഖവ്യക്തിബന്ധങ്ങൾ കാണപ്പെടുന്നു. ഒരു ഗോത്രവർഗത്തിലെ എല്ലാ അംഗങ്ങൾക്കും പരസ്പരം നേരിട്ട് അറിയാം. വിവിധ സാമൂഹിക, സാമ്പത്തിക, മതപരമായ ചടങ്ങുകളാണ് ഇവരെ ഇത്തരത്തിലുള്ള ബന്ധങ്ങൾ നിലനിർത്താൻ സഹായിക്കുന്നത്.

9. **പ്രായത്തിന്റെയും ലിംഗപദവിയുടെയും അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം (Division of Labour by Age and Sex) :** ഗോത്രവർഗ ജനവിഭാഗങ്ങളിൽ പുരുഷൻമാർ മൃഗങ്ങളെ വേട്ടയാടൽ, മീൻപിടിത്തം, കൃഷി തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. അതേസമയം സ്ത്രീകൾ വനങ്ങളിൽനിന്ന് കായ്കനികൾ, കിഴങ്ങുകൾ എന്നിവയോടൊപ്പം ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്ന ജോലികളിലും ഏർപ്പെട്ടിരിക്കുന്നു. വിറകു ശേഖരണം, കാലിമേയ്ക്കൽ തുടങ്ങിയ തൊഴിലിലൂടെ കുട്ടികളും സാമ്പത്തികപ്രവർത്തനത്തിൽ അവരുടേതായ പങ്കുവഹിക്കുന്നു. ചിലപ്പോൾ മുതിർന്ന കുട്ടികൾ ശിശുപരിപാലനത്തിലും ഏർപ്പെടുന്നു.

10. **മാമൂൽനിയമങ്ങൾ അടിസ്ഥാനമാക്കിയുള്ള ഭരണം (Governed by Customary Law) :** ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് അവരുടേതായ പരമ്പരാഗതനിയമങ്ങളും ആചാരങ്ങളുമുണ്ട്. സമുദായസംരക്ഷണത്തിനും സാമൂഹികക്രമം നിലനിർത്തുന്നതിനും അവർക്ക് അവരുടേതായ രാഷ്ട്രീയവ്യവസ്ഥയുമുണ്ട്. ഗോത്രവിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ചർച്ചചെയ്യാനും പരിഹരിക്കാനും

അവരുടേതായ സഭകളുണ്ട്. ആധുനിക രാഷ്ട്രീയവ്യവസ്ഥിതിയോടൊപ്പം പരമ്പരാഗത രാഷ്ട്രീയ വ്യവസ്ഥിതിയും ഗോത്രവർഗസമൂഹത്തിൽ കാണപ്പെടുന്നു.

പട്ടികവർഗ ലിസ്റ്റ് പുനർനിർണയ കമ്മിറ്റിയിലെ ഒരംഗമാണ് നിങ്ങളെങ്കിൽ ആ ലിസ്റ്റിൽ ഒരു സമുദായത്തെ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ എങ്ങനെയാണ് നിങ്ങൾ മറ്റ് കമ്മിറ്റി അംഗങ്ങളെ ധരിപ്പിക്കുക? പ്രസ്തുത മാനദണ്ഡങ്ങൾ സമർഥിക്കാൻ വേണ്ടി ഒരു സ്ലൈഡ് അവതരണം തയാറാക്കുക.

നേരത്തെ കണ്ടതുപോലെ ഇന്ത്യ നിരവധി ഗോത്രവർഗസമൂഹങ്ങളുടെ വാസസ്ഥലമാണ്. ഇവർ വ്യത്യസ്തമായ ഭൂപ്രദേശങ്ങളിൽ ജീവിക്കുന്നവരും വിവിധ സാമ്പത്തിക-സാമൂഹിക വ്യവസ്ഥിതികൾ പിൻതുടരുന്നവരുമാണ്. അതുകൊണ്ട് വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി ഇന്ത്യയിലെ ഗോത്രവർഗങ്ങളെ വ്യത്യസ്ത വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്.

ഇന്ത്യയിലെ ഗോത്രവർഗ ജനവിഭാഗങ്ങളുടെ വർഗീകരണം (Classification of Indian Tribes)

ഇന്ത്യയിലെ ഗോത്രവർഗസമൂഹങ്ങളെ വ്യത്യസ്ത മാനദണ്ഡങ്ങൾ ഉപയോഗിച്ച് പല പണ്ഡിതരും വർഗീകരിച്ചിട്ടുണ്ട്. ഭൂപ്രദേശത്തിന്റെ വിഭജനം, വംശീയച്ചേർച്ച, ഭാഷാപരമായ ചേർച്ച, തൊഴിൽപരമായ വൈദഗ്ധ്യം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇവ താഴെ കൊടുത്തിരിക്കുന്നു.

I. ഭൂപരവിതരണം (Territorial Distribution): ഇന്ത്യയുടെ എല്ലാ പ്രദേശങ്ങ ളിലും ഗോത്രവർഗ ജനവിഭാഗ ങ്ങൾ ചിന്നിച്ചി തറിയിട്ടുണ്ടെങ്കി ലും പ്രധാനമായും വടക്കു കിഴക്കൻ മേഖല, മധ്യമേഖല, തെക്കൻ മേഖല, ദ്വീപുമേഖല എന്നിങ്ങനെ നാലു മേഖല കളിലായിട്ടാണ് ഇവർ കേന്ദ്രീക രിച്ചിരിക്കുന്നത്.

ചിത്രം 8.6 ഇന്ത്യയുടെ ഗോത്രവർഗവൈവിധ്യങ്ങൾ

a) വടക്കുകിഴക്കൻ മേഖല (North-Eastern Zone): ആസ്സാം, മണിപ്പൂർ, ത്രിപുര, മേഘാലയ, മിസോറാം, സിക്കിം, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളാണ് വടക്കു കിഴക്കൻ മേഖലകളിൽ വരുന്നത്. ഗാരോ, ലെപ്ച്ച, ടോടോ, കുക്കി, നാഗ, ഖാസി എന്നീ പ്രധാനപ്പെട്ട ഗോത്രവർഗ വിഭാഗങ്ങളാണ് ഈ പ്രദേശങ്ങളിൽ വസിക്കുന്നത്.

b) മധ്യമേഖല (Central Zone): ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഗുജറാത്ത്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളാണ് മധ്യമേഖല

യിൽ ഉൾപ്പെടുന്നത്. മുണ്ട, സന്താൾ, ഒറാൻ, ഹൊ, ബിർഹോർ, ഖാരിയ, ബീൽസ്, കോൾസ്, ബൈഗ എന്നീ ഗോത്രവർഗങ്ങൾ ഈമേഖലയിൽ ഉൾപ്പെടുന്നു.

c) **തെക്കൻ മേഖല (South Zone):** കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളാണ് തെക്കൻമേഖലയിലുള്ളത്. കുറിച്യ, പണിയൻ, കാട്ടുനായ്ക്കൻ, തോട, കോട്ട, ചെഞ്ചുസ്, ജേനുകറുമ്പ എന്നീ ഗോത്രവർഗങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുന്നു.

d) **ദ്വീപ്മേഖല (Island Zone):** കേന്ദ്രഭരണപ്രദേശമായ ആന്തമാൻ-നിക്കോബാർ ദ്വീപസമൂഹങ്ങളിൽ കാണപ്പെടുന്ന ഓംഗേ, ജാരവാസ്, സെന്റിനെൽസ്, ഷോംബെൻ, ആന്തമാനീസ്, നിക്കോബാറീസ് തുടങ്ങിയ ഗോത്രവർഗങ്ങൾ ഈ ദ്വീപുമേഖലയിൽ ഉൾപ്പെടുന്നു. ലക്ഷദ്വീപിലെ എല്ലാ തദ്ദേശവാസികളും പരമ്പരാഗത നിവാസികളായ ഏഴ് സമുദായങ്ങളും ഇസ്ലാംമതവിശ്വാസം ആചരിച്ചുവരുന്നവരെയും പട്ടികവർഗമെന്ന് നാമനിർദ്ദേശം നൽകിയിട്ടുണ്ട്.

ആന്തമാൻ-നിക്കോബാർ ദ്വീപുകളിലെ ഗോത്രവർഗക്കാർ

- നാല് നിഗ്രിറ്റോ വംശജരുടെയും രണ്ട് മംഗളോയ്ഡ് വംശജരുടെയും വാസസ്ഥലമാണ് ആന്തമാൻ-നിക്കോബാർ ദ്വീപ സമൂഹം
- നിഗ്രിറ്റോ വംശജരായ ഗ്രേറ്റ് ആൻന്തമനീസ്, ഓംഗേ, ജാരവ, സെന്റിനെലീസ് എന്നിവർ ഇന്നും മൃഗങ്ങളെ വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിക്കുന്ന സമ്പദ്വ്യവസ്ഥ പിന്തുടരുന്നവരാണ്.
- നിക്കോബാറീസ്, ഷോംബൻ എന്നീ ഗോത്രവിഭാഗങ്ങൾ മംഗളോയ്ഡ് വംശജരാകുന്നു.
- ഇന്ത്യയിലെ കുടിയേറ്റക്കാരുമായി ആദ്യം ബന്ധം പുലർത്തിയ ഗോത്ര വിഭാഗമാണ് ഗ്രേറ്റ് ആന്തമാനീസ്. അതിനുശേഷം ഓംഗേ. അവസാനം ജാരവാസ് എന്നീ ക്രമത്തിലാണ്. http://www.andamantourism.in/tribals-andamans-india.html

ഇന്ത്യയിലെ ആദിവാസികളുടെ ഭൂമിശാസ്ത്രപരമായ വിഭജനം നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. ഇന്ത്യയുടെ ഒരു രേഖാചിത്രം വരച്ച് വിവിധ ഭൂപ്രദേശങ്ങളിൽ അധിവസിക്കുന്ന ഗോത്രവർഗ സമൂഹങ്ങളുടെ സ്ഥാനനിർണയം നടത്തുക.

II. **വംശീയ ചേർച്ച (Racial Affinity):** ശാരീരിക സവിശേഷതകൾ അനുസരിച്ച് ഇന്ത്യയിലെ ഗോത്രവർഗവിഭാഗങ്ങളെ നിഗ്രിറ്റോ, പ്രോട്ടോആസ്ട്രലോയ്ഡ്, മംഗളോയ്ഡ്, മെഡിറ്ററേനിയൻ എന്നിങ്ങനെ നാലുവർഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

a) **നിഗ്രിറ്റോ ഗ്രൂപ്പ് (Negrito Group):** പൊക്കം കുറവ്, ഇരുണ്ടു തവിട്ടു നിറത്തിലുള്ള തൊലി, പതിഞ്ഞ് വീതികൂടിയ മൂക്ക്, തടിച്ച ചുണ്ടുകൾ, ചുരുണ്ട മുടി തുടങ്ങിയവ നെഗ്രിറ്റോ വംശത്തിന്റെ ശാരീരിക പ്രത്യേകതകളാണ്. ബിഹാറിലെ ബിർഹോർ, ഉത്തർപ്രദേശിലെ രാജിസ്, കേരളത്തിലെ കാടർ, ഇരുളർ, ആന്തമാൻ-നിക്കോബാർ ദ്വീപസമൂഹത്തിലെ ഗ്രേറ്റ്

ചിത്രം 8.7 നിഗ്രിറ്റോ ഗോത്രം

ആന്തമാനീസ്, സെന്റിനെലീസ്, ഓംഗേ, ജാരവ തുടങ്ങിയ ഗോത്രവർഗ സമൂഹങ്ങളും നിഗ്രിറ്റോ വംശത്തിൽപ്പെടുന്നു. എന്നിരുന്നാലും ഇന്ത്യൻ സമൂഹത്തിൽ നിഗ്രിറ്റോയ്ഡ് വംശത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നിരുന്നോ എന്നതിനെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്.

മുകളിൽ പറഞ്ഞിരിക്കുന്ന ഗോത്രവിഭാഗങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുകയും അവരുടെ ശാരീരികസ്വഭാവങ്ങൾ നിഗ്രിറ്റോ വംശരുടേതാണോ എന്ന് പരിശോധിക്കുകയും ചെയ്യുക.

b) പ്രോട്ടോ ആസ്ത്രലോയ്ഡ് വംശം (Proto Australoid Group): ഇന്ത്യയിലെ ഒട്ടുമിക്ക ഗോത്രവിഭാഗങ്ങളും പ്രോട്ടോ ആസ്ത്രലോയ്ഡ് വംശത്തിൽപ്പെടുന്നു. മധ്യമ ഉയരം, തവിട്ടു നിറത്തിലുള്ള തൊലി, ചുരുണ്ടമുടി, കുറഞ്ഞ നെറ്റിത്തടം, പതിഞ്ഞ മൂക്ക്, മലർന്ന ചുണ്ടുകൾ എന്നിവ പ്രോട്ടോ ആസ്ത്രലോയ്ഡ് വംശജരുടെ ശാരീരികപ്രത്യേകതകളാണ്. ചില പണ്ഡിതർ ഇവരെ ദ്രാവിഡപൂർവവംശമെന്ന് വിളിക്കുന്നുണ്ട്. ശക്തമായ പേശിയോടുകൂടിയ ദൃഢമായ ശരീരഘടന ഇവരുടെ പ്രത്യേകതയാണ്. ബസ്തറിലെ ഗോണ്ട്, രാജസ്ഥാനിലെ ഭീൽസ്, ചോട്ടാനാഗ്പൂരിലെ ഒറാവോൻ, മുണ്ട, സന്താൾ, ആന്ധ്രപ്രദേശിലെ ചെഞ്ചു, അട്ടപ്പാടിയിലെ കുറുമ്പർ, ബിഹാറിലെ കോൾ, ഖാരിയ, ഹോ എന്നീ ഗോത്രവിഭാഗങ്ങൾ പ്രോട്ടോ ആസ്ത്രലോയ്ഡ് വിഭാഗത്തിൽപ്പെടുന്നു.

c) മംഗളോയ്ഡ്വംശം (Mangaloid Group): വടക്കുകിഴക്കൻ അതിർത്തി മേഖലയിൽ വസിക്കുന്ന ഗോത്രവർഗവിഭാഗങ്ങളാണ് മംഗളോയ്ഡ്. മധ്യമ ഉയരം, മഞ്ഞകലർന്ന തവിട്ടുനിറമുള്ള തൊലി, പരന്ന മുഖം, പ്രകടമായ കവിളെല്ല് തുടങ്ങിയവ മംഗളോയ്ഡ് വിഭാഗത്തിന്റെ സവിശേഷതകളാണ്. പരന്ന മൂക്ക്, കൺപോളകളുടെ ചരിവുള്ള മടക്ക് എന്നിവയും ഇവരുടെ പ്രത്യേകതകളാണ്.

ശരീരത്തിലും മുഖത്തും രോമങ്ങളുടെ വളർച്ച പരിമിതമാണ്. വടക്ക്കിഴക്കൻ മേഖലയിലെ നാഗ, ഗാരോ, ഖാസി, ലപ്ച്ച തുടങ്ങിയ ഗോത്രവിഭാഗങ്ങൾ ഈ ഗ്രൂപ്പിനെ പ്രതിനിധീകരിക്കുന്നു.

d) മെഡിറ്ററേനിയൻ വംശം (Mediterranean Group): ഉയരം കൂടിയ ശരീരം, വെളുത്ത നിറം, നീളം കൂടിയ നേർത്ത മൂക്ക്, നേരിയ ചുണ്ടുകൾ, തരംഗ രൂപത്തിലുള്ള മുടി, രോമാവൃതമായ ശരീരം തുടങ്ങിയവ മെഡിറ്ററേനിയൻ വംശജരുടെ പ്രത്യേകതകളാണ്. മെഡിറ്ററേനിയൻ ഗ്രൂപ്പിനെയും ദ്രാവിഡഭാഷ സംസാരിക്കുന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർ പ്രധാനമായും തെക്കേ ഇന്ത്യയിലാണ് കണ്ടുവരുന്നത്. നീലഗിരിയിലെ തോഡർ മെഡിറ്ററേനിയൻ വിഭാഗത്തിൽപ്പെടുന്നു.



ചിത്രം 8.8 മെഡിറ്ററേനിയൻ ഗോത്രവർഗം

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളാൽ വ്യത്യസ്ത മനുഷ്യവർഗങ്ങൾ കാണപ്പെടുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇന്ത്യയിലെ വിവിധ ഗോത്രവർഗ സമൂഹങ്ങളുടെ ഒരു ആൽബം അല്ലെങ്കിൽ ഡിജിറ്റൽ അവതരണം തയാറാക്കുക.

III. ഭാഷാചേർച്ച (Linguistic Affiliation)

ഭാഷ ജനങ്ങളുടെ വംശീയച്ചേർച്ചകൾ നിർണയിക്കാനുള്ള ഒരു അളവുകോലാണ്. ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിലെ ഗോത്രവർഗവിഭാഗങ്ങളെ താഴെ പറയുന്ന തരത്തിൽ വിഭജിക്കാൻ കഴിയും.

a) **ഓസ്ട്രിക് (Austric)** : ഗ്രിയേർസൺ (Griersoп) ഓസ്ട്രിക് ഭാഷാകുടുംബത്തെ മുണ്ടാരി, മോൻ-കമീർ എന്നീ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മധ്യ ഇന്ത്യയിലെ സന്താൾ, മുണ്ട, കോൾ, ഹോ, ലോധ, ഖാരിയ തുടങ്ങിയ ഗോത്രവർഗ ജനവിഭാഗങ്ങൾ മുണ്ടാഭാഷ സംസാരിക്കുന്നു. മേഘാലയയിലെ ഖാസി, നിക്കോബാർ ദ്വീപസമൂഹത്തിലെ നിക്കോബാറീസ് എന്നീ ഗോത്രവർഗ വിഭാഗങ്ങൾ മോൻ-കമാർ ഭാഷ സംസാരിക്കുന്നു.

b) **ദ്രാവീഡം (Dravidian):** മധ്യ ഇന്ത്യയിലെ ഗോണ്ട്, ഖോൻഡ്, ഒറാവോൻ എന്നീ വിഭാഗങ്ങളും തെക്കേ ഇന്ത്യയിലെ ചെഞ്ചു, തോഡ, കോട്ട, ഇരുളർ, കാടർ, പണിയർ എന്നീ ഗോത്രവിഭാഗങ്ങളും ദ്രാവിഡഭാഷ സംസാരിക്കുന്നവരാണ്.

c) **ടിബറ്റോ-ബർമൻ (Tibetto-Burman):** വടക്കൻ-കിഴക്കൻ മേഖലയിലെ ഗോത്രവിഭാഗങ്ങൾ മുഴുവൻ ടിബറ്റോബർമൻ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്നു. നാഗ,കുക്കി, ലെപ്ച്ച, ബോഡോ, ഗാരോ എന്നീ ഗോത്രവർഗ വിഭാഗങ്ങൾ ടിബറ്റോ-ബർമൻ ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്നു.

d) **വർഗീകരിക്കാത്തവ (Unclassified):** ആന്തമാൻ ദ്വീപസമൂഹത്തിലെ ഓംഗേ, ജാരവ, ആന്തമാനീസ് തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ ഭാഷ ഇതുവരെയും വർഗീകരിച്ചിട്ടില്ല. ആയതിനാൽ അവരെ വർഗീകരിക്കാത്ത വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഗോത്രവർഗമേഖലയിലെ ജനവിഭാഗങ്ങൾ സമീപപ്രദേശങ്ങളിലെ സ്വാധീനം അനുസരിച്ചും മറ്റു ജനവിഭാഗമായുള്ള സമ്പർക്കം കാരണവും ബംഗാളി, ഹിന്ദി, ഒറിയ, ആസാമീസ്, രാജസ്ഥാനി, ഗുജറാത്തി തുടങ്ങി ഇൻഡോ-ആര്യൻഭാഷകൾ സംസാരിച്ചുവരുന്നുണ്ട്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ വടക്ക് കിഴക്കൻ മേഖലയിലെ ചില ഗോത്രവർഗവിഭാഗങ്ങൾ ഇംഗ്ലീഷ് ഭാഷ സാധാരണയായി ഉപയോഗിച്ചുവരുന്നു.

ഇന്ത്യൻ ഗോത്രവർഗ ജനവിഭാഗങ്ങളുടെ ഭാഷാടിസ്ഥാനത്തിലുള്ള വിഭജനങ്ങൾ നിങ്ങൾ മനസ്സിലാക്കി. ഇന്ത്യയിലെ ഭാഷാകുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു ചാർട്ട് തയാറാക്കി അവയെ പ്രതിനിധീകരിക്കുന്ന പ്രധാനപ്പെട്ട ഗോത്രവർഗങ്ങളെ കണ്ടെത്തുക.

IV. തൊഴിൽ വർഗീകരണം (Occupational Classification): ഇന്ത്യയിലെ ഗോത്രവർഗവിഭാഗങ്ങളിൽ വ്യത്യസ്ത സമ്പദ്‌വ്യവസ്ഥകളാണ് നിലവിലുള്ളത്. ഭക്ഷണശേഖരണം മുതൽ സ്ഥിരം കാർഷിക വൃത്തിവരെയുള്ള വിവിധ സാമ്പത്തികമേഖലകളിൽ ഇവർ ഏർപ്പെട്ടിരുന്നു. ഓരോ ഗോത്രവർഗത്തിനും അവരുടെ തനതായ സമ്പദ്‌വ്യവസ്ഥയുണ്ടെങ്കിലും മറ്റു ഉപതൊഴിലുകളിലും ഇവർ ഏർപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ഗോത്രവർഗ സമൂഹത്തിൽ കണ്ടുവരുന്ന വിവിധ സമ്പദ്‌വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു.

a) **വേട്ടയും ശേഖരണവും (Hunting and Food Gathering)**: ഇന്ത്യയിലെ ഒട്ടുമിക്ക ഗോത്രവിഭാഗങ്ങളും വനങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇവർ വനത്തിൽനിന്നു ചെറുമൃഗങ്ങളെ വേട്ടയാടിയും മത്സ്യബന്ധനം നടത്തിയും ഭക്ഷ്യയോഗ്യമായ വേരുകൾ, പഴങ്ങൾ, തേൻ തുടങ്ങിയവ ശേഖരിച്ചും ജീവിച്ചിരുന്നു. ഉത്തർപ്രദേശിലെ രാജിസ്, ബിഹാറിലെ ബിർഹോർ, ആന്തമാൻ ദ്വീപസമൂഹത്തിലെ ഓഗേ, ജാരവ, സെന്റിനെലീസ്, കേരളത്തിലെ കാടർ, കാട്ടുനായക്കർ, ചോലനായ്ക്കർ തുടങ്ങിയ ഗോത്രവർഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.

b) **മൃഗപരിപാലനം (Pastoralism):** മൃഗങ്ങളെ വളർത്തി ഉപജീവനമാർഗം കണ്ടെത്തുന്ന ഗോത്രവർഗങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർ ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി മൃഗങ്ങളെ നേരിട്ടോ അല്ലാതെയോ ആശ്രയിക്കുന്നു. അസാധാരണമായ പാരിസ്ഥിതിക മേഖലകളിൽ ഇത്തരം ഗോത്രവർഗസമൂഹങ്ങൾ മൃഗപരിപാലനവുമായി താദാത്മ്യം പ്രാപിക്കുന്നു. നീലഗിരിയിലെ തോടർ, അൾമോറയിലെ ബോട്ടിയാസ് എന്നീ വിഭാഗങ്ങൾ മൃഗപരിപാലന ഗോത്രവർഗങ്ങൾക്ക് ഉദാഹരണമാണ്.

c) **പുനംകൃഷി (Shifting Cultivation):** ഇന്ത്യയിലെ ഗോത്രവിഭാഗങ്ങൾക്കിടയിൽ വ്യാപകമായി ഉണ്ടായിരുന്ന കൃഷിരീതിയാണ് പുനംകൃഷി. മണ്ണ് പാകപ്പെടുത്തി കത്തിക്കൽ (slash & burn) അല്ലെങ്കിൽ സ്വിഡൻ കൾട്ടിവേഷൻ (swidden cultivation) എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. ആസ്സാമിൽ 'ജും' ഒറീസയിൽ 'പൊടു', കേരളത്തിൽ 'പുനംകൃഷി' എന്നിങ്ങനെ പേരുകളിൽ മാറ്റക്കൃഷി അറിയപ്പെടുന്നു. മാളർ, ഹിൽഖാരിയ, കോർവ, ഗോണ്ട്, നാഗ എന്നീ ഗോത്രവർഗങ്ങൾ ഈ കൃഷിരീതി അവലംബിച്ചിരിക്കുന്നു. കേരളത്തിൽ അട്ടപ്പാടിയിലുള്ള കുറുംബ ഗോത്രവിഭാഗം ഈ കൃഷി ഇപ്പോഴും ചെയ്തുവരുന്നു.

d) **കൃഷി (Agriculture)**: ഇന്ത്യയിൽ ഇന്ന് മിക്ക ഗോത്രവർഗങ്ങളുടെയും സാമ്പത്തിക പ്രവർത്തനത്തിന്റെ മുഖ്യസ്ഥാനം കൃഷിയാണ്. ഒട്ടുമിക്ക ഗോത്രവിഭാഗങ്ങൾക്കും സ്ഥിരവാസം ഉറപ്പിച്ചുള്ള കൃഷിരീതി പരിചിതമാണെങ്കിലും അവരുടെ സാമ്പത്തികപ്രവർത്തനത്തിന് അനുബന്ധമായി വേട്ടയാടൽ, ഭക്ഷണശേഖരണം, മീൻപിടിത്തം എന്നിവയിലും ഏർപ്പെടാറുണ്ട്. സന്താൾ, ഒറാവോൻ, മുണ്ട, ഹൊ, ഗോണ്ട്, ബൈഗ, മുള്ളുകുറുംബർ, കുറിച്യർ തുടങ്ങിയ ഗോത്രവിഭാഗങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്.

e) **കരകൗശലവിദ്യ (Tribal Artisans):** ചില ഗോത്രവർഗസമൂഹങ്ങൾ കരകൗശലനിർമാണം ഉപതൊഴിലായി ചെയ്തുവരുന്നു. കുട്ടമെടയൽ, ഉപകരണ നിർമ്മാണം (ഇരുമ്പ്/മരം), നൂൽനൂൽപ്പ്, നെയ്ത്ത്, മൺപാത്രനിർമ്മാണം തുടങ്ങിയ കരകൗശലതൊഴിലുകളിൽ ഇവർ ഏർപ്പെട്ടിരിക്കുന്നു. നാഗ, ഖാസീസ് എന്നിവർ മനോഹരമായ കൈത്തറിവസ്തുക്കൾ നിർമ്മിക്കുന്നു. അസുർ ഗോത്രവിഭാഗം അറിയപ്പെടുന്ന ഇരുമ്പുപണിക്കാരാണ്. കാസറഗോഡ് ജില്ലയിലെ കൊറഗർ, കുട്ടമെടയൽ ജോലിയിലും വയനാട്ടിലെ വേട്ടുക്കുറുമൻ വളരെ വിശിഷ്ടമായ മൺപാത്രനിർമ്മാണങ്ങളിലും ഏർപ്പെട്ടിരിക്കുന്ന ഗോത്രവിഭാഗ മാണ്. ആശാരിപ്പണി, കൊല്ലപ്പണി, കുട്ടനിർമ്മാണം എന്നീ പ്രവൃത്തികളിലും ചില ഗോത്രവിഭാഗങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

f) **കാർഷിക-വ്യവസായ തൊഴിലുകൾ (Agriculture and Industrial Labours):** ഗോത്രവർഗങ്ങളിൽ വലിയൊരു വിഭാഗം കൈവശഭൂമി നഷ്ടപ്പെട്ട കർഷകത്തൊഴിലാളികളാണ്. ഇവർ മറ്റുള്ളവരുടെ കൃഷിസ്ഥലങ്ങളിൽ കൂലിവേല ചെയ്യുന്നു. അവരുടെ വേതനം പണമായോ സാധനങ്ങളായോ ഉൽപ്പന്നത്തിന്റെ പങ്കായോ ലഭിക്കാറുണ്ട്. അവർ ജോലിചെയ്യുന്ന സ്ഥലത്തിനുമേൽ അവർക്കു യാതൊരുവിധ അവകാശവുമില്ല. ചില ആളുകൾ പ്രത്യേക സമയങ്ങളിൽ മറ്റു കായികമായ തൊഴിലുകൾക്കായി അടുത്ത പ്രദേശങ്ങളിലേക്ക് കുടിയേറി പാർക്കുന്നു. മധ്യ ഇന്ത്യയിലെ സന്താൾ, ഒറാവോൻ, ഹോ, ഖോണ്ട്, ഗോണ്ട് തുടങ്ങിയ ഗോത്രവർഗങ്ങൾ ഇന്ന് വ്യവസായമേഖലയിൽ കൂലിവേല ചെയ്യുന്നു. ഇതിനുപുറമേ കേരളത്തിലെ അടിയർ, പണിയർ ഗോത്രവിഭാഗക്കാരും കാർഷികമേഖലയിലെ കൂലിപ്പണിക്കാരാണ്. ഇടുക്കിയിലെ മുതുവാൻ നാണ്യവിളമേഖലയിലെ തൊഴിലാളികളാണ്. അവർ ഏലംകൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നത്.

ഇന്ത്യയിലെ ഗോത്രവർഗങ്ങളുടെ വിഭജനം ഭൂപ്രകൃതി, വംശീയച്ചേർച്ച, ഭാഷ, തൊഴിൽ എന്നിവയുടെ അടിസ്ഥാനത്തിലാണെന്ന് നാം ചർച്ചചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഗോത്രവർഗവിഭജനം കാണിക്കുന്ന ഒരു ഫ്ളോചാർട്ട് വരച്ച് ഉദാഹരണം എഴുതുക.

ഗോത്രവർഗ ജനവിഭാഗങ്ങൾ ഭൂപ്രകൃതിയാൽ ഒറ്റപ്പെട്ടുകിടക്കുന്നതും പ്രത്യേക സാമൂഹിക-സാംസ്കാരിക ജീവിതവും സാമ്പത്തികപിന്നാക്കാവസ്ഥയും വച്ചു പുലർത്തുന്നതുമായ ജനവിഭാഗമാണെന്ന് നാം കാണുകയുണ്ടായി. ഇവയിൽ ചില ഗോത്രവിഭാഗങ്ങൾ എല്ലാവിധ ചൂഷണങ്ങൾക്കും വിധേയരായവരും അതുകാരണം വളരെയധികം സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്നതുമായ ജനവിഭാഗമാണ്. സാമ്പത്തിക പിന്നാക്കാവസ്ഥയും നിരക്ഷരതയും കണക്കിലെടുത്തു കൊണ്ട് ഇത്തരം ഗോത്രവർഗ സമൂഹങ്ങളെ പ്രത്യേക ദുർബലഗോത്രവിഭാഗമായി വിശേഷിപ്പിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഇവർ അറിയപ്പെട്ടിരുന്നത് 'പ്രാക്തന ഗോത്രവർഗം' എന്ന പേരിലാണ്.

സവിശേഷ ഭിന്നഗോത്രവിഭാഗങ്ങൾ
(Particularly Vulnerable Tribal Groups (PVTGs))

'പ്രാക്തന ഗോത്രവർഗം' അഥവാ 'പ്രിമിറ്റീവ് ട്രൈബ്' എന്ന ആശയം രൂപീകരിച്ചത് ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനും ഇന്ത്യൻ സിവിൽ സർവീസ് ഭരണാധികാരിയുമായ ജെ.എച്ച്. ഹട്ടനാണ്. 1931 ൽ ഇന്ത്യൻ കാനേഷുമാരി കമ്മീഷണർ ആയിരുന്നു അദ്ദേഹം. ഒരു പ്രദേശത്തെ വികസനപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വിവിധ ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക നിലവാരവും അവികസിത പ്രദേശങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ഏറ്റവും പിന്നാക്കം നിൽക്കുന്ന ഗോത്രവർഗ സമൂഹങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നത് നിരവധി കമ്മീഷനുകളുടെ ശ്രദ്ധ പടിച്ചുപറ്റി. ഇത്തരം ഗോത്രവർഗങ്ങളെ കണ്ടെത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയ മാനദണ്ഡങ്ങളാണ് കുറഞ്ഞുവരുന്ന ജനസംഖ്യ, ഉപജീവന സമ്പദ്വ്യവസ്ഥ, കുറഞ്ഞ സാക്ഷരതാനിലവാരം, കാർഷികപൂർവ സാങ്കേതികവിദ്യ എന്നിവ.

ഇന്ത്യ ഗവൺമെന്റ് 75 ഗോത്രവർഗങ്ങൾ പ്രക്തന ഗോത്രവിഭാഗമാണെന്ന് (PTGS) കണ്ടെത്തി. ഇവ പതിനഞ്ചോളം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി കാണപ്പെടുന്നു.'പ്രാക്തനം' എന്നത് ആക്ഷേപമായതിനാൽ ഇപ്പോൾ ഈ വാക്ക് ഉപയോഗത്തിലില്ല. ആയതിനാൽ ദേശീയ ഗോത്രവർഗനയ (National Tribal Policy) പ്രകാരം സവിശേഷ ദുർബലഗോത്രവിഭാഗം (പെർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്) എന്ന പദം ഉപയോഗിക്കാൻ തുടങ്ങി.

ഭിന്നഗോത്രവിഭാഗങ്ങളുടെ സ്വഭാവസവിശേഷതകൾ
(Characteristics of Particularly Vulnerable Tribal Groups)

മറ്റു ഗോത്രവർഗ വിഭാഗങ്ങളിൽനിന്നു വ്യത്യസ്തമായി പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ ചില സ്വഭാവസവിശേഷതകൾ താഴെ കൊടുത്തിരിക്കുന്നു.

1. **കുറഞ്ഞുവരുന്ന ജനസംഖ്യ (Diminishing Population):**
   ചില ഗോത്രവർഗങ്ങളുടെ ജനസംഖ്യ വളരെ വേഗത്തിൽ കുറഞ്ഞുവരുന്നതായും അവർ നാമാവശേഷമായിപ്പോകുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നതായും കാണുന്നു. പരിസ്ഥിതിയിൽ വരുന്ന മാറ്റങ്ങളാണ് ഇവർ നാമാവശേഷമാകാനുള്ള പ്രധാന കാരണം. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലനാവസ്ഥയിലെ മൗലികമായ മാറ്റങ്ങൾ, പ്രത്യേകവിധത്തിലുള്ള വനനയങ്ങൾ, പോഷകാഹാരക്കുറവ്, രോഗങ്ങൾ തുടങ്ങിയവയാണ് ചില ഗോത്രകുലങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ.
2. **ഉപജീവന സമ്പദ്നിലവാരം (Subsistence Level of Economy):**
   ഒട്ടുമിക്ക പ്രത്യേക ദുർബലഗോത്രവിഭാഗങ്ങളും വനങ്ങളിൽ താമസിക്കുകയും വനവിഭവങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരുമാണ്. വേട്ടയാടലും ഭക്ഷ്യശേഖരണവും വഴി ഉപജീവനത്തിനു വേണ്ടിയുള്ള ആഹാരസമ്പാദനത്തിൽ മാത്രമേ അവർ ഏർപ്പെടുന്നുള്ളു. അവരുടേത് അധിക സമ്പദ്വ്യവസ്ഥയല്ല. പകരം

അവരുടെ ആഭ്യന്തര ഉൽപ്പാദനരീതി ഉപജീവനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

3. **താഴ്ന്ന സാക്ഷരതാനിലവാരം (Low Level Literacy):** ഒരു സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തികപദവി നിർണയിക്കുന്നതിൽ ഒരു പ്രധാന സൂചികയാണ് വിദ്യാഭ്യാസം. ഔപചാരികവിദ്യാഭ്യാസം ലഭിക്കാത്ത ഗോത്രവർഗസമൂഹങ്ങൾ സ്വാഭാവികമായും സാമൂഹികചുറ്റുപാടിൽ പിന്നാക്കാവസ്ഥയിലായിരിക്കും. ഗോത്രവർഗവികസനത്തെ തടയുന്ന ഘടകമാണ് കുറഞ്ഞ സാക്ഷരതാനിരക്ക്. ആയതിനാൽ കുറഞ്ഞ സാക്ഷരതാനിരക്ക് ഗോത്രവർഗ വിഭാഗങ്ങളെ പി.വി.ടി.ജി.യിൽ ഉൾപ്പെടുത്തുന്നതിന് ഒരു മാനദണ്ഡമായി പരിഗണിക്കപ്പെടുന്നു.

4. **കാർഷികപൂർവ സാങ്കേതികവിദ്യ (Pre-Agricultural Level of Technology):** പ്രകൃതിവിഭവങ്ങൾ ശേഖരിക്കുന്നതിനായി ചില ഗോത്രവർഗ സമൂഹങ്ങൾ ലളിതമായ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നത്. വേട്ടയാടലും വനവിഭവശേഖരണവുമായി ജീവിക്കുന്ന ഗോത്രവർഗവിഭാഗങ്ങൾ അമ്പ്, വില്ല്, കുഴിമാന്താനുള്ള വടി തുടങ്ങിയ ലളിതമായ സാങ്കേതികവിദ്യകളാണ് ആഹാരസമ്പാദനത്തിന് ഉപയോഗിക്കുന്നത്. അവരുടെ ഉപകരണങ്ങൾ കൂടുതൽ കഠിനമായ ജോലിക്ക് അപക്വമാണ്.

മുകളിൽ പറഞ്ഞിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പി.വി.ടി.ജി. സമുദായങ്ങളെ കണ്ടെത്താൻ നിങ്ങൾക്കു സാധിക്കും. ഈ ഗോത്രവർഗങ്ങൾ ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലുമായി കാണപ്പെടുന്നു. വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലുമുള്ള പി.വി.ടി.ജി. സമുദായങ്ങളെ ഇന്റർനെറ്റിന്റെ സഹായത്തോടെ കണ്ടെത്തി ഒരു ചാർട്ട് തയാറാക്കുക.

ഇന്ത്യയിലെ ഗോത്രവർഗവിഭാഗങ്ങളെ കുറിച്ച് നാം ചർച്ചചെയ്തു. ഭൂപ്രകൃതിയാൽ കേരളം ഒരു ചെറിയ സംസ്ഥാനമാണെങ്കിലും ഗോത്രവർഗ ജീവിതത്തിലും സംസ്കാരത്തിലും നിരവധി വൈവിധ്യങ്ങൾ കാണുവാൻ സാധിക്കും. കേരളത്തിലെ ഗോത്രവർഗജീവിതത്തെക്കുറിച്ച് നമുക്ക് ചർച്ചചെയ്യാം.

കേരളത്തിലെ ഗോത്രവർഗങ്ങൾ (Tribes of Kerala)

നിരവധി ഗോത്രവർഗ ജനവിഭാഗങ്ങളുടെ വാസസ്ഥലമാണ് കേരളം. ഇവയിൽ ഭൂരിഭാഗവും പശ്ചിമഘട്ട മലനിരകളുടെ താഴ്‌വരകളിലാണ് അധിവസിക്കുന്നത്. എങ്കിലും ഇന്ത്യയിലെ ഗോത്രവർഗ ജനസംഖ്യാകേന്ദ്രീകരണത്തിൽ കേരളത്തിന് 21-ാം സ്ഥാനമാണു ള്ളത്.

2011 ലെ കനേഷുമാരി പ്രകാരം കേരളത്തിലെ പട്ടികവർഗ ജനസംഖ്യ 4,84,839 ആണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 1.5% വരും. ഇന്ത്യ ഗവൺമെന്റ് കേരളത്തിലെ 37 ഗോത്രവർഗ്ഗങ്ങളെ പട്ടികവർഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരി ക്കുന്നു. ഓരോ ഗോത്രവർഗ ജനവിഭാഗവും അവരുടെ സംസ്കാരങ്ങളിലും ഭാഷയിലും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു.

- വയനാട് നിരവധി ഗോത്രവിഭാഗങ്ങളുടെ വാസസ്ഥലമാണ്. പണിയൻ, അടിയൻ, കുറിച്യൻ, കുറുമർ, കാട്ടുനായ്ക്കൻ, തച്ചനാട്മൂപ്പൻ, വേട്ടക്കുറുമൻ (ഊരാളിക്കുറുമൻ) തുടങ്ങിയ ഗോത്രവർഗങ്ങൾ വയനാട്ടിൽ വസിക്കുന്നു. ഒരുകാലഘട്ടത്തിൽ ഗോത്രജനവിഭാഗങ്ങളുടെ മേധാവിത്വമുണ്ടായിരുന്ന വയനാട് ജില്ല ഇന്ന് നിരവധി കുടിയേറ്റക്കാരുടെ വാസസ്ഥലമാണ്. ഇതുകാരണം ഗോത്രവർഗ ജനസംഖ്യ കുറഞ്ഞു ന്യൂനപക്ഷമായി മാറുകയും അവരുടെ ഭൂമിയിൽത്തന്നെ അന്യരെന്ന പദവിയിലേക്ക് ചുരുങ്ങുകയും ചെയ്തു.
- ഗോത്രവർഗ ജനസംഖ്യ കൂടുതലുള്ള മറ്റൊരു ജില്ലയാണ് ഇടുക്കി. ഹിൽപുലയൻ, ഊരാളി, മുതുവൻ, മാന്നാൻ, ഉള്ളാടൻ, മലയരയൻ തുടങ്ങിയ ഗോത്രവർഗങ്ങൾ ഇവിടെ വസിക്കുന്നു.
- ഇരുളർ, കുറുമ്പർ, മുഡുഗർ തുടങ്ങിയ ഗോത്രവർഗങ്ങളുടെ ആധിക്യം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ കാണപ്പെടുന്നു.
- കണ്ണൂർ, കോഴിക്കോട് ജില്ലകളിലുള്ള ഗോത്രവർഗങ്ങളാണ് പണിയർ, കുറിച്യർ എന്നിവർ.
- കൊറഗ, മാവിലൻ, മലവേട്ടുവൻ എന്നീ ഗോത്രവർഗങ്ങൾ കാസർഗോഡ് ജില്ലയിലുണ്ട്. മറാട്ടി എന്ന സമുദായത്തെ 2002 ൽ പട്ടികവർഗ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെങ്കിലും 2014ൽ വീണ്ടും ഈ സമുദായത്തെ പട്ടികവർഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ആ സമുദായത്തിന്റെ കൂട്ടിച്ചേർക്കൽ കാരണമാണ് കേരളത്തിലെ പട്ടികവർഗവിഭാഗങ്ങളുടെ എണ്ണം 37 ആയി ഉയർന്നിട്ടുള്ളത്.

കേരളത്തിലെപട്ടികവർഗ വിഭാഗങ്ങൾ
(2011 സെൻസസ്)

1. അടിയൻ
2. അരനാട (അരനാടൻ)
3. ഇരവാലൻ
4. ഹിൽപുലയ (മലപുലയൻ, കുറുംബ പുലയൻ, കരവാഴി പുലയൻ, പാമ്പ പുലയൻ)
5. ഇരുളൻ, ഇരുളർ
6. കാടർ, (വയനാട് കാടർ)
7. കാണിക്കാരൻ, കാണിക്കാർ
8. കരിംബാലൻ
9. കാട്ടുനായ്ക്കൻ
10. കൊച്ചുവേലൻ
11. കൊറഗ
12. കുടിയ, മേലകുടി
13. കുറിച്യൻ
14. കുറുമൻ (മുള്ളുക്കുറുമൻ, മുള്ളക്കുറുമൻ, മലക്കുറുമൻ)
15. കുറുംബാസ് (കുറുംബർ, കുറുംബൻ)
16. മഹാമലസർ
17. മല അരയൻ
18. മലൈപണ്ടാരം
19. മലവേടൻ
20. മലക്കുറവൻ
21. മലസർ
22. മലയൻ, നാട്ടുമലയൻ, കൊങ്ങമലയൻ (കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലകൾ ഒഴികെ)
23. മാവിലൻ
24. മലയരയർ
25. മന്നാൻ
26. മുതുവൻ, മുഡുഗർ, മുഡുവാൻ
27. പളിയൻ, പള്ളിയൻ, പള്ളിയാൻ, പള്ളിയ,
28. ഉള്ളാടൻ
29. ഊരാളി
30. മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ല മാത്രം)
31. തേൻകുറുമൻ, ജേനു കുറുമൻ
32. തച്ചനാടൻ, തച്ചനാടൻ മൂപ്പൻ
33. പണിയൻ
34. ചോലനായ്ക്കൻ
35. മലപണിക്കർ
36. വേട്ടക്കുറുമൻ
37. മറാട്ടി

ചിത്രം 8.9 വിവിധ ഗോത്രവർഗ സമ്പദ്‌വ്യവസ്ഥകൾ

- ചോലനായ്ക്കൻ, അരനാടൻ, പണിയൻ, കാട്ടുനായ്ക്കൻ തുടങ്ങിയ ഗോത്രവർഗങ്ങൾ കാണപ്പെടുന്നത് മലപ്പുറംജില്ലയിലാണ്.
- കൊല്ലം, തിരുവനന്തപുരം ജില്ലകളിലുള്ള ഗോത്രവിഭാഗമാണ് കാണിക്കാർ.
- മലപ്പണ്ടാരം, മലവേടൻ എന്നീ ഗോത്രവിഭാഗങ്ങൾ പത്തനംതിട്ട ജില്ലയിൽ വസിക്കുന്നു.
- മുകളിൽ കൊടുത്ത പട്ടിക പൂർണമല്ല. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽനിന്നും വിവരശേഖരണം നടത്തി കേരളത്തിലെ ഓരോ ജില്ലയിലും വസിക്കുന്ന ഗോത്രവർഗങ്ങളുടെ പട്ടിക നിങ്ങൾക്ക് തയാറാക്കാവുന്നതാണ്.

ഇന്ത്യയിലെ ഇതര ഭാഗങ്ങളിൽ കാണപ്പെടുന്നതുപോലെ തന്നെ കേരളത്തിലെ ചില ഗോത്രവർഗങ്ങളും വികസനത്തിന്റെ ആദ്യഘട്ടങ്ങളിലാണ്. ഇവർ നിരവധി ചൂഷണങ്ങൾക്ക് വിധേയരാകുന്നു. മറ്റു ഗോത്രവർഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹികപദവികളിൽ ഇവർ വളരെയധികം പിന്നിലാണെന്ന് കാണാവുന്നതാണ്. ഇത്തരം ഗോത്രവർഗങ്ങളെയാണ് സവിശേഷപരിഗണന അർഹിക്കുന്ന ഗോത്രവർഗ വിഭാഗങ്ങൾ അഥവാ പി.വി.ടി.ജി.എസ്. എന്നു വിളിക്കുന്നത്. ഇവരുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

കേരളത്തിലെ സവിശേഷഭിന്നഗോത്രവർഗവിഭാഗങ്ങൾ (Particularly Vulnerable Tribal Groups of Kerala)

കൊറഗ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കുറുംബർ, കാടർ എന്നിങ്ങനെ അഞ്ച് പി.വി.ടി.ജി.എസ് വിഭാഗങ്ങളാണ് കേരളത്തിലുള്ളത്. കേരളത്തിലെ മൊത്തം പട്ടിക ഗോത്രവർഗ ജനസംഖ്യയുടെ 5.3% പി.വി.ടി.ജി.എസ്. ആകുന്നു. ഓരോ വിഭാഗത്തെക്കുറിച്ചുമുള്ള ചെറുകുറിപ്പുകൾ താഴെ കൊടുത്തിരിക്കുന്നു.

1. **കൊറഗർ (Koraga):** കാസറഗോഡ് ജില്ലയിലുള്ള ഗോത്രവിഭാഗമാണ് കൊറഗർ. തുളു, കന്നഡ എന്നിവയ്ക്ക് സമാനമായ ഭാഷയാണ് ഇവർ സംസാരിക്കുന്നത്. ഏകവിവാഹം പിന്തുടരുന്നവരാണിവർ. ഗ്രാമത്തലവൻ 'ഗുരുകാര' എന്നറിയപ്പെടുന്നു. ഇദ്ദേഹമാണ് ഗ്രാമത്തിലെ സാമൂഹികവും മതപരവുമായ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത്. പരമ്പരാഗതമായി കുട്ടനിർമാണത്തിൽ വൈദഗ്ധ്യം ലഭിച്ചവരാണിവർ. കർഷകത്തൊഴിലാളികൾ, ചെങ്കല്ല്പണി, ബീഡിതെറുക്കൽ, കൂലിവേല തുടങ്ങിയ

ചിത്രം 8.10 കൊറഗർ

മേഖലകളിലും ഇവർ ഇപ്പോൾ ജോലിചെയ്തുവരുന്നുണ്ട്. കൊറഗ സമുദായക്കാർ പിന്നാക്കം നിൽക്കുന്നവരും നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരുമാണ്.

2. **കാടർ (Kadar):** കാടർ ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള നിവാസികളിൽ ഒന്നാണ്. തമിഴിനോട് സാമ്യമുള്ള ഭാഷയാണ് ഇവർ സംസാരിക്കുന്നത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽപ്പെട്ട പറമ്പിക്കുളം, കുരിയാർകുറ്റി, നെല്ലിയാമ്പതി, കൊടശ്ശേരി വനമേഖലകളിലും തൃശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ വാഴച്ചാൽ, പെരിങ്ങൽക്കുത്ത്, ഷോളയാർ വനപ്രദേശങ്ങളിലുമാണ് കാടർ വസിക്കുന്നത്. തമിഴ്നാട്ടിൽ കോയമ്പത്തൂർ ജില്ലയിലെ ആനമല മലനിരകളുടെ സമീപപ്രദേശങ്ങളിലും ഇവരുണ്ട്.

ചിത്രം 8.11 കാടർ

ഈ പ്രദേശത്തെ ആദിമനിവാസികളായി കരുതപ്പെടുന്ന കാടർ ഇടതൂർന്ന വനപ്രദേശങ്ങളിലും കുന്നിൻചരിവിലുമാണ് താമസിക്കുന്നത്. ഭക്ഷണത്തിനുവേണ്ടി ഇവർ ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തിലേക്ക് സഞ്ചരിക്കുന്നു. നാടോടി പ്രകൃതം കാരണം ഇവർ സ്ഥിരമായി ഒരു സ്ഥലത്ത് പാർപ്പിടം നിർമ്മിക്കാറില്ല. മുളകൾ ഉപയോഗിച്ചുള്ള ചെറിയ കുടിലുകളിലാണ് ഇവർ താമസിക്കാറുള്ളത്.

കാടരുടെ പരമ്പരാഗത സാമ്പത്തിക അടിസ്ഥാനം വേട്ടയാടൽ, ഭക്ഷ്യശേഖരണം, മീൻപിടിത്തം, തേൻശേഖരണം തുടങ്ങിയവയാണ്. ഇപ്പോൾ ഇവരിൽ പലരും കർഷകത്തൊഴിലാളികളായും കുട്ടനിർമ്മാണജോലിയിലും ഏർപ്പെട്ടിരിക്കുന്നു. ഏകവിവാഹമാണ് ഇവർ പിന്തുടരുന്നത്. ഓരോ ഗ്രാമത്തിലും 'മൂപ്പൻ' എന്നു വിളിക്കുന്ന ഗ്രാമത്തലവൻ ഉണ്ടായിരിക്കും. ഇദ്ദേഹമാണ് ഗ്രാമത്തിലെ എല്ലാ സാമൂഹിക-രാഷ്ട്രീയ കാര്യങ്ങളും നിയന്ത്രിക്കുന്നത്.

3. **ചോലനായ്ക്കൻ (Cholanaickans):** മലപ്പുറം ജില്ലയിൽ നിലമ്പൂർ വനമേഖലയുടെ ഉയർന്ന പർവതനിരയിലാണ് ചോലനായ്ക്കൻ വസിക്കുന്നത്. അവർ വനത്തിനുള്ളിൽ അർധ നാടോടി ജീവിതം നയിക്കുന്നവരും പുറം ലോകവുമായി പരിമിതമായ ബന്ധങ്ങൾ മാത്രമുള്ളവരുമാണ്. കന്നഡയും തമിഴും കലർന്ന ഭാഷയാണ് ഇവർ

ചിത്രം 8.12 ചോലനായ്ക്കൻ

സംസാരിക്കുന്നത്. ഇവരുടെ ഇടയിൽ ജനസാന്ദ്രത വളരെ കുറവാണ്. വനാന്തർഭാഗത്ത് പാറയിലെ ഗുഹകളിലാണ് ഇവർ താമസിച്ചുവരുന്നത്. ഇവർ കേരളത്തിലെ 'ഗുഹാമനുഷ്യർ' എന്ന പേരിലും അറിയപ്പെടുന്നു.

ചേലനായ്ക്കൻ താമസിക്കുന്ന സ്ഥലം 'കല്ലുഅളെ' (പാറഗുഹ)എന്നാണ് അറിയപ്പെടുന്നത്. ഓരോ അളയിലും 'ജന്മകാരൻ' എന്ന ഗോത്രവർഗമുഖ്യൻ ഉണ്ടായിരിക്കും. ഇദ്ദേഹമാണ് അളയിലെ എല്ലാ സാമൂഹികവും മതപരവുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

കിഴങ്ങുകൾ, കായ്കനികൾ, തേൻ, ചെറുകിട വനവിഭവങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി ഇവർ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. മഴക്കാലമൊഴികെയുള്ള എല്ലാ സമയത്തും ഇവർ നാടോടിജീവിതം നയിക്കുന്നു. പൂർണമായി ഒറ്റപ്പെട്ടു താമസിക്കുന്ന ഇവർ ഭക്ഷ്യശേഖരണം, വേട്ടയാടൽ, മീൻപിടിത്തം എന്നിവയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നു.

ചിത്രം 8.13 കുറുംബർ

4. **കുറുംബർ (Kurumbar):** പാലക്കാട് ജില്ലയിലെ അട്ടപ്പാടിമേഖലയിൽ താമസിക്കുന്ന ഗോത്രവർഗമാണ് കുറുംബർ. മലയാളം, തമിഴ്, എന്നിവയോട് സാമ്യമുള്ളതാണ് ഇവരുടെ ഭാഷ. ഭക്ഷണശേഖരണവും മാറ്റക്കൃഷിയുമാണ് ഇവർ ചെയ്യുന്നത്. ധാന്യവർഗങ്ങളായ തുവര, റാഗി, ചാമ, പച്ചക്കറികൾ തുടങ്ങിയവ ഇവർ കൃഷിചെയ്യുന്നു. ഭൂസ്വത്തുക്കളുടെ അവകാശം സമൂഹത്തിനായിരിക്കും. ഭക്ഷ്യധാന്യങ്ങൾക്ക് ക്ഷാമമുണ്ടാകുമ്പോൾ ഇവർ വിവധതരം വേരുകളും കിഴങ്ങുവർഗങ്ങളും ശേഖരിക്കുന്നു. ഇതോടൊപ്പം തേൻശേഖരണത്തിലും ഏർപ്പെട്ടിരിക്കുന്നു. വനങ്ങളിൽനിന്നു ലഭിക്കുന്ന വിവിധ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് വിവിധതരം കുട്ടകൾ ഇവർ നിർമ്മിക്കുന്നു. വന്യമൃഗങ്ങളെ വേട്ടയാടുക, മീൻപിടിത്തം എന്നീ തൊഴിലുകളിലും ഇവർ ഏർപ്പെട്ടിരിക്കുന്നു. കുറുംബരുടെ വാസസ്ഥലം 'ഊര്' എന്നാണ് അറിയപ്പെടുന്നത്. ഓരോ ഊരിനും തലവനായി ഊരുമൂപ്പൻ ഉണ്ടാകും. ഇദ്ദേഹത്തെ സഹായിക്കാൻ ഭണ്ഡാരി, കുറുതല, മണ്ണൂക്കാരൻ എന്നിവരുമുണ്ട്. ഊരുമൂപ്പനാണ് എല്ലാവിധ സാമൂഹിക സാംസ്കാരിക ചടങ്ങുകൾക്കും നേതൃത്വം കൊടുക്കുന്നത്. സമൂഹത്തിലെ ഒട്ടുമിക്ക പൊതുപ്രശ്നങ്ങളും ഇദ്ദേഹം കൈകാര്യം ചെയ്യുന്നു.

5. **കാട്ടുനായ്ക്കർ (Kattunaickar):** വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ വസിക്കുന്ന ഗോത്രവിഭാഗമാണ് കാട്ടുനായ്ക്കൻ അഥവാ കാട്ടുനായകൻ. കാടിന്റെ നായകൻ എന്നാണ് കാട്ടുനായ്ക്കൻ എന്ന വാക്കിന്റെ അർഥം. കന്നഡയോട് സാമ്യമുള്ള ഭാഷയാണ് ഇവർ സംസാരിക്കുന്നത്.

ചിത്രം 8.14 കാട്ടുനായ്ക്കൻ

കാട്ടുനായ്ക്കൻ വനപരിസരിതിയിലാണ് താമസിക്കുന്നത്. അവരുടെ വാസസ്ഥലം അറിയപ്പെടുന്നത് 'കുടി' എന്ന പേരിലാണ്. ഭക്ഷ്യശേഖരണവും ചെറുകിട വനവിഭവശേഖരണവുമാണ് ഉപജീവനമാർഗം. ഇന്ന് ഇവർ ഗ്രാമീണ ജനവിഭാഗത്തോടൊപ്പം കാർഷികമേഖലയിലെ കൂലിക്കാരായും ചെറുകിട കർഷകരായും ജീവിക്കുന്നു. കാട്ടുനായകർ സ്വജാതീയവിവാഹം പിന്തുടരുന്നവരാണ്. ഗ്രാമത്തലവൻ 'മൂപ്പൻ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇദ്ദേഹം കുടിയിലെ സാമൂഹികവും മതപരവുമായ എല്ലാ കാര്യങ്ങളിലും പ്രധാന പങ്കുവഹിക്കുന്നു.

കേരളത്തിലെ പി.വി.ജി.ടി.എസ്സി.നെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇവരെക്കുറിച്ചുള്ള ഒരു വംശീയ ഫോട്ടോഗ്രാഫി തയാറാക്കുക.

സമൂഹത്തിൽ പാർശ്വൽക്കരിക്കപ്പെട്ട ഒരു വിഭാഗമാണ് ഗോത്രവർഗജനത. മുഖ്യധാരയിൽനിന്നു സ്വയം ഒറ്റപ്പെട്ട് പ്രകൃതിയുമായി അടുത്ത് ഇടപഴകി ജീവിക്കുന്നതുകൊണ്ടുതന്നെ അവരുടെ സംസ്കാരം രൂപപ്പെടുന്നത് പ്രകൃതിതാളക്രമമനുസരിച്ചാണ്. ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ ചുറ്റുപാടുകൾക്ക് മാറ്റങ്ങൾ സംഭവിച്ചതിനാൽ ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് നിരവധി പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഗോത്രവർഗം നേരിടുന്ന പ്രശ്നങ്ങൾ വേറിട്ടതും അവരുടെ ജീവിതത്തിനും സംസ്കാരത്തിനും വെല്ലുവിളിയുയർത്തുന്നതുമാണ്.

ഗോത്രവർഗ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ (Problems of Tribal Communities)

കേരളത്തിലെ ആദിമനിവാസികൾ ഈ പ്രദേശത്തെ ആദിവാസികളാണെങ്കിലും സമൂഹത്തിൽനിന്ന് അകറ്റപ്പെട്ടവരാണ്. ഗോത്രവർഗക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾ ഈ അരിക്‌വൽക്കരണത്തിന് കാരണമായിട്ടുണ്ട്. പത്രമാധ്യമങ്ങളിൽ ഗോത്രവർഗം നേരിട്ടുവരുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ വായിച്ചിരിക്കും. ഈ വിഭാഗങ്ങൾ നേരിട്ടുവരുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് നമുക്ക് ചർച്ചചെയ്യാം.

1. **ദാരിദ്ര്യം (Poverty):** ഇന്ത്യയിലെ ഒട്ടുമിക്ക ഗോത്രവർഗങ്ങളും ഇന്ന് ജീവിക്കുന്നത് രൂക്ഷമായ ദാരിദ്ര്യത്തിലാണ്. അവർ ജീവിത ഉപാധിയായി ആശ്രയിക്കുന്നത് പ്രകൃതിവിഭവങ്ങളെയാണ്. കൂടാതെ അവർ ഉപയോഗിക്കുന്ന ലളിതമായ സാങ്കേതിക വിദ്യകളിലൂടെ മികച്ച ഉൽപ്പാദനം കൈവരിക്കാൻ സാധിക്കുന്നില്ല. ഉപജീവന സമ്പദ്‌വ്യവസ്ഥാരീതി അവരുടെ ജീവിതനിലവാരം കൂടുതൽ ദുഷ്കരമാക്കുന്നു.

ഭാവിയിലേക്ക് വേണ്ടുന്ന ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചുവയ്ക്കാത്തതിനാൽ വരൾച്ച, പ്രളയം തുടങ്ങിയ സമയങ്ങളിൽ അവർക്ക് ഭക്ഷണത്തിന് കുറവ് അനുഭവപ്പെടുന്നു. തൊഴിലില്ലായ്മ, വേതനക്കുറവ്, വനനിയമങ്ങൾക്ക് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവ അവരുടെ സാഹചര്യം കൂടുതൽ പരിതാപകരമാക്കുന്നതിനും അതിശക്തമായ ദാരിദ്ര്യം ഉണ്ടാകുന്നതിനും കാരണമായിത്തീരുന്നു.

2. **പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന രോഗാവസ്ഥ (Malnutrition):** ഒന്നോ അതിലധികമോ അത്യന്താപേക്ഷിതമായ പോഷകങ്ങളുടെ ആപേക്ഷികമോ കേവലമോ ആയ അപര്യാപ്തത വഴി ഉണ്ടാകുന്ന രോഗാവസ്ഥയാണ് പോഷണവൈകല്യം (WHO 1966). ഗോത്രവർഗമേഖലയിൽ ഗോത്രേതര ജനസമൂഹം എത്തിച്ചേരുന്നതും ബ്രിട്ടീഷ് ഭരണകാലഘട്ടം മുതലുള്ള സർക്കാറിന്റെ വനനയങ്ങളും സമ്പദ്‌വ്യവസ്ഥയിൽ വന്ന തുടർച്ചയായ മാറ്റങ്ങളും ഗോത്രവർഗ വിഭാഗങ്ങൾ പരമ്പരാഗതവും അനുയോജ്യവുമായ പോഷകാഹാരം കൈയൊഴിയാൻ നിർബന്ധിതരായി. അവർ പ്രാദേശികമായി ലഭ്യമാകുന്ന കുറഞ്ഞ പോഷകാഹാര ഭക്ഷണം കഴിക്കേണ്ടതായിവന്നു. ഇത് പോഷണവൈകല്യത്തിനും പട്ടിണിക്കും കാരണമായിത്തീർന്നു. പോഷണവൈകല്യം സർവസാധാരണമായി. ഇത് അണുബാധയെ ചെറുക്കാനുള്ള കഴിവ് നഷ്ടപ്പെട്ട ഗോത്രവർഗത്തിൽപ്പെട്ട കുട്ടികളിൽ ഗുരുതരമായ രോഗത്തിനും ചിലപ്പോൾ ശിശുമരണത്തിനും കാരണമായിത്തീർന്നു.

3. **ആരോഗ്യപ്രശ്നങ്ങൾ (Health Problems):** ഇന്ത്യയുടെ പലഭാഗങ്ങളിലും ഗോത്രവർഗജനവിഭാഗങ്ങൾ ഏറെക്കാലം നിലനിൽക്കുന്ന അണുബാധകൾക്കും രോഗങ്ങൾക്കും വിധേയരാണ്. കുഷ്ഠം, ക്ഷയം തുടങ്ങിയ രോഗങ്ങൾ വിവിധ ഗോത്രവർഗങ്ങളിൽ സാധാരണമാണ്. ശിശുമരണനിരക്ക് ചില ഗോത്രവർഗങ്ങളിൽ വളരെ കൂടുതലാണ്. വയനാട് ജില്ലയിലെ മുള്ളുക്കുറുമൻ എന്ന ഗോത്രവർഗത്തിൽ കാണപ്പെടുന്ന പാരമ്പര്യരോഗമാണ് അരിവാൾരോഗം. ഇവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണം ഗോത്രവർഗ വിഭാഗങ്ങൾ ഗോത്രേതര വിഭാഗങ്ങളുമായി അടുത്തിടപഴകുന്നതാണെന്നും പഠനങ്ങളുണ്ട്.

4. **കടബാധ്യത (Indebtedness):**

   കടബാധ്യതയെന്ന് പറയുന്നത് ഒരു സാമ്പത്തിക അവസ്ഥയാണ്. ഗോത്രവിഭാഗങ്ങൾ തലമുറകളായി അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് കടബാധ്യത. ഭൂവുടമകളോടും കൊള്ളപലിശക്കാരോടുമുള്ള കടബാധ്യത കൾ അവർ കാലാകാലങ്ങളായി സഹിച്ചുവരുന്നു. ഗോത്രേതരവർഗങ്ങൾ ഗോത്രവർഗ സമൂഹത്തിൽനിന്നു ഭൂമികൈക്കലാക്കാൻ ഉപയോഗിക്കുന്ന പ്രധാന ഉപകരണം ഉയർന്ന പലിശയ്ക്ക് പണം കടംകൊടുക്കുക എന്നതാണ്. വാങ്ങിയ പണം തിരിച്ച് കൊടുക്കാൻ ഗോത്രവർഗ വിഭാഗങ്ങൾ തങ്ങളുടെ ഭൂമി കൊള്ളപ്പലിശക്കാർക്ക് പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നു. അവസാനം ഗോത്രവിഭാഗങ്ങൾ സ്വന്തം ഭൂമിയിൽനിന്നു കുടിയൊഴിപ്പിക്കപ്പെടുന്നു.

5. **ഭൂമിയുടെ അന്യവൽക്കരണം (Land Alienation):** പലപ്പോഴും ഗോത്രേതര വിഭാഗങ്ങളിൽനിന്നു വാങ്ങിയ കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെവരുമ്പോൾ

അവർ ഗോത്രജനവിഭാഗങ്ങളുടെ ഭൂമി കൈവശപ്പെടുത്തുന്നു. ഗോത്രേതര വിഭാഗങ്ങളുടെ ചൂഷണങ്ങളിലൂടെ സ്വന്തം ഭൂമിയിൽനിന്നു ഗോത്രവർഗ വിഭാഗങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നു. ഉൾവനങ്ങളിലേക്ക് സഞ്ചരിക്കാൻ ഇവർ നിർബന്ധിതരാവുന്നു. അതേസമയം സർക്കാരിന്റെ വനനയങ്ങൾ, സംരക്ഷിതവനങ്ങളിൽ ഗോത്രവിഭാഗങ്ങൾ കയറുന്നതു തടയുകയും ചെയ്യുന്നു.

നിരക്ഷരത, ശോചനീയമായ സാമ്പത്തികനിലവാരം, മദ്യപാനം, കടബാധ്യത, അതിവേഗ നഗരവൽക്കരണം, ആവശ്യമായ ഭൂരേഖയുടെ അഭാവം, നിസ്സംഗവും അഴിമതി നിറഞ്ഞതുമായ ഭരണസംവിധാനങ്ങൾ, കൈവശഭൂമി പണയപ്പെടുത്തുക തുടങ്ങിയവയാണ് ഗോത്രവിഭാഗ ജനങ്ങളുടെ കൈയിൽനിന്നും ഭൂമി അന്യാധീനപ്പെടാനുള്ള പ്രധാന കാരണങ്ങൾ.

കേരളത്തിൽ വലിയ തോതിൽ ഗോത്രവർഗഭൂമി അന്യാധീനപ്പെടാനുള്ള പ്രധാന കാരണങ്ങൾ സമതലങ്ങളിൽനിന്നും മലമ്പ്രദേശത്തേക്കുള്ള ഗോത്രേതര വിഭാഗങ്ങളുടെ കുടിയേറ്റവും വലിയ പദ്ധതികൾ തുടങ്ങുന്നതിനായി ഗോത്രവർഗ സമൂഹങ്ങളെ കുടിയൊഴിപ്പിക്കുന്നതുമാണ്. 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ കർഷകന് ഭൂമിയെന്ന നയം ഗോത്രവർഗ വിഭാഗങ്ങൾക്ക് ഗുണകരമായി ഭവിച്ചില്ല. ഈ നിയമപ്രകാരം ഗോത്രവർഗക്കാരുടെ ഭൂമി കൈവശംവച്ചിരിക്കുന്ന ഗോത്രേതരകർഷകത്തൊഴിലാളികൾ ഭൂവുടമകളായും യഥാർഥ ഉടമകളായ ഗോത്രവർഗവിഭാഗം ഭൂരഹിതരായും കർഷകത്തൊഴിലാളികളായും ചുരുങ്ങുകയും ചെയ്തു. ഇതിന്റെ ഫലമായി ഗോത്രവർഗ ജീവിതം അപ്പാടെ പാളം തെറ്റി.

6. **സർക്കാരിന്റെ വനനയങ്ങൾ (Forest Policy of the Government):** നിരവധി ഗോത്രവിഭാഗങ്ങൾ വനങ്ങളുടെ സമീപപ്രദേശത്താണ് ജീവിക്കുന്നത്. ഗോത്രവിഭാഗങ്ങൾ വനങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അവരുടെ സാമൂഹിക, സാമ്പത്തിക, മതപരമായ ജീവിതം വനങ്ങളുമായി ചുറ്റപ്പെട്ടിരിക്കുന്നു. വനങ്ങളും വനവിഭങ്ങളും അവർക്ക് ഭക്ഷണം, താമസം, തൊഴിൽ, മരുന്ന്, ആഭരണങ്ങൾ തുടങ്ങിയവ നൽകുന്നു. സർക്കാരിന്റെ വനനയങ്ങൾ ഗോത്രവിഭാഗങ്ങളുടെ വനങ്ങളിലുള്ള അവകാശങ്ങൾ ശക്തമായി നിഷേധിക്കുകയും അതുവഴി പരിസ്ഥിതിയും സമ്പദ്വ്യവസ്ഥയും ഗോത്രവർഗ ജീവിതത്തെ അസ്വസ്ഥമാക്കുകയും ചെയ്യുന്നു.

7. **മതപരിവർത്തനം (Religious Convertion):** പൊതുവെ ഗോത്രവർഗ വിഭാഗങ്ങൾ സർവജീവത്വ വിശ്വാസി (അനിയിസം) കളാണ്. ഹിന്ദുമതം, ഇസ്ലാം, ക്രിസ്തുമതം തുടങ്ങിയവയിലേ ക്കുള്ള മതപരിവർത്തനത്തിന്റെ ഫലമായി നേരത്തേതന്നെ ഗോത്രവർഗവിഭാഗത്തി നുള്ളിൽ വ്യത്യസ്ത മതശാഖകൾ രൂപംപ്രാപിച്ചിട്ടുണ്ട്. ഇത് അവരുടെ കൂട്ടായ ജീവിതത്തെയും സാംസ്കാരിക ഏകതയെയും ശിഥിലീകരിക്കുന്നതിന് കാരണമായിത്തീർന്നു.

8. **വിദ്യാഭ്യാസ പിന്നാക്കാവസ്ഥ (Educational Backwardness):** ഔപചാരികമായ വിദ്യാഭ്യാസം ഗോത്രവർഗ വിഭാഗങ്ങളിൽ പരിമിതമായ മാറ്റങ്ങൾ മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ. വിദ്യാഭ്യാസപരമായി ജനവിഭാഗങ്ങൾ വ്യത്യസ്ത നിലവാരത്തിലാണ്. ഗോത്രവർഗ ജനവിഭാഗങ്ങളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരത്തിനുള്ള

പ്രധാന കാരണങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- ഔപചാരികവിദ്യാഭ്യാസം അവരുടെ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നത് അത്യാവശ്യമായി കാണുന്നില്ല.
- പരമ്പരാഗതമായ വിശ്വാസങ്ങളും കെട്ടുകഥകളും വിദ്യാഭ്യാസം നിഷേധിക്കുന്ന തിന് പ്രധാന പങ്കു വഹിക്കുന്നു.
- മിക്ക ഗോത്രവർഗങ്ങളും അങ്ങേയറ്റം ദരിദ്രരായി ജീവിക്കുന്നു.
- കുട്ടികളെ സ്കൂളിലയക്കുന്നത് എളുപ്പമല്ല. കാരണം, രക്ഷിതാക്കൾക്ക് കുട്ടികളുടെ അധികസഹായം ആവശ്യമാണ്.
- ഔപചാരികമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗോത്രവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നില്ല.
- ഒട്ടുമിക്ക ഗോത്രവർഗ ജനവിഭാഗങ്ങളും ഉൾപ്രദേശങ്ങളിലാണ് താമസിക്കുന്നത്.

9. **സാംസ്കാരികസമ്പർക്കം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ (Problems of Cultural Contact):** മറ്റു സംസ്കാരങ്ങളുമായുള്ള സമ്പർക്കത്തിലൂടെ ഗോത്രവർഗ സംസ്കാരങ്ങൾ മാറ്റങ്ങൾക്ക് വിധേയമാകുന്നു. ഇത് ഗോത്രവർഗ സംസ്ക്കാരങ്ങളിൽ അനുകൂലവും പ്രതികൂലവുമായ ഫലങ്ങൾ ഉണ്ടാക്കുന്നു. ഗോത്രേതര ജനവിഭാഗ ങ്ങളുടെ ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ, ഭൗതിക സാംസ്കാരികഘടനകൾ, മതം, ഭാഷ, സമ്പദ്വ്യവസ്ഥ എന്നിവ നഗ്നമായി അനുകരിക്കുന്നതിലൂടെ ഗോത്രവർഗ സംസ്കാരം ശിഥിലീകരിക്കപ്പെടുന്നു. ഗോത്രവർഗ കലാരൂപങ്ങൾ, നൃത്തങ്ങൾ, പാട്ടുകൾ, കരകൗശലവസ്തുക്കൾ തുടങ്ങിയവ ഇത്തരം സമ്പർക്കത്തിലൂടെ നശിച്ചുപോകാനും കാരണമായി. സ്ത്രീധനം, മദ്യപാനം, ലഹരി ഉപയോഗം, സ്ത്രീകളോടുള്ള വിവേചനസമീപനം തുടങ്ങിയ സാമൂഹികതിന്മകൾ സാംസ്കാരികസമ്പർക്കത്തിന്റെ ഫലമായി അവരുടെ സാമൂഹത്തിൽ നുഴഞ്ഞുകയറുകയുണ്ടായി.

ഗോത്രവർഗ ജനസമൂഹം നേരിടുന്ന പൊതുവായ ചില പ്രശ്നങ്ങൾ നമ്മൾ ചർച്ച ചെയ്തു. പത്രങ്ങളിൽനിന്നോ ദൃശ്യമാധ്യമങ്ങളിൽനിന്നോ ഗോത്രവർഗ വിഭാഗങ്ങൾ നേരിടുന്ന ഏതെങ്കിലും ഒരു പ്രശ്നത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുക. പ്രസ്തുത പ്രശ്നങ്ങൾ ക്ലാസ്മുറിയിലെ ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് കൊളാഷ് തയാറാക്കി ഒരു എക്സിബിഷൻ സംഘടിപ്പിക്കുക. ഗോത്രവർഗ ജനവിഭാഗം ഇന്ന് നേരിടുന്ന ഓരോ പ്രശ്നത്തെക്കുറിച്ചും ചർച്ചചെയ്യുകയും അനുയോജ്യമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.

നൂറ്റാണ്ടുകളായി ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം നിഷേധിക്കപ്പെടുകയായിരുന്നു. ഭൂമി അന്യവൽക്കരണം, ദാരിദ്ര്യം, ഗോത്രേതരവർഗ ക്കാരുടെ ചൂഷണം തുടങ്ങിയ പ്രശ്നങ്ങൾ ഇന്ത്യയിൽ തുടർന്നും നിലനിൽക്കുന്നു. അതോടൊപ്പം അവർ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പാർശ്വവൽക്കരിക്കപ്പെട്ടു. സ്വാഭാവികമായും ഗോത്രവർഗക്കാരുടെ മനസ്സിൽ അശാന്തി രൂപപ്പെടുകയും അത് ഇന്ത്യയിലെ ഗോത്രവർഗപ്രസ്ഥാനങ്ങൾക്ക് രൂപം നൽകുകയും ചലനാത്മകത

ഉണ്ടാക്കുകയും ചെയ്തു. ഇന്ത്യയിലെ ചില ഗോത്രവർഗപ്രസ്ഥാനങ്ങളെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്നു.

ഗോത്രവർഗപ്രസ്ഥാനങ്ങൾ (Tribal Movements)

കോളനിവൽക്കരണ കാലഘട്ടം മുതൽതന്നെ ഇന്ത്യയിൽ ഗോത്രവർഗ പ്രസ്ഥാനങ്ങൾ നിലവിലുണ്ടായിരുന്നു. സാമ്പത്തികചൂഷണത്തിന്റെയും മനുഷ്യത്വരഹിത സാമൂഹിക അടിച്ചമർത്തലിന്റെയും പരിണതഫലങ്ങളാണിവ. ഗോത്രവർഗ പ്രസ്ഥാനങ്ങളുടെ ഉദ്ദേശ്യവും സ്വഭാവങ്ങളും ഇന്ന് വ്യത്യസ്തമാണെങ്കിലും നിരാശരായ ഈ ജനവിഭാഗങ്ങളുടെ വിപ്ലവങ്ങൾ ഇപ്പോഴും തുടരുന്നു. കോളനിവൽക്കരണ കാലഘട്ടങ്ങളിൽ ഗോത്രവർഗ പ്രസ്ഥാനങ്ങൾ കാർഷിക പ്രസ്ഥാനങ്ങളുടെ ഭാഗമായി നടന്നുകൊണ്ടിരുന്നു. 'ശക്തർക്കെതിരെ ദുർബലരുടെ പോരാട്ടമായതിനാൽ' മിക്കവാറും എല്ലാ സമരങ്ങളിലും ഗോത്രവർഗക്കാരായിരുന്നു പരാജിതർ. ഗോത്രക്കാരുടെ ആവലാതികൾ ഭരിച്ചുകൊണ്ടിരുന്ന ഉദാസീനരായ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരെ മാത്രമായിരുന്നില്ല. മറിച്ച്, ഭൂവുടമകൾ, കച്ചവടക്കാർ, കൊള്ളപ്പലിശക്കാർ എന്നിങ്ങനെ എല്ലാപേരെയും ഒരുമിച്ചു ലക്ഷ്യമിട്ടിരുന്നു. നിരവധി പ്രക്ഷോഭങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നു. വടക്കേ ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് ഗോത്രവർഗ പ്രസ്ഥാനങ്ങളാണ് മുണ്ടപ്രസ്ഥാനവും സന്താൾ പ്രസ്ഥാനവും.

മുണ്ടപ്രസ്ഥാനം (Munda Movement): ഛോട്ടാനാഗ്പൂരിലെ മുണ്ട ഗോത്രവർഗക്കാർ ഈസ്റ്റിന്ത്യാ കമ്പനിക്കെതിരെ നടത്തിയ സമരമാണ് മുണ്ടപ്രക്ഷോഭം. സ്ഥിരവാസമുറപ്പിച്ച കൃഷി ആയിരുന്നു മുണ്ട ഗോത്രവർഗക്കാരുടെ പ്രധാന ഉപജീവന മാർഗം. 1765 ൽ ഈസ്റ്റിന്ത്യാകമ്പനി ഛോട്ടാനാഗ്പൂരിൽ നിന്നു വൻതോതിൽ ഭൂനികുതി പിരിക്കാൻ തുടങ്ങി. ഇത് നൽകാൻ ഗ്രാമീണർക്ക് പ്രയാസമായിരുന്നു. നികുതി കൃത്യസമയത്ത് അടക്കാൻ സാധിക്കാത്തതിനാൽ കുടിശ്ശിക ദിനംപ്രതി കൂടിക്കൂടി വന്നു. കനത്ത നികുതിഭാരത്താൽ പ്രയാസപ്പെട്ട മുണ്ട ഗോത്രവർഗക്കാർ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കു നേരെ കലാപമുയർത്തി. ഈ പ്രക്ഷോഭങ്ങളെ കമ്പനി അടിച്ചമർത്തുകയുണ്ടായി. എന്നിരുന്നാലും അസ്വാരസ്യങ്ങൾ 1795 വരെ തുടർന്നു. 1796 മുതൽ 1798 വരെയുള്ള കാലഘട്ടത്തിൽ കലാപം വീണ്ടും പൊട്ടിപ്പുറപ്പെട്ടു. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഛോട്ടാനാഗ്പൂരിൽ കമ്പനി സ്റ്റാമ്പ് ഡ്യൂട്ടി, കസ്റ്റംസ് തീരുവ എന്നിവ കൂടി ഏർപ്പെടുത്തി. 1819-20 കാലഘട്ടങ്ങളിൽ റുഡുമുണ്ട, കൊണ്ടമുണ്ട എന്നീ രണ്ടു നേതാക്കൾ പ്രക്ഷോഭരംഗത്ത് സജീവമാവുകയും അവസാനം ഇവർ രണ്ടുപേരുടെയും ജീവിതം ജയിലിൽ അവസാനിക്കുകയും ചെയ്തു. 1832 ൽ കലാപത്തിന്റെ തീജ്ജ്വാല വീണ്ടും പ്രകാശിച്ചു. 1899-1900 കാലഘട്ടത്തിൽ നീണ്ട പരിശ്രമങ്ങൾക്ക് ശേഷം അവർക്ക് പുതിയ ഒരു വിപ്ലവനേതാവ് ബിർസാ മുണ്ടയെ ലഭിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുണ്ടാ ഗോത്രവിഭാഗം വീണ്ടും പ്രക്ഷോഭം അരംഭിച്ചു. ഛോട്ടാനാഗ്പൂരിൽനിന്നും എല്ലാ വിദേശികളെയും പുറത്താക്കാൻ അവർ ആയുധം എടുത്തു. എന്നാൽ മുൻ നേതാക്കളായ റൂഡുമുണ്ട, കൊണ്ടമുണ്ട എന്നിവരെ പോലെത്തന്നെ ബിർസാ മുണ്ടയും ജയിലിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ പല അനുയായികളും തൂക്കിക്കൊല്ലപ്പെടുകയോ, ജീവപര്യന്തം തടവിലാക്കപ്പെടുകയോ ചെയ്തു. ഛോട്ടാനാഗപൂരിലെ മുണ്ട ഗോത്രവർഗ

ജനവിഭാഗം ബിർസാ മുണ്ടയെ അവരുടെ വീരനേതാവായി ഇപ്പോഴും കാണുന്നു. പിന്നീട് സർക്കാർ അവരുടെ ആവശ്യങ്ങൾ ഗൗരവമായി കാണുകയും പുതിയ നിയമ നിർമ്മാണത്തിലൂടെ ഇവരുടെ സംരക്ഷണം ഏറ്റെടുക്കാൻ തയാറാവുകയും ചെയ്തു.

സന്താൾവിപ്ലവം (Santhal Rebellion): മധ്യപ്രദേശിലെ സന്താൾ ഗോത്രവർഗ പ്രക്ഷോഭമാണ് സന്താൾ വിപ്ലവം. ബ്രിട്ടീഷ് ഭരണാധികാരികളുടെ അതിക്രൂരമായ അടിച്ചമർത്തലും പീഡനവും കാരണം അവർക്ക് ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്യേണ്ടിവന്നു. കൊള്ളപ്പലിശക്കാരെയും പോലീസുകാരെയും അവരുടെ മണ്ണിൽനിന്നും ഒഴിപ്പിക്കണമെന്ന് സന്താൾ ഗോത്രവർഗക്കാർ ശഠിച്ചു. ജമീന്ദാർ, പോലീസ് സ്റ്റേഷനുകൾ, റെയിൽവേസ്റ്റേഷനുകൾ തുടങ്ങിയവ അവർ ആക്രമിച്ചു. പാവപ്പെട്ടവരുടെയും ഗോത്രേതര ജനവിഭാഗങ്ങളുടെയും സഹായം അവർക്ക് ലഭിച്ചുവെങ്കിലും 1866 ൽ ഈ പ്രക്ഷോഭം പൂർണമായി അടിച്ചമർത്തപ്പെട്ടു.

ഗോത്രവർഗ അസ്വസ്ഥത പ്രക്ഷോഭങ്ങളുടെ രൂപത്തിൽ കേരളത്തിലും പ്രകടമായി. ഭൂമിയായിരുന്നു അവരുടെ പ്രധാന പ്രശ്നം. ഭൂമിയുടെ യഥാർഥ അവകാശികൾ അവരുടെ സ്വന്തം മണ്ണിൽ സ്ഥാനമുറപ്പിക്കാൻ അധികാരികളുമായി പോരാടാൻ തുടങ്ങി. കേരളത്തിലെ പ്രധാനപ്പെട്ട ഗോത്രവർഗ പ്രക്ഷോഭങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

കുറിച്യ കലാപം (Kurichiya Revolt): കണ്ണൂർ, വയനാട് ജില്ലകളിൽ അധിവസിക്കുന്ന ഗോത്രവർഗമാണ് കുറിച്യർ. പരമ്പരാഗതമായി ഇവർ കൃഷിക്കാരാണ്. 1812 ൽ ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ കോട്ടയത്തെ പഴശ്ശിരാജാവിനോടൊപ്പം ചേർന്ന് ഇവർ യുദ്ധം ചെയ്തു. വയനാട്ടിൽ നിലവിലുണ്ടായിരുന്ന ഭൂമി കൈവശാവകാശവും ഭൂബന്ധങ്ങളും ബ്രിട്ടീഷ് ആശയങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. വനങ്ങൾ പൊതുസ്വത്തുക്കളായി കണക്കാക്കപ്പെട്ടിരുന്നു. ഗോത്രവർഗ വിഭാഗങ്ങൾ പൂർണമായും വനങ്ങളെയാണ് ജീവിതോപാധിയായി ആശ്രയിച്ചിരുന്നത്. ബ്രിട്ടീഷ് ഭരണാധികാരികൾ വയനാട്ടിലെ ഗോത്രവർഗക്കാരുടെ മേൽ അടിച്ചേൽപ്പിച്ച പുതിയ രീതിയിലുള്ള നികുതിപിരിവ് അവരെ പ്രകോപ്പിച്ചു. ഗോത്രവർഗക്കാർ ചുങ്കമായി സാധനങ്ങൾ കൊടുക്കാൻ തയാറായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഭരണാധികാരികൾ ചുങ്കം പണമായിത്തന്നെ വേണമെന്ന് ശഠിച്ചു. അവരുടെ കൈവശം പണമില്ലായിരുന്നു. കുറിച്യരുടെ കാർഷിക ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിച്ചാൽ മാത്രമേ അവർക്ക് പണം ലഭിക്കുമായിരുന്നുള്ളൂ. ബ്രിട്ടീഷ് ഭരണാധികാരികൾ നിശ്ചയിക്കുന്ന വിലയ്ക്ക് ഗോത്ര വർഗക്കാർ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കേണ്ടതായിവന്നു. ഇത്തരത്തിലുള്ള ചൂഷണങ്ങൾ സർക്കാർ നിയമങ്ങൾക്ക് എതിരെയുള്ള പ്രക്ഷോഭങ്ങളിലേക്ക് എത്തിച്ചേർന്നുവെങ്കിലും ബ്രിട്ടീഷ് ഭരണകൂടം ഈ സമരങ്ങളും അടിച്ചമർത്തി.



ചിത്രം 8.15 തലയ്ക്കൽ ചന്തു സ്മാരകം

മുത്തങ്ങ ഭൂപ്രക്ഷോഭം (Muthanga Land Struggle): വയനാട് ജില്ലയിലെ മുത്തങ്ങ എന്ന പ്രദേശം 1970 കളിൽ വന്യജീവിസങ്കേതമായി പ്രഖ്യാപിച്ച സമയത്തും 1980 കളിൽ യൂക്കാലി പ്ലാന്റേഷനു വേണ്ടിയും അവിടെ താമസിച്ചിരുന്ന മുഴുവൻ ഗോത്രവർഗക്കാരെയും നിർബന്ധപൂർവം കുടിയൊഴിപ്പിച്ചു. ഇത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെട്ട ഗോത്രവർഗജനതവിഭാഗങ്ങൾ മറ്റു സമീപകോളനികളിലും മറ്റുസ്ഥലങ്ങളിലും വളരെ മോശമായ അവസ്ഥയിലായിരുന്നു ജീവിച്ചുവന്നത്. വാഗ്ദാനം ചെയ്യപ്പെട്ട പകരം ഭൂമി അവർക്ക് ലഭിക്കാതെവന്നപ്പോൾ ആദിവാസി ഗോത്രമഹാസഭ നേതാവായ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ കുടിയൊഴിപ്പിക്കപ്പെട്ട തദ്ദേശജനത അവരുടെ വാസസ്ഥലമായിരുന്ന മുത്തങ്ങ വനപ്രദേശം കൈയേറാൻ തീരുമാനിച്ചു. വനപ്രദേശം കൈയടക്കിയ ഗോത്രവർഗക്കാർ മുത്തങ്ങവനഭൂമിയിൽ അവരുടെ സ്വന്തം ഭൂമി എന്ന നിലയിൽ കുടിൽകെട്ടി താമസം ആരംഭിച്ചു. പണിയൻ, വേട്ടക്കുറുമൻ, കാട്ടുനായ്ക്കൻ, അടിയൻ, മുള്ളുക്കുറുമൻ തുടങ്ങിയ വയനാട്ടിലെ നിരവധി ഗോത്രവർഗ ജനവിഭാഗങ്ങൾ ഈ പ്രക്ഷോഭത്തിൽ പങ്കെടുത്തു. മുത്തങ്ങസമരം ഗോത്രവർഗക്കാർക്ക് അവർ ആവശ്യപ്പെട്ട ഭൂമി ലഭിക്കുന്നതിന് സഹായകമായില്ലെങ്കിലും കേരളത്തിലെ ഭൂമി നഷ്ടപ്പെട്ട ഗോത്രവർഗക്കാരുടെ ഈ സമരം ദേശീയതലത്തിലും അന്തർ ദേശീയതലത്തിലും ശ്രദ്ധ പിടിച്ചുപറ്റി.

കേരളത്തിലെ ആറളം, ചെങ്ങറ പോലുള്ള ഗോത്രവർഗ പ്രക്ഷോഭങ്ങളെ കുറിച്ചു വിവരശേഖരണം നടത്തി എത്രമാത്രം ഇവ സഫലമായിട്ടുണ്ടെന്ന് വിലയിരുത്തുക. നരവംശശാസ്ത്ര വിദ്യാർഥി എന്ന നിലയിൽ ഗോത്രവർഗക്കാരുടെ ഈ അവകാശത്തെ നിങ്ങൾ എങ്ങനെ കാണുന്നു. എങ്ങനെയാണ് ഒരു നരവംശ ശാസ്ത്രജ്ഞന് ഇത്തരം സംഭവങ്ങളിൽ പങ്കാളിയാവാൻ സാധിക്കുക?

ഗോത്രവർഗക്കാർക്കു പുറമെ ഇന്ത്യയിലെ മറ്റു ചില സമുദായങ്ങളും വ്യാപകമായ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമാകുന്നു. ഇവരെയാണ് പാർശ്വവൽകൃത ജനവിഭാഗങ്ങൾ എന്നു വിളിക്കുന്നത്.

പാർശ്വവൽകൃത ജനവിഭാഗങ്ങൾ (Marginalised People)

ഇന്ത്യൻ സമൂഹത്തെ ഗോത്രം, ജാതി, ഗ്രാമീണസമൂഹം, നഗരസമൂഹം തുടങ്ങിയ വിവിധ സാമൂഹിക-സാംസ്കാരിക ഘടകങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ ചില സമൂഹങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും മറ്റുള്ളവരെക്കാളും മുൻപന്തിയിൽ നിൽക്കുന്നു. ഇത്തരം വ്യത്യാസങ്ങൾ ഇന്ത്യയിലെ ചില വിഭാഗങ്ങളുടെ ഒറ്റപ്പെടലിനും അന്യവൽക്കരണത്തിനും ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും കാരണമായിത്തീരുന്നു. പട്ടികവർഗം, പട്ടികജാതി, സ്ത്രീ സമൂഹം തുടങ്ങിയവയാണ് ഇത്തരം ചില വിഭാഗങ്ങൾ. ഇവർ വ്യാപകമായ അന്യവൽക്കരണത്തിനും ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയമായി കൊണ്ടിരിക്കുന്നു. ഇവരുടെ സമൂഹികാവസ്ഥയും പ്രശ്നങ്ങളും അവരുടെ ശാക്തീകരണത്തിനുള്ള ഭരണഘടനാപരമായ മാർഗനിർദേശങ്ങളും നമുക്ക് പരിശോധിക്കാം.

പട്ടികജാതിവിഭാഗങ്ങൾ : ആശയം, മാനദണ്ഡം, പ്രശ്നങ്ങൾ
(Scheduled Caste: Concept, Criteria and Problems)

1935 ൽ സൈമൺ കമ്മീഷനാണ് പട്ടികജാതി എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള ജനവിഭാഗങ്ങളാണ് പട്ടികജാതിവിഭാഗങ്ങൾ. 2011 സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 16.6% പട്ടികജാതിവിഭാഗങ്ങളാണ്. സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും നിരവധി അവശതകൾ ഇവർ അനുഭവിച്ചുവരുന്നു. പട്ടികജാതി വിഭാഗങ്ങൾ തൊട്ടുകൂടായ്മ എന്ന യാതന അനുഭവിക്കുന്നവരാണ്. ഹിന്ദു ജാതിശ്രേണിയിൽ അവർക്ക് ഏറ്റവും താഴ്ന്ന സ്ഥാനം നൽകുകയും ചെയ്തിരുന്നു. ഡി.എൻ. മജുംദാറിന്റെ അഭിപ്രായത്തിൽ അയിത്തജാതിക്കാർ സാമൂഹികവും രാഷ്ട്രീയവുമായ നിരവധി അവശതകൾ അനുഭവിക്കുന്നവരും അവയിൽ പലതും പരമ്പരാഗതമായി കൽപ്പിച്ചതും ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിൽപ്പെട്ടവർ സാമൂഹികമായി അടിച്ചേൽപ്പിച്ചതുമാകുന്നു. അയിത്തം എന്ന ആശയം അശുദ്ധി, വിശുദ്ധി എന്നീ രണ്ട് ആശയങ്ങളുമായി ബന്ധപ്പെട്ടതാണ്. കീഴ്ജാതിക്കാരെന്നു വിളിക്കപ്പെട്ടവരുടെ നിഴൽപോലും ഉയർന്നജാതിക്കാരെ അശുദ്ധരാക്കുമെന്ന് വിശ്വസിച്ചുവന്നിരുന്നു. പട്ടികജാതി വിഭാഗക്കാർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതും വിദ്യാലയങ്ങൾ, പൊതുറോഡുകൾ, പൊതുകിണറുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതും തടസ്സപ്പെടുത്തിയിരുന്നു. ചുരുക്കത്തിൽ, പട്ടികജാതിക്കാർ എല്ലാതരം വിവേചനങ്ങളും അനുഭവിച്ചവരായിരുന്നു.

പട്ടികജാതി ലിസ്റ്റിൽ ചില സമുദായങ്ങളെ ഉൾപ്പെടുത്തണമെന്നുള്ള പത്രവാർത്തകൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. എങ്ങനെയാണ് ചില സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ചില സമുദായങ്ങളെ പലപ്പോഴായി പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ഇത് എന്താണ് കാണിക്കുന്നത്? ഒരാൾക്ക് തോന്നിയതുപോലെ ഒരു സമുദായത്തെ പട്ടികയിൽ ഉൾപ്പെടുത്താനും ഒഴിവാക്കാനും സാധ്യമല്ല. ചില മാനദണ്ഡങ്ങൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതുണ്ട്. ഏതൊക്കെയാണ് ഈ മാനദണ്ഡങ്ങൾ എന്ന് പരിശോധിക്കാം.

പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ
(Criterira for Scheduling a Community in the Scheduled Caste List)

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 341 (പട്ടികജാതി ലിസ്റ്റ്) പ്രകാരം ഒരു സമുദായത്തെ ഇന്ത്യയിൽ പട്ടികജാതിയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- സാമൂഹിശ്രേണിയിൽ താഴ്ന്ന സ്ഥാനത്തു നിൽക്കുന്ന ജനവിഭാഗമാകണം.
- സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പിന്നാക്കാവസ്ഥ.
- വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ.
- സർക്കാർ സർവീസുകളിൽ വളരെ കുറഞ്ഞ പ്രാതിനിധ്യം.

മുകളിൽ കൊടുത്ത മാനദണ്ഡങ്ങൾ പരിശോധിച്ച് നിങ്ങൾക്ക് പരിചയമുള്ള പട്ടികജാതിവിഭാഗങ്ങൾക്ക് ഇത് എത്രമാത്രം പ്രായോഗികമാണെന്ന് പരിശോധിക്കുക. സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ അനുയോജ്യമായ മറ്റു മാനദണ്ഡങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാവുന്നതാണ്.

ചില സമുദായങ്ങൾ നേരിടുന്ന സാമൂഹിക അവശതകൾ മനസ്സിലാക്കി സ്വാമി വിവേകാനന്ദൻ കേരളത്തെക്കുറിച്ച് ഒരു അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായം നിങ്ങൾക്കറിയാമോ? എന്തുകൊണ്ടാണ് അദ്ദേഹം ഈ അഭിപ്രായം പറഞ്ഞത്?

മലയാളത്തിലെ പ്രശസ്ത കവി കുമാരനാശാൻ അദ്ദേഹത്തിന്റെ 'ചണ്ഡാല ഭിക്ഷുകി' എന്ന കവിതയിൽ തൊട്ടുകൂടായ്മയെ കുറിച്ച് താഴെ പറയും പ്രകാരം വിവരിക്കുകയുണ്ടായി:

അല്ലതെന്തു കഥയിതു കഷ്ടമേ
അല്ലലാലങ്ങ് ജാതി മറന്നിതോ
നീചനാരിതൻ കയ്യാൽ ജലം വാങ്ങി-
യാചമിക്കുമോ, ചൊല്ലെഴുമാര്യൻമാർ

ചിത്രം 8.16
ഗാന്ധിജിയും
ശ്രീനാരായണഗുരുവും

പ്രശസ്ത സാമൂഹികപരിഷ്കർത്താവും തത്ത്വചിന്തകനുമായ ശ്രീനാരായണഗുരു, മഹാത്മാ ഗാന്ധിയുമായി ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയിലെ ഉച്ചനീചത്വങ്ങളെ കുറിച്ച് ഒരു സംവാദം നടത്തിയിരുന്നു. ഗുരു ജാതിവ്യവസ്ഥയ്ക്ക് അങ്ങേയറ്റം എതിരായിരുന്നു. അദ്ദേഹത്തിന്റെ ഉത്കണ്ഠയ്ക്ക് കാരണം എന്തായിരിക്കും? തീർച്ചയായും അക്കാലത്ത് കേരളത്തിൽ ഇത്തരം ജാതികൾ നേരിട്ട അതിക്രമങ്ങളും കഷ്ടപ്പാടുകളുമായിരിക്കും ഇതിനു കാരണം.

ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ എന്നിവയെക്കുറിച്ച് ഗാന്ധിജിയും ശ്രീനാരായണഗുരുവും തമ്മിൽ നടത്തിയ സംവാദത്തിന്റെ പൂർണരൂപം ശേഖരിക്കുക. ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ എന്നിവയ്ക്കെതിരെയുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിൽ ശ്രീനാരായണഗുരു എങ്ങനെയാണ് ഗാന്ധിജിയെ സ്വാധീനിച്ചതെന്ന് ചർച്ചചെയ്യുക.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും പിന്നാക്കജാതിയിൽപ്പെട്ടവരും കാലങ്ങളായി നേരിട്ടുവന്ന പ്രയാസങ്ങളെ കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പട്ടികജാതിവിഭാഗങ്ങൾ നേരിടുന്ന ചില പ്രശ്നങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

കേരളത്തിലെ പട്ടികജാതിവിഭാഗങ്ങൾ നേരിട്ടിരുന്ന പ്രശ്നങ്ങൾ
(Problems faced by Scheduled Castes in Kerala)

1. **സാമൂഹികമായ അവശതകൾ (Social Disabilities):** സാമൂഹിക മണ്ഡലങ്ങളിൽ പട്ടികജാതിക്കാരുടെ പരിമിതികൾ:
   a) പൊതുറോഡുകൾ ഉപയോഗിക്കു ന്നതിൽനിന്നുള്ള വിലക്ക് (Prevention from the use of public roads): പകൽ സമയങ്ങളിൽ പൊതു റോഡുകൾ ഉപയോഗിക്കുന്നതിൽനിന്നു പട്ടിക ജാതി വിഭാഗങ്ങളെ തടഞ്ഞിരുന്നു. ഇതിന്റെ പരിണതഫലമായി അവർ അവരുടെ ജോലികൾ രാത്രികാല ങ്ങളിൽ ചെയ്യാൻ നിർബന്ധിത രായി. അവരുടെ നിഴൽപോലും ഉയർന്ന വരെന്നു പറയപ്പെട്ട ജാതിക്കാരെ അശുദ്ധരാക്കുമെന്ന് കരുതിയിരുന്നു.
   b) പൊതുകിണറുകൾ ഉപയോഗി ക്കുന്നതിൽനിന്നുള്ള വിലക്ക് (Prevention from the use of public wells): മിക്കവാറും എല്ലാ ഗ്രാമ ങ്ങളിലും പട്ടികജാതിക്കാർ പൊതു കിണറുകളിൽനിന്ന് വെള്ളമെടു ക്കുന്നത് വിലക്കിയിരുന്നു. ചില ഗ്രാമങ്ങളിൽ ഈ ജനവിഭാഗ ങ്ങളെ പൊതുകിണറുകളുടെ അടുത്ത് ചെല്ലാൻപോലും അനുവ ദിച്ചിരുന്നില്ല.

കേരളത്തിലെ പട്ടികജാതിവിഭാഗങ്ങൾ (2011 സെൻസസ്)

1. ആദിആന്ധ്ര 2. ആദിദ്രാവിഡ 3. ആദികർണാടക 4. അജില, 5. അരുന്തതിയാർ, 6.അയ്യനവർ, 7.ബൈര, 8. ബക്കുഡ, 9. ബതട, 10. ഭരതർ (പരതർ ഒഴികെ), പരവൻ, 11. ചക്കിലിയൻ, 12. ചാമർ, മുച്ചി, 13. ചണ്ഡാല, 14. ചെറുമൻ, 15. ഡോംബൻ, 16.ഗോബാംഗി, 17.ഹസ്ല, 18. ഹൊലേയ, 19. കടൈയൻ, 20.കാക്കാലൻ, 21. കള്ളാടി, 22.കണക്കൻ, പടന്ന, പടന്നൻ, 23. കവറ, (തെലുങ്ക്, തമിഴ് ഭാഷകൾ സംസാരിക്കുന്ന ബലിജ കവറൈ, ഗവറ, ഗവറൈ, ഗവറൈനായിഡു, ബലിജനായിഡു, ഗാജലു, ബലിജ, ബലിജ അഥവാ വളേചെട്ടി എന്നിവർ ഒഴികെ), 24. കുസ, 25. കുടൻ, 26. കുടുംബൻ, 27. കുറവർ, സിദ്ധന, കുറുവ, 28. മായില, 29. മൈല, മലയൻ (മുൻ മലബാർപ്രദേശം മാത്രം), 30. മണ്ണാൻ, പതിയാൻ, പെരുമണ്ണാൻ, വണ്ണാൻ, വേലൻ, 31. മോഗർ, (മൊഗയർ ഒഴികെ), 32. മുണ്ടാല, 33. നാലകേയവ, 34. നൽക്കദയ, 35. നായാടി, 36. പള്ളൻ, 37. പുള്ളുവൻ, 38. പാംബട, 39. പാണൻ, 40. പറൈയൻ, പറയൻ, സാംബവർ, സാംബവൻ, സാംബവ, പറയ, പറയർ, പറൈയ, 41. പുലയൻ, ചേരമർ, പുലയ, പുലയർ, ചേരമ, ചേരമൻവയനാട്പുലയൻ, വയനാടൻ പുലയൻ, മാതാ, മാതാപുലയൻ 42. പുതിരൈ വണ്ണാൻ, 43. റണൈയർ, 44. സമഗാര, 45. സാംബൻ, 46. സെമ്മാൻ, ചെമ്മാൻ, 47. തണ്ടാൻ (മുൻ തെക്ക് മലബാർ, വടക്കുകൊച്ചി പ്രദേശങ്ങളൊഴികെ) 48.തോട്ടി, 49. വള്ളോൻ, 50. വള്ളുവൻ, 51. വേടൻ, 52. വേട്ടുവൻ, പുലയവേട്ടുവൻ (മുൻ കൊച്ചിസംസ്ഥാനത്തു മാത്രം), 53. നെരിയൻ

2. **സാമ്പത്തിക അവശതകൾ (Economic Disabilities):** പട്ടികജാതി വിഭാഗങ്ങളുടെ അവശതകൾ സാമൂഹി കമേഖലകളിൽ മാത്രമല്ല, സാമ്പത്തിക മേഖലകളിലും പ്രകടമായിരുന്നു. അവർ പരമ്പരാഗതമായ തൊഴിൽ മാത്രം ചെയ്യാൻ നിർബന്ധിക്കപ്പെട്ടു. ഉന്നതരെന്നു പറയപ്പെട്ട ജാതിയിൽ പ്പെട്ടവർ ചെയ്യുന്ന ജോലികൾ ചെയ്യാൻ അവർക്ക് അനുവാദമുണ്ടായിരുന്നില്ല. അവർക്ക് നിശ്ചയിക്കപ്പെട്ട ജോലികൾ വൃത്തികെട്ടതും മുഷിഞ്ഞതുമായിരുന്നു. അവരുടെ

ഉപജീവനമാർഗത്തിനുള്ള സമ്പാദ്യം പരിമിതമായിരുന്നു.

3. **മതപരമായ അവശതകൾ (Religious Disabilities):** പട്ടികജാതിവിഭാഗക്കാർ മതപരമായ നിരവധി അവശതകൾക്ക് വിധേയമായിരുന്നു. ക്ഷേത്രങ്ങളിൽ ഇവർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഇവരെ വഴിപാടുകൾ നടത്താൻ അനുവദിച്ചിരുന്നില്ല. കാരണം, ഇവർ തൊട്ടുകഴിഞ്ഞാൽ ആ പ്രദേശം അശുദ്ധമാകുന്നുവെന്ന് വിശ്വസിച്ചിരുന്നു.

4. **വിദ്യാഭ്യാസപരമായ അവശതകൾ (Educational Disabilities):** പട്ടികജാതിയിൽപെട്ട ജനവിഭാഗങ്ങൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. താഴ്ന്നവരാക്കപ്പെട്ട ജാതിയിൽപെട്ട പഠിതാക്കളുടെ സാന്നിധ്യം ഉയർന്നവരെന്ന് പറയപ്പെട്ട ജാതിയിൽപ്പെട്ട പഠിതാക്കളെ അശുദ്ധമാക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു.

മുകളിൽ കൊടുത്ത വിവിധ അവശതകൾ മഞ്ഞുമലയുടെ ചെറിയ ഒരു അറ്റം മാത്രമാണ്. കേരളത്തിലെ പിന്നാക്കജാതിക്കാർ എന്ന് വിളിക്കപ്പെട്ടവർ അനുഭവിച്ചിരുന്ന വിവിധ അവശതകളുടെ ചിത്രങ്ങളും ഉദാഹരണങ്ങളും വിവരങ്ങളും ശേഖരിക്കുക. ഈ ആവശ്യങ്ങൾക്കുവേണ്ടി ഡോ. അംബേദ്കർ ജാതിവ്യവസ്ഥയെക്കുറിച്ച് എഴുതിയ പുസ്തകങ്ങൾ പരിശോധിക്കാവുന്നതാണ്. അതോടൊപ്പം 'പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ, പ്രതീക്ഷകൾ' എന്ന വിഷയത്തെ കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

അവശതകളും പ്രശ്നങ്ങളും വളരെക്കാലം തുടർന്നു കൊണ്ടേയിരുന്നാൽ എന്തു സംഭവിക്കും? അസമത്വവും അടിച്ചമർത്തലുകളും തുടർന്നാൽ തീർച്ചയായും അത് സാമൂഹികകലാപങ്ങളിൽ എത്തിച്ചേരുമെന്ന് ചരിത്രത്തെത്തളിവുകൾ കാണിക്കുന്നു. പലതവണ ഇത്തരം അസ്വസ്ഥതകൾ, പ്രക്ഷോഭങ്ങൾക്കും വിപ്ലവങ്ങൾക്കും വഴിതെളിച്ചു. ഇത്തരത്തിൽ അവശവിഭാഗങ്ങളെ മോചിപ്പിക്കുന്നതിനുവേണ്ടി ചില സാമൂഹികനായകന്മാർ ഉയർന്നു വന്നിട്ടുണ്ട്. സാമൂഹിക പരിഷ്കർത്താവായ അയ്യങ്കാളി പട്ടികവിഭാഗ ജനവിഭാഗങ്ങളെ മോചിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്.

ചിത്രം 8.17
അയ്യങ്കാളി

പിന്നാക്കജാതിക്കാരുടെ മോചനത്തിനായി നടത്തിയ 'ചാന്നാർലഹള' കേരള ചരിത്രത്തിലെ നാഴികക്കല്ലാണ്. കേരളത്തിലെ പട്ടികജാതിമുന്നേറ്റങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

ഇന്ത്യയിൽ സ്ത്രീകളുടെ സാമൂഹികപദവി– ഒരു ചരിത്രപരമായ വീക്ഷണം (Status of Women in India - A Historical Perspective)

ഇന്ത്യയിലെ പുരുഷമേധാവിത്വമുള്ള പിതൃദായകസമൂഹത്തിൽ സ്ത്രീകളെ വെറും 'വസ്തുക്കൾ' എന്ന രീതിയിലാണ് കണക്കാക്കിയിരുന്നത്. വ്യത്യസ്ത സമൂഹങ്ങളിലും

കാലഘട്ടങ്ങളിലും സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിലെ സ്ത്രീ-പുരുഷ വിവേചനം ഒരേപോലെ ആയിരുന്നില്ല. സ്ത്രീകളുടെ സാമൂഹികപദവി വിവിധ കാലഘട്ടങ്ങളിൽ നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വേദകാലഘട്ടത്തിന്റെ ആദ്യകാലത്ത് സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സാമൂഹികപദവി ഉണ്ടായിരുന്നുവെന്നും ആ കാലഘട്ടത്തിന്റെ അവസാനകാലത്തും തുടർ കാലഘട്ടങ്ങളിലും സ്ത്രീകളുടെ സാമൂഹികപദവി ക്ഷയിക്കാൻ തുടങ്ങിയെന്നുമാണ് നിരവധി പഠനങ്ങൾ കാണിക്കുന്നത്.

ആദിവേദകാലഘട്ടം (Early Vedic Period): ഋഗ്വേദത്തിന്റെ ആദ്യഘട്ടങ്ങളിൽ സ്ത്രീകളുടെ സാമൂഹികപദവി പുരുഷൻമാരോടൊപ്പം ഉയർന്ന നിലയിലായിരുന്നു. വേദങ്ങൾ പഠിക്കാനും അറിവിന്റെ വിവിധ മേഖലകളിൽ എത്തിച്ചേരാനും അവർക്ക് അവസരമുണ്ടായിരുന്നു. സ്ത്രീകൾ ഈ കാലഘട്ടത്തിൽ ബ്രഹ്മചര്യത്തിലേക്കും കടന്നിരുന്നു. ഉപനയനചടങ്ങ് ഇവർക്കു വേണ്ടിയും നടത്തിയിരുന്നു. വിവാഹം പരിപാവനമായ ഒന്നായി കണക്കായിരുന്നു. സ്ത്രീകൾക്ക് അവർക്കിഷ്ടപ്പെട്ട പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള അവസരവും ഇക്കാലത്ത് നിലവിലുണ്ടായിരുന്നു. ഏകഭാര്യത്വമായിരുന്നു വിവാഹരീതിയെങ്കിലും ഉയർന്ന സാമ്പത്തികശേഷിയുള്ളവരിലും ഭരണകർത്താക്കളിലും ബഹുഭാര്യത്വം കാണപ്പെട്ടിരുന്നു. വിധവകൾക്ക് പുനർവിവാഹം ചെയ്യാനുള്ള അവസരമുണ്ടായിരുന്നു. സ്ത്രീകൾക്ക് സ്വത്തവകാശമുണ്ടായിരുന്നു. സ്ത്രീകളെ പുരുഷന്മാരിൽനിന്ന് അകറ്റിനിർത്തിയിരുന്നില്ലെന്ന് മാത്രമല്ല, പങ്കാളിയെ ബഹുമാനപൂർവം കാണുകയും ഭർത്താവിനോടൊപ്പം മതപരമായ ആചാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും വേദകാലഘട്ടത്തിന്റെ പിന്നീടുള്ള കാലങ്ങളിൽ സ്ത്രീകളുടെ സാമൂഹികപദവി നിരവധി മാറ്റങ്ങൾക്ക് വിധേയമായി.

വേദാനന്തരകാലഘട്ടം (Post vedic Period): വേദാനന്തരകാലഘട്ടങ്ങളിൽ സ്ത്രീകളുടെ സാമൂഹികപദവി സാവധാനം ക്ഷയിക്കാൻ തുടങ്ങി. പെൺകുട്ടികളുടെ ജനനം ശാപമായി കണക്കാക്കാൻ തുടങ്ങി. സ്ത്രീകൾ സ്വത്തുക്കൾ കൈവശം വയ്ക്കുന്നതു തടയുകയും അവർക്കുള്ള പാരമ്പര്യസ്വത്തവകാശം നിഷേധിക്കപ്പെടുകയും ചെയ്തു. സ്ത്രീകളുടെ സമ്പാദ്യം ഭർത്താക്കന്മാരുടെ സ്വത്തായി മാറി. പെൺകുട്ടികളുടെ വിവാഹപ്രായം 8 മുതൽ 10 വയസ്സുവരെ ആയി കുറഞ്ഞു. ഇക്കാലത്ത് ശൈശവവിവാഹം നിലവിലുണ്ടായിരുന്നു. വിധവകൾക്ക് പുനർവിവാഹം ചെയ്യാനുള്ള അനുമതിയുണ്ടായിരുന്നില്ല.

മധ്യകാലഘട്ടം (Medieval Period): മധ്യകാലഘട്ടങ്ങളിൽ സ്ത്രീകളുടെ സാമൂഹികപദവി വീണ്ടും ക്ഷയിക്കാൻ തുടങ്ങി. സതി, ശൈശവ വിവാഹം, പർദ്ദ സമ്പ്രദായം, അടിമത്തം, പെൺഭ്രൂണഹത്യ തുടങ്ങിയവ ഇക്കാലത്ത് വളരെ ശക്തമായിരുന്നു. ശൈശവ വിവാഹം കാരണം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. ബഹുഭാര്യത്വം ഇക്കാലത്ത് നിലവിണ്ടായി

ചിത്രം 8.18 സതിസമ്പ്രദായം

രുന്നു. ഭർത്താവിന്റെയും കുട്ടികളുടെയും ക്ഷേമത്തിനായി സ്ത്രീകൾ അവരുടെ ജീവിതം മുഴുവൻ സമർപ്പിക്കേണ്ടതായിവന്നു. ശൈശവവിവാഹം കാരണം വിധവകളായ പെൺകുട്ടികളുടെ എണ്ണം ക്രമാതീതമായി വർധിച്ചു. വിധവാപുനർവിവാഹം പൂർണമായി നിരോധിക്കപ്പെടുകയും സതിപോലുള്ള അനാചാരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ, മധ്യകാലഘട്ടങ്ങളിൽ സ്ത്രീകൾ വെറും ഒരു ഉപഭോഗ വസ്തുക്കളായി മാറുകയും കുടുംബങ്ങളിലും സമൂഹത്തിലും അവർ പൂർണമായും അവഗണിക്കപ്പെടുകയും ചെയ്തു.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് സ്ത്രീകളുടെ സാമൂഹികപദവി വീണ്ടും മാറ്റങ്ങൾക്കു വിധേയമായി.

ബ്രിട്ടീഷ് കാലഘട്ടം (British Period): ബ്രിട്ടീഷ് ഭരണകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ സ്ത്രീകളുടെ അവസ്ഥ മധ്യകാലഘട്ടത്തിന്റെ തുടർച്ചയായിരുന്നു. സതി, പെൺ ഭ്രൂണഹത്യ, അടിമത്തം, ശൈശവവിവാഹം, വിധവാപുനർവിവാഹനിരോധനം, സ്ത്രീധനസമ്പ്രദായം അടിമജോലി, ദേവദാസിസമ്പ്രദായം തുടങ്ങിയ സമ്പ്രദായങ്ങൾ ബ്രിട്ടീഷ്ഭരണ കാലത്തെ ആദ്യഘട്ടങ്ങളിലും തുടർന്നുവന്നു. സ്ത്രീധനസമ്പ്രദായം, പെൺഭ്രൂണഹത്യയുടെ നിരക്ക് വർധിക്കാൻ കാരണമായി. ശൈശവവിവാഹം ജനസംഖ്യ വർധനവിനും ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും അനാരോഗ്യത്തിനും കാരണമായി ത്തീർന്നു. ദേവദാസിസമ്പ്രദായം സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദയനീയമാക്കി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിനായി നിരവധി സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ആര്യസമാജത്തിന്റെ സംഘടിതപ്രവർത്തനങ്ങളുടെ ഫലമായി സാമൂഹിക അനാചാരങ്ങളായ സതി, ശൈശവവിവാഹം തുടങ്ങിയവ നിർത്തലാക്കി.

ബ്രിട്ടീഷ് ഭരണകാലഘട്ടങ്ങളിലെ വിദ്യാഭ്യാസസമ്പ്രദായവും ഇംഗ്ലീഷ് പഠന മാധ്യമവും സമൂഹത്തിലെ ഉയർന്ന ജനവിഭാഗങ്ങളിൽ ശക്തമായ പ്രതിഫലനമുണ്ടാക്കി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസസൗകര്യങ്ങൾ സാമൂഹികമാറ്റങ്ങൾക്ക് കാരണമായിത്തീർന്നു. സ്ത്രീകളുടെ സാമൂഹികപ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും സ്വാതന്ത്ര്യസമരങ്ങൾ പ്രചോദനമായി. ശൈശവവിവാഹത്തെ ഗാന്ധിജി ശക്തമായി വിമർശിച്ചു. സ്വാതന്ത്ര്യത്തിലേക്കു നീങ്ങുന്ന ഘട്ടത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി പല നിയമനിർമ്മാണവും ഏർപ്പെടുത്തി.

സ്വാതന്ത്ര്യത്തിനു ശേഷം സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിൽ ക്രിയാത്മകമായ പല ശ്രമങ്ങളും ആരംഭിക്കുകയുണ്ടായി.

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള കാലഘട്ടവും സമകാലീന കാലഘട്ടവും (Post Independence Period and Contemporary Period): സ്വാതന്ത്ര്യത്തിനു ശേഷം സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിൽ ക്രിയാത്മകമായ പല രാഷ്ട്രീയ ഇടപെടലുകളും ശ്രമങ്ങളുണ്ടായി. സ്ത്രീകളുടെ സാമൂഹികപദവി സംരക്ഷിക്കുന്നതി നായി ഭരണഘടനയിൽ നിയമപരിരക്ഷ ഉറപ്പാക്കി. ലിംഗവിവേചനം ഒഴിവാക്കുന്നതി

നായി സമത്വത്തിനുള്ള അവകാശം ഭരണഘടനയിൽ മൗലികാവകാശമാക്കി. വിദ്യാഭ്യാസ സാർവത്രികവൽക്കരണം നടപ്പിലാക്കിയതിനാൽ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം വർധിച്ചു. മൊത്തത്തിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ സാമൂഹികപദവിയിൽ വമ്പിച്ച മാറ്റങ്ങളുണ്ടായി.

ദാരിദ്ര്യനിർമ്മാർജനത്തിന്റെ ഭാഗമായുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമത്തിനു (MGNREGA) കീഴിലുള്ള തൊഴിലുറപ്പു പദ്ധതി, കുടുംബശ്രീ പദ്ധതിയുടെ ഭാഗമായുള്ള ചെറുകിടവായ്പ, ചെറുകിട സാമ്പത്തികസംരംഭങ്ങൾ, അയൽക്കൂട്ടം, തദ്ദേശസ്ഥാപനങ്ങളിൽ 50% സീറ്റ് സംവരണം തുടങ്ങിയ പദ്ധതികൾ സ്ത്രീകളിൽ ആത്മവിശ്വാസം വളർത്താൻ വളരെയധികം സഹായിച്ചു.

ചിത്രം 8.19 സ്ത്രീകളുടെ സാമൂഹിക പദവിയിലുണ്ടായ മാറ്റങ്ങൾ

ഇന്ത്യയിലെ സ്ത്രീകളുടെ സാമൂഹികപദവിയിലും അവസ്ഥയിലും ഇപ്പോഴുണ്ടായ മാറ്റങ്ങൾ പുരോഗതിയുടെ അടയാളമായി കാണാൻ സാധിക്കില്ല എന്ന് ചിലർ വാദിക്കുന്നു. ലിംഗസമത്വമെന്ന ആശയം അതിന്റെ പൂർണ തോതിൽ ഉൾക്കൊള്ളാൻ ഇന്ത്യയിലെ ഗ്രാമീണ ജനസമൂഹം ഇതുവരെയും തയാറായിട്ടില്ല. ഇന്ത്യൻ സമൂഹത്തിലും സംസ്കാരങ്ങളിലും ആഴത്തിൽ വേരിറങ്ങിയ പുരുഷമേധാവിത്വമനസ്സാണ് ഇതിന് കാരണം. ആയതിനാൽ ഇന്ത്യയിലെ സ്ത്രീസമൂഹം വിവിധ തരത്തിലുള്ള സാമൂഹിക-സാംസ്കാരിക വേർതിരിവുകൾ ഇന്നും അനുഭവിച്ചുവരുന്നു. ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങൾ ഇതിന് തെളിവുകളാണ്. പുരുഷമേധാവിത്വം ഇന്ത്യയിൽ ശക്തമായി തുടർന്നുവരുന്നു. ഇന്ത്യയിൽ വനിതാ സംഘടനകൾ ഇന്ന് സജീവമാണ്. സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ, സ്ത്രീധനം, പെൺഭ്രൂണഹത്യ എന്നിവ നിർത്തലാക്കുന്നതിന് ഇന്ത്യയിലെ വനിതാ സംഘടനകൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയിലെ സ്ത്രീകളുടെ സാമൂഹികപദവി ഉയർത്താൻ നമുക്ക് സാധിച്ചിട്ടുണ്ടോ? 'ഇന്ത്യയിൽ സ്ത്രീകളു ടെ സാമൂഹികപദവി' എന്ന വിഷയത്തെ കുറിച്ച് ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക. സംവാദത്തിനായി താഴെ പറയുന്ന സൂചനകൾ നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

- സ്ത്രീശാക്തീകരണപദ്ധതികൾ ഇന്ത്യയിലെ സ്ത്രീകളുടെ സാമൂഹികപദവി ഉയർത്താൻ സഹായിച്ചിട്ടുണ്ടോ?
- സ്ത്രീകൾക്ക് ആദ്യ വേദകാലഘട്ടങ്ങളിൽ നിലവിലുണ്ടായിരുന്ന സാമൂഹികപദവി കൈവരിക്കാൻ ഇന്ന് സാധിച്ചിട്ടുണ്ടോ?
- സ്ത്രീകളുടെ സാമൂഹികപദവി ആദ്യവേദകാലഘട്ടത്തിലേക്കാളും ഉയർന്ന

നിലവാരത്തിലേക്ക് പോകേണ്ടതുണ്ടോ?

- .....
- .....

ഇന്ത്യൻ സ്ത്രീസമൂഹം ഇന്ന് നിരവധി ആനുകൂല്യങ്ങളും വിശേഷാവകാശങ്ങളും അനുഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും കൈവരിച്ചത് ആകസ്മികമായ മാറ്റങ്ങളിലൂടെയല്ല സ്ത്രീവിമോചന പോരാളികളുടെ നിരന്തരമായ പോരാട്ടങ്ങളിലൂടെയും സംഘടിത പ്രവർത്തനങ്ങളിലൂടെയുമാണ്. ജീവിതത്തിന്റെ എല്ലാ മേഖലയിലും കാണപ്പെടുന്ന അസമത്വങ്ങൾക്കെതിരെ പോരാടുന്നതിൽ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇനി നമുക്ക് സ്ത്രീവിമോചനപ്രസ്ഥാനങ്ങളെക്കുറിച്ച് പരിശോധിക്കാം.

സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ (Women Liberation Movements)

സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ ഫെമിനിസ്റ്റ് മൂവ്മെന്റ് എന്ന പേരിലും അറിയപ്പെടുന്നു. അവർ എന്താണ് ചെയ്യുന്നത്?

താഴെ പറയുന്ന നിരവധി സാമൂഹികപ്രശ്നങ്ങൾ സംഘടിതപ്രവർത്തനങ്ങളിലൂടെ അവർ ഏറ്റെടുക്കുന്നു.

- പ്രത്യുൽപ്പാദന അവകാശങ്ങൾ
- ഗാർഹിക അതിക്രമങ്ങൾക്കെതിരെയുള്ള നടപടികൾ
- സ്ത്രീവോട്ടവകാശവും രാഷ്ട്രീയാവകാശവും
- പ്രസവാവധിക്കുവേണ്ടിയുള്ള പോരാട്ടവും തുല്യവേതനവും
- ജോലിസ്ഥലത്തും പൊതുസ്ഥലത്തുമുള്ള ലൈംഗിക അതിക്രമങ്ങൾ, ലൈംഗിക പീഡനങ്ങൾ
- .....
- .....

എന്തുകൊണ്ടാണ് സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് പര്യായമായി മാറുന്നത്?

പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ വിവിധ ഘട്ടങ്ങളിലൂടെയാണ് വളർന്നു വന്നത്. ഫെമിനിസത്തിന്റെ അലകൾ പ്രധാനമായും മൂന്നു തലങ്ങളിലൂടെയായിരുന്നു. മധ്യ അല്ലെങ്കിൽ ഉപരിവർഗ സ്ത്രീസമൂഹത്തെ കേന്ദ്രീകരിച്ച് രാഷ്ട്രീയസമത്വത്തിനും സാർവത്രിക വോട്ടവകാശത്തിനും വേണ്ടിയായിരുന്നു ആദ്യത്തെ ശ്രമം. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അസമത്വങ്ങൾക്കെതിരെയുള്ള പോരാട്ടമായിരുന്നു രണ്ടും മൂന്നും ഘട്ട ശ്രമങ്ങൾ. ഇതിന്റെ ഫലമായി സ്ത്രീവിമോചന പോരാളികൾ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മാധ്യമരംഗങ്ങളിൽ കൂടുതൽ പങ്കാളിത്തത്തിനുവേണ്ടി സംഘടിതപ്രവർത്തനങ്ങൾ നടത്തി. ഇത്തരത്തിലുള്ള യോജിച്ചുള്ള എല്ലാ ശ്രമങ്ങളുടെയും ഫലമായി പ്രത്യേക അവകാശങ്ങളായ സ്ത്രീവോട്ടവകാശം, സ്വത്തവകാശം, തുല്യവേതനം, വിദ്യാഭ്യാസത്തിനുള്ള അവകാശം, ഗർഭം ധരിക്കാനുള്ള

തീരുമാനമെടുക്കൽ, ഗർഭച്ഛിദ്രം, വിവാഹ ബന്ധം വേർപെടുത്തൽ നടപടികൾക്ക് ആരംഭമിടൽ തുടങ്ങിയ നിരവധി അവകാശങ്ങൾ നേടിയെടുക്കാൻ സാധിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ സജീവ ഭാഗമാകാനുള്ള മഹാത്മാഗാന്ധിയുടെ ആഹ്വാനം നിരവധി മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. പല സ്ത്രീകളും ഈ ആഹ്വാനത്തോട് അനുകൂലമായി പ്രതികരിച്ചു.

- സരോജിനി നായിഡു, വിജയലക്ഷ്മി പണ്ഡിറ്റ്, അരുണ ആസഫലി, ക്യാപ്റ്റൻ ലക്ഷ്മി തുടങ്ങി അറിയപ്പെടുന്നവരും അല്ലാത്തവരുമായ നിരവധി വനിതകൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു.
- ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയാവുകയും അവർ ലോക രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു.

ഇന്ത്യയിലെ പൊതുജനങ്ങൾക്ക് സ്ത്രീസമൂഹത്തോടുള്ള കാഴ്ചപ്പാടുകൾ മാറ്റാനും, പുരുഷന്മാരേക്കാൾ ഒട്ടും താഴെയല്ല സ്ത്രീകൾ എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാനും ഇവർക്ക് സാധിച്ചു. ഇതിനുശേഷം ഇന്ത്യയിലെ നിരവധി സ്ത്രീകൾ സ്പോർട്സ്, രാഷ്ട്രീയം, ഭരണം, ശാസ്ത്രം, കല തുടങ്ങിയ വിവിധ മേഖലകളിൽ വളരെ മികച്ച സ്ഥാനങ്ങൾ അലങ്കരിച്ചു.

സ്ത്രീകേന്ദ്രീകൃത/സ്ത്രീ സംബന്ധിയായ നിയമങ്ങൾ

- സ്ത്രീധന നിരോധനനിയമം-1961 (1961ലെ 28) (ഭേദഗതി,1986)
- സതിയനുഷ്ഠിക്കുന്നതിനുള്ള നിരോധന നിയമം - 1997
- ഗാർഹികപീഡന സ്ത്രീസംരക്ഷണ നിയമം - 2005
- ജോലിസ്ഥലത്തെ ലൈംഗിക അതിക്രമ നിയമം (തടയൽ, നിരോധനം, പരിഹാരം) - 2013
- ശൈശവവിവാഹ നിരോധനനിയമം - 1929 (1929 ലെ 19)
- വിവാഹിതരായ സ്ത്രീകളുടെ സ്വത്തുനിയമം - 1874 (1874 ലെ 3)
- പ്രത്യേക വിവാഹനിയമം - 1954
- ഹിന്ദു പിന്തുടർച്ചാവകാശനിയമം - 1956
- പ്രസവ ആനുകൂല്യ നിയമം -1961 (1961 ലെ 53)
- ഇന്ത്യൻ വിവാഹമോചനനിയമം - 1969 (1969 ലെ 4)
- വൈദ്യശാസ്ത്രപ്രകാരം ഗർഭം അലസിപ്പിക്കൽ നിയമം - 1971 (1971 ലെ 34)
- തുല്യവേതനനിയമം - 1976
- മുസ്ലിം സ്ത്രീകളുടെ അവകാശ സംരക്ഷണവും സ്ത്രീധനവുമായി ബന്ധപ്പെട്ട നിയമവും - 1986
- ദേശീയ വനിതാ കമ്മീഷൻ നിയമം - 1990 (1990 ലെ 20)

- കൽപ്പന ചൗളയുടെ ബഹിരാകാശസഞ്ചാരം യുവതലമുറക്ക് അവരുടെ അഭിരുചികൾക്കും ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ച് പുരുഷന്മാരോടൊപ്പം ഓരോ മേഖലയിലും തുല്യപങ്കാളിത്തം ഉറപ്പുവരുത്താനും നിർണായകമായ തീരുമാനമെടുക്കാനും പ്രചോദനം നൽകി. ദേശീയ-സംസ്ഥാന രാഷ്ട്രീയ പ്പാർട്ടികളുടെ വനിതാവിഭാഗം സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായി മുൻപന്തിയിൽനിന്നുകൊണ്ട് പോരാടുന്നു.

ഇന്ത്യൻ ഭരണഘടനയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് സ്ത്രീപുരുഷ വിവേചനം അവസാനിപ്പിക്കാനുള്ള നിരവധി കർമ്മപരിപാടികൾ ഇന്ത്യാഗവൺമെന്റ് ചെയ്തു വരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് ദേശീയ-സംസ്ഥാന വനിതാ കമ്മീഷനുകളുടെ രൂപീകരണം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു സർക്കാർ പ്രത്യേകം പരിഗണന നൽകുന്നു. ദേശീയ മത്സരപരിപാടികളിൽ പെൺകുട്ടികൾ നേടുന്ന ഉയർന്ന നിലവാരം സ്ത്രീപുരുഷ സമവാക്യത്തിന്റെ മാറുന്ന ചിത്രമാണ് നമുക്ക് കാട്ടിത്തരുന്നത്.

ഇത്തരത്തിലുള്ള എല്ലാ ശ്രമങ്ങൾക്കിടയിലും സ്ത്രീകൾ ഇപ്പോഴും മാനസിക ശാരീരിക യാതനകൾ അനുഭവിക്കുന്നു. ഗാർഹികപീഡനം, പൊതുസ്ഥലത്തെ ശല്യപ്പെടുത്തൽ തുടങ്ങിയവ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. നവവധുവിന്റെ ആത്മഹത്യ, കൊലപാതകം തുടങ്ങിയവയ്ക്ക് എല്ലാ ദിവസവും സാക്ഷ്യംവഹിക്കുന്നു. സ്ത്രീധനമരണനിരക്ക് കൂടിവരുന്നു. ഇത് സൂചിപ്പിക്കുന്നത് ഭരണാധികാരികൾ നിയമം നടപ്പിലാക്കിയാൽ മാത്രം ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ല, ജനങ്ങൾക്ക് സ്ത്രീകളോടുള്ള മനോഭാവത്തിലും സമീപനത്തിലും മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ് എന്നാണ്. എങ്കിൽമാത്രമേ സ്ത്രീകൾക്ക് സമൂഹത്തിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനവും പദവിയും തിരിച്ച് ലഭിക്കുകയുള്ളൂ.

നിരവധി ശ്രമങ്ങൾ നടത്തിയിട്ടും സ്ത്രീകളും പെൺകുട്ടികളും ജീവിതപ്പാതയുടെ സമസ്തമേഖലകളിലും വിവിധതരത്തിലുള്ള ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്നു. പുരുഷമേധാവിത്വവും പിതൃദായക്രമവുമുള്ള ഒരു സമൂഹത്തിൽ സ്ത്രീവിമോചനസമരങ്ങൾ ഒരു മിഥ്യയാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം ഇതിനെ കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.

സ്ത്രീകൾ അനുഭവിച്ചു വരുന്ന വിവേചനങ്ങളും ചൂഷണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പത്രമാധ്യമങ്ങളിൽനിന്നും ശേഖരിച്ച് ഒരു പോസ്റ്റർ തയാറാക്കുകയും സ്കൂളിൽ പ്രദർശിപ്പിക്കുകയും സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങളെയും വിവേചനങ്ങളെയും കുറിച്ച് ഒരു പ്രചാരണം സംഘടിപ്പിക്കുകയും ചെയ്യുക.

ഇന്ത്യൻ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടികവർഗം, പട്ടികജാതി, സ്ത്രീസമൂഹം എന്നിവരുടെ പ്രശ്നങ്ങളാണ് നാം ചർച്ച ചെയ്ത് കൊണ്ടിരിക്കുന്നത്. ഇവരെ ശാക്തീകരിക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള ശ്രമങ്ങൾ പല കോണുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യൻ ഭരണഘടനതന്നെയാണ് പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ സംരക്ഷകൻ. ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്ക് ആണെന്നും ഇന്ത്യയിലെ എല്ലാ പൗരർക്കും നീതിയും സമത്വവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുമെന്നും ഇന്ത്യൻ ഭരണഘടന പ്രഖ്യാപിക്കുന്നു. ഇന്ത്യയിലെ ജനവിഭാഗങ്ങളെ പൊതുവായും പ്രത്യേകിച്ച് പാർശ്വവൽക്കൃത സമൂഹങ്ങളുടെയും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും ക്ഷേമവും വികസനവും ഉറപ്പുവരുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. അംബേദ്കർ ദലിതർ, ഗോത്ര വർഗവിഭാഗങ്ങൾ, മറ്റു പാർശ്വവൽകൃത ജനസമൂഹങ്ങൾ എന്നിവരുടെ താൽപ്പര്യങ്ങൾ

സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു. പാർശ്വവൽകൃത ജനവിഭാഗത്തിന്റെ ശാക്തീകരണത്തിനായി ഇന്ത്യൻ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗക്കാർക്കുള്ള ഭരണഘടനാസംരക്ഷണങ്ങൾ (Constitutional Safeguards for SCs & STs)

പട്ടികജാതി (എസ്.സി.) പട്ടികവർഗ (എസ്.ടി.) വിഭാഗങ്ങൾ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ നേരിടുന്നു. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അടിച്ചമർത്തപ്പെട്ട അവസ്ഥയിൽനിന്നും അഭിവൃദ്ധിപ്പെടുത്തുവാനും ഇന്ത്യൻ ഭരണഘടനയിൽ താഴെ പറയുന്ന പ്രത്യേക വ്യവസ്ഥകളും സുരക്ഷാസംവിധാനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.



ചിത്രം 8.20 അംബേദ്കർ

ആർട്ടിക്കിൾ 14: ഇന്ത്യയുടെ ഭൂപ്രദേശത്തിനുള്ളിൽ ഏതൊരാൾക്കും നിയമത്തിന്റെ മുമ്പിൽ തുല്യതയോ നിയമങ്ങളുടെ തുല്യമായ സംരക്ഷണമോ രാഷ്ട്രത്തിന് നിഷേധിക്കാൻ പാടില്ലാത്തതാകുന്നു.

ആർട്ടിക്കിൾ 15: മതത്തിന്റെയോ ജാതിയുടെയോ വർഗത്തിന്റെയോ ലിംഗത്തിന്റെയോ ജനന സ്ഥലത്തിന്റെയോ പേരിലുള്ള വിവേചനം പാടില്ല.

ആർട്ടിക്കിൾ 16: രാഷ്ട്രത്തിനു കീഴിലുള്ള ഏതെങ്കിലും ഉദ്യോഗത്തിന്, നിയമനം നൽകുന്നതിൽ എല്ലാ പൗരർക്കും തുല്യമായ അവസരം നൽകുന്നു.

ആർട്ടിക്കിൾ 17: തൊട്ടുകൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലുമുള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു.

ആർട്ടിക്കിൾ 23: മനുഷ്യക്കടത്ത്, ഭിക്ഷാടനം തുടങ്ങിയ സമാന നിർബന്ധിതപ്രവൃത്തികൾ നിരോധിച്ചിരിക്കുന്നു. ഈ വ്യവസ്ഥയുടെ ഏതു ലംഘനവും നിയമമനുസരിച്ച് ശിക്ഷിക്കാവുന്ന ഒരു കുറ്റമാകുന്നു.

ആർട്ടിക്കിൾ 25: ഏതു മതവും ആചരിക്കാനും ഏതു മതവും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം.

ആർട്ടിക്കിൾ 29: സർക്കാർ വിദ്യാലയങ്ങളിലോ സർക്കാർ ധനസഹായം സ്വീകരിക്കുന്ന ഏതെങ്കിലും വിദ്യാലയങ്ങളിലോ, മതത്തിന്റെയോ വർഗത്തിന്റെയോ ജാതിയുടെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ഒരു ഇന്ത്യൻ പൗരനും പ്രവേശനം നിഷേധിക്കാൻ പാടുള്ളതല്ല.

ആർട്ടിക്കിൾ 38: രാഷ്ട്രം, ജനങ്ങളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകവഴി

അവരുടെ സാമൂഹികക്രമം ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട സംരക്ഷണവും സുരക്ഷിതത്വവും നൽകുകയും ഇതിലൂടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടകങ്ങളുടെ നീതി ഉറപ്പുവരുത്തുകയും ചെയ്യണം.

ആർട്ടിക്കിൾ 46: രാഷ്ട്രം, ജനങ്ങളിൽ ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടികഗോത്രവർഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെ പ്രത്യേകശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും അവരെ സാമൂഹികമായ അനീതിയിൽനിന്നും എല്ലാവിധത്തിലുള്ള ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കേണ്ടതുമാകുന്നു.

ആർട്ടിക്കിൾ 244: പട്ടികപ്പെടുത്തിയ ഗോത്രവർഗ പ്രദേശങ്ങളുടെ ഭരണസംവിധാനം ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ സംക്ഷേപം താഴെ കൊടുത്തിരിക്കുന്നു.

> ***അഞ്ചാം പട്ടിക :*** *ആസ്സാം ഒഴികെയുള്ള ഏതൊരു സംസ്ഥാനത്തിലെയും പട്ടിക പ്രദേശങ്ങളുടെയും പട്ടികഗോത്രവിഭാഗങ്ങളുടെ ഭരണവും നിയന്ത്രണവും ബാധകമാകുന്നതാണ്.*
>
> ***ആറാം പട്ടിക :*** *ആസ്സാം സംസ്ഥാനത്തിലെ (മുൻ) പട്ടികവിഭാഗ പ്രദേശങ്ങളുടെ ഭരണവും നിയന്ത്രണവും.*

ആർട്ടിക്കിൾ 275: പട്ടികവർഗക്ഷേമത്തിനായി കേന്ദ്രസർക്കാരിൽനിന്നു സംസ്ഥാന സർക്കാരുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ.

ആർട്ടിക്കിൾ 330: ലോകസഭയിൽ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യം.

ആർട്ടിക്കിൾ 332: നിയമസഭയിൽ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യം.

ആർട്ടിക്കിൽ 335: പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് സർക്കാർ സേവനങ്ങളിലുള്ള സംവരണ അവകാശങ്ങൾ, ഭരണപരമായ കാര്യക്ഷമതകൂടി കണക്കിലെടുത്തായിരിക്കണം.

ആർട്ടിക്കിൾ 338: ഭരണഘടനാപരമായി പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് നൽകുന്ന എല്ലാതരം സംരക്ഷണങ്ങളെപ്പറ്റിയും അന്വേഷിക്കാൻ ഒരു പ്രത്യേക ഓഫീസറെ നിയമിക്കാൻ പ്രസിഡന്റിന് അധികാരം നൽകുന്നു.

മുകളിൽ പറഞ്ഞ ഭരണഘടനാപരമായ സംരക്ഷണങ്ങൾക്കു പുറമെ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ ചില നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി. 1955 ൽ തൊട്ടുകൂടായ്മനിയമം ലോകസഭ പാസാക്കി. അടിമജോലി നിയമംമൂലം സർക്കാർ നിരോധിച്ചു. പട്ടികജാതി, പട്ടിക വർഗ പിന്നാക്കവിഭാഗ സംരക്ഷണത്തിനായി നിരവധി വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക വികസനപദ്ധതികൾ സർക്കാർ ആരംഭിച്ചു.

മുകളിൽ പറഞ്ഞിരിക്കുന്ന ഭരണഘടനാപരമായ സംരക്ഷണങ്ങൾ ഉണ്ടെങ്കിലും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങളും പ്രത്യേക അവകാശങ്ങളും

പൂർണമായി പരിരക്ഷിക്കപ്പെട്ടിട്ടില്ല. പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചു വരുന്ന വാർത്തകളിൽനിന്ന് ഇത് വ്യക്തമാണ്. ഇത്തരത്തിലുള്ള വാർത്തകൾ ശേഖരിക്കുകയും ഭരണഘടനാപരമായ ഏത് അവകാശങ്ങളാണ്/സംരക്ഷണങ്ങളാണ് ലംഘിക്കപ്പെട്ടിരിക്കുന്നതെന്ന് പരിശോധിക്കുകയും ചെയ്യുക. ഭരണഘടനാവ്യവസ്ഥ കളുടെ അത്തരം ലംഘനങ്ങളെ കുറിച്ചുള്ള ഒരു റിപ്പോർട്ട് തയാറാക്കുക.

സംഗ്രഹം

- നരവംശശാസ്ത്രപരമായി ഒരു പ്രത്യേക ഭൂപ്രദേശത്ത് അധിവസിക്കുന്ന ലിപിയില്ലാത്ത പൊതുവായ ഭാഷ, പൊതു പൂർവികൻ, ഏകീകൃത സാമൂഹിക വ്യവസ്ഥിതി, ലളിതമായ സാങ്കേതികവിദ്യ, സാംസ്കാരിക ഏകത്വം എന്നിവ പിന്തുടരുന്ന ഒരു കൂട്ടത്തെയാണ് ഗോത്രം അഥവാ ട്രൈബ് എന്ന് പറയുന്നത്.
- ഇന്ത്യൻ ഭരണഘടനയിലെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന സമുദായങ്ങളാണ് പട്ടിക വർഗങ്ങൾ. ആർട്ടിക്കിൾ 366 (25) പ്രകാരം പട്ടികവർഗസമുദായങ്ങൾ എന്നു പറയുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 342 ൽ ഉൾപ്പെടുത്തിയിരിക്കുന്ന സമുദായങ്ങളാണ്.
- ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, ഐകരൂപ്യപ്രകൃതം, കൃത്യമായ പ്രദേശം, പൊതുഭാഷ, പൊതുസംസ്കാരം, പ്രാക്തനമായ സാങ്കേതികവിദ്യ, നിരക്ഷരത, സ്വവംശവിവാഹം, നേരിട്ടുള്ള രക്തബന്ധത്തിലധിഷ്ഠിതമായ ബന്ധം, ഐക്യമനോഭാവം, വ്യക്തിബന്ധം, നമ്മൾ എന്നുള്ള കൂട്ടായ്മ, വൈദഗ്ധ്യമില്ലാത്ത രാഷ്ട്രീയ-നിയമവ്യവസ്ഥ, തൊഴിൽവിഭജന പ്രത്യേകതകൾ ഇല്ലാത്ത അവസ്ഥ തുടങ്ങിയവയാണ് ഗോത്രവർഗ ജനവിഭാഗങ്ങളുടെ പ്രത്യേകതകൾ.
- ഭൂപ്രകൃതിയുടെ വിന്യാസം, വർഗം, ഭാഷാചേർച്ച, തൊഴിൽവൈദഗ്ധ്യം എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഗോത്രവിഭാഗങ്ങളെ വർഗീകരിച്ചിരിക്കുന്നു.
- പ്രത്യേക ദുർബലഗോത്രവിഭാഗങ്ങളെ (പി.വി.ടി.ജി.എസ്/പി.ടി.ജി.എസ്) മറ്റു ഗോത്രവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ ചില ദുർബലസ്വഭാവ സവിശേഷതകൾ പ്രകടമാക്കുന്നു. കുറഞ്ഞുവരുന്ന ജനസംഖ്യ, ഉപജീവനത്തെ അടിസ്ഥാനമാക്കിയുള്ള സമ്പദ്വ്യവസ്ഥ, താഴ്ന്ന സാക്ഷരതാനിലവാരം, കാർഷിക പൂർവ സാങ്കേതികവിദ്യ തുടങ്ങിയവ പി.വി.ടി.ജി.എസിന്റെ പ്രത്യേകതകളാണ് ആകുന്നു.
- കേരളം നിരവധി ഗോത്രവർഗ ജനവിഭാഗങ്ങളുടെ ആവാസഭൂമിയാണ്. അതിൽ പണിയൻ, അടിയൻ, കുറിച്യൻ എന്നിവരാണ് പ്രധാനപ്പെട്ടത്. വയനാട് ജില്ലയിൽ നിരവധി ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്നു.
- കേരളത്തിൽ അഞ്ച് പി.വി.ടി.ജി.കൾ (PVTGs) കാണപ്പെടുന്നു. കാസർഗോഡ് ജില്ലയിലെ കൊറഗ, മലപ്പുറം ജില്ലയിലെ നിലമ്പൂരിലെ ചോലനായ്ക്കൻ, പാലക്കാട്

ജില്ലയിലെ അട്ടപ്പാടിയിലെ കുറുംബർ, പാലക്കാട് ജില്ലയിലെതന്നെ കാടർ, വയനാട് ജില്ലയിലെ കാട്ടുനായ്ക്കൻ എന്നിവരാണിവർ.

- ദാരിദ്ര്യം, പോഷകാഹാരക്കുറവ്, കടബാധ്യത, പണം കടംകൊടുക്കുന്നവരുടെ ചൂഷണം കാരണമുള്ള ഭൂമി അന്യാധീനപ്പെടൽ, കുറഞ്ഞ സാക്ഷരതനിലവാരം, സാംസ്കാരിക ഇടപെടൽ, മതപരിവർത്തനം, സർക്കാരിന്റെ തെറ്റായ വനനയങ്ങൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഗോത്രവർഗക്കാർ നേരിടുന്നു.
- കൊളോണിയൽ കാലഘട്ടം മുതൽ ഇന്ത്യയിൽ ഗോത്രവർഗപ്രസ്ഥാനങ്ങൾ നിലനിൽക്കുന്നുണ്ട്. കടുത്ത സാമ്പത്തികചൂഷണത്തിന്റെയും മനുഷ്യത്വരഹിതമായ സാമൂഹിക അടിച്ചമർത്തലുകളുടെയും പരിണതഫലമാണ് ഇത്തരം പ്രസ്ഥാനങ്ങൾ മുണ്ടാപ്രക്ഷോഭം, സന്താൾ കലാപം, കുറിച്യ ലഹള, മുത്തങ്ങഭൂസമരം തുടങ്ങിയവ ഇന്ത്യയിലെ പ്രധാന ഗോത്രവർഗപ്രസ്ഥാനങ്ങളാകുന്നു.
- 1935 ൽ സൈമൺ കമ്മീഷനാണ് ആദ്യമായി പട്ടികജാതി എന്ന പദം നിർദേശിച്ചത്. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 341 ൽ പട്ടികപ്പെടുത്തിയിട്ടുള്ള സമുദായങ്ങളാണ് പട്ടികജാതിസമുദായങ്ങൾ. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മതപരവും വിദ്യാഭ്യാസപരവുമായ നിരവധി അവശതകൾ ഇവർ അനുഭവിച്ചിരുന്നു.
- ഇന്ത്യയിലെ പുരുഷാധിപത്യ പിതൃതാവഴിക്രമമുള്ള സമൂഹം സ്ത്രീകളെ വെറും വസ്തുക്കളായി കണക്കാക്കുന്നു. എന്നിരുന്നാലും വ്യത്യസ്ത പ്രദേശങ്ങളിലും, കാലഘട്ടങ്ങളിലും സമുദായങ്ങളിലും സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലയിലെ സ്ത്രീപുരുഷ വിവേചനങ്ങൾ ഒരുപോലെയായിരുന്നില്ല അവ വ്യത്യസ്തസ്ഥലങ്ങളിലും കാലഘട്ടത്തിലും സമുദായങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു.
- പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ നിരവധി പ്രശ്നങ്ങൾ നേരിടുന്നു.
- ഇന്ത്യയിലെ പട്ടികജാതി-പട്ടികവർഗ, പാർശ്വവൽകൃതസമൂഹങ്ങളിലെ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി ഭരണഘടനാപരമായ സംരക്ഷണങ്ങൾ നൽകിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ 14,1 5, 16, 17, 23, 25, 29, 38, 46, 244, 275, 330, 332, 335, 338 തുടങ്ങിയ ആർട്ടിക്കിളുകളിലാണ് അവ ഉൾപ്പെടുത്തിയിരിക്കുന്നത്.

ടേം മൂല്യനിർണയ ഉപാധികൾ

1. ഗ്രൂപ്പിൽപ്പെടാത്തത് കണ്ടെത്തി ന്യായീകരിക്കുക.
   (എ) നെഗ്രിറ്റോ, പ്രോട്ടോ ആസ്ട്രലോയ്ഡ്, ദ്രവീഡിയൻ, മംഗളോയ്ഡ്
   (ബി) ഓസ്ട്രിക്, സിനോടിബറ്റൻ, മെഡിറ്ററേനിയൽ, ദ്രവീഡിയൻ
   (സി) കാടർ, കാട്ടുനായ്ക്കൻ, കുറിച്യൻ, കുറുംബൻ
   (ഡി) നാഗപ്രക്ഷോഭം, വൈക്കംസത്യാഗ്രഹം, സന്താൾകലാപം, കുറിച്യലഹള

2. നിങ്ങൾ പട്ടികവർഗ ലിസ്റ്റ് പുനർനിർണയ കമ്മീഷനിലെ അംഗമായിട്ടുണ്ടെങ്കിൽ ഈ ലിസ്റ്റിലേക്ക് ഒരു സമുദായത്തെ തിരഞ്ഞെടുക്കാനായി അനുയോജ്യമായ എന്തു മാനദണ്ഡങ്ങളാണ് നിങ്ങൾ തിരഞ്ഞെടുക്കുക?

3. ഗോത്രവർഗസമൂഹങ്ങളും ഗോത്രേതരസമൂഹങ്ങളും അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ താഴെ നൽകിയിരിക്കുന്നു. അതിൽനിന്ന് ഗോത്രവർഗജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും ഓരോന്നിനും ഉചിതമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.

   (ദാരിദ്ര്യം, കടബാധ്യത, ആത്മഹത്യാ പ്രവണത, മദ്യപാനം, മാനസികരോഗം, മയക്കുമരുന്ന്, ഭൂമി അന്യാധീനപ്പെടൽ, കുടുംബപ്രശ്നങ്ങൾ, സാങ്കേതിക പിന്നാക്കാവസ്ഥ)

4. ഭൂമിശാസ്ത്രം, സമ്പദ്വ്യവസ്ഥ, വർഗം, ഭാഷ എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യയിലെ ഗോത്രവർഗങ്ങളെ വിഭജിക്കുന്ന വർഗീകരണ ചാർട്ട് തയാറാക്കുക.

5. ഇന്ത്യൻ ഗോത്രവർഗങ്ങളുടെ വംശീയവർഗീകരണം പൂർത്തിയാക്കുക.

   (എ) നീഗോയ്ഡ് : കാടർ (ബി). . . .. . . : .....

   (സി) . . . ..: . . . . : . . . . . (ഡി). . . .. . . : . . . .

6. നിങ്ങളുടെ സ്കൂളിലെ നരവംശശാസ്ത്ര ക്ലബ്ബ് ലോക വനിതാദിനം ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആ ക്ലബ്ബിന്റെ ചെയർമാൻ എന്ന നിലയിൽ അന്നേ ദിവസത്തേക്കുള്ള ഒരു പ്രസംഗം തയാറാക്കുക.

7. ഇന്ത്യൻ ഭരണഘടന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് നിരവധി പരിരക്ഷകൾ നൽകുന്നു. താഴെ കൊടുത്തിരിക്കുന്ന ആർട്ടിക്കിളുമായി ബന്ധപ്പെട്ട പരിരക്ഷകൾ തിരിച്ചറിയുക.

   (ആർട്ടിക്കിൾ 15, 17, 23, 29, 46, 330, 332)

സാങ്കേതികപദങ്ങൾ

ഗോത്രം	:	ഒരു പൊതുപൂർവികനിൽനിന്ന് ഉൽഭവിച്ചതും പ്രത്യേക പ്രദേശത്തു താമസിക്കുന്നതുമായ ഏകീകൃതസമൂഹം.
പട്ടികവർഗം	:	ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 342 ൽ പട്ടികപ്പെടുത്തിയിട്ടുള്ള ഗോത്രവിഭാഗങ്ങൾ.
ആദിവാസി	:	രാജ്യത്തെ ആദിമനിവാസികൾ അല്ലെങ്കിൽ തദ്ദേശവാസികൾ.
പി.വി.ടി.ജി.	:	പ്രത്യേക ദുർബലഗോത്രവിഭാഗങ്ങൾ.

സജാതീയവിവാഹം	:	ഗ്രൂപ്പിനുള്ളിൽനിന്നുതന്നെയുള്ള വിവാഹം.
പാരമ്പര്യനിയമം	:	പരമ്പരാഗത വിശ്വാസങ്ങളെയും നിയമങ്ങളെയും അടിസ്ഥാനമാക്കിയുള്ള നിയമം.
മൃഗപരിപാലനം	:	ജീവനോപാധിക്കായുള്ള കന്നുകാലിവളർത്തൽ
ഉപജീവന സാമ്പത്തികം	:	ഉപഭോഗത്തിനായി പ്രകൃതിവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സമ്പദ്വ്യവസ്ഥ

റഫറൻസ്

ഹസ്നൈൻ, നദീം, 2003. ഇന്ത്യൻ നരവംശശാസ്ത്രം. ന്യൂഡൽഹി : പാലക്കാ പ്രകാശൻ

മാത്തൂർ.പി.ആർ.ജി. 1977 കേരളത്തിലെ ഗോത്രവർഗ സാഹചര്യങ്ങൾ. തിരുവനന്തപുരം : കേരള ഹിസ്റ്റോറിക്കൽ സൊസൈറ്റി.

റോയ് ഇന്ദ്രാണി ബസു. 2005. നരവംശശാസ്ത്രം : മനുഷ്യനെ കുറിച്ചുള്ള പഠനം. ന്യൂഡൽഹി: എസ്. ചാന്ത് & കമ്പനി.

സാഹു ചതുർഭുജ്. 1998. ഇന്ത്യയിലെ പ്രാക്തന ഗോത്രവിഭാഗങ്ങൾ, ന്യൂഡൽഹി: സ്വരൂപ് &സൺസ്.

യൂണിറ്റ്

IX

പ്രയുക്ത – വികസന നരവംശശാസ്ത്രം

E7N1F7

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- പ്രയോഗ നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും മനസ്സിലാക്കാനും അതിന് പ്രവർത്തന നരവംശശാസ്ത്രം, പങ്കാളിത്ത നരവംശശാസ്ത്രം, വികസന നരവംശശാസ്ത്രം എന്നിവയിൽനിന്നുള്ള വ്യത്യാസം തിരിച്ചറിയാനും കഴിയുന്നു.
- സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നതിൽ പ്രവർത്തന നരവംശശാസ്ത്രത്തിന്റെ പങ്ക് വിലയിരുത്താനാവുന്നു.
- ആദിവാസിവികസനം, ക്ഷേമം എന്നിവയുടെ വ്യത്യസ്ത സമീപനങ്ങൾ വിലയിരുത്താനും ആദിവാസിവികസനം, ഗ്രാമവികസനം എന്നിവയിൽ നരവംശശാസ്ത്ര സമീപനത്തിന്റെ പങ്ക് പരിശോധിക്കാനും കഴിയുന്നു.
- ഇന്ത്യയിലെ ഗ്രാമവികസനപദ്ധതികൾ പരിശോധിക്കാനും സുസ്ഥിരവികസനം സുസ്ഥിര മാനവികവികസനം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും കഴിയുന്നു.
- വിമർശനാത്മക വികസന നരവംശശാസ്ത്രത്തിന്റെ ഉദ്ഭവം വിവേചിച്ചറിയാനും പരമ്പരാഗത വികസനനരവംശശാസ്ത്രം, പങ്കാളിത്ത നരവംശശാസ്ത്രം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും സാധിക്കുന്നു.

ഉള്ളടക്കം

പ്രയോഗ നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും

- വികസന നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും
- വികസനകാര്യത്തിൽ നരവംശശാസ്ത്രത്തിന്റെ പങ്ക്.
- പ്രവർത്തന നരവംശശാസ്ത്രം

ഗോത്രവർഗവികസനത്തിനും ക്ഷേമത്തിനുമായുള്ള സമീപനരീതികൾ

- സാമൂഹികസേവന സമീപനം
- രാഷ്ട്രീയസമീപനം
- മതപരമായ സമീപനം
- നരവംശശാസ്ത്രസമീപനം
- ഗോത്രവർഗവികസനത്തിൽ നെഹ്റുവിന്റെ സമീപനം

ഗ്രാമവികസനം ഇന്ത്യയിൽ

- സുസ്ഥിരവികസനം
- സുസ്ഥിര മാനവികവികസനം
- മാനവവികസനസൂചിക
- ദാരിദ്ര്യവും അസമത്വവും
- പരമ്പരാഗതവും വിമർശനാത്മകവുമായ വികസന നരവംശശാസ്ത്രം

മനുഷ്യസംസ്കാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നരവംശശാസ്ത്ര അറിവുകൾ പ്രയോഗിക്കുന്നതിനെയാണ് പ്രയുക്ത നരവംശശാസ്ത്രം എന്ന് പറയുന്നതെന്ന് നിങ്ങൾ മുൻപ് പഠിച്ചിട്ടുണ്ട്. നരവംശശാസ്ത്രം ആ നിലയിൽ ഉപകാരപ്രദമാണോ? അതിനു പൊതുസഹായകമായ പങ്കുവഹിക്കാൻ കഴിയുന്നുണ്ടോ? ഇത് സമൂഹത്തിലും സാമൂഹിക പ്രശ്നങ്ങളിലും ഇടപെടുന്നുണ്ടോ? നരവംശശാസ്ത്രം തികച്ചും പ്രയോഗപരം തന്നെയാണ്. ഇത് സാമൂഹികപ്രശ്നങ്ങളിൽ ഇടപെടാൻ ഏറ്റവും യോജിച്ച പഠനമേഖലകളിൽ ഒന്നാണ്. പക്ഷെ മനുഷ്യന്റെ യഥാർഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എങ്ങനെയാണ് നരവംശശാസ്ത്രം ഉപയോഗിക്കാൻ കഴിയുക? താഴെ കൊടുത്തിരിക്കുന്ന ഒരു നരവംശശാസ്ത്രജ്ഞന്റെ വിജയകഥ എങ്ങനെ ഇത് സാധ്യമാവും എന്നതിന് തെളിവാകുന്നു.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള അഭയാർഥികൾക്ക് ആശ്രയ കേന്ദ്രമാണെന്റെ നഗരം. എന്റെ വീടിനടുത്തുള്ള ഒരു താമസകേന്ദ്രത്തിൽ നേപ്പാളിൽനിന്നു വന്ന എഴുപതോളം കുടുംബങ്ങൾ താമസിക്കുന്നുണ്ടായിരുന്നു. അമേരിക്കയിലെ അഭയാർഥിജീവിതത്തിന്റെ ചലനാത്മകത മനസ്സിലാക്കാനായി ഞാൻ നേപ്പാളികൾക്കിടയിൽ വർഷങ്ങളോളം പ്രവർത്തിച്ചിട്ടുണ്ട്. അഭയാർഥികളെ കുറിച്ചുള്ള എന്റെ ഗവേഷണത്തിനിടയിൽ എനിക്ക് മനസ്സിലായ കാര്യം അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന പ്രശ്നം ഒരു തൊഴിൽ കണ്ടെത്തുക എന്നുള്ളതായിരുന്നു. അമേരിക്കയിൽ ഒരു ജോലി നേടുന്നതിന് അവർക്ക് ഇംഗ്ലീഷ് അറിയണമായിരുന്നു. ധാരാളം അഭയാർഥികൾ ഗവൺമെന്റിന്റെയും സ്വകാര്യ ഏജൻസികളുടെയും പലതരം ഇംഗ്ലീഷ് സംസാരപഠന ക്ലാസുകളിൽ ചേർന്നിട്ടുണ്ടായിരുന്നു. അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം വർധിച്ചെങ്കിലും അഭയാർഥികളെന്ന നിലയിൽ അവർക്ക് ജോലി സമ്പാദിക്കുന്നതിൽ പിന്നെയും പല തടസ്സങ്ങളുമുണ്ടായിരുന്നു.

ഇവിടെയാണ് പ്രയുക്ത നരവംശശാസ്ത്രം പ്രസക്തമാവുന്നത്. 'ഈ അഭയാർഥികൾക്ക് ജോലി നേടുന്നതിനുള്ള പ്രധാന പ്രശ്നങ്ങളെന്തൊക്കെ 'ഞാൻ ചോദിച്ചു. അഭിമുഖം, നിരീക്ഷണം തുടങ്ങിയ രീതികളിലൂടെ ഞാൻ എന്റെ വംശീയപഠന ഗവേഷണം നടത്തുന്നതായതിനാൽ, ഈ അഭയാർഥികൾക്ക് അമേരിക്കയിൽ ജോലി നേടുന്നതിൽ നേരിട്ട് തടസ്സമാവുന്ന ധാരാളം സാംസ്കാരികഘടകങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞു.

ആദ്യമായി, നേപ്പാളികൾ വരുന്നത് കൂട്ടായ സംസ്കാരം നിലനിൽക്കുന്നിടത്തു നിന്നാണ്. ഞാൻ ഇടപെട്ട അഭയാർഥികൾ ആരും തന്നെ അമേരിക്കയിൽ വ്യക്തികളെന്നനിലയിൽ സ്വന്തം വരുമാനം കണ്ടെത്തുന്നതിൽ തൽപ്പരരായിരുന്നില്ല.

അവർ പരോക്ഷമായി ആശയവിനിമയം ചെയ്യുന്നവരാണ്. അതെ, അല്ല എന്നീ ലളിത ഉത്തരങ്ങൾ അവർക്ക് അരോചകമായി കാണപ്പെട്ടു.

അവസാനമായി മിക്കവാറും അഭയാർഥികൾ പതിഞ്ഞ സംസാരക്കാരും ഒതുങ്ങി ജീവിക്കുന്നവരുമായിരുന്നു. ഉച്ചത്തിൽ സംസാരിക്കുന്നത് അവരുടെ ഇടയിൽ അപമര്യാദയുടെയും അക്രമാസക്തസ്വഭാവത്തിന്റെയും സൂചനയായി കണക്കാക്കപ്പെട്ടു. കണ്ണുകൾ തമ്മിലുള്ള ബന്ധം നേപ്പാളിസംസ്കാരത്തിൽ ആശയവിനിമയത്തിൽ പ്രധാനപ്പെട്ടവയായിരുന്നില്ല. യഥാർഥത്തിൽ അവർ നല്ല ശ്രദ്ധാലുക്കളും ലയിച്ച് സംസാരിക്കുന്നവരുമായിരുന്നു.

കൂട്ടായ്മ, പരോക്ഷ ആശയവിനിമയം, ഒതുങ്ങിയ പ്രകൃതം എന്നീ മൂന്ന് സാംസ്കാരിക ഘടകങ്ങൾ നേപ്പാളിൽ വലിയരീതിയിൽ വിലമതിക്കപ്പെട്ടിരുന്നു. ഈ മൂന്ന് ഘടകങ്ങളും അമേരിക്കയിൽ പോരായ്മകളായിരുന്നു. മാത്രമല്ല, ഇത് സംശയത്തോടെയും വീക്ഷിക്കപ്പെട്ടു. അതിനാൽ നേപ്പാളികൾക്ക് തങ്ങൾ ജോലിക്ക് അനുയോജ്യരാണ് എന്ന് തൊഴിൽദാതാക്കളെ ബോധ്യപ്പെടുത്താൻ സാധിക്കാതെവന്നു.

വ്യക്തിവിവരണരേഖ (Resume) തയാറാക്കാൻ പരിശീലിപ്പിക്കുന്നതിനും ഈ മൂന്ന് സാംസ്കാരികപ്രവണതകളെയും അഭിസംബോധനചെയ്യാൻ പറ്റുംവിധം അഭിമുഖ ശില്പശാല നടത്തുന്നതിനും ഞാൻ നരവംശശാസ്ത്ര ഗവേഷണത്തിലൂടെ നേടിയ അറിവുകൾ ഉപയോഗിച്ചു. തങ്ങളെ വിപണനം ചെയ്യാൻ കഴിയുംവിധം തൊഴിൽ അഭിമുഖങ്ങളിൽ പങ്കെടുക്കാനും വ്യക്തിവിവരണരേഖ തയാറാക്കാനും അഭയാർഥികൾക്ക് കഴിവുണ്ടായിരുന്നില്ല. അഭയാർഥികൾക്ക് അവരുടെ കഴിവുകളെക്കുറിച്ച് സംസാരിക്കാനും അവരുടെ പ്രത്യേകമായ സംഭാവനകൾ എങ്ങിനെ തൊഴിൽദാതാവിന് ഗുണം ചെയ്യും എന്നും ബോധ്യപ്പെടുത്താനും ശില്പശാല യിൽ ഞങ്ങൾ പരിശീലിപ്പിച്ചു. കൂടുതൽ ദൃഢമായും നേരിട്ടും സംസാരിക്കുന്നതിനവരെ പരിശീലിപ്പിച്ചു. നേരിട്ടും വ്യക്തമായും വേഗത്തിലും ഉത്തരം പറയുന്നതിനവരെ പരിശീലിപ്പിച്ചു. മറ്റുള്ളവരുമായി വിയോജിക്കുന്നതിൽ തെറ്റില്ലെന്നും വിയോജിപ്പിന്റെ കാര്യം പിന്നീട് ബോധ്യപ്പെടുത്തിയാൽ മതിയെന്നും അവരെ മനസ്സിലാക്കി. അവസാനമായി ശില്പശാലയിൽ പങ്കെടുത്ത് ഓരോരുത്തർക്കും വ്യക്തിവിവരണ രേഖയുടെ ഒരു കൂട്ടം മാതൃകകൾ അച്ചടിച്ചുനൽകി. ആദ്യത്തെ അഭയാർഥിക്ക് ഇരുപത് വ്യക്തിവിവരണ രേഖകളോടൊപ്പം നല്ല ജോലി ലഭിക്കാനുള്ള ആശംസകൾ അഭിമാനത്തോടെയാണ് ഞങ്ങൾ നൽകിയത്. എന്നാൽ പിന്നീട് എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ഭയമുണ്ടായിരുന്നു. അദ്ദേഹം തന്റെ വിലയേറിയ വ്യക്തിവിവരണരേഖ എടുത്ത് കീശയിൽ കൊള്ളാൻ പാകത്തിൽ ചുരുട്ടിമടക്കിവച്ചു. നിങ്ങളുടെ വ്യക്തിവിവരണരേഖ എത്രമാത്രം കട്ടിയുള്ളതായിരിക്കണം, അത് തൊഴിൽ ദാതാവിന് നൽകുമ്പോൾ ഏത് നിലയിലായിരിക്കണം എന്നീ കാര്യങ്ങൾക്ക് ഞങ്ങൾ അമേരിക്കയിൽ എത്രമാത്രം വിലകല്പിക്കുന്നു എന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കാനാണ്? മറ്റൊരു പാഠം കൂടി പഠിച്ചു. ഞങ്ങൾ വീണ്ടും അച്ചടിക്കാരന്റെയടുത്തേക്കുതന്നെ പോയി.

എങ്ങനെയാണ് നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനകാര്യങ്ങൾ യാഥാർഥ ജീവിതപ്രശ്നത്തിൽ പ്രയോഗിക്കാൻ കഴിയുക എന്ന് ഈ കഥ ബോധ്യപ്പെടുത്തിത്തരുന്നു. അതാണ് നരവംശശാസ്ത്രം ചെയ്യുന്നത്. ചെറിയൊരു ഇടപെടലും ഗവേഷണവും ഞാൻ അഭിസംബോധനചെയ്യേണ്ട സാംസ്കാരിക ഘടകങ്ങൾ എനിക്ക് കാണിച്ചുതന്നു. അതാണ് പ്രയോഗതലത്തിലുള്ള നരവംശശാസ്ത്രം.

(എടുത്തത്. https: culterenicity.wordpress.com/2012/o8/02 anthropology for the real word Anthony)

ഇനി നമുക്ക് പ്രയുക്തനരവംശശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങളും അതിന്റെ വിവിധ ഉപമേഖലകളും പരിശോധിക്കാം.

പ്രയുക്ത നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും (Concept and Definition of Applied Anthropology)

സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കാനും തിരിച്ചറിയാനും നരവംശശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ, ദത്തങ്ങൾ എന്നിവ പ്രയോഗിക്കുന്നതാണ് പ്രയുക്ത നരവംശശാസ്ത്രം. ഇത് പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങളും കാണിച്ചുതരുന്നു. ജൈവനരവംശശാസ്ത്രം, പുരാവസ്തുനരവംശശാസ്ത്രം, ഭാഷാനരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം എന്നീ നാല് മേഖലകളിലും പ്രയുക്തനരവംശശാസ്ത്രജ്ഞർക്ക് പ്രാതിനിധ്യമുണ്ട്. ഇവർ ഗവൺമെന്റിതര സംഘടനകൾ, വംശീയസംഘടനകൾ, വ്യാപാരസംഘടനകൾ എന്നിവയ്ക്കു വേണ്ടിയെല്ലാം പ്രവർത്തിക്കുന്നു. മനുഷ്യരുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന കൂട്ടായ്മകൾക്ക് വേണ്ടിയും ഇവർ ജോലിചെയ്യുന്നു.

1875 മുതൽ തന്നെ ഡി.ജി. ബ്രിന്റൺ തന്റെ പ്രഭാഷണങ്ങളിൽ പ്രയുക്ത നരവംശശാസ്ത്രം എന്ന പദം ഉപയോഗിച്ചതായി പറയപ്പെടുന്നു. എന്നാൽ പ്രയുക്ത നരവംശശാസ്ത്രം എന്ന വാക്ക് 1860 ൽത്തന്നെ 'ആന്ത്രോപോളജിക്കൽ സൊസൈറ്റി ഓഫ് ലണ്ടൻ' സ്ഥാപകനായ ജയിൻസ് ഹണ്ട് ഉപയോഗിച്ചതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇത് ജനകീയമായത് 1920 ന്റെ അവസാനകാലഘട്ടത്തിലും 1930 ന്റെ മധ്യത്തോടെയുമാണ്. നരവംശശാസ്ത്രം തീർച്ചയായും ഒരു പ്രയോഗ ശാസ്ത്രമാവണമെന്ന് മലിനോവ്സ്കി (1938) ശക്തമായി വാദിച്ചു. പ്രയോഗ നരവംശശാസ്ത്രത്തിന്റെ വ്യത്യസ്ത ചിത്രം ലഭിക്കാനായി അതിന്റെ ചില നിർവചനങ്ങൾ പരിചയപ്പെടാം.

- എലിയറ്റ് ഡി. ചാപ്പലിന്റെ അഭിപ്രായത്തിൽ മനുഷ്യബന്ധങ്ങളിലുള്ള മാറ്റത്തെയും അവയെ നിയന്ത്രിക്കുന്ന ഘടകങ്ങളുടെ ഒറ്റപ്പെടലിനെയും വിശദമാക്കുന്നതുമായി ബന്ധപ്പെട്ട നരവംശശാസ്ത്രത്തിന്റെ മേഖലയാണ് പ്രയുക്തനരവംശശാസ്ത്രം.
- ഡാരിൽ ഫോർഡ് (1953) നിരീക്ഷിച്ചത് പ്രയുക്തനരവംശശാസ്ത്രം അതിന്റെ കൃത്യമായ അർഥത്തിൽ വിശദമാക്കുന്നത് ഗവണ്മെന്റ് നയങ്ങൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോഴുള്ള നരവംശശാസ്ത്രത്തിന്റെ യഥാർഥ പ്രയോഗം എന്നാണ്.

ആ നിലയ്ക്ക് പ്രായോഗികപ്രശ്നങ്ങളുടെ വിശകലനത്തിലും പരിഹാരത്തിലും നരവംശശാസ്ത്രത്തിന്റെ രീതികളുടെയും സിദ്ധാന്തങ്ങളുടെയും പ്രയോഗം എന്ന് പ്രയുക്തനരവംശശാസ്ത്രത്തെ വിവക്ഷിക്കാം. സമൂഹത്തിന്റെ വികാസത്തിലും സാമൂഹികപ്രശ്നത്തിന്റെ മേഖലകളിലുമുള്ള നരവംശശാസ്ത്രസങ്കേതങ്ങളുടെ പ്രായോഗിക ഉപയോഗമാണ് ഇത്.

"നരവംശശാസ്ത്രത്തിന്റെ അറിവ് നമ്മുടെ നാഗരികതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കൂടുതൽ സ്വതന്ത്രമായി നോക്കിക്കാണാൻ സഹായകമാകുന്നു"- ഫ്രാൻസ് ബോസ്: ജർമ്മൻ-അമേരിക്കൻ നരവംശശാസ്ത്രജ്ഞനും ആധുനിക നരവംശശാസ്ത്രത്തിന്റെ ആദ്യകാല ചിന്തകനും.

ചിത്രം 9.1 നരവംശശാസ്ത്രത്തിന്റെ ശാഖകൾ

നരവംശശാസ്ത്രത്തിന്റെ നാലു മേഖലകളിലും പ്രായോഗിക ഉപയോഗത്തിന്റെ സാധ്യതകൾ കാണാൻ കഴിയും. പൊതുജനാരോഗ്യം, പോഷണം, ജനിതക കൗൺസലിങ്, ലഹരിമരുന്നിന്റെ ദുരുപയോഗം, സാംക്രമികരോഗശാസ്ത്രം, വാർധക്യപഠനം, മാനസികാരോഗ്യം, ഫോറൻസിക് പരിശോധന തുടങ്ങിയ മേഖലകളിൽ ജൈവനരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. വികസനത്തിന്റെ ഭീഷണി നേരിടുന്ന പുരാവസ്തു പ്രദേശങ്ങളും ചരിത്രപ്രദേശങ്ങളും കണ്ടെത്തുകയും പഠിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് പുരാവസ്തു നരവംശശാസ്ത്രജ്ഞരാണ്. സാമൂഹികപ്രവർത്തകർ, കച്ചവടക്കാർ, പരസ്യമേഖലയിൽ പ്രവർത്തിക്കുന്നവർ, വ്യവസായത്തൊഴിലാളികൾ, വൈദ്യമേഖലയിലുള്ളവർ, വിദ്യാലയ പ്രവർത്തകർ, സാമ്പത്തികവികസന വിദഗ്ധർ തുടങ്ങിയവരോടൊപ്പം സാംസ്കാരിക നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. ജാതി അധിഷ്ഠിത സമൂഹങ്ങളിലെയും പിതൃകേന്ദ്രിത സമൂഹങ്ങളിലെയും കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സാംസ്കാരിക നരവംശശാസ്ത്രജ്ഞർക്ക് കാര്യമായ പങ്കുവഹിക്കാനുണ്ട്. അന്യം നിന്നുപോകുന്ന ഭാഷകളുടെ സംരക്ഷണം, മാധ്യമ-ആശയവിനിമയ പഠനം, സംസ്കാരത്തിന്റെയും ഭാഷകളുടെയും സാന്ദർഭികവിശകലനം എന്നിവയിലെല്ലാം ഭാഷാനരവംശ ശാസ്ത്രത്തിന്റെ പ്രയോഗം കാണാൻ കഴിയും.

വിവിധ വികസനപദ്ധതികളിൽ വിദഗ്ധോപദേശകരായി പരിഗണിക്കുന്ന തരത്തിൽ നരവംശശാസ്ത്രജ്ഞരുടെ സ്ഥാനം ഉയർന്നിട്ടുണ്ട്. അത്തരത്തിൽ നരവംശശാസ്ത്രത്തിന്റെ അറിവ് ഉപയോഗിക്കുന്നതിനൊപ്പം, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിലും അതിന്റെ ആശയങ്ങളും രീതികളും വളരെയധികം ഉപയോഗിക്കപ്പെടുന്നു. നരവംശശാസ്ത്രത്തിന്റെ ഈ മേഖല വികസനനരവംശശാസ്ത്രം എന്നറിയപ്പെടുന്നു. വംശീയജനതയുടെ വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രാദേശിക സംസ്കാരത്തെക്കുറിച്ചുള്ള അറിവുണ്ടാകേണ്ടതിന്റെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? നല്ല ലക്ഷ്യത്തോടെ ആരംഭിക്കുന്ന പല വികസനപദ്ധതികളും പരാജയപ്പെടുന്നതെന്തുകൊണ്ടാണ്? പ്രയുക്തനരവംശശാസ്ത്രത്തിന്റെയും വികസന നരവംശശാസ്ത്രത്തിന്റെയും അറിവിന്റെ വെളിച്ചത്തിൽ ഈ പ്രശ്നം ചർച്ചചെയ്യുക.

വികസനനരവംശശാസ്ത്രം : ആശയവും നിർവചനവും
(Concept and Definition of Development Anthropology)

വികസനകാര്യത്തിൽ നരവംശശാസ്ത്രപഠനങ്ങൾ മൗലികമായ പങ്ക് വഹിക്കുന്നുണ്ട്. വികസനത്തിന്റെ ഭാഗമായി ഏതെങ്കിലും സമുദായങ്ങൾക്കിടയിൽ ഇടപെടൽ നടത്തുന്നതിന്മുൻപ് അവരുടെ പശ്ചാത്തലം, വംശീയസാഹചര്യം, സാംസ്കാരിക നിയമങ്ങൾ, പെരുമാറ്റരീതികൾ, മനസ്സിതി, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവയെല്ലാം പഠനവിധേയമാക്കേണ്ടതുണ്ട്. സാമൂഹികവികസന പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് വികസനനരവംശശാസ്ത്രം എന്ന പദം. സാമ്പത്തികവികസനത്തിലെ സാംസ്കാരികതലത്തിലുള്ള സാമൂഹികപ്രശ്നങ്ങളിലാണ് നരവംശശാസ്ത്രത്തിന്റെ ഈ ശാഖ കേന്ദ്രീകരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു വികസനപദ്ധതി നിർദേശിക്കപ്പെടുമ്പോൾ, ഒരു നരവംശശാസ്ത്രജ്ഞൻ ബന്ധപ്പെട്ട വിഭാഗത്തിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യം വിശദമായി പഠിക്കുകയും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുള്ള നിർദേശം സമർപ്പിക്കുകയും ചെയ്യുന്നു.

ജനങ്ങളെയും അവരുടെ സംസ്കാരത്തെയും കുറിച്ചുള്ള ശരിയായ ധാരണയില്ലാത്തതിന്റെ പേരിൽ പരാജയപ്പെട്ടുപോയ പ്രാദേശികമായ വികസന പദ്ധതികൾ കണ്ടെത്തി ചർച്ചചെയ്യുക.

പ്രയുക്തനരവംശശാസ്ത്രജ്ഞർ പഠിക്കുന്ന മേഖലകളാണ്

- ചെറുകിട പദ്ധതികളുടെ അനന്തരഫലങ്ങൾ, വൻകിട വികസനപദ്ധതികളുടെ ഫലമായുണ്ടാകുന്ന സാമൂഹിക-സാംസ്കാരിക മാറ്റം എന്നിവയുടെ വിലയിരുത്തൽ
- പ്രത്യേകമായി പ്രശ്നകരമായ ബന്ധങ്ങൾ, ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ പ്രശ്നങ്ങൾ, പ്രാദേശികജനതയ്ക്ക് ദോഷകരമാവുന്ന സാമൂഹികവ്യവസ്ഥകൾ വിലയിരുത്തൽ
- ദേശീയവും സാർവദേശീയവുമായ സ്വാധീനമുള്ള പ്രശ്നങ്ങളിൽ പൊതുശ്രദ്ധ കൊണ്ടുവരുകയും വിമർശനാത്മക വിലയിരുത്തൽ നടത്തുകയും ചെയ്യുക.

വികസന പ്രക്രിയയിൽ നരവംശശാസ്ത്രത്തിന്റെ പങ്ക്
(Role of Anthropology in the feild of Development)

കോളനിഭരണകാലം മുതൽ നരവംശശാസ്ത്രജ്ഞർ എല്ലായിടങ്ങളിലും പ്രായോഗിക പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നു. അവരുടെ ഗവേഷണ കണ്ടുപിടിത്തങ്ങൾ പ്രാദേശിക ആചാരങ്ങൾ, പ്രശ്നപരിഹാരം, ഭൂമിയുടെ അവകാശം തുടങ്ങിയ മേഖലകളിലെ നയരൂപീകരണത്തിന് ഗുണപ്രദമായിട്ടുണ്ട്. വികസനത്തിന്റെ കാലത്ത് വികസന സമിതികളിൽ ഉപദേശകരായി നരവംശശാസ്ത്രജ്ഞർക്ക് അവസരം ലഭിച്ചു. അവർ സാംസ്കാരിക ഇടനിലക്കാരായും പരിഭാഷകരായുമെല്ലാം പ്രവർത്തിക്കുന്നു. മാത്രമല്ല, ഈ കാര്യങ്ങളിൽ സാമൂഹികമാറ്റത്തിന്റെ സാമൂഹിക-സാംസ്കാരിക പ്രസക്തിക്കും അവർ ഊന്നൽ കൊടുക്കുന്നു. ഇത് അന്ന് നിലവിലുണ്ടായിരുന്ന സാമ്പത്തികസമീപനത്തിന്റെ വികസന ചിന്തയ്ക്ക് എതിരായിരുന്നു. വികസനത്തിലെ

പങ്കാളിത്തസമീപനം രൂപപ്പെട്ടുവന്നത് നരവംശശാസ്ത്രസമീപനത്തെയും രീതികളെയും ആശ്രയിച്ചാണ്.

വികസനസംരംഭങ്ങളിൽ നിലനിന്ന പാശ്ചാത്യപക്ഷപാതിത്വം മാറ്റുന്നതിനും പ്രാദേശിക വംശീയ അറിവ് ഉയർത്തിക്കാട്ടുന്നതിനും പ്രയുക്തനരവംശശാസ്ത്രജ്ഞർ പരിശ്രമിക്കുകയുണ്ടായി. സമുദായങ്ങളും പുറത്തുള്ളവരും തമ്മിലുള്ള പ്രശ്നങ്ങളിൽ ഇടനിലക്കാരാകുക, മാധ്യമങ്ങളിലൂടെയും മറ്റും പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുക, വിഷമഘട്ടങ്ങളിൽ നേരിട്ടുള്ള സഹായമെത്തിക്കുക, വികസനസംരംഭങ്ങൾക്ക് ഉപദേശകരാകുക തുടങ്ങിയ വിവിധ പങ്കുകൾ വഹിക്കുന്നവരാണ് പ്രയുക്ത നരവംശശാസ്ത്രജ്ഞർ. പൊതുജനാരോഗ്യം, വൈദ്യചികിത്സാരംഗം, മാനസികരോഗ ചികിത്സ തുടങ്ങിയ മേഖലകളിലെ പ്രായോഗികപ്രശ്നങ്ങൾ തരണം ചെയ്യുക എന്നതും പ്രയുക്തനരവംശശാസ്ത്രത്തിന്റെ മറ്റൊരു മേഖലയാണ്. ആരോഗ്യസംരക്ഷണ മേഖലയ്ക്ക് ഇന്ന് വലിയ പ്രാധാന്യമുണ്ടായിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളിലും ആസൂത്രണം, പൊതുഭരണം എന്നീ മേഖലകളിലും സാംസ്കാരിക നരവംശശാസ്ത്രജ്ഞരുടെ പങ്ക് കാര്യമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

സാമൂഹിക വികസനവുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രോജക്ടുകളിൽ പ്രയുക്തനരവംശശാസ്ത്രജ്ഞർ പങ്കെടുക്കാറുണ്ട്. പ്രയുക്തനരവംശശാസ്ത്രജ്ഞരുടെ കൂടിയാലോചനാരീതിയിലുള്ള പ്രവർത്തനങ്ങൾ സാമൂഹിക വികസനപദ്ധതികളിൽ കാര്യമായി വർധിച്ചിട്ടുണ്ട്. സൂക്ഷ്മസാമ്പത്തിക പ്രവർത്തനങ്ങൾ, സാമൂഹിക വനവൽക്കരണം, ചേരിനിർമ്മാർജനം, പങ്കാളിത്തസങ്കേതങ്ങളുടെ നിരീക്ഷണം, വിലയിരുത്തൽ, പരിശീലനം തുടങ്ങി നിരവധി മേഖലകൾ ഇത് ഉൾക്കൊള്ളുന്നു. പരിസ്ഥിതി ആഘാത വികസനപദ്ധതികൾ, മനുഷ്യപുനരധിവാസ പദ്ധതികൾ എന്നിവയിലെല്ലാമുള്ള നരവംശശാസ്ത്രജ്ഞരുടെ പങ്ക് കാര്യമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, എവിടെയൊക്കെ സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യ ഇടപെടലുണ്ടോ, അവിടെയൊക്കെ നരവംശശാസ്ത്രത്തിന്റെ അറിവും സാധ്യതകളും പ്രയോഗിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാണ്.

ചിത്രം 9.2 മഹാത്മാഗാന്ധി

ഒരു നരവംശശാസ്ത്രജ്ഞൻ സ്ഥിരമായി സമൂഹവുമായി സമ്പർക്കത്തിലാണ്. അതുകൊണ്ടുതന്നെ അദ്ദേഹം ഒരു സാമൂഹികപ്രവർത്തകന്റെ പങ്കു വഹിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. വ്യത്യസ്ത സാമൂഹികകൂട്ടങ്ങളുടെ സാമൂഹിക-സാംസ്കാരിക സാഹചര്യം, അതിനെക്കുറിച്ച് നല്ല ധാരണയുള്ള ഒരു വിദഗ്ധന്റെ ഇടപെടൽ ആവശ്യപ്പെടുന്നുണ്ട്. അതിനാൽ നരവംശശാസ്ത്രജ്ഞർ ഒരു സാമൂഹികപ്രവർത്തകനായി മാറുന്നു. ഈ ആശയം പ്രവർത്തന നരവംശശാസ്ത്രം എന്നറിയപ്പെടുന്നു.

പ്രവർത്തനനരവംശശാസ്ത്രം (Action Anthropology)

1950 ൽ സോൾ ടാക്സ് ആണ് ഈ ആശയം വികസിപ്പിച്ചത്. ഇതുപ്രകാരം പ്രവർ

ത്തനനരവംശശാസ്ത്രജ്ഞർ സാമൂഹികമാറ്റത്തിനായി നേരിട്ട് പ്രവർത്തനങ്ങളിൽ ഇടപെടുന്നു. അങ്ങനെ താരതമ്യേന നിഷ്ക്രിയമായ പാരമ്പര്യനരവംശശാസ്ത്രത്തിന്റെ രീതി മാറി പ്രവർത്തനതലത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇവിടെ പ്രവർത്തനനരവംശശാസ്ത്രജ്ഞർ, സാമൂഹിക സാഹചര്യങ്ങളിൽ അവർ എന്താണ് കണ്ടെത്തിയത്, അതിനെന്താണവർ അർഥമാക്കുന്നത് എന്നിവ ജനങ്ങളോട് വിശദീകരിക്കുകയും ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അവരോടൊപ്പം പങ്കെടുക്കുകയും ചെയ്യുന്നു.

ചിത്രം 9.3
സോൾ ടാക്സ്

നമ്മുടെ സംസ്ഥാനത്ത് നരവംശശാസ്ത്ര ഇടപെടൽ ഉണ്ടാവേണ്ട മേഖലകൾ കണ്ടെത്തുക.

ദിർഘകാലം നരവംശശാസ്ത്രം ലളിതമായ സാക്ഷര പൂർവ്വസമൂഹങ്ങളുടെ പഠനങ്ങൾക്കാണ് പ്രഥമപരിഗണന നൽകിയിരുന്നത്. നരവംശശാസ്ത്രം കോളനിവൽക്കരണത്തിന്റെ ശിശുവായി കണക്കാക്കപ്പെട്ട കാലം മുതൽതന്നെ ഒറ്റപ്പെട്ടുകിടക്കുന്ന വിദൂര ദിക്കുകളിലുള്ള ഗോത്രവിഭാഗങ്ങളുടെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിലുള്ള അതിന്റെ പങ്ക് മനസ്സിലാക്കിയിരുന്നു. ആദിവാസി വികസനത്തിനായി വ്യത്യസ്ത സമിതികൾ ഇടപെടൽ നടത്തിയിരുന്നുവെങ്കിലും ഇതിനോടുള്ള നരവംശശാസ്ത്രസമീപനം വളരെ വ്യത്യസ്തമായിരുന്നു.

ആദിവാസിസംസ്കാരത്തോടും വികസനത്തോടുമുള്ള വ്യത്യസ്ത സമീപനങ്ങൾ നമുക്ക് ചർച്ചചെയ്യാം.

ഗോത്രവർഗവികസനത്തിനും ക്ഷേമത്തിനുമായുള്ള സമീപനരീതികൾ (Approaches to Tribal Development and Welfare)

ഗോത്രവർഗപ്രശ്നങ്ങളോടുള്ള സമീപനം ആദ്യകാലങ്ങളിൽ വെറും രാഷ്ട്രീയകാര്യമായി മാത്രമാണ് കണക്കാക്കിയിരുന്നത്. എന്നാൽ കാലക്രമത്തിൽ ഗോത്രവർഗപ്രശ്നങ്ങളുമായും വികസനവുമായും ബന്ധപ്പെട്ട് നാല് പ്രധാന സമീപനങ്ങൾ രൂപപ്പെട്ടു. സാമൂഹികസേവനസമീപനം, രാഷ്ട്രീയസമീപനം, മതപരമായ സമീപനം, നരവംശശാസ്ത്രസമീപനം എന്നിവയാണവ. പരിശോധിക്കാം.

1. സാമൂഹികസേവന സമീപനം (Social Service Approach)

ചില സന്നദ്ധസംഘടനകളും സാമൂഹികപ്രവർത്തകരും മറ്റ് അഭ്യുദയകാംക്ഷികളും ആദിവാസിമേഖലകളിൽ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി, അവർ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നീ മേഖലകളിൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം ദാരിദ്ര്യനിർമ്മാർജനപ്രവർത്തനങ്ങളും നടത്തുകയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇത്തരം മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ സാമൂഹികസേവനസമീപനം എന്നറിയപ്പെടുന്നു. ആ സമീപനത്തിന്റെ പ്രധാന ഉപജ്ഞാതാവ് ഗാന്ധിജിയുടെ സഹചാരി

യായിരുന്ന എ.വി. താക്കർ ആണ്. അദ്ദേഹം വെരിയർ എൽവിൻ മുന്നോട്ടുവച്ച ഒറ്റപ്പെടുത്തൽനയം (Isolation) ആദിവാസിവികസനത്തിന് അനുയോജ്യമല്ല എന്ന വിമർശനമുന്നയിച്ചു. മാത്രമല്ല, അത് ദേശീയ ഐക്യത്തിന് തടസ്സമാകുമെന്നും അദ്ദേഹം കരുതി. ആദിവാസികളെ ഒറ്റപ്പെടുത്തുന്നതിനുപകരം മുഖ്യധാരാസമൂഹങ്ങളുമായി യോജിപ്പിക്കണമെന്ന് (Assimilation) അദ്ദേഹം വാദിച്ചു. ഈ കാഴ്ചപ്പാട് പ്രകാരം, വികസിത ജനതയുമായി സമ്പർക്കത്തിൽ വരുന്നതോടെ ആദിവാസികൾ അവരുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പിന്നാക്കാവസ്ഥ തിരിച്ചറിയും. അവർ സ്വയം മനസ്സിലാക്കാത്തിടത്തോളം കാലം അവർക്ക് എന്തെങ്കിലും പുരോഗതിവരുത്താൻ കഴിയില്ല.

പക്ഷേ, ഈ സമീപനത്തെ പലരും വിമർശിച്ചു. അവരുടെ അഭിപ്രായത്തിൽ ഈ സമീപനം ആദിവാസിസ്വത്വം നഷ്ടപ്പെടാൻ ഇടയാക്കും. കൂടാതെ സാമൂഹികസേവന സമീപനം ആദിവാസിപ്രശ്നങ്ങൾക്ക് മുൻകൂട്ടി തയാറാക്കിയ പരിഹാരനിർദേശങ്ങളാണ് നൽകുന്നത്. വിവിധ ആദിവാസിവിഭാഗങ്ങൾ വ്യത്യസ്ത സാമൂഹിക-സാംസ്കാരിക, സാമ്പത്തിക സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. അത് വ്യത്യസ്ത രീതിയിൽ തന്നെ പരിഗണിക്കപ്പെടേണ്ടതാണ്. മാത്രമല്ല, സാമൂഹിക-സേവന ഏജൻസികൾക്ക് ഗോത്ര സാഹചര്യങ്ങൾ, അവരുടെ മൂല്യബോധം, പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച് വേണ്ടത്ര ധാരണയുമില്ല.

2. രാഷ്ട്രീയസമീപനം (Political Approach)

ആദിവാസിക്ഷേമത്തിന്റെ നയപരമായും ഭരണപരമായുമുള്ള പ്രവർത്തനങ്ങളാണ് രാഷ്ട്രീയസമീപനത്തിലുൾപ്പെടുന്നത്. ഈ സമീപനം ബ്രിട്ടീഷ് കാലഘട്ടത്തിലും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലും വ്യത്യസ്തമായിരുന്നു. ബ്രിട്ടീഷ്കാലഘട്ടത്തിൽ ഗോത്രമേഖലകളെ ഒഴിവാക്കപ്പെട്ടത് (Excluded), ഭാഗികമായി ഒഴിവാക്കപ്പെട്ടത് (Partially excluded) എന്നിങ്ങനെ തിരിച്ചിരുന്നു. ഈ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുകയും ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിനു ശേഷം ഗവണ്മെന്റ് ഈ സമീപനം പരിഷ്കരിച്ചു. ഭരണഘടനാപരമായ സംരക്ഷണങ്ങൾ ഏർപ്പെടുത്തിയും ആദിവാസികളുടെ വികസനത്തിനായുള്ള സംവരണം നടപ്പിലാക്കിയും അവരെ മുഖ്യധാരയിലെത്തിക്കാൻ പരിശ്രമം നടന്നു.

ഈ സമീപനവും വിമർശനത്തിൽനിന്ന് മുക്തമായിരുന്നില്ല. രാഷ്ട്രീയസമീപനം പലപ്പോഴും ഗോത്രസമൂഹത്തിന്റെ സാമൂഹികസാംസ്കാരിക വൈവിധ്യത്തെ പരിഗണിച്ചിരുന്നില്ല. കൂടാതെ കേന്ദ്രീകൃത ഭരണസംവിധാനത്തിൽ, ഗോത്ര വർഗങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക യാഥാർഥ്യങ്ങൾ തിരിച്ചറിയപ്പെടാറില്ല.

3. മതപരമായ സമീപനം (Religious Approach)

ഇത് മിഷണറിസമീപനം എന്നും അറിയപ്പെടുന്നു. ഈ സമീപനം അടിസ്ഥാന പരമായി ക്രിസ്ത്യൻ മിഷനറിമാരാണ് സ്വീകരിച്ചിരുന്നത്. ഇവർ ആദിവാസി ക്ഷേമത്തിനായി ധാരാളം കാര്യങ്ങൾ ചെയ്യുകയുണ്ടായി. ദാരിദ്ര്യനിർമ്മാർജനത്തിനും ആരോഗ്യം മെച്ചപ്പെടുത്താനും വിദ്യാഭ്യാസനിലവാരം വർധിപ്പിക്കുന്നതിനും അവർ

വിവിധ പദ്ധതികൾ നടപ്പിലാക്കി. പക്ഷേ, ഇതിന്റെയെല്ലാംപിന്നിൽ മതപരിവർത്തനം എന്ന ലക്ഷ്യമുണ്ടായിരുന്നു എന്ന് വിമർശിക്കപ്പെടുന്നു. പരിവർത്തനം ആദിവാസികളുടെ മതം, മറ്റു വിശ്വാസങ്ങൾ, എന്നിവയ്ക്ക് ഭീഷണിയാവുകയും അവരുടെ ജീവിതരീതിക്കും ഐക്യത്തിനും സംസ്കാരത്തിനുമെല്ലാം വലിയ പരിക്കേൽപ്പിക്കുകയും ചെയ്തു.

4. നരവംശശാസ്ത്രസമീപനം (Anthropological Approach)

നരവംശശാസ്ത്രസമീപനം ഗോത്രവർഗവികസനത്തിലെ ഏക സമീപനമല്ല. മറിച്ച് ഒന്നിലധികം നരവംശശാസ്ത്രസമീപനങ്ങൾ ഇതിലുണ്ട്. ആദ്യകാലത്ത് നരവംശ ശാസ്ത്രജ്ഞർ ആദിവാസികളെ ഒറ്റപ്പെടുത്തി സംരക്ഷിക്കേണ്ടതിനായി വാദിച്ചു. പിന്നീട് അവരുടെ സാംസ്കാരികത്തനിമ നഷ്ടപ്പെടുത്താതെ മുഖ്യധാരയുമായി ഉദ്ഗ്രഥിക്കേണ്ട തിന്റെ ആവശ്യകത മുന്നോട്ടുവെച്ചു.

കോളനിഭരണകാലത്ത്, ബ്രിട്ടീഷുകാർ ആദിവാസികളെ മറ്റുള്ളവരിൽനിന്നും മാറ്റിനിർത്തി പ്രത്യേക ഭരണമേഖലയിലുൾപ്പെടുത്തുന്ന സമീപനം സ്വീകരിച്ചു. ഇത് ഒറ്റപ്പെടുത്തൽ സമീപനം(ഐസൊലേഷനിസം) എന്നറിയപ്പെട്ടു. ഈ സമീപനപ്രകാരം ആദിവാസികളെ ഒറ്റപ്പെടുത്തി അവരുടെ സ്വാഭാവികപരിതസ്ഥിതിയിൽ സ്വതന്ത്രമായും സന്തോഷകരമായും ജീവിക്കാൻ അനുവദിക്കണം. ഭരണസംവിധാനം അതിനനുസരിച്ച് ക്രമീകരിക്കപ്പെടണം. ആദിവാസിജീവിതത്തിന്റെ സമാധാനം തകർക്കുന്ന ഒരുതരത്തിലുള്ള ബാഹ്യ ഇടപെടലും അനുവദിക്കരുത്. ഇത്തരത്തിൽ ആദിവാസി വികസനത്തിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണ്. ഈ ആശയം മുന്നോട്ടുവച്ചവർ ഒറ്റപ്പെടുത്തൽവാദികൾ (ഐസൊലേഷനിസ്റ്റ്) എന്നറിയപ്പെട്ടു. വെരിയർ എൽവിനായിരുന്നു ഇതിൽ പ്രധാനി. അദ്ദേഹം ആദിവാസികളെ ഒരു ദേശീയോദ്യാനത്തി ലെന്നപോലെ ഒറ്റപ്പെടുത്തി നിർത്താൻ വാദിച്ചു. ഇത് പാർക്ക്ലാന്റ് സമീപനം(Parkland Approach) എന്നറിയപ്പെട്ടു. ആദിവാസികളുടെ സാംസ്കാരിക ശോഷണത്തിന്റെയും ചൂഷണത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ സമീപനം നിർദേശിക്കപ്പെട്ടത്. പണമിടപാടുകാരും കരാറുകാരും മധ്യവർത്തികളുമെല്ലാം ഇവരെ ചൂഷണം ചെയ്തിരുന്നു.

പിന്നീട് നരവംശശാസ്ത്രസമീപനം ഉദ്ഗ്രഥിതസമീപനം (Integrative approach) ആയി മാറി. ആദിവാസികളെ അവരുടെ സംസ്കാരികത്തനിമ നിലനിർത്തി ക്കൊണ്ടുതന്നെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സമീപനം സ്വീകരിക്കപ്പെട്ടത്. ഒന്നിന്റെയും തനിമ നഷ്ടപ്പെടാതെ മറ്റൊരു മെച്ചപ്പെട്ട രീതിയുടെ ഭാഗമാവുന്ന പ്രക്രിയയാണ് ഉദ്ഗ്രഥനം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെയും തുടർന്ന് ഗോത്രജനതയെ ദേശീയ മുഖ്യധാരയുമായി ഒന്നിപ്പിച്ച് കൊണ്ടുപോകേണ്ടതിന്റെ ആവശ്യം രൂപപ്പെടുകയും ചെയ്തതാണ് ഉദ്ഗ്രഥിത സമീപനത്തിലേക്ക് നയിച്ചത്. ഇത് നരവംശശാസ്ത്രജ്ഞർ വ്യാപകമായി അംഗീകരിച്ചു. ഇന്ത്യൻ സർക്കാരിന്റെ ആദിവാസി ക്ഷേമ ഉപദേശകനാ യിരുന്ന വേരിയർ എൽവിനാണ് സ്വാതന്ത്ര്യാനന്തരം ഈ സമീപനത്തിന്റെ ഏറ്റവും വലിയ വക്താവായത്.

ആദിവാസിക്ഷേമം കണക്കിലെടുക്കുമ്പോൾ നരവംശശാസ്ത്രസമീപനമാണ് കൂടുതൽ അനുയോജ്യമെന്ന് പറയാൻ കാരണം താഴെ പറയുന്ന കാര്യങ്ങളാണ്:

- ആദിവാസിസംസ്കാരത്തെ ശാസ്ത്രീയപഠനത്തിലൂടെ മനസ്സിലാക്കുന്നു.
- ആദിവാസിപ്രശ്നങ്ങളെയും അവരുടെ സാമൂഹിമാറ്റത്തെ നയിക്കുന്നതോ തടയുന്നതോ ആയ ഘടകങ്ങളെയും തിരിച്ചറിയുന്നു.
- ആദിവാസിജനതയുടെ സാമൂഹിക-സാംസ്കാരിക അവസ്ഥ പരിഗണിച്ചുകൊണ്ട് സുസ്ഥിര ക്ഷേമപദ്ധതികൾ വികസിപ്പിക്കുന്നു.
- വികസനപദ്ധതികളുടെ ഗതി നിയന്ത്രിക്കുകയും അത് അവരുടെ ഐക്യത്തെ ബാധിക്കില്ല എന്നുറപ്പുവരുത്തുകയും ചെയ്യുന്നു.

നരവംശശാസ്ത്ര വിദ്യാർഥിയെന്ന നിലയിൽ സാംസ്കാരിക ആപേക്ഷികത പോലെയുള്ള ചില നല്ല മൂല്യങ്ങൾ വളർത്തിയെടുത്തിട്ടുണ്ടാവും. മറ്റു സംസ്കാരങ്ങളുമായി ബന്ധപ്പെടുമ്പോൾ സംസ്കാരത്തിനകത്തുള്ളവരുടെ കാഴ്ചപ്പാടുകൂടി പരിഗണിക്കേണ്ടതാണ്. നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ വാക്കുകൾ ആദിവാസി ജനതയുമായി ഇടപെടുമ്പോൾ ഇത്തരമൊരു സമീപനമുണ്ടാവേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നു.

ഗോത്രവർഗവികസനത്തിൽ നെഹ്രുവിന്റെ സമീപനം (Nehru's Approach to Tribal Development)

ആദിവാസികളെക്കുറിച്ചുള്ള നെഹ്രുവിന്റെ കാഴ്ചപ്പാട്:

സമതലങ്ങളിലോ നഗരങ്ങളിലോ ഉള്ള ജനതയിൽ കാണാത്ത പല ഗുണങ്ങളും ഞാൻ ഗോത്രജനതയിൽ കണ്ടിട്ടുണ്ട്. ഇതിൽ ഏത് ജീവിതരീതിയാണ് മെച്ചപ്പെട്ടത് എന്ന് എനിക്ക് ഉറപ്പില്ല. പക്ഷേ ചില രീതികളിൽ അവരുടേത് മെച്ചപ്പെട്ടതാണ്.

അങ്ങനെയാണെങ്കിൽ അവരോട് നമ്മൾ എങ്ങനെ പെരുമാറണം, എന്തു ചെയ്യണം, എന്തു ചെയ്യാൻ പാടില്ല എന്നൊക്കെ പറയുന്നതും അവരെ നമ്മളുടെ മറ്റൊരു പതിപ്പാക്കാൻ ശ്രമിക്കുന്നതും നമ്മുടെ മേൽക്കോയ്മയുടെ മുൻവിധികൊണ്ടു മാത്രമാണ്.....

ആദിവാസികളോടുള്ള സമീപനം, അവരെ സഹായിക്കാനും അവരോട് സഹകരിക്കാനും കഴിയുന്ന രീതിയിൽ അവരിൽനിന്ന് പഠിക്കുന്നതരത്തിലുള്ളതും നമ്മൾ പഠിക്കപ്പെടുന്ന തരത്തിലുള്ളതുമായിരിക്കണം.....

അവർ ഏറ്റവുമധികം അച്ചടക്കമുള്ളവരും, മറ്റ് ഇന്ത്യക്കാരെക്കാൾ ജനാധിപത്യ ബോധമുള്ളവരുമാണ്....

അവരോട് സ്നേഹത്തോടെയും സൗഹൃദത്തോടെയും പെരുമാറാനും അവരിലൊരാളായി ജീവിക്കാനും കഴിയുന്നിടത്തോളം, ഏറ്റവും നല്ലത്, പൂർണമായും വിദ്യാഭ്യാസമില്ലാത്ത, ഒരു പരീക്ഷയും വിജയിച്ചിട്ടില്ലാത്ത അത്തരത്തിലൊരാളെ അവർക്കിടയിലേക്ക് അയക്കുന്നതായിരിക്കും ഉചിതം.

നെഹ്റു ആദിവാസികളുടെ മൗലികമായ സാംസ്കാരികത്തനിമയെയും നാടൻ രീതികളെയും നാട്ടുപഴമകളെയും അംഗീകരിച്ചു. ആദിവാസിജനതയോടുള്ള അദ്ദേഹത്തിന്റെ സമീപനം അഞ്ച് തത്ത്വങ്ങളായാണ് വിശദമാക്കിയിരിക്കുന്നത്. ഇത് വെരിയർ എൽവിന്റെ 'ഫിലോസഫി ഫോർ നേഫ' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്. നെഹ്രുവിന്റെ ആദിവാസി പഞ്ചശീൽ എന്നറിയപ്പെടുന്ന ആ അഞ്ച് തത്ത്വങ്ങൾ താഴെ കൊടുക്കുന്നു.

1. ആദിവാസിജനത അവരുടെ സ്വന്തം പ്രതിഭയിലൂടെ വികസിക്കേണ്ടതാണ്. നമ്മൾ പുറമെയുള്ളവർ അവരുടെമേൽ ഒന്നും അടിച്ചേൽപ്പിക്കാൻ പാടില്ല. പാരമ്പര്യ കലകളെയും സംസ്കാരത്തെയും നമ്മൾ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
2. ഭൂമിയിലും വനത്തിലുമുള്ള ആദിവാസികളുടെ അവകാശം മാനിക്കണം.
3. ഭരണതലത്തിലും വികസനതലത്തിലുമുള്ള എല്ലാ പ്രവൃത്തികൾക്കുമായി അവരുടെയിടയിൽ നിന്ന് ഒരു കൂട്ടത്തെ വികസിപ്പിച്ചെടുക്കണം. പുറത്തുനിന്നുള്ള ചില സാങ്കേതികവിദഗ്ധരെ പ്രത്യേകിച്ച് തുടക്കത്തിൽ സ്വാഭാവികമായും ആവശ്യം വരും. എന്നാൽ ആദിവാസിമേഖലയിലേക്ക് ഒരുപാടു പേരെ പുറത്തുനിന്നു കൊണ്ടുവരുന്നത് ഒഴിവാക്കണം.
4. കൂടുതൽ ഭരണമേൽക്കോയ്മകളും വിവിധതരത്തിലുള്ള വികസനപദ്ധതികളും ഒരേസമയം തുടങ്ങി അവർക്ക് പ്രയാസമുണ്ടാക്കാൻ പാടില്ല. വികസനപ്രവർത്തനങ്ങൾ കഴിയുന്നതും അവരുടെ എതിർപ്പിന് വിധേയമാകാതെ അവരുടെ തന്നെ സാമൂഹിക-സാംസ്കാരിക സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5. വികസനത്തെ വിലയിരുത്തേണ്ടത് ചെലവഴിച്ച തുകയുടെ കണക്കുകളുടെ അടിസ്ഥാനത്തിലല്ല, അവരുടെ മാനസികഭാവത്തിൽ എത്രമാത്രം ഗുണപരമായ മേന്മ കൈവരിക്കാൻ കഴിഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഈ തത്ത്വങ്ങൾ നരവംശശാസ്ത്രസമീപനം കൃത്യമായി സൂചിപ്പിക്കുന്നു. പ്രയുക്ത നരവംശശാസ്ത്രം സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള വികസനത്തെ പരിഗണിക്കുന്നു. പ്രത്യേകമായ വികസനതന്ത്രങ്ങൾ സ്വീകരിക്കുന്ന മറ്റു മേഖലകൾ ഏതൊക്കെയാണ്? നഗരത്തിലും ഗ്രാമത്തിലും കാണുന്ന വികസനതന്ത്രങ്ങളിൽ എന്തു വ്യത്യാസമാണ് കാണാൻ കഴിയുക?

നരവംശശാസ്ത്രം വികസനത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമാണ്. ഇത് ഗ്രാമവികസനത്തിനും ശ്രദ്ധനൽകുന്നു. നമ്മുടെ രാജ്യത്തെ വ്യത്യസ്ത ഗ്രാമവികസന പദ്ധതികളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഗ്രാമീണമേഖലകളിൽ ഇത്തരം പ്രത്യേക പദ്ധതികളുടെ ആവശ്യമെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? എങ്ങനെയാണ്

നരവംശശാസ്ത്ര അറിവ് ഇത്തരം കാര്യങ്ങൾക്ക് ഉപകാരപ്രദമാവുക? നമുക്കറിയുന്നതു പോലെ മനുഷ്യന്റെ എല്ലാ മേഖലകളെയും പരിഗണിക്കുന്ന ഒരു സമഗ്ര പഠനമേഖലയാണ് നരവംശ ശാസ്ത്രം. ഗ്രാമീണമേഖല സവിശേഷമായ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളാണ്. നരവംശശാസ്ത്രജ്ഞർ ഇത്തരം പ്രത്യേക സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിൽ തൽപ്പരരാണ്. ഇന്ത്യയിലെ ഗ്രാമവികസനത്തിന്റെ മുഖ്യമേഖലകൾ ഏതൊക്കെയെന്ന് നമുക്ക് വിശകലനം ചെയ്യാം. ഇതിൽ പ്രയുക്തനരവംശശാസ്ത്രത്തിന്റെ സാധ്യതകളും മനസ്സിലാക്കാം.



ചിത്രം 9.4 ഫിലോസഫി ഫോർ നേഫ എന്ന പുസ്തകത്തിന്റെ പുറംചട്ട

ഗ്രാമവികസനം ഇന്ത്യയിൽ (Rural Development in India)

സ്വാതന്ത്ര്യത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യ കൊടിയ ദാരിദ്ര്യം, തൊഴിലില്ലായ്മ, മൂലധനത്തിന്റെ കാര്യമായ കുറവ്, വലിയ തരത്തിലുള്ള നിരക്ഷരത, തൊഴിൽ പരിജ്ഞാനക്കുറവ് തുടങ്ങിയ വലിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു. ഈ പ്രശ്നങ്ങൾ നേരിടാനായി ഇന്ത്യ പഞ്ചവത്സര പദ്ധതിയുൾപ്പെടെയുള്ള ധാരാളം വികസനപദ്ധതികൾ ആസൂത്രണം ചെയ്തു. ഗാന്ധിജിയുടെ വികസനസങ്കൽപ്പം ഇത്തരത്തിൽ പ്രധാനപ്പെട്ടതാണ്. ഇന്ത്യയുടെ ആരമാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഗ്രാമങ്ങളുടെ വികസനത്തിലൂടെയുള്ള ഇന്ത്യയുടെ വികസനമാണ് അദ്ദേഹം വിഭാവനം ചെയ്തത്. ആ നിലയിൽ ഗ്രാമവികസന പദ്ധതികൾ നിർണായകവുമാണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ പിന്നാക്കം പോകുന്ന മേഖലകളുടെ വികസനത്തിലാണ് ഗ്രാമവികസന പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നത്.

ഗ്രാമവികസനത്തിന്റെ ചില പ്രധാന മേഖലകൾ താഴെക്കൊടുക്കുന്നു.

എ) സാക്ഷരതാപദ്ധതികൾക്ക് പ്രത്യേകിച്ച് സ്ത്രീസാക്ഷരതാപദ്ധതികൾക്കും വിദ്യാഭ്യാസത്തിനും നൈപുണി വികസനത്തിനും ആരോഗ്യ പരിപാലനം, ശുചിത്വം എന്നിവയ്ക്കും തുക വകയിരുത്തിക്കൊണ്ട് മാനവവിഭവശേഷി വികസിപ്പിക്കുക.

ബി) കൃഷിയിൽ ഗുണമേന്മ ഉറപ്പുവരുത്താനും കൃഷിക്കാരന് കൃഷിഭൂമിയിൽ കൈവശാവകാശം നൽകാനും ഭൂപരിഷ്കരണം നടപ്പാക്കുക.

സി) വൈദ്യുതി, ജലസേചനം, വായ്പാസൗകര്യം വിപണനസൗകര്യം, യാത്രാസൗകര്യം തുടങ്ങിയ അടിസ്ഥാനസൗകര്യവികസനം.

ഡി) ഓരോ പ്രദേശത്തും ഉൽപ്പാദനവിഭവങ്ങൾ വികസിപ്പിക്കുക.

ഇ) ദാരിദ്ര്യനിർമ്മാർജനം, ഉൽപ്പാദനപരമായ തൊഴിൽരൂപീകരണം എന്നിവയിലൂടെ സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം വർധിപ്പിക്കുക.

ഗ്രാമവികസന പദ്ധതികളിൽ വിഭാവനം ചെയ്യുന്ന വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാദേശിക സംസ്കാരത്തെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. ഇവിടെ നരവംശശാസ്ത്രത്തിന് വലിയരീതിയിൽ സംഭാവനചെയ്യാൻ കഴിയും. ഗ്രാമീണ ജനതയുടെ ജീവിതത്തിന്റെ യാഥാർഥചിത്രം ലഭിക്കുന്നതിന് നരവംശശാസ്ത്രത്തിന്റെ പ്രവർത്തനരംഗവും പങ്കാളിത്തനിരീക്ഷണരീതിയും ഉപകാരപ്രദമായിരിക്കും. ഉദാഹരണത്തിന് വികേന്ദ്രീകൃത ആസൂത്രണതന്ത്രം നടപ്പിലാക്കുന്നതിനായി പ്രാദേശിക വിഭവങ്ങളും ആവശ്യങ്ങളും അടിസ്ഥാനതലത്തിൽ തിരിച്ചറിയേണ്ടതുണ്ട്. കൂടാതെ, പദ്ധതികൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുകയും വേണം. അതിനാൽ നരവംശശാസ്ത്രത്തിന്റെ സംസ്കാരാന്തരപഠനരീതി, മണ്ഡല പഠനരീതി, ശാസ്ത്രീയമായ അറിവ് എന്നിവയെല്ലാം ഗ്രാമവികസനപദ്ധതികളുടെ ആസൂത്രണം, തയാറെടുപ്പ്, നടത്തിപ്പ് എന്നിവയ്ക്ക് ഉപയോഗിക്കാൻ കഴിയും. അതുകൊണ്ടാണ് ആസൂത്രണ കമ്മീഷൻ, ഗ്രാമവികസനവുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ എന്നിവയിൽ ധാരാളം നരവംശശാസ്ത്രജ്ഞർ നിയമിക്കപ്പെടുന്നത്.

നമ്മുടെ വികസനപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സമീപനം വളരെയധികം ചർച്ചചെയ്യപ്പെടുകയുണ്ടായി. എന്നാൽ പ്രയോഗതലത്തിൽ ഈ തത്ത്വങ്ങളെ അടിസ്ഥാനമാക്കിയല്ല വികസനം നടപ്പിലാക്കപ്പെടുന്നത്. വികസന പ്രവർത്തനങ്ങൾ ചിലപ്പോൾ പ്രകൃതിക്ക് വിനാശകരമാവാറുണ്ട്. ഉദാഹരണമായി കാർഷികവിളവ് വർധിപ്പിക്കാനായി നമ്മൾ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ തുടങ്ങി. ഇത് വലിയതോതിലുള്ള പരിസ്ഥിതി മലിനീകരണത്തിനും പാരിസ്ഥിതിക അസന്തുലിതാവസ്ഥയ്ക്കും കാരണമായി. നിർമ്മാണപ്രവൃത്തികൾക്കായി വയൽ നികത്തുന്നതും വൻപദ്ധതികൾ നടത്താനായി വനം നശിപ്പിക്കുന്നതുമെല്ലാം വികസനത്തിലെ സമകാലിക ഭീഷണികളാണ്. മാലിന്യ നിർമ്മാർജനം ഇക്കാലത്തെ വലിയ പ്രശ്നമായി മാറിയിരിക്കുന്നു. അതിനാൽ വികസനത്തെ മറ്റൊരു തലത്തിൽ കാണേണ്ടതുണ്ട്. ഇവിടെ സുസ്ഥിരവികസനം എന്ന ആശയം പ്രസക്തമാകുന്നു.

നിങ്ങളുടെ പ്രദേശത്തു നടപ്പിലാക്കുന്ന വിവിധ വികസനപദ്ധതികളെക്കുറിച്ച് വിവരം ശേഖരിക്കാൻ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുക. വ്യത്യസ്ത ഗവണ്മെന്റ് വകുപ്പുകളുടെ പോർട്ടലുകളിൽ നിന്നും നിങ്ങൾക്ക് വിവരം ശേഖരിക്കാൻ കഴിയും. ഇവ ഉപയോഗിച്ച് ഗ്രാമീണവികസനം സംബന്ധിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.

സുസ്ഥിരവികസനം (Sustainable Development)

പ്രകൃതിക്കുള്ള ഭീഷണിയെക്കുറിച്ചുള്ള ബോധ്യമാണ് സുസ്ഥിരവികസനം എന്ന ആശയത്തിലേക്കു നയിച്ചത്. ഇത് അടിസ്ഥാനപരമായി വികസനം സുസ്ഥിരമാണോ എന്ന ചോദ്യമുയർത്തുന്നു. മറ്റൊരർഥത്തിൽ നമ്മൾ നടത്തുന്നതോ ലക്ഷ്യമിടുന്നതോ ആയ വികസനം വരുംതലമുറയ്ക്ക് കൂടി പ്രയോജനപ്പെടും വിധം നിലനിൽക്കുമോ? ആധുനിക വികസനരീതികളിൽ ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. സുസ്ഥിര

വികസനമെന്നത് സ്വന്തം നിലയിൽ നിലനിൽക്കാൻ കഴിയുന്ന വികസനമാണ്.

ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയത്തെക്കുറിച്ച് വിവരം ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക. ഈ ആശയങ്ങൾ നടപ്പിലാക്കുന്നതിൽ പ്രയോഗനരവംശശാസ്ത്ര ത്തിന്റെ പങ്ക് പരിശോധിക്കുക.

പരമ്പരാഗതമായി വികസനം എന്നത് ദേശീയവരുമാനവുമായി തുലനം ചെയ്താണ് കണക്കാക്കാറുള്ളത്. എന്നാൽ ഇത് സാമ്പത്തികവികസനം മാത്രമേ പരിഗണിക്കുന്നുള്ളൂ. എന്നാൽ വികസനത്തിന്റെ വ്യത്യസ്തമായ കാഴ്ചപ്പാട് മാനവികവികസനം- അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ വികസനം ജീവിതനിലവാരത്തെയുംകൂടി പരിഗണിച്ചാണ് കണക്കാക്കുന്നത്.

സുസ്ഥിര മാനവികവികസനം (Sustainable Human Development)

ചിത്രം 9.5 അമർത്യാസെൻ

യുനൈറ്റഡ് നാഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (യു.എൻ.ഡി.പി) കാഴ്ചപ്പാടിൽ മാനവികവികസനം എന്നത് ദേശീയവരുമാന വർധനവ് മാത്രമല്ല. ജനങ്ങൾക്ക് അവരുടെ പൂർണ കഴിവ് വികസിപ്പിച്ച് ക്രിയാത്മകമായ ജീവിതം നയിക്കാൻ സഹായകമാവുന്നതരത്തിലുള്ള സാഹചര്യം രൂപപ്പെടുത്തുക എന്നതുമായി ബന്ധപ്പെട്ടതാണ് സുസ്ഥിര മാനവികവികസനം. ഇത് അവരുടെ താൽപ്പര്യത്തിനും ആവശ്യങ്ങൾക്കുമനുസരിച്ചായിരി ക്കണം. ജനങ്ങളുടെ സാധ്യതകൾ വർധിപ്പിക്കുന്ന പ്രക്രിയയാണ് വികസനം. പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനും നോബൽ ജേതാവുമായ അമർത്യാസെൻ മുന്നോട്ടുവയ്ക്കുന്ന 'കഴിവിന്റെ സമീപനം' എന്ന കാതലായ ആശയത്തെ അടിസ്ഥാനമാക്കിയുള്ള, മനുഷ്യാവസ്ഥയെക്കുറിച്ചുള്ള പഠനമാണ് ഇതിൽ ഉൾക്കൊള്ളുന്നത്.

സാമ്പത്തികവളർച്ചയെമാത്രം കേന്ദ്രീകരിച്ചുള്ള വിശകലനത്തിനുപകരമായുള്ള സമീപനമാണിത്. മാത്രമല്ല, സാമൂഹ്യനീതിയെയാണ് പുരോഗതി മനസ്സിലാകുന്നതിനുള്ള വഴിയായി കണക്കാക്കുന്നത്. മാനവികവികസനവും മനുഷ്യാവകാശങ്ങളും പരസ്പരം ശക്തിപ്പെടുത്തുന്നതാണ്. ഇത് എല്ലാ ജനങ്ങളുടെയും ക്ഷേമവും അന്തസ്സും സംരക്ഷിക്കാൻ സഹായിക്കുകയും സ്വാഭിമാനം കെട്ടിപ്പടുക്കുകയും മറ്റുള്ളവരോടുള്ള ബഹുമാനം വളർത്തുകയും ചെയ്യുന്നു. പിന്നീട് മാനവികവികസനം, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ ഒരുമിപ്പിച്ചുകൊണ്ടുള്ള സുസ്ഥിരമാനവിക വികസനം എന്ന ആശയം വലിയ അംഗീകാരം നേടി.

യു എൻ ഡി പിയുടെ വെബ്സൈറ്റ് സന്ദർശിച്ച് ഏറ്റവും പുതിയ മാനവവികസന റിപ്പോർട്ട് ശേഖരിക്കുക. ഇന്ത്യയടക്കം വ്യത്യസ്ത രാജ്യങ്ങളുടെ നിലവാരം കാണിക്കുന്ന ചാർട്ട് തയാറാക്കുക.

വികസനകാഴ്ചപ്പാടിൽ മനുഷ്യഗുണനിലവാരം ഉൾപ്പെട്ടിട്ടുള്ളതിനാൽ ചില മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗുണം എന്താണെന്ന് നിശ്ചയിക്കേണ്ടിവന്നു. അങ്ങനെ മാനവവികസനസൂചിക എന്ന ആശയം നിലവിൽവന്നു.

മാനവവികസനസൂചിക (എച്ച്.ഡി.ഐ.)
(Human Development Index - H D I)

മാനവവികസനസൂചികയെ മനുഷ്യവികസനത്തിന്റെ പ്രബലമായ സൂചകമായി കാണാവുന്നതാണ്. മനുഷ്യവികസനത്തിന്റെ മൂന്ന് തലങ്ങളിലുള്ള ശരാശരി നേട്ടത്തിന്റെ സംയോജിത സൂചികമാണിത്. ഇതിൽ ദീർഘായുസ്സ് (ദീർഘവും ആരോഗ്യകരവുമായ ജീവിതം), അറിവ്, നിലവാരമുള്ള ജീവിതം എന്നിവയുൾപ്പെടുന്നു. ദീർഘവും ആരോഗ്യകരവുമായ ജീവിതം എന്നതിൽ ജനനസമയത്തെ പ്രതീക്ഷിത ആയുസ്സ് ഉൾപ്പെടുന്നു. അറിവ് എന്ന മാനദണ്ഡത്തിൽ വിദ്യാലയത്തിൽ പഠിക്കുന്നതിന്റെ ശരാശരി വർഷവും വിദ്യാലയത്തിൽ പഠിക്കുന്നതിന്റെ പ്രതീക്ഷിത വർഷവുമുൾപ്പെടുന്നു. ജീവിത നിലവാരം നിർണയിക്കുന്നത് ദേശീയ പ്രതിശീർഷവരുമാനത്തെ അടിസ്ഥാനമാക്കിയാണ്.



ചിത്രം 9.6 മനുഷ്യവികസനത്തിന്റെ തലങ്ങൾ

മനുഷ്യവികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളുടെ സ്ഥാനം നിർണയിക്കുന്നതിനാണ് എച്ച്.ഡി.ഐ. ഉപയോഗിക്കുന്നത്. ഐക്യരാഷ്ട്ര വികസനപരിപാടിയുടെ (യു.എൻ.ഡി.പി) പരിശ്രമത്താലാണ് ഇത് വികസിപ്പിച്ചത്. പാകിസ്ഥാൻ സാമ്പത്തികശാസ്ത്രജ്ഞനായ മെഹ്ബൂബുൽ ഹഖ്, ഇന്ത്യൻ സാമ്പത്തികശാസ്ത്രജ്ഞനായ അമർത്യാസെൻ എന്നിവരുടെ സ്വാധീനവും ഇതിനുണ്ടായിരുന്നു. എച്ച്.ഡി.ഐ.യെ അടിസ്ഥാനമാക്കി യു.എൻ.ഡി.പി. 1990 മുതൽ വാർഷിക മാനവിക വികസന റിപ്പോർട്ട് (എച്ച്.ഡി.ആർ.) പ്രസിദ്ധീകരിച്ചുവരുന്നു.

ദേശീയവരുമാനത്തിൽ ഉയർന്ന സ്ഥാനത്തുനിൽക്കുമ്പോഴും പല രാജ്യങ്ങളിലും ജനങ്ങൾ വലിയ ദാരിദ്ര്യം അനുഭവിക്കുന്നു. ഇതിന്റെ കാരണമെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? സമ്പത്ത് തുല്യനിലയിലല്ല വിതരണം ചെയ്തിരിക്കുന്നതെന്ന് നമുക്ക് അനുമാനിക്കാം. അതിനാൽ അസമത്വം ദാരിദ്ര്യത്തിനും മറ്റു സാമൂഹിക പ്രശ്നങ്ങൾക്കും വഴിവയ്ക്കും.

ദാരിദ്ര്യവും അസമത്വവും (Poverty and Inequality)

ചിത്രം 9.7 നഗരപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നം

എല്ലാ മനുഷ്യർക്കും ജീവിക്കാൻ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, താമസസ്ഥലം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ വേണം. ഈ അടിസ്ഥാന ആവശ്യങ്ങളെ ചുരുങ്ങിയ അളവിലെ കിലും സമ്പാദിക്കാൻ കഴിയാത്ത അവസ്ഥയാണ് ദാരിദ്ര്യം. സമ്പത്തിന്റെയോ വരുമാനത്തിന്റെയോ പോരായ്മകൊണ്ടാണ് ഈ അവസ്ഥ ഉണ്ടാവുന്നത്. ആരോഗ്യമില്ലായ്മയ്ക്കും ശാരീരികക്ഷമതയില്ലായ്മയ്ക്കും ദാരിദ്ര്യം കാരണമാകും. ഇത് ഉൽപ്പാദനക്കുറവിലേക്കും താഴ്ന്നവരുമാനം മാത്രം നേടുന്നതിലേക്കും നയിക്കുകയും അതുവഴി ദാരിദ്ര്യമെന്ന അവസ്ഥയെ കൂടുതൽ തീവ്രമാക്കുകയും ചെയ്യും. ദാരിദ്ര്യത്തിന്റെ ഒരു വിഷമവൃത്തംതന്നെ ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ദാരിദ്ര്യവും വരുമാനത്തിന്റെയും സമ്പത്തിന്റെയും അസംതുലിതമായ വിതരണവുമാണ് ഇന്ന് ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇന്ത്യ മാത്രമല്ല, ലോകമാകമാനം അഭിമുഖീകരിക്കുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ദാരിദ്ര്യം. ലോകത്തുള്ള ദരിദ്രരുടെ അഞ്ചിൽ ഒരു ഭാഗത്തിലധികം ഇന്ത്യയിൽമാത്രം ജീവിക്കുന്നു. 260 ദശലക്ഷം ജനങ്ങൾ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, താമസസ്ഥലം, വസ്ത്രം എന്നിവ ലഭ്യമല്ലാത്തവരായുണ്ട്.

ഇന്ന് ദാരിദ്ര്യം വെറുമൊരു സാമ്പത്തികപ്രശ്നമായല്ല, വ്യത്യസ്ത മാനങ്ങളിലാണ് ചർച്ചചെയ്യപ്പെടുന്നത്. നിങ്ങൾ മുൻ അധ്യായത്തിൽ പഠിച്ചതുപോലെ ഓസ്കാർ ലൂയിസ് 'ദാരിദ്ര്യത്തിന്റെ സംസ്കാരം' എന്ന ആശയം വികസിപ്പിക്കുകയുണ്ടായി. കഷ്ടപ്പാടുകളിൽ നിന്നു രക്ഷപ്പെടാനുള്ള എല്ലാ പ്രതീക്ഷയും നഷ്ടപ്പെടുമ്പോൾ ദാരിദ്ര്യം തന്നെ ഒരു ജീവിതരീതിയായി കണക്കാക്കുന്ന സാഹചര്യമാണിത്. അതിനാൽ ദാരിദ്ര്യത്തെക്കുറിച്ചും മറ്റും സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചുമുള്ള നരവംശശാസ്ത്രപരമായ കാഴ്ചപ്പാട് സംസ്കാരബന്ധിതമായ ധാരണ ആവശ്യപ്പെടുന്നുണ്ട്.

ചിത്രം 9.8
ദാരിദ്ര്യം ഒരു ജീവിതരീതിയെന്ന നിലയിൽ

ദാരിദ്ര്യം, വിശപ്പ്, രോഗം, നിരക്ഷരത, പാരിസ്ഥിതിക അപചയം, സ്ത്രീവിവേചനം എന്നിവയ്ക്കെതിരെ പോരാടുന്നതിനായി 2000 സപ്തംബറിൽ ഐക്യരാഷ്ട്ര സംഘടനയുടെ 'നൂറ്റാണ്ടിന്റെ ഉച്ചകോടി

യിൽ' വച്ച് ലോകനേതാക്കൾ സമയബന്ധിതവും കണക്കാക്കാൻ കഴിയുന്നതുമായ ഒരു ലക്ഷ്യം നിർണയിക്കാൻ പൊതുവിൽ ധാരണയിലെത്തി. ഇത് നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങൾ (Millennium Development Goals) (എം ഡി ജി) എന്നറിയപ്പെടുന്നു. ലോകത്തിന്റെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ സാമൂഹികപ്രശ്നങ്ങളിലുള്ള നരവംശശാസ്ത്ര സമീപനവും പുനരാലോചിക്കേണ്ടതുണ്ട്. ഇവിടെ വികസനനരവംശശാസ്ത്രം അതിന്റെ പരമ്പരാഗതമായ സമീപനങ്ങളിൽനിന്നു എങ്ങനെ പുതിയൊരു വിമർശനാത്മകസമീപനമായി മാറി എന്നു പരിശോധിക്കാം.

ചിത്രം 9.9 നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളുടെ ചിഹ്നം

പരമ്പരാഗതവും വിമർശനാത്മകവുമായ വികസനനരവംശശാസ്ത്രം

വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർക്ക് സാംസ്കാരികമായ വിവരങ്ങൾ നൽകി അവ മെച്ചപ്പെടുത്തുന്നതിൽ സഹായിക്കുക എന്നതായിരുന്നു പരമ്പരാഗത വികസനനരവംശശാസ്ത്രത്തിന്റെ (Traditional Development Anthropology) സമീപനം. ഇത് സാമ്പത്തികശാസ്ത്രജ്ഞർക്കും മറ്റുള്ളവർക്കും അവരുടെ പദ്ധതികൾ കൂടുതൽ ഫലപ്രദമാകുന്നതിനു സഹായകമായി. 'ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിന് എനിക്കെന്ത് ചെയ്യാൻ കഴിയും?' എന്നതായിരുന്നു ഇതിലെ പ്രധാന ചോദ്യം.

പിന്നീട് എൺപതുകളുടെ അവസാനത്തിലും 1990 കളുടെ തുടക്കത്തിലും വികസന നരവംശശാസ്ത്രത്തിന്റെ സമീപനത്തിൽ ഒരു ദിശാമാറ്റമുണ്ടായി. അതിന്റെ പരമ്പരാഗതമായ പങ്ക് വിമർശനവിധേയമാക്കിക്കൊണ്ട് ദ്രുതഗതിയിൽ മാറി ക്കൊണ്ടിരിക്കുന്ന ലോകത്തിനനുയോജ്യമായ രീതിയിൽ പുനർനിർവചിച്ചു. ഈ പുതിയ കാഴ്ചപ്പാട് വിമർശനാത്മക വികസനനരവംശശാസ്ത്രം (Critical Development Anthropology) എന്ന പേരിൽ പരിവർത്തനാത്മക മാതൃകയിലേക്ക് മാറിവന്നു. അന്താരാഷ്ട്ര വികസനകാര്യത്തിൽ നരവംശശാസ്ത്രജ്ഞർ വിമർശനാത്മകചിന്ത വച്ചുപുലർത്തുന്ന സമീപനമാണിത്. വികസനനയങ്ങളും പദ്ധതികളും എന്തിനാണെന്നും ആരുടെ ഗുണത്തിനാണെന്നും അത് ചോദിച്ചുകൊണ്ടിരിക്കുന്നു. ഗുണപ്രദമെന്നു കരുതി നടപ്പിലാക്കപ്പെടുന്ന പല വികസനപദ്ധതികൾക്കും സമൂഹത്തിൽ പ്രതികൂലമായ പ്രത്യാഘാതങ്ങളുണ്ടാകുന്നു എന്ന തിരിച്ചറിവിൽനിന്നാണ് ഈ കാഴ്ചപ്പാട് രൂപപ്പെട്ടത്. 'ലക്ഷ്യമിടുന്ന ജനങ്ങളുടെ കാഴ്ചപ്പാടിൽ ഇത് ഗുണപ്രദമായ പദ്ധതിയാണോ' എന്നതാണ് ഇവിടെ ഉയർന്നുവരുന്ന ചോദ്യം.

യു.എൻ.ഒ.യുടെ പോർട്ടലിൽനിന്ന് നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

നരവംശശാസ്ത്രം മനുഷ്യന്റെ സമഗ്ര, താരതമ്യ, ഉദ്ഗ്രഥിത പഠനമായതുകൊണ്ട് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും കണക്കിലെടുക്കുന്ന തിന് അത് വിപുലമായ അവസരം നൽകുന്നു. അതിനാൽ ഒരു നരവംശശാസ്ത്രജ്ഞന് നിഷ്ക്രിയനാവാൻ

കഴിയില്ല. മറിച്ച്, ഈ മേഖലകളിലെല്ലാമുള്ള നരവംശശാസ്ത്രജ്ഞന്റെ ക്രിയാത്മക ഇടപെടൽ കാലത്തിന്റെ ആവശ്യവുമാണ്. നരവംശശാസ്ത്രം തീർത്തും ഒരു ജനപക്ഷ ശാസ്ത്രമാവുന്നതിന് അത് ജനങ്ങളിൽ നിന്നു മാറിനിൽക്കാതെ ഇന്നത്തെ സാമൂഹികജീവിതത്തിലും മനുഷ്യപ്രശ്നങ്ങളിലും ഇടപെടേണ്ടതുണ്ട്. അതിനാൽ വ്യാപൃതനരവംശശാസ്ത്രം (Engaging Anthropology) പ്രയുക്ത നരവംശശാസ്ത്രത്തിന്റെ ഒരു പ്രസക്ത മേഖലയാവുന്നു. നരവംശശാസ്ത്ര ഇടപെടൽ തീർച്ചയായും പ്രകൃതിവിഭവങ്ങളുടെ നിലനിൽപ്പിനെ പരിഗണിക്കുന്നതായിരിക്കണം. നരവംശശാസ്ത്ര വിദ്യാർഥി എന്ന നിലയിൽ നമ്മെളെല്ലാം മനുഷ്യസമുദായത്തിന്റെ സംസ്കാരന്തര (Cross cultural) ധാരണ വച്ചുപുലർത്തുന്ന സജീവ സാമൂഹിക പ്രവർത്തകരാവുമെന്ന് പ്രതീക്ഷിക്കുന്നു.

ദാരിദ്ര്യം, അഴിമതി എന്നിങ്ങനെ ധാരാളം സാമൂഹ്യപ്രശ്നങ്ങളുണ്ട്. ഞാൻ ഇതിനോട് ഉദാസീനസമീപനം സ്വീകരിക്കാമോ? എന്നെപോലെയൊരു നരവംശശാസ്ത്രവിദ്യാർത്ഥി ഇങ്ങനെ പ്രതികരിച്ചാൽ മറ്റുള്ളവരുടെ സ്ഥിതി യെന്താണ്?

സംഗ്രഹം

- നരവംശശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ, ദത്തം എന്നിവ സാമൂഹികപ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിലയിരുത്തുന്നതിനും ഉപയോഗിക്കുന്ന രീതിയാണ് പ്രയുക്തനരവംശശാസ്ത്രം. പ്രയുക്തനരവംശശാസ്ത്രജ്ഞർ നരവംശശാസ്ത്രത്തിന്റെ നാലു മേഖലകളെയും–ജൈവനരവംശശാസ്ത്രം, പുരാവസ്തുനരവംശശാസ്ത്രം, ഭാഷാനരവംശശാസ്ത്രം, സാംസ്കാരിക നരവംശശാസ്ത്രം എന്നിവയെ പ്രതിനിധാനം ചെയ്യുന്നു.
- സാമൂഹിക വികസനപദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ടതാണ് വികസനനരവംശശാസ്ത്രം. നരവംശശാസ്ത്രത്തിന്റെ ഈ ശാഖ സാമൂഹിക പ്രശ്നങ്ങളിലും സാമ്പത്തികവികസനത്തിന്റെ സാംസ്കാരികതലങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- പ്രവർത്തനനരവംശശാസ്ത്രം എന്ന ആശയം രൂപീകരിച്ചത് സോൾ ടാക്സ് ആണ്. ഈ ആശയപ്രകാരം പ്രയുക്തനരവംശശാസ്ത്രജ്ഞർ സാമൂഹികമാറ്റത്തിനായി പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്നു.
- മുൻകാലങ്ങളിൽ ആദിവാസിവികസനം തീർത്തും ഒരു രാഷ്ട്രീയവ്യവഹാരമായാണ് കണ്ടിരുന്നത്. എന്നാൽ ആദിവാസിവികസനത്തെ അഭിസംബോധനചെയ്യുന്നതിന് നാല് പ്രധാന സമീപനങ്ങൾ രൂപപ്പെട്ടുവന്നു. ഇതിൽ സാമൂഹികസേവനസമീപനം, രാഷ്ട്രീയസമീപനം, മതപരമായ അല്ലെങ്കിൽ മിഷനറിസമീപനം, നരവംശശാസ്ത്ര സമീപനം എന്നിവ ഉൾക്കൊള്ളുന്നു.
- നെഹ്റുവിന് ആദിവാസിസംസ്കാരത്തെക്കുറിച്ചും അവരുടെ നാട്ടുപഴമയെക്കുറിച്ചും വലിയ മതിപ്പായിരുന്നു. ആദിവാസിവികസനത്തിൽ അദ്ദേഹത്തിന്റെ സമീപനം അഞ്ച് തത്ത്വങ്ങളായി (ആദിവാസി പഞ്ചശീലം) വിശദീകരിക്കുന്നു. ഇത് വെരിയർ

എൽവിന്റെ 'ഫിലോസഫി ഫോർ നേഫ' എന്ന പുസ്തകത്തിന്റെ മുഖവുരയിലാണ് കൊടുത്തിരിക്കുന്നത്.

- നമ്മൾ ലക്ഷ്യമിടുന്നതോ നടപ്പിലാക്കുന്നതോ ആയ വികസനം ഭാവിതലമുറയ്ക്കും കൂടി പ്രയോജനമാകുന്ന നിലയിൽ നിലനിൽക്കണം എന്നതാണ് സുസ്ഥിര വികസനത്തിന്റെ കാഴ്ചപ്പാട്.
- ജനങ്ങൾക്ക് അവരുടെ പൂർണ കഴിവ് വികസിപ്പിച്ച് ക്രിയാത്മകജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കലാണ് മാനവികവികസനം. ഇത് അവരുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസൃതമായിരിക്കണം. ജനങ്ങളുടെ അവസരങ്ങൾ വർധിപ്പിക്കുന്ന പ്രക്രിയയാണ് മാനവികവികസനം. മാനവിക വികസനം, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ യോജിപ്പിച്ചാണ് സുസ്ഥിര മാനവികവികസനം എന്ന ആശയം രൂപപ്പെടുത്തിയത്.
- മനുഷ്യശേഷിവികസനത്തിന്റെ സൂചകമായാണ് മാനവവികസനസൂചികയെ കണക്കാക്കുന്നത്. വികസനത്തിന്റെ മൂന്ന് മേഖലകളിലുള്ള ശരാശരി നേട്ടത്തെ അളക്കാനുള്ള സംയോജിതസൂചാകളാണിത്. ഇതിൽ ദീർഘായുസ്സുള്ളതും ആരോഗ്യ പ്രദവുമായ ജീവിതം, അറിവ്, മാന്യമായ ജീവിതനിലവാരം എന്നിവ ഉൾക്കൊള്ളുന്നു.
- അടിസ്ഥാനപരമായ ഉപഭോഗാവശ്യങ്ങൾ നേടിയെടുക്കാനുള്ള കഴിവില്ലായ്മയാണ് ദാരിദ്ര്യം. കഷ്ടപ്പാടുകളിൽനിന്ന് മുക്തിനേടാനുള്ള എല്ലാ പ്രതീക്ഷയും നഷ്ടമാകുമ്പോൾ ദാരിദ്ര്യം തന്നെ ഒരു ജീവിതശൈലിയായി ജനങ്ങൾ സ്വീകരിക്കുന്ന അവസ്ഥയാണ് ദാരിദ്ര്യത്തിന്റെ സംസ്കാരം.
- വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വികസനനരവംശശാസ്ത്രം അതിന്റെ സമീപനത്തിൽ ഒരു ഗതിമാറ്റം വരുത്തുകയുണ്ടായി. പരമ്പരാഗത രീതിയെ വിമർശിച്ചുകൊണ്ട് അതിന്റെ പങ്കിനെ പുനർനിർവചിച്ചു. ഈ പുതിയ കാഴ്ചപ്പാട് വിമർശനാത്മക വികസന നരവംശശാസ്ത്രം എന്ന പേരിൽ ഒരു പരിവർത്തനാത്മക സമീപനം സ്വീകരിച്ചു.
- നരവംശശാസ്ത്രത്തിന്റെ പ്രവൃത്തികളിൽപ്പെട്ട ഒരു പ്രധാന മേഖലയാണ് പ്രയുക്തനരവംശശാസ്ത്രം. തീർച്ചയായും, പ്രകൃതിവിഭവങ്ങളുടെ നിലനിൽപ്പ് ഉറപ്പുവരുത്താനും പാരിസ്ഥിതികപ്രശ്നങ്ങൾ ചർച്ചചെയ്യാനും ഇതു സഹായകമാകും.

ടേം മൂല്യനിർണയ ഉപാധികൾ

1. കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി ന്യായീകരിക്കുക.

   എ) ട്രൈബൽ പഞ്ചശീൽ, ജവഹർലാൽ നെഹ്റു, ഫിലോസഫി ഫോർ നേഫ, സംയോജനം.

   ബി) സംയോജനം, ഉദ്ഗ്രഥനം, അന്യസംസ്കാരസ്വാംശീകരണം, ഒറ്റപ്പെടൽ

2. ജോടി കണ്ടെത്തുക.

   എ) മതംമാറ്റം: മിഷണറിസമീപനം, ആദിവാസിപ്രശ്നങ്ങൾക്ക് മുൻകൂട്ടി തയാറാക്കിയിരിക്കുന്ന പരിഹാരം

3. താഴെ പറയുന്നവയിൽ നെഹ്രുവിന്റെ ആദിവാസി പഞ്ചശീലിൽ ഉൾപ്പെടുന്ന തേതെല്ലാം?

   എ. വനത്തിലുള്ള ആദിവാസികളുടെ അവകാശം സംരക്ഷിക്കണം.

   ബി. ആദിവാസികളെ അവരുടെ ജന്മസിദ്ധമായ പ്രതിഭയുടെയടിസ്ഥാനത്തിൽ വികസിപ്പിക്കണം.

   സി. ആദിവാസിജനങ്ങളെ മുഖ്യധാരയുമായി സംയോയോജിപ്പിക്കണം.

   ഡി. ബഹുവിധ പദ്ധതികൾകൊണ്ട് ആദിവാസിമേഖലയെ വീർപ്പുമുട്ടിക്കരുത്.

   1. എ, ബി എന്നിവ. 2. എ, ബി, സി, ഡി എന്നിവ.

   3. എ, ബി, ഡി എന്നിവ. 4. ബി, സി, ഡി, എന്നിവ.

4. ആദിവാസിവികസനത്തിന്റെ വ്യത്യസ്ത സമീപനങ്ങൾ വിശദമാക്കുക. ഇതിൽ ഏറ്റവും അനുയോജ്യമായത് ഏതെന്ന് പരിശോധിക്കുക.

5. ആധുനികലോകത്തിൽ വിമർശനാത്മക നരവംശശാസ്ത്രത്തിന്റെ പ്രസക്തി പരിശോധിക്കുക.

6. നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

7. പ്രയുക്തനരവംശശാസ്ത്രം, വികസനനരവംശശാസ്ത്രം, പ്രവർത്തന നരവംശശാസ്ത്രം, നരവംശശാസ്ത്രപ്രയോജനം എന്നീ ആശയങ്ങളുടെ അർഥം വിശദമാക്കുക.

8. വികസനനിരക്ക് നിർണയിക്കുന്നതിൽ മാനവികവികസനസൂചികയുടെ (എച്ച്.ഡി.ഐ) പ്രസക്തി പരിശോധിക്കുക.

9. നെഹ്രുവിന്റെ ആദിവാസി പഞ്ചശീൽ എങ്ങനെയാണ് നരവംശശാസ്ത്ര സമീപനത്തിന്റെ അന്തസ്സത്ത പ്രതിഫലിപ്പിക്കുന്നത് എന്നു വിശകലനം ചെയ്യുക.

10. ഗ്രാമവികസനത്തിന്റെ പ്രസക്തമേഖലകൾ വിശദമാക്കുക.

11. എങ്ങനെയാണ് വികസനനരവംശശാസ്ത്രം പ്രയുക്തനരവംശശാസ്ത്രത്തിൽ നിന്നു വ്യത്യസ്തമാവുന്നത് എന്നു പരിശോധിക്കുക.

12. പ്രയുക്തനരവംശശാസ്ത്രം, പ്രവർത്തനനരവംശശാസ്ത്രം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുക.

13. പ്രയുക്തനരവംശശാസ്ത്രത്തിന്റെ വിവിധ മേഖലകൾ പരിശോധിക്കുക.

14. ജോടി കണ്ടെത്തുക.

   എ) ഡി ജി ബ്രിന്റൺ : പ്രയുക്തനരവംശശാസ്ത്രം, സോൾ ടാക്സ്: .....

   ബി) ഭരണഘടനാപരമായ സംരക്ഷണം: രാഷ്ട്രീയസമീപനം, സർക്കാരിതര സംഘടനകളുടെ പ്രവർത്തനം:.....

   സി) വെരിയർ എൽവിൻ : ഒറ്റപ്പെടുത്തൽനയം, എ വി താക്കർ: .....

15. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും അനുയോജ്യമായ ആദിവാസിവികസന സമീപനം കണ്ടെത്തുക.

    എ) രാഷ്ട്രീയസമീപനം ബി) സാമൂഹികസേവന സമീപനം

    സി) നരവംശശാസ്ത്രസമീപനം ഡി) മിഷണറിസമീപനം.

16. ഫിലോസഫി ഫോർ നേഫ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

17. നെഹ്രുവിന്റെ ആദിവാസിവികസനസമീപനം താഴെ കൊടുത്തവയിലേതായി കണക്കാക്കാം?

    എ) സാമൂഹികസേവനസമീപനം ബി) നരവംശശാസ്ത്രസമീപനം

    സി) മിഷണറി സമീപനം ഡി) രാഷ്ട്രീയസമീപനം.

18. വിപുലീകരിക്കുക.

    എ) എച്ച്.ഡി.ആർ.

    ബി) എച്ച്.ഡി.ഐ.

    സി) യു.എൻ.ഡി.പി.

19. വികസനം, സുസ്ഥിരവികസനം എന്നിവ തമ്മിലുള്ള വ്യത്യാസമെഴുതുക.

20. മാനവിക വികസനസൂചികയുടെ ഒരു ചാർട്ട് വരയ്ക്കുക.

21. പരമ്പരാഗത നരവംശശാസ്ത്രം, വിമർശനാത്മക വികസന നരവംശശാസ്ത്രത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

സാങ്കേതികപദങ്ങൾ

പ്രയുക്തനരവംശശാസ്ത്രം : നരവംശശാസ്ത്ര ദത്തങ്ങൾ, കാഴ്ചപ്പാട്, സിദ്ധാന്തം, രീതികൾ എന്നിവ സമകാലിക സാമൂഹികപ്രശ്നങ്ങൾ വിലയിരുത്താനും പരിഹരിക്കാനും പ്രയോഗിക്കൽ.

മാനവവികസനസൂചിക : ദീർഘവും ആരോഗ്യകരവുമായ ജീവിതം, അറിവ്, മാന്യവും ആരോഗ്യകരവുമായ ജീവിതം എന്നീ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ മൂന്ന് മേഖലകളിലെ ശരാശരി നേട്ടം അളക്കാനുള്ള സംയോജിത സൂചിക.

പങ്കാളിത്തനരവംശശാസ്ത്രം നരവംശശാസ്ത്രത്തെ പ്രയോജനപ്പെടുത്തൽ, സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ സമകാലികവും പ്രസക്തവുമായ പ്രശ്നങ്ങളിലും പങ്കുചേരുന്നതിനെ കേന്ദ്രീകരിച്ചിരിക്കുന്ന നരവംശശാസ്ത്രത്തിന്റെ ശാഖ.

വികസനനരവംശശാസ്ത്രം	:	സാമ്പത്തികവികസനത്തിന്റെ സാമൂഹികപ്രശ്നങ്ങളിലും സാംസ്കാരികതലങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്ന നരവംശശാസ്ത്ര ശാഖ.
അനുരൂപീകരണം	:	പാരിസ്ഥിതിക സമ്മർദ്ദവുമായി പൊരുത്തപ്പെട്ടു പോകാനുള്ള ജീവിവർഗങ്ങളുടെ കഴിവ്.
സാംസ്കാരിക ആഗിരണം	:	ഒരു ന്യൂനപക്ഷസംസ്കാരം അതിന്റെ സവിശേഷ തകൾ നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റൊരു ഭൂരിപക്ഷ സംസ്കാരത്തിന്റെ ഭാഗമായി മാറുന്ന പ്രക്രിയ.
ട്രൈബൽ പഞ്ചശീൽ	:	ആദിവാസിവികസനവുമായി ബന്ധപ്പെട്ട നെഹ്രുവിന്റെ അഞ്ചു തത്ത്വങ്ങൾ.
ഒറ്റപ്പെടുത്തൽ	:	ആദിവാസികളെ മുഖ്യധാരയിൽനിന്ന് മാറ്റി നിർത്തേണ്ടതാണെന്ന നയം.
ഉദ്ഗ്രഥനം	:	ആദിവാസികളെ മറ്റു സമൂഹങ്ങളിൽനിന്ന് ഒരേ സമയം പരിമിതമായ അളവിൽ ഒറ്റപ്പെടുത്തിയും സംയോജിപ്പിച്ചും നിർത്തുന്ന നയവും പ്രക്രിയയും.
പരമ്പരാഗത വികസന നരവംശശാസ്ത്രം	:	പരമ്പരാഗതമായ രീതിയിൽ സഹായം നൽകുക മാത്രം ചെയ്താൽ മതിയെന്ന വികസനനരവംശശാസ്ത്ര സമീപനം.
വിമർശനാത്മക വികസന നരവംശശാസ്ത്രം	:	വിമർശനാത്മകചിന്താരീതിയിൽ വികസനപ്രക്രിയ കളെ വിലയിരുത്തുന്ന സമീപനം.

റഫറൻസ്

ജെയ്ൻ, മിനു.2011. റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാംസ് ഇൻ ഇന്ത്യ.

വിദ്യാർഥി, എൽ. പി. 2003. അപ്ലൈഡ് ആന്ത്രോപോളജി ഇൻ ഇന്ത്യ. (2003)

പ്രസാദ്, ഗൗരി ശങ്കർ, ഹൃതേഷ് കെ.സിങ്. 2012. എൻസൈക്ലോപീഡിയ ഓഫ് ആന്ത്രപോളജി.

ഉപാധ്യായ, വി.എസ്., ഗയ പാണ്ഡെ. ഹിസ്റ്ററി ഓഫ് ആന്ത്രോപോളജിക്കൽ തോട്ട്.

യൂണിറ്റ്

X

ഇന്ത്യൻ നരവംശശാസ്ത്രത്തിലെ പ്രാമാണികർ

I1L2M6

പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- ഇന്ത്യയിലെ പ്രധാന നരവംശശാസ്ത്രജ്ഞരെ തിരിച്ചറിഞ്ഞ് അവരുടെ സംഭാവനകൾ വിശകലനം ചെയ്യാനും പട്ടികപ്പെടുത്താനുമുള്ള ശേഷി കൈവരുന്നു.

ഉള്ളടക്കം

ജീവിതരേഖകളും സംഭാവനകളും

- വെരിയർ എൽവിൻ
- എൽ.കെ.അനന്തകൃഷ്ണ അയ്യർ
- എസ്.സി.റോയ്
- ബി.എസ്.ഗുഹ
- എൻ.കെ.ബോസ്
- ഡി.എൻ.മജുംദാർ
- ഐരാവതി കാർവെ
- എം.എൻ.ശ്രീനിവാസ്
- എസ്.സി.ദുബെ
- എൽ.പി.വിദ്യാർഥി
- എ.അയ്യപ്പൻ
- പി.ആർ.ജി.മാത്തൂർ

"എങ്ങനെയാണോ മീരാബെൻ എന്റെ മകൾ ആയിരിക്കുന്നത് അതുപോലെ നിങ്ങൾ എന്റെ മകനായിരിക്കും എന്ന് 1930ലെ ഒരു ദിവസം ബാപ്പു പറഞ്ഞപ്പോൾ ഞാൻ തികച്ചും ആവേശഭരിതനായി. ആ ദിവസം തൊട്ട് ഞാൻ സ്വയം എന്നെ ഒരു ഇന്ത്യൻ പൗരനായി കരുതാൻ തുടങ്ങി." ആദിവാസികളുടെ 'ദൈവദൂതനായി' അറിയപ്പെട്ട പ്രശസ്ത നരവംശ ശാസ്ത്രജ്ഞൻ പദ്മഭൂഷൺ വെരിയർ എൽവിൻ അദ്ദേഹത്തിന്റെ ആത്മകഥയായ 'ദി ട്രൈബൽ വേൾഡ് ഓഫ് വെരിയർ എൽവിൻ' (The Tribal World of Verrier Elwin) എന്ന പുസ്തകത്തിൽ കുറിച്ചിട്ടതാണ് ഈ വരികൾ. ചെറുപ്പക്കാരനായ



ചിത്രം 10.1 വെരിയർ എൽവിനും ഗാന്ധിജിയും

വെരിയർ ഗാന്ധിജിയിലും അദ്ദേഹം മുന്നോട്ടുവച്ച അഹിംസാ സിദ്ധാന്തത്തിലും ഏറെ ആകൃഷ്ടനായിരുന്നു. അദ്ദേഹത്തിന് ബാപ്പുവിനോട് തോന്നിയ ആകർഷണത്തിന്റെ കഥ യാഥാർഥത്തിൽ ഏറെ രസകരമാണ്.

പുരോഹിതന്റെ മകനായി ജനിച്ചതുകൊണ്ടുതന്നെ മിക്കവാറും ഒരു പുരോഹിതനാവാൻ വിധിക്കപ്പെട്ടവനായിരുന്നു വെരിയർ. എന്നാൽ അദ്ദേഹത്തിന് ലോകത്തോടു പറയാനുണ്ടായിരുന്നത് മറ്റൊരു കഥയാണ്. അദ്ദേഹത്തിന്റെ ഓക്സ്ഫോർഡ്ദിനങ്ങളിലെ സുഹൃത്തും സഹപ്രവർത്തകനുമായ ഒരു വ്യക്തിയായിരുന്നു ഗാന്ധിജിയുടെ ആശയങ്ങളും ടാഗോറിന്റെ സാർവലൗകികചിന്തകളും വെരിയറെ പരിചയപ്പെടുത്തിയത്. ഓക്സ്ഫോർഡിലെ അവസാനദിനങ്ങളിലെ വെരിയറിന്റെ അധ്യാപകനും ഉപദേഷ്ടാവുമായിരുന്ന ഫാദർ ഗ്രീൻ ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞു: "നിങ്ങൾ ഓക്സ്ഫോർഡിൽ തുടരുകയാണെങ്കിൽ നിങ്ങളുടെ മുന്നിൽ ആത്മീയ മരണമല്ലാതെ മറ്റൊന്നുമില്ല. ഇവിടെനിന്നു പുറത്തുകടന്ന് ചേരിപ്രദേശത്തെ ദേവാലയത്തിൽ ദരിദ്രരോടൊപ്പം താമസിക്കണം." അധികം താമസിയാതെ വെരിയർ ഇന്ത്യയിലെത്തുകയും പുതിയ ആശയങ്ങൾ രൂപപ്പെടുത്താൻ ആരംഭിക്കുകയും ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായും ഇവിടത്തെ ദരിദ്രരുമായും താദാത്മ്യം പ്രാപിക്കുന്നതിന് ബാപ്പുവിന്റെ ആശ്രമസംവിധാനങ്ങളുടെ അതേ രീതിയിൽ അദ്ദേഹം ക്രൈസ്റ്റ് സേവാ സംഘ് എന്ന സംഘടന രൂപീകരിച്ചു.

ഒരു ഇന്ത്യക്കാരനെന്ന പൂർണ അന്തസ്സോടെ അദ്ദേഹം ഇവിടെ ജീവിച്ചു. ഖാദി ധരിച്ച വെരിയർ എൽവിൻ ബാപ്പുവിന്റെ പ്രിയപ്പെട്ടവനായിത്തീരുകയും ക്രൈസ്തവ മൂല്യങ്ങൾ വെറുമൊരു മതമെന്നതിനപ്പുറം സത്യാഗ്രഹത്തിനും അക്രമരാഹിത്യത്തിനും നിലകൊള്ളുന്ന പ്രകാശമാനമായ ഒരു കാഴ്ചപ്പാടാക്കിമാറ്റുകയും ചെയ്തു. ഇത് തുടർന്നുള്ള നാലഞ്ച് വർഷക്കാലം ഈ വഴിയിൽ തന്റെ സഞ്ചാരം തുടരാനുള്ള പ്രേരണ നൽകിയതോടൊപ്പം, മധ്യേന്ത്യയിലെ ആദിവാസികളുമായി ഇടപഴകി മികച്ച നരവംശശാസ്ത്രജ്ഞനായിത്തീരാനുള്ള ഉറച്ച അടിത്തറ കൂടി അദ്ദേഹത്തിനു നൽകി. ഇക്കാര്യങ്ങളിൽ മുഴുകിയ അദ്ദേഹം ഇന്ത്യയിൽ പുനർജനിച്ചതായി അവകാശപ്പെടുകയും ബാപ്പുവിനെ ഈ ഗ്രഹത്തിൽ (Planet) ജീവിച്ച ഏറ്റവും മഹാനായ സന്ന്യാസിയായി തിരിച്ചറിയുകയും ചെയ്തു.



ചിത്രം 10.2 വെരിയർ എൽവിൻ ഗോത്രവിഭാഗക്കാരായ കുട്ടികളോടൊപ്പം

എൽവിൻ ഗോത്രവർഗക്കാരുടെ ഇടയിൽ അവരെപ്പോലെ ജീവിക്കുകയും സേവിക്കുകയും അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും ഔഷധങ്ങളും നൽകുകയുമാണ് ചെയ്തത്. ഉത്തമരായ നരവംശശാസ്ത്രജ്ഞരായി രൂപപ്പെടണമെങ്കിൽ ഗോത്രവർഗക്കാരുടെ ഇടയിൽ താമസിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ എന്ന വസ്തുതയിൽ അദ്ദേഹം വിശ്വസിച്ചു. അപരിഷ്കൃതരും നിരക്ഷരരുമായി കരുതപ്പെടുന്ന ഗോത്രവർഗക്കാരാണ് തന്റെ നേട്ടങ്ങൾക്കെല്ലാം കാരണമെന്ന് ഊന്നിപ്പറയുകയും അവരോ

ടൊപ്പമാണ് ജീവിതത്തിന്റെ നല്ലഭാഗം ചെലവഴിച്ചതെന്നും അദ്ദേഹം അവസാന നിമിഷം വരെ ഉറച്ചു വിശ്വസിച്ചു. ഈ ഘടകങ്ങൾ നരവംശശാസ്ത്രമേഖലകളിൽ മാത്രമല്ല, ഏർപ്പെട്ട എല്ലാ മേഖലകളിലും അദ്ദേഹത്തെ ഒരു വിസ്മയ വ്യക്തിത്വവും തേജസ്വിയുമാക്കിമാറ്റി.

ഏതെങ്കിലും മേഖലകളിൽ മികവു നേടാൻ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്യുന്ന വ്യക്തികളാണ് പ്രാമാണികർ എന്നറിയപ്പെടുന്നത്. സമൂഹത്തിലെ അടിച്ചമർത്തപ്പെട്ടവരുടെയും പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും ജീവിതങ്ങൾക്കായി സംഭാവനനൽകുകയും ഒപ്പം നരവംശശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് കാരണക്കാരാവുകയും ചെയ്ത ഇന്ത്യൻ നരവംശശാസ്ത്രത്തിലെ പ്രമുഖ വ്യക്തിത്വങ്ങളുടെ ജീവിതത്തിലൂടെ കടന്നുപോവുകയാണ് നാം ഈ യൂണിറ്റിൽ ചെയ്യുന്നത്. യഥാർഥത്തിൽ നരവംശശാസ്ത്രത്തെ തൊഴിൽ എന്നതിനപ്പുറം ഒരു ജീവിതരീതിയായി മാറ്റുകയും മറ്റുള്ളവരെ ഇക്കാര്യങ്ങളിൽ പരിജ്ഞാനമുള്ളവരാക്കുകയും അവരിൽ സ്വാധീനം ചെലുത്തുകയുമാണ് അവർ ചെയ്തത്. അതിശയകരമായ വ്യക്തിത്വവും അസാധാരണനായ നരവംശശാസ്ത്രജ്ഞനും തന്റെ കാലഘട്ടത്തിലെ ഇതിഹാസവുമായിരുന്നു പത്മഭൂഷൺ ഡോ. വെരിയർ എൽവിൻ.

വെരിയർ എൽവിൻ (Verrier Elwin)



ചിത്രം 10.3
വെരിയർ എൽവിൻ

ഒരു ക്രൈസ്തവ മിഷനറിയായി ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു സ്വയം ശിക്ഷിതനായ നരവംശശാസ്ത്രജ്ഞനും വംശപഠനവിദഗ്ധനും ഗോത്രവർഗപ്രവർത്തകനും ആയിമാറിയ വ്യക്തിയാണ് പത്മഭൂഷൻ ഡോ. വെരിയർ എൽവിൻ (29 ഓഗസ്റ്റ് 1902 – 22 ഫെബ്രുവരി 1964). പിന്നീട് അദ്ദേഹം നരവംശശാസ്ത്രപ്രവർത്തനങ്ങളിൽ മുഴുകുകയും തന്റെ ജീവിതലക്ഷ്യം മാറ്റുകയും ചെയ്തു. ഗാന്ധിജിയോടൊപ്പം പ്രവർത്തിക്കാനും ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ സജീവമാവാനുമായി തന്റെ പുരോഹിതജോലി ഉപേക്ഷിച്ചു. മധ്യേന്ത്യയിലെ ഗോത്രവർഗക്കാരുടെ ഇടയിലുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം പൂർണമായും മുഴുകി. പിന്നീട് 1935 ൽ അദ്ദേഹം ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്തു. ഭരണവർഗവിഭാഗങ്ങളോടൊപ്പം ചേർന്നു പ്രവർത്തിക്കാൻ ആയിരുന്നില്ല അദ്ദേഹം ഇന്ത്യയിലെത്തിയത്. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച ആദ്യകാല പ്രവർത്തനം മധ്യേന്ത്യയിലെ ഗോണ്ട്, ബൈഗ എന്നീ ഗോത്രസമൂഹങ്ങൾക്കിടയിലായിരുന്നു. ബൈഗസമുദായത്തിലെ ഒരംഗത്തെ വിവാഹം ചെയ്യുകയും അവരെക്കുറിച്ച് പഠനം തുടരുകയും ചെയ്തെങ്കിലും, പിന്നീട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ, പ്രത്യേകിച്ച് വടക്കുകിഴക്കൻ അതിർത്തി ഏരിയ (NEFA) പ്രദേശത്തെ നിരവധി ഗോത്രവർഗ വിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും ഒടുവിൽ ഷില്ലോങ്ങിൽ സ്ഥിര

താമസമാക്കുകയും ചെയ്തു.

വെരിയർ എൽവിൻ ഇന്ത്യൻ ഗോത്രവർഗജീവിതവും സംസ്കാരവും സംബന്ധിച്ച് അറിവുള്ള ഒരു വിദഗ്ധനായിരുന്നു. 1945 ൽ ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ രൂപംകൊണ്ടപ്പോൾ അതിന്റെ ഡെപ്യൂട്ടി ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരം വെരിയർ എൽവിൻ ഇന്ത്യൻ പൗരത്വം സ്വീകരിച്ചു. നെഹ്റു അദ്ദേഹത്തെ വടക്കുകിഴക്കൻ ഇന്ത്യയിലെ ഗോത്രവർഗകാര്യങ്ങളുടെ ഉപദേശകനായി ചുമതലയേൽപ്പിച്ചു. പിന്നീട് അദ്ദേഹം വടക്കുകിഴക്കൻ അതിർത്തി പ്രദേശങ്ങളുടെ (NEFA) നരവംശശാസ്ത്ര ഉപദേശകനായി.

'ദി ട്രൈബൽ വേൾഡ് ഓഫ് വെരിയർ എൽവിൻ' (The Tribal World of Verrier Elwin) എന്ന അദ്ദേഹത്തിന്റെ ആത്മകഥ 1965 ലെ ഇംഗ്ലീഷ് ഭാഷയ്ക്കുള്ള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി. മജൂംദാർ, ഗുഹ എന്നിവരെപ്പോലെ തൊഴിൽപരമായി നരവംശശാസ്ത്രജ്ഞൻ ആയിരുന്നില്ലെങ്കിലും മധ്യപ്രദേശ്, ഒറീസ, അരുണാചൽപ്രദേശ് എന്നിവിടങ്ങളിലെ ഗോത്രവർഗ ജനവിഭാഗങ്ങളെ കുറിച്ചുള്ള മികച്ച വംശീയവിവരണപഠനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

വെരിയർ എൽവിന്റെ ചില പ്രധാന പുസ്തകങ്ങൾ

ഫിലോസഫി ഫോർ നേഫ (Philososphy for NEFA-1957)

ദി ബൈഗ (The Baiga- 1939)

ദി അഗാരിയ (The Agaria- 1943)

റിലിജിയൻ ഓഫ് ദി ഇന്ത്യൻ ട്രൈബ് (Religion of the Indian Tribe-1955)

വെരിയർ എൽവിൻ നരവംശശാസ്ത്രപഠനങ്ങൾ ഏറ്റെടുക്കുന്നതിനു മുന്നേ തന്നെ ബ്രിട്ടീഷ് സർക്കാർ ജാതികളുടെയും ഗോത്രങ്ങളുടെയും ചിട്ടയായ വംശീയവിവരണ പഠനങ്ങൾ നടത്തുന്നതിന് എൽ.കെ.അനന്തകൃഷ്ണയ്യരെ ചുമതലപ്പെടുത്തിയിരുന്നു.

എൽ.കെ.അനന്തകൃഷ്ണ അയ്യർ (L K Ananta Krishna Iyer) (1861-1937)

പാലക്കാട് ജില്ലയിലെ ലക്ഷ്മിനാരായണപുരം ഗ്രാമത്തിലാണ് (പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗം) 1861 ൽ അനന്തകൃഷ്ണ അയ്യർ ജനിച്ചത്. 1833 ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബി.എ. പരീക്ഷ പാസായി. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ വയനാട് ലാൻഡ് സെറ്റിൽമെന്റ് ഓഫീസിൽ അദ്ദേഹത്തിന് ഗുമസ്തനായി ആദ്യ നിയമനം ലഭിച്ചു. പിന്നീടദ്ദേഹം അധ്യാപകവൃത്തിയിൽ പ്രവേശിക്കാൻ തീരുമാനിക്കുകയും തുടർന്ന് പാലക്കാട് വിക്ടോറിയ കോളേജിൽ അധ്യാപകനാവുകയും ചെയ്തു.

1902ൽ സർക്കാർ അനന്തകൃഷ്ണ അയ്യരെ സംസ്ഥാനത്തെ ചിട്ടയായ വംശ വിവരണപഠനം ഏറ്റെടുത്തു നടത്താൻ ചുമതലപ്പെടുത്തി. 1908 ൽ 'കൊച്ചിൻ ട്രൈബ്സ് ആൻഡ് കാസ്റ്റ്സ്' (Cochin Castes and Tribes) എന്ന പുസ്തകത്തിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചു. ഈ പുസ്തകം അഗ്രഗണ്യരായ വിദേശ നരവംശശാസ്ത്രജ്ഞരുടെ

പ്രശംസ പിടിച്ചുപറ്റി. 1909 നും 1912 നും ഇടയിൽ ഈ പുസ്തകത്തിന്റെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ചു. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാര മായി അന്നത്തെ ഇന്ത്യൻ ഗവൺമെൻറ് അദ്ദേഹത്തിന് റാവു ബഹാദൂർ എന്ന ബഹുമതി നൽകി. 1914 ൽ കൽക്കത്തയിൽ നടന്ന ആദ്യ ഇന്ത്യൻ ശാസ്ത്രകോൺഗ്രസിൽ അദ്ദേഹ മായിരുന്നു വംശീയപഠനയോഗത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട അധ്യക്ഷൻ. 1920 മുതൽ 33 വരെ കൽക്കത്ത സർവകലാശാലയിലെ നരവംശശാസ്ത്രവിഭാഗത്തിന്റെ ചുമതല അദ്ദേഹത്തിനായിരുന്നു. ഇന്ത്യയിലെ വംശീയതാരതമ്യ പഠനങ്ങളെക്കുറിച്ച് പാരിസ്, വിയന്ന, ബർലിൻ, കേംബ്രിഡ്ജ് എന്നിവിടങ്ങളിൽ ധാരാളം പ്രഭാഷണങ്ങൾ നടത്തുകയും 1934 ൽ ലണ്ടനിൽ നടന്ന അന്തർദേശീയ നരവംശശാസ്ത്ര-വംശീയ പഠന കോൺഗ്രസ്സിൽ പങ്കെടുക്കുകയും ചെയ്തു.

ചിത്രം 10.4 ദിവാൻ ബഹാദൂർ ഡോ. എൽ.കെ. അനന്തകൃഷ്ണ അയ്യർ

പ്രധാന പുസ്തകങ്ങൾ

ദി കൊച്ചിൻ ട്രൈബ്സ് ആൻഡ് കാസ്റ്റ്സ് (The Cochin Tribes and Castes- 1908, 1909-12)

ലക്ചേഴ്സ് ഇൻ എത്ത്നോഗ്രാഫി (Lecturers in Ethnography- 1925)

ദി ആന്ത്രോപോളജി ഓഫ് സിറിയൻ ക്രിസ്ത്യൻസ് (The Anthropology of Syrian Christians- 1926)

ദി മൈസൂർ ട്രൈബ്സ് അൻഡ് കാസ്റ്റ്സ് (The Myosre Tribes and Castes 4 Vols with H V Nanjundayya)

എന്നിരുന്നാലും ഇന്ത്യൻ ഗോത്രവിഭാഗങ്ങളെ കുറിച്ചുള്ള ആദ്യ ഏകവംശവിവരണം (Monograph) പ്രസിദ്ധീകരിച്ചതിനുള്ള കീർത്തി ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന എസ്.സി.റോയിക്കുള്ളതാണ്. അദ്ദേഹത്തിന് ഇന്ത്യൻ വംശീയവിവരണശാസ്ത്രത്തിന്റെ പിതാവ്, വംശതാരതമ്യ പഠനത്തിന്റെ പിതാവ്, പ്രഥമ ഇന്ത്യൻ വംശവിവരണശാസ്ത്രജ്ഞൻ എന്നീ വിശേഷണങ്ങളുമുണ്ട്.

എസ്.സി.റോയ് (S.C. Roy) (1871-1942)

ഇന്ന് ബംഗ്ലാദേശിൽ സ്ഥിതിചെയ്യുന്ന ഖുൽന ജില്ലയിലെ കരപ്പാറ എന്ന ഗ്രാമത്തിലെ ഒരു പ്രമുഖ കായസ്ഥകുടുംബത്തിൽ 1871 നവംബർ നാലിനാണ് എസ്.സി. റോയ് (ശരത്ചന്ദ്ര റോയ്) ജനിച്ചത്. അദ്ദേഹം ഇംഗ്ലീഷിൽ ഓണേഴ്സ് ബിരുദം നേടുകയും പിന്നീട് ഇംഗ്ലീഷിൽ തന്നെ ബിരുദാനന്തരബിരുദം നേടുകയും ചെയ്തു. കൽക്കത്തയിലെ റിപ്പൺ കോളേജിൽനിന്നു നിയമബിരുദവും അദ്ദേഹം കരസ്ഥമാക്കി. നരവംശശാസ്ത്രത്തിൽ ഔപചാരികബിരുദങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും അദ്ദേഹം ഇന്ത്യയിലെ നരവംശശാസ്ത്രപഠനങ്ങളിലെ അഗ്രഗാമിയാണ്.

ഒരു വക്കീലെന്ന നിലയിൽ അദ്ദേഹം സറിരമായി ഛോട്ടാ നാഗ്പൂരിലെ ഉൾപ്രദേശങ്ങൾ സന്ദർശിക്കുകയും ആ പ്രദേശത്തെ ഗോത്രവർഗക്കാരെ വളരെ അടുത്തുനിന്ന് നോക്കിക്കാണുകയും ചെയ്തു. കോടതികളിലെ ഗോത്രവർഗക്കാരുടെ കഷ്ടപ്പാടുകൾ അദ്ദേഹത്തെ വിഷമിപ്പിച്ചു. ഗോത്രവർഗക്കാരുടെ ഭാഷയിലെ അറിവില്ലായ്മയും അവരുടെ ആചാരം, ആചാരനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണമില്ലായ്മയും അവർക്ക് നീതിനിഷേധത്തിന് കാരണമാകുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന് ഗോത്രവർഗക്കാരിലുള്ള അഗാധമായ താൽപ്പര്യം 'മുണ്ട ആൻഡ് ദെയർ കൺട്രി' (Munda and Their Country-1912) എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലേക്ക് നയിച്ചു. മുണ്ട സമുദായത്തെക്കുറിച്ചുള്ള ഈ ഏകവിഷയ പ്രബന്ധത്തിൽ മുണ്ടാരി (Mundari) ഭാഷ, നാടൻകഥകൾ, പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ എന്നിവയെക്കുറിച്ച് വിശദമായ വിവരണങ്ങളുണ്ട്. ഇന്ത്യൻ ഗോത്രവർഗ സമുദായത്തെക്കുറിച്ചുള്ള ഒരു ഇന്ത്യൻ നരവംശശാസ്ത്രജ്ഞന്റെ ആദ്യത്തെ ഏകവംശ പ്രബന്ധമാണിത്. ഇതുകൊണ്ടാണ് അദ്ദേഹത്തെ ഇന്ത്യയിലെ ആദ്യ വംശതാരതമ്യപഠനം നടത്തിയ വ്യക്തി (Ethnologist), വംശവിവരണം നടത്തിയ വ്യക്തി (Ethnographer) എന്നൊക്കെ വിശേഷിപ്പിക്കുന്നത്.


SPECIAL NUMBER

International Congress of Anthropological and Ethnological Sciences

MAN in INDIA.

A Quarterly Record of Anthropological Science with special Reference to India.

Edited by SARAT CHANDRA ROY, M.A., B.L., M.R.A.S.

CONTENT.

Caste, Race and Religion in India — Inadequacy of the Current Theories of Caste. By the Editor

Published on 15th July, 1934

ചിത്രം 10.5 മാൻ ഇൻ ഇന്ത്യ- 1934 ലെ പ്രത്യേക എഡിഷന്റെ പുറംചട്ട

ആദ്യ ഇന്ത്യൻ നരവംശശാസ്ത്രജ്ഞൻ, ഇന്ത്യൻ വംശീയവിവരണശാസ്ത്രത്തിന്റെ പിതാവ്, ഇന്ത്യൻ വംശീയ താരതമ്യപഠനത്തിന്റെ പിതാവ് എന്നീ നിലകളിൽ അറിയപ്പെടുന്നത് എസ്.സി. റോയ് ആണ് എന്ന് നിങ്ങൾക്കറിയാമോ?

ഛോട്ടാ നാഗ്പൂരിലെ ഒറാവോൺ (Oraon) വിഭാഗക്കാരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകം 1915 ൽ പ്രസിദ്ധീകരിച്ചു. ഗോത്രവർഗക്കാരുടെ ഇടയിൽ 'ധൂംകുറിയ' അഥവാ യൂത്ത് ഡോർമിറ്ററി (യുവാക്കളുടെ ശയനമുറി) എന്ന സംവിധാനം നിലനിൽക്കുന്നുവെന്ന് ആദ്യമായി പുറംലോകത്തെ അറിയിച്ചത് അദ്ദേഹമാണ്. ബിർദോർ, ഹിൽ ഭുയിയാ, ഖാരിയ എന്നീ വ്യത്യസ്ത ഗോത്രവർഗങ്ങളെ കുറിച്ച് ഏകവിഷയ പ്രബന്ധങ്ങൾ പുറത്തിറക്കിയത് അദ്ദേഹമാണ്. ഇന്ത്യയിലെ ആദ്യത്തെ (1921) നരവംശശാസ്ത്ര ജേണൽ, മാൻ ഇൻ ഇന്ത്യ (Man in India) യുടെ സ്ഥാപക എഡിറ്റർ എസ്.സി.റോയിയാണ്. അസുര സൈറ്റിലെ ഉദ്ഖനനങ്ങളാണ് പുരാവസ്തു നരവംശശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ സംഭാവന. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സിന്ധുനദീതടസംസ്കാരകാലത്തോളം പഴക്കമുള്ളതാണ് അസുരാ സംസ്കാരം. നാടോടിവിജ്ഞാനമേഖലയിലും അദ്ദേഹം സംഭാവനകൾ നൽകിയിട്ടുണ്ട്. നാടോടിവിജ്ഞാനം മാനവസമൂഹത്തിന്റെ ബൗദ്ധികപരിണാമത്തിലേക്ക് വെളിച്ചം വീശുമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അതുകൊണ്ടുതന്നെ നാടോടി വിജ്ഞാനം മനുഷ്യമനസ്സിന്റെ പ്രാഗ് ചരിത്രമായി കരുതാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എസ്.സി.റോയിയുടെ പ്രധാന പ്രസിദ്ധീകരണങ്ങൾ

മുണ്ട ആൻഡ് ദെയർ കൺട്രി (Munda and Their Country- 1912)

ദി ഒറാവോൺ ഓഫ് ഛോട്ടാനാഗ്പൂർ (The Oraon of Chota Nagpur- 1915)

ഹിൽ ഭുയിയാസ് ഓഫ് ഒറീസ്സ (Hill Bhuiyas of Orissa- 1935)

ദി ഖാരിയ (The Kharia -1937)

ഇതുവരെ നാം ചർച്ചചെയ്ത നരവംശശാസ്ത്രജ്ഞർ ആരും ഔപചാരികമായ നരവംശശാസ്ത്രപരിശീലനം ലഭിച്ചവരായിരുന്നില്ല. യാദൃച്ഛികമായി വംശീയപഠനങ്ങളിൽ ഏർപ്പെടുകയും അതുവഴി ഈ മേഖലയിൽ എത്തിച്ചേരുകയും ചെയ്തവരാണ് അവർ. തൊഴിൽപരമായി പരിശീലനം നേടിയവരുടെ വരവോടുകൂടി ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ ചിത്രം മാറാൻ തുടങ്ങി. ലോകത്തിലെ ഏറ്റവും വലിയ നരവംശശാസ്ത്ര ഗവേഷണസ്ഥാപനമായ ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ കുറിച്ച് നിങ്ങൾ ഇതിനകം കേട്ടുകഴിഞ്ഞു. എങ്ങനെയാണ് ഇത് സ്ഥാപിക്കപ്പെട്ടത്? ആരാണ് ആ വലിയ പ്രസ്ഥാനത്തിന്റെ സ്ഥാപനത്തിന് കാരണക്കാരനായത്? ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ചരിത്രത്തിലേക്ക് നോക്കുമ്പോൾ ബിരാജ് ശങ്കർ ഗുഹ എന്ന ഒരു പ്രമുഖ വ്യക്തിയുടെ പേരാണ് ആദ്യം മുന്നിലെത്തുന്നത്.

അസുരന്മാരുടെ കോട്ട എന്നർഥമാക്കുന്ന കാലഹന്ദി ജില്ലയിലെ അസുർഗർഹ് ഏറ്റവും പ്രാചീനമായ നഗരസംവിധാനങ്ങളിൽ ഒന്നാണ്. ഇതിന്റെ കാലഘട്ടം 500 ബി.സി. മുതൽ 500 എ.ഡി. വരെയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ചരിത്രാതീത ശിലായുഗത്തിലെയും ചെമ്പ്-വെങ്കല കാലഘട്ടങ്ങളിലെയും നിരവധി പുരാതനാവശിഷ്ടങ്ങളാണ് ഇവിടത്തെ ഉദ്ഖനനങ്ങളിൽ നിന്നു കണ്ടെത്തിയിട്ടുള്ളത്. 200 വർഷം മുന്നെ തന്നെ അസുർഗർഹിൽ നഗരവൽകൃതമായ ഒരു സംസ്കാരം നിലനിന്നിരുന്നു എന്ന് കണക്കാക്കപ്പെടുന്നു. നാലു പ്രവേശന വാതിലുകളോടു കൂടിയ ഏകദേശം സമചതുരാകൃതിയിലുള്ള ആ പ്രദേശം കൂറ്റൻ മതിലു കൊണ്ട് വേർതിരിച്ചിരുന്നു. അസുർ സാഗർ എന്നു പേരുള്ള വലിയ ഒരു ജലസംഭരണി യും അവിടെ കണ്ടെത്തിയിട്ടുണ്ട്. (http://www.indianetzone.com archaeological_sites_odisha.htm)

ബി.എസ്.ഗുഹ (B S Guha) (1894 - 1961)

ഹാർവാർഡ് സർവകലാശാലയിൽനിന്നു യഥാക്രമം 1922 ലും 1924ലും നരവംശശാസ്ത്രത്തിൽ എം.എയും പി.എച്ച്.ഡിയും നേടിയ വ്യക്തിയാണ് ബിരാജ് ശങ്കർ ഗുഹ. ഇന്ത്യയിലെ ഭൗതിക നരവംശശാസ്ത്രജ്ഞരിലെ അഗ്രഗാമിയാണ് അദ്ദേഹം. 1927ൽ സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ നരവംശശാസ്ത്ര വിഭാഗത്തിൽ നരവംശശാസ്ത്രജ്ഞനായി അദ്ദേഹം തന്റെ ജോലിയാരംഭിച്ചു.

ഗുഹയുടെ ശ്രമഫലമായി 1945 ൽ ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിതമായി. സ്ഥാപനത്തിന്റെ സ്പെഷൽ ഓഫീസറായി അദ്ദേഹം നിയമിതനായി. നരവംശശാസ്ത്രപഠനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകാനാണ് ഈ സ്ഥാപനം രൂപീകൃതമായത്. 1946 ൽ അദ്ദേഹം ഈ സ്ഥാപനത്തിന്റെ സ്ഥാപക ഡയറക്ടർ ആവുകയും

ചിത്രം 10.6
ബി.എസ്.ഗുഹ

മരണം വരെ അവിടെ തുടരുകയും ചെയ്തു. ഡോ. ബി.എസ്. ഗുഹയുടെ നേതൃത്വത്തിൽ ആരംഭിച്ച ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഇന്ന് ഒരുപക്ഷേ ലോകത്തിലെ ഏറ്റവും വലിയ നരവംശശാസ്ത്ര ഗവേഷണ സ്ഥാപനമാണ്. ചരിത്രാതീത കാലത്തെയും ചരിത്രകാലഘട്ടത്തിലെയും മനുഷ്യരുടെ ലഭ്യമായ അസ്ഥികളെക്കുറിച്ചുള്ള പഠനവും ഇന്ത്യൻ ജനസംഖ്യയുടെ ശാരീരിക അളവുകളെ കുറിച്ചുള്ള പഠനവും ഉൾപ്പെടെ ജൈവനരവംശ ശാസ്ത്രത്തിലെ രണ്ടു വ്യത്യസ്ത ധാരകളായി ഉള്ള ഗവേഷണത്തിന് അദ്ദേഹം തുടക്കം കുറിച്ചു. ഗുഹ ഭൗതികനരവംശശാസ്ത്രത്തെയും സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രത്തെയും വളരെ മനോഹരമായി ഭാഷാശാസ്ത്രം, മനശ്ശാസ്ത്രം, ജൈവരസതന്ത്രം, പുരാവസ്തുശാസ്ത്രം എന്നിവയുമായി വിളക്കിച്ചേർത്തു.

'ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെയും വംശീയതയുടെയും അടിസ്ഥാനം' എന്നതായിരുന്നു നരവംശശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ ഡോക്ടറൽ പ്രബന്ധം. വിഭജനപൂർവ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങളുടെ ശാരീരിക അളവുകളുടെ താരതമ്യം വഴി 1935 ൽ ഇന്ത്യൻ ജനതയുടെ വംശീയ ക്രോഡീകരണം അദ്ദേഹം തയാറാക്കി. ആറ് പ്രധാന വംശങ്ങളും ഒൻപത് ഉപവംശങ്ങളും ഉൾപ്പെടുന്ന രീതിയിൽ അദ്ദേഹം തയാറാക്കിയ ആ വർഗീകരണമാണ് ഇതുവരെ ആവിഷ്കരികപ്പെട്ടതിൽ വച്ച് ഏറ്റവും സ്വീകാര്യമായ വർഗീകരണം.

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനം നരവംശശാസ്ത്രജ്ഞരെയും സ്വാധീനിക്കുക യുണ്ടായി. ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെ സ്വാധീനത്താൽ നരവംശശാസ്ത്രജ്ഞനായ എൻ.കെ.ബോസ് സ്വന്തം ജോലി രാജിവച്ച് ദേശീയപ്രസ്ഥാനത്തിൽ അണിചേർന്നു. ഗാന്ധിയൻ നരവംശശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ജീവിതത്തി ലേക്കും പ്രവർത്തനങ്ങളിലേക്കും നമുക്കൊന്ന് കണ്ണോടിക്കാം.

എൻ.കെ.ബോസ് (N K Bose) (1901-1972)

ചിത്രം 10.7
എൻ.കെ. ബോസ്

1901ൽ കൽക്കട്ടയിലാണ് എൻ.കെ.ബോസ് (നിർമൽ കുമാർ ബോസ്) ജനിച്ചത്. 1921ൽ അദ്ദേഹം ബി.എസ്.സി. ജിയോളജി ഓണേഴ്സും 1925ൽ എം.എസ്.സി. നരവംശശാസ്ത്രവും പൂർത്തിയാക്കി. 1929-30 കാലഘട്ടത്തിൽ കൽക്കട്ട യൂണിവേഴ്സിറ്റി യിൽ നരവംശശാസ്ത്ര റിസർച്ച് ഫെലോ ആയി നിയമിതനായി. അദ്ദേഹം ഗാന്ധിജിയുടെ എല്ലാ ആശയങ്ങളുടെയും പ്രവർത്തന ങ്ങളുടെയും അനുയായിയായിത്തീരുകയും ഉപ്പുസത്യഗ്രഹ ത്തിൽ പങ്കെടുക്കാൻ ജോലി രാജിവയ്ക്കുകയും ചെയ്തു. 1938 ൽ വീണ്ടും നരവംശശാസ്ത്ര അധ്യാപകനായി നിയമിതനായി. 1951 മുതൽ 'മാൻ ഇൻ ഇന്ത്യ' (Man in India) എന്ന നരവംശശാസ്ത്ര ജേണലിന്റെ എഡിറ്ററുമായിരുന്നു അദ്ദേഹം.

1959-64 കാലഘട്ടത്തിൽ അദ്ദേഹമാണ് ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ. ഗോത്രവർഗ കാര്യങ്ങളിൽ ഇന്ത്യൻ സർക്കാറിന്റെ ഉപദേശകനായും അദ്ദേഹം പ്രവർത്തിച്ചു. ഒറീസ്സയിലെ ജുവാങ് ഗോത്രവർഗക്കാരുടെ ഇടയിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യ സ്വതന്ത്ര ഫീൽഡ്തല ഗവേഷണം.

എൻ.കെ.ബോസിന്റെ പ്രധാന പ്രസിദ്ധീകരണങ്ങൾ

കൾച്ചറൽ ആന്ത്രോപോളജി (Cultural Anthropology-1929)

എക്സ്കവേഷൻ ഇൻ മയൂർഭഞ്ജ് (E xcavation in Mayurbhanj- 1948)

മൈ ഡേയ്സ് വിത്ത് ഗാന്ധി (My days with Gandhi- 1953)

പ്രോബ്ലംസ് ഓഫ് നാഷണൽ ഇന്റഗ്രേഷൻ (Problems of National Integration- 1957)

ഡി.എൻ.മജുംദാർ (D.N. Majundar) (1903-1960)

ചിത്രം 10.8
ഡി.എൻ. മജുംദാർ

ഡി.എൻ. മജുംദാർ (ധീരേന്ദ്രനാഥ് മജുംദാർ) 1903 ൽ ബിഹാറിലെ പാറ്റ്നയിലാണ് ജനിച്ചത്. കൽക്കട്ട സർവകലാശാലയിൽനിന്നു നരവംശശാസ്ത്രത്തിൽ എം.എ. ഡിഗ്രി ലഭിച്ചു. 1928 ൽ ലഖ്നോ സർവകലാശാലയിൽ ഇക്കണോമിക്സ് ആൻഡ് സോഷ്യോളജി വകുപ്പിൽ പ്രിമിറ്റീവ് ഇക്കണോമിക്സ് ലക്ചററായി ജോലിയിൽ ചേർന്നു. ഒരു ഡെപ്യൂട്ടി കലക്ടർ ആവാനുള്ള നിർദേശം നിരാകരിക്കുകയും ഛോട്ടാനാഗ്പൂരിൽ നരവംശശാസ്ത്ര ഗവേഷണം തുടരാൻ തീരുമാനിക്കുകയും ചെയ്തു. ഫീൽഡ് ഗവേഷണത്തിലേക്കു തന്നെ കൈപിടിച്ചുകൊണ്ടുപോയത് എസ്.സി. റോയ് ആണ് എന്നു മജുംദാർ പലതവണ സൂചിപ്പിച്ചിട്ടുണ്ട്.

കോൽഹാനിലെ ഹോ വിഭാഗക്കാരുടെ ഇടയിലെ സാംസ്കാരികസമ്പർക്കങ്ങളെയും (Culture Contact) അപരസംസ്കാരാർജനത്തെയും (Acculturation) കുറിച്ചുള്ള ഡോക്ടറൽ ഗവേഷണപ്രബന്ധം തയാറാക്കുന്നതിനായി 1933 ൽ അദ്ദേഹം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലേക്ക് പോയി. 1935 ൽ പി.എച്ച്.ഡി ലഭിച്ചു. അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധം 'എ ട്രൈബ് ഇൻ ട്രാൻസിഷൻ: എ സ്റ്റഡി ഇൻ കൾച്ചറൽ പാറ്റേൺ (A Tribe in Transition : A study in Cultural Pattern) എന്ന പേരിൽ പുസ്തകരൂപത്തിൽ (1937) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മജുംദാർ മലിനോസ്കി, റൂത്ത് ബനഡിക്ട് എന്നിവരുടെ സിദ്ധാന്തങ്ങളാൽ സ്വാധീനിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഫീൽഡ്വർക്ക് ആരംഭിച്ചത് എസ്.സി. റോയിയുടെ സ്വാധീനത്താലാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. 1945 ൽ എത്ത്നോഗ്രാഫിക് ആൻഡ് ഫോക് കൾച്ചർ സൊസൈറ്റി എന്ന ഒരു സ്ഥാപനം അദ്ദേഹം ആരംഭിച്ചു. 1947 ൽ 'ഈസ്റ്റേൺ ആന്ത്രോപോളജിസ്റ്റ് (Eastern Anthropologist) എന്ന ഒരു ത്രൈമാസ ജേണൽ അദ്ദേഹം ആരംഭിച്ചു. സാമ്പത്തികാടിസ്ഥാനത്തിൽ ഇന്ത്യൻ ഗോത്രവിഭാഗക്കാരെ മജുംദാറും മദനും വർഗീകരിച്ചു. ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ

ഉൽപ്പത്തിയെയും വികാസത്തെയും മജുംദാർ വർഗീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യൻ നരവംശശാസ്ത്രത്തിന് മൂന്നു ഘട്ടങ്ങളുണ്ട് - ഒന്ന് ആരംഭ ഘട്ടം, രണ്ട് നിർമ്മാണഘട്ടം, മൂന്ന് നിർണായകഘട്ടം.

ഗോത്രവർഗജനതയിൽ ഗോത്രേതരവിഭാഗക്കാരുടെ സ്വാധീനത്തെക്കുറിച്ച് ആദ്യമായി പഠനം നടത്തിയ ഇന്ത്യൻ നരവംശശാസ്ത്രജ്ഞൻ മജുംദാറാണ്. തന്റെ 'റേസസ് ആൻഡ് കൾചേഴ്സ് ഓഫ് ഇന്ത്യ' (Races and Cultures of India) എന്ന പുസ്തകത്തിൽ വംശങ്ങളെ അദ്ദേഹം നിർവചിക്കുന്നു. സിറോളജിയിൽ ഗണ്യമായ സംഭാവനകൾ നൽകുകയും പ്രത്യേകിച്ച് ഉത്തർപ്രദേശിലെ ക്രിമിനൽ ട്രൈബ്സ് എന്ന് വിശേഷിപ്പിക്കപ്പെടുന്നവരിലെ ആർ.എച്ച്. രക്തഘടകത്തെ കുറിച്ച് പഠിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങൾ

എ ട്രൈബ് ഇൻ ട്രാൻസിഷൻ (A Tribe in Transition- 1937)

ദി ഫോർച്യൂൺസ് ഓഫ് പ്രിമിറ്റീവ് ട്രൈബ്സ് (The Fortunes of Primitive Tribes-1944)

റേസസ് ആൻഡ് കൾചേഴ്സ് ഓഫ് ഇന്ത്യ (The Races and Cultures of India-1944)

ഹിമാലയൻ പോളിയാൻഡ്രി (Himalayan Polyandry- 1962) (മരണാനന്തരം) പ്രസിദ്ധീകരിച്ചത്.

ആൻ ഇൻട്രോഡക്ഷൻ ടു സോഷ്യൽ ആന്ത്രോപോളജി (An Introduction to Social Anthropology- with Madan)

ഐരാവതി കാർവെ (Iravati Karve) (1905-1970)



ചിത്രം 10.9
ഐരാവതി
കാർവെ

നരവംശശാസ്ത്രം ഒരു സർവകലാശാലാപഠന വിഷയം എന്ന നിലയിൽ വികസിച്ചുവരുന്ന സമയത്തുതന്നെ ഇന്ത്യയിലെ ആദ്യത്തെ നരവംശശാസ്ത്രജ്ഞയായി പ്രശസ്തയായ വ്യക്തിയാണ് ഐരാവതി കാർവെ. അവർ ജനിച്ചത് ബർമ്മയിലും പഠിച്ചത് ഇന്ത്യയിൽ പൂനയിലുമാണ്. 1928ൽ ബോംബെ സർവകലാശാലയിൽ നിന്നുമാണ് സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം നേടുകയും 1930 ൽ ജർമനിയിലെ ബർലിൻ യൂണിവേഴ്സിറ്റിയിൽനിന്നു നരവംശശാസ്ത്രത്തിൽ ഡോക്റ്ററേറ്റ് നേടുകയും ചെയ്തു. പൂനെ സർവകലാശാലയുടെ കീഴിലുള്ള ഡക്കാൻ കോളേജിൽ സോഷ്യോളജി-നരവംശശാസ്ത്ര വിഭാഗങ്ങളുടെ മേധാവിയായി നിരവധി വർഷങ്ങൾ സേവനമനുഷ്ഠിച്ചു. 1947 ൽ ന്യൂഡൽഹിയിൽ നടന്ന ദേശീയ ശാസ്ത്ര കോൺഗ്രസിൽ നരവംശശാസ്ത്രവിഭാഗത്തിൽ അധ്യക്ഷയായിരുന്നു അവർ. പിന്നീട് ഫെർഗൂസൺ കോളേജിൽ ജർമൻ ഭാഷ പഠിപ്പിച്ചു. അവരുടെ ഗവേഷണതാൽപ്പര്യങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് താഴെ പറയുന്ന മേഖലകളിലാണ്.

- ഇന്ത്യൻ ജനതയുടെ വംശീയഘടന
- ഇന്ത്യയിലെ ബന്ധുത്വഘടന
- ജാതിയുടെ ഉത്ഭവം
- ഗ്രാമ-നഗര സമൂഹങ്ങളുടെ പഠനം.

വിവിധ സാങ്കേതിക ജേണലുകളിൽ നിരവധി ഗവേഷണപ്രബന്ധങ്ങൾ അവരെഴുതി. അവയിൽ ചിലത് ഇംഗ്ലീഷിലായിരുന്നു, മറ്റുചിലത് ജർമ്മൻഭാഷയിലും. കൂടാതെ സ്വന്തം മാതൃഭാഷയായ മറാത്തിയിലും എഴുതി. ഇന്ത്യയിലെ ബന്ധുത്വ ഘടനയെക്കുറിച്ച് വിശദമായി പഠിക്കുകയും അത് വടക്ക്,തെക്ക്, കിഴക്ക്, മധ്യ മേഖലകളായി വിഭജിക്കുകയും ചെയ്തു. മറാത്തിയിലുള്ള അവരുടെ പുസ്തകം 'യുഗാന്ത' (1967) സാഹിത്യ അക്കാദമി അവാർഡ് നേടി. മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും സമൂഹത്തെയും കുറിച്ച് ഈ പുസ്തകത്തിൽ കാർവെ പഠനം നടത്തിയിട്ടുണ്ട്.

പ്രധാന പുസ്തകങ്ങൾ

കിൻഷിപ്പ് ഓർഗനൈസേഷൻ ഇൻ ഇന്ത്യ (Kinship Organisation in India- 1953)

ഹിന്ദു സൊസൈറ്റി: ഏൻ ഇന്റർപ്രട്ടേഷൻ (Hindu Society : An Interpretation- 1961)

ഫാമിലി ഇൻ ഇന്ത്യ (Family in India- 1964)

എം.എൻ. ശ്രീനിവാസ് (M.N. Srinivas) (1916-1999)

ചിത്രം 10.10
എം.എൻ.ശ്രീനിവാസ്

1916 മൈസൂരിൽ ജനിച്ച എം.എൻ. ശ്രീനിവാസ് (മൈസൂർ നരസിംഹാചാര്യ ശ്രീനിവാസ്) പ്രമുഖ സമൂഹശാസ്ത്ര-സാമൂഹിക നരവംശ ശാസ്ത്രജ്ഞനായിരുന്നു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നു സോഷ്യോളജിയിൽ എം.എ., എൽ.എൽ.ബി., സോഷ്യോള ജിയിൽ പി.എച്ച്.ഡി. എന്നിവ നേടി. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്നു സാമൂഹിക നരവംശശാസ്ത്രത്തിൽ ഡിഫിൽ നേടി. അവിടെവച്ച് പ്രശസ്ത സാമൂഹികനരവം ശശാസ്ത്രജ്ഞനായ എ.ആർ.റാഡ്ക്ളിഫ് ബ്രൗൺ, ഇവാൻസ് പ്രിച്ചാർഡ് എന്നിവരോടൊത്ത് പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചു. 1951 ൽ ബറോഡയിലെ എം.എസ്. യൂണിവേഴ്സിറ്റിയിൽ സോഷ്യോളജി വകുപ്പ് സ്ഥാപിച്ചതും പിന്നീട് 1959 ൽ ഡൽഹി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ സോഷ്യോളജി വകുപ്പ് സ്ഥാപിച്ചതും അദ്ദേഹമാണ്.

നരവംശശാസ്ത്രജ്ഞർ പൊതുവെ തങ്ങളുടേതല്ലാത്ത മറ്റു സമൂഹങ്ങളെക്കുറിച്ച് പഠിച്ചപ്പോൾ ആദ്യമായി സ്വന്തം സമൂഹത്തെക്കുറിച്ച് പഠിച്ചത് എം.എൻ. ശ്രീനിവാസ് ആണ്. ഫീൽഡ് അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങൾ ഇന്ത്യൻ സോഷ്യോള ജിയിൽ ആവശ്യമാണെന്ന് അദ്ദേഹം വാദിച്ചു. മതം, ജാതി, ഗ്രാമസമൂഹങ്ങൾ, രാഷ്ട്രീയം, സാമൂഹികമാറ്റം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ഇന്ത്യയിൽ പുതിയ പഠനമേഖലകൾ തുറക്കുന്നതിനും അദ്ദേഹം സൃഷ്ടിച്ച പ്രബലജാതി (Dominant Caste), സംസ്കൃതവൽക്കരണം (Sanskritization), പാശ്ചാത്യവൽക്കരണം (Westernisation)

തുടങ്ങിയ ആശയങ്ങൾ ജാത്യന്തരബന്ധങ്ങളെക്കുറിച്ചുള്ള യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും അവയുടെ പ്രവർത്തനരീതി വിശദീകരിക്കാനും ഉപയുക്തമാവുകയും ചെയ്തു. സാമൂഹ്യശാസ്ത്രവും സാമൂഹികനരവംശശാസ്ത്രവും ഒരുമിച്ചുചേരണമെന്ന് അദ്ദേഹം നിർദേശിച്ചു.

പ്രധാന പുസ്തകങ്ങൾ

റിലിജിയൻ ആൻഡ് സൊസൈറ്റി എമംങ് ദി കൂർഗ്സ് ഓഫ് സൗത്ത് ഇന്ത്യ (Religion and Society among the Coorgs of South India-1952, 2003)

ഇന്ത്യാസ് വില്ലേജസ് (Indias Villages- 1960)

കാസ്റ്റ് ഇൻ മോഡേൺ ഇന്ത്യ ആൻഡ് അദർ എസ്സേസ് (Caste in Modern India and Other Essays- 1962)

ഇന്ത്യ: സോഷ്യൽ സ്ട്രക്ചർ (India: Social Structure- 1969, 1980, 1986)

ദി റിമംബേഡ് വില്ലേജ് (The Remembered Village 1976,1978,1988,1999)

ദി ഡോമിനന്റ് കാസ്റ്റ് ആൻഡ് അദർ എസ്സേസ് (The Dominant Caste and Other Essays- 1987,1994)

ദി കൊഹസീവ് റോൾ ഓഫ് സാൻസ്ക്യൂറ്റൈസേഷൻ ആൻഡ് അദർ എസ്സേസ് (The Cohesive Role of Sanskritization and Other Essays- 1989)

സോഷ്യൽ ചെയ്ഞ്ച് ഇൻ മോഡേൺ ഇന്ത്യ (Social Change in Modern India 1966-72)

എസ്.സി. ദുബെ (S.C. Dube)(1922-1996)



ചിത്രം 10.11
എസ്.സി. ദുബെ

മധ്യപ്രദേശിലെ നരസിംഹപൂരിൽ 1922 ലാണ് എസ് സി ദുബെ (ശ്യാംചരൺ ദുബെ) ജനിച്ചത്. നാഗ്പൂർ യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ ആന്ത്രോപോളജി ഒരു പ്രത്യേക വിഭാഗമായി രാഷ്ട്രമീമാംസയിൽ മാസ്റ്റേഴ്സ് ഡിഗ്രി നേടി. തുടർന്നു മധ്യപ്രദേശിലെ മാറ്റ കൃഷി അനുവർത്തിക്കുന്ന കമാർ വിഭാഗക്കാരുടെ ഇടയിൽ ഗവേഷണവും നടത്തി.

ഹൈദരാബാദിലെ ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ ദുബെ റീഡറായി പ്രവർത്തിച്ചു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലും സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിലും അദ്ദേഹം സന്ദർശിച്ചു. റെയ്മണ്ട് ഫിർത്ത് മുതലായ പണ്ഡിതന്മാരുമായി നടത്തിയ കൂടിക്കാഴ്ചകൾ ഇന്ത്യൻ ഗ്രാമങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ രചനയിൽ ഏറെ സഹായകമായി. ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ നാഗ്പൂർ കേന്ദ്രത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ആവുന്നതിനായി അദ്ദേഹം ഉസ്മാനിയ യൂണിവേഴ്സിറ്റിയിലെ സേവനം അവസാനിപ്പിച്ചു. പിന്നീട് മധ്യപ്രദേശിലെ സാഗർ സർവകലാശാലയിൽ നരവംശശാസ്ത്രം പ്രൊഫസറായി.

ഗ്രാമങ്ങളിലെ സമൂഹികഘടനയെക്കുറിച്ചുള്ള മുഴുനീള വിവരണങ്ങൾ രേഖപ്പെടുത്തിയ 'ഇന്ത്യൻ വില്ലേജ്' (1965) എന്ന പുസ്തകം 1950 നു ശേഷമുള്ള കാലത്തെ അദ്ദേഹത്തിന്റെ ഒരു പ്രധാന പ്രവർത്തനമാണ്. തെലുങ്കാന പ്രദേശത്തെ ഷാമിർപേട്ട് ഗ്രാമത്തെക്കുറിച്ചുള്ള മുഴുവൻ പഠനമായിരുന്നു അത്. റോബർട്ട് റെഡ്ഫീൽഡ് അനുവർത്തിച്ച അതേ രീതിയിലാണ് അദ്ദേഹം ഇന്ത്യൻ ഗ്രാമങ്ങളുടെ സവിശേഷതകളെ കുറിച്ച് പഠിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യയിലെ ഒരു ഗ്രാമവും സ്വതന്ത്രവും സ്വയംഭരണമുള്ളതും അല്ല. ഇന്ത്യൻ ഗ്രാമങ്ങൾ വിശാലമായ ഒരു സാമൂഹിക വ്യവസ്ഥയുടെയും രാഷ്ട്രീയഘടനയുടെയും ഭാഗമാണെന്നാണ് അദ്ദേഹം പറയുന്നത്.

പ്രധാന പുസ്തകങ്ങൾ

ദി കമാർ (The Kamar-1951)

ഇന്ത്യൻ വില്ലേജ് (Indian Village -1955)

ഇന്ത്യാസ് ചേഞ്ചിങ് വില്ലേജ് (India's Changing Village-1958)

ഇന്ത്യൻ സൊസൈറ്റി (Indian Society-1990)

എൽ.പി. വിദ്യാർഥി (L. P. Vidyarthi) (1931-1985)



ചിത്രം 10.12
എൽ.പി. വിദ്യാർഥി

ബിഹാറിലെ പാറ്റ്നയിലെ ഒരു ബഹുജാതിഗ്രാമത്തിലാണ് എൽ.പി. വിദ്യാർഥി (ലളിത പ്രസാദ് വിദ്യാർഥി) ജനിച്ചത്. 1950 ൽ പാറ്റ്ന കോളേജിൽനിന്നു ഭൂമിശാസ്ത്രത്തിൽ ബി.എ. ഓണേഴ്സ് ഡിഗ്രിയും 1953 ൽ ലഖ്നൗ യൂണിവേഴ്സിറ്റിയിൽ നരവംശ ശാസ്ത്രത്തിൽ എം.എ.യും കരസ്ഥമാക്കി. അദ്ദേഹം ഡോക്ടറൽ ഡിഗ്രി നേടിയത് ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽനിന്നാണ്. റാഞ്ചിയിൽ നരവംശശാസ്ത്ര അധ്യാപകനായി നിയമിതനായി. വിദ്യാർഥിയുടെ വിജയകരമായ ശ്രമങ്ങൾ നരവംശശാസ്ത്ര വകുപ്പിന്റെ പദവി ഉയർത്തുകയും അതുവഴി യു.ജി.സിയുടെ പ്രത്യേക സഹായം ലഭ്യമാവുകയും ചെയ്തു.

'ഇന്ത്യൻ ആന്ത്രോപോളജിസ്റ്റ്', 'ഫോക്‌ലോർ' തുടങ്ങി നിരവധി ജേണലുകളുടെ എഡിറ്ററായിരുന്നു അദ്ദേഹം. ദക്ഷിണേഷ്യയിൽ പ്രവർത്തനനരവംശശാസ്ത്രത്തിന്റെയും പ്രയുക്തനരവംശശാസ്ത്രത്തിന്റെയും സ്ഥാപകപിതാവാണ് വിദ്യാർഥി. ഡി.എൻ. മജുംദാറിന്റെ ശിഷ്യൻ എന്നനിലയിൽ വിദ്യാർഥി അദ്ദേഹത്തിന്റെ ആശയങ്ങൾ പിന്തുടരുകയും അവ യഥാർഥ സാഹചര്യങ്ങളിൽ പരീക്ഷിക്കുകയും ചെയ്തു. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും 1950-1983 കാലത്ത് അദ്ദേഹത്തിന് നിരവധി ഫെലോഷിപ്പുകളും അവാർഡുകളും ലഭിക്കുകയുണ്ടായി. വ്യത്യസ്തമായ മേഖലകളിൽ അദ്ദേഹം ശ്രദ്ധേയമായ സംഭാവനകൾ നൽകി. ഗ്രാമപഠനങ്ങൾ, തീർഥാടന കേന്ദ്രങ്ങളുടെയും വിശുദ്ധസഞ്ചയങ്ങളുടെയും പഠനങ്ങൾ, പ്രയോഗ-പ്രവർത്തന നരവംശശാസ്ത്രം, പട്ടികജാതിവിഭാഗങ്ങൾ, നാടോടിവിജ്ഞാന ഗവേഷണം,

നഗര-വ്യാവസായിക നരവംശശാസ്ത്രം, നേതൃത്വപഠനങ്ങൾ, ഫീൽഡ് വർക്ക് രീതികൾ, ശാസ്ത്രസിദ്ധാന്തങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രവർത്തിച്ചു. ഗോത്രവർഗങ്ങളുടെ സാമൂഹിക-സാമ്പത്തികക്ഷേമത്തിനും വളർച്ചയ്ക്കും പുരോഗതിക്കുമായി അദ്ദേഹം കഠിനമായി അധ്വാനിച്ചു.

തന്റെ 'സേക്രഡ് കോംപ്ലക്സ് ഇൻ ഹിന്ദു ഗയ' ('Sacred Complex in Hindu Gaya') എന്ന പുസ്തകത്തിൽ അപഗ്രഥന ആശയങ്ങളായ വിശുദ്ധപ്രദേശം(Sacred Geography), വിശുദ്ധകർമ്മങ്ങൾ (Sacred Performances), വിശുദ്ധകർമ്മികൾ (Sacred Specialists) എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. ഈ മൂന്ന് ആശയങ്ങളും ചേർന്നതിനെയാണ് 'വിശുദ്ധസഞ്ചയം' (Sacred complex)എന്നു വിളിക്കുന്നത്. കുന്നുകളിലും കാടുകളിലും താമസിക്കുന്ന ഗോത്രവർഗക്കാരുടെ ജീവിതത്തെ അപഗ്രഥനാരമ്മകമായി വിലയിരുത്തുന്നതിന് മാളർ എന്ന തന്റെ പുസ്തകത്തിൽ പ്രകൃതി-മനുഷ്യ-ഭൂത സഞ്ചയത്തെ (Nature-man-spirit complex) കുറിച്ച് വിശദീകരിക്കുന്നു.

പ്രധാന പുസ്തകങ്ങൾ

സേക്രഡ് കോംപ്ലക്സ് ഇൻ ഹിന്ദു ഗയ (Sacred Complex in Hindu Gaya- 1961)

ദി മാളർ - നാചർ-മാൻ-സ്പിരിറ്റ് കോംപ്ളക്സ് ഇൻ ഹിൽ ട്രൈബ് ഓഫ് ബിഹാർ (The Maler: Nature-Man- Spirit Complex in Hill Tribe of Bihar- 1963)

ട്രൈബൽ കൾചേഴ്സ് ഓഫ് ഇന്ത്യ (Tribal Cultures of India- 1976)

റൈസ് ഓഫ് ആന്ത്രോപോളജി ഇൻ ഇന്ത്യ (Rise of Anthropology in India)

സേക്രഡ് കോംപ്ളക്സ് ഇൻ കാശി (Sacred Complex in Kashi- 1978)

എ.അയ്യപ്പൻ (A.Aiyappan) (1905 -1988)

തൃശൂരിനടുത്ത് പാവറട്ടിയിൽ 1905ൽ ഡോക്ടർ അയിനിപ്പള്ളി അയ്യപ്പൻ ജനിച്ചു. 1927 ൽ മദ്രാസ് സർവകലാശാലയിൽ നിന്ന് ഇക്കണോമിക്സ് എം.എ.ബിരുദം ലഭിച്ചു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്ന് 1937ൽ സാമൂഹിക നരവംശശാസ്ത്രത്തിൽ പി.എച്ച്.ഡി. ബിരുദം നേടി. ഇക്കാലയളവിൽ റെയ്മണ്ട് ഫിർത്തിന്റെ ശിഷ്യനും ബി.കെ. മലിനോവ്സ്കിയുടെ സമകാലികനുമായിരുന്നു ഡോ. അയ്യപ്പൻ.

1940-58 കാലഘട്ടത്തിൽ അയ്യപ്പൻ മദ്രാസിലെ ഗവൺമെന്റ് മ്യൂസിയത്തിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. അവിടെനിന്നു വിരമിച്ചശേഷം അദ്ദേഹത്തെ ഭുവനേശ്വറിലെ ഉത്ക്കൽ സർവകലാശാലയിലെ നരവംശശാസ്ത്രവിഭാഗത്തിൽ മേധാവിയും പ്രൊഫസറുമായി നിയമിച്ചു. പിന്നീട് അയ്യപ്പൻ ആന്ധ്ര സർവ്വകലാശാലയിൽ യു.ജി.സി. പ്രൊഫസറായി. ന്യൂയോർക്കിലെ ഇത്താക്കയിലുള്ള കോർണൽ സർവകലാശാലയിൽ വിസിറ്റിങ് പ്രൊഫസറുമായിരുന്നു അയ്യപ്പൻ. ഗവേഷണപദ്ധതി കമ്മറ്റി അംഗം, ആസൂത്രണ കമ്മീഷൻ, മദ്രാസ് സർക്കാറിന്റെ വിവിധ കമ്മിറ്റികൾ, കേന്ദ്ര ഉപദേശകസമിതി എന്നിവയിൽ അംഗം എന്നിങ്ങനെ വ്യത്യസ്ത ചുമതലകൾ

അയ്യപ്പനെ തേടിയെത്തി. 1969ൽ അദ്ദേഹം കേരള സർവകലാശാല വൈസ് ചാൻസലറായി നിയമിതനായി. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സ്ഥാപകൻ, അതിന്റെ ആദ്യ ചെയർമാൻ, ഒറീസ്സയിലെ ഗോത്രവർഗ പഠന കേന്ദ്രത്തിന്റെ ഡയറക്ടർ സ്ഥാപകൻ (ഇപ്പോൾ അറിയപ്പെടുന്നത് ഗോത്രവർഗ ഹരിജൻ ഗവേഷണ പരിശീലനകേന്ദ്രം), ഒറീസ്സയിലെ ക്ഷേമവകുപ്പ് ഡയറക്ടർ എന്നിങ്ങനെയുള്ള സ്ഥാനങ്ങളും അയ്യപ്പനെ തേടിയെത്തി.

ദേശീയമാതൃകയിൽ ഗോത്രവർഗപഠനത്തിനായി കേരളത്തിലെ മാനന്തവാടിയിൽ സ്ഥാപിക്കപ്പെട്ട ഗോത്രവർഗ ഗവേഷണ പരിശീലനകേന്ദ്രത്തിന്റെ (1970) പ്രഥമ സ്പെഷ്യൽ ഓഫീസറായിരുന്നു ഡോ. എ.അയ്യപ്പൻ പിന്നീട് ഈ സ്ഥാപനം കോഴിക്കോട്ടേക്ക് മാറ്റുകയും കിർത്താട്സ് (KIRTADS) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

എ അയ്യപ്പൻ കേരളസർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ?

പ്രധാന പുസ്തകങ്ങൾ

സോഷ്യൽ ആൻഡ് ഫിസിക്കൽ ആന്ത്രോപോളജി ഓഫ് നായാടീസ് ഓഫ് മലബാർ (Social and Physical Anthropology of the Nayadis of Malabar-1937)

ഇരവാസ് ആൻഡ് കൾച്ചർ ചെയ്ഞ്ച് (Iravas and Culture Change- 1944)

സോഷ്യൽ റവല്യൂഷൻ ഇൻ എ കേരള വില്ലേജ് (Social Revolution in a Kerala Village- 1965)

സൊസൈറ്റി ഇൻ ഇന്ത്യ (Society in India- Edited -1953)

ഭാരതപ്പഴമ (മലയാളം)

പി.ആർ.ജി. മാത്തൂർ (P.R.G. Mathur) (1934.....)

ചിത്രം 10.13
പി ആർ ജി മാത്തൂർ

1934 ൽ കേരളത്തിലെ പാലക്കാട് ജില്ലയിലാണ് ഡോ. പി.ആർ.ജി. മാത്തൂർ ജനിച്ചത്. കൽക്കത്ത സർവകലാശാലയിൽ നിന്നു നരവംശശാസ്ത്രത്തിൽ പി.എച്ച്.ഡി. ലഭിച്ച അദ്ദേഹം ശാന്തിനികേതനിലെ വിശ്വഭാരതി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറും അറിയപ്പെടുന്ന നരവംശശാസ്ത്രജ്ഞനായ പ്രൊഫസർ സുരാജിത്ത് സിൻഹയുടെ ശിഷ്യനുമാണ്. 14 വർഷത്തോളം ഇന്ത്യ ഗവൺമെന്റിന്റെ ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രവർത്തിച്ചു. കോഴിക്കോട്ടുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (KIRTADS) ന്റെ ആദ്യ ഡയറക്ടറാണ് ഡോ. മാത്തൂർ. അനന്തകൃഷ്ണ അയ്യർ ഇന്റർനാഷണൽ സെന്റർ ഫോർ ആന്ത്രോപോളജിക്കൽ സ്റ്റഡീസ് (AICAS) എന്ന സ്ഥാപനത്തിന്റെ പ്രൊഫസറും

സെക്രട്ടറിയുമാണ് അദ്ദേഹം. കൂടാതെ ഇന്റർനാഷണൽ കമ്മീഷൻ ഓൺ അർജന്റ് ആന്ത്രോപോളജിക്കൽ റിസർച്ച് എന്ന സംഘടനയുടെ ചെയർമാനുമാണ്.

ഡോ. പി.ആർ.ജി. മാത്തൂർ കേരളം, മേഘാലയ, ഒറീസ്സ എന്നിവിടങ്ങളിലെ ഗോത്രസമൂഹങ്ങളെയും അവരുടെ സംസ്കാരങ്ങളെയും അതിന്റെ വിവിധ വശങ്ങളെയും കുറിച്ച് വ്യാപകമായ ഫീൽഡ് ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. 'ട്രൈബൽ സിറ്റുവേഷൻ ഇൻ കേരള' എന്ന അദ്ദേഹത്തിന്റെ പുസ്തകം കേരളത്തിലെ ഗോത്രവർഗജീവിതത്തിന്റെ പ്രശ്നങ്ങളിലേക്ക് വെളിച്ചംവീശുന്ന ഒന്നാണ്. മലബാറിലെ മുസ്ലിം മീൻപിടിത്ത സമുദായത്തെക്കുറിച്ച് അദ്ദേഹം നടത്തിയ വേറിട്ട പഠനമാണ്' ദി മാപ്പിള ഫിഷർഫോക്ക് ഓഫ് കേരള'. മേഘാലയയിലെ ഖാസികളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ഏകവിഷയ പ്രബന്ധം ഇന്ത്യൻ നരവംശശാസ്ത്രജ്ഞരുടെ ഇടയിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. 'ദി ദിദായി : എ ഫോർഗോട്ടൺ ട്രൈബ് ഓഫ് ഒറീസ്സ' (The Didayi : A forgotten Tribe of Orissa) എന്ന പുസ്തകത്തിന്റെ സഹരചയിതാവ് കൂടിയാണ് മാത്തൂർ. വിവിധ സെമിനാറുകളിലും ശില്പശാലകളിലും സമ്മേളനങ്ങളിലും ഒട്ടനവധി ഗവേഷണ പ്രബന്ധങ്ങൾ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

പ്രധാന പുസ്തകങ്ങൾ

ദി മാപ്പിള ഫിഷർഫോക്ക് ഓഫ് കേരള (The Mappila fisher folk of Kerala)

ദി ട്രൈബൽ സിറ്റുവേഷൻ ഇൻ കേരള (The Tribal Situation in Kerala- 1977)

സേക്രഡ് കോംപ്ളക്സ് ഓഫ് ദി ഗുരുവായൂർ ടെമ്പിൾ (Sacred Complex of The Guruvayur Temple- 2009)

ടേം മൂല്യനിർണയ ഉപാധികൾ

1. വിട്ടഭാഗം പൂരിപ്പിക്കുക.

   എ. 'റിമംബേർഡ് വില്ലേജ്' എന്ന പുസ്തകത്തിന്റെ രചയിതാവ്.....

   ബി. ഇന്ത്യയിലെ ആദ്യ നരവംശശാസ്ത്രജ്ഞൻ.....

2. ഇന്ത്യൻ വംശവിവരണശാസ്ത്രത്തിന്റെ പിതാവ്?

   (എൽ.കെ. അനന്തകൃഷ്ണ അയ്യർ, എസ്.സി.റോയ്, എം.എൻ. ശ്രീനിവാസ്, ഡി.എൻ.മജുംദാർ)

3. കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന പ്രമുഖ നരവംശശാസ്ത്ര ജ്ഞൻ?

   (എ.അയ്യപ്പൻ, അനന്തകൃഷ്ണ അയ്യർ, എസ്.സി.ദുബെ, പി.ആർ.ജി.മാത്തൂർ)

4. താഴെ നൽകിയിരിക്കുന്ന വിവരണത്തിൽനിന്നു നരവംശശാസ്ത്രജ്ഞനെ തിരിച്ചറിയുക.

എ
- നരവംശശാസ്ത്രത്തിലേക്ക് തിരിഞ്ഞ പുരോഹിതൻ
- ബൈഗ സമൂഹത്തിനിടയിൽ ഫീൽഡ്‌വർക്ക് നടത്തി
- ഗാന്ധിയൻ തത്ത്വങ്ങളാൽ സ്വാധീനിക്കപ്പെട്ടു

ബി
- കിർത്താഡ്സ് (KIRTADS) സ്ഥാപക ഡയറക്ടർ
- മലബാറിലെ മാപ്പിള ഫിഷർഫോക്കിനെക്കുറിച്ച് പഠിച്ചു
- AICAS ന്റെ സെക്രട്ടറിയും പ്രൊഫസറും

5. കോളം A യും B യുമായി ചേരുംപടി ചേർക്കുക.

നരവംശശാസ്ത്രജ്ഞൻ	സംഭാവന
എ.അയ്യപ്പൻ	ഇന്ത്യയിലെ ബന്ധുത്വഘടന
എസ്.സി.ദുബേ	മയൂർഭഞ്ജിലെ ഉദ്ഖനനം
എൻ കെ ബോസ്	ഇരവാസ് ആൻഡ് കൾച്ചർ ചേഞ്ച്
ഡി.എൻ.മജുംദാർ	ഇന്ത്യൻ വില്ലേജ്
ഐരാവതി കാർവേ	റേസസ് ആൻഡ് കൾചേഴ്സ് ഇൻ ഇന്ത്യ

റഫറൻസ്

മാത്തൂർ, പി.ആർ.ജി, 1977. ട്രൈബൽ സിറ്റുവേഷൻ ഇൻ കേരള, കേരള ഹിസ്റ്റോറിക്കൽ സൊസൈറ്റി: ട്രിവാൻട്രം.

ഉപാധ്യായ്, വി.എസ്. ആന്റ് ഗയാ പാണ്ഡെ. 1993. ഹിസ്റ്ററി ഓഫ് ആന്ത്രോപോളജിക്കൽ തോട്ട്, ഡൽഹി: കൺസപ്റ്റ് പബ്ലിഷിങ് കമ്പനി.

വിദ്യാർഥി, എൽ.പി. 1978, റൈസ് ഓഫ് ആന്ത്രോപോളജി ഇൻ ഇന്ത്യ, വോള്യം രണ്ട് ഡൽഹി: കൺസപ്റ്റ് പബ്ലിഷിങ് കമ്പനി

റോയ്, ഇന്ദ്രാണി ബസു. 2005. ആന്ത്രോപോളജി– ദി സ്റ്റഡി ഓഫ് മാൻ, ന്യൂ ഡൽഹി, എസ് ചന്ദ്, കോ.